അധ്യായം 29

ഭൂമിയിലെ ജനവാസയോഗ്യമായ പ്രദേശങ്ങളുടെ നിർണ്ണയം ഇന്ത്യക്കാരുടെ ദൃഷ്ടിയിൽ

'ഋഷി ഭൂവനഘോഷ്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം കാണുന്നു: "ഭൂമിയിൽ ജനവാസമുള്ള ഭാഗം ഹിമാലയം മുതൽ തെക്കോട്ടാണ്. ഇതിനു 'ഭാരതവഷം' എന്നാണു പേര്. ഭരതൻ എന്ന രാജാവിന്റെ പേരാണ് ഇതിനു നല്കിയത്. അദ്ദേഹം അവരെ ഭരിക്കുകയും പാലിക്കുകയും ചെയ്തിരുന്നു. ഈ ഭൂവിഭാഗത്തിൽ വസിക്കുന്നവർക്കു മാത്രമാണ് രക്ഷയും ശിക്ഷയും ലഭിക്കുന്നത്. ഇതിനെ ഒമ്പതായി ഭാഗിച്ചിരിക്കുന്നു. ഇവക്കെല്ലാംകൂടി 'നവഖണ്ഡപ്രഥമ' (പ്രഥമമായ ഒമ്പതു ഭാഗം) എന്നു പറയുന്നു. ഇവയിൽ ഓരോ രണ്ടു ഭാഗങ്ങൾക്കിടയിൽ സമുദ്രം സ്ഥിതിചെയ്യുന്നു. ഈ സമുദ്രങ്ങൾ കടന്ന് ഇതര കരകളിലേക്കു പോകാൻ കഴിയും. ജനവാസമുള്ള പ്രദേശം വടക്കുനിന്നു തെക്കോട്ട് ആയിരം യോജന നീണ്ടുകിടക്കുന്നു."

ഇവിടെ 'ഹിമാലയം' എന്നു പറഞ്ഞത് ജനവാസം അവസാനിക്കുന്ന വടക്കുഭാഗത്തെ പർവ്വത നിരകളെയാണ്. 'ഇവിടെ ഉള്ളവർക്കു മാത്രമേ രക്ഷാ ശിക്ഷകൾ ലഭിക്കുകയുള്ളൂ' എന്നതിന്റെ സാരം മറ്റുള്ളവരാരും അവയ്ക്ക് അർഹരല്ലെന്നാണ്. അങ്ങനെ സംഭവിക്കുന്നത് ഒന്നുകിൽ അവർ മനുഷ്യപദവിയിൽനിന്ന് ഉയർന്നു ദേവന്മാരായി രൂപാന്തരപ്പെടുന്നതുകൊണ്ടോ അല്ലെങ്കിൽ മനുഷ്യപദവിയിൽനിന്നു തരംതാണു ബുദ്ധിശൂന്യരായി, മൃഗപ്രായരായി പോകുന്നതുകൊണ്ടോ ആയിരിക്കും. 'ഭാരതവർഷ്' എന്നത് ഇന്ത്യ മാത്രമാണെന്നും അതുതന്നെയാണ് ഭൂലോകമെന്നും അവിടത്തെ നിവാസികൾ മാത്രമാണ് മനുഷ്യർ എന്നുമുള്ള ഇന്ത്യക്കാരുടെ വിശ്വാസം സത്യമല്ല. കാരണം, 'ഭാരതം' എന്നത് ഇന്ത്യക്കു പുറമെ മറ്റു ചില പ്രദേശങ്ങളും കൂടിച്ചേർന്നതായിരുന്നു. ഇന്ത്യയെയും മറ്റു ഖണ്ഡങ്ങളെയും തമ്മിൽ വേർതിരിക്കുന്ന സമുദ്രം ഉണ്ടായിരുന്നില്ല. ഈ ഭൂവാസികൾ എല്ലാം തന്നെ പ്രസ്തുത ഗ്രന്ഥ

ത്തിലെ പ്രസ്താവന അനുസരിച്ച് ഉത്തരവാദിത്വത്തിൽ ഒരു പോലെ യായാരുന്നു.

ഈ വിഭാഗങ്ങൾക്ക് 'പ്രഥമ' എന്നു പേരുപറയുന്നത് ഇന്ത്യയെ അവർ വേറെയും ഭാഗങ്ങളായി തിരിക്കുന്നതുകൊണ്ടാണ്. അവയ്ക്ക് 'രണ്ടാം ഭാഗം' എന്നാണു പേര്. അവരുടെ ജ്യോത്സ്യന്മാർ രാഷ്ട്രങ്ങൾ അനുസരിച്ചും ഇന്ത്യയെ ഭാഗിച്ചിട്ടുണ്ട്. അതിനു 'മൂന്നാം ഭാഗം' എന്നു പറയുന്നു. ഗുണദോഷമനുസരിച്ചാണു വിഭജനം. ഇതുപോലെ തന്നെ യാണ് 'വായുപുരാണ'ത്തിലും പറയുന്നത്. അതായത്: ചെമ്പുദ്വീപിന്റെ മദ്ധ്യഭാഗത്തിനു 'ഭാരതവർഷം' എന്നു പറയുന്നു. അതിന്റെ അർത്ഥം അവിടെ ഉള്ളവരാണ് ആഹാരം കഴിക്കുന്നവരും ആരാധന ചെയ്യുന്ന വരും രക്ഷാശിക്ഷകൾക്ക് അർഹരും എന്നത്രെ. ഹിമാലയ പർവ്വതം ഇതിന്റെ വടക്കുവശം സ്ഥിതിചെയ്യുന്നു. ഒമ്പത് ഭാഗമായി അതു ഭാഗി ക്കപ്പെട്ടിരിക്കുന്നു. അവയ്ക്കിടയിൽ ജനപ്രവേശമുള്ള സമുദ്രങ്ങൾ ഉണ്ട്. പർവ്വതത്തിന്റെ നീളം 9,000 യോജനയും വീതി ആയിരം യോജനയു മാണ്. ഈ പ്രദോശങ്ങൾക്കു 'സമ്നാർ' എന്നു പേരുള്ളതിനാൽ ഇവി ടത്തെ ഭരണാധികാരികൾക്കും അതേ പേരുതന്നെ പറയുന്നു. പ്രസ്തുത ഒമ്പത് ഭാഗങ്ങളുടെ രൂപം ഇപ്രകാരമാണ്:

<table>
<tr><td colspan="2" rowspan="2">താമ്രവർണ്ണൻ</td><td>തെക്ക്</td><td colspan="2" rowspan="2">നാഗദ്വീപ്</td></tr>
<tr><td>ഖുഭസ്തമാൻ</td></tr>
<tr><td rowspan="2">കിഴക്ക്</td><td rowspan="2">കുശീറുമ</td><td rowspan="2">അന്തർദ്വീപ്
അതാണ്
മദ്ധ്യദേശം</td><td rowspan="2">സവുമ്മ</td><td rowspan="2">പടിഞ്ഞാറ്</td></tr>
<tr></tr>
<tr><td colspan="2" rowspan="2">നാഗർസ്മൃതി</td><td></td><td colspan="2" rowspan="2">ഗാന്ധർവ്വ</td></tr>
<tr><td>വടക്ക്</td></tr>
</table>

പിന്നീട് അതു മദ്ധ്യപ്രദേശത്തുള്ള വടക്കുകിഴക്കായ പർവ്വതങ്ങളെ കുറിച്ചും അവയിൽ നിന്നുത്ഭവിക്കുന്ന നദികളെ കുറിച്ചും വർണ്ണിക്കു ന്നുണ്ട്. ഇതു നോക്കിയാൽ ആ പ്രദേശം മാത്രമേ ജനവാസയോഗ്യമാ യുള്ളൂ എന്നു തോന്നും. അതിൽ മറ്റൊരിടത്ത് ഇതിനു വിരുദ്ധമായി

ഇങ്ങനെ പറയുന്നു: “ചെമ്പുദ്വീപ് നവഖണ്ഡപ്രഥമയുടെ മദ്ധ്യഭാഗമാണ്. മറ്റുള്ളതെല്ലാം അതിന്റെ എട്ടു ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നു. അവിടങ്ങളിൽ ദേവന്മാരും മനുഷ്യരും ജീവികളും സ്ഥിതിചെയ്യുന്നുണ്ട്.” അപ്പോൾ ഇവിടെ ചൂണ്ടിക്കാണിക്കുന്നതു ദ്വീപുകളെ ആയിരിക്കാം. ജനവാസമുള്ള ഒരു പ്രദേശത്തിന്റെ വീതി ആയിരം യോജനയാണെങ്കിൽ ഇതിന്റെ നീളം ഏകദേശം രണ്ടായിരത്തി എണ്ണൂറ് യോജനയാകേണ്ടതാണ്. പിന്നീട് എല്ലാ ഭാഗങ്ങളിലുമുള്ള നാടുകളെയും പ്രദേശങ്ങളെയും അതു വിവരിക്കുന്നു. ഇതിലെ (വായുപുരാണം) പ്രസ്താവനയോടൊപ്പം മറ്റുള്ളവയുടെ പ്രസ്താവനകളും കൂട്ടിച്ചേർത്തുള്ള വിശദമായ ഒരു പട്ടിക പിന്നാലെ ചേർക്കുന്നുണ്ട്. ജനവാസമുള്ള ഭാഗം ആമയുടെ മുതുകുപോലുള്ള വൃത്തത്തിലും വെള്ളത്തിൽനിന്നു പൊന്തിനിൽക്കുന്ന നിലയിലുമാണെന്നു നാം വിവരിച്ചല്ലോ. അവരുടെ ജ്യോതിശാസ്ത്രജ്ഞന്മാർ ദിക്കുകളെ ഞാറ്റുവേലകൾക്കനുസരിച്ചു വിഭജിക്കുകയും അപ്പോൾ നാടുകളും അതിനനുസരിച്ചു ഭാഗിക്കപ്പെടുകയും അതെല്ലാം കൂടി ആമയുടെ രൂപത്തോടു തുല്ല്യമായിത്തീരുകയും ചെയ്യുന്നതുകൊണ്ടാവാം അതിനു ‘കൂർമ്മപത്രം’ (ആമവൃത്തം) എന്നു പറയുന്നത്.

വരാഹമിഹിരന്റെ സംഹിതയിലും ഇപ്രകാരമാണുള്ളത്:



നവഖണ്ഡത്തിന്റെ ഓരോ ഭാഗത്തിനും വർഗ്ഗം എന്നു പേരുകൊടുത്തു വരാഹമിഹിരൻ പറയുകയാണ്. "വർഗ്ഗാടിസ്ഥാനത്തിൽ ഭാരതവർഷം (അർദ്ധലോകം) ഒൻപത് ഭാഗങ്ങളാണ്. അവ മദ്ധ്യം, ദക്ഷിണം, പൂർവ്വം എന്നീ ഭാഗങ്ങളിലായി വ്യപിച്ചുകിടക്കുന്നു." ഇതുകൊണ്ട് അദ്ദേഹം ഇന്ത്യയെ മാത്രമാണ് ഉദ്ദേശിക്കുന്നതെന്നതിനു തെളിവ് അദ്ദേഹത്തിന്റെ താഴെ പറയുന്ന പ്രസ്താവനയാണ്:

"ഓരോ വർഗ്ഗത്തിനും പ്രത്യേക പ്രദേശങ്ങളുണ്ട്. ശൂന്യകാലം ബാധിക്കുമ്പോൾ ആ പ്രദേശത്തെ രാജാവ് കൊല്ലപ്പെടുന്നു. ഒന്നാം വർഗ്ഗത്തിനു മദ്ധ്യദേശത്തുള്ള പാഞ്ചാലം; രണ്ടാമത്തേതിനു മഗധം; മൂന്നത്തേതിനു കലിംഗം; നാലാമത്തേതിന് അവന്തി (ഉജ്ജെജൻ); അഞ്ചാമത്തേതിന് ആനന്ദം; ആറാമത്തേതിനു സിന്ധുവും സോപീരും. ഏഴാമത്തേതിനു ഹർദ്വാരാ; എട്ടാമത്തേതിന് മദ്രാ; ഒമ്പതാമത്തേതിന് കോലിന്ത എന്നാണു പേരുകൾ." ഇവയെല്ലാം ഇന്ത്യയുടെ മാത്രം ഭാഗങ്ങളാകുന്നു. ഈ നാടുകൾ അധികവും ഉപരിസൂചിതമായ പേരുകളിലല്ല അറിയപ്പെടുന്നത്. 'സംഹിത'യ്ക്കു കാശ്മീർക്കാരനായ ഊപ്പൽ എന്ന ആൾ ഒരു വ്യാഖ്യാനം എഴുതിയിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു: "സ്ഥലങ്ങളുടെ പേരുകൾ വളരെ വ്യത്യാസപ്പെട്ടിട്ടുണ്ട്. 'മുൽത്താൻ' എന്ന പ്രദേശത്തിനു മുമ്പ് കാഷപുപൂർ എന്നും പിന്നീടു ഹൻസ്പൂർ എന്നും തുടർന്നു വഗപൂർ എന്നും അനന്തരം സാമ്പപൂർ എന്നും ഒടുവിൽ മൂലസ്ഥാൻ എന്നും മറ്റുമുള്ള പേരുകൾ മാറി വന്നിട്ടുണ്ട്."

അന്യനാട്ടുകാരും ഇതര ഭാഷക്കാരും ഒരു ദേശത്തെത്തുകയും അവിടെ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുമ്പോൾ മുമ്പുണ്ടായിരുന്ന പേരുകൾ അവരുടെ ഭാഷയ്ക്ക് യോജിക്കാതെ വരും. അപ്പോൾ തങ്ങളുടെ ഭാഷക്കനുസരിച്ച് അവയുടെ പേരുകൾ മാറ്റുക പതിവാണ്. ഇങ്ങനെയാണ് അധിക പേരുകളും മാറിയത്. ഇതുതന്നെയായിരുന്നു ഗ്രീക്കുകാരുടെയും പതിവ്. പേരുകളുടെ അർത്ഥം ഗ്രഹിച്ച് അതിനനുസൃതമായ പുതിയ പേരുകൾ അവർ സൃഷ്ടിക്കുന്നു. 'ശാശ്' എന്ന പദം അതിനുദാഹരണമാണ്. തുർക്കി ഭാഷയിലുള്ള താഷ്ഖണ്ഡ് (കൽ പ്രദേശം) ആണിത്. ഭൂമിശാസ്ത്രഗ്രന്ഥങ്ങളിൽ ഇതിന്റെ പേര് ബുർജുൽ ഹിജാറ (കൽപ്രദേശം) എന്നാണു കൊടുത്തത്. ഇപ്രകാരം അർത്ഥം മാത്രം നോക്കി പുതിയ പേരുകൾ നിർമ്മിക്കുമ്പോൾ മാറ്റം ഉണ്ടാകും. അറബികളും നാടുകളുടെ പേരുകൾ മാറ്റിയിട്ടുണ്ട്. 'പൂശങ്ക്' എന്നതിനു ഗ്രന്ഥങ്ങളിൽ 'ഫൂസഞ്ച്' എന്നും 'സകൽകന്ത' എന്നതിനു 'ഫാർഫസ്' എന്നും എഴുതിയിരിക്കുന്നു. ഇവയ്ക്കു തമ്മിൽ വളരെ വ്യത്യാസമുണ്ട്. എന്നാൽ, ഒരേ ഭാഷ സംസാരിക്കുന്ന ഒരേ സമുദായത്തിൽ തന്നെ പ്രയോഗങ്ങളിൽ ഇത്തരം മാറ്റം വന്നുകൊണ്ടിരിക്കുന്നതു കാണാം. ചില

പ്രത്യേക വ്യക്തികൾക്കല്ലാതെ അതു തരംതിരിച്ചു മനസ്സിലാക്കുക സാധ്യമല്ല. ഇന്ത്യക്കാരാണെങ്കിൽ ഒരേ സാധനത്തിനു തന്നെ വിവിധ നാമങ്ങൾ നൽകുക അഭിമാനമായി കരുതുന്നു. എന്നാൽ, വായുപുരാണത്തിൽ നാല് ദിക്കിലുള്ള ദേശങ്ങളുടെ പേരുകൾ മാത്രമേ പറഞ്ഞിട്ടുള്ളൂ. സംഹിതയിൽ അഷ്ടദിക്കുകളുടെ പേരുകൾ കാണുന്നുണ്ട്. അവയുടെ വിശദമായ പട്ടികയാണിത്.

വായു പുരാണമനുസരിച്ചു നാല് ദിക്കുകളിലുള്ള നാടുകളും ഭാഗങ്ങളും താഴെ ചേർക്കാം:

മദ്ധ്യഭാഗം: ക്രൂണ, പാഞ്ചാല, സാല, ചങ്കുല, ശൂരസേന, ഭദ്രകാല, മൂത്ത, പാതച്ചറ, മച്ചയ, കുസ്തു, കുല്ലയ, കുന്തളഗാശ, കൗസല, അർത്ത്യശ്യ, ഫുലിങ്ക, മശക, പ്രക.

പൂർവ്വ ഭാഗം: അന്ത്ര. ബാഗുദീർഗ, പ്രാത്രഗിറ, ബഹിർഗിറ, ചർത്തക, ബംഗ്യ, മാളവ, മാളവർത്തിക, രാക്ഷൂ തിശ, മുന്തല, ആവിക, താമ്രലിപ്തിക, മല്ലു, മഗധ, ഗുനന്ത.

ദക്ഷിണ ഭാഗം: പാണ്ഡ്യ, കേരള, ചോള, കുല്ല, സീത്ത്വ, മൂശിക, റൂമണ, വനവാസക, മഹാരാഷ്ട്ര, മഹിശ, കലിംഗ, അഭീര, ഈശിക, അദ്ദവ്യ, ശവര, പുലിന്ത, പിന്ത് മൂലി, വിദർഭ, ദന്തക്, മൂലിക അശ്മക, നൈതിക, ഭൂഗവർദ്ധൻ, കുത്തല, ആന്ദ്ര, ഉദ്വിര, നാലക, അലക, ദാക്ഷണാത്ത, വൈദേശ്, ശൂർവാരിക, കാൽവണ, ദുർഗ്ഗ, തില്യത, ഫില്യ, ക്രാല, രൂപക, താമസത്രൂവണ, കറസകര, നാസിക, ഉത്തരനർമ്മദ, ഭാർഗ്ഗവ, മാഹി സരസ്വത, കച്ചി, സുരാഷ്ട്ര, ആനർദ, ഹുദ്വുദ.

പശ്ചിമ ഭാഗം: മദല, ക്രൂശ, മകീല, ഊതല, ഈതമാർണ്ണ, വശർണ്ണ, ഭ്രച്ച, കിശ്കിന്ത, കോസ്ല, ത്രിപുര, വൈദിശ്, തർവുര, തുമ്പുര, ശുത്തുമാന പത, കർണ്ണപ്രാവർണ്ണ, ഹൂന, ദർബ, ഹൂഹൂക, തിർകർത്ത, മാളവ, ഖീറത്ത, താമര.

ഉത്തരഭാഗം: ബാഗലീത, ബാത, ബാന, ആഭീര, കാൽതൂയക, അവരാന്ത, ഭലുവ, യർമ്മഗന്ധിക, കന്ധാർ, യവണ, സിന്ധ്, സ്വവീര മുൾട്ടാൻ, യഹ്രാവാർ, മഥുര, ശഖ ധ്രഹാല, ലിത്ത, മല്ല, കൂതർ ആത്രി വാരത, യാങ്കല, ദശീറക, ലമ്പക, താലക്രൂന, സീലിക, യാഗൂർ, കൂക്ര, പാർയാത്ര, ഔദമ്പുല, കവിശ്തല, ഗയ.

വരാഹമിഹിരന്റെ സംഹിത അനുസരിച്ചുള്ള നാടുകൾ

മദ്ധ്യഭാഗം: ഭദ്ര, ആരി , മീദ, മന്ദഭ, സാല്യൂ, പൂജഹാൻ, മർവ, വദ സ, ഘുഖ, വാദ്ധ്യയവൻ, സർസത, മത്സ, മറതൂറ, കൂപ, ചൂതബ, ധർമ്മരാന്ന, ശൂരസൈന്, ഗൗരഗ്രീ ശ്മിയമ, ഊദ്യുക്, പാണ്ഡു, താനേശ്വർ, അശ്വത, ചാഞ്ച ല, സാകേത, ഗംഗ, കൂരു (താനേശ്വർ) കാലകൂത്ത് (കല്ക്കത്ത)

പൂർവ്വഭാഗം: അഞ്ചന, വിർഖ, ബദൂയ, പതമതുല്ല, വ്യാഘ്രമുഖ്, സുമ്മഹ്, കർവത, ചന്ദ്രപുര, ശൂരവകർണ്ണ (മാൻ ചെവി യുള്ളവർ), ഖശ, മഗധ, ശിരഗിര, മിത്ല, സമത്ത, ഊദ്ര, അശ്വഭടൻ (ജന്തുമുഖമുള്ളവർ) ദന്തുര, (പല്ലു നീണ്ടവർ) പ്രാകയൂക്തിക, ലൂഹിത, ക്രീര, സമുദ്ര(പാൽ സമുദ്രം) പ്രഖാത്, ഇദയഗർ (സൂര്യോദയ പർവ്വ തം) ഭദ്ര, കൂറക, ചൗന്ത്ര, ഊതികല, ഗാശ്, മീഗല, അമ്പശ്ഥ, ഏകപദ, (ഒരുകാലുള്ള) താമൽ ബുദക്, കൗസലക്, പ്രഥാന.

അഗ്നിരാശിയിലുള്ള ഭാഗം (തെക്കുകിഴക്ക്)

കൗസല, കലിംഗ, വങ്ക, ഊപവങ്ക, ചത്ര, അങ്ക, സൂലി ക, വിതർഭ, വത്സ, ആന്ധ്ര, യൂലിക, ഊരിദകർണ്ണ (ചെവി മേൽപോട്ടായവർ), പിർഖ്, നീലഗിര, യർമ്മ ദ്വീപ്, ജബൽ, വിന്ത, ത്രിപുര, ശൂമശ്രദ്ധർ, ഹിമാലയ്, വ്യാളക്രീമ (മാർവ്വിടം പാമ്പുകൾ പോലെ ആയവർ), മഹാക്രീമം, (മാർവ്വിടം വിശാലമായവർ) കിഷ്കിന്ത (കുരങ്ങന്മാരുടെ സ്ഥലം), ഗന്ധക, സ്ഥല, നാശാത, രാഷ്ട്ര, ദാശാർണ്ണ, പൂരിക, നഗമ്പർണ്ണ, ശമറ.

ദക്ഷിണ ഭാഗം: ലങ്ക, കാലിജൽ, സോറങ്കീറൻ, താലികത, കിറങ്കര, മലയ, ദർദുര, മഹീന്ദ്ര, മിളിന്ദ, ബഹർഗജ്, കങ്കന, തങ്ക ന, വനവാസ് (കടൽതീരം), ശൂഭിക, പർഗൻ, ആഭിര, കൊങ്കണ(സമുദ്രത്തിനടുത്ത്), ആക്കര, വീണ (ഒരു നദി), അവന്തി (ഉജ്ജൈൻ), ദശപൂർ, കുനന്ദ, കേരള ക, കർണ്ണാടക, മഹാതീവ, ചിത്രകൂട, നാസിക്ക, കൊല്ലിഗ്ര, ചോള, ഗർവ്വഞ്ച ദ്വീപ്, ജതാത്ര, കാവിർജം. റിഷിമുഖ, വൈറൂർജ്, സംഘ, മുകിത, ആദ്ര, പാർജൻ, യർമ്മപത്തൻ, ദ്വീപ്, കനരാജ്, കൃഷ്ണാബൈറൂർജ്, ശിബിക, സ്വർയാത്ര, ക്ഷമനക, തുമ്പവന, കർമ്മനീ

യക്, യാമൂദഭ, തപസശ്രമ, രിഖ, കാഞ്ചി, ര്മയപട്ടൻ, ദീവാർശ, ശങ്കല, രാഘവ, ബലദേവ് പട്ടണ, ദണ്ഡകാവന, തിങ്കലാസന, ഭദ്ര, കച്ച്, കുഞ്ചൻധാര, താമ്രവർണ്ണി.

നേർദിക്ക് (തെക്ക് പടിഞ്ഞാറ്)

കാൻബൂജ്, സിന്ധു, സ്വവീര(മുൾട്ടാനും ജഹ്റാനും), വരാമുഖ്, അർവാൻ പഷ്ത, കപില, വാർഷ (പേർഷ്യ), ശദ്ര, കീറാത്ത, ബർവ്വാര, കന്ധ, ക്രബ, ആഭിരു, യുഞ്ചുഗ്. ഹിമഗിർ, സിന്ധ്, കാലക, രേവതക, സൗരാഷ്ട്ര, വാദര, ദർമിര, മഹാർനവ, നാരീമുഖ്, (സ്ത്രീകളുടെ മുഖത്തോടുകൂടിയവർ = തൂർക്കികൾ), മാർഗ്ഗ, ഗർണ്ണ പരാവരൻ, ആനന്ദ, പെനഗീര, യവന(ഗ്രീക്കുകാർ)

പശ്ചിമ ഭാഗം: മാരിമാൻ, മേഘ്വാൻ, പനോഖ്, അസ്തഗിര (സൂര്യാസ്തമയ സ്ഥലം), അപ്രാന്തക, ശാന്തിക, ഹീഹായ്, പർഷ്താദർ, പൂർഗാൻ, പഞ്ചനദി, മതര, യാരത, താരക്രൂത, സിറങ്ക, വൈശ, കനക, ശഘ, അമീലഗ് (അറബികൾ)

വായുദിക്ക് (വടക്കു പടിഞ്ഞാറ് ഭാഗം)

മാണ്ഡവ, തുഖാറ, താല്ഹല, മദ്ര, അശ്മക, കൂലൂതർഹര, സ്ത്രീരാജ്, (ഇവർ സ്ത്രീകളാണ്; അവർക്കിടയിൽ പുരുഷന്മാർ അര വർഷത്തിലേറെ ജീവിക്കാറില്ല) നരസിംഹവന (സിംഹമുഖമുള്ളവർ), കസ്ത (മരത്തിന്മേലാണ് അവർ പ്രസവിക്കുന്നത്. അനന്തരം പൊക്കിളിലായി അതിന്മേൽ തൂങ്ങിക്കിടക്കും) വിമനമത, വൽകുല്, കുലും, മർകൂയ, യർമറങ്ക് (ത്വക്കിന്മേൽ വിവിധ നിറമുള്ളവർ), ഏകലോചന (ഒറ്റക്കണ്ണൻ), സൂലീക, ദീർഘക്രിയം (മാർവ്വിടം നീണ്ടവർ), ദീർഘകേശ് (കേശം നീണ്ടവർ)

ഉത്തര ഭാഗം: കൈലാസ്, ഹിമാലയം, വസുമന്ത, ഗിരി, ധനുമുഖം (വില്ലാളികൾ), കർവഞ്ച്, മീരു, കുറവ, ഉത്തരകുറവ, ഗ്രൂദ്ധര മീന, കേറീക, വസാതി, യാമുന(ഗ്രീക്കുകാരിൽ ഒരു വർഗ്ഗം), ബഹുകൗരസ്തു, അർജുനൈൻഷ അഗ്നിയത്, ആദർശ, അന്ധർദ്വീപ്, ത്യകർത്ത, ത്യകാനൻ (അശ്വമുഖികൾ), ശ്വാമുഖ്, കിശേധർ, ചിപിത

നാസിക (മൂക്ക ഒട്ടിയവർ) ദാസീര, ക്വാന്തഹാന, ശ്രതാന, നക്രശില, (മാരീകല) ഭൂകുലാവത (പൂകല), കൈലാവത കുന്തധാന, അമ്പര, മദ്രക, മാൾവ, പൗലബ്, കജാറ, ദന്ധ, ചിങ്കലക, മാനഹല, ഹുന, കോഹല, ശാതക മാന്ധവ, ഭൂതപുര, ഗന്ധാർ, ജസൂപത, ഹേമതാൽ, രായന, ഗജർ, ചോദി, ദാസമീ, ശ്യാമകീ, ഗ്രീമതുപാർത.

ഇശനദിക്ക് (വടക്കു കിഴക്ക് ഭാഗം)

കനഷ്ത്രാജ്, പശുവാൻ, കീരകശ്മീർ, ആഭ, ശാരഭ, തങ്കന, കുലൂത്, ശേരധ, രാഷ്ത്ര, ബ്രഹ്മപൂർ, ദാർദ, ദാമര, വനരാജ, കിരാത, ജൈന, കോനിന്ത, ഭല, ഫലൂല, കുജിക, ഏകചരൻ (ഒറ്റക്കാലൻ), അനുവിശ്വ, സ്വർണ്ണഭൂമി, അവ്വർസ്തൻ, നന്ദവിഷ്ത, പൗരവ, ജൈനവിസ്ന, ത്രീന്ദ്ര (മുക്കണ്ണന്മാർ), പൂഞ്ചാന്ദ്ര, ഗന്ധർവ്വ.

എന്നാൽ, ഇന്ത്യൻ ജ്യോതിശാസ്ത്രജ്ഞന്മാർ ജനവാസമുള്ള കര പ്രദേശങ്ങളെ ലങ്കയെ ആസ്പദപ്പെടുത്തിയാണു കണക്കാക്കിയത്. അതിന്റെ നടുക്ക് മദ്ധ്യരേഖയും കിഴക്ക് യമകോട്ടയും പടിഞ്ഞാറ് റൂമക്കും നേരെ എതിർഭാഗത്തുള്ള കരയായി സിദ്ധാപൂരുമാണ് അവർ പരിഗണിക്കുന്നത്. ഉദയാസ്തമയത്തെ കുറിച്ച് അവർ പറഞ്ഞ കണക്കു നോക്കിയാൽ യമകോട്ടക്കും റോമാക്കും മദ്ധ്യേ നൂറ്റി എൺപത് ഡിഗ്രിയുണ്ടെന്നു കാണാം. അവർ പാശ്ചാത്യ രാജ്യങ്ങൾക്കെല്ലാം കൂടിയാണു റോമ എന്നു പറഞ്ഞതെന്നു തോന്നുന്നു. എന്തെന്നാൽ, റോമൻനാടു പടിഞ്ഞാറുഭാഗത്ത് മാത്രമല്ല ഉള്ളത്. അതു വളരെ അധികം വടക്കോട്ടു നീണ്ടുകിടക്കുന്നു. അതിന്റെ എല്ലാ ഭാഗവും മദ്ധ്യരേഖയുമായി വളരെ അകന്നാണു സ്ഥിതി ചെയ്യുന്നത്. അതിനാൽ, അവർ പറയുന്നതു പോലെ ആ പ്രദേശം മദ്ധ്യരേഖയിലായിരിക്കാൻ നിർവ്വാഹമില്ല. ലങ്കയെ കുറിച്ചു നാം കുറേയേറെയെല്ലാം വിവരിച്ചുവല്ലോ. എന്നാൽ, യമകോട്ടയെ സംബന്ധിച്ചു യഅ്ഖൂബും ഫിസാരിയും പറയുന്നത് അതു സമുദ്രത്തിലുള്ള 'തരഹ്' എന്ന പട്ടണമാണെന്നാണ്. ഇന്ത്യക്കാരുടെ ഗ്രന്ഥത്തിൽ ഈ പേരിനു യാതൊരടിസ്ഥാനവും എനിക്കു കാണാൻ സാധിച്ചിട്ടില്ല. കൂടാതെ കോട്ട എന്ന പദത്തിന്റെ അർത്ഥം കൊട്ടാരമെന്നും യമൻകൊണ്ടുള്ള വിവക്ഷ കാലൻ എന്നുമാണ്. അത് കേക്കാവൂസ് സമുദ്രത്തിന്റ അപ്പുറം (യമ) കിഴക്കെ അറ്റത്തു നിർമ്മിച്ചതായി പേർഷ്യക്കാർ പറയുന്ന ഗംഗാദസ് നിർമ്മിച്ച കൊട്ടാരമാണെന്നു തോന്നുന്നു. തുർക്കിക്കാരനായ ഫ്രാസിയാബിനെ പിന്തുടർന്നു കേഖ

സുന്ദ്ര അവിടേക്കു സന്യാസി ആയി പോവുകയും ഭരണം കൈവെടിയുകയും ചെയ്തുവെന്നും പേർഷ്യക്കാർ പറയുന്നുണ്ട്. കാരണം, ദസ് എന്നതിന്റെ അർത്ഥം പേർഷ്യൻ ഭാഷയിൽ കോട്ട എന്നാണ്. അബൂമഹ്ശർ അൽ ബൽഖി തന്റെ പഞ്ചാംഗത്തിന്റെ അതിരായി വിവരിച്ചത് ഈ പ്രദേശമാണ്. സിദ്ധാപൂരിനെ കുറിച്ച് അവർക്കു കിട്ടിയ വിവരണങ്ങൾ ഏതടിസ്ഥാനത്തിലാണെന്ന് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ജനവാസമുള്ള പ്രദേശങ്ങളുടെ അപ്പുറം ജനപ്രവേശനമില്ലാത്ത സമുദ്രങ്ങളുണ്ടെന്നതിൽ നാമും യോജിക്കുന്നു. ഓരോ നാട്ടിന്റെയും അകലത്തെ കുറിച്ചു കണിശമായ ഒരു പ്രസ്താവന അവരിൽനിന്ന് എനിക്കു ലഭിച്ചിട്ടില്ല. ഭൂഗോളത്തിന്റെ പകുതി ഭാഗമാണു ജനവാസ യോഗ്യമായത് എന്നു പൊതുവേ പറയാറുള്ളതാണ്. ജനവാസ പ്രദേശത്തിന്റെ ആരംഭത്തെ കുറിച്ചു മാത്രമാണ് അഭിപ്രായ വ്യത്യാസമുള്ളത്. ഇന്ത്യക്കാരുടെ അഭിപ്രായത്തിൽനിന്നു നമുക്കു മനസ്സിലായിടത്തോളം ഉജ്ജൈൻ പട്ടണമാണ് അതിന്റ ആരംഭ സ്ഥലം. ജനവാസ പ്രദേശമുള്ള ആദ്യത്തെ 1/4 കിഴക്കെ അറ്റത്തും രണ്ടാമത്തെ 1/4 ന്റെ അതിരിലും പടിഞ്ഞാറെ ഭാഗത്തിന്റെ അടുത്തുമായാണ് ഇതിനെ അവർ നിശ്ചയിച്ചത്. പാശ്ചാത്യരുടെ അഭിപ്രായം രണ്ടു തരത്തിലാവുന്നു:

1. മഹാസമുദ്രത്തിന്റെ കരയിൽനിന്നു തുടങ്ങി ബൽഖായുടെ അടുത്തായാണ് ആ കാൽ ഭാഗം അവസാനിക്കുന്നത്. ഇതിൽ വേറെയും ചില പ്രദേശങ്ങൾ കൂട്ടിച്ചേർത്തതിനാൽ ശപൂർഖാനും ഉജ്ജൈജനും ഒരേ അർദ്ധദിന രേഖയിൻമേൽ വന്നു. ഈ അഭിപ്രായം യാഥാർത്ഥ്യവുമായി വളരെ അകന്നാണു നിലകൊള്ളുന്നത്.

2. സുഅദാഅ് ദ്വീപുകളിൽനിന്നാണ് ഇത് ആരംഭിക്കുന്നത്. അപ്പോൾ ആ 1/4 ഭാഗം ജർജാൻ, നൈസാപൂർ എന്നീ പ്രദേശങ്ങളിൽ അവസാനിക്കുന്നു. ഈ രണ്ട് അഭിപ്രായങ്ങളും ഇന്ത്യക്കാരുടേതുമായി ഒരു വിധത്തിലും യോജിക്കുന്നില്ല. ഇതിന്റെ കൂടുതൽ വിവരണം പിന്നീടു വരുന്നതാണ്. ആയുസ്സ് ബാക്കിയുണ്ടെങ്കിൽ നൈസ്സാപൂരിനെ സംബന്ധിച്ച് പൂർണ്ണമായ ഒരു പുസ്തകം എഴുതാൻ ഞാൻ ആഗ്രഹിക്കുന്നു.

അധ്യായം 30

ലങ്കാ അഥവാ ഭൂമണ്ഡപം

മദ്ധ്യരേഖയിൽ ജനവാസമുള്ള പ്രദേശത്തിന്റെ ഏതാണ്ടു മദ്ധ്യഭാഗത്തുള്ള പ്രദേശമാണ് 'ഭൂമണ്ഡപം' എന്ന പേരിൽ ജ്യോതി ശാസ്ത്രജ്ഞന്മാർക്കിടയിൽ അറിയപ്പെടുന്നത്. ധ്രുവത്തിൽനിന്ന് ഉത്ഭവിച്ച് അതിന്റെ അർദ്ധദിന രേഖയിൽ കൂടി പുറപ്പെടുന്ന വൃത്തത്തിനു 'മണ്ഡപാർദ്ധദിന വൃത്തം' എന്നും അവർ പറയുന്നു. ഭൂമിയെ അതിന്റെ പ്രാകൃതരൂപത്തിൽ വീക്ഷിച്ചാൽ അതിന്റെ ഏതു ഭാഗത്തിനും 'മണ്ഡപം' എന്നു പറയാവുന്നതാണ്. അതിനു കിഴക്കും പടിഞ്ഞാറുമായി സ്ഥിതിചെയ്യുന്ന ജനവാസപ്രദേശങ്ങളുമായി അതിന്റെ ദൂരം സമമായതിനാലാവാം അതിനു മണ്ഡപം എന്നു പറഞ്ഞുവരുന്നത്. പക്ഷേ, ഇന്ത്യക്കാർ മണ്ഡപം എന്ന് അർത്ഥംവരുന്ന പദമല്ല ഇതിനുപയോഗിച്ചു കാണുന്നത്. അവർ പറയുന്നതു 'ലങ്ക' എന്നാണ്. മദ്ധ്യരേഖയിൽനിന്ന് അധികം അകലയല്ലാതെ ജനവാസയോഗ്യമായ പ്രദേശങ്ങളുടെ മദ്ധ്യത്തിൽ ലങ്ക നിലകൊള്ളുന്നു.

ദശരഥ മഹാരാജാവിന്റെ പുത്രനായ രാമന്റെ ഭാര്യയെ മോഷ്ഠിച്ചുകൊണ്ടുപോയ രാവണന്റെ കൊട്ടാരം അവിടെയാണ്. അദ്ദേഹത്തിന്റെ വൃത്താകൃതിയിൽ കൂടിച്ചേർന്ന കൊട്ടാരത്തിനു 'തങ്കതവൃത്ത' എന്നു പേരു പറയുന്നു. ഇതിനു നമ്മുടെ നാട്ടുകാർ 'യാവൻകഥ' എന്നാണു പറയാറുള്ളത്. ഈ കൊട്ടാരം റോമയിലുള്ളതാണ് എന്നും പറയാറുണ്ട്.

രാമൻ സമുദ്രം കടന്ന് അവിടെ എത്തി. സേതുബന്ധ് (സമുദ്രപാലം) എന്ന സ്ഥലത്ത് നൂറ് യോജന ദൂരത്തിൽ ഒരു ചിറകെട്ടി. അതുവഴി അദ്ദേഹം അവിടെ പ്രവേശിച്ചു. സറന്തീപിന്റെ കിഴക്കു ഭാഗത്താണു ചിറകെട്ടിയത്. രാമൻ രാവണനെ യുദ്ധംചെയ്തു കൊലപ്പെടുത്തി. രാമന്റെ സഹോദരൻ രാവണന്റെ സഹോദരനെയും കൊന്നു. ഈ കഥ രാമായണത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്. പിന്നീട് രാമൻ അമ്പെയ്ത് ആ പാലം പത്ത് സ്ഥലങ്ങളിൽ പൊട്ടിച്ചു.

കൊട്ടാരത്തിന്റെ രൂപം ഇതാണ്



ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ ലങ്ക രാക്ഷസന്മാരുടെ കോട്ടയാണ്. ഭൂനിരപ്പിൽനിന്ന് അതിന്റെ ഉയരം മുപ്പത് യോജനയാണ്. (എട്ട് കാതം) കിഴക്കുപടിഞ്ഞാറായി അതിന്റെ നീളം ആറ് യോജനയും അകലം ഉയരത്തിന്റെ അത്രതന്നെയുമാണ്. ലങ്കാ കോട്ടയും വാരാമുഖ് ദ്വീപും കാരണമായി തെക്കുഭാഗം ശൂന്യമായി അവർ കണക്കാക്കുന്നു. പുണ്യകർമ്മങ്ങൾക്കോ വഴിപാടുകൾക്കോ ആ ഭാഗം അവർ ഉപയോഗിക്കുകയില്ല. തെറ്റായ പ്രവൃത്തികൾ ചെയ്യാൻ മാത്രം അവർ ആ ദിക്ക് ഉപയോഗിക്കുന്നു. മേരു പർവ്വതത്തിന്റെയും ലങ്കയുടെയും ഇടയിൽ അനുമാനിക്കാവുന്ന നേർരേഖയിന്മേലാണു മൾവാ അതിർത്തിയിലുള്ള ഉജ്ജൈൻ പട്ടണവും മുൾട്ടാൻ അതിർത്തിയിലുള്ള റോഹ്തക് കോട്ടയും (ഇതിപ്പോൾ നശിച്ചുപോയിട്ടുണ്ട്) നിലകൊള്ളുന്നത്. ആ രേഖ താനേശ്വർ, യമുന, ഹിമാലയം മുതലായവയിൽകൂടി കടന്നുപോകുന്നു. അതിനപ്പുറമാണ് ഉജ്ജൈൻ പട്ടണവും മേരുപർവ്വതവും (ഉജ്ജൈൻ പട്ടണത്തിനു പഞ്ചാംഗങ്ങളിൽ നാം 'അസീൻ' എന്നുപയോഗിച്ചുവരുന്നു) അതിനും കടൽതീരത്തിനും തമ്മിൽ ഏതാണ്ടു നൂറ് യോജന ദൂരമുണ്ട്. ഈ സ്ഥലം പക്വമതികളല്ലാത്ത നമ്മുടെ ജ്യോത്സ്യന്മാർ പറയുന്നതുപോലെ ജോസ്ജാൻ സംസ്ഥാനത്തിലെ ഷബൂർഖാന്റെ അർദ്ധഭാഗത്തല്ല സ്ഥിതിചെയ്യുന്നത്. ആ പ്രദേശത്തിന്റ വളരെ കിഴക്കായാണ്. പ്രസ്തുത കോട്ടയെ സംബന്ധിച്ചിടത്തോളം ഇന്നുവരെ കടൽയാത്ര ചെയ്തവരാരും തന്നെ അവരുടെ മേൽഅഭിപ്രായത്തെ ബലപ്പെടുത്തുന്ന യാതൊരു വിവരവും നമുക്കു നല്കിയിട്ടില്ല. ലങ്ക എന്ന പേരു

കേൾക്കുമ്പോൾ എനിക്കു മറ്റൊരു കാര്യമാണ് ഓർമ്മ വരുന്നത്. ഗ്രാമ്പൂവിനു 'ലവംഗം' എന്ന പറയാറുണ്ട്. ലങ്കയിൽനിന്ന് ഇറക്കുമതി ചെയ്യുന്നതുകൊണ്ടാണ് ആ പേരുവന്നത്. ലങ്കയിലേക്കു നാണയങ്ങളും ഉപ്പും ചില വസ്ത്രങ്ങളും മറ്റും വാഹനങ്ങളിൽ കയറ്റി കൊണ്ടുപോവുകയും അതു തീരത്തിറക്കി ഉടമസ്ഥരുടെ പേരെഴുതി തോലിൽ സൂക്ഷിക്കുകയും ചെയ്യുന്നുവെന്നു കടൽ വ്യാപാരികൾ പറയാറുണ്ട്. തുടർന്നു പിറ്റേ ദിവസം പ്രസ്തുത തോലുകളിൽ അവയിലുണ്ടായിരുന്ന സാമാനങ്ങളുടെ വിലയായി ഗ്രാമ്പൂവ് കാണാം. അന്നത്തെ നിലവാരമനുസരിച്ച് അതിന്റെ തോത് കൂടുകയും കുറയുകയും ചെയ്തുകൊണ്ടിരിക്കും. ഈ ഇടപാടു നടക്കുന്നതു ഭൂതങ്ങളുമായാണെന്നു ചില ഐതിഹ്യങ്ങളുണ്ട്. ഇതിന്റെ അടുത്ത പ്രദേശങ്ങളിൽ നിവസിക്കുന്ന ഇന്ത്യക്കാർ വിശ്വസിക്കുന്നതു മസൂരി ആത്മാക്കളെ അപഹരിക്കാൻ വേണ്ടി ലങ്കയിൽനിന്നു വീശുന്ന ഒരു കാറ്റാണെന്നാണ്. ചിലർ ഈ കാറ്റിന്റെ ഉത്ഭവത്തെ കുറിച്ചും അതു വീശുന്ന സമയം, സ്ഥലം മുതലായവയെ കുറിച്ചും അറിയുകയും അതു മുൻകൂട്ടി പ്രസ്താവിക്കുകയും ചെയ്യാറുണ്ട്. മസൂരി പിടിപെട്ടാൽ ചില അടയാളങ്ങൾ മുഖേന അതു നാശകരമോ വിനാശകരമോ എന്ന് അവർ മനസ്സിലാക്കുന്നു. നാശകരമാണെങ്കിൽ ജീവാപായം കൂടാതെ കഴിക്കാൻ ഗ്രാമ്പൂവും സ്വർണ്ണപ്പൊടിയും കൂട്ടിയുണ്ടാക്കിയ ഒരു മരുന്നു സേവിക്കുന്നു. പുരുഷന്മാർ ഈത്തപ്പഴക്കുരു പോലുള്ള ഗ്രാമ്പൂ കഴുത്തിൽ കെട്ടുന്നു. ഇങ്ങനെ ചെയ്യുന്നവരിൽ പത്തിലൊന്നു മാത്രമേ അപായപ്പെടുന്നുള്ളൂ. ഇതിൽനിന്നു നമുക്കു മനസ്സിലാകുന്നത് ഇന്ത്യക്കാർ പറയുന്ന ലങ്കാരാജ്യം അതുതന്നെയാണെന്നത്രെ. പക്ഷേ, അതിന് അവർ പറയുന്ന വിവരണങ്ങളിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഈ ദ്വീപിൽ വിദേശികൾ പ്രവേശിക്കാറില്ല. വല്ല കച്ചവടക്കാരും അവിടെ പെട്ടാൽ പിന്നെ കാണാറില്ലെന്നാണ് ഐതിഹ്യം. 'സിന്ധി'നപ്പുറം നരഭുക്കുകളായ ഒരുതരം ആളുകൾ ജീവിക്കുന്നുവെന്നു രാമായണത്തിൽ പറഞ്ഞത് ഈ ഐതിഹ്യത്തിനു ബലം നല്കുന്നു. ലങ്കാ ബാലൂസഃ ദ്വീപുകാർ ഒറ്റപ്പെട്ടു കാടന്മാരായി ജീവിക്കേണ്ടി വന്നത് അവർ മനുഷ്യരെ ഭക്ഷിക്കാറുണ്ടായിരുന്നതുകൊണ്ടാണെന്നു തീരപ്രദേശക്കാർക്കിടയിൽ സംസാരമുണ്ട്.

രണ്ടാം ഭാഗം

അധ്യായം 31

രാജ്യങ്ങൾ തമ്മിലുള്ള അന്തരം (ധ്രുവകാന്തരം)

ഈ വിഷയത്തെപറ്റി ഖണ്ഡിതമായി പ്രതിപാദിക്കുന്ന ഏതൊരാളും രണ്ടു നാടുകളുടെ അർദ്ധദിന രേഖകൾക്കുള്ള 'ഭ്രമണവൃത്ത' അറിയേണ്ടിയിരിക്കുന്നു. എന്നാൽ, നമ്മുടെ ആളുകൾ മദ്ധ്യരേഖകൊണ്ടാണ് രണ്ടു മദ്ധ്യരേഖകൾ കണക്കാക്കുന്നത്. രണ്ട് അർദ്ധദിന രേഖകളുടെ ഇടയിലായി മദ്ധ്യരേഖയിൽനിന്നു വരുന്ന വൃത്താംശംകൊണ്ട് അവ ഓരോന്നിനും മറ്റേതിൽനിന്നു ദൂരം കണക്കാക്കുംപോലെ തന്നെ മദ്ധ്യരേഖയുടെ സമാന്തരരേഖകൾക്കുള്ള വൃത്താംശം കൊണ്ടും കണക്കാക്കുന്നു. കാരണം, ഇവർ ഏതൊരു നാടിന്റെയും കിഴക്കുപടിഞ്ഞാറു ദൂരം ജനവാസ പ്രദേശത്തിന്റെ ഏറ്റവും പടിഞ്ഞാറുഭാഗത്തുള്ള അർദ്ധദിന രേഖയിൽ നിന്നാണു ഗണിക്കുന്നത്. ഒരു വൃത്തത്തിന്റെ പരിവർത്തന ദൂരം മുന്നൂറ്റി അറുപത് ഡിഗ്രിയെന്നോ അറുപതു നാഴിക എന്നോ അല്ലെങ്കിൽ വൃത്തത്തിനനുസരിച്ചുള്ള കാതങ്ങൾ എന്നോ യോജനകളെന്നോ കണക്കാക്കിയാലും അതിനനുസരിച്ച് ഈ ദൂരം എടുക്കുന്നതിനു പ്രയാസമില്ല. ഇന്ത്യക്കാർക്ക് ഈ ദൂരം കണക്കാക്കുന്നതിനു പല മാർഗ്ഗങ്ങളുമുണ്ട്. നമുക്കു കിട്ടിയതനുസരിച്ച് അവയെല്ലാം വ്യത്യസ്തവും യാഥാർത്ഥ്യവുമായി അകന്നതുമാണെന്നാണു മനസ്സിലാകുന്നത്. നാം ഒരോ നാട്ടിന്റെയും കിഴക്കുപടിഞ്ഞാറു ദൂരം കണക്കാക്കുമ്പോൾ അവർ ഉജ്ജൈൻ പട്ടണത്തിന്റെ അർദ്ധദിന രേഖയിൽനിന്ന് ഓരോ നാടിന്റെയും ദൂരം യോജനകളായി പരിഗണിക്കുന്നു. ഒരു നാട് ഉജ്ജൈയിനിന്റെ പടിഞ്ഞാറുഭാഗത്താണെങ്കിൽ രണ്ടിന്റെയും ഇടയിലുള്ള ദൂരവും കൂടി കൂട്ടുകയും കിഴക്കുഭാഗത്താണെങ്കിൽ കിഴിക്കുകയും ചെയ്തു രണ്ടും തമ്മിലുള്ള കിഴക്കുപടിഞ്ഞാറു ദൂരം കണക്കാക്കുന്നു. അതിനു 'ദേശന്തരി' (രാജ്യങ്ങൾ തമ്മിലുള്ള കിഴക്കുപടിഞ്ഞാറു ദൂരം) എന്ന് അവർ പറയുന്നു. ഈ ദൂരത്തെ ഏതെങ്കിലും ഒരു നക്ഷത്രം ഒരു ദിവസം സഞ്ചരിക്കുന്നതുകൊണ്ടു പെരുക്കിക്കിട്ടിയ തുകയെ നാലാ

യിരത്തി എണ്ണൂറുകൊണ്ടു ഹരിച്ചാൽ ആ നക്ഷത്രത്തിന് അന്ന് രണ്ടു നാടുകൾക്കിടയിൽ സഞ്ചരിക്കാൻ വേണ്ടിവരുന്ന ദൂരം ലഭിക്കുന്നതാണ്. പ്രസ്തുത ഹാരകം ഭൂമിയുടെ ചുറ്റളവായ യോജനകളാണ്. എന്തെന്നാൽ രണ്ടു നാട്ടിന്റെയും അർദ്ധദിന രേഖകൾക്കുള്ള 'ഭ്രമണവൃത്ത'ങ്ങളുടെ ദൂരവും ഭൂമിയുടെ ചുറ്റളവും തമ്മിലുള്ള ബന്ധം രണ്ടു നാടിനിടയിൽ ആ നക്ഷത്രത്തിനു സഞ്ചരിക്കേണ്ടി വരുന്ന ദൂരവും ഒരു ദിവസത്തെ പരിവർത്തനത്തിൽ ഭൂമിക്കു ചുറ്റും സഞ്ചരിക്കുന്ന ദൂരവും തമ്മിലുള്ള ബന്ധം പോലെയാണ്. ചുറ്റളവു നാലായിരത്തി എണ്ണൂറ് ആണ് എന്നു വരുമ്പോൾ വ്യാസം ആയിരത്തി അഞ്ഞൂറ്റി ഇരുപത്തി ഏഴ് ആയിരിക്കും; പുൽസന്റെ അഭിപ്രായത്തിൽ പറയുന്നത് ആയിരത്തി അറുനൂറ് ആയിരിക്കും. എന്നാൽ, ബ്രഹ്മഗുപ്തൻ പറയുന്നത് ആയിരത്തി അഞ്ഞൂറ്റി എൺപത്തി ഒന്ന് യോജനകളാണെന്നാണ്. ഒരു യോജന എട്ട് മൈൽ എന്ന തോതിലാണു ഈ കണക്ക്. ആർകണ്ഡന്റെ പഞ്ചാംഗത്തിൽ ആയിരത്തി അമ്പത് എന്നാണു നിർണയിച്ചത്. ഈ തുക ഇബ്നു താരീഖ് ഉദ്ധരിച്ചതനുസരിച്ചു ഭൂമിയുടെ അർദ്ധ വ്യാസത്തിന്റ അളവാണ്. മുഴുവൻ വ്യാസവും രണ്ടായിരത്തി ഒരുനൂറ് ആയിരിക്കും. ഒരു യോജന ഒരു മൈൽ എന്ന കണക്കു പ്രകാരമാണ് ഈ അഭിപ്രായം. ഭൂമിയുടെ ചുറ്റളവ് 6596 (9/25) ആയിരിക്കുകയും ചെയ്യും. എന്നാൽ, ബ്രഹ്മഗുപ്തൻ 'കണ്ഡകാതിക' എന്ന പഞ്ചാംഗത്തിൽ ചുറ്റളവു നാലായിരത്തി എണ്ണൂറ് ആണെന്നു പറയുന്നു. എന്നാൽ, അദ്ദേഹം ശുദ്ധീകരിച്ചെഴുതിയതിൽ ഭൂമിയുടെ ചുറ്റളവ് പുൽസന്റെ അഭിപ്രായത്തോടു യോജിച്ചുമാണു രേഖപ്പെടുത്തിയത്. അതു കണ്ടുപിടിക്കുന്ന വഴി ഇങ്ങനെയാണ്. ഭൂമിയുടെ ചുറ്റളവായ യോജനകളെ മദ്ധ്യരേഖയിനിന്ന് ആ സ്ഥലത്തേക്കുള്ള ദൂരത്തെ തൊണ്ണൂറിൽനിന്നു കിഴിച്ചാൽ കിട്ടുന്ന സംഖ്യകൊണ്ടു പെരുക്കുകയും കിട്ടിയ തുകയെ മുഴുവൻ വൃത്താംശ ലംബാരേഖകൊണ്ടു ഹരിക്കുകയും ചെയ്യുക. എന്നാൽ, ഭൂമിയുടെ ആ സ്ഥലത്തുള്ള ചുറ്റളവുകിട്ടും. അതു നാട്ടിൽ കൂടി പോകുന്ന മദ്ധ്യരേഖയുടെ സമാന്തര രേഖകളുടെ ചുറ്റളവാണ്. ഇതിനു ചിലപ്പോൾ 'തൗഖുൽ മദാർ' എന്നും നാം പറയാറുണ്ട്. ഇതിൽനിന്ന് ഊഹിക്കാൻ കഴിയുന്നതു നാലായിരത്തി എണ്ണൂറ് എന്നത് ഉജ്ജൈജയിൻ പട്ടണത്തിന്റെ ശരിയായ ചുറ്റളവാണെന്നാണ്. പക്ഷേ, നാം അതു കണക്കിലെടുത്താൽ ഉജ്ജൈജൻ പട്ടണത്തിനു മദ്ധ്യരേഖയിൽനിന്നു വടക്കോട്ടുള്ള ദൂരം 16 (1/4) ആക്കേണ്ടി വരും. വാസ്തവത്തിൽ ഉജ്ജൈജയിനിലേക്കുള്ള ദൂരം 24 ആണ്. 'കരൺതിലക്' (കർണ്ണതിലകം) എന്ന പഞ്ചാംഗത്തിന്റെ നിർമ്മാതാവ് അതിൽ പറയുന്നതു ഭൂമിയുടെ വ്യാസത്തെ 12 കൊണ്ടു പെരുക്കുകയും അതിൽനിന്നു കിട്ടുന്ന ഉത്തരത്തെ ആ നാട്ടിന്റെ ഉച്ച നിഴൽകൊണ്ടു ഹരിക്കുകയും ചെയ്യണമെന്നാണ്. ഒരു

സാധനത്തിന് അതിന്റെ നിഴലുമായുള്ള ബന്ധം ആ നാട്ടിന്റെ മദ്ധ്യരേഖയുടെ സമാന്തര രേഖകളുടെ കേന്ദ്രവും ചക്രവാളവും തമ്മിലുള്ള ദൂരത്തിനും ആ നാട്ടിന്റെ അകലത്തിനും വൃത്താംശ ലംഭാരേഖയുമായുള്ള ബന്ധം പോലെയാണ്. ഇദ്ദേഹം 'വ്യാസ്ഥ ത്രേശിക' എന്നു പറയുന്ന ഇന്ത്യയുടെ വ്യാസം ശരിയാണെന്നു സ്ഥാപിക്കാൻ ശ്രമിക്കുകയാണു ചെയ്തത്. ഈ കണക്കു സ്ഥാപിക്കുന്നതിൽ അവരുടെ ഒരു സാധാരണോദാഹരണം ഇപ്രകാരമാകുന്നു: ഒരു വേശ്യയുടെ പ്രതിഫലം പതിനഞ്ചാമത്തെ വയസ്സിൽ പത്ത് ദിർഹമാണെങ്കിൽ നാൽപതാമത്തെ വയസ്സിൽ അവളുടേത് എത്രയായിരിക്കും? അതു കണ്ടുപിടിക്കുന്നതിനുള്ള വഴി ഇങ്ങനെയത്രെ. ആദ്യത്തെയും രണ്ടാമത്തെയും സംഖ്യകൾ തമ്മിൽ പെരുക്കി മൂന്നാമത്തേതുകൊണ്ടു ഹരിച്ചാൽ കിട്ടുന്നതായിരിക്കും ഉത്തരം.

ഉദാ: 15X10/40 = 3 (3/4) നാണയം

ഇതുപോല ഉച്ചനിഴൽ നാട്ടിന്റെ അകലമനുസരിച്ച് അധികമാകുകയും സമാന്തര രേഖയുടെ കേന്ദവും ചക്രവാളവും തമ്മിലുള്ള ദൂരവും കുറയുകയും ചെയ്യുന്നതായി കണ്ടപ്പോൾ ഈ ഏറ്റക്കുറച്ചിലുകൾക്കിടയിൽ ബന്ധമുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ടാണ് ഉച്ചനിഴൽ അധികമാകുന്നതിനനുസരിച്ചു സമാന്തരരേഖയുടെ കേന്ദ്രവും ചക്രവാളവും തമ്മിലുള്ള ദൂരം കുറഞ്ഞുവരുന്നതെന്ന് അദ്ദേഹം കണക്കാക്കിയത്. പുൽസൻ രണ്ട് നാടിന്റെ ഇടയ്ക്കുള്ള ദൂരം ചന്ദ്രഗ്രഹണം മുഖേന മനസ്സിലാക്കുകയും അവിടെ ഗ്രഹണം അനുഭവപ്പെടുന്നതിനു വേണ്ടിവരുന്ന സമയത്തെ ഭൂമിയുടെ ചുറ്റളവു കൊണ്ടു പെരുക്കുകയും അതിൽനിന്നു കിട്ടുന്ന ഉത്തരത്തെ അറുപത് കൊണ്ടു ഹരിക്കുകയും ചെയ്യുന്നു. അപ്പോൾ ഒരു ദിവസത്തെ ചുറ്റലിനു വേണ്ടിവരുന്ന മിനുട്ടുകൾ കിട്ടുന്നതും അങ്ങനെ അവയ്ക്കു തമ്മിലുള്ള യോജന ദൂരം മനസ്സിലാക്കാവുന്നതുമാണ്. ഈ കണക്കു ശരിയാണെങ്കിലും ഇതുകൊണ്ടു കിട്ടുന്നതു ലങ്കയിൽകൂടി പോകുന്ന മദ്ധ്യരേഖയുടെ ചുറ്റളവാകും. ബ്രഹ്മഗുപ്തൻ ചെയ്യുന്നതും ഇങ്ങനെ തന്നെയാണ്. പക്ഷേ, അദ്ദേഹം നാലായിരത്തി എണ്ണൂറുകൊണ്ടാവും പെരുക്കുക എന്നു മാത്രം. ഇതിന്റെ പൂർണ്ണ വിവരം മുമ്പു പ്രസ്താവിച്ചുവല്ലോ. ഇതുവരെ കൊടുത്ത കണക്കുകളിൽ അവ ശരിയായാലും അല്ലെങ്കിലും അവരുടെ ഉദ്ദേശ്യവും ലക്ഷ്യവും മനസ്സിലാക്കാൻ നമുക്കു കഴിയുന്നതാണ്.

രണ്ടു നാടുകളുടെ മദ്ധ്യരേഖയുമായുള്ള അകലത്തിൽനിന്നു ദേശാന്തരം കണ്ടുപിടിക്കുന്നതിനെ കുറിച്ചു ഫിസാരി തന്റെ പഞ്ചാംഗത്തിൽ ഇങ്ങനെ വിവരിക്കുന്നു: രണ്ടു നാടുകളുടെയും മദ്ധ്യരേഖയുമായുള്ള ദൂരത്തിന്റെ വൃത്താംശ ലംബാരേഖയുടെ രണ്ട് സമചതുരം തമ്മിൽ

കൂട്ടി അതിന്റെ വർഗ്ഗമൂലം കാണുക. ഈ രണ്ട് വിത്താംശ ലംബരേഖകൾ തമ്മിലുള്ള വ്യത്യാസത്തിന്റെ ചതുരശ്ര അളവ് പ്രസ്തുത വർഗ്ഗമൂലവുമായി കൂട്ടിച്ചേർത്ത് അതിനെ എട്ടുകൊണ്ട് പെരുക്കി കിട്ടിയ ഉത്തരത്തെ മുന്നൂറ്റി എഴുപത്തി ഏഴുകൊണ്ടു ഹരിച്ചാൽ ഈ രണ്ട് നാടുകൾക്കിടയിലുള്ള കിഴക്കുപടിഞ്ഞാറു ദൂരം കിട്ടുന്നതാണ്. രണ്ട് നാടുകളുടെയും മദ്ധ്യരേഖയുമായുള്ള അകലത്തിന്റെ വ്യത്യാസത്തെ ഭൂമിയുടെ ചുറ്റളവായ യോജനകൊണ്ടു പെരുക്കി മുന്നൂറ്റി അറുപതു കൊണ്ടു ഹരിക്കുക." മുകളിൽ കൊടുത്ത കണക്ക് രണ്ട് നാടിന്റെയും മദ്ധ്യരേഖയുമായുള്ള ദൂരവ്യത്യാസമായ ഡിഗ്രിനാഴികകളെ യോജനകളാക്കിമാറ്റുക മാത്രമാണു ചെയ്തത്. പിന്നീട് അദ്ദേഹം പറയുകയാണ്: "ഈ കിട്ടിയ കിഴക്കുപടിഞ്ഞാറു ദൂരത്തിന്റെ ചതുരത്തിൽനിന്ന് ആദ്യം കിട്ടിയ ചതുരത്തിന്റെ ദൂരത്തെ കിഴിക്കുകയും ശിഷ്ടമുള്ളതിന്റെ വർഗ്ഗമൂലം കാണുകയും ചെയ്താൽ രണ്ട് നാടുകൾക്കിടയിലുള്ള സൂത്രരേഖയുടെ യോജന കണക്കിലുള്ള ദൂരം കിട്ടുന്നതാണ്." ഈ പറഞ്ഞതെല്ലാം ആ നാട്ടിന്റെ രേഖയുടെ ചുറ്റളവാണ്. പ്രസ്തുത കണക്കുകൾ ഇന്ത്യക്കാരുടെ പഞ്ചാംഗങ്ങളിലും നാം പ്രസ്താവിച്ചതിനോടു യോജിച്ച നിലയിൽ തന്നെ കാണാം. ഒരു കാര്യത്തിൽ മാത്രമേ വ്യത്യാസമുള്ളൂ. അതായത്, മേൽ പ്രസ്താവിച്ച സംഖ്യ രണ്ടു നാട്ടിന്റെ മദ്ധ്യരേഖയിൽനിന്നുള്ള ദൂരത്തിന്റെ വൃത്താംശ ലംഭരേഖയുടെ ചതുരാംശങ്ങൾ തമ്മിലുള്ള വ്യത്യാസത്തിന്റെ വർഗ്ഗമൂലം ആണെന്നു പറഞ്ഞതു കണക്ക് നാം എങ്ങനെ ശരിയാക്കിയാലും അത് വാസ്തവത്തിനു വിരുദ്ധമാണ്. ഇതെല്ലാം നമ്മുടെ പല പുസ്തകങ്ങളിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മദ്ധ്യരേഖയിൽ നിന്നുള്ള അകലം അറിയുന്നതുകൊണ്ടു മാത്രം പ്രസ്തുത നാടുകൾ തമ്മിലുള്ള അകലവും കിഴക്കുപടിഞ്ഞാറു ദൂരവും അറിയുക സാധ്യമല്ല. ഇവ രണ്ടിൽനിന്നും ഏതെങ്കിലും ഒന്ന് അറിഞ്ഞെങ്കിൽ മാത്രമേ മറ്റേത് അറിയാൻ സാധിക്കുകയുള്ളൂ എന്ന വസ്തുത മേൽ പ്രസ്താവിച്ചതിൽനിന്നു വ്യക്തമാകുന്നതാണ്. രചയിതാവ് അറിയാത്ത ഈ കണക്കിന്റെ രൂപം ഇപ്രകാരമാണ്. "രണ്ട് നാടുകൾ തമ്മിലുള്ള ദൂരത്തെ ഒമ്പത് കൊണ്ടു പെരുക്കുകയും കിട്ടിയ ഉത്തരത്തെ അതിന്റെ ചതുരശ്ര അളവും ഇരുനാട്ടിന്റെയും അക്ഷ ദൂരത്തിൽ വരുന്ന വ്യത്യാസത്തിന്റെ ചതുരശ്ര അളവും തമ്മിലുള്ള വ്യത്യാസത്തിന്റെ വർഗ്ഗമൂലംകൊണ്ടു ഹരിക്കുകയും ചെയ്യുക. പിന്നീട് അതിനെ ആറുകൊണ്ട് ഹരിക്കണം. കിട്ടുന്ന ഉത്തരം ഇരു നാടുകളും തമ്മിലുള്ള ധ്രുവകാലത്തിന്റെ മിനുട്ടുകളായിരിക്കും. ഇതിൽനിന്ന് നമുക്കിങ്ങനെ മനസ്സിലാക്കാം: ആദ്യം പറഞ്ഞതു ദൂരമായി കണക്കാക്കുകയും പിന്നെ അതിനെ വൃത്തത്തിന്റെ ചുറ്റളവായി കണക്കാക്കുകയും ചെയ്യുക. പക്ഷേ, വലിയ വൃത്തത്തിന്റെ ഭാഗങ്ങളെ നാം യോജനകളായി മാറ്റുക

യാണെങ്കിൽ മുവ്വായിരത്തി ഇരുനൂറ് കിട്ടുന്നതാണ്. ഇതു നാം മുമ്പ് ആർകണ്ഡനിൽനിന്ന് ഉദ്ധരിച്ചതിൽനിന്നു നൂറ് യോജന കുറവാണ്. പക്ഷേ, ഇതിന്റെ ഇരട്ടിയായ ആറായിരത്തി നാനൂറ് ഇബ്നു താരീഖ് ഉദ്ധരിച്ചതിനോട് ഏതാണ്ട് യോജിക്കുന്നുണ്ട്. ഇരുന്നൂറ് യോജനയുടെ കുറവു മാത്രമേ ഉണ്ടാവുകയുള്ളൂ.

ഇനി നമുക്ക് ലക്ഷ്യസഹിതം കിട്ടിയ വിവരങ്ങളനുസരിച്ചു ചില നാടുകൾക്കു മദ്ധ്യരേഖയുമായുള്ള അകലം വിവരിക്കാം. ഇന്ത്യക്കാരുടെ പഞ്ചാംഗങ്ങളിൽ അഭിപ്രായ വ്യത്യാസമില്ലാത്ത കാര്യങ്ങളാണു താഴെ വിവരിക്കുന്നത്.

ലങ്കയുടെയും മേരു പർവ്വതത്തിന്റെയും ഇടയിലുള്ള പ്രദേശങ്ങളെ കിഴക്കുപടിഞ്ഞാറായി സമത്തിൽ ഭാഗിച്ച് ഉജ്ജൈനി പട്ടണം, റോഹ്തക് കൊട്ടാരം, യമുനാ നദി, താനേശ്വർ മരുഭൂമി, ശൈത്യ പർവ്വതങ്ങൾ എന്നിവ കടന്നുപോകുന്നു. ഈ രേഖയിൽനിന്നാണു നാടുകളുടെ കിഴക്കുപടിഞ്ഞാറ് ദൂരം കണക്കാക്കുന്നത്. 'കുസുമപൂർ'കാരനായ ആര്യഭട്ടൻ പറഞ്ഞതൊഴിച്ചാൽ ഇന്ത്യക്കാരുടെ പുസ്തകങ്ങളിൽ അഭിപ്രായ വ്യത്യാസമില്ലാത്ത ഒന്നാണിത്. എന്നാൽ, അദ്ദേഹം പറയുന്നത് ഇങ്ങനെയാണ്: താനേശ്വർ മരുഭൂമി ലങ്കയിൽനിന്നു മേരു പർവ്വതത്തിലേക്ക് ഉജ്ജൈയിൻ പട്ടണത്തിലൂടെ പോകുന്നതായി വിചാരിക്കുന്ന രേഖയിലാണു സ്ഥിതിചെയ്യുന്നത് എന്നു പുൽസിൽനിന്ന് ഉദ്ധരിച്ചു ചിലർ പറയാറുണ്ട്. എന്നാൽ, പുൽസ് ഈ തെറ്റായ അഭിപ്രായം പറയുമെന്നു തോന്നുന്നില്ല. കാരണം, ഗ്രഹണ സമയങ്ങൾ ഈ വസ്തുതയെ നിഷേധിക്കുന്നുണ്ട്.

പൃത്സ്വാമി പറയുന്നത്: "ഈ സ്ഥലത്തിന് ആ രേഖയുമായി നൂറ്റി ഇരുപത് യോജന ദൂരമുണ്ടെന്നാണ്. എന്നാൽ, യഅ്ഖൂബ് ഇബ്നു താരീഖ് അദ്ദേഹത്തിന്റെ 'തർകീബുൽ അഫ്ലാഖ്' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: ഉജ്ജൈനി പട്ടണത്തിന്റെ അകലം 4 (3/5) ആണ്. ഇതു തെക്കോ വടക്കോ എന്ന് അദ്ദേഹം പറയുന്നില്ല. പിന്നീട് അതേ ഗ്രന്ഥത്തിൽ തന്നെ അദ്ദേഹം അത് 4 (2/5) ആണെന്ന് ആർകണ്ഡിൽനിന്ന് ഉദ്ധരിക്കുന്നു. എന്നാൽ, ആർകണ്ഡിൽ നാം കണ്ടത് ഉജ്ജൈജയിനിന്റെയും മൻസൂറയുടെയും ദൂരം ഏകദേശം ഒരുപോലെയാണെന്നാണ്. അവ രണ്ടിനും അദ്ദേഹം ഉപയോഗിച്ച പേരു ബ്രാഹ്മണാബാദ് എന്നാണ്. ഉജ്ജൈനിയുടെ അകലം ഇരുപത്തി രണ്ട് ഡിഗ്രിയും ഇരുപത്തി ഒമ്പത് നാഴികയുമാണ്. 'ലോഹാർനി' എന്ന പ്രദേശത്തിന്റെ ഉച്ചനിഴലിനെ കുറിച്ച് അദ്ദേഹം പറയുന്നത് 5 (3/5) അംഗുലമാണെന്നാണ്. പഞ്ചാംഗങ്ങളുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായമനുസരിച്ച് ഉജ്ജൈനി പട്ടത്തിന്റെ അകലം ഇരുപത്തിനാല് ഡിഗ്രിയാണെന്നും സൂര്യൻ ഉത്തരധ്രുവത്തിൽ വരുമ്പോൾ ആ നാട്ടിനു നേരെ

മുകളിലായി സഞ്ചരിക്കുന്നുവെന്നുമാണ്. വ്യാഖ്യാതാവായ ബലഭദ്രൻ കനൂജിന്റെ അകലം ഇരുപത്തിആറ് ഡിഗ്രി- മുപ്പത്തി അഞ്ച് നാഴികയും താനേശ്വർ പ്രദേശത്തിന്റെ അകലം മുപ്പത് ഡിഗ്രി-പന്ത്രണ്ട് നാഴികയും ആണെന്നു പറയുന്നു. 'അബൂഅഹ്മദ് ബ്നു ജൈലക്തകീൻ' എന്ന പണ്ഡിതൻ 'കർലീ' പട്ടണത്തിന്റെ അകലം മുപ്പത്തി എട്ട് ഡിഗ്രിയാണെന്നു കണക്കാക്കിയിരിക്കുന്നു. ആ രണ്ടു നാടുകൾ തമ്മിൽ മൂന്ന് കാതം ദൂരമുണ്ട്. ഈ വ്യത്യാസത്തിന്റെ കാരണമെന്താണെന്ന് എനിക്കു മനസ്സിലാവുന്നില്ല. 'കർണ്ണസാരം' എന്ന പഞ്ചാംഗത്തിൽ കാശ്മീരിന്റെ അകലം ഇരുപത്തിമൂന്ന് ഡിഗ്രി ഒമ്പത് നാഴികയെന്നും പറഞ്ഞുകാണുന്നു. ലാഹൂർ കോട്ടയുടെ അകലം മുപ്പത്തിനാല് ഡിഗ്രി - പത്ത് നാഴികയാണെന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അവിടെനിന്നു കാശ്മീരിന്റെ തലസ്ഥാനത്തേക്ക് അമ്പത്തി ആറ് നാഴികയുണ്ട്. ആ പ്രദേശത്തിന്റ അർദ്ധ ഭാഗം താഴ്വരയും മറ്റേ ഭാഗം മലമ്പ്രദേശവുമാണ്. എനിക്കു ദൂരദർശിനി മുഖേന മനസ്സിലാക്കാൻ കഴിഞ്ഞതനുസരിച്ചു ഗസ്നാ പട്ടണത്തിന്റെ അകലം മുപ്പത്തിമൂന്ന് ഡിഗ്രി-മുപ്പത്തി അഞ്ചും, കാബൂളിന്റെ അകലം മുപ്പത്തിമൂന്ന് ഡിഗ്രി-നാൽപത്തിഏഴും, കിൻദിയുടേതു മുപ്പത്തിമൂന്ന് -ഡിഗ്രി അമ്പത്തി അഞ്ചും ദമ്പൂറിന്റേതു മുപ്പത്തിനാല് ഡിഗ്രി-ഇരുപതും, ലമഗാനിന്റേതു മുപ്പത്തിനാല് ഡിഗ്രി-നാൽപത്തി മൂന്നും, പെഷാവറിന്റെതു മുപ്പത്തിനാല് ഡിഗ്രി-നാൽപത്തിനാലും, പേവിന്തിന്റേതു മുപ്പത്തിനാല് ഡിഗ്രി-മുപ്പതും, ജലത്തിന്റെതു മുപ്പത്തിമൂന്ന് ഡിഗ്രി- ഇരുപതും നന്ദനാകോട്ടയുടേതു മുപ്പത്തിരണ്ടും ആണ്. ഇതിനും മുൽത്താൻ പട്ടണത്തിനും തമ്മിൽ ഏതാണ്ട് ഇരുനൂറ് മൈൽ ദൂരമുണ്ട്. സിയാൽകോട്ടിന്റേതു മുപ്പത്തിരണ്ട് ഡിഗ്രി-അമ്പത്തിഎട്ടും മന്തക്ക്കൂറിന്റെതു മുപ്പത്തിഒന്ന്-ഡിഗ്രി അമ്പതും, മുൽത്താനിന്റേതു മുപ്പത്തി ഒമ്പത് ഡിഗ്രി-നാൽപതും ആകുന്നു. നാടുകളുടെ മദ്ധ്യരേഖയിൽനിന്നുള്ള അകലവും അവ തമ്മിലുള്ള ദൂരവും മനസ്സിലായാൽ മേൽ പ്രസ്താവിച്ച വഴി അനുസരിച്ച് അവയ്ക്കിടയിലുള്ള കിഴക്കു പടിഞ്ഞാറ് ദൂരം മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇന്ത്യയിൽനിന്നു മേൽ പ്രസ്താവിച്ച സ്ഥലങ്ങളുടെ അകലങ്ങൾ മാത്രമേ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. അവരുടെ ഗ്രന്ഥങ്ങളിൽനിന്നു മറ്റൊന്നും ലഭിച്ചിട്ടില്ല.

അധ്യായം 32

പൊതുവിൽ ലോകത്തിന്റെ തുടർച്ചയും കാലവും അതിന്റെ ഉൽപത്തിയും അവസാനവും

'മുഹമ്മദ് ബിൻ സകരിയ അൽ അൽറാസി' ഗ്രീക്കുകാരിൽനിന്ന് ഉദ്ധരിച്ച് അഞ്ച് വസ്തുക്കൾക്ക് ആദിയില്ലെന്നു പ്രസ്താവിക്കുന്നു.

1. ഈശ്വരൻ
2. ആത്മാവ്
3. അരൂപ പദാർത്ഥം
4. കാലം
5. സ്ഥലം (മറ്റൊന്നുമായി ബന്ധപ്പെടാത്ത നിലയിൽ സ്വതന്ത്രമായത്).

അദ്ദേഹം തന്റെ അഭിപ്രായത്തെ ഈ അടിസ്ഥാനത്തിലാണു പ്രകടിപ്പിച്ചത്: കാലവും സമയവും തമ്മിൽ അദ്ദേഹം വ്യത്യാസപ്പെടുത്തുന്നു. കാലം എണ്ണിക്കണക്കാക്കാൻ കഴിയാത്തതും സമയം അപ്രകാരം കഴിയുന്നതുമാണത്രെ. ഇതുപോലെത്തന്നെയാണ് മറ്റു പല തത്വചിന്തകന്മാരും സമയം എന്നത് ആദിയും അന്ത്യവും ഉള്ളതും കാലം ആദ്യവും അന്ത്യവും ഇല്ലാത്തതുമാണെന്നു പറഞ്ഞത്.

അദ്ദേഹം തുടരുന്നു: "ഈ അഞ്ചു വസ്തുക്കളും ലോകത്ത് അനിവാര്യമായി നിലകൊള്ളുന്നു. ഇവയിൽ അരൂപ പദാർത്ഥങ്ങൾ കൂടിച്ചേർന്നാണു രൂപമുള്ള ധാതുക്കൾ ഉണ്ടാവുന്നത്. ഇവയ്ക്കു നിലകൊള്ളാൻ സ്ഥലം വേണ്ടിവരുന്നു. എന്നാൽ, അവയ്ക്ക് സ്ഥിതി മാറ്റങ്ങൾ സംഭവിക്കുന്നതു കാലത്തിന്റെ പ്രവർത്തനംകൊണ്ടാണ്. തദ്വാരാ ചിലത് മറ്റു ചിലതിനു മുമ്പും വേറെ ചിലത് അവയുടെ പിമ്പും ചില സാധനങ്ങൾ ഒരേ സമയത്തും ഉണ്ടാവുന്നു. ആദി, അനാദി, പുതിയത്, പഴയത് എന്നീ ഗുണങ്ങളെല്ലാം കാലംകൊണ്ടാണു നിർണ്ണയിക്കുന്നത്. ലോകത്തു ജീവികളുള്ളതിനാൽ ആത്മാവു വേണ്ടിവരുന്നു. അവയിൽ ബുദ്ധിജീവികളും ഉണ്ട്. സുശക്തമായ ഒരു വ്യവസ്ഥ അനുസരിച്ചാണു

ലോകം നടന്നുവരുന്നത്. സ്രഷ്ടാവും നിയന്താവുമായ ഒരു സർവ്വാധിനാഥന്റെയും അപരിത്യാജിതയാണ് ഇതു തെളിയിക്കുന്നത്. ആത്മാവും ബുദ്ധിയുമെല്ലാം അവനിൽനിന്ന് ഈ ലോകത്തിലേക്കു ബഹിർഗമിക്കുകയാണ്. ചിന്തകന്മാരിൽ ചിലർ കാലം നിർണ്ണായകമാണെന്നും മറ്റു ചിലർ കാലവും ലോകത്തിന്റെ ചലനവും നിർണ്ണായകമാണെന്നും മൂന്നാമതൊരു കൂട്ടർ ലോകത്തിന്റെ ഭ്രമണം ശാശ്വതമാണെന്നും അതിനാൽ ചലിക്കുന്ന വസ്തുക്കൾ ശാശ്വതമാകേണ്ടിയിരിക്കുന്നുവെന്നും അതുവഴി അവ പുണ്യം നേടുന്നുവെന്നും പറയുന്നു. ഇവയുടെ എല്ലാം ചലനഹേതു സ്വയം ചലിക്കാത്തവനും മറ്റുള്ളവയെ എല്ലാം ചലിപ്പിക്കുന്നവനുമായ ഈശ്വരനാണ്. ഇതു വളരെ അഗാധവും വിഷമകരവുമായ ഒരു വിഷയമാകുന്നു. അതുകൊണ്ടാണ് പ്രസ്തുത വിഷയത്തിൽ ചിന്തകന്മാരെ അഭിപ്രായ വ്യത്യാസമുള്ളവരായി കാണുന്നത്. ചിലർ കാലത്തിന്റെ അസ്തിത്വത്തെ തന്നെ നിഷേധിക്കുമ്പോൾ മറ്റുചിലർ അത് സ്വയം നിലനിൽപുള്ള മൂല പദാർത്ഥമാണെന്നു വാദിക്കുന്നു. അരിസ്റ്റോട്ടിൽ തന്റെ 'അസ്സമാഉത്തബ്ജ' എന്ന ഗ്രന്ഥത്തിൽ ഏതൊരു ചലിക്കുന്ന വസ്തുവിനും ചലിപ്പിക്കുന്ന മറ്റൊരു ശക്തി ആവശ്യമായി വരുമെന്ന തത്വത്തിനു തെളിവുകൾ കൊടുത്തിട്ടുണ്ട് എന്ന് ആഫ്രോ-ഏഷ്യക്കാരനായ അലക്സാണ്ടർ പ്രസ്താവിക്കുന്നു. ഇതിനെ കുറിച്ചു ഗാലൻസ് പറയുന്നത് അങ്ങനെ അരിസ്റ്റോട്ടിൽ തെളിവു കൊടുത്തിട്ടില്ലെന്നു മത്രമല്ല, ശരിയായ ഒരു വിവരണം പോലും നല്കിയിട്ടില്ലെന്നുമാണ്.

എന്നാൽ, ഇന്ത്യക്കാർക്ക് ഈ വിഷയത്തിൽ ഖണ്ഡിതമായ ഒരു അഭിപ്രായം കാണുന്നില്ല. വരാഹമിഹിരൻ തന്റെ സംഹിതയുടെ ആരംഭത്തിൽ 'അനാദി' എന്ന വിഷയം പ്രതിപാദിക്കുന്നിടത്ത് ഇങ്ങനെ പറയുന്നു: "പൂർവ്വിക ഗ്രന്ഥങ്ങളനുസരിച്ച് ഏറ്റവും പുരാതനമായ വസ്തു ഇരുട്ടാണ്. (കറുത്തത് എന്ന അർത്ഥത്തിലുള്ള ഇരുട്ടല്ല) അതായത് നിദ്രാരാഹിത്യം എന്നതുപോലുള്ള ഒരു അവസ്ഥ എന്നു വിവക്ഷ. പിന്നീട് ഈശ്വരൻ ബ്രഹ്മന്റെ ഭവനമായ ഈ ലോകത്തെ സൃഷ്ടിച്ചു. അതിനെ ഉപരിഭാഗം, അധോഭാഗം എന്നിങ്ങനെ രണ്ടു ഭാഗമാക്കുകയും അതിൽ സൂര്യനെയും ചന്ദ്രനെയും സഞ്ചരിപ്പിക്കുകയും ചെയ്തു". കപിലൻ ഇങ്ങനെ പറയുന്നു: "ഈശ്വരനും ലോകവും മുമ്പേ ഉള്ളതാണ്. പക്ഷേ, ഈശ്വരൻ ലോകത്തിന്റെ കാരണഭൂതനാണെന്നു മാത്രം." കുംഭക് പറയുകയാണ്: "ലോകം എന്നതു മഹാഭൂതങ്ങളാണ് (പഞ്ചാഭൂതങ്ങൾ) ചിലർ അനാദിത്വം കാലത്തിനും മറ്റുചിലർ പ്രകൃതിക്കും സങ്കൽപിക്കുന്നു." ഒരു സഘം പണ്ഡിതന്മാർ ലോകത്തെ നിയന്ത്രിക്കുന്നതു കർമ്മമാണെന്നു വാദിച്ചിട്ടുണ്ട്.

'വിഷ്ണുധർമ്മ'ത്തിൽ ഇപ്രകാരം പറയുന്നു: വജ്രൻ മർക്കണ്ഡേയനോടു കാലം എന്താണെന്നു നിർവചിക്കാനാവശ്യപ്പെട്ടപ്പോൾ

അദ്ദേഹം ഇങ്ങനെ ഉത്തരം പറഞ്ഞു: "കാലം എന്നത് 'ആദിമ പുരുഷ്' ആണ്. പിന്നീട് അദ്ദേഹം കാലത്തിന്റെ ശാഖകളെ കുറിച്ചും അവയുടെ നിയന്താക്കളെ കുറിച്ചും വിവരിക്കുകയുണ്ടായി. അവയെല്ലാം പല അധ്യായങ്ങളിലായി നം വിവരിക്കുന്നതാണ്. ഇന്ത്യക്കാർ കാലത്തെ രണ്ടായി ഭാഗിക്കുന്നുണ്ട്. ഒന്ന്, ലോകചലനത്താൽ അനുഭവപ്പെടുന്നതും മറ്റേതു ചലനത്തിന്റെ അടിസ്ഥാനത്തിൽ ഊഹിക്കപ്പെടുന്നതുമാണ്. ഈശ്വരന്റെ കാലം ഈ രണ്ടാമത്തേതിൽ പെട്ടതാണ്. കാരണം, ഈശ്വരൻ അനാദിയയതുകൊണ്ട് അവന്റെ കാലത്തിനു പരിധി നിർണ്ണയിക്കാൻ കഴിയില്ല. നമ്മുടെ അറിവനുസരിച്ച് ഈ വിഷയത്തിൽ അവർക്കുള്ള അഭിപ്രായങ്ങൾ പിന്നീടു വിവരിക്കുന്നതാണ്.

ലോകോല്പത്തിയെപ്പറ്റി അവർക്കുള്ള അഭിപ്രായവും ഖണ്ഡിതമല്ല. ഈ ലോകത്തിന്റെ മൂലപദാർത്ഥം അനാദിയാണെന്ന് അവരുടെ അഭിപ്രായം മുമ്പ് നാം വിവരിച്ചുവല്ലോ. അപ്പോൾ ഈ ലോകം സൃഷ്ടിക്കപ്പെട്ടു എന്നതുകൊണ്ട് തീരേ ഉണ്ടായിരുന്നില്ല, പിന്നീട് ഉണ്ടായതാണ് എന്നല്ല അവരുടെ ഉദ്ദേശ്യം. പക്ഷേ, ലോകത്തുള്ള വിവിധ രൂപങ്ങളായ വസ്തുക്കളും മണ്ണിൽ നിന്നുണ്ടായതാണെന്നാണ് അവരുടെ ആശയം. അതുകൊണ്ടാണത്രെ സൃഷ്ടികർത്താക്കൾ പിശാചുക്കളും ദേവന്മാരും എന്നല്ല, മനുഷ്യൻ തന്നെയും ആണെന്ന് അവർ വിശ്വസിക്കുന്നത്. സൃഷ്ടിക്കുന്നതിനുള്ള ഉദ്ദേശ്യം അനുഗ്രഹിക്കാനുള്ള തങ്ങളുടെ കടമ നിർവ്വഹിക്കുകയോ മറ്റുള്ളവരോടുള്ള അസൂയക്ക് ശമനം വരുത്തുകയോ ആകും. ഋഷികളിലൊരാളായ വിശ്വാമിത്രനാണു മനുഷ്യരുടെ സൗകര്യത്തിനുവേണ്ടി എരുമകളെ സൃഷ്ടിച്ചതെന്ന് അവർ പറയുന്നു. ഇതു പ്ലാറ്റോ തൈമാവൂസിനെ കുറിച്ചു പറഞ്ഞതുപോലെയാണ്. അതായത്, മനുഷ്യരെ സൃഷ്ടിക്കാനുള്ള കർത്തവ്യം ഏറ്റെടുത്തിരുന്ന ദേവന്മാരോട് അതു നിർവ്വഹിക്കാനായി അവരുടെ പിതാവ് കല്പിച്ചപ്പോൾ വെള്ളവുമായി യാതൊരു ബന്ധവുമില്ലാത്ത ആത്മാവിനെ അവർ സഷ്ടിക്കുകയും അതിനെ ശരിപ്പെടുത്തിയ ശേഷം വെള്ളവുമായി ബന്ധമുള്ള ശരീരത്തെ അതിനു നല്കുകയും ചെയ്തു. ഈ കാലഘട്ടത്തിനു നമ്മുടെ ആളുകൾ ഇന്ത്യക്കാരുടെ അഭിപ്രായമനുസരിച്ചു ലോകസംവത്സരങ്ങൾ എന്നു പറയുന്നു. അപ്പോൾ ഈ സംവത്സരങ്ങളുടെ ഒരറ്റത്തു നിർമ്മാണവും മറ്റേ അറ്റത്തു നാശവുമുണ്ടെന്ന് ഊഹിക്കാമല്ലോ. പക്ഷേ, ഇന്ത്യക്കാരുടെ ആശയം അതല്ല. ബ്രഹ്മന്റെ പകലും തുടർന്നുവരുന്ന രാവുമാണ് ഇവർ ഇതുകൊണ്ട് നിർദ്ദേശിക്കുന്നത്. കാരണം, ബ്രഹ്മാവാണ് നിർമ്മാണപരമായ കാര്യങ്ങളുടെ അധികാരി. നിർമ്മാണമെന്നതു നിർമ്മിക്കപ്പെടുന്ന സാധനത്തിൽ മറ്റൊരു ശക്തിയിൽ നിന്നുണ്ടാകുന്ന ചലനമാണ്. ഈ ചനലത്തിന്റെ ബാഹ്യമായ കാരണങ്ങൾ നക്ഷത്രങ്ങളാകുന്നു. അവയ്ക്കു കീഴ്ഭാഗത്തുള്ള

സാധനങ്ങളിൽ അവ ചലിച്ചെങ്കിലല്ലാതെ യാതൊന്നും പ്രവർത്തിക്കുക സാദ്ധ്യമല്ല. ഇതു ബ്രഹ്മന്റെ പകലിൽ മാത്രമേ സംഭവിക്കുകയുള്ളൂ. അവരുടെ അഭിപ്രായപ്രകാരം നക്ഷത്രങ്ങളും അവ സ്ഥിതിചെയ്യുന്ന ആകാശങ്ങളും വ്യവസ്ഥാപിതമായ നിലയിൽ ബ്രഹ്മന്റെ പകലിലാണു ചലിക്കുന്നത്. ബ്രഹ്മന്റെ രാത്രിയിൽ നക്ഷത്രങ്ങളും ആകാശങ്ങളും എല്ലാം തന്നെ നിശ്ചലമായിരിക്കും. തന്നിമിത്തം ഭൂമിയുടെ സ്ഥിതിഗതികളെല്ലാം ഒരേ നിലയിലാവേണ്ടിവരും. അപ്പോൾ ബ്രഹ്മന്റെ രാത്രിയിൽ പ്രവർത്തനങ്ങളും ചലനങ്ങളും എല്ലാം നിലക്കുകയും പഞ്ചഭൂതങ്ങൾ വിശ്രമിക്കുകയും ചെയ്യുന്നതിനാൽ സാധനങ്ങളുടെ ചലനവും വളർച്ചയും നിന്നുപോകുന്നു. അങ്ങനെ പുതുതായി വരുന്ന പകലിൽ പുതിയ ഒരു ലോകം ഉടലെടുക്കാൻ തയ്യാറാവുകയും ചെയ്യും. ബ്രഹ്മന്റെ ആയുഷ്കാലം മുഴുവൻ ഇപ്രകാരം കാര്യങ്ങൾ നടക്കുമത്രെ. ഇതിനെ കുറിച്ചു പിന്നീടു പ്രതിപാദിക്കുന്നതാണ്. അപ്പോൾ ഉത്ഭവവും നാശവും ലോകത്തുണ്ടാകുന്നത് ഇല്ലാത്ത ഒരു സാധനത്തിൽ നിന്നല്ല. നേരെ മറിച്ച് ഉള്ള സാധനങ്ങളിൽ സംഭവിക്കുന്ന ചില പരിവർത്തനങ്ങളിൽ നിന്നാണ്. സാധാരണക്കാരോട് ഈ രണ്ടു കാലത്തെ കുറിച്ചും അതു ബ്രഹ്മാവിന്റെ ഉറക്കവും ഉണർച്ചയും കൊണ്ടുണ്ടാവുന്നു എന്നാണ് അവർ പറഞ്ഞുകൊടുക്കാറുള്ളത്. ഇത് ലോകത്തിന് ആദ്യവും അന്ത്യവുമുണ്ടെന്നു സൂചിപ്പിക്കുന്ന ഒരു പ്രയോഗമായതുകൊണ്ട് ആരും ഇതു നിഷേധിക്കാറില്ല. ബ്രഹ്മാവിന്റെ ആയുഷ്കാലം ചലനവും നിശ്ചലവുമായി നിലകൊള്ളുകയാണ്. ബ്രഹ്മാവ് മരിച്ചാൽ ലോകത്തുള്ള സാധനങ്ങളുടെ സ്ഥിതിഗതികൾ മാറുകയും ലോക പ്രകൃതിയുടെ പ്രവർത്തനശക്തി ക്ഷയിക്കുകയും ചെയ്യുന്നു. ഇതിനു 'പുരുഷ് വിശ്രമം' എന്നാണ് അവർ പറയുന്നത്. സാധാരണക്കാർ പുരുഷ രാത്രിയോടു ബ്രഹ്മാവിന്റെ രാത്രിയും കൂട്ടിച്ചേർക്കുന്നു. കാരണം, പുരുഷൻ എന്നത് ഉറക്കവും ഉണർവ്വും ഉള്ള ഒരാളെന്ന് അവർ സങ്കല്പിക്കുന്നതിനാൽ ലോകം നശിക്കുമ്പോൾ ഉറങ്ങിക്കിടക്കുന്ന ഈ പുരഷൻ കൂർക്കം വലിക്കുന്നതാണ്. ഈ കൂർക്കം വലിയാണു ലോകത്തിന്റെ ബന്ധം വേർപ്പെടുത്തുന്നതും അതിന്റെ ജീവനാഡി അറുത്തുകളയുന്നതും; ആളുകളെല്ലാം മുങ്ങിപ്പോകാൻ മാത്രം വിയർപ്പുണ്ടാക്കുന്നതും. ബുദ്ധിക്കും യുക്തിക്കും യോജിക്കാത്ത ഇത്തരം ധാരാളം അഭിപ്രായങ്ങൾ അവർക്കിടയിലുണ്ട്. പക്ഷേ, അവരുടെ കൂട്ടത്തിൽ കാര്യവിവരമുള്ളവരും പണ്ഡിതന്മാരും ഇത്തരം പാമരാഭിപ്രായങ്ങളോടു യോജിക്കുന്നില്ല. കാരണം, ഉറക്കത്തിന്റെ യാഥാർത്ഥ്യവും ശരീരം വിധേയേന്ദ്രിയങ്ങളോടു കൂടിയതാണെന്നും അതിനു വിശ്രമം ആവശ്യമാണെന്നും അതിന്റെ നിലനിൽപിനു ഭക്ഷണ പാനീയങ്ങൾ കൂടിയേ കഴിയൂ എന്നും മനുഷ്യനു സന്താനപരമ്പര നിലനിർത്താൻ കാമവി

കാരാദികൾ ആവശ്യമാണെന്നും ഇവർക്കു നന്നായറിയാം. പരമാണുക്കൾക്കും അവയുടെ മേലെയായി നിലകൊള്ളുന്ന നിസ്തുല്യനായ ഈശ്വരനും മേൽ പറഞ്ഞ ഗുണങ്ങളുമായി യാതൊരു ബന്ധവുമുണ്ടാവാൻ പാടില്ലെന്നും അവർക്കു ബോധ്യമുണ്ട്.

ലോകത്തിന്റെ നാശത്തെ കുറിച്ച് അവർ ഇങ്ങനെ പറയുന്നു: പന്ത്രണ്ട് മാസങ്ങളിലായി ചലിച്ചുകൊണ്ടിരിക്കുന്ന പന്ത്രണ്ട് സൂര്യന്മാർ സമ്മേളിക്കുകയും അവയുടെ ചൂടിന്റെ കാഠിന്യത്താൽ ഭൂമി കത്തിനശിക്കുകയും ചെയ്യുന്നു. പിന്നീടു നാല് തരത്തിലുള്ള മഴ ഒന്നിച്ചു പെയ്യുകയും ഭൂമി ധാരാളം വെള്ളം കുടിക്കുകയും ചെയ്യും. അനന്തരം ഭൂമിയുടെ പ്രകാശം മാഞ്ഞ് ഇരുട്ടും നാശവും എങ്ങും വ്യാപിക്കും.

മച്ചു(മത്സ്യ) പുരാണത്തിൽ ഇങ്ങനെ പറയുന്നു: "ലോകത്തെ ദഹിപ്പിക്കാനുള്ള തീ വെള്ളത്തിൽനിന്ന് ഉത്ഭവിച്ചു കുശദ്വീപിലെ 'മഹശി' പർവ്വതത്തിൽ ലോകനാശം വരേയ്ക്കും ഒളിഞ്ഞിരിക്കുകയാണ്. ആ തീ പ്രസ്തുത പർവ്വതത്തിന്റെ പേരിലാണ് അറിയപ്പെടുന്നത്". വിഷ്ണു പുരാണത്തിലുള്ളത് ഇപ്രകാരമാണ്: "മഹർലോഗ് ധ്രുവത്തിന്റെ മുകളിൽ സ്ഥിതി ചെയ്യുന്നു. അവിടത്തെ താമസ കാലത്തിനു 'കല്പ' എന്നു പറയുന്നു. കാരണം, മൂന്ന് ലോകങ്ങളും കത്തിനശിച്ചാൽ അവർ ഉയരുകയും ജനലോഗിലേക്കു നീങ്ങുകയും ചെയ്യുന്നു. അവിടെയാണു ബ്രഹ്മന്റെ ആദി സന്താനങ്ങൾ താമസിക്കുന്നത്. അവർ ശങ്കു, സനാനന്ദൻ, സനാനന്ദനാഥൻ, അസുരൻ, കപില, ബോധി, പഞ്ചശിഖൻ എന്നിവരാണ്. ഇതിൽനിന്നു മനസ്സിലാക്കുന്നത് ഈ നാശം കല്പയുടെ അവസാനത്തിലാണ് എന്നാണ്.

വെള്ളപ്പൊക്കത്തെ കുറിച്ച് അബൂമഹ്ശറിന്റെ അഭിപ്രായം: നക്ഷത്രങ്ങൾ സമ്മേളിക്കുമ്പോഴാണ് അതു സംഭവിക്കുക എന്നാണ്. ഓരോ ചിത്രയുഗത്തിന്റെ അവസാനത്തിലും കല്പയുഗത്തിന്റെ ആദ്യവുമാണ് അതു സംഭവിക്കുക. അപ്പോൾ ഈ വെള്ളപ്പൊക്കം പരിപൂർണ്ണ നാശത്തിനു ഹേതുവാകണമെന്നില്ല. ഈ വിഷയങ്ങളിൽ ചിന്തിക്കുന്തോറും ആശയങ്ങൾ കൂടുതൽ വ്യക്തമാവുകയും പേരും പദപ്രയോഗങ്ങളും മനസ്സിലാവുകയും ചെയ്യുന്നതാണ്. ഇത്തരത്തിലുള്ള അനവധി ഐതിഹ്യങ്ങൾ ബുദ്ധമതക്കാരിൽനിന്ന് ഇറാൻ ശഹ്രി ഉദ്ധരിച്ചിട്ടുണ്ട്. അതിലൊന്നാണ് മേരു പർവ്വതത്തിന്റെ പല ഭാഗങ്ങളിലായി നാല് ലോകങ്ങൾ സ്ഥിതി ചെയ്യുന്നുവെന്നും ജനവാസവും നാശവും അവിടെ ഒന്നായി സംഭവിക്കുന്നുവെന്നുമുള്ളത്. ഒരു സൂര്യന്റെ പിന്നാലെ മറ്റൊരു സൂര്യൻ ഉദിക്കുമ്പോൾ അതിൽനിന്ന് ഉത്ഭവിക്കുന്ന തീ ആ പ്രദേശത്തെ കരിക്കുകയും നദികളിലെ വെള്ളം വറ്റിക്കുകയും അങ്ങനെ ജീവികളെല്ലാം നശിച്ചുപോവുകയും ചെയ്യുന്നതു കൊണ്ടാണ് അവിടെ നാശം സംഭവിക്കുന്നത്. അതു കഴിഞ്ഞശേഷം കഠിനമായ കാറ്റു വീശുകയും

തണുത്ത മേഘങ്ങൾ വന്നു മഴ വർഷിക്കുകയും ചെയ്യുന്നു. അപ്പോൾ ആ പ്രദേശങ്ങളെല്ലാം സമുദ്രമായിത്തീർന്നു വെള്ളത്തിന്റെ ഊറിക്കൂടിയ നുരയിൽനിന്ന് ഒരു തരം ചിപ്പികൾ ഉണ്ടാകുന്നു. പിന്നീട് ഈ ചിപ്പികളിൽ ജീവൻ ഉത്ഭവിക്കുകയും വെള്ളം വറ്റുമ്പോഴേക്ക് അവയിൽനിന്നു മനുഷ്യർ ഉണ്ടാവുകയും ചെയ്യുന്നു.

മറ്റു ചിലരുടെ അഭിപ്രായത്തിൽ നാശത്തിനു ശേഷം ആ ലോകത്തേക്കു മറ്റൊരു ലോകത്തുനിന്ന് ഒരു മനുഷ്യൻ വരികയും അവിടെ ഏകാന്ത ജിവിതം നയിക്കുകയും ചെയ്യും. ആ ദുരവസ്ഥയിൽ ദുഃഖിതനായ അദ്ദേഹത്തിന്റെ ചിന്തയിൽനിന്ന് ഒരു ഭാര്യ ജനിച്ച് അവരിൽനിന്നു മനുഷ്യസന്താനങ്ങൾ ഉണ്ടാകുന്നു.

അധ്യായം 33

വിവിധ ദിവസങ്ങൾ – രാപ്പകലുകൾ

സാധാരണയായി നാമും ഇന്ത്യക്കാരും മറ്റു സമുദായക്കാരും 'ദിവസ'മെന്നു പറയുന്നതു സൂര്യന്റെ ഒരു പൂർണ്ണ ചുറ്റലിന് ആവശ്യമായ സമയത്തിനാണ്. ദിവസം എന്നതു കാഴ്ചയിൽ രാവും പകലും ചേർന്നതാണല്ലോ? കാഴ്ചയിൽ പെടുന്ന നിലയിൽ സൂര്യൻ സഞ്ചരിക്കുമ്പോൾ 'പകൽ' എന്നും കാഴ്ചയിൽ പെടാത്ത നിലയിൽ സൂര്യൻ സഞ്ചരിക്കുമ്പോൾ 'രാവ്' എന്നും പറയുന്നു. ഉദയവും അസ്തമയവും ഒരോ പ്രദേശത്തുകാർക്കും ഓരോ സമയത്തായതിനാൽ അത് ആപേക്ഷികമാണ്. മദ്ധ്യരേഖക്കാരുടെ ചക്രവാളത്തിന് ഇന്ത്യക്കാർ അകലമില്ലാത്ത പ്രദേശമെന്നു പറയുന്നു. മദ്ധ്യരേഖയുടെ സമാന്തര രേഖകളെ ഈ ചക്രവാളം സമഭാഗങ്ങളായി ഭാഗിക്കുന്നു. അതുകൊണ്ട് മദ്ധ്യരേഖാ പ്രദേശക്കാർക്കു രാവും പകലും എന്നും സമമാകാനേ നിവൃത്തിയുള്ളൂ. മദ്ധ്യരേഖയിൽനിന്നു വടക്കോ തെക്കോ അകലമുള്ള നാടുകളുടെ ചക്രവാളങ്ങൾ പ്രസ്തുത സമാന്തര രേഖകളെ ചെറുതും വലുതുമായ രണ്ടു വിഭാഗങ്ങളാക്കുന്നു. അതിനാൽ, ആ പ്രദേശങ്ങളിൽ സൂര്യൻ മദ്ധ്യരേഖയിൽ വരാത്ത സന്ദർഭങ്ങളിൽ രാവും പകലും വ്യത്യാസപ്പെടും. പക്ഷേ, മേരു പർവ്വതവും വരാമുഖ് ദ്വീപും രണ്ട് ധ്രുവത്തിലായതിനാൽ തദ്ദേശവാസികൾക്കും രാവും പകലും സമമാകുന്നതാണ്. പകലിന്റെ ആരംഭം സൂര്യോദയം മുതൽക്കും രാത്രിയുടെ ആരംഭം സൂര്യാസ്തമയം മുതൽക്കും ആണല്ലോ.

ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ ഒരു ദിവസം തുടങ്ങുന്നതു പകലിന്റെ ആരംഭത്തോടെയാണ്. അപ്പോൾ ദിവസത്തിന്റെ രാവ് അതിന്റെ തൊട്ടുശേഷം വരുന്നതായിരിക്കും. അതിനാലാണ് ദിവസത്തിന് അവർ 'സാവന' (ഉദയദിവസം) എന്നും 'മനുഷ്യഹോരാത്ര' അതായത്, പൊതുജനങ്ങളുടെ ദിവസം എന്നും പറയുന്നത്. ഈ ദിവസത്തെ നാം മറ്റുള്ളതിന്റെ മൂലവും മാനദണ്ഡവുമായി കണക്കാക്കുന്നു. പൊതുജന ദിവ

സത്തോടടുത്ത് പൂർവ്വപിതാക്കളുടെ ദിവസമായ 'പിത്രീൻ ഹോ രാത്ര'യാണ്. ഈ പിതാക്കളുടെ ആത്മാക്കൾ ചന്ദ്രഗോളത്തിൽ സ്ഥിതി ചെയ്യുന്നുവെന്നാണ് ഇന്ത്യക്കാർ വിശ്വസിക്കുന്നത്. ഈ ദിവസത്തിന്റെ രാവും പകലും ഉണ്ടാകുന്നത് ഇരുട്ടും പ്രകാശവും കൊണ്ടാണ്. ഉദയാസ്തമയം കൊണ്ടല്ല. ചന്ദ്രന്റെ പ്രകാശം അവരുടെ മേൽഭാഗത്താണെങ്കിൽ അത് അവർക്ക് പകലും കീഴ്ഭാഗത്താണെങ്കിൽ അവർക്ക് രാത്രിയുമാണ്. അപ്പോൾ സൂര്യനും ചന്ദ്രനും കൂടിച്ചേരുമ്പോഴാണ് അവരുടെ മദ്ധ്യാഹ്നം എന്നും സൂര്യനും ചന്ദ്രനും നേരെ എതിരിൽ അഭിമുഖമായി നിൽക്കുമ്പോഴാണ് അർദ്ധരാത്രി എന്നും വ്യക്തമാകുന്നു. അപ്പോൾ അവരുടെ ഒരു ദിവസം ഒരു ചന്ദ്രമാസം മുഴുവനുമാണ്. പകലിന്റെ തുടക്കം ചന്ദ്രന്റെ പകുതിയിൽ കൂടുതലായി പ്രകാശിക്കാൻ തുടങ്ങുമ്പോഴും രാത്രിയുടെ ആരംഭം പകുതിയിൽനിന്നു കുറയാൻ തുടങ്ങുമ്പോഴുമാണ്. സൂര്യനെ കൊണ്ടുണ്ടാകുന്ന രാപ്പകലുകളോടു സാമ്യമായ നിലയിലാണ് ഇതിനെ വിവരിച്ചത്. ചന്ദ്രന്റെ പകുതി പ്രകാശിക്കുമ്പോൾ അതു സൂര്യന്റെ അർദ്ധഗോളം ഉദിക്കുന്നതുപോലെയാണല്ലോ. അപ്പോൾ പിതാക്കളുടെ പകൽ ചന്ദ്രമാസത്തിന്റെ 1/4 മുതൽ അടുത്ത മാസത്തിന്റെ 1/4 വരെയും രാത്രി ബാക്കി ഭാഗവുമാണ്. ഇതു രണ്ടും കൂടിച്ചേർന്നതാണ് അവരുടെ ഒരു ദിവസം. ഇങ്ങനെയാണു വിഷ്ണുധർമ്മത്തിൽ വിവരിച്ചത്.

പിന്നീട് അതിൽതന്നെ ഒരിടത്ത് ഇതിനെതിരായ നിലയിൽ ഇപ്രകാരം വിവരിച്ചിട്ടുണ്ട്: പിതാക്കളുടെ പകൽ ചന്ദ്രമാസത്തിന്റെ കറുത്ത പകുതിയാണ്. അത് സൂര്യനും ചന്ദ്രനും അഭിമുഖമായി നിൽക്കുന്ന അവസ്ഥ മുതൽ രണ്ടും കൂടിച്ചേരുന്ന അവസ്ഥ വരെയുള്ള കാലമത്രെ. അവരുടെ രാത്രി വെളുത്ത പകുതിയും. ആദ്യം പ്രസ്താവിച്ചതാണു വാസ്തവം. സൂര്യനും ചന്ദ്രനും സമ്മേളിക്കുന്ന ദിവസം പിതാക്കൾക്കു ദാനധർമ്മങ്ങൾ ചെയ്യുന്ന ഒരു പതിവ് ഇന്ത്യക്കാർക്കുണ്ട്. മദ്ധ്യാഹ്നം അവരുടെ ആഹാരസമയമായതിനാൽ അപ്പോൾ ധർമ്മം ചെയ്യുകയാണെങ്കിൽ അതവർക്ക് ലഭിക്കുമെന്ന് ഇന്ത്യക്കാർ വിശ്വസിക്കുന്നു.

മൂന്നാമത്തേതു ദേവന്മാരുടെ ദിവസമായ 'ദിവ്യഹോരാത്ര'യാണ്. ധ്രുവപ്രദേശത്തു ജീവിക്കുന്നവരുടെ ചക്രവാളം മദ്ധ്യരേഖയാണെന്നതിനു സംശയമില്ലല്ലോ. കാണപ്പെടുന്ന ചക്രവാളവും യഥാർത്ഥ ചക്രവാളവും തമ്മിൽ അല്പം വ്യത്യാസമുണ്ട്. രണ്ടാമത്തേത് ആദ്യത്തെതിൽനിന്നു കുറച്ചു താഴെയാവും. അതു (മദ്ധ്യരേഖ) മേരു പർതത്തിന്റെ അടിവാര നിവാസികളുടെ കാണപ്പെടുന്ന ചക്രവാളത്തെക്കാൾ അല്പം താഴെയും പർവ്വതത്തിന്റെ കൊടുമുടിയിലോ അതിന്റെയും മദ്ധ്യത്തിന്റെയും അടിവാരത്തിലോ നിൽക്കുന്നവരുടെ കാണപ്പെടുന്ന ചക്രവാളമോ അതിലും അല്പം മേലെ രാശിമണ്ഡല വൃത്തം മദ്ധ്യരേഖ

ഛേദിക്കുന്നു. അതിനാൽ, അതിന്റെ പകുതി ചക്രവാളത്തിനു താഴെയും പകുതി മീതെയുമാകും. സൂര്യൻ വടക്കെ രാശിമണ്ഡലങ്ങളിൽ സ്ഥിതിചെയ്യുമ്പോൾ അതു ചക്രവാളത്തിൽനിന്ന് അല്പാല്പമായി ഉയർന്ന് ഇരുപത്തിമൂന്നര ഡിഗ്രി വരെ മേൽപോട്ടു ചുറ്റിപ്പോകുന്നതായി കാണാം. അപ്പോൾ ഉത്തര ധ്രുവത്തിലുള്ളവർക്കു വടക്കെ രാശിമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന സൂര്യനെ എപ്പോഴും കാണാൻ കഴിയുന്നതാണ്. ഈ സമയമെല്ലാം കൂടുന്നതാണ് അവരുടെ ഒരു പകൽ. സൂര്യൻ തെക്കെ രാശിമണ്ഡലത്തിലാവുമ്പോൾ ചക്രവാളത്തിന്റെ കീഴ്ഭാഗത്തായിരിക്കുന്ന കാലമെല്ലാം അവർക്കു രാത്രിയാവുന്നതാണ്. ഉത്തര ധ്രുവ നിവാസികൾക്കു പകലായിരിക്കുമ്പോൾ ദക്ഷിണധ്രുവത്തിലുള്ളവർക്കു രാത്രിയാകും. രണ്ടു ധ്രുവത്തിലും ദേവന്മാരുടെ പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നു. അതുകൊണ്ടാണ് ഇതിനു 'ദേവന്മാരുടെ ദിവസം' എന്നു പറയുന്നത്.

ആര്യഭട്ടൻ ഇങ്ങനെ പറയുന്നു: "ദേവന്മാർ സൂര്യവർഷത്തിന്റെ പകുതി കാണുമ്പോൾ ദാനവന്മാർ സൂര്യവർഷത്തിന്റെ മറ്റേ പകുതി കാണുന്നു. പിതാക്കൾ ചന്ദ്രവർഷത്തിന്റെ പകുതി കാണുമ്പോൾ മനുഷ്യർ ചന്ദ്രമാസത്തിന്റെ മറ്റേ പകുതിയും കാണുന്നു. അപ്പോൾ സൂര്യൻ ആ മണ്ഡലത്തിൽ ഒരു രാത്രിയും പകലും കൂടി പ്രദക്ഷിണം പൂർത്തിയാക്കുന്നതായി ദേവന്മാർക്കും ദാനവന്മാർക്കും അനുഭവപ്പെടുന്നു. ഇതു രണ്ടും കൂടിച്ചേരുമ്പോൾ അവർക്ക് ഒരു ദിവസമാകുന്നു എന്നാകുമ്പോൾ നമ്മുടെ ഒരു വർഷം 'ദിവ്യദിവസ'മാണ്. പക്ഷേ, അതിലെ രാപ്പകലുകൾ സമമല്ല. കാരണം, സൂര്യൻ ഉത്തരായന രേഖയിലാവുമ്പോൾ വളരെ ഉയരത്തിൽ സഞ്ചരിക്കുന്നു. അതിനാൽ ആ സമയത്തുണ്ടാകുന്ന പകൽ രാത്രിയെക്കാൾ ദീർഘമാകുന്നതാണ്. ആ പ്രദേശങ്ങളിൽ താമസിക്കുന്നവർ ഭൂമുഖത്തുനിന്നു കുറേ ഉയരത്തിലാണല്ലോ സ്ഥിതിചെയ്യുന്നത്. അതു കാരണായി രാപ്പകലുകൾ വ്യത്യാസപ്പെടും."

ഒരു വിശ്വാസമനുസരിച്ചു മേരു പർവ്വതത്തിനു വളരെ അധികം ഉയരമുണ്ടെന്നു വരുന്നു. ഇതു മതപരവും അവർക്കിടയിൽ തന്നെ അഭിപ്രായ ഐക്യമില്ലാത്തതുമായ വിഷയമല്ലായിരുന്നെങ്കിൽ ഇതിന്റെ ശരിയായ കണക്കു പരിശോധിച്ചുനോക്കാമായിരുന്നു. സൂര്യൻ മദ്ധ്യരേഖയുടെ വടക്കാവുമ്പോൾ ദക്ഷിണധ്രുവ നിവാസികൾക്ക് ഒരു കൊല്ലത്തിന്റെ പകുതി രാവും പകുതി പകലുമാകുന്നുവെന്ന വസ്തുത കേട്ട ചില സാധാരണക്കാർ ഈ ദിവസത്തിന്റെ പകൽ സൂര്യൻ മേലോട്ട് ഉയരുമ്പോഴും രാവു കീഴോട്ടിറങ്ങുമ്പോഴുമാണെന്നു ധരിക്കുകയും അതു ചില പുസ്തകങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 'വിഷ്ണുധർമ്മ'ത്തിന്റെ കർത്താവ് ഇങ്ങനെ പറയുന്നു: "മകരരാശിമുതൽ സൂര്യൻ സഞ്ചരിക്കുന്ന സമയം അസുരന്മാരുടെ പകലാണ് (അ

വരത്രെ ദാനവന്മാർ). അവരുടെ രാവിന്റെ ആരംഭം കർക്കിടക രാശിമുതലാകുന്നു." മേടം ആദ്യം മുതൽ ആരംഭിക്കുന്ന പകുതി ദേവന്മാരുടെ പകലാണെന്ന് അതിനു മുമ്പ് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ രണ്ട് പ്രസ്താവനകളും പരസ്പര വിരുദ്ധമാകുന്നതു കൂടുതൽ ചിന്തിക്കാത്തതുകൊണ്ടാവും. അഗാധമായി ചിന്തിക്കുന്ന ഒരു ഗോളശാസ്ത്രജ്ഞൻ ഈ വസ്തുത സമ്മതിക്കുകയില്ല.

നാലാമത്തെ ദിവസം ബ്രഹ്മാവിന്റെ ദിവസമായ 'ദിവ്യഹോരാത്ര' യാണ്. ഇതു പ്രകശത്തിൽനിന്നോ ഇരുട്ടിൽനിന്നോ ഉണ്ടായതല്ല. നേരെ മറിച്ച്, രാത്രിയും പകലും നിശ്ചലവും ചലവുമാകുന്ന സാധനങ്ങളുടെ സ്വഭാവം നിർണ്ണയിക്കാൻ വേണ്ടിവന്ന കാലമാണ്. ഒരു 'ബ്രഹ്മ ദിവസം' നമ്മുടെ 864,00,00,000 കൊല്ലങ്ങളാകുന്നു. ഇതിന്റെ പകുതിയായ പകലിലാണ് അണുക്കൾ ചലിക്കാൻ തുടങ്ങുന്നതും ഭൂമി ജനവാസ യോഗ്യമാകുന്നതും വസ്തുക്കളുടെ ഉത്ഭവവും നാശവും ഉണ്ടാവുന്നതും. മറ്റൊരു പകുതിയായ രാത്രിയുടെ സ്വഭാവം വിപരീതമാകും. ആ രാത്രിയിൽ ഭൂമിയുടെ സ്ഥിതി വ്യത്യാസപ്പെടുന്നതല്ല, അപ്പോൾ ചലിക്കുന്ന ശക്തികൾ വിശ്രമിക്കുകയും തദ്വാരാ പുതിയൊരു ലോകം ജന്മമെടുക്കാനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ബ്രഹ്മാവിന്റെ രാവും പകലും കൂടിയതിന് 'കല്പ' എന്നു പറയുന്നു. ഇതിനു നമ്മുടെ ആളുകൾ പറയുന്നതു 'സിന്ധ് ഹിന്ത്'വർഷം എന്നാണ്. ഇതുകൂടാതെ ആത്മാവിന്റെതായ 'പുരുഷഹോരാത്ര' എന്നൊരു ദിവസവും കൂടി അവർക്കുണ്ട്. അതിനു 'മഹാകല്പ' എന്നു പറയുന്നു. ഇതൊരു സാങ്കല്പിക ദിവസം മാത്രമാണ്. പകൽ, രാവ് എന്നിങ്ങനെ ഇതിനെ വിഭജിക്കാറില്ല. ആത്മാവും പദാർത്ഥവുമായി ബന്ധപ്പെടുന്ന കാലത്തിനു 'പകൽ' എന്നും ബന്ധം, വേർപ്പെടുന്ന കാലത്തിനു 'രാത്രി' എന്നും പറയും.

'വിഷ്ണുധർമ്മ'ത്തിൽ ഇങ്ങനെ കാണുന്നു: "ബ്രഹ്മന്റെ ആയുഷ്കാലമാണ് 'പുരുഷ ദിവസം.' ബ്രഹ്മന്റെ ആയുഷ്ക്കാലം അദ്ദേഹത്തിന്റെ കൊല്ലമനുസരിച്ചു നൂറാണ്. അദ്ദേഹത്തിന്റെ ഒരു വത്സരം നമ്മുടെ 3,11,040,00,00,000 കൊല്ലമാണ്. അദ്ദേഹത്തിന്റെ നൂറ് കൊല്ലം ഈ സംഖ്യയോടു രണ്ട് പൂജ്യംകൂടി ചേർത്താൽ ലഭിക്കും. അപ്പോൾ പൂജ്യം പത്തായി. അതത്രെ ഒരു 'പുരുഷപകൽ.' ഇതിന്റെ ഇരട്ടിയാണ് ഒരു പുരുഷദിവസം. അതായത് 622,08,000,00,00,000 വർഷം." പുൽസ് സിദ്ധാന്തത്തിൽ ഇങ്ങനെ പറയുന്നു: "ബ്രഹ്മന്റെ ആയുഷ്കാലം പുരുഷ ദിവസത്തിന്റെ പകൽ ആകുന്നു. പുരുഷ പകലിനു 'പരാർത്ഥകല്പ' എന്നും പറയും. പരാർത്ഥകല്പ എല്ലാറ്റിന്റെയും പ്രഥമ കാരണഭൂതരായ 'കഅ'(ബിന്ദു)യുടെ പകലാണെന്നും അവർ പറയുന്നു. സംഖ്യാസ്ഥാനങ്ങളിൽ പതിനെട്ടാമതായാണ് ഇതിനെ(കല്പ) നിശ്ചയിച്ചത്. ഇതിന്റെ അർത്ഥം 'അർദ്ധാകാശം' എന്നത്രെ. ഇതിന്റെ ഇരട്ടിയായാൽ

ആകാശം മുഴുവനാകുമല്ലോ. അതത്രെ ഒരു പൂർണ്ണദിവസം. അപ്പോൾ ഒരു 'കഅ' ദിവസം നമ്മുടെ വർഷങ്ങളെ അപേക്ഷിച്ച് 864-നോട് ഇരുപത്തിനാല് പൂജ്യം കൂട്ടിച്ചേർത്താലുണ്ടാവുന്ന സംഖ്യയാണ്.

അധ്യായം 34

ദിവസത്തിന്റെ ചെറിയ വിഭാഗങ്ങൾ

ഒരു ദിവസത്തെ കൂലങ്കഷമായി പല വിഭാഗങ്ങളായും വിവിധ രൂപങ്ങളായും സങ്കല്പിച്ചതുമൂലം അവർക്കിടയിൽ പല അഭിപ്രായങ്ങളുമുണ്ടായി. ഏതെങ്കിലും രണ്ട് ഗ്രന്ഥങ്ങൾ പാരായണം ചെയ്യുകയോ, അല്ലെങ്കിൽ രണ്ടുപേരോട് അന്വേഷിക്കുകയോ ചെയ്താൽ ഉത്തരം വിവിധ രൂപത്തിലാവും. ചിലർ ഒരു ദിവസത്തെ അറുപതായി ഭാഗിക്കുകയും (1/60)-ന് 'ഘടി' (നാഴിക) എന്നു പറയുകയും ചെയ്യുന്നു. കാശ്മീർക്കാരൻ ഉപ്പൽ എഴുതിയ 'സർവ്വഥ' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "വ്യാസം പന്ത്രണ്ട് വിരലും ഘനം ആറുവിരലും ആയി കുഴിച്ച ഒരു മരവട്ടിയിൽ മൂന്ന് മനാ (സുമാർ ആറ് റാത്തൽ) വെള്ളം കൊള്ളുന്നതാണ്. അതിന്റെ അടിയിൽ ഒരു യുവതിയുടെ ആറ് മുടി ഇഴ കൊള്ളത്തക്ക ഒരു ദ്വാരമുണ്ടാക്കിയാൽ, അതിലൂടെ ആ വെള്ളം മുഴുവൻ ഒലിച്ചുപോകാൻ ഒരു നാഴിക വേണ്ടിവരും. ഓരോ നാഴികയും അറുപത് വിനാഴികയായി ഭാഗിച്ചാൽ കിട്ടുന്ന ഒരോ അംശത്തിനും 'ചഷകം' എന്നു പറയുന്നു. ഈ വിനാഴികയിൽനിന്ന് ഓരോന്നും ആറായി ഭാഗിച്ചാൽ കിട്ടുന്ന അംശത്തിനു 'പ്രാൺ' (ശ്വാസം) എന്നു പറയുന്നു."

'സർവ്വഥ' എന്ന ഗ്രന്ഥത്തിൽ വീണ്ടും ഇങ്ങനെ വിവരിച്ചു കാണുന്നു: രോഗിയോ, മലമൂത്രവിസർജ്ജനത്തിന് ആഗ്രഹിക്കുന്നവനോ വിശന്നവനോ എന്തെങ്കിലും ആഗ്രഹിച്ചിരിക്കുന്നവനോ ഭയപ്പെട്ടവനോ അല്ലാത്ത സാധാരണ ഒരാളുടെ സമനിലയിൽ ഉറങ്ങുന്ന ഒരാളുടെ ശ്വാസമാണ് ഈ ശ്വാസംകൊണ്ട് ഉദ്ദേശിക്കുന്നത്. രോഗാദിവിഷമാവസ്ഥകളുള്ള ആളുടെ ശ്വാസം പ്രകൃത്യാനുസൃതമാകാതെ വ്യത്യാസപ്പെട്ടിരിക്കുമല്ലോ. ഒരു 'പ്രാണന്റെ' കാലയളവു നാം ഈ പറഞ്ഞതുപോലെ ഒരു നാഴികയുടെ (1/360) ഭാഗമായി ഗണിച്ചാലും ഈ കണക്കു ശരിയാവും. ഇത്രയും കാര്യങ്ങളിൽ അവർക്കിടയിൽ ഭിന്നാ

ഭിപ്രായം കാണുന്നില്ല. ഉണ്ടെങ്കിൽ തന്നെ അതു പേരിൽ മാത്രമാവും. ബ്രഹ്മഗുപ്തൻ വിനാഴികക്ക് (ചഷകം) 'വിനാഡി' എന്നു പറയുന്നു. കുസുമപൂർക്കാരനായ ആര്യഭട്ടൻ പറഞ്ഞതും ഇപ്രകാരം തന്നെ. പക്ഷേ, ഇദ്ദേഹം നാഴികക്കു 'നാഡി' എന്നു പറഞ്ഞിട്ടുണ്ട്. ഗോളങ്ങളുടെ (1/60) ഡിഗ്രിക്കു 'പ്രാണൻ' എന്നും ഇവർ രണ്ടാളും പറയുന്നുണ്ട്. എന്നാൽ, ഗോളങ്ങളിൽ കല്പിക്കുന്ന 21,600 നാഴികകൾ സമനിലക്കാരനായ ഒരു മനുഷ്യന്റെ ശ്വാസങ്ങളോടു തുല്ല്യമാണെന്നാണു പുൽസൻ പറയുന്നത്. അപ്പോൾ ഗോളം ഒരു നാഴിക ചരിക്കുമ്പോൾ ഒരു ശ്വാസമിട സമയം കഴിയുന്നു എന്നർത്ഥം. നാഴികയുടെയും വിനാഴികയുടെയും ഇടയിൽ 'ക്ഷണം' (കാൽനാഴിക) എന്നൊരു വിഭാഗം ഉണ്ടെന്ന് അവർ പറയുന്നു. ഇതിനെ പതിനഞ്ചായി ഭാഗിക്കുകയും ഓരോ ഭാഗത്തിനും 'കല' (നാഴികയുടെ 1/60) എന്നു പേരു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഭാഗങ്ങളുടെ താഴെയായി മൂന്ന് വിഭാഗങ്ങളുടെ പേരു കാണാം. ഇതിന്റെ ക്രമത്തിൽ അഭിപ്രായ വ്യത്യാസമില്ല. ഇവയിൽ ഏറ്റവും ഉയർന്നത് 'നിമിഷ'മാണ്. (സ്വാഭാവികമായും കണ്ണു തുറക്കുന്ന സമയം) അതിനു താഴെ 'ലവം', ഒടുവിൽ 'ധ്രുധി' (ഒരു വിരൽ പൊട്ടിക്കുന്ന സമയം)യുമാണ്. ഇവ തമ്മിലുള്ള ബന്ധം രണ്ട് ധ്രുധി = ഒരു ലവം; രണ്ടു ലവം = ഒരു നിമിഷം എന്നാണെന്ന് അവർ പറയുന്നു. നിമിഷം എന്നതു പതിനഞ്ചാണെന്നും മുപ്പതാണെന്നും ഇവയിൽ ഓരോന്നും എട്ടാണെന്നും പറയുന്നവരുണ്ട്. ഇങ്ങനെ തന്നെയാണ് 'സർവ്വഥ'യിലും പറഞ്ഞത്. അവരുടെ സുപ്രസിദ്ധ ജ്യോത്സ്യനായ ശർമ്മയും ഈ അഭിപ്രായക്കാരനാണ്. അദ്ദേഹം ധ്രുധിയുടെ താഴെയായി 'അന്നം' എന്നൊരു ഭാഗം കൂടി ഉദ്ധരിക്കുന്നുണ്ട്. ഇതു ധ്രുതിയുടെ (1/8) ആണ്.

ഇനി നിമിഷത്തിനു മുകളിലുള്ള ഭാഗങ്ങൾ 'കാഷ്ത, കല' എന്നിവ നോക്കാം. ഒരു കല = മുപ്പത് കാഷ്തയും, ഒരു കാഷ്ത= പതിനഞ്ച് നിമിഷവും, ഒരു നിമിഷം = രണ്ട് ലവവും, ഒരു ലവം= രണ്ട് ധ്രുധിയും ആണെന്നു പറയുന്നു. എന്നാൽ അതല്ല, കല നാഴിയുടെ (2/60)ഉം അത് ഓരോന്നും മുപ്പത് കാഷ്തയും; ഒരു കാഷ്ത മുപ്പത് നിമിഷവും മൂന്ന് ലവവും ആണെന്നും പറയുന്നു. വായൂപുരാണത്തിൽ ഒരു മുഹൂർത്തം മുപ്പത് കലയും ഒരു കല മുപ്പത് കാഷ്തയും ഒരു കാഷ്ത പതിനഞ്ച് നിമിഷവുമാണത്രെ. ഇതിനു താഴോട്ടുള്ള ഭാഗങ്ങൾ എട്ട് വീതം വ്യത്യാസപ്പെട്ട നിലയിൽ ഊപ്പലും ശർമ്മയും, പറഞ്ഞതാണു കൂടുതൽ നന്നായി തോന്നുന്നത്. അപ്പോൾ ഒരു പ്രാണൻ എട്ട് നിമിഷവും ഒരു നിമിഷം എട്ട് ലവവും ഒരു ലവം എട്ട് ധ്രുധിയും ഒരു ധ്രുധി എട്ട് അന്നവും ആകുന്നു. ഇതിന്റെ പട്ടിക താഴെ ചേർക്കാം:

പേര്	ചെറിയ വി ഭാഗങ്ങൾ	ഒരുദിവസത്തിന് ഇവയോരോ ന്നിനും വേണ്ടിവരുന്ന ഭാഗങ്ങൾ
ഘഡി, നാഡി (നാഴിക)	60	60
ക്ഷണം	4	240
ചഷകം, വിനാഡി, കല	15	3,600
പ്രാണൻ	6	21,600
നമിഷം	8	1,72,800
ലവം	8	13,82,400
ധ്രുധി	8	1,10,59,200
അന്ന	8	8,84,73,600

സാധാരണക്കാർ ഒരു ദിവസത്തെ എട്ടായി ഭാഗിച്ച് ഓരോ ഭാഗത്തിനും പ്രഹാരം' (ഊഴമായി പാറാവു നിൽക്കുന്ന സമയം) എന്നു പറയുന്നു. ചില നാടുകളിൽ വാറ്റ് യന്ത്രംകൊണ്ടു വെള്ളം തുള്ളിയായി വീഴ്ത്തി ഒരു ദിവസത്തെ എട്ടായി ഭാഗിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യാറുണ്ട്. അതിൽ ഒരു ഭാഗം കഴിഞ്ഞാൽ (ഏഴര നാഴിക) ചെണ്ട കൊട്ടുകയോ ശംഖു വിളിക്കുകയോ ചെയ്യും. പുർഷോർ എന്ന നാട്ടിൽ ഈ പതിവ് ഞാൻ കണ്ടിട്ടുണ്ട്. ഈ കണക്കു പ്രകാരമാണ് സമയവും അതനുസരിച്ചുള്ള ജോലിയും നിശ്ചയിക്കാറ്. ഒരു ദിവസം മുപ്പത് മുഹൂർത്തങ്ങളായും ഗണിക്കാറുണ്ട്. 'മുഹൂർത്തം' എത്രയാണെന്നത് അവ്യക്തമാണ്. ചിലപ്പോൾ മുഹൂർത്തങ്ങൾ സമഭാഗങ്ങളാണെന്നു തോന്നും. നാഴികയായി കണക്കാക്കുമ്പോൾ ഒരു മുഹൂർത്തം രണ്ട് നാഴികയാകും. ഊഴമായി കണക്കാക്കുമ്പോൾ ഒരു ഊഴം 3 (3/4) മുഹൂർത്തമാണെന്നു പറയപ്പെടുന്നു. പക്ഷേ, ഈ സമയാംശങ്ങൾ മദ്ധ്യരേഖയുടെ ഓരോ സമാന്തര രേഖകളിലും സൂര്യൻ വരുമ്പോൾ അല്പാല്പമായി വ്യത്യാസപ്പെടും. പകൽസമയം രാത്രിയേക്കാൾ കൂടുകയോ കുറയുകയോ ചെയ്യും. ഓരോ രാത്രിയും പകലും പതിനഞ്ച് മുഹൂർത്തങ്ങളായാണ് അവർ കണക്കാക്കുന്നത്. ഉച്ചനിഴൽ കിഴിച്ച് ഒരോ സാധനത്തിന്റെയും നിഴൽ വിരൽകൊണ്ട് അളന്ന് മുഹൂർത്തങ്ങളെ കണക്കാക്കുന്ന സമ്പ്രദായം മേൽ പ്രസതാവിച്ച അഭിപ്രായത്തെ ശക്തിപ്പെടുത്തുന്നു. അതിനെ പറ്റി അവരുടെ പദ്യങ്ങളിൽനിന്നു മനസ്സിലാക്കിയതനുസരിച്ച് ഒരു പട്ടിക ഇവിടെ കൊടുക്കാം:

ഉച്ചക്കു മുമ്പുകഴിഞ്ഞ മുഹൂർത്തങ്ങൾ	1	2	3	4	5	6	7	
ഉച്ച നിഴലിൽ കുടിച്ചേർന്ന നിഴൽ	86	60	12	6	5	3	2	●
ഉച്ചക്കുശേഷം കഴിഞ്ഞ മുഹൂർത്തങ്ങൾ	14	13	12	11	10	9	8	

പുൽസ് സിദ്ധാന്തത്തിന്റെ വ്യാഖ്യാതാവ് ഈ അവസാനത്തെ അഭിപ്രായത്തെയാണണ് അംഗീകരിച്ചത്. ഒരു മുഹൂർത്തം രണ്ടു നാഴികയാണെന്നു ഖണ്ഡിതമായി പറഞ്ഞവരെ അദ്ദേഹം നിശിതമായി വിമർശിക്കുന്നു. പകലിലെ നാഴിക കൊല്ലത്തിൽ വ്യത്യാസപ്പെടുന്നു. മുഹൂർത്തം അങ്ങനെ വ്യത്യാസപ്പെടുന്നില്ലെന്നതാണ് അദ്ദേഹം അതിനു പറഞ്ഞ കാരണം. പക്ഷേ, മുഹൂർത്തഗണനയെപറ്റിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വൈരുദ്ധ്യമുണ്ട്. ഒരു മുഹൂർത്തം 720 പ്രാണൻ ആണെന്നാണ് അദ്ദേഹത്തിന്റെ മതം. ഒരു ശ്വാസം ഒരു ആപാണ(ശ്വാസംവലിക്കൽ)വും ഒരു പ്രാണനും (ശ്വാസം വിടൽ) കൂടിച്ചേർന്നതാണ്. ഇവ രണ്ടിനുമായി നിശ്വാസം എന്നും ഉച്ഛ്വാസം എന്നും പറയുന്നു. പക്ഷേ, ദിവസം എന്നു പറയുമ്പോൾ (പകലും) രാത്രിയും എന്നർത്ഥമാക്കുന്നതുപോലെ ഈ രണ്ടിൽ ഏതു പറഞ്ഞാലും മറ്റേതും അതിൽ ഉൾപ്പെടുന്നതാണ്. അപ്പോൾ അതു മുന്നൂറ്റി അറുപത് പ്രാവശ്യം ശ്വാസോച്ഛ്വാസം ചെയ്യുന്നത്ര സമയമാകുന്നു. ഇതുകൊണ്ടത്രെ ഒരു നാഴികയെ രണ്ടിൽ ഒരു വകുപ്പുകൊണ്ടു കണക്കാക്കി മുന്നൂറ്റി അറുപത് ശ്വാസമാണെന്നു പൊതുവിൽ പറഞ്ഞത്. മുഹൂർത്തം ശ്വാസം കൊണ്ടു കണക്കാക്കുകയാണെങ്കിൽ അതു നാഴികയുടെയും സമയാംശങ്ങളുടെയും തോതനുസരിച്ചാകും. പക്ഷേ, അദ്ദേഹം അതിനോടു യോജിക്കുന്നില്ലെന്നു മാത്രമല്ല, മദ്ധ്യരേഖയിൽ നിൽക്കുന്ന ആൾക്ക് ഒരു പകൽ പതിനഞ്ച് മുഹൂർത്തമാണെന്നു വാദിക്കുന്നവരെ വിമർശിക്കുകയും ചെയ്യുന്നുണ്ട്. അപ്പോൾ പകലിലെ മുഹൂർത്തം വിവിധ രൂപത്തിലാണെങ്കിൽ അർദ്ധദിനത്തിന്റേതും വ്യത്യാസപ്പെടും. വ്യാസൻ യുധിഷ്ഠിരന്റെ ജീവചരിത്രത്തിൽ ഇങ്ങനെ പറയുന്നു: "അദ്ദേഹത്തിന്റെ ജനനം വെളുത്ത പക്ഷത്തിൽ ദിനാർദ്ധം എട്ടാമത്തെ മുഹൂർത്തത്തിലാണ്." എതിരാളി ഇതിൽനിന്ന് അതു മദ്ധ്യരേഖയിൽ സൂര്യനാകുമ്പോഴാണെന്ന് ഊഹിക്കുന്നുണ്ടെങ്കിൽ മർക്കണ്ഡേയൻ പറഞ്ഞതുമായി അതു യോജിക്കുന്നില്ല. ചൈത്രമാസത്തിലെ പൂർണ്ണചന്ദ്ര ദിവസത്തിലേ അങ്ങനെ വരികയുള്ളൂ എന്ന് അദ്ദേഹം പറയുന്നു. 'ഭാദ്ര' മാസത്തിലെ എട്ടാമത്തെ പക്ഷത്തിലെ എട്ടാമത്തെ ഭാഗം കഴിഞ്ഞ് അശ്വതിയിലാണ് അദ്ദേഹം ജനിച്ചത്. ഇതും മദ്ധ്യരേഖയിൽ സൂര്യൻ സ്ഥിതിചെയ്യുമ്പോഴാണെന്ന അഭിപ്രായത്തോടു യോജിക്കുന്നില്ല. അശ്വതിയിലാണ് വസുദേവൻ കംസന്റെ സഹോദരീപുത്രനായ ശിശുപാലനെ വധിച്ചതെന്നു വസിഷ്ഠൻ പറയുന്നു. ഈ കഥ അവർ ഇങ്ങനെ ഉദ്ധരിക്കുന്നു:

നാല് കയ്യോടുകൂടി ഒരു കുട്ടി ജനിച്ചു. അതിന്റെ മാതാവ് ആകാശത്തുനിന്ന് ഇങ്ങനെ ഒരു അശിരീരി കേട്ടു. "ഈ കുട്ടിയെ ആരു സ്പർശിക്കുമ്പോഴാണ് അതിന്റെ അധികമുള്ള കൈ അടർന്നു വീഴു

ന്നത് അവനാവും ആ കുട്ടിയെ വധിക്കുക." അങ്ങനെ ഈ കുട്ടിയെ അവിടെ വരുന്നവരുടെ മടിയിലെല്ലാം വെക്കാൻ തുടങ്ങി. ഒരിക്കൽ അക്കൂട്ടത്തിൽ വാസുദേവനും ഉണ്ടായിരുന്നു. വാസുദേവൻ ഈ കുട്ടിയെ സ്പർശിച്ചപ്പോൾ പ്രസ്തുത കൈകൾ അടന്നുവീണു. അപ്പോൾ തന്റെ അമ്മാവി (കുട്ടിയുടെ അമ്മ) ഇങ്ങനെ പറഞ്ഞു: "നിഃസംശയം നീയാണ് എന്റെ കുട്ടിയെ കൊല്ലുന്നവൻ." അപ്പോൾ കുട്ടികളുടെ കൂട്ടത്തിൽ നിൽക്കുകയായിരുന്ന വാസുദേവൻ ഇങ്ങനെ പറഞ്ഞു: "ഇവൻ മനപ്പൂർവ്വം കൊലക്കർഹനാകുന്ന കുറ്റം ചെയ്യുകയും അത് പത്ത് പ്രാവശ്യം ആവർത്തിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഞാൻ അവനെ വധിക്കുകയുള്ളൂ."

കുറച്ചു കാലം കഴിഞ്ഞ് യുധിഷ്ഠിരൻ അഗ്നിബലി നടത്തുന്ന തിലേർപ്പെട്ടിരിക്കവെ അവിടെ ഗണനീയരായ സർവ്വരും സന്നിഹിതരായി. അപ്പോൾ അദ്ദേഹം ഒരു താലത്തിൽ പനിനീരും വെള്ളവും കൊണ്ടുവന്ന് ഈ സംഗതി ചെയ്യാൻ ഏറ്റവും അർഹൻ ഈ സന്നിധിയിൽ ആരാണെന്നു വ്യാസനോട് ആലോചിച്ചു. അപ്പോൾ വ്യാസൻ വാസുദേവനെ ചൂണ്ടിക്കാണിച്ചു. അവിടെ ഹാജരുള്ളവരുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ അമ്മാവിയുടെ മകനുമുണ്ടായിരുന്നു. ഇതു കേട്ടപ്പോൾ അയാൾക്ക് കോപം വന്നു. ഈ ഉന്നത സ്ഥാനത്തിന് അർഹൻ താനാണെന്ന് അദ്ദേഹം ശഠിച്ചു. അങ്ങനെ അവിടെ ഒരു വഴക്കുണ്ടാവുകയും വാസുദേവന്റെ പിതാവിനെ അയാൾ ആക്ഷേപിക്കുകയും ചെയ്തു. അയാളുടെ കുറ്റങ്ങൾ ഓരോന്നും ആളുകൾ എണ്ണി സാക്ഷ്യം വഹിക്കാൻ തുടങ്ങി. അതു കഴിഞ്ഞപ്പോൾ വാസുദേവൻ ആ താലമെടുത്ത് ആയാളുടെ തലക്കെറിയുകയും തല പൊളിയുകയും ചെയ്തു.

ഈ കഥ തെളിവായി ഉദ്ധരിച്ചതു ശരിയാവണമെങ്കിൽ 'അശ്വതി' അർദ്ധ ദിനത്തിലും എട്ടാമത്തെ മുഹൂർത്തത്തിന്റെ പകുതിയിലും വരുമെന്നു സ്ഥാപിക്കേണ്ടിയിരിക്കുന്നു. അങ്ങനെ വരുന്നില്ലെങ്കിൽ മദ്ധ്യരേഖയുമായി അകലമുള്ള ഇന്ത്യൻ പ്രദേശങ്ങളുടെ മുഹൂർത്തങ്ങൾ അർദ്ധദിനത്തിന്റെ വിവിധ വേളകളിൽ ആയേക്കും. ഈ തെളിവിന്റെ പരാജയത്തെ വ്യക്തമാക്കുന്ന മറ്റൊന്നാണ് 'ഗർഗ്ഗിൽ'നിന്ന് അദ്ദേഹം ഉദ്ധരിച്ചത്. അശ്വതിയിൽ സൂര്യൻ മദ്ധ്യരേഖയിൽ വരുമ്പോൾ നിഴൽ ഉണ്ടായിരിക്കുകയില്ല. എല്ലായ്പ്പോഴും നിഴൽ ഇല്ലാതിരിക്കുക സാധ്യമല്ല. മുഹൂർത്തങ്ങളും അവയുടെ നാഥന്മാരുടെ പേരുകളും ഉൾക്കൊള്ളുന്ന ഒരു പട്ടികയാണിത്.

മുഹൂർത്തങ്ങൾ	പകലിലുള്ള മുഹൂർത്തങ്ങളുടെ നാഥന്മാർ	രാത്രിയിലുള്ള മുഹൂർത്തങ്ങളുടെ നാഥന്മാർ
1	ശിവൻ (മഹാദേവൻ)	രുദ്രൻ (മഹാദേവൻ)

2	ഭൂയഗു(പാമ്പ്)	അജ (കുളമ്പുള്ള സർവജീവികളുടെയും നാഥൻ)
3	മിത്രു	അഹ്റഭ്രദൻ (ഉദത്രാ പിതൃപതി)
4	പിത്രു	പൗഷ് (രേവതിയുടെ നാഥൻ)
5	വാസു	ദസ്ര (അശ്വതിയുടെ നാഥൻ)
6	ആബ് (വെള്ളം)	അന്ധക (കാലൻ)
7	വിശ്വ	അഗ്നി
8	വൃഞ്ച് (ബ്രഹ്മൻ)	ധാതാർ (സംരക്ഷകനായ ബ്രഹ്മാവ്)
9	കീശ്വർ (മഹാദേവൻ)	സോമൻ (മകീരത്തിന്റെ നാഥൻ)
10	ഇന്ദിരാകൻ	ഗുരു (വ്യാഴഗ്രഹം)
11	ദേവേന്ദ്രൻ	ഹരി (നാരായണൻ)
12	നീശാകർ(ചന്ദ്രൻ)	രവി(സൂര്യൻ)
13	വരുണൻ(മേഘനാഥൻ)	യമൻ (കാലൻ)
14	അര്യമൻ	ദ്വക്ഷത്രൻ (ചൈത്രനാഥൻ)
15	ഭാഗ്യേവ്	അനിലം(കാറ്റ്)

മണിക്കൂറുകളെയും അവയുടെ അധിനാഥരെയും കുറിച്ച് ഇന്ത്യയിലെ ജ്യോതി ശാസ്ത്രജ്ഞന്മാർ മാത്രമേ പറഞ്ഞുകാണുന്നുള്ളൂ. പകലിന്റെയും രാത്രിയുടെയും അധിനാഥൻ ഒന്നുതന്നെയായാണ് അവർ കാണക്കാക്കുന്നത്. പകലിന്റെ അംശങ്ങളായി മണിക്കൂറുകളോടാണ് അവരുടെ നാഥന്മാരെയും യഥാക്രമം അവർ കണക്കാക്കുന്നത്. 'ഹോർ' എന്നാണു മണിക്കൂറിന് അവർ പറയുന്നത്. ഈ പേര് സമമല്ലാത്ത നിലയിൽ ഭാഗിക്കപ്പെട്ട മണിക്കൂറുകൾക്കും ഉപയോഗിക്കപ്പെടുന്നു. അർദ്ധരാശികൾക്കും ഹോർ എന്നു പറയാറുണ്ട്. രാപ്പകലിൽ ഒരോന്നിലും ആറ് രാശികളാണ് ഉദിച്ചുകൊണ്ടിരിക്കുന്നത്. 1/2 രാശി ഒരു മണിക്കൂറായി കണക്കാക്കുകയാണെങ്കിൽ രാവും പകലും പന്ത്രണ്ട് മണിക്കൂർ വീതമാകും. 'കർണ്ണതിലകം' എന്ന പഞ്ചാംഗത്തിൽ വിജയാനന്ദൻ പറഞ്ഞത് ഈ വസ്തുതയെ സ്ഥിരപ്പെടുത്തുന്നു. മാസത്തിന്റെയും കൊല്ലത്തിന്റെയും അധിനാഥന്മാരെ കുറിച്ച് അദ്ദേഹം ഇങ്ങനെ പറയുന്നു: "ഹോരദേവത (മണിക്കൂറിന്റെ നാഥ)യെ ഇപ്രകരാം കണക്കാക്കണം. അതായത്, രാവിലെ മുതൽ ആദ്യമായി ഉദിക്കുന്നതു നാഴികയായി കണക്കാക്കുക. എന്നിട്ടവയെ 900 കൊണ്ടു ഹരിച്ചാൽ കിട്ടുന്ന ഉത്തരംകൊണ്ട് അന്നത്തെ അധിപൻ തൊട്ടു യഥാക്രമം കീഴ്പോട്ട് എണ്ണിയാൽ ആ മണിക്കൂറിന്റെ നാഥനെ കണ്ടുപിടിക്കാം." ഉത്തരത്തിൽ ഒന്നുകൂടി ചേർക്കേണ്ടതായിരുന്നു. ഉദിച്ച സമയങ്ങളെ കണക്കിലെടുക്കണമെന്നു പറഞ്ഞിരുന്നുവെങ്കിൽ സമഭാഗങ്ങളായ മണിക്കൂറുകൾ ലഭിക്കുമായിരുന്നു. അസമങ്ങളായ മണിക്കൂറുകൾ ഒരു പട്ടി

കയിൽ ഇവിടെ വിവരിക്കാം ഇതു 'സർവ്വഥ'യിൽ പറഞ്ഞ പ്രകാരമാണെന്നാണ് എന്റെ വിശ്വാസം:

മണിക്കൂറുകൾ	പകലിന്റെ മണിക്കൂറുകളുടെ പേരുകൾ	ശുഭം അശുഭം	രാത്രിയുടെ മണിക്കൂറുകളുടെ പേരുകൾ	ശുഭം അശുഭം
1	രുദ്ര	അശുഭം	കാളരാത്രി	അശുഭം
2	സൗമ്മം	ശുഭം	രോധനി	ശുഭം
3	ക്രാല	അശുഭം	വൈരമ	ശുഭം
4	സ്ത്രം	ശുഭം	ത്രാസനി	അശുഭം
5	വേഘ	ശുഭം	ഗുഹനി	ശുഭം
6	വിശാല	ശുഭം	മായാ	അശുഭം
7	മൃതുസാരി	അശുഭം	ഭമരി	ശുഭം
8	ശൂഭ	ശുഭം	ജീവഹാരനി	അശുഭം
9	ക്രൂര	ശുഭംന	ശൂശനി	അശുഭം
10	ചന്താലി	ശുഭം	വർഷ്ണി	ശുഭം
11	കൃതിക	ശുഭം	ധരി	അശുഭം
12	അമ്രിതം	ശുഭം	ചാന്തിമം	ശുഭം

വിഷ്ണുധർമ്മത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: "പാമ്പുകളുടെ കൂട്ടത്തിൽ 'നാഗകുലിക' എന്നൊരു സർപ്പമുണ്ട്. ചില നക്ഷത്ര സമയങ്ങളിൽ അവ അശുഭസൂചകങ്ങളായിരിക്കും. അപ്പോൾ അവയുടെ വിഷം ഒരു വിധത്തിലും ഇറങ്ങുകയില്ല. ഏതു മന്ത്രവും വിഫലമാവുകയേ ഉള്ളൂ. 'കുർറ' എന്നു ചൊല്ലിയാണല്ലോ മന്ത്രം ജപിക്കാറ്. ഈ അശുഭ സമയങ്ങളിൽ ഇതിനൊന്നും ഒരു ഫലവും കാണുകയില്ല. ആ നക്ഷത്ര സമയങ്ങൾ 150 ആയാണ് ഭാഗിക്കപ്പെട്ടിട്ടുള്ളത്. ആ സമയങ്ങൾ കാണിക്കുന്ന ഒരു പട്ടിക ഇവിടെ കൊടുക്കാം.

സമയങ്ങളുടെ നാഥന്മാർ	ഞായർ	തിങ്കൾ	ചൊവ്വ	ബുധൻ	വ്യാഴം	വെള്ളി	ശനി
കുലികയുടെ ഊഴം വരെ കഴിഞ്ഞ സമയം	67	71	....	....	17	144	86
അതിനുശേഷം വരുന്ന കുലികയുടെ സമയങ്ങൾ	16	8	37	2	2 1 2	6	64

അധ്യായം 35

മാസങ്ങളുടെയും കൊല്ലങ്ങളുടെയും ഗണങ്ങൾ

സൂര്യനും ചന്ദ്രനും ഒരു പ്രാവശ്യം സമ്മേളിച്ചതു മുതൽ രണ്ടാമത്തെ സമ്മേളനം വരെയുള്ള കാലഘട്ടത്തിന് ഒരു 'പ്രകൃതിമാസം' എന്നു പറയുന്നത് വസ്തുക്കളുടെ ആരംഭം, അവസാനം, ഉത്ഭവം, നാശം, ഉയർച്ച, താഴ്ച്ച, നിശ്ചലത, ചലം തുടങ്ങിയ പ്രകൃതിസഹചമായ സ്വഭാവം ചന്ദ്രനും അതിന്റെ പരിവർത്തനങ്ങൾക്കും ഉള്ളതുകൊണ്ടാണ്. ഈ ചന്ദ്രമാസത്തിന് 'പ്രകൃതിമാസം' എന്നു പറയുന്നത് ചന്ദ്രന്റെ പ്രകാശം കറുത്തവാവുസമയത്തു കാണാതിരിക്കുകയും പിന്നെ അല്പാല്പമായി കണ്ടുതുടങ്ങുകയും അനന്തരം പൂർണ്ണ ചന്ദ്രനാവുകയും അതിനുശേഷം പൂർവ്വസ്ഥിതിയിലേക്കു തന്നെ മടങ്ങുകയും ചെയ്യുന്നതു കാരണമാണ്.

കറുത്തവാവുനാൾ ചന്ദ്രൻ ഉദിക്കാതിരിക്കുന്നതിന്റെ കാരണം എല്ലാവർക്കും വ്യക്തമായി അറിയാം. എന്നാൽ, നിറഞ്ഞുദിക്കുന്ന ദിവസങ്ങളിൽ അതിന്റെ പ്രകാശം കുറയാനുള്ള കാരണം പലർക്കും അവ്യക്തമാണ്. ചില പ്രത്യേക ശാസ്ത്രജ്ഞന്മാർക്കു മാത്രമേ അതു കണ്ടെത്താൻ സാധിച്ചിട്ടുള്ളൂ. ചന്ദ്രൻ സൂര്യനെക്കാൾ വളരെ ചെറുതായതിനാൽ സൂര്യപ്രകാശം ചന്ദ്രന്റെ പകുതിയിലധികം ഭാഗത്തും പതിയുമല്ലോ. അതാണ് മേൽ പറഞ്ഞതിനുള്ള കാരണം എന്ന് അവർ പറയുന്നു. ചന്ദ്രൻ പല നിലയിലും ഭൂമിയിലുള്ള വസ്തുക്കളുമായി ബന്ധപ്പെട്ടാണു സ്ഥിതി ചെയ്യുന്നത്. വേലിയേറ്റം ചന്ദ്രന്റെ ഉദയാസ്തമയവുമായി ബന്ധപ്പെട്ടാണ്. വേലിയേറ്റം ചന്ദ്രന്റെ ഉദായസ്തമയവുമായി ബന്ധപ്പെട്ടിരിക്കുകയാണെന്നു കടൽക്കര യാത്രക്കാർക്കും നല്ലപോലെ അറിയാവുന്ന യാഥാർത്ഥ്യമാണ്. ചില രോഗികളുടെ പ്രകൃതി വ്യത്യാസപ്പെടുന്നതിലും ബുദ്ധിയുടെ സ്ഥിതി മാറുന്നതിലും ചന്ദ്രന് അനിഷേധ്യമായ പങ്കുണ്ടെന്നു വൈദ്യശാസ്ത്രജ്ഞന്മാർ സമർത്ഥിക്കുന്നു. ജന്തുക്കളിലും സസ്യങ്ങളിലും ചന്ദ്രന്റെ പ്രതിഫലനങ്ങൾ സംഭവിക്കുന്നു

ണ്ടെന്നു പ്രകൃതിശാസ്ത്രജ്ഞന്മാരും പറയുന്നു. ചേതസ്സ്, തലച്ചോറ്, മുട്ട, പാനിയാവശിഷ്ടം, ചന്ദ്രപ്രകാശത്തിൽ ഉറങ്ങുന്നവന്റെ മസ്തിഷ്ക്കം, ചന്ദ്രിക പതിക്കുന്ന ചണ വസ്ത്രങ്ങൾ മുതലായവയിൽ അതിന്റെ പ്രതിഫലനങ്ങൾ ഏറെയുണ്ടാകുന്നു എന്നു ഗവേഷണ വിദഗ്ധന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. വെള്ളരി, ബത്തക്ക, കുമ്പളം മുതലായവ കൃഷി ചെയ്യുന്നതിലും ചന്ദ്രന്റെ രശ്മി പാദം ശക്തിയായി പ്രതിഫലിക്കുന്നുണ്ടെന്നു കൃഷി വിദഗ്ധന്മാർ ഉദ്ഘോഷിക്കുന്നു. വിതയ്ക്കൽ, നടൽ, കൊയ്ത്ത് മുതലായവയുടെ സമയം ചന്ദ്രോദയം അടിസ്ഥാനമാക്കിയാണ് അവർ നിർണ്ണയിക്കുന്നത്. പന്ത്രണ്ട് മാസമാവുമ്പോൾ ഒരു കൊല്ലമാവും. അതിനു 'ചന്ദ്രമാസം' എന്നു പറയുന്നു. സൂര്യൻ രാശിമണ്ഡലങ്ങളിൽ ഒരു വട്ടം ചുറ്റി എത്തുന്ന കാലഘട്ടത്തിനു 'പ്രകൃതിവർഷം' എന്നാണു പേര്. ഒരു കൊല്ലത്തിലെ നാല് കാലാവസ്ഥകളിലെ കൃഷി, ഉല്പാദനം മുതലായവയ സൂര്യനുമായി ബന്ധപ്പെട്ടിരിക്കുകയാണ്. ഈ കൊല്ലത്തിനു 'സൂര്യവർഷം' എന്നു പറയുന്നു. ചന്ദ്രമാസത്തിലെ ഒരു മാസം അതിന്റെ 1/12 ആയതുപോലെ സൂര്യവർഷത്തിലെ ഒരു മാസവും അതിന്റെ 1/12 ആയിരിക്കും. ഇതു സൂര്യന്റെ മിതമായ സഞ്ചാരമനുസരിച്ചുള്ള കണക്കാണ്. വ്യത്യസ്ത സഞ്ചാരത്തെ ആസ്പദമാക്കി പറയുകയാണെങ്കിൽ അത് ഒരു രാശി തരണംചെയ്തു തീർക്കുന്ന കാലഘട്ടമാണ് ഒരു മാസം.

സൂര്യനും ചന്ദ്രനും കൂടി സമ്മേളിക്കുന്ന സമയത്തിന് 'അമാവാസി' എന്നും അവ രണ്ടും അഭിമുഖമായി നിൽക്കുന്ന സമയത്തിനു 'പൗർണ്ണമി' എന്നും ഇന്ത്യക്കാർ പറയുന്നു. രണ്ടിനുമിടയിൽ ഒരു വൃത്തത്തിന്റെ കാൽ ദൂരം വരുമ്പോൾ 'ആതു' എന്നാണു പേര്. ചന്ദ്രവർഷത്തിനു ചന്ദ്ര മാസത്തെയും ചന്ദ്ര ദിവസത്തെയുമാണു സാധാരണ ഗണിക്കാറുള്ളതെങ്കിലും ചിലർ സൂര്യമാസങ്ങളെയും ഉപയോഗിച്ചു കാണുന്നുണ്ട്. രാശിയുടെ ആരംഭം മുതലാണ് അവർ ആ മാസം കണക്കാക്കുന്നത്. ഒരു രാശിയിൽനിന്നു മറ്റൊരു രാശിയിലേക്കുള്ള നീക്കത്തിനു 'സംക്രമം' എന്നു പറയുന്നു. ഇത് ഏതാണ്ട് അനുമാനമാണ്.

ചന്ദ്രമാസം കണക്കുകൂട്ടുന്നവർ സൂര്യന്റെയും ചന്ദ്രന്റെയും സമ്മേളനം മുതൽക്കു കണക്കാക്കുന്നു. അതുതന്നെയാണു തൃപ്തികരവും. പൗർണ്ണമി ദിനം മുതൽ മാസത്തിന്റെ ആരംഭം കണക്കുകൂട്ടുന്നവരുമുണ്ട്. വരാഹമിഹിരൻ ഇപ്രകാരമാണു ഗണിച്ചതെന്നു ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽനിന്നു ഖണ്ഡിതമായി ഈ കാര്യം എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെയുള്ള കണക്കുകൂട്ടൽ പുരാതന കാലത്തു തന്നെ നിരോധിക്കപ്പെട്ടിരുന്നുവെന്നു കാണാൻ കഴിയുന്നുണ്ട്.

വേദത്തിൽ ഇപ്രകാരം പറയുന്നു: "പൂർണ്ണ ചന്ദ്രൻ ഉദിച്ചു, അതോ

ടെ ഒരു മാസവും അവസാനിച്ചു എന്നു സാധാരണ ജനങ്ങൾ പറയാറുണ്ട്. ഇത് എന്നെ സംബന്ധിച്ച് അവർക്കുള്ള അജ്ഞത കൊണ്ടാണ്. കാരണം, സ്രഷ്ടാവ് ലോകം സൃഷ്ടിക്കാനാരംഭിച്ചതു വെളുത്ത പക്ഷത്തിലാണ്. കറുത്ത പക്ഷത്തിലല്ല." ഇതും അവരിൽ ചില ആളുകളുടെ അഭിപ്രായമാവാം. സമ്മേളനത്തിനു ശേഷം മാസം തുടങ്ങുന്ന ആദ്യത്തെ ദിവസങ്ങൾക്കു 'പ്രഭ' എന്നു പറയുന്നു. പൗർണ്ണമിയുടെ ശേഷമുള്ള ദിവസത്തിനും പ്രഭ എന്നാണു പേര്.

പൗർണ്ണമിയുടെ മുമ്പും പിമ്പും ചന്ദ്രനിലുള്ള ഇരുട്ടും പ്രകാശവും ഒരേ നിലയിൽ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ആദ്യപക്ഷത്തിലുള്ള ഉദയവും രണ്ടാം പക്ഷത്തിലുള്ള അസ്തമയവും അറിയാൻ അവർക്ക് ഒരു ഗണനമുണ്ട്. ചാന്ദ്ര ദിവസങ്ങളെ-പതിനഞ്ചിൽ കൂടിയതോ കുറഞ്ഞതോ-ആക്കാം. ആ രാത്രിയുടെ നാഴികകൊണ്ടു പെരുക്കുക. കിട്ടുന്ന ഫലത്തോടു രണ്ടുകൂടി കൂട്ടി അതിനെ പതിനഞ്ചുകൊണ്ടു ഹരിക്കുക. അപ്പോൾ കിട്ടുന്നതു രാവിന്റെ ആദ്യം മുതൽ ചന്ദ്രൻ അസ്തമിക്കുന്നതുവരെയുള്ള നാഴികകളോ (വെളുത്ത പക്ഷത്തിൽ) രാവിന്റെ ആദ്യം മുതൽ ചന്ദ്രൻ ഉദിക്കാൻ വേണ്ടിവരുന്ന നാഴികകളോ (കറുത്ത പക്ഷത്തിൽ) ആവും. രാത്രിയിൽ ഈ കാലത്തിന്റെ വ്യത്യാസം രണ്ടു നാഴികയാണ്. ഒരു രാത്രി മുപ്പത് നാഴികയത്രെ. ചിലപ്പോൾ അല്പം കൂടുകയും കുറയുകയും ചെയ്യാറുണ്ട്. പകൽ മുപ്പത് നാഴികയായി കണക്കാക്കിക്കിട്ടുന്ന സംഖ്യയെ അതിന്റെ പകുതികൊണ്ടു ഹരിക്കുകയും ചെയ്താൽ ഒരോന്നിനും രണ്ട് നാഴിക കിട്ടുന്നതാണ്. ആ രാത്രിയുടെയും ഒന്നാമത്തെ രാത്രിയുടെയും ആകെയുള്ള നാഴികയുടെ പകുതികൊണ്ട് ഹരിച്ചാൽ ഈ കണക്കു കൂടുതൽ കൃത്യമായിരിക്കുന്നതും രണ്ട് നാഴിക കൂടി കൂട്ടേണ്ട അവസ്ഥ കൂടി ഇല്ലാതിരിക്കുന്നതുമാണ്. കാരണം, അതാണല്ലോ ചന്ദ്രക്കല ഉദിച്ചുകാണുന്ന കാലഭാഗം. മാസങ്ങൾ ഉണ്ടാകുന്നതു ദിവസങ്ങൾ ചേർന്നാകുന്നതുകൊണ്ട് ദിവസങ്ങളുടെ സ്ഥിതിയനുസരിച്ചാവും മാസങ്ങളുടെ നില. ഓരോ മാസവും മുപ്പത് ദിവസമാണ്. എന്നാൽ, ഉദയത്തെ ആസ്പദമാക്കി കൂട്ടുകയാണെങ്കിൽ 'കല്പ'യിലുള്ള ചന്ദ്രമാസമനുസരിച്ച് ഇരുപത്തി ഒമ്പത് ദിവസവും 189,005/356,226 ആയിരിക്കുമത്രെ. കല്പയിലെ ദിവസങ്ങളെ ചാന്ദ്രമാസങ്ങൾ കൊണ്ട് ഹരിച്ചാൽ കിട്ടുന്ന ഉത്തരമാണ് ഇവിടെ കൊടുത്തത്. ചന്ദ്രമാസത്തിന്റെ ദിവസങ്ങൾ മുപ്പത് ആയാണു കണക്കാക്കിയത്. ഒരു മാസത്തിനായി നിശ്ചയിച്ച ദിവസങ്ങൾ മുപ്പതും ഒരു കൊല്ലത്തിനായി നിശ്ചയിച്ച ദിവസങ്ങൾ മുന്നൂറ്റി അറുപതും എന്നതാണ് ഇതിന്റെ പ്രധാന കാരണം. എന്നാൽ, ഉദയത്തെ ആസ്പദമാക്കി നോക്കുമ്പോൾ മുപ്പത് ദിവസവും 13,62,987/31,30,400 വും ആണ്. ഒരു 'പിതൃമാസം' നമ്മുടെ മുപ്പത് മാസം കൂടിയതാണ്. ആ മാസത്തിന്റെ

ഉദയ ദിവസങ്ങൾ 885,163,410/178,111 ഉം ആകുന്നു. ദേവന്മാരുടെ ഒരു മാസം നമ്മുടെ മുപ്പത് വർഷമാണ്. അതിന്റെ ഉദയദിവസങ്ങൾ 10957 241/320 ആകുന്നു. ബ്രഹ്മമാസം അറുപത് കല്പമാണ്. അതിന്റെ ഉദയ ദിവസങ്ങൾ 94,674,987,000,000 ആകുന്നു. പുരുഷമാസം ഇരുപത്തി ഒന്ന് ലക്ഷത്തി അറുപതിനായിരം കല്പവും. ഇത് ഉദയദിവസങ്ങൾ അനുസരിച്ച് 3,408,299,532-നോട് ഒമ്പത് പൂജ്യവും കൂട്ടിച്ചേർത്താൽ കിട്ടുന്ന ദിവസങ്ങളാണ്. 'കഅ'മാസത്തിലെ ഉദയദിവസങ്ങളുടെ സംഖ്യ 94,674,987-നോട് ഇരുപത്തിമൂന്ന് പൂജ്യം കൂട്ടിച്ചേർത്താൽ ലഭിക്കും. ഈ മാസങ്ങളിൽ ഓരോന്നിനെയും പന്ത്രണ്ട് കൊണ്ടു ഗുണിച്ചാൽ കിട്ടുന്നത് അവയുടെ കൊല്ലമായിരിക്കും.

ചന്ദ്രവർഷത്തിലെ ഉദയ ദിവസങ്ങൾ 354 65364/17811 ആണ്. സൂര്യവർഷത്തിലെ ദിവസങ്ങൾ 365 827/3200. പിതൃകൊല്ലം മുന്നൂറ്റി അറുപത് ചാന്ദ്രമാസവും ഉദയദിവസങ്ങൾ 10631 1699/178111 -ഉം ആകുന്നു. 'ദേവവർഷം' നമ്മുടെ മുന്നൂറ്റി അറുപത് കൊല്ലം കൂടിയതും അതിലെ ഉദയദിവസങ്ങൾ 132,493 3/80-ഉം ആകുന്നു. 'ബ്രഹ്മവർഷം' 720 കല്പമാണ്. അതിലെ ഉദയ ദിവസങ്ങൾ 1,136,099,844-നോട് ആറ് പൂജ്യം കൂട്ടിച്ചേർക്കുമ്പോൾ കിട്ടും. 'പുരുഷവർഷം' 25,920,000 കല്പവും അതിന്റെ ഉദയ ദിവസങ്ങൾ 40,899,594,384-നോട് ഒമ്പത് പൂജ്യം കൂട്ടിച്ചേർക്കുമ്പോൾ കിട്ടുന്ന സംഖ്യയുമാകുന്നു. 1,136,099,844- നോട് ഇരുപത്തി മൂന്ന് പൂജ്യം കൂട്ടിച്ചേർത്താൽ കിട്ടുന്ന സംഖ്യയാണു 'കഅ'വർഷത്തിലെ ഉദയദിവസങ്ങൾ. പുരുഷ ദിവസങ്ങൾ കൂട്ടിച്ചേർത്തു വർഷങ്ങളും മറ്റും കണക്കാക്കാറില്ലെന്ന് അവരുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞുകാണുന്നു. പുരുഷൻ അനാദ്യന്തനാണ്. മറ്റുള്ള എല്ലാ വിഭാഗത്തിൽ പെട്ട ദിവസങ്ങൾ കൂട്ടിച്ചേർത്തു മാസങ്ങളും കൊല്ലങ്ങളും കണക്കാക്കുന്നു. പുരുഷൻ പരിശുദ്ധനായതിനാൽ അദ്ദേഹത്തിന്റെ ദിവസങ്ങൾ കൂട്ടിച്ചേർത്തു യാതൊന്നും അവർ ഗണിക്കാറില്ല. പുരുഷനെ സംബന്ധിച്ച് ഇവർക്കുള്ള പോലെ തന്നെയാണു ചില സൂഫീവര്യന്മാർ വിശ്വസിക്കുന്നതും. അദ്ദേഹം അനാദ്യന്തനാണെന്നാണ് അവരുടെയും മതം. ഭൂതഭാവികളുടെ ഗണനം വെറും ഊഹം അടിസ്ഥാനമാക്കിയാണ്. അപ്പോൾ അതേ അടിസ്ഥാനത്തിൽ തന്നെയാവും കൊല്ലങ്ങളും മാസങ്ങളും കണക്കാക്കുക. ഉത്ഭവംകൊണ്ടു തുടങ്ങി നാശംകൊണ്ട് അവസാനിക്കുന്ന ഈ കാലങ്ങൾ നാശമില്ലാത്ത ദൈവത്തിനു യോജിച്ചതല്ലല്ലോ.

അനിവാര്യമല്ലാത്ത ചില കാര്യങ്ങളെ കുറിച്ചു ജനങ്ങൾക്കിടയിൽ അഭിപ്രായ വ്യത്യാസവും അതു സംബന്ധിച്ചു ഭിന്നമായ പ്രസ്താവനകളും ഉണ്ടാവുക എന്നതു സാധാരണയാണല്ലോ. ഇക്കൂട്ടത്തിൽ പെട്ടതാണ് ചില ഇന്ത്യക്കാരിൽനിന്നു ഞാൻ കേട്ട താഴെ ഉദ്ധരിക്കുന്ന വിവ

രണം. അതിന്റെ അടിസ്ഥാനം ഞാൻ ഓർക്കുന്നില്ല. മനുഷ്യരുടെ 33,000 കൊല്ലം ധ്രുവനക്ഷത്രങ്ങളുടെ ഒരു കൊല്ലവും അവരുടെ തന്നെ മുപ്പത്തി ആറായിരം വർഷം ബ്രഹ്മാവിന്റെ ഒരു കൊല്ലവും, 99,000 കൊല്ലം ധ്രുവത്തിന്റെ ഒരു കൊല്ലവും ആവുന്നു. യുദ്ധത്തിനായി നിരന്ന രണ്ട് അണിയുടെ മദ്ധ്യത്തിൽ വാസുദേവൻ അർജ്ജുനനോടു പറഞ്ഞത്: ബ്രഹ്മന്റെ ഒരു ദിവസം രണ്ടു കല്പത്തോടു തുല്ല്യമാണെന്നാണ്. 'ബ്രഹ്മസിദ്ധാന്ത'ത്തിൽ വ്യാസനിൽനിന്നും സ്മൃതിയിൽനിന്നും ഇങ്ങനെ ഉദ്ധരിച്ചു കാണുന്നു: "കല്പം എന്നതു ദേവകിന്റെ (ബ്രഹ്മൻ) ഒരു പകലാണ്. അത്രതന്നെ അദ്ദേഹത്തിന്റെ രാത്രിയുമുണ്ടാവും." ഈ അഭിപ്രായം അടിസ്ഥന രഹിതമാണെന്നു വ്യക്തമാകുന്നു. 36,000 കൊല്ലം കൊണ്ടാണു നിശ്ചലങ്ങളായ നക്ഷത്രങ്ങൾ രാശി മണ്ഡലത്തിൽ ഒരു പ്രാവശ്യം ചുറ്റുന്നത്. അതിനാൽ, നൂറുകൊല്ലം കൊണ്ട് അവ ഒരു ഡിഗ്രി ചുറ്റുന്നുവെന്നും ധ്രുവ നക്ഷത്രങ്ങൾ ഇക്കൂട്ടത്തിൽ പെട്ടതാണെന്നും വരുന്നുണ്ട്. പക്ഷേ, അവരുടെ കഥകളിൽ ധ്രുവനക്ഷത്രങ്ങളെ മറ്റു നിശ്ചല നക്ഷത്രങ്ങളിൽനിന്നു വേർതിരിച്ചാണു കാണിക്കുന്നത്. ഭൂമിയിൽനിന്നുള്ള ഇവയുടെ അകലം മറ്റു നക്ഷത്രങ്ങളുമായി വ്യത്യാസപ്പെട്ട നിലയിലും അവർ വിവരിക്കുന്നു. അപ്പോൾ ധ്രുവനക്ഷത്രങ്ങളുടേതായി അവർ പറയുന്ന ചലനം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തെറ്റാണ്. ചനലമില്ലാത്ത അവയ്ക്കു കൊല്ലം കണക്കാക്കിയതിൽ അവർ പിഴച്ചുപോയിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഈ പ്രസ്താവന ചെയ്ത മനുഷ്യനു ശാസ്ത്രവുമായി യാതൊരു ബന്ധവുമുണ്ടാവാൻ വഴിയില്ല. എങ്കിലും ജ്യോതിശാസ്ത്രത്തിൽ നിപുണനാണെന്നു വരുത്താൻ അദ്ദേഹം കെട്ടിച്ചമച്ചു പറഞ്ഞതാവാം അതെന്നാണ് ഞാൻ ഊഹിക്കുന്നത്.

അധ്യായം 36

'മാനം' എന്നപേരിൽ ഇന്ത്യയിൽ അറിയപ്പെടുന്ന കാലത്തിന്റെ നാലുതരം വിഭാഗങ്ങൾ

'മാനം' അഥവാ 'പ്രമാനം' എന്നാൽ അളവ്, അല്ലെങ്കിൽ വിഭാഗം എന്നാണർത്ഥം. 'തർകീബുൽ അഫ്ലാക്ക്' എന്ന ഗ്രന്ഥത്തിൽ യഅ്ഖൂബ് ബിൻ ത്വാരിഖ് ഖണ്ഡിതമല്ലാതെയും വിഭിന്നമായ രീതിയിലും പറഞ്ഞതാണ് ഈ നാലു വിഭാഗങ്ങൾ. അവ:

1. സൗര്യമാനം (സൂര്യ അളവ്)
2. സാവനമാനം (ഉദയ അളവ്)
3. ചന്ദ്രമാനം (ചന്ദ്ര അളവ്)
4. നക്ഷത്ര മാനം (ഞാറ്റുവേല അളവ്)

ഇവ ഓരോന്നിൽനിന്നും അതിന്റെ സ്വന്തമായ ദിവസങ്ങളുണ്ടാകുന്നു. ഒരോന്നും മറ്റൊന്നിനോടു താരതമ്യപ്പെടുത്തി നോക്കിയാൽ ദിവസങ്ങളുടെ അളവുകളിൽ വ്യത്യാസമുള്ളതായി കാണാം. മുന്നൂറ്റി അറുപത് എന്നത് ഇവ ഓരോന്നിലും പൊതുവായ സംഖ്യയാണ്. ഉദയ ദിവസങ്ങൾ മറ്റുള്ള ദിവസങ്ങളെ നിർണ്ണയിക്കാനുള്ള അടിസ്ഥാനമാണ്. ഒരു 'സൗരമാന'ത്തെ ഉദയദിവസംകൊണ്ട് കണക്കാക്കുകയാണെങ്കിൽ അത് 365 827/3,600 ദിവസം ആകുന്നു. ഇതിനെ മുന്നൂറ്റി അറുപതുകൊണ്ട് ഹരിച്ചാൽ, അല്ലെങ്കിൽ പത്ത് വിനാഴികകൊണ്ട് പെരുക്കിയാൽ 1 5,609/384,000 ഉദയദിവസം കിട്ടുന്നു. ഇതാണ് ഒരു ദിവസത്തിന്റെ അളവ്.

'സാവനമാനം' എന്നതു വാരദിവസങ്ങളെ കണക്കാക്കാനായി നിശ്ചയിച്ച ഒരു ദിവസമാണ്. ചന്ദ്രമാസത്തിനു 'തിഥി' എന്നും പറഞ്ഞുവരുന്നു. അതിന്റെ വർഷത്തെ മുന്നൂറ്റി അറുപതുകൊണ്ടോ അതിന്റെ മാസത്തെ മുപ്പതുകോണ്ടോ ഹരിച്ചാൽ ഒരു ചന്ദ്രദിവസം, അഥവാ സൂര്യദിവസത്തിന്റെ 10,519,443/10,686,660 ആണെന്നു കിട്ടും. ആ സംഖ്യയാണ് സൂര്യനുമായി അകന്നുനിൽക്കുമ്പോൾ ചന്ദ്രനെ

കാണാൻ വേണ്ടി വരുന്നതെന്നു വിഷ്ണുധർമ്മത്തിൽ പറഞ്ഞിട്ടുണ്ട്.

'നക്ഷത്രമാനം' എന്നതു ചന്ദ്രൻ അതിന്റെ ഇരുപത്തി ഏഴ് ഞാറ്റുവേലകൾ തരണം ചെയ്യുന്ന കാലമാണ്. അത് 27 11,259/35,002 ദിവസമാണ്. അതായത്, കല്പ ദിവസങ്ങളെ അതിലെ ചന്ദ്രന്റെ ഗതി കൊണ്ടു ഹരിച്ചാൽ കിട്ടുന്ന സംഖ്യ. ഇതിനെ ഇരുപത്തി ഏഴ് കൊണ്ടു ഹരിച്ചാൽ ഒരു ഞാറ്റുവേല തരണം ചെയ്യാൻ അതിന് 1,417/35,002 ദിവസം വേണ്ടി വരുമെന്നു കാണാം. ഇതിനെ പന്ത്രണ്ട് കൊണ്ടു പെരുക്കിയാൽ ഉദയ ദിവസമനുസരിച്ച് 327 15,051/17501 എന്നു കിട്ടും. ചന്ദ്രൻ ഞാറ്റുവേലകളെല്ലാം തരണം ചെയ്തു തീർക്കുന്ന കാലത്തെ മുപ്പതു കൊണ്ടു ഹരിച്ചാൽ ഉദയ ദിവസത്തിന്റെ 318,771/350,020 ലഭിക്കുന്നതാണ്. ഇതാണ് ഞാറ്റുവേല അനുസരിച്ചുള്ള ദിവസത്തിന്റെ ചന്ദ്രന്റെ അളവ്. ഇതിനും പുറമേ, വിഷ്ണുധർമ്മത്തിന്റെ കർത്താവു പറയുന്നത്: ഒരു നക്ഷത്ര മാസം ഇരുപത്തി ഏഴ് ദിവസമാണെന്നും മറ്റുള്ള അളവുകളുടെ മാസങ്ങൾ മുപ്പത് ആണെന്നും ഇതിനോട് ഒരു കൊല്ലം കൂട്ടുകയാണെങ്കിൽ 327 15,051/17,501 ദിവസം ആകുമെന്നുമാണ്.

കല്പത്തെയും ചതുർയുഗങ്ങളെയും കണക്കാക്കാനാണ് 'സൗരമാനം' ഉപയോഗിക്കാറ്. ജനനത്തീയതികൾ, മദ്ധ്യരേഖയിലും ഉത്തരായന, ദക്ഷിണായന രേഖകളിലും സൂര്യൻ എത്തുന്ന സമയം, രാപ്പകലുകളിലുള്ള വ്യത്യാസം മുതലായവ കണക്കാക്കാനും സൂര്യവർഷങ്ങളും മാസങ്ങളും ദിവസങ്ങളുമാണ് ഉപയോഗപ്പെടുത്തുന്നത്. പതിനൊന്ന് 'കർണ്ണങ്ങൾ' കണക്കാക്കാനും മാസത്തിന്റെ കുറവു മനസ്സിലാക്കാനും കുറഞ്ഞ ദിവസങ്ങളുടെ ആകെത്തുക അറിയാനും വാവ്, ഗ്രഹണം, തുടങ്ങിയവയുടെ സമയം കുറിക്കാനും 'തിഥി' എന്ന പേരിലറിയപ്പെടുന്ന ചന്ദ്രവർഷങ്ങളും ദിവസങ്ങളും ഉപയോഗിച്ചുവരുന്നു. വാരം (ആഴ്ച), ചരിത്രദിനങ്ങൾ, മരങ്ങൾ നടുക, വ്രതമനുഷ്ഠിക്കുക മുതലായവയ്ക്കുള്ള സമയം, സ്ത്രീകളുടെ ആർത്തവ കാലം, മരിച്ചവരുടെ വീടുകളും പാത്രങ്ങളും അശുദ്ധമാകുന്ന കാലം, മരുന്നു സേവിക്കാൻ വൈദ്യന്മാർ നിശ്ചയിക്കുന്ന സമയം, ബ്രാഹ്മണന്മാർ ദൃഢമായി വിശ്വസിക്കുന്ന പ്രായശ്ചിത്തത്തിനുള്ള ദിവസം ഇവ 'സാവനമാനം' കൊണ്ടാണു നിശ്ചയിക്കാറ്. ഓരോ കാലഘട്ടങ്ങളുടെയും ദിവസങ്ങൾക്ക് വിവിധ പേരുകൾ പറയാറുണ്ട്. കാലത്തിന്റെ വിഭാഗങ്ങളെ അവർ പലരൂപത്തിൽ കണക്കാക്കുന്നുണ്ടെങ്കിലും അവയിൽ പ്രധാനമായവ സംക്ഷിപ്തമായി മേലുദ്ധരിച്ച നാല് വിഭാഗങ്ങളാണ്.

അധ്യായം 37

കൊല്ലങ്ങളുടെയും മാസങ്ങളുടെയും പേരുകൾ

രാശിമണ്ഡലങ്ങളിലൂടെയുള്ള സൂര്യന്റെ ഒരു പ്രാവശ്യത്തെ ചുറ്റൽ കൊണ്ടാണ് ഒരു കൊല്ലം തികയുന്നതെന്നു വരുമ്പോൾ രാശിമണ്ഡല വിഭാഗമനുസരിച്ച് ഒരു കൊല്ലവും വിഭക്തമാകുന്നു. 'ഉത്തരായന ബിന്ദു'കൊണ്ടും 'ദക്ഷിണായന ബിന്ദു'കൊണ്ടും രാശികളെ രണ്ടായി വിഭജിക്കുകയും അതനുസരിച്ചു കൊല്ലവും രണ്ട് വിഭാഗമാവുകയും ചെയ്യുന്നു. ഓരോ വിഭാഗത്തിനും 'അയനം' എന്നാണു പറയുന്നത്. തെക്കെ അയനബിന്ദു കടന്നുകഴിഞ്ഞാൽ സൂര്യൻ വടക്കെ ധ്രുവത്തിലേക്കു ചരിക്കുകയും ഈ കാലഘട്ടത്തിന് 'ഉത്തരായനം' എന്നു പറയുകയും ചെയ്യുന്നു. മകരരാശി മുതൽ ആറ് രാശികളെയാണ് സൂര്യൻ ഈ ഘട്ടത്തിൽ തരണം ചെയ്യുന്നത്. അതിനാൽ, ഈ വിഭാഗത്തിന് 'മകാരാദി' (മകരം മുതൽ ആരംഭിക്കുന്ന കാലഘട്ടം) എന്നാണ് പേര്. സൂര്യൻ വടക്കെ അയനബിന്ദു കടന്നുകഴിഞ്ഞാൽ തെക്കെ ധ്രുവത്തിനു നേരെ ചരിക്കാൻ തുടങ്ങുകയും ആ കാലഘട്ടത്തിന് 'ദക്ഷിണായന'മെന്നു പറയുകയും ചെയ്യുന്നു. കർക്കിടകം മുതൽ ആറ് രാശിയിലാണ് ഈ അവസരത്തിൽ സൂര്യൻ ചരിക്കുന്നത്. അതിനാൽ, 'കർക്കിടാദി' (കർക്കിടകം മുതൽ ആരംഭിക്കുന്ന) എന്ന പേരാണ് ഈ കാലത്തിന്.

സൂര്യൻ അയനബിന്ദുക്കളിൽനിന്നു മടങ്ങിവരുന്നതു നേരിട്ടു കാണാവുന്നതുകൊണ്ടാണ് ഇങ്ങനെ ഒരു കൊല്ലത്തെ രണ്ട് കാലഘട്ടമായി സാധാരണക്കാർ കണക്കാക്കിയത്. രാശി മണ്ഡലങ്ങൾ മദ്ധ്യരേഖയുടെ വടക്കും തെക്കുമായി നിലകൊള്ളുന്നതനുസരിച്ചും കൊല്ലം വിഭജിക്കപ്പെടുന്നുണ്ട്. ഈ വിഭജനം സാധാരണക്കാർക്കു മനസ്സിലാക്കാൻ പ്രയാസമുള്ളതാകയാൽ ഇതിന് അവർക്കിടയിൽ പ്രചാരമില്ല. ഇവയിൽ ഓരോ വിഭാഗത്തിനും 'കുലം' എന്നു പറയുന്നു. മദ്ധ്യരേഖക്കു വടക്കായി സ്ഥിതിചെയ്യുന്ന വിഭാഗത്തിന് 'ഉത്തരകുല'മെന്നും 'മേടാദി' (മേടം മുതൽ ആരംഭിക്കുന്നത്) എന്നും പറയുന്നു. മദ്ധ്യരേഖയുടെ

തെക്കായി സ്ഥിതിചെയ്യുന്ന വിഭാഗത്തിനു 'ദക്ഷിണകുലമെന്നും' 'തുലാദി' (തുലാം മുതൽ ആരംഭിക്കുന്ന) എന്നുമാണ് പേര്. ഈ രണ്ടുതരം വിഭജനത്താൽ രാശിമണ്ഡലം നാലു വിഭാഗമാകുന്നു. അവ യത്രെ നാല് ഋതുക്കൾ. (വസന്തം, ഹേമന്തം, ഗ്രീഷ്മം, ശിശിരം) ഇവ യുടെ രാശികളും അതേ പേരിലാണ് അറിയപ്പെടുന്നത്. പക്ഷേ, ഇന്ത്യ ക്കാർ ഒരു കൊല്ലത്തെ ആറ് ഋതുക്കളായി കണക്കാക്കുന്നു. ഓരോ ഋതുവും രണ്ട് സൂര്യമാസങ്ങൾ കൂടിയതാണ്. അവയുടെയും അവയി ലോരോന്നിന്റെ പാലകൻമാരുടെയും പേരുകൾ കാണിക്കുന്ന ഒരു പട്ടിക താഴെ കൊടുക്കുന്നു.

സോമനാഥത്തിലെ അതിർത്തി പ്രദേശക്കാർ ഒരു കൊല്ലത്തെ മുന്ന് ഋതുക്കളായി ഭാഗിച്ചിരിക്കുന്നുവെന്നു കേട്ടിട്ടുണ്ട്. ഓരോ ഭാഗവും നാലു മാസം വീതമാണ്. ആദ്യത്തേത് വർഷകാലം, അത് ആഷാഢമാസം മുതൽ ആരംഭിക്കുന്നു. രണ്ടാമത്തേത് ശീതകാലവും മൂന്നാമത്തേത് ഉഷ്ണകാലവുമാണ്.

ദേവന്മാരുടെ ഉത്തരായന കാലം	ഋതുരാശികൾ	മകരം കുഭം	മീനം മേടം	എടവം മിഥുനം
	ഋതുക്കളുടെ നാമങ്ങൾ	ശിശിരം	വസന്തം (കുസ്മാകരം)	ഗ്രീഷ്മ (നാദഗു)
	ഋതുപാലകർ	നാരദൻ	അഗ്നി	ദേവേന്ദ്രൻ

മിത്രന്മാരുടെ ദക്ഷിണായന കാലം	വൃശ്ചികം ധനു	കന്നി തുലാം	കർക്കിടകം ചിങ്ങം	ഋതുരാശികൾ
	ശിശിരം	വസന്തം (കുസ്മാകരം)	ഗ്രീഷ്മ (നാദഗു)	ഋതുക്കൾ
	നാരദൻ	അഗ്നി	ദേവേന്ദ്രൻ	ഋതുപാലകർ

അവർ രണ്ട് അയനബിന്ദുവിൽ ചേരുന്ന വ്യാസത്തെ ആറായി ഭാഗി ക്കുകയും അതനുസരിച്ചു വരുന്ന വൃത്താംശങ്ങളെ ഋതുക്കളായി കണ ക്കാക്കുകയും ചെയ്തുവെന്നാണ് ഞാൻ ഊഹിക്കുന്നത്. എന്നാൽ, മാസ ങ്ങളെ അവർ രണ്ടായി ഭാഗിക്കാറുള്ളതു സൂര്യന്റെയും സമ്മേളനാവ സ്ഥയും അഭിമുഖാവസ്ഥയും കണക്കാക്കിയാണ്. ഓരോ അർദ്ധമാസ ത്തിനും ഓരോ പാലകനുള്ളതായി 'വിഷ്ണുധർമ്മ'ത്തിൽ പറയുന്നു ണ്ട്. ഒരു പട്ടികയായി അതിവിടെ വിവരിക്കാം:

മാസങ്ങൾ	വെളുത്തപക്ഷപാലകന്മാർ	കറുത്തപക്ഷ പാലകന്മാർ
1. ചൈത്രം	ദുവർത്തരൻ	യമ്മു
2. വൈശാഖം	ഇന്ദ്രാഗ്നി	അഗ്നി
3. ജ്യേഷ്ഠം	ശുക്രൻ	രുദ്രൻ
4. ആഷാഢം	വിശ്വദേവൻ	സർപ്പം
5. ശ്രാവണം	വിഷ്ണു	പിതൃ
6. ഭാദ്രം	ആച്ചു	സാനിത്
7. ആശ്വീനം	ആശൂൻ	മയേന്ത്രം
8. കാർത്തികം	ഇഗ്നു	ചക്രം
9.അഗ്രഹായണം	സോം	നാരദൻ
10. പൗഷം	ജീവ്	വിഷണു
11. മാഘം	പിതൃ	വർണ്ണൻ
12. ഫാൽഗുനം	ഭഗ്	പൗഷം

അധ്യായം 38

ബ്രഹ്മാവിന്റെ ആയുഷ്കാല സമാപ്തം വരെയുള്ള ദിവസങ്ങളുടെ ഘടിതം

ഇന്ത്യക്കാർ 'നഹാറി'ന് ദിവസമെന്നും 'ലൈലിന് രാത്രിയെന്നും പറയുന്നു. രണ്ടും കൂടിയതിന് 'അഹോരാത്രി' എന്നും ഒരു മാസത്തിന്റെ പകുതിക്ക് 'പക്ഷം' എന്നും ആദ്യത്തെ പകുതിക്ക് 'വെളുത്തപക്ഷം' (ശുക്ലപക്ഷം) എന്നും പറഞ്ഞുവരുന്നു. ഈ പക്ഷത്തിലെ രാത്രിയുടെ ആദ്യഭാഗങ്ങളിൽ ചന്ദ്രൻ പ്രകാശിക്കുകയും അതു പ്രതിദിനം അധികമായും ഇരുട്ട് കുറഞ്ഞുവരികയും ചെയ്യുന്നതുകൊണ്ടാണ് ആ ഭാഗത്തിന് 'വെളുത്ത പക്ഷം' എന്നു പേരുണ്ടായത്. മറ്റേ പകുതിക്ക് 'കറുത്ത പക്ഷം (കൃഷ്ണപക്ഷം) എന്നും പറയുന്നു. കാരണം, ഈ പക്ഷത്തിലെ രാത്രിയുടെ ആദ്യഭാഗങ്ങളിൽ ഇരുട്ട് കൂടി വരികയും ദിനം തോറും ചന്ദ്രപ്രകാശം കുറഞ്ഞുവരികയും ചെയ്യുന്നു.

രണ്ട് മാസം കൂടിയതിന് 'ഋതു' എന്നു പറയുന്നു. ആറ് ഋതുവാണ് ഒരു സൂര്യവർഷം. ജനങ്ങൾ എണ്ണിവരുന്ന മുന്നൂറ്റി അറുപത് വർഷം ദേവന്മാരുടെ ഒരു വർഷമാണ്. ഇതിന് 'ദിവ്യപ്രഹ' എന്നും പറയാറുണ്ട്. ദേവന്മാരുടെ പന്തീരായിരം വർഷം ഒരു 'ചതുർയുഗ'മാണ്. ഇതിൽ അഭിപ്രായ വ്യത്യാസമില്ലെങ്കിലും അവയുടെ നാല് വിഭാഗങ്ങളിലും അവയുടെ ഇരട്ടി കൂടിച്ചേർന്നുണ്ടാകുന്ന 'മന്നേന്ദ്ര'ത്തിലും 'കല്പ'ത്തിലും അഭിപ്രായവ്യത്യാസമുണ്ട്. രണ്ടു കല്പം ബ്രഹ്മാവിന്റെ ഒരു ദിവസമാണ്. രണ്ട് കല്പം എന്നു പറഞ്ഞാലും ഇരുപത്തി എട്ട് മന്നേന്ദ്രം എന്നു പറഞ്ഞാലും അതിന്റെ മുന്നൂറ്റി അറുപത് ഇരട്ടി ബ്രഹ്മാവിന്റെ ഒരു കൊല്ലത്തോടു തുല്ല്യമായിരിക്കും. അത് എഴുന്നൂറ്റി ഇരുപത് കല്പമോ പതിനായിരത്തി എൺപത് മന്നേന്ദ്രമോ ആയിരിക്കും. പിന്നീട് ബ്രഹ്മാവിന്റെ ആയുഷ്കാലത്തെ കുറിച്ച് ഇങ്ങനെ പറഞ്ഞു കാണുന്നു: ബ്രഹ്മവർഷത്തിന്റെ നൂറ് കൊല്ലമാണ് അദ്ദേഹത്തിന്റെ ആയുസ്സ്. അപ്പോഴത്

എഴുപത്തിരണ്ടായിരം കല്പമോ ഒരു ലക്ഷത്തി എട്ടായിരം മന്വന്ദ്രമോ ആയിരിക്കും. ഇത്ര മാത്രമേ ഈ വിഷയത്തിൽ നാം ഇവിടെ ഉദ്ധരിക്കുന്നുള്ളൂ.

'വിഷ്ണുധർമ്മ'ത്തിൽ മാർക്കണ്ഡേയനിൽനിന്ന് ഇങ്ങനെ ഉദ്ധരിച്ചു കാണുന്നു: "കല്പ എന്നതു ബ്രഹ്മാവിന്റെ ഒരു പകലാണ്. അത്രതന്നെയാണ് അദ്ദേഹത്തിന്റെ രാത്രിയും." അപ്പോൾ എഴുനൂറ്റി ഇരുപത് കല്പമാണ് അദ്ദേഹത്തിന്റെ (ബ്രഹ്മാവിന്റെ) ഒരു കൊല്ലം. ഈ രൂപത്തിലുള്ള നൂറ് കൊല്ലമത്രെ ബ്രഹ്മാവിന്റെ ആയുഷ്കാലം. ഈ നൂറ് കൊല്ലം പുരുഷന്റെ ഒരു പകലും ഒരു രാത്രിയും ഇത്രയും കാലമുണ്ടായിരിക്കും. ഗംഗാനദിയുടെ മണൽത്തരികളും വെള്ളത്തുള്ളികളും കണക്കാക്കാൻ കഴിയുന്നവനല്ലാതെ ബ്രഹ്മന്റെ മുമ്പു കഴിഞ്ഞുപോയ കാലം നിർണ്ണയിക്കാൻ സാധ്യമല്ല."

അധ്യായം 39

ബ്രഹ്മാവിന്റെ ആയുസ്സിനേക്കാൾ ദീർഘമായ കാലഘട്ടങ്ങൾ

വ്യവസ്ഥാപിതമല്ലാത്തതും ആദ്യം പ്രസ്താവിച്ചതിനോട് എതിരായി കാണുന്നതുമായ ഒന്നിനെ സ്വാഭാവികമായിത്തന്നെ ജനം വെറുക്കുകയും പുച്ഛരസത്തോടെ വീക്ഷിക്കുകയും ചെയ്യുന്നതാണ്. വളരെ അധികം പേരുകളെ സംബന്ധിച്ച് അവർ 'അനാദി,' ഏകം എന്നു വിശേഷിപ്പിക്കുകയും പിന്നീട് ആ പേരുകളെല്ലാം വിവിധ വസ്തുക്കളുടെതായി സങ്കല്പിക്കുകയും ചെയ്യുന്നു. അങ്ങനെ അവയുടെ ആയുഷ്കാലം പലരൂപത്തിലും പല കണക്കിലുമായി നിർണ്ണയിക്കുകയും സംഖ്യ എത്രയും കൂട്ടിപ്പറയുകയും ചെയ്യുന്നതായി കാണാം. എങ്ങനെ പറഞ്ഞാലും സംഖ്യ തീരുകയില്ലല്ലോ. ഈ വക പ്രസ്താവനകളിലൊന്നും തന്നെ അവരുടെ ഇടയിൽ ഐക്യം കാണുകയില്ല. അതിനാൽ, ഏകാഭിപ്രായ വിഷയങ്ങൾ അവരിൽനിന്ന് ഉദ്ധരിക്കാൻ തുലോം കുറവാണ്. അതിനൊരു ഉദാഹരണമാണ് ദിവസത്തിന്റെ 'ശ്വാസ'ത്തെക്കാൾ ചെറിയ വിഭാഗങ്ങളുടെ കല്പനം:

ഉപ്പലിന്റെ 'സർവ്വഥ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം കാണാം: 'മന്നേന്ദ്രൻ' എന്നതു ദേവേന്ദ്രന്റെ ആയുഷ്കാലമാണ്. ഇരുപത്തി എട്ട് മന്നേന്ദ്രം (മന്വന്തരം) ബ്രഹ്മാവിന്റെ ഒരു ദിവസവും അദ്ദേഹത്തിന്റെ ആയുഷ്ക്കാലം നൂറ് കൊല്ലവുമാണ്. ഇതത്രെ കേശവന്റെ ഒരു ദിവസം. അദ്ദേഹത്തിന്റെ ആയുഷ്ക്കാലവും നൂറ് കൊല്ലമാണ്. ആ നൂറ് കൊല്ലം ദേവന്റെ ഒരു ദിവസവും അദ്ദേഹത്തിന്റെ ആയുഷ്ക്കാലം അതുപ്രകാരം നൂറ് കൊല്ലവുമാണ്. അത് ഈശ്വരന്റെ ഒരു ദിവസവും അതനുസരിച്ചുള്ള നൂറ് കൊല്ലം അദ്ദേഹത്തിന്റെ ആയുസ്സുമാണ്. ഇതെല്ലാം കൂടി സദാശിവന്റെ ഒരു ദിവസ്മാകുന്നു. അദ്ദേഹത്തെ ആയുഷ്ക്കാലം ഇപ്രകാരമുള്ള നൂറ് കൊല്ലമത്രെ. ഇതെല്ലാംകൂടി അനാദ്യന്തനായ വിരേ

ഞ്ജന്റെ ഒരു ദിവസമാകുന്നു.

ബ്രഹ്മാവിന്റെ ആയുഷ്ക്കാലം എഴുപത്തിരണ്ടായിരം കല്പമാണെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. നാം ഈ പറഞ്ഞതെല്ലാം കല്പസംഖ്യകളാണ്. ഈ ആയുഷ്ക്കാലം കേശവന്റെ ഒരു ദിവസമാണെന്നു വരുമ്പോൾ ഒരു കൊല്ലം മുന്നൂറ്റി അറുപത് ദിവസമാണെന്ന കണക്കു പ്രകാരം കേശവന്റെ ഒരു കൊല്ലം 25,920,000 ആകും. ഇതിൽ രണ്ട് പൂജ്യം കൂടി ചേർത്താൽ അദ്ദേഹത്തിന്റെ ആയുഷ്ക്കാലം ലഭിക്കുന്നതാണ്. ഈ കാലം മഹാദേവന്റെ ഒരു ദിവസമാണെന്നു വരുമ്പോൾ മഹാദേവന്റെ ആയുഷ്ക്കാലം 93(3)3,12-നോട് ഒമ്പത് പൂജ്യം ചേർത്താലുണ്ടാകുന്ന സംഖ്യയാകും. ഇതെല്ലാം കൂടി ഈശ്വരന്റെ ഒരു ദിവസമാണെന്നു വന്നാൽ ഈശ്വരന്റെ ആയുഷ്കാലം നിർണ്ണയിക്കാൻ 3,359,232 നോടു പന്ത്രണ്ട് പൂജ്യം ചേർക്കേണ്ടി വരും. ഇതെല്ലാം കൂടി സദാശിവന്റെ ഒരു ദിവസമാണല്ലോ. അപ്പോൾ അദ്ദേഹത്തിന്റെ ആയുഷ്ക്കാലം 120,982,352-നോട് പതിനഞ്ച് പൂജ്യം ചോർത്താലുണ്ടാകുന്ന സംഖ്യയാകും. ഇതെല്ലാം കൂട്ടിച്ചേർത്താൽ വിരേഞ്ജന്റെ ഒരു ദിവസമാകുന്നു.

'പ്രാർത്ഥകല്പ' ഇതിന്റെ ചെറിയ ഒരു വിഭാഗം മാത്രമാണ്. യാഥാർത്ഥ്യം എങ്ങനെയായാലും ഇതു വ്യവസ്ഥാപിതമായ ഒരു പ്രസ്താവനയാണ്. ദിവസവും നൂറ്റാണ്ടും അനുസരിച്ചുള്ള വ്യത്യാസമാണല്ലോ മേൽ പ്രസ്താവിച്ച ഓരോന്നിലും കാണുന്നത്. പക്ഷേ, മറ്റു ചിലർ ദിവസത്തിന്റെ ചെറിയ ഭാഗങ്ങൾകൊണ്ടാണ് ദേവന്മാരുടെ ദിവസവും ആയുഷ്ക്കാലവും കണക്കാക്കുന്നത്. അതുകൊണ്ട് അവരുടെ ഇടയിൽ അഭിപ്രായവ്യത്യാസം വന്നിട്ടുണ്ട്. അതിന് ഒരു ഉദാഹരണം ഇവിടെ ഉദ്ധരിക്കാം: ഒരു ഘടി = 16 കലയും ഒരു കല = 30 കാഷ്തും, ഒരു കാഷ്ത് = 30 നമിഷവും, ഒരു നമിഷം = 2 ലവവും, ഒരു ലവം = 2 ധ്രുധിയും ആണ്. ഇങ്ങനെ ഭാഗിക്കാനുള്ള കാരണം ശിവന്റെ ദിവസം ഈ തരത്തിലുള്ള വിഭാഗങ്ങൾ കൂടിച്ചേർന്നതു കൊണ്ടാണെന്നാണ് അവർ പറയുന്നത്. ബ്രഹ്മാവിന്റെ ആയുഷ്ക്കാലവും വാസുദേവന്റെ ഒരു ഘടിയും-അദ്ദേഹത്തിന്റെ ആയുഷ്ക്കാലമായ നുറ്കൊല്ലവും-മഹാദേവന്റെ ഒരു കലയും അദ്ദേഹത്തിന്റെ ആയുഷ്ക്കാലമായ നൂറ് കൊല്ലവും ഈശ്വരന്റെ ഒരു കാഷ്തും ആണ്. ഇത്തരത്തിലുള്ള നൂറ് കൊല്ലമാണ് ഈശ്വരന്റെ ആയുഷ്ക്കാലം. ഇതെല്ലാം കൂടി സദാശിവന്റെ ഒരു നിമിഷവും ഇദ്ദേഹത്തിന്റെ ആയുഷ്കാലം അതനുസരിച്ചുള്ള നൂറ് കൊല്ലവും ഇതെല്ലാം കൂടി ചേർന്നു 'ശക്തി'യുടെ ഒരു ലവവും, അങ്ങനെയുള്ള നൂറ് കൊല്ലം അദ്ദേഹത്തിന്റെ ആയുഷ്ക്കാലവും, അതു ശിവന്റെ ഒരു 'ധ്രുതി'യുമാണ്. ബ്രഹ്മാവിന്റെ ആയുഷ്ക്കാലം എഴുപത്തിരണ്ടായിരം കല്പമാണെന്നു വരുമ്പോൾ നാരായണന്റെ വയസ്സ്

15,552,00,00,000-ഉം രുദ്രന്റെ വയസ്സ് 5,37,47,712-നോടു പതിനൊന്ന് പൂജ്യം ചേർത്താലുണ്ടാകുന്ന സംഖ്യയും ഈശ്വരന്റെ വയസ്സ് 55,725,62,78,016 ലേക്ക് പതിനാറ് പൂജ്യം ചേർത്താലുണ്ടാകുന്ന സംഖ്യയും സദാശിവന്റെ 173,32,89,927,14,09,664-നോട് ഇരുപത്തി രണ്ട് പൂജ്യം ചേർത്താലുണ്ടാകുന്ന സംഖ്യയുമാണ്. ശക്തിയുടേത് 1,07,82,449,97,87,585,23,78,112 -നോട് ഇരുപത്തി എട്ട് പൂജ്യം ചേർത്താലുണ്ടാക്കുന്ന സംഖ്യയുമാണ്. ഈ തുക ഒരു ധ്രുതിയാണെന്നു ഗണിച്ച് അതിൽനിന്ന് ഒരു ദിവസം നിർണ്ണയിച്ച് 3,726,41,47,126,58,94,581,87,55,072- നോട് മുപ്പത്തി ഒന്ന് പൂജ്യം ചേർത്താലുണ്ടാകുന്ന ദിവസങ്ങളാണ് ശിവന്റെ ഒരു ദിവസം. ശിവൻ ആദിയില്ലാത്തവനും ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്യാത്തവനും സൃഷ്ടികൾക്കുള്ള എല്ലാ ഗുണങ്ങൾക്കും അധീനനുമാണെന്നാണ് അവർ വിവരിക്കുന്നത്. മേൽ കൊടുത്ത സംഖ്യയുടെ സ്ഥാനങ്ങൾ അമ്പത്തി ആറ് ആണ്. ഈ വിവരണ കർത്താക്കൾ ശരിയായ കണക്ക് ഉപയോഗിച്ചിരുന്നുവെങ്കിൽ ഇത്രയധികം സ്ഥാനങ്ങൾ ഉപയോഗിക്കേണ്ടിവരുമായിരുന്നില്ല.

അധ്യായം 40

സമയ വിഭാഗങ്ങൾ തമ്മിലുള്ള സന്ധി

രാവിന്റെയും പകലിന്റെയും ഇടയിലുള്ളതാണ് അടിസ്ഥാനപരമായ 'സന്ധി.' പ്രഭാതത്തിന് 'ഉദയസന്ധി' എന്നും അസ്തമയത്തിന് അസ്തമയ സന്ധി എന്നുമാണ് അവർ പറയുന്നത്. ഈ സന്ധികൾക്ക് അവർ മതപരമായ പ്രാധാന്യം കല്പിക്കുന്നുണ്ട്. പ്രസ്തുത സമയങ്ങളിലാണു ബ്രാഹ്മണർ സ്നാനം ചെയ്യുന്നത്. ഭക്ഷണ സമയം ഇവ രണ്ടിന്റെയും ഇടയ്ക്കുള്ള മദ്ധ്യാഹ്ന സമയത്തായതിനാൽ അതിനെ മൂന്നാമത്തെ സന്ധിയായി സാധാരണക്കാരിൽ ചിലർ കണക്കാക്കാറുണ്ട്. കാര്യവിവരമുള്ളവർ മേലുദ്ധരിച്ച രണ്ട് സന്ധി മാത്രമാണു പരിഗണിക്കുന്നത്. ദൈത വർഗ്ഗത്തിൽ പെട്ട ഹിരണ്യകശിപു എന്ന രാജാവിനെ കുറിച്ചു പുരാണങ്ങളിൽ ഇങ്ങനെ ഒരു ഐതിഹ്യം കാണുന്നു. അദ്ദേഹം ദൈവഭക്തിയിലും ആരാധനയിലും മുഴുകിയതിന്റെ ഫലമായി ഉന്നത സ്ഥാനം കരസ്ഥമാക്കുകയും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന മഹാനാവുകയും ചെയ്തു. തനിക്ക് ശാശ്വതജീവിതം ഈ ലോകത്തുതന്നെ തരാൻ അദ്ദേഹം ദൈവത്തോട് ആവശ്യപ്പെട്ടപ്പോൾ ദൈവം അദ്ദേഹത്തിന്റെ ആയുഷ്കാലം നീട്ടിക്കൊടുത്തു. കാരണം, ശാശ്വതത്വം ദൈവത്തിന്റെ മാത്രം ഗുണമാണ്. ശാശ്വത ജീവിതം ഇല്ലെങ്കിൽ മനുഷ്യന്റെയും ഭൂതത്തിന്റെയും ദേവന്റെയും കൈകൊണ്ടാവരുത് തന്റെ മരണമെന്നും മാത്രമല്ല അത് ആകാശത്തും ഭൂമിയിലും രാത്രിയിലും പകലിലുമാവരുതെന്നും അദ്ദേഹം ദൈവത്തോട് ആവശ്യപ്പെട്ടു. മരണത്തിൽനിന്നു രക്ഷ നേടണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. അതു നിറവേറ്റാമെന്നു ദൈവം ഏറ്റു. ആദ്യപിശാച് (ഇബ്ലീസ്) അവസാന നാൾവരെ തന്റെ ആയുസ്സ് നീട്ടിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അങ്ങനെ ആകാമെന്നു ദൈവം ഉറപ്പുകൊടുത്തുവെന്നതു പോലെയാണിത്. ആ രാജാവിനു പ്രഹ്ളാദൻ എന്നൊരു പുത്രനുണ്ടായിരുന്നു. പഠിക്കുവാനായി അവനെ അദ്ദേഹം ഗുരുനാഥന്റെ അടുക്കൽ അയക്കുകയുണ്ടായി. കുറേ

പഠിച്ചു മിടുക്കനായപ്പോൾ പിതാവ് അവനെ വിളിച്ചു പഠിച്ചതിനെ കുറിച്ച് അന്വേഷിച്ചു. അപ്പോൾ കുട്ടി 'വിഷ്ണുവല്ലാതെ ഒന്നുമില്ല, മറ്റെല്ലാം നശ്വരമാണ്' എന്ന അർത്ഥത്തിൽ ഒരു പദ്യം ചൊല്ലിക്കേൾപ്പിച്ചു. അദ്ദേഹം വിഷ്ണുവിനെ വെറുത്തിരുന്നു. അതിനാൽ പ്രസ്തുത ഗുരുനാഥനെ മാറ്റാൻ അദ്ദേഹം കല്പിക്കുകയും ശത്രുമിത്രഭേദം മനസ്സിലാക്കാൻ അവനെ ഉപദേശിക്കുകയും ചെയ്തു. കുറച്ചു നാൾ കഴിഞ്ഞു വീണ്ടും അദ്ദേഹം മകനെ വിളിച്ച് അന്വേഷിച്ചു. കുട്ടി ഇങ്ങനെ അദ്ദേഹത്തോടു പറഞ്ഞു: അവിടുന്ന് കല്പിച്ചപോലെയെല്ലാം ഞാൻ ചെയ്തു. പക്ഷേ, അതൊന്നും എനിക്ക് ആവശ്യമില്ല. സ്നേഹത്തിൽ എല്ലാവരും എനിക്കു സമമാണ്. എനിക്കാരോടും വിദ്വേഷമില്ല. ഇതു കേട്ടപ്പോൾ പിതാവു കോപിക്കുകയും മകനെ വിഷം കുടിപ്പിക്കാൻ കല്പന കൊടുക്കുകയും ചെയ്തു. അപ്പോൾ ഈശ്വരനെയും വിഷ്ണുവിനെയും കീർത്തനം ചെയ്തു കുട്ടി അതു കുടിച്ചു. അതുകൊണ്ട് അവനു യാതൊരു ദോഷവും പറ്റിയില്ല. നിനക്കു മാരണവിദ്യ അറിയാമോ എന്നു പിതാവ് കുട്ടിയോടു ചോദിച്ചു. 'അല്ല, അങ്ങയെ സൃഷ്ടിച്ചു വളർത്തിയ ദൈവം എന്നെ രക്ഷിക്കുന്നു' എന്നു കുട്ടി മറുപടി നല്കി. അപ്പോൾ പിതാവ് പൂർവ്വാധികം കോപാകുലനാവുകയും കുട്ടിയെ ആഴമുള്ള സമുദ്രത്തിലേക്കെറിയാൻ കല്പിക്കുകയും ചെയ്തു. സമുദ്രം കുട്ടിയെ കരക്കടുപ്പിക്കുകയും അവൻ സുരക്ഷിതനായി തിരിച്ചുവരികയും ചെയ്തു. പിന്നെ അവനെ കത്തിജ്വലിക്കുന്ന തീയിൽ ഇട്ടപ്പോൾ പൊള്ളലേൽക്കാതെ അവൻ നിലകൊണ്ടു. അഗ്നി മദ്ധ്യത്തിൽനിന്നുകൊണ്ട് ദൈവത്തിന്റെ കഴിവിനെ കുറിച്ചും മഹത്വത്തെ കുറിച്ചും പിതാവുമായി കുട്ടി വാദപ്രതിവാദം നടത്തുകയും വിഷ്ണു സർവ്വവ്യാപിയാണെന്നു വാദിക്കുകയും ചെയ്തു. ഈ ഗോപുരത്തിന്റെ തൂണിലുമുണ്ടോ എന്നു പിതാവ് ചോദിച്ചപ്പോൾ കുട്ടി ഉണ്ട് എന്നു മറുപടി പറഞ്ഞു. തത്സമയം പിതാവ് അതിന്മേൽ ചാടിക്കയറി അതു തച്ചുടച്ചു. അപ്പോൾ മനുഷ്യ ശരീരത്തിൽ സിംഹത്തിന്റെ തലയുള്ളതും എന്നാൽ മനുഷ്യന്റെയോ ഭൂതത്തിന്റെയോ ദേവതയുടെയോ രൂപമില്ലാത്തതുമായ നരസിംഹം അതിൽനിന്നു പുറത്തുചാടി. രാജാവും സേവകന്മാരും അതിനെ പിടികൂടി. അപ്പോൾ പകൽ ആയിരുന്നതിനാൽ സന്ധ്യവരെ നരസിംഹം അവരെ ചെറുത്തുനിന്നു. രാവും പകലുമല്ലാത്ത ത്രിസന്ധ്യക്ക് അതു രാജാവിനെ പിടിച്ചു വായുമണ്ഡലത്തിലേക്ക് ഉയർത്തുകയും ആകാശത്തിലും ഭൂമിയിലുമല്ലാത്ത നിലയിൽ അവിടെ അദ്ദേഹത്തെ വധിക്കുകയും ചെയ്തു. മകനെ തീയിൽനിന്നു രക്ഷപ്പെടുത്തി പിതാവിന്റെ സ്ഥാനത്തു രാജാവായി വാഴിക്കുകയും ചെയ്തു.

ജ്യോത്സ്യമാർക്ക് ഈ രണ്ട് സന്ധികൾ വലിയ പ്രാധാന്യമുള്ളവയാണ്. പ്രസ്തുത സമയങ്ങളിൽ ചില നക്ഷത്രങ്ങൾക്കു വലിയ ശക്തിയു

ള്ളതായി അവർ കരുതുന്നു. അതിനെ കുറിച്ചുള്ള വിവരണം മറ്റൊരിടത്തു വരുന്നതാണ്. അതിൽ ഓരോന്നിന്റെയും സമയം ഒരു മുഹൂർത്ത (രണ്ടു നാഴിക)മായി അവർ കണക്കാക്കുന്നു. സുപ്രസിദ്ധ ജ്യോത്സ്യനായ വരാഹമിഹിരൻ പകലും രാവുമല്ലാതെ സാധാരക്കാർ പറയുന്ന സന്ധിയെ വിവരിക്കുന്നില്ല. സൂര്യന്റെ കേന്ദ്രബിന്ദു ചക്രവാളത്തിൽ എത്തുന്ന സമയത്തിനാണ് വാസ്തവത്തിൽ സന്ധി എന്നു പറയുന്നതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. മേൽ പ്രസ്താവിച്ചതിനു പുറമെ മറ്റു ചില സന്ധികൾകൂടി ജ്യോതിശാസ്ത്രജ്ഞന്മാർ വിവരിക്കുന്നുണ്ട്. സൂര്യൻ ഉയരുകയും താഴുകയും ചെയ്യുന്ന അയന ബിന്ദുക്കളിൽ ഓരോന്നിനും സന്ധി എന്നു പേരു പറഞ്ഞുവരുന്നു. ഈ സന്ധി ഏഴ് ദിവസത്തോളം ഉണ്ടായിരിക്കും. ഈ കണക്കിനു വളരെ കൂടുതൽ പഴക്കമില്ല. അലക്സാണ്ടറിന്റെ കാലത്തിനു ശേഷം 1,300 കൊല്ലം കഴിഞ്ഞേ ഈ സന്ധിയെപ്പറ്റി പ്രതിപാദനം ആരംഭിച്ചിട്ടുള്ളൂ എന്നാണ് ഞാൻ ഊഹിക്കുന്നത്.

'മാനസ' എന്ന ഗ്രന്ഥത്തിൽ അതിന്റെ കർത്താവായ പുനിച്ചൽ ഇങ്ങനെ പറയുന്നു: 'ശൂഗകാലം' 854-ൽ അയനബിന്ദു അതിന്റെ കേന്ദ്രത്തിൽനിന്ന് ആറ് ഡിഗ്രിയും അമ്പത് നാഴികയും മുമ്പോട്ടു നീങ്ങിയതായി അനുഭവപ്പെട്ടു. ഭാവിയിൽ ഓരോ കൊല്ലവും ഒരു നാഴിക വീതം ഇങ്ങനെ നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും. ഇതു ശരിയായ വീക്ഷണം അനുസരിച്ചു ഗണിച്ചതാണ്. മറ്റു പലരും ഈ സംഗതി മനസ്സിലാക്കിയിട്ടുണ്ടെന്നതിൽ സംശയമില്ല. മദ്ധ്യാഹ്ന നാഴികകൾ നോക്കിയാണ് അവർ ഈ വ്യത്യാസങ്ങൾ മനസ്സിലാക്കിയത്. അതിനാൽ, കാശ്മീർക്കാരനായ ഉപ്പൽ ഈ അഭിപ്രായം സ്വീകരിക്കുകയും അനുകരിക്കുകയും ചെയ്തു. കൊല്ലത്തിന്റെ 1/6 ഭാഗങ്ങളിലാണ് സന്ധിയുണ്ടാകുന്നതെന്നും രാശി മണ്ഡലങ്ങൾ ഇരുപത്തി മൂന്ന് ഡിഗ്രി മുതൽക്കാണ് അവയുടെ ആരംഭമെന്നുമുള്ള അവരുടെ അഭിപ്രായം ഈ അനുമാനത്തെ ശക്തിപ്പെടുത്തുന്നുണ്ട്. യുഗങ്ങൾക്കിടയിലും മന്നേന്ദ്രങ്ങൾക്കിടയിലും ചില സന്ധികൾ ഉണ്ടെന്ന് അവർ പറയുന്നു. അവയെ കുറിച്ചു യഥാ സന്ദർഭം വിവരിക്കുന്നതാണ്.

അധ്യായം 41

കല്പം, ചതുർയുഗം എന്നിവയുടെ വിവരണവും അതിൽ ഒന്നിനെ മറ്റൊന്നുകൊണ്ട് നിർണ്ണയിക്കുന്ന വിധവും

പന്ത്രണ്ടായിരം 'ദിവ്യവർഷം' ഒരു 'ചതുർയുഗ'വും ആയിരം ചതുർയുഗം ഒരു 'കല്പ'വുമാണ്. കല്പയുഗം ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും മേടരാശിയിൽ കാർത്തിക നക്ഷത്രം സമ്മേളിക്കുന്നു. കല്പ ദിവസങ്ങൾക്കു 'കല്പ അഹർകൻ' എന്നു പറയുന്നു. അതായത്, കല്പ ദിവസങ്ങളുടെ സമൂഹം. 'ആഹ്' എന്നാൽ ദിവസം എന്നും 'അർക്കൻ' എന്നാൽ സമൂഹം എന്നും ആണത്രെ അർത്ഥം. ഇവ ഉദയ ദിവസങ്ങളാകയാൽ 'ഭൂമിദിവസങ്ങൾ' എന്നും പറയാറുണ്ട്. കാരണം, ഉദയം ചക്രവാളത്തിൽ നിന്നും ചക്രവാളം ഭൂമിയുമായി ബന്ധപ്പെടുന്നതുമാണല്ലോ. നമ്മുടെ ആളുകൾ ഈ ദിവസങ്ങൾക്കു 'സിന്ധ് ഹിന്ദ്' ദിവസങ്ങൾ എന്നും 'ലോകദിവസങ്ങൾ' എന്നും പറയുന്നു. അവ 1,57,791,64,50,000 ദിവസമാകുന്നു. അതായത്, സൂര്യവർഷമനുസരിച്ച് 4,45,27,75,000 കൊല്ലം മുന്നൂറ്റി അറുപത് ഉദയ ദിവസപ്രകാരമുള്ള വർഷമാണെങ്കിൽ 4,38,31,01,250 കൊല്ലവും ദിവ്യവർഷമാണെങ്കിൽ 1,20,00,000 കൊല്ലവുമാണ്.

ആദിത്യപുരാണത്തിൽ ഇങ്ങനെ പറയുന്നു: കല്പം എന്നതു 'കൽ' (ലോകോല്പത്തി), 'വന'(ലോകനാശം) എന്നീ രണ്ട് വാക്കുകൾ കൂടിച്ചേർന്നതാണ്. അപ്പോൾ ലോകോല്പത്തി മുതൽ ലോകാവസാനം വരെയുള്ള കാലത്തിനു കല്പം എന്നു പറയുന്നു. ബ്രഹ്മഗുപ്തൻ പറയുകയാണ്: "സൗരയൂഥവും മനുഷ്യരും ബ്രഹ്മദിനത്തിന്റെ ആദ്യത്തിലാണുണ്ടായത്. അവയുടെ നാശം അതിന്റെ അവസാനത്തിലുമാണ്." അതിനാൽ, ഈ ദിവസത്തെയാണു നാം കല്പമായി കണക്കാക്കേണ്ടത്. അദ്ദേഹം തുടർന്നു പറയുന്നു: "ആയിരം ചതുർയുഗം ദേവന്റെ, അതായത് ബ്രഹ്മാവിന്റെ, ഒരു പകലും അത്രതന്നെ അദ്ദേഹത്തിന്റെ രാവും ഉണ്ടായിരിക്കുന്നതാണ്." അപ്പോൾ ബ്രഹ്മാവിന്റെ ഒരു ദിവസം

രണ്ടായിരം ചതുർയുഗമായിരിക്കും. പരാശരുടെ മകൻ വ്യാസനും ഇങ്ങനെയാണു പറഞ്ഞുകാണുന്നത്. ബ്രഹ്മാവിന്റെ രാപ്പകലിൽ ഓരോന്നും ആയിരം ചതുർയുഗമാണെന്നു വിശ്വസിക്കുന്നവനു മാത്രമേ അദ്ദേഹത്തെ അറിയാൻ കഴിയുകയുള്ളൂ. കല്പത്തിൽ ഉണ്ടാകുന്ന ഓരോ തൊണ്ണൂറ്റി ഒന്ന് ചതുർയുഗത്തിനും 'മനു' (മന്നേന്ദ്രൻ) എന്നു പറയുന്നു. പതിനാല് മനു ഒരു കല്പമാകും. എഴുപത്തി ഒന്നിനെ പതിനാല്കൊണ്ടു പെരുക്കിയാൽ മന്നേന്ദ്രങ്ങൾക്കു വേണ്ടിവരുന്ന 994 ചതുർയുഗങ്ങൾ ലഭിക്കും. ഇനി ഒരു കല്പം തികയുന്നതിന് ആറ് ചതുർയുഗങ്ങളാണു ബാക്കിയുള്ളത്. പക്ഷേ, അവയെ പതിനഞ്ച് കൊണ്ടു ഹരിച്ചാൽ 2/5 കിട്ടുന്നതാണ്. കാരണം, തുടർച്ചയായി ഉണ്ടാകുന്ന സാധനങ്ങളെ അവയെ ഇരുഭാഗത്തുനിന്നും വലയം ചെയ്യുന്ന വസ്തുക്കളുടെ എണ്ണം ആ സാധനങ്ങളുടെ എണ്ണത്തെക്കാൾ ഒന്നു കൂടിയതായിരിക്കും എന്നതാണ്.

അപ്പോൾ, നാം പ്രഥമ മന്നേന്ദ്രൻ മുതൽ ആരംഭിക്കുകയും അതിന്റെ മുമ്പായി ചതുർയുഗത്തിന്റെ 2/5 നിശ്ചയിക്കുകയും അങ്ങനെ ഓരോ രണ്ട് മന്നേന്ദ്രങ്ങളുടെയും ഇടയിൽ ചെയ്യുകയാണെങ്കിൽ മന്നേന്ദ്രങ്ങൾ അവസാനിക്കുന്നതോടെ ഈ ഭാഗങ്ങളും തീരുകയും മന്നേന്ദ്രങ്ങൾക്കു മുമ്പായി നാം നിശ്ചയിച്ച 2/5 അവസാനവും ഉണ്ടാവുകയും ചെയ്യുന്നതാണ്. ഇതത്രെ അവർക്കിടയിലുള്ള സന്ധി. ഇതോടെ ഒരു കല്പത്തിനാവശ്യമായ ആയിരം ചതുർയുഗം പൂർത്തിയാകുന്നു. കൽപത്തിന്റെ വ്യവസ്ഥകളിൽ ഓരോന്നും മറ്റൊന്നിനെ ശക്തിപ്പെടുത്തുന്നു. അതിന്റെ ആദി വസന്തകാലത്തിന്റെ ആരംഭത്തിൽ ഞായാറഴ്ച ദിവസം ഗ്രഹങ്ങൾ സമ്മേളിക്കുമ്പോഴാണ്. അതു രേവതിയിലോ അശ്വതിയിലോ അല്ല. അവ രണ്ടിന്റെയുമിടക്കും ചൈത്ര മാസത്തിന്റെ ആദ്യത്തിലും ലങ്കയിൽ ഉദിക്കുന്നതോടൊപ്പവുമാകും. ഈ വ്യവസ്ഥകളിൽനിന്ന് ഏതെങ്കിലും ഒന്ന് വ്യത്യാസപ്പെട്ടാൽ മറ്റുള്ള വ്യവസ്ഥകളും വികലമാകും.

കല്പയുഗത്തിലെ ദിവസങ്ങളും കൊല്ലങ്ങളും വിവരിച്ചുകഴിഞ്ഞുവല്ലോ. അതിൽനിന്നു ചതുർയുഗത്തിന്റെ ദിവസങ്ങൾ കല്പത്തിന്റെ 1/1000 ആണെന്നും മനസ്സിലാക്കിക്കഴിഞ്ഞു. അപ്പോൾ ചതുർയുഗത്തിന്റെ ദിവസങ്ങൾ 1,57,79,16,450 ആണെന്നും അതിന്റെ വർഷങ്ങൾ 43,20,000 ആണെന്നും വ്യക്തമായി. അതോടെ കല്പയുഗത്തിന്റെയും ചതുർയുഗത്തിന്റെയും ഇടയ്ക്കുള്ള ബന്ധവും അതിലൊന്നു മനസ്സിലായാൽ മറ്റേതിനെ മനസ്സിലാക്കാനുള്ള മാർഗ്ഗവും വ്യക്തമായി. മേലുദ്ധരിച്ചതെല്ലാം ബ്രഹ്മഗുപ്തന്റെ അഭിപ്രായമനുസരിച്ചുള്ളതാണ്.

എന്നാൽ, വലിയ ആര്യഭട്ടനും പുൽസനും ഒരു മന്നേന്ദ്രൻ എഴുപത്തി രണ്ട് ചതുർയുഗം കൂടിച്ചേരുന്നതും കല്പം അങ്ങനെയുള്ള പതിനാല് മന്നേന്ദ്രൻ കൂടിച്ചേർന്നതുമാണെന്നും പറയുന്നു. അവയ്ക്കിട

യിൽ സന്ധികളില്ല. അപ്പോൾ ഇവർ രണ്ടുപേരുടെയും അഭിപ്രായമനുസരിച്ചു കല്പത്തിന്റെ ചതുർയുഗങ്ങൾ 1,008 ആണ്. കല്പവർഷങ്ങൾ 'ദിവ്യവർഷ'മനുസരിച്ച് 1,20,96,000 കൊല്ലവും 'മനുഷ്യവർഷ'മനുസരിച്ചു 4,35,45,60,000 കൊല്ലവുമാകുന്നു. ചതുർയുഗത്തിന്റെ ഉദയ ദിവസങ്ങൾ 1,57,79,17,800 ആണെന്നത്രെ പുൽസൻ പറയുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ചു കല്പദിവസങ്ങൾ 1,59,054,11,42,400 ആണ്. ഇങ്ങനെ തന്നെയാണ് അദ്ദേഹം ഉപയോഗിച്ചുകാണുന്നത്.

എന്നാൽ, ആര്യഭട്ടന്റെ ഗ്രന്ഥങ്ങളിൽ ഈ അഭിപ്രായം ഉള്ളതായി ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിൽനിന്ന് എനിക്കു കിട്ടിയതെല്ലാം ബ്രഹ്മഗുപ്തൻ ഉദ്ധരിച്ചതു വഴിയാണ്. 'പഞ്ചാംഗനിരൂപണം' എന്ന ഗ്രന്ഥത്തിൽ ആര്യഭട്ടൻ ഇങ്ങനെ ഉദ്ധരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ചതുർയുഗത്തിന്റെ ദിവസങ്ങൾ 1,57,79,17,500 ആണ്. ഇതു പൂൽസന്റെ അഭിപ്രായത്തെക്കാൾ 300 ദിവസം കുറവാണ്. ഇതനുസരിച്ചു കല്പദിവസങ്ങൾ 15,90,54,08,40,000 ആവുമല്ലോ. അവർ രണ്ടുപേരുടെയും അഭിപ്രായത്തിൽ കല്പയുഗത്തിന്റെയും ചതുർയുഗത്തിന്റെയും ആരംഭം അർദ്ധരാത്രി മുതല്ക്കാണ്. ബ്രഹ്മഗുപ്തന്റെ അഭിപ്രായപ്രകാരം അവ രണ്ടിന്റെയും ആരംഭം പകലിന്റെ ആദ്യസമയം മുലൽക്കാണ്. വലിയ ആര്യഭട്ടന്റെ അനുയായികളിൽ ഒരാളായ കുസുമപൂർക്കാരനായ ആര്യഭട്ടൻ തന്റെ ചെറുഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: "1,008 ചതുർയുഗം ബ്രഹ്മാവിന്റെ ഒരു പകലാകുന്നു. ഇതിന്റെ ആദ്യഭാഗമായ 504-ന് 'ഊയർപനം' എന്നു പറയുന്നു. ഈ ഘട്ടത്തിൽ സൂര്യൻ മേല്പോട്ടു കയറിക്കൊണ്ടിരിക്കും. മറുഭാഗത്തിന് 'ആവസ്സർപ്പനം' എന്നാണു പറയുന്നത്. അപ്പോൾ സൂര്യൻ കീഴോട്ടു താഴ്ന്നുകൊണ്ടിരിക്കും. ഈ രണ്ടിന്റെയും അറ്റമായ മദ്ധ്യാഹ്നത്തിനു 'സമം' എന്നും ഇരു ഭാഗങ്ങൾക്കും 'ദുർഥമം' എന്നും പറയുന്നു." സൂര്യന്റെ ഉയർച്ചയും താഴ്ച്ചയും ഒഴികെ മറ്റെല്ലാ വിഷയങ്ങളിലും പകലിന്റെയും കല്പത്തിന്റെയും ഇടയിൽ സാമ്യം കാണാം. 'സൂര്യൻ' എന്ന പദംകൊണ്ടുള്ള വിവക്ഷ നമ്മുടെ ദിവസത്തിൽ കാണുന്ന സൂര്യനാണെങ്കിൽ അതിന്റെ വിവരണം അദ്ദേഹം കൊടുക്കേണ്ടതായിരുന്നു. ബ്രഹ്മാവിന്റെ പകലിനു മാത്രമുള്ള സൂര്യനാണ് ഉദ്ദേശ്യമെങ്കിൽ അദ്ദേഹം നമുക്കതിനെ മനസ്സിലാക്കിത്തരികയോ അതിനെ സംബന്ധിച്ച വിവരണം നല്കുകയോ ചെയ്യേണ്ടതായിരുന്നു. സൂര്യന്റെ ഉയർച്ചയും താഴ്ചയും കൊണ്ട് അദ്ദേഹം ഉദ്ദേശിച്ചതു 'ബ്രഹ്മദിന'ത്തിന്റെ ആരംഭത്തിൽ കാര്യങ്ങൾ അഭിവൃദ്ധിപ്പെടുകയും പുരോഗമിക്കുകയും ചെയ്യുന്നു എന്നതാണ്. മറ്റേ പകുതിയിൽ അവ അധഃപതിക്കുകയും മന്ദീഭവിക്കുകയം ചെയ്യുന്നുവെന്നും അദ്ദേഹം ഉദ്ദേശിച്ചിട്ടുണ്ടെന്നു ഞാൻ ഊഹിക്കുന്നു.

അധ്യായം 42

ചതുർയുഗത്തിന്റെ നാല് ഭാഗങ്ങളും അവയെകുറിച്ചുള്ള വിവിധ അഭിപ്രായങ്ങളും

'വിഷണുധർമ്മ'ത്തിൽ പറയുകയാണ്: "ദിവ്യയുഗത്തിന്റെ ആയിരത്തി ഇരുനൂറ് കൊല്ലങ്ങൾക്കു 'ദിശ്ശ' എന്നും അതിന്റെ ഇരട്ടിക്കു 'ദ്വാപർ' എന്നും മൂന്നിരട്ടിക്കു 'ത്രതം' എന്നും നാലിരട്ടിക്കു 'കൃതം' എന്നും പറയുന്നു. ഇതിന്റെ ആകെ തുകയായ പന്ത്രണ്ടായിരം കൊല്ലമാണ് ഒരു ചതുർയുഗം. എഴുപത്തി ഒന്ന് ചതുർയുഗം ഒരു മന്നേന്ദ്രവും സന്ധികളടക്കം പതിനാല് മന്നേന്ദ്രൻ ഒരു കല്പത്തോടു തുല്ല്യവുമാണ്. രണ്ട് കല്പം ബ്രഹ്മാവിന്റെ ഒരു ദിവസവും അദ്ദേഹത്തിന്റെ ആയുഷ്ക്കാലം ഇപ്രകാരമുള്ള നൂറ് കൊല്ലവുമാണ്. അത് അനാദ്യന്തനായ പുരുഷന്റെ ഒരു പകലാണ്.

ദശരഥന്റെ മകൻ രാമനോട് വരുണൻ വളരെ മുമ്പു പറഞ്ഞ കാര്യമാണിത്. അദ്ദേഹത്തിന് ഇതു വേണ്ടപോലെ അറിയാമായിരുന്നു. അതുപോലെ മാർക്കണ്ഡേയനും (ഭാർഗ്ഗവൻ) ഈ വിഷയത്തെകുറിച്ചു വിവരിച്ചിട്ടുണ്ട്. അദ്ദേഹത്തിന് എണ്ണം, കാലം ഇവയെ കുറിച്ചും അനിഷേധ്യമായ അറിവുണ്ടായിരുന്നു. ബ്രഹ്മഗുപ്തൻ ഇങ്ങനെ പറയുന്നു: "'സ്മൃതി' പ്രകാരം നാലായിരം ദിവ്യവർഷവും (ഒരു കൃതായുഗം) സന്ധി ഉൾപ്പടെ നാനൂറ് കൊല്ലവും നാനൂറ് സിദ്ധാംശവും കൂടിയത് (നാലായിരത്തി എണ്ണൂറ്) ഒരു കൃതവും ത്രേതായുഗത്തിന്റെ മുവ്വായിരം വർഷവും മുന്നൂറ് സന്ധിയും മുന്നൂറ് സിദ്ധാംശവും കൂടിയത് (മുവ്വായിരത്തി അറുനൂറ്) ഒരു ത്രേതവും പിന്നെ 'ദ്വാപർ' യുഗത്തിന്റെ രണ്ടായിരം വർഷവും ഇരുനൂറ് സന്ധിയും ഇരുന്നൂറ് സിദ്ധാംശവും (രണ്ടായിരത്തി നാനൂറ്) ചേർന്നാൽ ഒരു ദ്വാപരവും കലിയുടെ ആയിരം വർഷവും നൂറ് സന്ധിയും നൂറ് സിദ്ധാംശവും (ആയിരത്തി ഇരുനൂറ്) കൂടുമ്പോൾ ഒരു കലിയുഗവുമായിത്തീരുന്നു. ദിവ്യവർഷങ്ങളെ മനുഷ്യവർഷങ്ങളാക്കി മാറ്റണമെങ്കിൽ അവയെ മുന്നൂറ്റി അറുപത് കൊണ്ടു പെരുക്കണം. അപ്പോൾ മനു

ഷ്യവത്സരമനുസരിച്ചു ചതുർയുഗത്തിന്റെ കാലം താഴെ പറയുന്നതു പ്രകാരമാകുന്നു.

ഒരു കൃതായുഗം 17,28,000 വർഷമാണ്. അതായത് 14,40,000 കൊല്ലവും 1,44,000 വീതം സന്ധിയും സിദ്ധാംശവും കൂടിയ സംഖ്യ. ഒരു ത്രേത്രായുഗം 10,80,000 വർഷവും സന്ധി, സിദ്ധാംശം എന്നിവ ഓരോന്നിനോടും 1,08,000 കൂടിച്ചേർന്നാൽ കിട്ടുന്ന 12,96,000 വർഷവുമത്രെ. ദ്വാപർയുഗം 7,20,000 വർഷവും സന്ധി, സിദ്ധാംശം എന്നിവ ഓരോന്നും 72,000 വീതവും കൂടിച്ചേർന്ന 8,54,000 കൊല്ലവുമാണ്. എന്നാൽ, കലിയുഗം 3,60,000 വർഷവും സന്ധി, സിദ്ധാംശം എന്നിവ ഓരോന്നും 36,009 വീതവും കൂട്ടിക്കിട്ടുന്ന 4,32,000 വർഷവുമാണ്. അപ്പോൾ കൃതവും ത്രേതവും കൂടിച്ചേരുമ്പോൾ 30,24,000-ഉം അതോട് ദ്വാപരവും കൂട്ടിച്ചേർത്താൽ 38,88,000-ഉം ലഭിക്കുന്നതാണല്ലോ. ബ്രഹ്മഗുപ്തൻ ആര്യഭട്ടനിൽനിന്ന് ഇങ്ങനെ ഉദ്ധരിക്കുന്നു. അദ്ദേഹം നാല് യുഗങ്ങളെ കുറിച്ച് അവ ചതുർയുഗത്തിന്റെ നാല് തുല്ല്യഭാഗങ്ങളാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതു സ്മൃതിയിൽനിന്നു നാം ഉദ്ധരിച്ചതിനോടു വിരുദ്ധമാണല്ലോ. അദ്ദേഹം തുടർന്നു പറയുന്നു: "പുൽസൻ സ്മൃതിയിൽ വന്ന അഭിപ്രായത്തോട് എതിരാകാതിരിക്കാൻ കൃതായുഗത്തിന്റെ 4800 വർഷത്തിൽ നിന്നും അതേപോലെ മറ്റുയുഗങ്ങളുടെയും ആകെത്തുകകളിൽ നിന്നും 1/4 വീതം കുറക്കുകയാണ് ചെയ്തത്. അതിനാൽ, അദ്ദേഹം കണക്കാക്കിയ യുഗവർഷങ്ങൾ സ്മൃതിയിൽ പറഞ്ഞതിനോടു യോജിച്ചു. പക്ഷേ, സന്ധി, സിദ്ധാംശം എന്നിവയെ കുറിച്ച് അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല."

റോമക്കാർ സ്മൃതിയുടെ കണക്കുപോലെ യുഗം, മന്വേന്ദ്രൻ, കല്പം മുതലായവകൊണ്ടല്ല കാലത്തെ നിർണ്ണയിക്കുക. എന്നാൽ, ചതുർയുഗ വർഷങ്ങളെ സംബന്ധിച്ചു പൊതുവേ അഭിപ്രായ വ്യത്യാസമില്ല. അപ്പോൾ ആര്യഭട്ടന്റെ അഭിപ്രായത്തിൽ ഓരോ യുഗത്തിന്റെയും കാലം ദിവ്യവർഷമനുസരിച്ചു മുവ്വായിരവും മനുഷ്യവർഷമനുസരിച്ചു പത്ത് ലക്ഷത്തി എൺപതിനായിരവും ആകുന്നു. ദിവ്യവർഷമനുസരിച്ചു രണ്ട് യുഗത്തിന്റെ കാലം ആറായിരവും മനുഷ്യവർഷമനുസരിച്ചു മൂന്ന് യുഗങ്ങളുടെ കാലം ഒമ്പതിനായിരവും കൊല്ലവുമാകുന്നു. മനുഷ്യവർഷം 32,40,000 ആണ്.

തന്റെ സിദ്ധാന്തത്തിൽ പുൽസൻ ഈ കണക്കുകൾക്കെല്ലാം പല നിയമങ്ങളും നിശ്ചയിച്ചിട്ടുണ്ട്. അവയിൽ ചിലത് സ്വീകാര്യവും മറ്റുചിലത് അസ്വീകാര്യവുമാണ്. അദ്ദേഹം യുഗങ്ങളുടെ അടിസ്ഥാന സംഖ്യായയ 48-നെ നിശ്ചയിച്ച് അതിൽനിന്നു കാല്പങ്കിനെ കിഴിച്ചപ്പോൾ ബാക്കി മുപ്പത്തി ആറ് ലഭിച്ചു. പ്രസ്തുത സംഖ്യയെ തന്നെ അദ്ദേഹം (പന്ത്രണ്ട്) കിഴിക്കാനുള്ള അടിസ്ഥാനമായി നിശ്ചയിച്ച് അത്

മുപ്പത്തി ആറിൽനിന്നു കുറച്ചപ്പോൾ ഇരുപത്തി നാല് കിട്ടി. വീണ്ടും അതു തന്നെ ഇരുപത്തി നാലിൽനിന്നു കിഴിച്ചു ബാക്കി പന്ത്രണ്ട് ആയി. ഈ ബാക്കിയെ നൂറ്കൊണ്ട് പെരുക്കിയാൽ ദിവ്യ വർഷമനുസരിച്ചുള്ള യുഗങ്ങളുടെ കൊല്ലങ്ങൾ കിട്ടുന്നതാണ്. അധിക കാര്യങ്ങളുടെയും മൂലമായ അറുപതിനെ അടിസ്ഥാന സംഖ്യയായി സ്വീകരിച്ച് അതിന്റെ അഞ്ചിലൊന്നിനെ കിഴിക്കാനുള്ള അടിസ്ഥാനമായി കണക്കാക്കുകയോ അല്ലെങ്കിൽ തുടർച്ചയായി ഭിന്നിതങ്ങളെ അറുപത് മുതൽ കീഴ്പ്പോട്ടു കിഴിച്ചുവരികയോ ചെയ്തിരുന്നുവെങ്കിൽ (അതായത്, അറുപതിൽ അതിന്റെ അഞ്ചിലൊന്നും ബാക്കി വരുന്നതിൽനിന്നു നാലിലൊന്നും പിന്നീടു ബാക്കി വരുന്നതിൽനിന്നു മുന്നിലൊന്നും ശേഷമുള്ളതിൽ നിന്നു രണ്ടിലൊന്നും കിഴിക്കുക.) ആദ്യം ലഭിച്ചതുതന്നെ അദ്ദേഹത്തിനു ലഭിക്കുമായിരുന്നു. ഇത് അദ്ദേഹത്തിന്റേതല്ലാത്ത വല്ല അഭിപ്രായവും ഉദ്ധരിച്ചതാവാനും വഴിയുണ്ട്. ശാസ്ത്രീയ വിവരണത്തെക്കാൾ വിശ്വാസ ആചാരങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നല്കിയതെന്നതിനാൽ അദ്ദേഹത്തിന്റെ പുസ്തകം മുഴുവനും അറബിയിലേക്കു പരിഭാഷപ്പെടുത്തുകയുണ്ടായിട്ടില്ല.

ബ്രഹ്മാവിന്റെ വയസ്സിൽനിന്നു നാം പ്രസ്താവിച്ച കല്പയുഗത്തിനു മുമ്പു കഴിഞ്ഞുപോയ കൊല്ലങ്ങളെ നമ്മുടെ കൊല്ലങ്ങളാക്കി മാറ്റാൻ ഉദ്ദേശിച്ചപ്പോൾ മേലുദ്ധരിച്ച നിയമത്തിൽനിന്നു പുൽസൻ തെറ്റുകയാണു ചെയ്തത്. ബ്രഹ്മവർഷങ്ങളെ കൊല്ലവും അഞ്ച് മാസവും നാല് മാസവുമായാണു അദ്ദേഹം കണക്കാക്കുന്നത്. ഇത് കല്പയുഗം കൊണ്ടു കണക്കാക്കുയാണെങ്കിൽ ആറായിരത്തി അറുപത്തി എട്ട് കൊല്ലമായിരിക്കും. ആ സംഖ്യയെ അദ്ദേഹത്തിന്റെ അഭിപ്രായത്തിലുള്ള കല്പത്തിന്റെ ചതുർഭുജങ്ങളായ ആയിരത്തി എട്ട്കൊണ്ടു പെരുക്കിയപ്പോൾ 61,16,544 കിട്ടുകയും പിന്നീട് അതിനെ നാല് കൊണ്ടു പെരുക്കി യുഗങ്ങളാക്കി മാറ്റിയപ്പോൾ 2,44,66,176 കിട്ടുകയും ചെയ്തു. അനന്തരം അദ്ദേഹത്തിന്റെ അഭിപ്രായ പ്രകാരമുള്ള ഒരു യുഗത്തിന്റെ വർഷ സംഖ്യയായ 10,80,000 കൊണ്ടു പെരുക്കിയപ്പോൾ 26,42,347,00,80,000 ലഭിച്ചു. ഇതാണ് നമ്മുടെ കല്പ യുഗത്തിനു ബ്രഹ്മാവിന്റെ വയസ്സിൽനിന്നു കഴിഞ്ഞുപോയ കൊല്ലങ്ങൾ. ബ്രഹ്മഗുപ്തന്റെ അനുയായികളിൽ പലരും അദ്ദേഹം ചതുർയുഗങ്ങളെ യുഗങ്ങളാക്കി മാറ്റുകയല്ല ചെയ്തതെന്നും അവയെ നാലായി ഭാഗിക്കുകയും അവയിൽ ഓരോ ഭാഗത്തെയും നാലിലൊന്നിന്റെ കൊല്ലംകൊണ്ടു പെരുക്കുകയുമാണ് ചെയ്തതെന്നും ഊഹിക്കാനിടയുണ്ട്. ചതുർയുഗത്തെ നാല് ഭാഗങ്ങളാക്കാനുള്ള കാരണത്തെ കുറിച്ചു നാം അദ്ദേഹത്തോടു ചോദിക്കുന്നില്ല. അങ്ങനെ പെരുക്കേണ്ടി വരുന്ന ഒരു ഭിന്നവും ആ സംഖ്യയിലില്ലല്ലോ. ശരിയായ യുഗങ്ങളുടെ എണ്ണത്തെ ഭിന്നിതമില്ലാത്ത ഒരു യുഗത്തിന്റെ

വർഷ സംഖ്യയായ 43,20,000 കൊണ്ടു പെരുക്കുകയാണെങ്കിൽ ഇത്രയും ദൈർഘ്യം കൂടാതെ കഴിക്കാമായിരുന്നു. പക്ഷേ, അദ്ദേഹം നമ്മുടെ കല്പ വർഷങ്ങളിൽനിന്നു കഴിഞ്ഞുപോയതിനെ അതിലേക്കു ചേർക്കാൻ ഉദ്ദേശിച്ചപ്പോൾ കഴിഞ്ഞുപോയ പൂർണ്ണ മന്വന്ദ്ര യുഗങ്ങളെ എഴുപത്തി രണ്ട് കൊണ്ടു പെരുക്കുകയും കിട്ടിയ സംഖ്യയെ ചതുർയുഗത്തിന്റെ കൊല്ലങ്ങൾ കൊണ്ടു പെരുക്കുകയും തദ്വാരാ 186,62,40,000 കൊല്ലം ലഭിക്കുകയും ചെയ്തു. അതുപോലെ, ഭിന്നതയുള്ള മന്വന്ദ്രങ്ങളിൽനിന്നു കഴിഞ്ഞുപോയ പല പൂർണ്ണ ചതുർയുഗങ്ങളെയും അവയിൽ ഒന്നിന്റെ കൊല്ലങ്ങൾ കൊണ്ടു പെരുക്കിയപ്പോൾ 11,66,40,000 കിട്ടി. ഭിന്നിതമുള്ള ചതുർയഗുങ്ങളിൽനിന്നു മൂന്ന് യുഗങ്ങളാണു കഴിഞ്ഞത്. അതായത്, 32,40,000 വർഷം ഇതു ചതുർയുഗ കൊല്ലങ്ങളുടെ നാലിൽ മൂന്ന് ആണ്. മുൻ പറഞ്ഞ നിയമങ്ങളിൽ അദ്ദേഹം വിശ്വസിക്കുന്നുണ്ടെങ്കിൽ ആവശ്യമുള്ളിടത്ത് അദ്ദേഹം അത് ഉപയോഗിക്കുകയും മൂന്ന് യുഗങ്ങൾ ചതുർയുഗത്തിന്റെ പത്തിൽ ഒമ്പത് ഭാഗമായി കണക്കാക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം ആര്യഭട്ടനിൽനിന്ന് ഉദ്ധരിച്ചതിനു യാതൊരടിസ്ഥാനവുമില്ലെന്ന് ഇപ്പോൾ വ്യക്തമായല്ലോ. ആര്യഭട്ടനോടുള്ള വെറുപ്പു കാരണമാവാം അദ്ദേഹം അത് അവഗണിച്ചത്. ആര്യഭട്ടനും പുൽസനും ഈ വിഷയത്തിൽ ഒരേ അഭിപ്രായക്കാരാണ്. അതിനൊരു തെളിവാണ് അദ്ദേഹത്തിന്റെ താഴെ പറയുന്ന പ്രസ്താവന:

"ആര്യഭട്ടൻ ചന്ദ്രന്റെ ഉയരവും അതിന്റെ ചലനവും കുറച്ചു കണക്കാക്കിയതിനാൽ ഗ്രഹങ്ങളുടെ സ്ഥിതിഗതികളും പ്രവർത്തനങ്ങളും പിശകായിപ്പോയി." അദ്ദേഹത്തിന്റെ വിഡ്ഢിത്തത്തിന് ഇങ്ങനെ ഒരു ഉദാഹരണവും പറയുന്നു: ഒരു പുഴു മരം തിന്നുകൊണ്ടിരിക്കുമ്പോൾ പല അക്ഷരങ്ങളുടെ രൂപങ്ങൾ ചിലപ്പോൾ അതിൽ പിതിഞ്ഞേക്കാം. പക്ഷേ, പ്രസ്തുതാക്ഷരങ്ങളെ കുറിച്ചു പുഴു യാതൊന്നും അറിയുകയില്ലല്ലോ. ഇതുപലെയാണത്രെ മേൽകൊടുത്ത പ്രസ്താവനയിൽ ആര്യഭട്ടന്റെ നില. പക്ഷേ, യാഥാർത്ഥ്യം വേണ്ട പോലെ മനസ്സിലാക്കിയവർ അശ്രേഖനെയും വിഷ്ണു ചന്ദ്രനെയും ആര്യഭട്ടനെയും നേരിടുകയും മാനിന്റെ നേരെ സിംഹം നിൽക്കുന്നതുപോലെ അവരെ ചെറുത്തുനിൽക്കുകയും ചെയ്യുന്നതാണ്. ഇവർക്ക് അവരുടെ നേരെ മുഖം കാണിക്കാനോ തല ഉയർത്താനോ കഴിഞ്ഞിട്ടില്ലത്രെ."

ചതുർയുഗത്തിന് ഈ മൂന്ന് ആളുകളുടെയും അഭിപ്രായപ്രകാരമുള്ള ഉദയ ദിവസങ്ങൾ നാം പറഞ്ഞുവല്ലോ. അപ്പോൾ ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തേക്കാൾ പുൽസന്റെ അഭിപ്രായത്തിൽ അധികം വന്ന ദിവസങ്ങൾ ആയിരത്തിമുന്നൂറ്റി അമ്പത് ആണ്. പക്ഷേ, ചതുർയുഗത്തിന്റെ കൊല്ലങ്ങളുടെ തുക രണ്ടാളുകളുടെയും അഭിപ്രായത്തിൽ ഒന്നുതന്നെയാണ്. അപ്പോൾ പുൽസന്റെ അഭിപ്രായമനുസരിച്ചു സൂര്യവർഷത്തിന്റെ

ദിവസങ്ങൾ ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തേക്കാൾ കൂടുതലാകുന്നു. ആര്യഭട്ടനിൽനിന്ന് അദ്ദേഹം ഉദ്ധരിച്ചതു പ്രകാരം പുൽസന്റെ അഭിപ്രായത്തിലുള്ള ദിവസങ്ങളേക്കാൾ മുന്നൂറ് ദിവസം കുറവാണ് അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരമുള്ളത്. ബ്രഹ്മഗുപ്തന്റെതിനേക്കാൾ അദ്ദേഹത്തിന്റേതിന് ആയിരത്തി അമ്പത് ദിവസം കൂടുതലുണ്ട്. അപ്പോൾ ആര്യഭട്ടന്റെ അഭിപ്രായത്തിൽ സൂര്യവർഷങ്ങളുടെ ദിവസങ്ങൾ ബ്രഹ്മഗുപ്തന്റെതിനേക്കാൾ കൂടുതലും പുൽസന്റേതിനേക്കാൾ കുറവുമാണ്.

അധ്യായം 43

നാല് യുഗങ്ങളുടെയും നാലാം യുഗത്തിന്റെ അന്ത്യത്തിൽ പ്രതീക്ഷിക്കാവുന്ന സംഭവ വികാസങ്ങളുടെയും വിവരണം

ഭൂഗോളത്തിനു സംഭവിക്കുന്ന സ്ഥിതിവിശേഷങ്ങളെ കുറിച്ചു ഗ്രീക്കുകാർ പലതും വിശ്വസിച്ചിരുന്നു. അതിലൊന്ന് ഭൂമിയിൽ മാറി മാറി മുകളിലും താഴെയുംനിന്ന് അളവിലും ആകൃതിയിലും വ്യത്യാസമുള്ള പല ആകസ്മികാപായങ്ങളും ഉണ്ടാകുമെന്നതാണ്. അവയിൽ നിന്ന് ഒഴിഞ്ഞുമാറുകയോ രക്ഷനേടുകയോ സാദ്ധ്യമല്ല. ചിലപ്പോൾ ഭൂമിയെ ആകമാനം ഈ വിപത്ത് കൂടിയെന്നു വരും. ഭയങ്കര വെള്ളപ്പൊക്കങ്ങൾ, ഭയാനകമായ ഭൂകമ്പങ്ങൾ, സർവ്വവ്യാപിയായ അഗ്നിബാധകൾ, അഗ്നിപർവ്വതങ്ങളുടെ പൊട്ടിത്തെറിക്കൽ, ഭൂമിയെ പിളർക്കുന്ന ഭയങ്കര ഇടിമുഴക്കങ്ങൾ, കൊടുങ്കാറ്റുകൾ, മഹാവ്യധികൾ ഇവയെല്ലാം ഉദാഹരണങ്ങളാണ്. വിശാലമായ ഒരു പ്രദേശം ഈ ആപത്തു കൊണ്ടു നശിക്കുകയും അവിടെയുള്ള ആളുകളെല്ലാം ചത്തൊടുങ്ങുകയും ചെയ്താൽ പർവ്വതശിഖരങ്ങളിലും ഗുഹകളിലും മറ്റും ഒളിഞ്ഞുജീവിക്കുന്ന കാടന്മാർ ഈ സ്ഥലത്തേക്കു താമസം മാറ്റുകയും അവിടെ അവർ ക്രമേണ സംസ്കാര സമ്പന്നരാവുകയും ചെയ്യുന്നു. ശത്രുക്കളായ മനുഷ്യരെയും മറ്റു ജീവികളെയും അവർ എതിർത്തു പരാജയപ്പെടുത്തി അന്യോന്യം സഹായിച്ചു സാമൂഹിക ജീവിതം ഉയർത്തിക്കൊണ്ടുവരും.

സുഖജീവിതത്തിൽ ആറാടിക്കൊണ്ടിരിക്കവെ അഹങ്കാരം, അസൂയ, വിദ്വേഷം മുതലായ ദുർഗുണങ്ങൾ അവരെ പിടികൂടുകയും തദ്വാരാ അവർ പല വർഗ്ഗക്കാരായി പിരിയുകയും ചെയ്യും. ഓരോ വിഭാഗക്കാരും അറിയപ്പെടുന്നത് ഈ സ്ഥലത്തു വന്നു താമസമുറപ്പിച്ച ആദ്യപിതാവിന്റെ പേരിലാണ്. പ്ലാറ്റോ തന്റെ 'നവാമംസ്' എന്ന ഗ്രന്ഥത്തിൽ ഈ വസ്തുത വിവരിച്ചു ഗ്രീക്കുകാരെ സ്യൂഹി(വ്യാഴഗ്രഹം)ന്റെ പേരിലാണ്

നിർദ്ദേശിക്കുന്നത്. ഹിപ്പോക്രാറ്റസിന്റെ വംശം ചെന്നവസാനിക്കുന്നതും ആ പേരിലത്രെ. ഗ്രന്ഥാവസാനത്തിൽ അദ്ദേഹം അതു പ്രസ്താവിക്കുന്നുണ്ട്. പക്ഷേ, പ്ലാറ്റോ വിവരിച്ച പരമ്പര വളരെ ചെറിയതാണ്. അതു പ്രകാരമുള്ള പതിനാല് പരമ്പര താഴെ ചേർക്കുന്നു. ഹിപ്പോക്രാറ്റസ്, ഗിനൂസീദിക്കൂസ്. സബ്ദൂസ്, സസ്ത്രാറ്റസ്, സ്യൂദോസ്, ക്ലോമാത്താദസ്, ഖരീസാമസ്, ദർഭനസ്, നസ്ത്രാസ്, ഈലോസോസ്, അബ്ലൂക്കസ്, പുദമ്ലീറസ്, മാഖാവൻ, എസ്തലീപുസ്, അപ്പോളോ, സ്യൂസ്, ക്രോനസ് (ശനിഗ്രഹം)

ചതുർയുഗത്തെ കുറിച്ച് ഇന്ത്യക്കാരുടെ കഥകളും ഏതാണ്ടിതു പോലെ തന്നെയാണ്. സമാധാനം, ക്ഷേമം, ഗുണം ആരോഗ്യം, വിദ്യാഭ്യാസം, അഭിവൃദ്ധി, ബ്രാഹ്മണരുടെ വർദ്ധനം തുടങ്ങിയവയെല്ലാം ചതുർയുഗത്തിന്റെ ആദ്യഭാഗമായ ത്രേതായുഗത്തിന്റെ ആരംഭത്തിലാണെന്നും അവർ പറയുന്നു. ഈ കാലഘട്ടം ഗുണവും പ്രതിഫലവും നിറഞ്ഞതാണ്. ആളുകൾ നാലായിരം കൊല്ലം ജീവിക്കുന്നു. പിന്നീട് ഈ നിലയ്ക്കു മാറ്റം വന്നു ദുർഗുണങ്ങൾ കടന്നുകൂടുമെന്നും മറ്റുമാണ് അവർ വിശ്വസിക്കുന്നത്. ത്രേതായുഗത്തിന്റെ ആദ്യത്തിൽ ഗുണം ദോഷത്തിന്റെ മൂന്നിരട്ടിയും പ്രതിഫലം നാലിൽ മൂന്ന് ഭാഗവുമാകുന്നതുമാണ്. ഈ യുഗത്തിൽ ബ്രാഹ്മണരേക്കാൾ ക്ഷത്രിയർ വർദ്ധിക്കും. വിഷ്ണുധർമ്മത്തിൽ ഇതു സവിസ്തരം പറയുന്നുണ്ട്. പ്രതിഫലം കുറയുന്നതിനുസരിച്ചു ഗുണവും കുറയേണ്ടതാണല്ലോ.

അതിൽ തുടർന്നു പറയുന്നു: "അഗ്നിബലി നടത്തുന്ന അവസരത്തിൽ ജന്തുക്കളെ കൊല്ലുകയും ചെടികൾ മുറിക്കുകയും ചെയ്യുക അവരുടെ പതിവാണ്." മുമ്പ് അവർ അങ്ങനെ ചെയ്തിരുന്നില്ല. അതുപോലെ ദോഷങ്ങൾ വർദ്ധിച്ചു ദ്വാപർ യുഗത്തിന്റെ ആരംഭത്തിൽ ഗുണദോഷങ്ങൾ സമമാവുകയും പ്രതിഫലം നേർ പകുതിയാവുകയും ചെയ്യുന്നതാണ്. ഈ യുഗത്തിൽ ആഗ്രഹങ്ങളും ആശയങ്ങളും വിഭിന്നമാകുകയും കൊലയും കൊള്ളയും വർദ്ധിക്കുകയും മതങ്ങൾ വിവിധങ്ങളാകുകയും ആയുഷ്ക്കാലം ചുരുങ്ങി നാനൂറ് മാത്രമായിത്തീരുകയും ചെയ്യും.

കലിയുഗത്തിന്റെ ആരംഭത്തിൽ ദോഷം ഗുണത്തിന്റെ മൂന്നിരട്ടിയായി വർദ്ധിക്കും. ത്രേതാ യുഗത്തിലും ദ്വാപര യുഗത്തിലും സംഭവിച്ചതാണെന്നു പറയുന്ന പല ഐതിഹ്യങ്ങളും ഇന്ത്യക്കാർക്കിടയിൽ സർവ്വത്ര പ്രചരിക്കുന്നുണ്ട്. രാവണനെ വധിച്ച രാമന്റെ കഥയും കയ്യിൽ കിട്ടുന്ന ക്ഷത്രിയരെയെല്ലാം വധിച്ചിരുന്ന പരശുരാമന്റെ കഥയും ഇതിൽ ഉൾപ്പെടും. ഇദ്ദേഹം ആകാശത്തിൽ ജീവിച്ചിരിക്കുകയാണെന്നും ഇരുപത്തി ഒന്ന് പ്രാവശ്യം ഭൂമിയിൽ വന്നിട്ടുണ്ടെന്നും ഇനിയും വരുമെന്നും ഇവർ വിശ്വസിക്കുന്നു. പാണ്ഡവ-കൗരവ പുത്രന്മാർ തമ്മിൽ നടന്ന യുദ്ധവും ഈ യുഗങ്ങളിലെ സംഭവങ്ങളിൽ പെടുന്നു.

കലിയുഗത്തിൽ നാശം ക്രമേണ വർദ്ധിച്ച് അവസാനം അതു മാത്രം അവശേഷിക്കുകയും ഗുണം നിശ്ശേഷം നശിച്ചുപോവുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ ഭൂനിവാസികളെല്ലാം ഒന്നായി നശിക്കുന്നതാണ്. അപ്പോൾ പർവ്വതങ്ങളിലും മലകളിലും മറ്റും ആരാധനയിൽ മുഴുകി ജീവിച്ചിരുന്നവരും മനുഷ്യപിശാചുക്കളിൽനിന്ന് ഓടി രക്ഷപ്പെട്ടവരുമായ സജ്ജനങ്ങൾ മടങ്ങി വന്നു സന്താനോല്പാദനം പുനരാരംഭിക്കും. അതിനാൽ, ഈ ഘട്ടത്തിനു 'കൃതായുഗം' (ആരാധനകളിൽ നിന്ന് ഒഴിവായി ഭൂമിയിലേക്കു യാത്രക്കായി ഒരുങ്ങി നിൽക്കുന്ന കാലഘട്ടം) എന്നു പറയുന്നു. ബ്രഹ്മാവിൽനിന്നു ശുക്രൻ ഉദ്ധരിച്ച ഐതിഹ്യത്തിൽ, ദൈവം അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞതായി കാണുന്നു:

"കലിയുഗം വന്നാൽ മനുഷ്യർക്കിടയിൽ ഗുണം പരത്താൻ ആ നല്ല മനുഷ്യനായ ശുദ്ധോദനന്റെ മകൻ ബുദ്ധോധനനെ ഞാൻ അയക്കുന്നതാണ്. അങ്ങനെ അദ്ദേഹത്തിന്റെ അനുയായികൾ ഉയരുകയും ബ്രാഹ്മണന്മാരുടെ നിലവാരം കുറയുകയും ചെയ്യും. അവരുടെ വേലക്കാരായ ചണ്ഡാലന്മാരും ശൂദ്രരും അവരുടെ മേൽ ആധിപത്യം ചെലുത്തി അവരുമായി എല്ലാ ഉന്നത പദവികളിലും മത്സരിക്കും. ജനങ്ങളുടെ ശ്രദ്ധ മുഴുവൻ സ്വത്ത് ശേഖരിക്കുന്നതിലും അവ സൂക്ഷിക്കുന്നതിലും കേന്ദ്രീകരിക്കും. തെറ്റുകളും കുറ്റങ്ങളും ചെയ്യുന്നതിൽ അവർക്കു യാതൊരു സങ്കോചവും ഉണ്ടാവുകയില്ല. ചെറിയവൻ വലിയവനെയും സന്താനങ്ങൾ പിതാക്കളെയും വേലക്കാർ യജമാനന്മാരെയും നിന്ദിക്കുകയും അവരുടെ കല്പനകൾക്ക് എതിരായി പ്രവർത്തിക്കുകയും ചെയ്യും. വർഗ്ഗങ്ങൾ കൂടിക്കലർന്നു തറവാട് നശിച്ചു നാല് വർഗ്ഗങ്ങൾ എന്ന വേർതിരിവ് ഇല്ലാതാകും. മതങ്ങളും ആശയങ്ങളും വർദ്ധിച്ചു വരും. അവയെ അടിസ്ഥാനമാക്കി ധാരാളം പുസ്തകങ്ങൾ ഉണ്ടാകും. ഐക്യത്തിൽ ജീവിച്ചു വന്നിരുന്ന ഭൂരിപക്ഷം ജനങ്ങളും അങ്ങനെ ചെറുസംഘടനകളായി പിരിഞ്ഞു തമ്മിൽ ഭിന്നിക്കും. ദേവാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നശിച്ച് അനീതിയും അക്രമവും കൊള്ളയും കൊലയും നാട്ടിൽ നടമാടും. രാജാക്കന്മാർക്കിടയിൽ നീതിന്യായ ബോധം നിശ്ശേഷം നശിക്കും. സ്വത്തിനുള്ള ആഗ്രഹം കാരണമായി മനുഷ്യർ പരസ്പരം തിന്നുകയാണെന്നു തോന്നുമാറ് ക്രൂരമായ ചൂഷണത്തിലേർപ്പെടുന്നതാണ്. ദോഷം ചെയ്യുന്നവരുടെ ആയുഷ്ക്കാലം ചുരുങ്ങിപ്പോകുമെന്നും മാറാവ്യാധികൾ പിടിപെടുമെന്നും ഉള്ള വസ്തുത വകവെക്കാതെ അവർ ജീവിതം നയിക്കും. ഈ യുഗത്തിൽ ജ്യോത്സ്യപ്രവചനങ്ങൾ പിഴച്ചുപോകും. അന്നു കളവുപറയാൻ ആളുകൾ മടിക്കുകയില്ല". ഇതൊക്കെയാണു കലിയുഗ ലക്ഷണങ്ങൾ. മാനിയും ഈ അഭിപ്രായത്തോടു യോജിച്ച് ഇങ്ങനെ പ്രസ്താവിക്കുന്നു:

"ലോകത്തിന്റെ നിലകളെല്ലാം മാറിക്കഴിഞ്ഞു. ആകാശം മാറിയ

തിനാൽ ഗണിതശാസ്ത്രവും വ്യത്യാസപ്പെട്ടു. ഇന്നു ഗണിതശാസ്ത ജ്ഞന്മാർക്ക് അവരുടെ പിതാക്കളെപോലെ ജ്യോതിഷം മനസ്സിലാക്കുക സാധ്യമല്ല. അതുകൊണ്ടവർ കളവുപറഞ്ഞു വഞ്ചിക്കുകയാണ്. ഇവർ പറഞ്ഞതു ചിലപ്പോൾ സംഭവിക്കാതിരിക്കുകയും ചെയ്യുന്നതു കാണാം." 'വിഷ്ണുധർമ്മ'ത്തിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: "അന്ന് ആളുകൾക്കു രക്ഷയും ശിക്ഷയും സംബന്ധിച്ച അറിവു തിരേ ഇല്ലാതാവുകയും ദേവന്മാർ യാഥാർത്ഥ്യം അറിയുമെന്ന വസ്തുത അവർ നിഷേധിക്കുകയും ചെയ്യുന്നു. ഇവരുടെ ആയുഷ്ക്കാലം വിവിധ നിലയിലായിത്തീരും. ചിലർ ഗർഭസ്ഥരായിരിക്കുമ്പോൾ തന്നെയും മറ്റുചിലർ കുട്ടിപ്രായത്തിലും യൗവ്വനത്തിലും മരിച്ചുപോകുന്നതാണ്. നല്ല ആളുകൾ ആദ്യമാദ്യം മരിച്ചുകൊണ്ടിരിക്കും. ധിക്കാരികളും ദുഷ്പ്രവൃത്തി ചെയ്യുന്നവരും കൂടുതൽ കാലം ജീവിക്കുമത്രെ. അന്നത്തെ രാജാക്കന്മാർ ശൂദ്രവർഗ്ഗത്തിൽ പെട്ടവരായിരിക്കും. അവർ ചെന്നായ്ക്കളെ പോലെ ജനങ്ങളുടെ സ്വത്തുക്കൾ അപഹരിക്കുകയും കൊള്ളയടിക്കുകയും ചെയ്യും. ബ്രാഹ്മണരും ഇവരെപ്പോലെ ജീവിതം നയിച്ചുതുടങ്ങുന്നതാണ്. ശൂദ്രരും കള്ളന്മാരും വർദ്ധിച്ചു വരും. ബ്രാഹ്മണന്റെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയും അദ്ധ്വാനം കൊണ്ടു സമ്പാദിച്ചു ജീവിക്കുന്നവരും ആരാധനയിൽ മുഴുകുന്നവരും നിന്ദിക്കപ്പെടുകയും ചെയ്യും.

വിഷ്ണുഭക്തന്മാരെ ആശ്ചര്യത്തോടെ വീക്ഷിക്കാൻ തുടങ്ങും. ഈ പരിതസ്ഥിതിയിൽ സന്മാർഗ്ഗ ജീവിതം നയിക്കുന്നവരുടെ പ്രാർത്ഥന ഫലിക്കും. മാത്രമല്ല അല്പമായ സദ്പ്രവൃത്തിക്കുപോലും ധാരാളം പ്രതിഫലം ലഭിക്കും. അവസാന ഘട്ടത്തിൽ ദോഷം അങ്ങേയറ്റം വർദ്ധിച്ചു ബ്രാഹ്മണരായ 'യശോവിന്റെ' മകൻ 'ഗർഗ്ഗ്' വരുമ്പോഴാണ് ഈ നാലാം യുഗത്തിന് അദ്ദേഹത്തിന്റെ മറ്റൊരു പേരായ കലിയിൽനിന്നു കലിയുഗം എന്ന നാമം നടപ്പാവുന്നത്. ഇദ്ദേഹത്തെ എതിർക്കുവാൻ ആർക്കും സാദ്ധ്യമല്ല. അക്കാലത്തു നടപ്പിലിരിക്കുന്ന എല്ലാ ദുഷിച്ച ശക്തികളെയും പരാജയപ്പെടുത്തുകയും ഭൂമിയിൽ നീതിയും സമാധാനവും നിലനിർത്തുകയും ചെയ്യുകയായിരിക്കും അദ്ദേഹത്തിന്റെ കൃത്യം. അങ്ങനെ ത്രേതായുഗം മടങ്ങി വരികയും ഗുണവും നന്മയും സർവ്വവ്യാപകമാവുകയും ചെയ്യും. ഇതാണു മാറി മാറി കൊണ്ടിരിക്കുന്ന ചതുർയുഗങ്ങളുടെ നില.

'ചരകം' എന്ന ഗ്രന്ഥത്തിൽ അലിയ്യുബിൻ സൈനുത്തബ്രിയിൽ നിന്ന് ഇങ്ങനെ ഉദ്ധരിച്ചു കാണുന്നു: ''ഭൂമി ആദ്യകാലത്തു ധനസമൃദ്ധിയും ഫലപുഷ്ടിയും ക്ഷേമവുമുള്ളതായിരുന്നു. മഹാഭൂതങ്ങൾ മിതമായ നിലയിൽ പ്രവർത്തിച്ചിരുന്നു. ജനങ്ങൾ അന്യോന്യം സ്നേഹത്തിലും മമതയിലും ജീവിച്ചിരുന്നു. വിദ്വേഷം, അസൂയ എന്നു മാത്രമല്ല ആത്മാവിനും ശരീരത്തിനും ദോഷകരമായ ഒന്നും തന്നെ

ഇവരിൽ ഉണ്ടായിരുന്നില്ല. കാലാന്തരത്തിൽ അവർക്കിടയിൽ അസൂയ കടന്നുകൂടിയപ്പോൾ ആർത്തിയും ധനം ശേഖരിക്കുന്നതിലുള്ള വ്യാമോഹവും വർദ്ധിച്ചുതുടങ്ങി. ഈ വിഷയത്തിൽ അവർ ചിന്തിക്കുകയും അതിനുവേണ്ടി അദ്ധ്വാനിക്കുകയും സ്വാർത്ഥതാല്പര്യം വളരുകയും ചെയ്തപ്പോൾ യുദ്ധം, വഞ്ചന, കളവ് എന്നീ ദുർഗുണങ്ങൾ അവരെ പിടികൂടുകയും ഹൃദയം കഠിനമാകുകയും സ്വഭാവം ചീത്തയാകുകയും രോഗങ്ങൾ ഉണ്ടാവുകയും ദൈവാരാധനയിൽ നിന്നകലുകയും ചെയ്തു. വിദ്യക്കു പ്രോത്സാഹനമില്ലാതെ അജ്ഞതയും നാശങ്ങളും സർവ്വത്ര വ്യാപിക്കാൻ തുടങ്ങി. അപ്പോൾ സജ്ജനങ്ങൾ അവരുടെ സന്യാസിയായ ആധര്യന്റെ മകൻ ക്രിസ്സായുടെ അടുക്കൽ ചെന്നുകൂടുകയും അദ്ദേഹം അവരുമായി മലകയറുകയും ചെയ്തു. അവിടെ ദൈവം അദ്ദേഹത്തെ വൈദ്യശാസ്ത്രം പഠിപ്പിച്ചു.

ഇതിനോടു തുല്ല്യമായ പല പ്രസ്താവനകളും ഗ്രീക്കുകാരിൽ നിന്നു നമുക്ക് ഉദ്ധരിക്കാൻ കഴിയുന്നതാണ്. അറാട്ടസ് ഏഴാമത്തെ രാശിമണ്ഡലങ്ങളെ കുറിച്ചുള്ള സൂചനകളും പരിവർത്തനങ്ങളും വിവരിച്ചിടത്തു പറയുന്നു: "ഉത്തരഭാഗത്തേക്കു തിരിഞ്ഞു നീ ചിന്തിക്കുകയാങ്കിൽ പ്രകാശിക്കുന്ന ഒരു 'ചിത്ര'കുലയുമേന്തി വരുന്ന ഒരു തരുണിയെ കാണാം. അവൾ പുരാതന നക്ഷത്രങ്ങളുടെ പിതാവെന്നറിയപ്പെട്ടിരുന്ന നക്ഷത്രവർഗ്ഗത്തിൽ പെട്ടതോ അല്ലെങ്കിൽ നമുക്കറിയാത്ത ഏതോ വർഗ്ഗത്തിൽ പെട്ടതോ ആണ്. പൗരാണിക കാലത്തു മനുഷ്യർക്കിടയിൽ തന്നെ പൂരുഷന്മാരോടു കൂടിക്കലരാതെ അവൾ പവിത്രമായൊരു ജീവിതം നയിച്ചിരുന്നു. 'നീതി' എന്നാണ് അവർ അവളെ വിളിച്ചിരുന്നത്. വൃദ്ധന്മാരെയും സാധാരണക്കാരെയും തെരുവുകളിലും മൈതാനങ്ങളിലും വിളിച്ചുകൂട്ടി അവൾ അവരെ സത്യമാർഗ്ഗത്തിലേക്ക് ആഹ്വാനം ചെയ്യുകയും അവർക്ക് ഉപദേശങ്ങൾ നല്കുകയും ചെയ്യാറുണ്ടായിരുന്നു. ധാരാളം ധനം ദാനമായി നല്കുകയും അവകാശങ്ങൾ വകവെച്ചു കൊടുക്കുകയും ചെയ്തിരുന്നു. ആ കാലഘട്ടത്തിൽ ഭൂമി 'സ്വർണ്ണ ഭൂമി' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അന്ന് ഭൂ നിവാസികളാരും തന്നെ തർക്കം, കലഹം, ഭിന്നിപ്പ്, ആസൂയ, വെറുപ്പ് തുടങ്ങിയ ദുർഗുണങ്ങൾ എന്താണെന്നു പോലും അറിഞ്ഞിരുന്നില്ല. സമുദ്രം ഉപയോഗ ശൂന്യമായിരുന്നു. കപ്പൽയാത്രകളും മറ്റും ഉണ്ടായിരുന്നില്ല. പശുക്കളാണ് ഭക്ഷസാധനങ്ങൾ കൊണ്ടുവന്നിരുന്നത്. അനന്തരം സ്വർണ്ണ വർഗ്ഗത്തിന്റെ കാലം കഴിയുകയും വെള്ളി വർഗ്ഗം വരികയും ചെയ്തപ്പോൾ ഈ തരുണി അവരുമായി അകലുകയും പർവ്വതങ്ങളിൽ പോയി രഹസ്യജീവിതം നയിക്കുകയും ചെയ്തു. പിന്നീട് അവൾ വലിയ വലിയ പട്ടണങ്ങളിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുകയും അവിടത്തെ നിവാസികൾക്ക് താക്കീതു നല്കുകയും അവരുടെ ദുഷ്പ്രവർത്തികളെ വിമർശി

ക്കുകയും 'സ്വർണ്ണപിതാക്കൾ' വിശിഷ്ടവർഗ്ഗത്തെ ദുഷിപ്പിച്ചതിൽ അവരെ ആക്ഷേപിക്കുകയും ചെയ്തിരുന്നു. അവരെക്കാൾ നീചന്മാരായ ഒരു വർഗ്ഗം വരികയും രക്തപങ്കിലമായ യുദ്ധങ്ങളും ഭയങ്കര നാശങ്ങളും ഉണ്ടാക്കുകയും ചെയ്യുമെന്നും അവർക്കു മുന്നറിയിപ്പ് നല്കിയിരുന്നു. ഉപദേശം കഴിഞ്ഞാൽ അവൾ പർവ്വതങ്ങളിലേക്കു തന്നെ തിരിച്ചുപോവും. അനന്തരം വെള്ളിവർഗ്ഗം നശിച്ച് 'ചെമ്പുവർഗ്ഗം' വരികയും അവർ വാളുപയോഗിച്ചു യുദ്ധം ചെയ്യുകയും ആദ്യമായി പശു മാംസഭോജനം ആരംഭിക്കുകയും ചെയ്തു. അപ്പോൾ അവൾ അവരുമായുള്ള ജീവിതം വെറുത്ത് ആകാശത്തേക്കു പറന്നുപോയി.

ആറാട്ടസിന്റെ പുസ്തകങ്ങളുടെ വ്യാഖ്യാതാവ് ഇങ്ങനെ വിവരിക്കുന്നു: ഈ തരുണി സ്യൂസിന്റെ പുത്രിയാണ്. ഇവൾ സമ്മേളനങ്ങളിലും പൊതുസ്ഥലങ്ങളിലും ചെന്ന് ജനങ്ങളെ പൊതുനിയമങ്ങളെക്കുറിച്ചുപദേശിക്കുന്നു. അന്നു ജനങ്ങൾ ഭരണാധികാരികൾക്കു കീഴ്പ്പെട്ടു ജീവിക്കുകയും ഭിന്നിപ്പോ കലഹമോ അവരുടെ ഇടയിൽ തീരെ ഇല്ലാതിരിക്കുകയും ചെയ്തിരുന്നു. അസൂയയും ദുഷ്ടമനഃസ്ഥിതിയും ഉണ്ടായിരുന്നില്ല. അവർ കൃഷി ചെയ്താണു ജീവിതം നയിച്ചിരുന്നത്. കച്ചവടത്തിനായി അവർ സമുദ്രയാത്ര ചെയ്തിരുന്നില്ല. അവരുടെ ഹൃദയം സ്വർണ്ണം പോലെ പരിശുദ്ധമായിരുന്നു. പിന്നീട് അവർ ഈ നല്ല സ്വഭാവം കൈവെടിയുകയും സത്യത്തെ സംരക്ഷിക്കാതിരിക്കുകയും ചെയ്തുതുടങ്ങിയപ്പോൾ നീതി അവരെ വിട്ടുപിരിഞ്ഞുവെങ്കിലും പർവ്വതങ്ങളിലും മറ്റും ഒളിഞ്ഞിരുന്ന് അവരെ വീക്ഷിച്ചുകൊണ്ടിരുന്നു. വല്ലപ്പോഴും അവരുടെ സദസ്സുകളിൽ എത്തിയാൽ അവൾ അവരെ ഉപദേശിക്കുയും അവർക്കു താക്കീതു നല്കുകയും ചെയ്തിരുന്നു. അവരാണെങ്കിൽ താങ്കളുടെ പിതാക്കളെപോലെ അവളെ കരുതുകയും അവളുടെ ഉപദേശം ശ്രദ്ധയോടെ കേൾക്കുകയും ചെയ്യും. ആരെങ്കിലും ക്ഷണിച്ചാൽ അവിടെ പോകുന്ന മുൻപതിവ് അവൾക്കുണ്ടായിരുന്നില്ല.

വെള്ളിവർഗ്ഗക്കാരുടെ കാലം കഴിഞ്ഞു ചെമ്പു വർഗ്ഗക്കാരുടെ കാലം വന്നപ്പോൾ അന്യോന്യം യുദ്ധവും നാടാകെ സംഘർഷാവസ്ഥയും നടമാടി. അപ്പോൾ അവരുടെ കൂടെ ജീവിക്കാൻ ഇഷ്ടമില്ലാതെ അവൾ ആകാശത്തേക്കു പോയി. ഈ തരുണിയെ കുറിച്ചു പല അഭിപ്രായങ്ങളുമുണ്ട്. കയ്യിൽ ചിത്രകലയുള്ളതു കൊണ്ട് അവൾ 'ദമീറ്റർ' ആണെന്നു ചിലരും സൗഭാഗ്യത്തിന്റെയും ഐശ്വര്യത്തിന്റെയും ദേവതയാണെന്ന് അരാട്ടസും പറയുന്നു.

പ്ലാറ്റോ 'നിയമങ്ങൾ' എന്ന ഗ്രന്ഥത്തിൽ മൂന്നാം അധ്യായത്തിൽ 'അൽഅസീനി'യിൽ നിന്നുദ്ധരിച്ചു പറയുന്നു: "ഭൂമിയിൽ പല വെള്ളപ്പൊക്കങ്ങളും പല രോഗങ്ങളും ഉണ്ടായിട്ടുണ്ട്. അവയെകൊണ്ടുള്ള നാശത്തിൽനിന്ന് അഹങ്കാരമോ വഞ്ചനയോ അറിയാത്ത ആട്ടിടയന്മാരും

പർവ്വത നിവാസികളുമല്ലാതെ ആരും രക്ഷപ്പെട്ടിരുന്നില്ല. അൽ അക്നൂസി (ക്നോഷ്യൻ) ഇപ്രകാരം പ്രസ്താവിക്കുന്നു: ആരംഭ ദശയിൽ അവർ അന്യോന്യം ആത്മാർത്ഥതയോടെ സ്നേഹിച്ചും ലോകനാശത്തിൽ വെറുപ്പു പ്രകടിപ്പിച്ചും ജീവിച്ചിരുന്നു. താമസ സൗകര്യങ്ങളുടെ ധന്യത കൊണ്ടും ജീവിത താത്പര്യങ്ങളുടെ മിതത്വം കൊണ്ടും ദാരിദ്ര്യം, പൂഴ്ത്തിവെപ്പ്, ലുബ്ധത, മുതലായ യാതൊരു ദൂർഗുണങ്ങളും അവരിലുണ്ടായിരുന്നില്ല. അവർക്കിടയിൽ വെള്ളിയും സ്വർണ്ണവും ഇല്ലാതിരുന്നതിനാൽ കുബേര കുചേല വ്യത്യസവും ഉണ്ടായിരുന്നില്ലത്രെ. ഇവരെ സംബന്ധിച്ചുള്ള ഗ്രന്ഥങ്ങൾ ലഭിച്ചിരുന്നുവെങ്കിൽ നമുക്ക് അവരെ കുറിച്ചുള്ള വിവരങ്ങൾ ഇനിയും ലഭിക്കുമായിരുന്നു.

അധ്യായം 44

മന്നേന്ദ്രങ്ങൾ

എഴുപത്തീരായിരം കല്പയുഗങ്ങൾ ബ്രഹ്മാവിന്റെ ആയുഷ്ക്കാലമായി കണക്കാക്കുന്നതു പോലെ മനുവിന്റെ ഊഴമായ മന്നേന്ദ്രം ഇന്ദ്രന്റെ ആയുഷ്കാലമായും ഗണിക്കപ്പെടുന്നു. ഈ യുഗം കഴിയുന്നതോടെ ഇന്ദ്രന്റെ നേതൃത്വം അവസാനിക്കുകയും വേറൊരാൾ ആ പദവിയിലേക്കുയരുകയും അങ്ങനെ പുതിയൊരു മന്നേന്ദ്രയുഗത്തിൽ ലോകത്തിനു നേതൃത്വം നല്കുകയും ചെയ്യുന്നതാണ്.

ബ്രഹ്മഗുപ്തൻ പറയുന്നു: രണ്ട് മന്നേന്ദ്രങ്ങൾക്കിടയിൽ സന്ധികളില്ലെന്നു പറയുകയും ഒരു മന്നേന്ദ്രം എഴുപത്തി അഞ്ച് ചതുർയുഗങ്ങളായി കണക്കാക്കുകയും ചെയ്യുന്നവരുടെ അഭിപ്രായമനുസരിച്ചു കല്പയുഗത്തിന്റെ കാലം ആറ് ചതുർയുഗം കുറവായിരിക്കും. കല്പത്തിൽ ആയിരത്തേക്കാൾ കൂടുകയോ കുറയുകയോ ചെയ്യുന്നതു സ്മൃതിയിൽ പറഞ്ഞതിനോടു വിപരീതമാണല്ലോ. ആര്യഭട്ടൻ തന്റെ 'ദശഗീതക്' 'ആര്യചഷ്ട്' എന്നീ രണ്ട് ഗ്രന്ഥങ്ങളിലും ഇങ്ങനെ പറയുന്നു: "ഒരു മന്നേന്ദ്രൻ എഴുപത്തി രണ്ട് ചതുർയുഗമാണ്. ഇതനുസരിച്ച് ഒരു കല്പം ആയിരത്തി എട്ട് ചതുർയുഗമായിരിക്കും." വിഷ്ണുധർമ്മത്തിൽ 'വജ്രൽ' മർക്കണ്ഡേയനു നല്കിയ മറുപടിയിൽ ഇപ്രകാരം കാണുന്നു. പുരുഷൻ എല്ലാ യുഗങ്ങളുടെയും നാഥനും ലോകനാഥനായ ബ്രഹ്മാവ് കല്പത്തിന്റെ നാഥനും മനു മന്നേന്ദ്രത്തിന്റെ നാഥനുമാണ്. പതിനാല് മന്നേന്ദ്രന്മാരുടെയും അവരിൽനിന്നുണ്ടായ രാജാക്കന്മാരുടെയും പട്ടികയാണു താഴെ ചേർക്കുന്നത്:

മന്നേന്ദ്രങ്ങൾ	വിഷ്ണുപുരാണമനുസരിച്ചുള്ള പേരുകൾ	വിഷ്ണു ധർമ്മമനുസരിച്ചുള്ള പേരുകൾ	ഇതരഗ്രന്ഥങ്ങളനുസരിച്ചുള്ള പേരുകൾ	വിഷ്ണുപുരാണമനുസരിച്ച് ഇന്ദ്രന്റെ പേരുകൾ	വിഷ്ണു പുരാണമനുസരിച്ച് യുഗത്തിന്റെ ആദ്യഘട്ടത്തിൽ ഭൂമിയിലുണ്ടായ മന്നേന്ദ്രരാജാക്കന്മാർ
1	സ്വയംഭൂവ	സ്വയംഭൂവ	സ്വയംഭൂവ	മനുഅധികാരത്തിൽ വരുമ്പോൾ ഇന്ദ്രനായിത്തീരുന്നു. അദ്ദേഹത്തിന് ആരും പങ്കുകാരുണ്ടായിരിക്കുകയില്ല.	
2	സർവ്വേശൻ	സർവ്വര്യ	സർവ്വേശൻ	വിശ്വ	ചിത്രക്
3	ഉത്തമൻ	ഉത്തമൻ	ഉത്തമൻ	ശുശാന്തി	സുദിവ്യ
4	സ്തമിഷ്	സ്തമിഷ്	ഈതമിഷ്	ശിഖ	ശാന്തൻ
5	രേവത	രേവത	രേവത	ഊതത്തൻ	ബൽവന്ത്
6	യക്ഷി	യാക്ഷക	യക്ഷി	മനോജവ്	പ്രമുഖ്
7	വ്യവസ്ഥ	വ്യവസ്ഥ	വ്യവസ്ഥ	ബൗരേന്ദ്രൻ	അശ്വദർശൻ
8	സാവർണ്ണൻ	സാവർണ്ണൻ	സാവർണ്ണൻ	ബലി(ബന്ധിക്കപ്പെട്ട രാജാവ്)	നിമ്മുഖ്
9	ദക്ഷർണ്ണൻ	വിഷ്ണുധർമ്മം	ബ്രഹ്മപുത്രൻ	മഹാവീരൻ	പഞ്ചഹനിസ്ത്
10	ബ്രഹ്മസാവർണ്ണൻ	ധർമ്മ പുത്രൻ	വിഷ്ണുപുത്രൻ	ശാന്തി	സുചീതർ
11	ധർമ്മസാവർണ്ണൻ	രുദ്രപുത്രൻ	രുദ്രപുത്രൻ	വർഷ്	സർവ്വത്രിക്
12	രുദ്രപുത്രൻ	ദക്ഷ് പുത്രൻ	ദക്ഷ് പുത്രൻ	രഥാധാം	പാണ്ഡവേശ
13	രോചൻ	രേവി	രേവ്	ദിവസ്പതി	വിചിത്രാദ്യ
14	ഭൂത	ഭൂതി	ഭൂമി	ശിവ്	ബുദ്ധനാദി

ഏഴാമത്തേതിനു ശേഷം ആവർത്തിച്ചു പറഞ്ഞ മന്നേന്ദ്രങ്ങളുടെ പേരുകൾ മുമ്പ് ദ്വീപുകൾ സംബന്ധിച്ചു പറഞ്ഞതുപോലെ ക്രമം പാലിക്കാതെ കുറേ പേരുകൾ പറയണമെന്നു മാത്രമേ അവർ ഉദ്ദേശിക്കുന്നുള്ളൂ എന്നാണു മനസ്സിലാകുന്നത്. ഇവിടെ വിഷ്ണുപുരാണത്തിൽ വന്നത് അവലംബമായി സ്വീകരിച്ചാണു മേലുദ്ധരിച്ചത്. യുഗങ്ങളുടെ പേരും വിവരണങ്ങളുമെല്ലാം ഏതാണ്ട് യഥാക്രമമായാണ് അതിൽ ഉദ്ധരിച്ചത്. വലിയ ഫലമൊന്നുമില്ലാത്തതു കൊണ്ടാണു നാം അവയെ സവിസ്തരം ഇവിടെ ചേർക്കാത്തത്.

അതിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: ക്ഷത്രിയനായ 'മൈത്രി' രാജാവ് വ്യാസന്റെ പിതാവായ പരാശരിനോടു കഴിഞ്ഞതും വരാനിരിക്കുന്നതുമായ മന്നേന്ദ്രങ്ങളെ കുറിച്ചു ചോദിക്കുകയുണ്ടായി. അദ്ദേഹം അപ്പോൾ നാം മേലുദ്ധരിച്ച പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഓരോ മനുവിനെയും കുറിച്ചു വിവരിക്കുകയും മനുക്കളുടെ സന്താനങ്ങളാണു ഭൂമിയിൽ ഭരിക്കുന്നതെന്നു പറയുകയും അവരുടെ ആദ്യ രാജാക്കന്മാരുടെ പേരുകൾ നാം വിവരിച്ചതുപോലെ പറഞ്ഞുകൊടുക്കുകയും ചെയ്തു. രണ്ടും മൂന്നും നാലും അഞ്ചും മന്നേന്ദ്രങ്ങളിലുണ്ടായിരുന്നവർ പ്യയാവർത്തിയുടെ സന്താനങ്ങളിൽ പെട്ടവരായിരുന്നു. വിഷ്ണുദേവനുമായി വളരെ അടുപ്പം സിദ്ധിച്ച ഒരു ഋഷി ആയതിനാൽ സത്സന്താനങ്ങൾക്ക് ഈ ഉയർന്ന പദവികളെല്ലാം കരസ്ഥമാവുകയുണ്ടായി എന്നും അദ്ദേഹം മറുപടി പറയുകയുണ്ടായി.

അധ്യായം 45

സ്പതർഷികളെ കുറിച്ചുള്ള വിവരണം

നാം 'ബനാത്തുന്നഅശ്' എന്നു പറയുന്ന നക്ഷത്രങ്ങൾക്ക് ഇന്ത്യക്കാർ 'സപ്തർഷികൾ' എന്നു പറയുന്നു. (എഴ് ഋഷികൾ) ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ അവർ, അനുവദനീയമായ മാർഗ്ഗത്തിലൂടെ ആഹാരം സമ്പാദിച്ചു ഭൂമിയിൽ ജീവിച്ചിരുന്ന ത്യാഗികളായ സന്യാസിമാരാകുന്നു. അവരുടെ കൂടെ 'സഹീ' എന്നു പേരായ ഒരു പരിശുദ്ധ സ്ത്രീ ഉണ്ടായിരുന്നു. ഒരിക്കൽ അവർ ജലാശയത്തിൽനിന്നു താമരത്തണ്ടുകൾ ആഹാരമായി ഉപയോഗിക്കുന്നതിനായി പൊട്ടിച്ചു. അപ്പോൾ അവരുടെ മതപരമായ നിർദ്ദേശം അതിൽനിന്ന് അവരെ വിലക്കുകയും ഓരോരുത്തരും ലജ്ജിതരാവുകയും ചെയ്തു. അനന്തരം മതാനുസൃതമായ സത്യം ചെയ്തതിനാൽ അവർ ഉന്നത പദവിയിലേക്ക് ഉയർന്നു.

ഇന്ത്യക്കാരുടെ ഗ്രന്ഥങ്ങൾ പദ്യരൂപത്തിലാണെന്നും ഭാവനാപരമായ കഥകളും സ്തുതികളും മറ്റും അവയിലുണ്ടെന്നും നാം പ്രസ്താവിച്ചുവല്ലോ. വരാഹമിഹിരന്റെ 'സംഹിത'യിൽ സ്പതർഷികളെ കുറിച്ച് അവരാരാണെന്നു പറയുന്നതിനു മുമ്പ് ഇങ്ങനെ വർണ്ണിക്കുന്നുണ്ട്:

"അവർ വടക്കുഭാഗത്ത് വെള്ളത്താമരകൊണ്ടുള്ള ആഭരണങ്ങളും മുത്തുമാലകളും ധരിച്ച സ്ത്രീകളെപ്പോലെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, അവർ ഉത്തരധ്രുവത്തിനു ചുറ്റും അതിന്റെ ആജ്ഞ അനുസരിച്ചു നടികളെപ്പോലെ നൃത്തം വെക്കുകയാണ്."

ഒരു പുരാതന പണ്ഡിതനായ 'ഗർഗ്ഗിലി'ൽനിന്ന് ഉദ്ധരിച്ച് എനിക്ക് ഇപ്രകാരം പറയാൻ കഴിയും: യുധിഷ്ഠിരൻ ഭൂമി ഭരിച്ചിരുന്ന കാലത്ത്, സപ്തർഷികളായ ഈ ഏഴു നക്ഷത്രങ്ങൾ ചന്ദ്രന്റെ പത്താമത്തെ ഞാറ്റുവേലയായ 'മക്'യിലായിരുന്നു 'സുഖ്കാൽ' ഉണ്ടായത് അതിനു രണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തി ആറ് കൊല്ലങ്ങൾക്കു ശേഷമാണ്. അവ ഓരോ ഞാറ്റുവേലയിലും അറുനൂറ് കൊല്ലം നിലകൊള്ളുന്നു. കിഴക്കുനിന്നാണ് അവയുടെ ഉദയം. അപ്പോൾ അവയിലെ കിഴക്കു ഭാഗത്തെ നക്ഷത്രം 'മ്രീച്ചും' പടിഞ്ഞാറു ഭാഗത്തേത് 'വസിഷ്ഠ'വും

ആകുന്നു. മറ്റുള്ളവ 'അങ്കർ, അത്രം, പുലിസ്ത, വുല്ല, അഗ്രതം,' എന്നിവയാണ്. വസിഷ്ഠന്റെ അടുത്തായി 'അരുന്ധതി' എന്നു പേരായ ഒരു പരിശുദ്ധ സ്ത്രീയും നിൽപ്പുണ്ട്. ഈ പേരുകൾ ചിലപ്പോൾ അന്യോന്യം മാറിപ്പോകാറുള്ളതു കൊണ്ട് അവ ഇങ്ങനെ വിവരിക്കാം:

മ്രീച്ച് അതിന്റെ ഞാറ്റുവേലയുടെ ഇരുപത്തി ഏഴാമത്തെ ഡിഗ്രിയിലും വസിഷ്ഠ് ഇരുപത്തി ആറാമത്തെ ഡിഗ്രിയിലും, അങ്കർ ഇരുപത്തി അഞ്ചാമത്തെ ഡിഗ്രിയിലും, അത്രം പതിനെട്ടാമത്തേതിലും, അഗ്രതം പതിനാറാമത്തേതിലും, വുല്ല പതിനേഴാമത്തേതിലും, പുലിസ്ത പത്തൊമ്പതാമത്തേതിലും നിലകൊള്ളുന്നു. ഈ നക്ഷത്രങ്ങൾ നമ്മുടെ കാലത്ത് (സുഖ്കാൽ ഉണ്ടായി തൊള്ളായിരിത്തി അമ്പത്തി എട്ട് കൊല്ലമായപ്പോൾ) ചിങ്ങത്തിൽനിന്ന് ഒന്നും മൂന്നിലൊന്നും ($1^{1/3}$) ഡിഗ്രി മുതൽ കന്നിയിൽനിന്നു പതിമൂന്നര ഡിഗ്രി ($13^{1/2}$) വരെയും സഞ്ചരിക്കുന്നു. നിശ്ചലങ്ങളായ നക്ഷത്രങ്ങൾക്കു നാം കാണുന്ന ചലനമനുസരിച്ചു യുധിഷ്ഠിരന്റെ കാലത്തു മിഥുനത്തിന്റെ എട്ടും മൂന്നിൽ രണ്ട് ഡിഗ്രി മുതൽ കർക്കിടകത്തിന്റെ ഇരുപതും ആറിൽ അഞ്ച് ഡിഗ്രിവരെയും ടോളമിയുടെയും മറ്റും പല പൗരാണിക ശാസ്ത്രജ്ഞന്മാരുടെയും കണക്കനുസരിച്ച് ഇവ അക്കാലത്ത് മിഥുനത്തിൽനിന്ന് ഇരുപത്തി ആറര ഡിഗ്രി മുതൽ കന്നിയുടെ എട്ട് മൂന്നിൽ രണ്ട് ഡിഗ്രി ($8\ ^{2/3}$) വരെയും നിലകൊണ്ടിരുന്നു. ഈ ഞാറ്റുവേല ചിങ്ങത്തിന്റെ ആദ്യം മുതൽ എണ്ണൂറ് നാഴിക പൂർത്തിയാവുന്നതുവരെ നീണ്ടുനിൽക്കുന്നു. അപ്പോൾ സപ്തർഷികൾ മകരരാശിയിലാണെന്നു പറയാൻ കൂടുതൽ അർഹതയുള്ള കാലം ഇതാണ്. ചിങ്ങത്തിന്റെ മദ്ധ്യത്തിൽനിന്നു തുടങ്ങുകയാണെങ്കിൽ അതു കർക്കിടകത്തിലേക്കു നീണ്ടുപോയേക്കും. ഗർഗ്ഗിന്റെ ഈ പ്രസ്താവനയ്ക്ക് അടിസ്ഥാനപരമായി യാതൊരു ന്യായവും കാണുന്നില്ല. നോക്കിക്കണ്ടിട്ടോ, മന്ത്രങ്ങൾ മുഖേനയോ, നക്ഷത്രങ്ങളെ അവയുടെ രാശിയുടെ ഡിഗ്രികളുമായി ബന്ധപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല, എന്നാണ് ഈ പ്രസ്താവന തെളിയിക്കുന്നത്. 'സുഖ്കാൽ മുതൽ തൊള്ളായിരത്തി അമ്പത്തി ഒന്ന് (951)വരേയുള്ള കാലഘട്ടത്തെ കാണിക്കുന്ന ഒരു പഞ്ചാംഗത്തിൽ ഞാൻ ഇങ്ങനെ കാണുകയുണ്ടായി: "ഈ സപ്തർഷികൾ എഴുപത്തേഴ് കൊല്ലമായി 'ഉത്രാടം' എന്ന ഞാറ്റുവേലയിലാണു സ്ഥിതിചെയ്യുന്നത്. ഈ ഞാറ്റുവേല വൃശ്ചിക രാശിയുടെ മൂന്ന് മൂന്നിലൊന്ന് ($3^{1/3}$) ഡിഗ്രി മുതൽ പതിനാറ് മൂന്നിൽ രണ്ട് ($16^{2/3}$)ഡിഗ്രിവരെയാണ്. സപ്തർഷികൾ ഈ ഞാറ്റുവേലക്ക് ഇരുപത് ഡിഗ്രി അടുത്തു നിലകൊള്ളുന്നു."

ഈ വിധത്തിലുള്ള അഭിപ്രായങ്ങളിൽനിന്ന് ഒരു കാര്യം ഖണ്ഡിതമായി മനസ്സിലാക്കുക പ്രയാസകരമാണല്ലോ. എന്നാൽ, ആദ്യമായി ഗർഗ്ഗിന്റെ അഭിപ്രായം ശരിയാണെന്ന് ഊഹിക്കാം. അദ്ദേഹം 'മക' ഞാറ്റു

വേലയുടെ ഏതു ഭാഗത്താണ് ഈ നക്ഷത്രങ്ങൾ എന്നു വിവരിക്കാത്ത സ്ഥിതിക്ക് അതിന്റെ ആദ്യത്തിലാണെന്നു വേണം വിചാരിക്കാൻ. അതു ചിങ്ങത്തിന്റെ ആദ്യമാണ്. യുധിഷ്ഠിരന്റെ കാലം മുതൽ അലക്സാണ്ടറിന്റെ ആയിരത്തി മുന്നൂറ്റി നാല്പതാം (1340) ആണ്ടായ നമ്മുടെ കാലം വരെ മുവ്വായിരത്തി നാനൂറ്റി എഴുപത്തി ഒമ്പത് (3479) കൊല്ലം കഴിഞ്ഞിട്ടുണ്ട്. ഓരോ ഞാറ്റുവേലയിലും ഈ നക്ഷത്രങ്ങൾ അറുനൂറ് കൊല്ലം വീതം സ്ഥിതിചെയ്യുന്നുവെന്ന വരാഹമിഹിരന്റെ അഭിപ്രായവും നമുക്കു സ്ഥിരീകരിക്കാം.

അപ്പോൾ ഈ കണക്കനുസരിച്ചു പ്രസ്തുത നക്ഷത്രങ്ങൾ 'തുലാം' രാശിയുടെ ആറ് ഡിഗ്രി പതിനേഴ് നാഴികയിലായിരിക്കും നമ്മുടെ ഈ കാലത്തു സ്ഥിതിചെയ്യുന്നത്. അതായത് 'അശ്വതി' ഞാറ്റുവേലയുടെ പത്ത് ഡിഗ്രി മുപ്പത്തി എട്ട് നാഴിക. 'മകം' ഞാറ്റുവേലയുടെ പകുതിയിലാണ് അവ ഉള്ളതെന്ന് അനുമാനിക്കുകയാണെങ്കിൽ അവ ഇപ്പോൾ 'വിശാഖം' ഞാറ്റുവേലയുടെ മൂന്ന് ഡിഗ്രി അമ്പത്തി എട്ട് നാഴികയിലായിരിക്കണം.

'മക'യുടെ അവസാനത്തിലാണെന്നു സങ്കല്പിക്കുകയാണെങ്കിൽ ഇപ്പോൾ അവ 'വിശാഖ'ത്തിന്റെ പത്ത് ഡിഗ്രി മുപ്പത്തി എട്ട് നാഴികയായിരിക്കും. അതിനാൽ, കാശ്മീർ പഞ്ചാംഗത്തിൽ പറഞ്ഞതു സംഹിതയിൽ പറഞ്ഞതുമായി ഒരു വിധത്തിലും യോജിക്കുന്നില്ല. ഇതുപോലെത്തന്നെ അവയുടെ സ്ഥലം പഞ്ചാംഗമനുസരിച്ചു നാം സങ്കല്പിക്കുകയും അവിടെനിന്ന് അവ പിന്നോട്ടു ചലിച്ചതായി കരുതുകയും ചെയ്താൽ 'മക'യിലെത്താൻ യാതൊരു സാധ്യതയുമില്ല.

നിശ്ചലങ്ങളായ നക്ഷത്രത്തങ്ങളുടെ ഇന്നുള്ള വേഗതയും കഴിഞ്ഞ കാലങ്ങളിലെ വേഗതക്കുറവും നമ്മെ അത്ഭുതപ്പെടുത്തുന്നുണ്ട്. ഗോളശാസ്ത്രത്തിൽ നാം അതിന്റെ കാരണങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്മുടെ അഭിപ്രായത്തിൽ അവയുടെ ചലനം അറുപത്തി ആറ് സൂര്യവർഷം കൂടുമ്പോൾ അത് ഒരു ഡിഗ്രിമാത്രമാണ്. അതനുസരിച്ചു വരാഹമിഹിരന്റെ നില വളരെ അത്ഭുതാവഹം തന്നെയാണ്. അദ്ദേഹത്തിന്റെ കണക്കനുസരിച്ചു നാൽപത്തി അഞ്ച് കൊല്ലം കൂടുമ്പോൾ അത് ഒരു ഡിഗ്രി ചലിക്കുമത്രെ. അദ്ദേഹത്തിന്റെ കാലം നമ്മുടെ കാലത്തിന് അഞ്ഞൂറ്റി ഇരുപത്തി അഞ്ച് കൊല്ലം മുമ്പാണ്. 'കർണ്ണസാരം' എന്ന പഞ്ചാംഗത്തിൽ തൽകർത്താവ് 'സപ്തർഷി'കളുടെ ചലനവും അവയുടെ സ്ഥാനവും അറിയാൻ ഇപ്രകാരം ഒരു മാർഗ്ഗം ചൂണ്ടിക്കാണിക്കുന്നു: 'സുഖ്കാൽ' കൊല്ലങ്ങളിൽനിന്ന് എണ്ണൂറ്റി ഇരുപത്തി (821) ഒന്ന് കിഴിക്കുക. എന്നാൽ കിട്ടുന്നത് കലിയുഗത്തിന്റെ ആരംഭം മുതൽ നാലായിരം കൊല്ലത്തേക്കാൾ കൂടുതൽ വരുന്ന സംഖ്യയായ മൂലസംഖ്യയായിരിക്കും. അതിനെ നാൽപത്തി ഏഴ് കൊണ്ടു പെരുക്കി കിട്ടുന്ന

സംഖ്യ കൊണ്ട് അറുപത്തി എണ്ണായിരം ചേർത്തു കിട്ടുന്നതിനെ പതിനായിരം കൊണ്ടു ഹരിക്കുക. എന്നാൽ രാശികളും ഞാറ്റുവേലകളും സപ്തർഷികളുടെ സ്ഥാനവും കിട്ടുന്നതാണ്. അധികമുള്ളത് ആരംഭകാലത്ത് ഈ നക്ഷത്രങ്ങൾ സ്ഥിതി ചെയ്തിരുന്ന സ്ഥലമാണ്. അതിനെ പതിനായിരം കൊണ്ടു ഹരിച്ചാൽ കിട്ടുന്നത് ആറ് രാശിയും ഇരുപത്തിനാല് ഡിഗ്രികളുമാകും. നാം പതിനായിരത്തെ നാൽപത്തി ഏഴ് കൊണ്ടു ഹരിച്ചുവെന്നു പ്രസ്താവിച്ചുവല്ലോ. അപ്രകാരം ഹരിച്ചപ്പോൾ ഫലം ഇരുനൂറ്റി പന്ത്രണ്ട് കൊല്ലവും ഒമ്പത് മാസവും ആറ് ദിവസവും (സൂര്യകാലം) ആണെന്നും മനസ്സിലായി. ഒരു ഡിഗ്രി ചലിക്കുന്നതിന് ഏഴുകൊല്ലവും ഒരു മാസവും മൂന്ന് ദിവസവും വേണ്ടിവരുന്നു. ഒരു രാശി മുഴുവൻ ചലിക്കാൻ തൊണ്ണൂറ്റി നാല് കൊല്ലം ആറ് മാസം ഇരുപത് ദിവസം വേണം. അപ്പോൾ, വരാഹമിഹിരന്റെയും വിദേശരന്റെയും അഭിപ്രായങ്ങൾക്കിടയിൽ അജഗജാന്തരമുണ്ട്. ഇനി, ഉദ്ധാരണത്തിൽ വല്ല പിഴവും പറ്റിയതാവാനും വഴിയുണ്ട്. നമ്മുടെ കൊല്ലത്തിനും ഈ കണക്ക് ഉപയോഗിക്കുകയാണെങ്കിൽ ഉത്രാടം ഞാറ്റുവേലയിൽ ഒമ്പത് ഡിഗ്രി പതിനേഴ് നാഴിക ഉള്ളതായി കാണാം. സപ്തർഷികളുടെ ചലനമനുസരിച്ചു നൂറ് കൊല്ലം കൊണ്ടാണ് ഒരു ഞാറ്റുവേല, അവ ചലിക്കാറുള്ളതെന്നു കാശ്മീർകാർ വിശ്വസിച്ചുവരുന്നു. അവരുടെ മേൽ പ്രസ്താവിച്ച പഞ്ചാംഗത്തിൽ നൂറ് കൊല്ലം തികയാൻ പതിമൂന്ന് കൊല്ലം ഇനിയും വേണ്ടിവരുമെന്നു പറഞ്ഞിട്ടുണ്ടല്ലോ.

ഇതെല്ലാം ശാസ്ത്രതത്വങ്ങളും ഗോളങ്ങളുടെ സ്ഥിതിഗതികളും ശരിക്കറിയാത്തതിനാലും അവയെ മതപരമായ ഐതിഹ്യങ്ങളുമായി കൂട്ടിക്കലർത്തിയതിനാലും വന്നുകൂടിയ അബദ്ധങ്ങളാണ്. മതവിശ്വാസികളിൽ ചിലർ സപ്തർഷികൾ നിശ്ചല നക്ഷത്രങ്ങളുടെ സ്ഥാനങ്ങളെക്കാൾ ഉപരിയായി സ്ഥിതിചെയ്യുന്നുവെന്നു വിശ്വസിക്കുന്നു. അവർ ഇങ്ങനെ പറയുന്നതു കേൾക്കാം: ഓരോ മന്വേന്ദ്ര യുഗത്തിലും ഓരോ പുതിയ മനു വരികയും അവരുടെ സന്താനങ്ങൾ ഭൂമിയിൽ രാജാക്കന്മാരാവുകയും ചെയ്യുന്നു. അങ്ങനെ ഇന്ദ്രനു പുതുതായി നേതൃത്വം ലഭിക്കുകയും ചെയ്യുന്നു. ഇതുപോലെ തന്നെയാണ് ദേവന്മാരുടെയും സപ്തർഷികളുടെയും നില. എന്നാൽ, ദേവന്മാരുടെ ആവശ്യം ജനങ്ങൾ അവർക്കു ബലിയർപ്പിക്കുകയും അവരുടെ ഓഹരികളെ തീയ്യിലിട്ടു കരിക്കുകയുമാണ്. പക്ഷേ, സപ്തർഷികൾ അവർക്കു വേദങ്ങൾ പുനരുത്ഥരിച്ചുകൊടുക്കാനാണ് നിലകൊള്ളുന്നത്. അതുകാരണം ഓരോ മന്വേന്ദ്രയുഗത്തിന്റെയും അവസാനം വേദങ്ങൾ നശിച്ചുപോകുന്നു. ഈ അധ്യായം വിഷ്ണുപുരാണത്തിൽ നിന്നെടുത്തതാണ്. അതിൽനിന്നു തന്നെ ഉദ്ധരിച്ച ഓരോ മന്വേന്ദ്രയുഗത്തിലുമുള്ള സപ്തർഷികളുടെ പേരുകളുള്ള ഒരു പട്ടിക താഴെ കൊടുക്കുന്നു.

മന്നേന്ദ്ര യുഗങ്ങൾ	ഓരോ മന്നേന്ദ്രങ്ങളുടെയും സപ്തർഷികൾ						
	1	2	3	4	5	6	7
1	ഈയുഗത്തിൽ ഇന്ദ്രനോ സപ്തർഷികളോ ഉണ്ടായിരുന്നില്ല. മനു മാത്രമാണ് ഉണ്ടായിരുന്നത്.						
2	ഊർജ്ജസ്തമ്പു	പുരാൺ	ഭത്ത്	നീർശവ	നിരശ്വ	സ്യാർവരൻ	പാൻക്ഷു
3	വസിഷ്ഠന്റെ സന്താനങ്ങൾ						
4	ചോതി	ധാം	പ്രതു	കാവ്	ചൈത്രഗുണൻ	വരഗ്	പ്യൂറു
5	ഹർണ്ണറുമ	വേദശ്രീ	റൂറതവാ	അപർ	വേദവാഹ്	സുഭാ	പ്രസന്നഃ
6	സുമിധഃ	വിരസ	ഹവിശ്മ	മധു	ആതിമൻ	സുഹഷ്ണ	ചർശാ
7	വസിഷ്ഠൻ	കേശവ്	ഇത്രു	യമതഗ്ന	ഗൗതമ	വിശ്വാമിത്രൻ	ഭരതവാസ്
8	ദേവതമൻ	ഗാലവ്	ക്രീവ്	ദ്രോണന്റെ മകൻ അശ്തം	പാശർ	അദ്ദേഹത്തിന്റെ പുത്രൻ വ്യാസൻ	ഋഷിശൃങ്ക്
9	സപണൻ	ദുതിമാൻ	ഹവ്യ	വാസു	വേദാഥിതി	ക്ഷിവക്ഷ	സതു
10	ഹവീഷ്മണൻ	സുകൃതി	സത്യേവ്	അപമൂർത്തി	നാഭഗ്	പ്രഥമാവശ്	സുശീർ
11	വിഷർ	അഗ്നി	ത്രുവൈവശ്മ	വിഷ്ണു	അരുണൻ	ഹവിഷ്മൻ	നാഗ്
12	തപസ്വ	സുതാ	തപമൂർത്തി	തപുരതി	തബുധ്യതി	ധുതി	അശ്വന്നർ
13	നിമ്മൂഹ	തദ്രശീവ്	നിശ്വരകമ്പു	നിരിതുസ്ക	ദുർതിമാൻ	വയ	സുത്തപ
14	അഗ്നിവ	ശൂച്	ശുക്രൻ	മാഗുഢം	കനീദ്ധ്രു	ഏകതസ്ത	ചിതം

അധ്യായം 46

'നാരായണനും' അദ്ദേഹത്തിന്റെ നാമങ്ങളും, ഭിന്ന കാലങ്ങളിൽ അദ്ദേഹത്തിന്റെ ആഗമനവും

'നാരായണൻ' എന്നത് ഇന്ത്യക്കാരുടെ അഭിപ്രായ പ്രകാരം ഒരു മഹാശക്തിയാണ്. നല്ലതിനെ കൂടുതൽ നല്ലുതുകൊണ്ടും, ചീത്തയെ ചീത്ത കൊണ്ടും നേരിടുന്ന സമ്പ്രദായം അദ്ദേഹത്തിന് ഇല്ല. ചീത്തയെ കഴിയുന്നത്ര തടയുക എന്നതാണ് അദ്ദേഹത്തിന്റെ സ്വഭാവം. നാശത്തേക്കാൾ നന്മക്കാണ് അദ്ദേഹം എപ്പോഴും മുൻഗണന നല്കുക. ഇതിനു കഴിഞ്ഞില്ലെങ്കിൽ ചിലപ്പോൾ നാശത്തെ നാശം കൊണ്ട് നേരിടേണ്ടി വരാറുണ്ട്. ഒരു കൃഷിവയലിന്റെ മദ്ധ്യത്തിൽ പ്രവേശിച്ച അശ്വഭടൻ താൻ ചെയ്ത അവിവേകം ഓർത്ത്, ആ തെറ്റ് തിരുത്താൻ ശ്രമിക്കുകയാണെങ്കിൽ അശ്വത്തെ പിറകോട്ട് ഓടിക്കുകയും പ്രവേശിച്ച സ്ഥലത്തു കൂടി തന്നെ പുറത്തുപോകുകയുമല്ലാതെ അയാൾക്കു ഗത്യന്തരമില്ലല്ലോ. അപ്പോൾ പ്രവേശിച്ചപ്പോൾ സംഭവിച്ചതുപോലെയോ അതിലധികമോ നാശം കൃഷിക്കു സംഭവിച്ചേക്കാൻ വഴിയുണ്ട്. പക്ഷേ, അത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു തിന്മായാണല്ലോ.

ഈ ശക്തിയുടെയും (നാരായണൻ) ലോകോൽപത്തിയുടെ പ്രഥമ കാരണഭൂതമായ 'ശക്തി'യുടെയും ഇടയിൽ അവർ വലിയ വ്യത്യാസം കല്പിക്കാറില്ല. ചിലപ്പോൾ ഈ കഴിവ് (നാരായണൻ) ലോകത്തുവരികയും, മനുഷ്യന്റെ ഉടലും നിറവും സ്വീകരിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ അവതാരങ്ങളിൽ ഒന്ന്, ആദ്യത്തെ മന്വേന്ദ്രയുഗം അവസാനിക്കുമ്പോൾ, ലോകനേതൃത്വം പിടിച്ചെടുക്കാൻ ഉദ്ദേശിക്കുന്ന വാൽകലിയിൽനിന്നു നേതൃത്വം പിടിച്ചെടുത്തു നൂറാമത്തെ ബലി നടത്തിക്കൊണ്ടിരിക്കുന്ന ക്ഷകൃതിയെ ഏൽപിക്കാനും തദ്വാരാ അദ്ദേഹത്തെ ഇന്ദ്ര

നായി നിശ്ചയിക്കാനുമാണ്.

മറ്റൊന്ന്, ആറാം മന്നേന്ദ്രയുഗത്തിന്റെ അവസാനത്തിൽ 'വെള്ളി ഗ്രഹത്തെ' മന്ത്രിയാക്കി ലോകം അടക്കി ഭരിച്ച ബലി (വിരേചനന്റെ പുത്രൻ)യെ നശിപ്പിക്കാൻ വേണ്ടിയത്രെ. മഹാബലി തന്റെ മാതാവിൽ നിന്നു തന്റെ കാലത്തേക്കാൾ പിതാവിന്റെ ഭരണകാലത്തുണ്ടായിരുന്ന വിശേഷങ്ങൾ അറിയുകയുണ്ടായി. കൃതായുഗത്തിന്റെ ആദ്യത്തിൽ പിതാവ് ദേവന്മാരുമായി വളരെ അടുത്ത ആളായിരുന്നു. അന്നു ജനങ്ങൾ സുഖത്തിലും സന്തോഷത്തിലും ജീവിച്ചിരുന്നു.

ഈ വാർത്തകളെല്ലാം മാതാവിൽനിന്ന് അറിഞ്ഞ മഹാബലി ഗുണവും ദാനധർമ്മങ്ങളും വഴിപാടുകളും നടത്താൻ തുടങ്ങി. അങ്ങനെ നൂറ് യാഗം തികച്ചും നടത്തിക്കഴിഞ്ഞാൽ അദ്ദേഹം ഈ ലോകത്തിന്റെയും സ്വർഗ്ഗ ലോകത്തിന്റെയും അധിപനായിത്തീരും. അദ്ദേഹം നൂറാമത്തെ യാഗം നടത്താൻ ഒരുമ്പെട്ടപ്പോൾ ദേവന്മാർ തങ്ങളുടെ നിലപാടുകളെ കുറിച്ചു ഭയപ്പെടാൻ തുടങ്ങി. ജനങ്ങൾക്കിടയിൽ തങ്ങൾക്കുള്ള സ്ഥാനമാനങ്ങളും ബന്ധവും മേലിൽ മുറിഞ്ഞുപോകുമെന്ന ധാരണയിൽ നാരായണനെ സമീപിച്ച് അവർ സങ്കടം ബോധിപ്പിച്ചു. അപ്പോൾ അതിനു വഴി താനുണ്ടാക്കിത്തരാമെന്നു പറഞ്ഞ് അദ്ദേഹം വാമനന്റെ രൂപത്തിൽ ഭൂമിയിലേക്ക് ഇറങ്ങി വന്നു. (കൈകാലുകൾക്കു ശരീരത്തിനനുസരിച്ചു നീളമില്ലാത്ത ഒരു വിരൂപിയാണു വാമനൻ). ഈ അവതാരപുരുഷൻ മഹാബലിയുടെ അടുത്തു ചെന്നപ്പോൾ അദ്ദേഹം നൂറാമത്തെ യാഗത്തിനുള്ള തയ്യാറെടുപ്പുകളിൽ ലയിച്ചിരിക്കുകയായിരുന്നു. ചുറ്റും കത്തിജ്വലിക്കുന്ന അഗ്നികുണ്ഡത്തിന്റെ അരികെ ബ്രാഹ്മണരും മഹാബലിക്ക് അരികെ മന്ത്രി ശുക്രനും (വെള്ളിഗ്രഹവും) ഇരിക്കുന്നുണ്ടായിരുന്നു. ദാനധർമ്മങ്ങൾക്കായി അദ്ദേഹത്തിന്റെ ഭണ്ഡാരങ്ങൾ തുറന്നുവെക്കുകയും രത്നങ്ങളും സ്വർണ്ണവും വേണ്ടുവോളം പ്രവഹിക്കുകയും ചെയ്തിരുന്നു. വാമനൻ ബ്രഹ്മണരുടെ കൂട്ടത്തിൽ പോയി വേദപാരായണം ചെയ്യാൻ തുടങ്ങി. ഇന്നു നാം 'സാമവേദം' എന്നു പറഞ്ഞു വരുന്ന ഭാഗംമുതൽ നല്ല രാഗത്തിൽ അദ്ദേഹം വായിച്ചു. അദ്ദേഹത്തിന്റെ വായന രാജാവിനു വളരെ രസിച്ചു. രാജാവിന്റെ പ്രവർത്തനങ്ങൾക്ക് അതു കൂടുതൽ പ്രോത്സാഹനം നൽകി. ഇതു കണ്ടപ്പോൾ ഇയാൾ നാരായണനാണെന്നും രാജാവിന്റെ ഭരണം പിടിച്ചുപറ്റാനായി വന്നതാണെന്നുമുള്ള വസ്തുത സ്വകാര്യമായി ശുക്രൻ അദ്ദേഹത്തെ അറിയിച്ചു. വായനയിൽ ലയിച്ചുപോയ രാജാവ് ഉപദേശം വകവെക്കാതെ വാമനനോട് അദ്ദേഹത്തിന്റെ ആവശ്യം എന്താണെന്ന് അന്വേഷിച്ചു.

"എനിക്കു ജീവിക്കാനായി അങ്ങയുടെ ദേശത്തു നിന്നു നാല് കാലടി സ്ഥലം വേണം" എന്നു വാമനൻ അറിയിച്ചു. അദ്ദേഹം ആവശ്യപ്പെ

ട്ടത് യഥേഷ്ടം എടുത്തുകൊള്ളാൻ രാജാവ് അനുമതി നല്കി. അപ്പോൾ ഈ വാഗ്ദാനം പൂർത്തിയായി എന്നറിയിക്കാൻ വേണ്ടി അവരുടെ പതിവനുസരിച്ചു നടത്താറുള്ള കൈകഴുകലിനു വെള്ളം ആവശ്യപ്പെട്ടു. അപ്പോൾ വെള്ളം നിറച്ച ഒരു കലശം മഹാബലി അദ്ദേഹത്തിനു കൊടുത്തു. രാജാവിനെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ശുക്രൻ ആ പാത്രത്തിന്റെ വായ്പുല്ലിൽ പൊതിഞ്ഞ മോതിരവിരൽ കൊണ്ട് അടച്ചു പിടിച്ചു. വെള്ളം വരാതിരുന്നപ്പോൾ വാമനൻ ശുക്രന്റെ കണ്ണിൽ കരടു വാരിയിട്ട് ആയാളെ മാറ്റി നിർത്തി. അങ്ങനെ വെള്ളം ഒലിക്കുകയും വാഗ്ദാനം പൂർത്തിയാവുകയും ചെയ്തു. അനന്തരം വാമനൻ കിഴക്കുഭാഗത്തേക്ക് ഒരു കാലടിയും പടിഞ്ഞാറു ഭാഗത്തേക്കു മറ്റൊരു കാലടിയും വെച്ചു ഭൂമി മുഴുവൻ അളന്നെടുത്തു. മൂന്നാമത്തെ കാലടി മുകൾ ഭാഗത്ത് സുഫർ ലോകം വരെ എത്തിയിരുന്നു. നാലാമത്തെ അടിവെക്കാൻ ഇടം കിട്ടിയില്ല. അപ്പോൾ മഹാബലി തന്റെ ചുമൽ കാണിച്ചുകൊടുത്തു. വാമനൻ ആ ചുമലിൽ ചവിട്ടി അദ്ദേഹത്തെ പാതാളലോകത്തിലേക്കു താഴ്ത്തിക്കളഞ്ഞു. അങ്ങനെ ലോക നേതൃത്രം പിടിച്ചെടുത്ത വാമനൻ പുരേന്ദ്രനെ ഏല്പിച്ചുകൊടുത്തു.

വിഷ്ണുപുരാണത്തിൽ ഇങ്ങനെ പറയുന്നു: "മൈത്രരാജാവ് പരാശരനോടു യുഗങ്ങളെ കുറിച്ചു ചോദിച്ചപ്പോൾ അദ്ദഹം ഇപ്രകാരം മറുപടി നല്കി. വിഷ്ണു പല അവതാരങ്ങളായി ഈ യുഗങ്ങളിൽ വെളിപ്പെടുന്നതാണ്. കൃതായുഗത്തിൽ വിദ്യ പ്രചരിപ്പിക്കാൻ കപിലയുടെ രൂപത്തിലും ത്രേതായുഗത്തിൽ തെമ്മാടികളെ അടിച്ചമർത്താൻ ധീരത പ്രകടിപ്പിച്ചു രാമന്റെ രൂപത്തിലും വരും. ദ്വാപർ യുഗത്തിൽ വേദത്തെ നാലായി ഭാഗിക്കാനും അവയുടെ ശാഖകൾ വിവരിക്കാനുമായി വ്യാസന്റെ രൂപത്തിലും ദ്വാപറിന്റെ അവസാനത്തിൽ ധിക്കാരികളെ നശിപ്പിക്കാൻ വാസുദേവന്റെ രൂപത്തിലും അവതരിക്കുന്നതാണ്. കലിയുഗത്തിൽ എല്ലാവരെയും നശിപ്പിച്ചു പുതിയൊരു ഘട്ടം ഉദ്ഘാടനം ചെയ്യാൻ ബ്രാഹ്മണനായ കലിയുടെ രൂപത്തിലും വരും.

ഇതേ ഗ്രന്ഥത്തിൽ മറ്റൊരു സ്ഥലത്ത് ഇങ്ങനെ വിവരിച്ചിട്ടുണ്ട്: വിഷ്ണു എന്നറിയപ്പെടുന്ന നാരായണൻ എല്ലാ ദ്വാപർ യുഗത്തിന്റെ അവസാനത്തിലും വേദം നാലായി ഭാഗിക്കാൻ അവതരിക്കുന്നതാണ്. വേദം മനസ്സിലാക്കാനും അതനുസരിച്ചു പ്രവർത്തിക്കാനുള്ള ജനങ്ങളുടെ കഴിവുകേടും കാരണമായാണ് ഇങ്ങനെ നാലായി ഭാഗിക്കേണ്ടി വരുന്നത്. വ്യാസന്റെ രൂപത്തിലായിരിക്കും അദ്ദേഹം അവതരിക്കുക. ചിലപ്പോൾ പേരുകൾ വ്യത്യാസപ്പെടുമെന്നു മാത്രം. ഏഴാമത്തെ ഈ മന്വേന്ദ്രയുഗത്തിന്റെ ചതുർയുഗങ്ങളിൽ വരുന്ന പേരുകളെ അദ്ദേഹം ഉദ്ധരിച്ചത് ഒരു പട്ടികയിൽ താഴെ ചേർക്കുന്നു.

1	സ്വയംഭൂ	11	ത്രിവർതു	21	ഊതം
2	പ്രചാപതി	12	ഭരത് വാസ്	22	ഹർജാതം
3	ഊഷൺ	13	അന്തർകുശു	23	ബീൻവ്യാസ്
4	ബ്രഹസ്പതി	14	വെവരി	24	ബാസർവ്വ
5	സവിത്	15	ത്രിയരുണൻ	25	സൂമിശുഷ്മം
6	മ്രീത്	16	ധന്യേവ്	26	ഭാർഗ്ഗവ
7	ഇന്ദ്രൻ	17	ക്രിത്തജ്ജ	27	വാത്മീകി
8	വസിഷ്ഠൻ	18	റഞ്ചീത്	28	കൃഷ്ണ
9	സരസ്വതി	19	ഭരതവാസ്	29	ദ്രോണന്റെ പുത്രൻ
10	ദ്രിഥം	20	കൂതം		അശ്തം

കൃഷ്ണദ്വൈപായനൻ എന്നതു പരാശരുടെ മകൻ വ്യാസനാകുന്നു. ഇരുപത്തി ഒമ്പതാമത്തെതിനു ശേഷം ഒന്നുമില്ലാത്തൊരു ഭാവിയാണ്.

'വിഷ്ണുധർമ്മ'ത്തിൽ ഇപ്രകാരം വിവരിക്കുന്നു: 'ഹർ' അതായത് നാരായണന് വിവിധ യുഗങ്ങളിൽ നാമങ്ങൾ വ്യത്യാസപ്പെട്ടുകൊണ്ടിരുക്കും. വാസുദേവൻ, ശങ്കരകൃഷ്ണൻ, പ്രഥമൻ, അനിരുദ്ധ് എന്നിങ്ങനെയായിരിക്കും. എന്നാൽ, ഈ പേരുകൾ ഉദ്ധരിച്ചതിൽ ഗ്രന്ഥകർത്താവ് കാലക്രമം ഗൗനിച്ചിട്ടില്ലെന്നാണു ഞാനൂഹിക്കുന്നത്. കാരണം, നാല് യുഗങ്ങളുടെ അവസാനത്തിലാണു വാസുദേവനായി അവതരിക്കുക.

'വിഷ്ണുധർമ്മ'ത്തിൽ തുടർന്നു പറയുന്നു: അദ്ദേഹത്തിന്റെ നിറങ്ങളും വ്യത്യാസപ്പെട്ടു കൊണ്ടിരിക്കും. കൃതായുഗത്തിൽ വെള്ളയും ത്രേതായുഗത്തിൽ ചുകപ്പും ദ്വാപർയുഗത്തിൽ മഞ്ഞയും (ഇതിലാണത്രെ അദ്ദേഹം ആദ്യമായി മനുഷ്യരൂപം അവതരിക്കുന്നത്) കലിയുഗത്തിൽ കറുപ്പും ആയിരിക്കും. ഈ വർണ്ണങ്ങൾ മേൽ പ്രസ്താവിച്ച മൂന്ന് ശക്തികൾ അനുസരിച്ചാണു മാറിക്കൊണ്ടിരിക്കുക. 'സീത' വെള്ളനിറത്തിലും, 'രജൂ' ചുകപ്പുനിറത്തിലും 'തമ' കറുപ്പുനിറത്തിലുമാണെന്ന് അവർ പറയുന്നു.

അധ്യായം 47

വാസുദേവനും ഭാരത യുദ്ധവും

കൃഷി, സന്താനോല്പാദനം ഇവ കൊണ്ടാണു ലോകം വളരുന്നത്. അതിരില്ലാതെ വർദ്ധിക്കുന്ന സ്വഭാവമാണ് സന്താനോല്പ്പാദനത്തിന്റേത്. പക്ഷേ, ലോകത്തിന് അതിർത്തിയുണ്ട്. എന്നാൽ, ഉത്ഭവവും നാശവും പെട്ടെന്നാവില്ല സംഭവിക്കുന്നത്. ഒന്ന് നശിക്കുമ്പോൾ അതിന്റെ വർഗ്ഗത്തിൽ പെട്ട പലതും ഉത്ഭവിക്കുന്നു. അങ്ങനെ വർദ്ധിച്ചു വർദ്ധിച്ച് ഭൂമിയിൽ അവയ്ക്ക് ഇടമില്ലാതായിത്തീരും. കൃഷിക്കാർ തങ്ങളുടെ കൃഷിയെ വേണ്ടപോലെ പരിപാലിക്കുക പതിവാണ്. തോട്ടക്കാരൻ ചെടികളിൽ മുരടിച്ചവ നശിപ്പിച്ചു നല്ലതെല്ലാം വളർത്തിക്കൊണ്ടുവരും. തേനീച്ച പ്രവർത്തിക്കാതെ ഭക്ഷിച്ചുമാത്രം അവരുടെ കൂട്ടത്തിൽ കഴിഞ്ഞുകൂടുന്ന ഈച്ചകളെ നശിപ്പിക്കുന്നു. ഇപ്രകാരം പ്രകൃതി ചിലതിനെ നശിപ്പിക്കുകയും മറ്റു ചിലതിനെ വർദ്ധിപ്പിക്കുകയും ചെയ്യുക അതിന്റെ സ്വഭാവമാണ്. പക്ഷേ, സാധനങ്ങൾ തമ്മിൽ വകതിരിക്കാതെയാകും പ്രകൃതിയുടെ പ്രവർത്തനം. ചിലപ്പോൾ മരങ്ങളുടെ ഇലയും പഴവും കൊഴിച്ച്, അവയെ ഫലശൂന്യമാക്കി പ്രകൃതി നശിപ്പിക്കുന്നുണ്ടല്ലോ. ഇങ്ങനെ ലോകം ആളുകളെ കൊണ്ടും വസ്തുക്കളെ കൊണ്ടും ശ്വാസം മുട്ടി വിഷമിക്കുമ്പോൾ അതു കുറക്കാൻ ചില ശക്തികളെ പ്രകൃതി അങ്ങോട്ടയക്കുന്നു. അവയുടെ പ്രവർത്തനം കൊണ്ടു പെരുപ്പം കുറക്കുകയും നാശബീജങ്ങൾ നശിക്കുകയും ചെയ്യും. ഇക്കൂട്ടത്തിൽ പെട്ട ഒരു ശക്തിയാണ് വാസുദേവൻ എന്നത്രെ ഇന്ത്യക്കാർ പറഞ്ഞുവരുന്നത്.

അദ്ദേഹം അവസാനത്തെ പ്രാവശ്യം അക്രമികൾ ഭൂമിയിൽ തേർവാഴ്ച നടത്തിക്കൊണ്ടിരിക്കുമ്പോൾ വാസുദേവൻ എന്ന പേരോടുകൂടി ഭൂമിയിൽ അവതരിക്കുകയാണുണ്ടായത്. അന്നു ലോകം വർദ്ധനവു കൊണ്ടു ചായുകയും ചരിയുകയും ശ്വാസം മുട്ടുകയും ചെയ്യുകയായിരുന്നുവത്രെ. അങ്ങനെ മഥുരാപട്ടണത്തിൽ അതിന്റെ അധിപനായിരുന്ന

കംസരാജാവിന്റെ സഹോദരിയിൽനിന്നു വാസുദേവന്റെ പുത്രനായി അദ്ദേഹം ജനിച്ചു. ഇവർ കന്നുകാലികളെ മേയ്ക്കുന്ന 'യദു' വിഭാഗത്തിൽ പെട്ട ശൂദ്രരായിരുന്നു. സ്വസഹോദരിയുടെ വിവാഹവേളയിൽ കേട്ട ഒരു അശരീരിയിൽനിന്നു തന്റെ ഘാതകൻ ഈ കുട്ടിയാകുമെന്നു കംസൻ മനസ്സിലാക്കി. അതിനാൽ അവൾ പ്രസവിക്കുന്ന കുട്ടികളെ (ആൺകുട്ടിയായാലും പെൺകുട്ടിയായാലും) കൊന്നുകളയുക അദ്ദേഹത്തിന്റെ പതിവായി. അതുകൊണ്ട് ബലഭദ്രൻ ജനിച്ചപ്പോൾ നന്ദന്റെ ഭാര്യയായ യസു (യശോദ) ആ കുട്ടിയെ കൊണ്ടുപോയി വളർത്തുകയും രാജാവിന്റെ ആളുകളിൽനിന്നു പല തതന്ത്രങ്ങളും പ്രയോഗിച്ച് കുട്ടിയെ മറച്ചുവെക്കുകയും ചെയ്തു. പിന്നെ എട്ടാമത്തെ പ്രസവത്തിലാണു വാസുദേവൻ ജനിച്ചത്. അതു ഭാദ്രമാസത്തിൽ കറുത്ത പക്ഷത്തിന്റെ എട്ടാം ദിവസം മഴപെയ്തുകൊണ്ടിരുന്ന ഇരുളടന്ന ഒരു രാത്രിയിലായിരുന്നു. അപ്പോൾ രോഹിണി ഞാറ്റുവേലയിലായിരുന്നു ചന്ദ്രൻ. ഗാഢനിദ്രയിൽ ആണ്ടുപോയ കാവൽക്കാർ ജനനവിവരം അറിഞ്ഞില്ല. ഈ തക്കത്തിൽ പിതാവ് കുട്ടിയെ എടുത്ത് മഥുരക്കടുത്തുള്ള നന്ദാലയത്തിൽ കൊണ്ടു പോയി. ഇടയ്ക്ക് യമുനാനദി കടക്കാനുണ്ടായിരുന്നു. വാസുദേവനെ പ്രസവിച്ച സമയത്തു തന്നെ നന്ദനും ഒരു പെൺകുട്ടി ജനിച്ചിരുന്നു. അവളെ വാസുദേവനു പകരം കൊണ്ടുപോയി വാസുദേവനെ ഏല്പിച്ചു. ആ കുട്ടിയെ അവർ കംസനു കൊടുത്തു. കംസൻ അവളെ വധിക്കാൻ ശ്രമിച്ചപ്പോൾ അവൾ ആകാശത്തേക്കു പറന്നുപോയി. അങ്ങനെ വാസുദേവൻ വളർത്തമ്മയായ യസുവിന്റെ അടുക്കൽ വളർന്നു. അതു തന്റെ കുട്ടിയല്ലെന്ന വസ്തുത ആ സ്ത്രീക്കു പോലും അറിവുണ്ടായിരുന്നില്ല. പക്ഷേ, കംസൻ ഈ കുട്ടിയുടെ കഥ മനസ്സിലാക്കുകയും കുട്ടിയെ ചതിക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും പ്രയോഗിച്ചുനോക്കുകയും ചെയ്തു. അതെല്ലാം വിഫലമാവുകയാണുണ്ടായത്. അവസാനം തന്റെ മുമ്പിൽ വെച്ചു മല്ല യുദ്ധം നടത്താനായി കുട്ടിയെ വിട്ടുതരണമെന്നു മാതാപിതാക്കളോട് ആവശ്യപ്പെട്ടു. അതനുസരിച്ചു കംസന്റെ മുമ്പിൽ വാസുദേവൻ കാണിച്ച ചില വീരപരാക്രമണങ്ങളാൽ അദ്ദേഹം വിശ്രുതനായി. അനന്തരം അദ്ദേഹം കംസന്റെ സരസ്സിലെ താമരച്ചെടികൾ കാക്കുന്ന സർപ്പത്തിന്റെ മൂക്കിൽ കടിഞ്ഞാണിട്ട് അതിനെ വശപ്പെടുത്തുകയും മൽപ്പിടുത്തത്തിന് ആവശ്യമായ വസ്ത്രം നല്കാതിരുന്ന കംസന്റെ അലക്കുകാരനെ വധിക്കുകയും മല്ലയോദ്ധാക്കൾക്ക് ചന്ദനം പൂശാൻ നിയുക്തയായ സ്ത്രീയിൽനിന്നു ചന്ദനം പിടിച്ചുപറ്റുകയും തന്നെ വധിക്കാനായി തയ്യാർ ചെയ്യപ്പെട്ട ആനയെ കൊല്ലുകയും ചെയ്തു. ഇതെല്ലാം കണ്ടു സഹിക്കാൻ കഴിയാതെ കുപിതനായ കംസൻ മർമ്മഭേദനം മൂലം മരിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ സഹോദരീപുത്രൻ വാസുദേവൻ അധികാരത്തിൽ വന്നു.

ഓരോ മാസത്തിലും വാസുദേവനു പ്രത്യേകം പേരുകളുണ്ട്. അഗ്രഹായണ മാസംകൊണ്ടാണ് അത് ആരംഭിക്കുക. ഓരോ മാസത്തിന്റെ പതിനൊന്നാമത്തെ ദിവസം മുതൽക്കാണു പേരു മാറുക. ആ ദിവസമായിരുന്നുവത്രെ അദ്ദേഹത്തിന്റെ പുറപ്പാട്:

മാസങ്ങൾ	വാസുദേവന്റെ പേരുകൾ	മാസങ്ങൾ	വാസുദേവന്റെ പേരുകൾ
അഗ്രഹായണം	കേശവൻ	ജ്യേഷ്ഠം	തിരുവിക്രമൻ
പൗഷം	നാരായണൻ	ആഷാഢം	വാമനൻ
മാഘം	മാധവൻ	ശ്രാവണം	ശ്രീധരൻ
ഫാൽഗുനം	ഗോവിന്ദൻ	ഭാദ്രം	ഹൃഷികേശൻ
ചൈത്രം	വിഷ്ണു	അശ്വിനം	പദ്മനാഭൻ
വൈശാഖം	മധുസൂദനൻ	കാർത്തികം	ദാമോദരൻ

ഈ നില കണ്ടപ്പോൾ കംസന്റെ മരുമകൻ (മകളുടെ ഭർത്താവ്) കുപിതനായി മധുരയിൽ ചെന്നു വാസുദേവനിൽനിന്ന് അധികാരം പിടിച്ചെടുത്തു. വാസുദേവനെ അയാൾ കടൽത്തീരപ്രദേശത്തേക്കു നാടുകടത്തി. അപ്പോൾ അവിടെ സ്വർണ്ണമയമായ 'വാറുയ' എന്ന കൊട്ടാരം ദൃശ്യമാവുകയും അദ്ദഹം അതിൽ താമസമുറപ്പിക്കുകയും ചെയ്തു. കൗരവ സന്താനങ്ങൾ അവരുടെ പിതൃവ്യപുത്രന്മാരുമൊത്ത് (പാണ്ഡവർ) അവിടെ താമസിച്ചുവരികയായിരുന്നു. അയാൾ അവരെ സല്ക്കരിക്കുകയും അവരുമായി ചൂതുകളിയിൽ ഏർപ്പെട്ട് അവരുടെ എല്ലാ സ്വത്തുക്കളും കൈവശപ്പെടുത്തുകയും ചെയ്തു. അവസാനം അയാൾ പത്തുകൊല്ലത്തേക്കു നാടുവിട്ടുപോകാനും അതുകഴിഞ്ഞ് ആരും അറിയാത്ത വിധത്തിൽ ഒളിഞ്ഞിരിക്കാനും കല്പിച്ചു. ഈ നിശ്ചയം പാലിക്കുന്നില്ലെങ്കിൽ പിന്നെയും പത്തുകൊല്ലം നാടുവിട്ടുപോകേണ്ടി വരുമെന്നും കല്പനയുണ്ടായിരുന്നു.

അവർ അപ്രകാരം തന്നെ ചെയ്തു. അങ്ങനെ അവർ പ്രത്യക്ഷപ്പെടേണ്ട സമയമായപ്പോൾ ഓരോ വിഭാഗക്കാരും ഒരു ഭയങ്കര സമരം നടത്താനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. താനേശ്വർ മരുഭൂമിയിൽ അസംഖ്യം ആളുകൾ തടിച്ചുകൂടി. അവരിൽ പതിനെട്ട് അക്ഷൗഹിണി സംഘങ്ങളുണ്ടായിരുന്നു. ഓരോ വിഭാഗക്കാരും വാസുദേവനോട് സഹായം അഭ്യർത്ഥിച്ചു. അപ്പോൾ അദ്ദേഹം താനൊറ്റക്ക് ഒരു കക്ഷിയേയും തന്റെ സഹോദരൻ ബലഭദ്രൻ കുറേ സൈന്യങ്ങളും കൂടി മറ്റേ കക്ഷിയെയും സഹായിക്കാമെന്നേറ്റു. അപ്പോൾ പാണ്ഡുവിന്റെ സന്താനങ്ങൾ വാസുദേവനെ തിരഞ്ഞെടുത്തു. അവർ അഞ്ചു പേരാണ്:

1. അവരുടെ നേതാവായ യുധിഷ്ഠിരൻ
2. ഭീമസേനൻ
3. അർജ്ജുനൻ
4. സഹദേവൻ
5. നകുലൻ

ഇവരുടെ കൂടെ ഏഴ് അക്ഷൗഹിണി മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ ശത്രുക്കളാണെങ്കിൽ കൂടുതൽ ശക്തന്മാരായിരുന്നു. വാസുദേവന്റെ തന്ത്രവും യുദ്ധവിജയത്തിനാവശ്യമായ പരിശീലനം നല്കലും ഉണ്ടായിരുന്നില്ലെങ്കിൽ അവർ വിജയിക്കുമായിരുന്നില്ല. അങ്ങനെ ആ സമൂഹങ്ങളെല്ലാം നശിക്കുകയും ആ അഞ്ചു സഹോദരന്മാർ മാത്രം അവശേഷിക്കുകയും ചെയ്തു. അനന്തരം വാസുദേവൻ തന്റെ ആസ്ഥാനത്തേക്കു തിരിച്ചുപോയി. അദ്ദേഹവും തദ്വംശരും ആ അഞ്ചു സഹോദരന്മാരും അതേ വർഷം കഴിയുന്നതിനു മുമ്പുതന്നെ മരിച്ചവസാനിച്ചു. പ്രസ്തുത യുദ്ധത്തിനു ശേഷം ഒരു ശൂന്യകാലം നടമാടുകയുണ്ടായി.

വാസുദേവനും അർജ്ജുനനും തമ്മിൽ ഇങ്ങനെ ഒരു നിശ്ചയമുണ്ടായിരുന്നു. ഇടത്തെ കണ്ണും ഇടത്തെ ചുമലും തുടിച്ചുകണ്ടാൽ അതു വാസുദേവന് എന്തെങ്കിലും ആപത്ത് സംഭവിച്ചിട്ടുണ്ടെന്നതിന്റെ ലക്ഷണമായിരിക്കും എന്ന്. അക്കാലത്ത് ദുർവാസ് എന്ന ഒരു മഹർഷി ഉണ്ടായിരുന്നു. വാസുദേവന്റെ വംശക്കാർ വലിയ തെമ്മാടികളും കോമാളികളുമായിരുന്നു. അവരിലൊരുവൻ തന്റെ വസ്ത്രത്തിനുള്ളിൽ ചീനച്ചട്ടി വെച്ചുകെട്ടി പരിഹാസസ്വരത്തിൽ താൻ ഗർഭം ധരിച്ചതിനെ കുറിച്ച് അന്വേഷിച്ചു. അപ്പോൾ മഹർഷി ഇങ്ങനെ പറഞ്ഞു: നിന്റെ വയറ്റിൽ നിന്റെയും നിന്റെ കുടുംബത്തിന്റെയും നശീകരണ ഹേതുവായിത്തീരുന്ന ഒരു വസ്തുവുണ്ട്. അതു കേട്ടപ്പോൾ വാസുദേവൻ വല്ലാതെ ദുഃഖിച്ചു. കാരണം, മഹർഷികൾ സത്യമേ പറയൂ എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അപ്പോൾ അദ്ദേഹം പ്രസ്തുത ചീനച്ചട്ടിയെ തച്ചുടച്ചു പൊടിയാക്കി വെള്ളത്തിൽ എറിയാൻ കൽപിച്ചു. പൊടിയാക്കിയപ്പോൾ ചെറിയ ഒരു കഷ്ണം പൊടിയാതെ ശേഷിച്ചിരുന്നു. അതും പൊടിയോടുകൂടി വെള്ളത്തിൽ ഇട്ടു. ആ കഷ്ണം ഒരു മത്സ്യം വിഴുങ്ങി. അതൊരു മീൻ പിടുത്തക്കാരന്റെ വലയിൽ പെടുകയും അയാൾ അതിന്റെ വയറ്റിൽ കണ്ട ഇരുമ്പുകഷ്ണം പുറത്തെടുത്ത് അതുകൊണ്ട് അമ്പുണ്ടാക്കുകയും ചെയ്തു. അങ്ങനെ ഇരിക്കെ വാസുദേവൻ കടൽക്കരയിൽ, ഒരു മരത്തണലിൽ കാലിന്മേൽ കാലും കയറ്റിവെച്ച് ഉറങ്ങുകയായിരുന്നു. തത്സമയം പ്രസ്തുത മനുഷ്യൻ വേട്ടക്കായി അവിടെ വന്നു. വാസുദേവനെ ദൂരെനിന്നു കണ്ടപ്പോൾ അത് ഒരു മാനാണെന്നു തെറ്റിദ്ധരിച്ച് അയാൾ അദ്ദേഹത്തിനു നേരെ അമ്പ് തൊടുത്തുവിട്ടു. അതു വാസുദേവന്റെ വലതു കാൽപാദത്തിനേറ്റു. ആ മുറിവ് അദ്ദേഹത്തിന്റെ

മരണത്തിനിടയാക്കി. അർജ്ജുനന്റെ ഇടത്തെ കണ്ണും ചുമലും തത്സമയം പിടയ്ക്കുകയുണ്ടായി. അപ്പോൾ അർജ്ജുനന്റെ സഹോദരൻ സഹദേവൻ അദ്ദേഹത്തോട് ഇങ്ങനെ ഉപദേശിച്ചു. "താങ്കളെ ചുംബിക്കാൻ അദ്ദേഹത്തെ അനുവദിക്കരുത്. അനുവദിച്ചാൽ താങ്കളുടെ ശക്തി അദ്ദേഹം അപഹരിച്ചു കളയും." അർജ്ജുനൻ വാസുദേവന്റെ അരികെ ചെല്ലുകയും തന്നെ ചുംബിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്തു. അപ്പോൾ വാസുദേവൻ തന്റെ അസ്ത്രം ആവശ്യപ്പെട്ടു. അതുകൊണ്ട് അദ്ദേഹം തന്റെ ശക്തി പരിശോധിച്ചു. അവസാനം അദ്ദേഹം തന്റെയും കുടുംബക്കാരുടെയും ശവശരീരങ്ങൾ ദഹിപ്പിക്കണമെന്നും തന്റെ സ്ത്രീകളെ കൊട്ടാരത്തിൽനിന്നു നീക്കണമെന്നും കല്പിക്കുകയും ചെയ്തു. തൽക്ഷണം മരിക്കുകയും ചെയ്തു.

വെള്ളത്തിലെറിഞ്ഞ ഇരുമ്പുപൊടി കരയ്ക്കടിഞ്ഞു ഞാങ്ങണപ്പുല്ലായി മുളയ്ക്കുകയുണ്ടായി. വാസുദേവന്റെ ഗോത്രക്കാരായ യാദവന്മാർ ആ പുല്ലിൻകെട്ടു ശേഖരിച്ച് അതിലിരുന്ന് കുടിച്ചു രസിച്ചുതുടങ്ങി. അവരിൽ ഈ ദുഃസ്വഭാവം വർദ്ധിച്ചു. ഒരിക്കൽ അവർ തമ്മിൽ വിലിയ കലഹമുണ്ടായി. അന്യോന്യം ഈ പുല്ലുക്കൊണ്ട് സമരം ചെയ്തു അവർ നശിച്ചു. ഈ സംഭവങ്ങളെല്ലാം നടന്നതു സോമനാഥത്തിനടുത്ത്, സരസ്വതീ നദി സമുദ്രത്തിൽ പതിക്കുന്ന സ്ഥലത്തിനടുത്താണ്. അർജ്ജുനൻ തന്നെ ഏല്പിച്ച കാര്യങ്ങളെല്ലാം നിർവ്വഹിച്ചു. സ്ത്രീകളെ കൊട്ടാരത്തിൽനിന്നു കൊണ്ടുപോകും വഴി കള്ളന്മാർ അവരെ ആക്രമിച്ചു. അമ്പ് അയക്കാൻ ശ്രമിച്ചപ്പോൾ അർജ്ജുനന് അതു സാധ്യമായില്ല. തന്റെ ശക്തി ക്ഷയിച്ചെന്ന് അദ്ദേഹം മനസ്സിലാക്കി. അപ്പോൾ അദ്ദേഹം തലയ്ക്കു ചുറ്റും അസ്ത്രം ചുറ്റിക്കാൻ തുടങ്ങി, അതിന്റെ വൃത്തത്തിൻ കീഴിൽ ഉൾപ്പെട്ടവരെല്ലാം രക്ഷപ്പെടുകയും അതിൽനിന്നു പുറത്തായവരെല്ലാം കള്ളന്മാർക്ക് അധീനരാവുകയും ചെയ്തു. അർജ്ജുനനും സഹോദരന്മാരും ഇനി ജീവിച്ചിരുന്നിട്ടു ഫലമില്ലെന്നു കരുതി മഞ്ഞുരുകാത്ത പർവ്വതപ്രാന്തങ്ങളിലേക്കു തിരിച്ചു. കഠിനമായ ശൈത്യം മൂലം യുധിഷ്ഠിരനല്ലാത്ത മറ്റെല്ലാവരും മൃതിയടഞ്ഞു. അദ്ദേഹം തന്റെ മഹത്വം കാരണം ഉടലോടെ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. സ്വർഗ്ഗത്തിലെത്തുന്നതിനു മുമ്പ് അദ്ദേഹത്തിനു നരകത്തിലൂടെ പോകേണ്ടതായി വന്നു. കാരണം, തന്റെ സഹോദരനും വാസുദേവനും പറഞ്ഞതനുസരിച്ച് അദ്ദേഹം ഒരിക്കൽ ഒരു കളവു പറയുകയുണ്ടായി. അതായത്, ബ്രാഹ്മണനായ ദ്രോണർ കേൾക്കത്തക്ക നിലയിൽ അശ്വത്ഥാമാവ്-ആന-ചത്തു എന്നു യുധിഷ്ഠിരൻ പറഞ്ഞപ്പോൾ രണ്ടു പദങ്ങൾക്കിടയിൽ അല്പ നേരം മൗനം ദീക്ഷിക്കുകയും അതിനാൽ, തന്റെ മകനാണു മരിച്ചതെന്ന ദ്രോണർ തെറ്റിദ്ധരിക്കുകയും ചെയ്തു. നരകത്തിൽ കൂടി കടന്നുപോകണമെന്ന് ആവശ്യപ്പെട്ട ദേവന്മാരോടു

യുധിഷ്ഠിരൻ ഇപ്രകാരം ആവശ്യപ്പെട്ടു: "അങ്ങനെ ചെയ്തേ തീരൂ എന്നുണ്ടെങ്കിൽ നരകനിവാസികൾക്കായി തന്റെ ശുപാർശ സ്വീകരിക്കുകയും അവരെ മോചിപ്പിക്കുകയും ചെയ്യണം." അപ്പോൾ ദേവന്മാർ പ്രസ്തുത അപേക്ഷ സ്വീകരിക്കുകയും അദ്ദേഹത്തെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോവുകയും ചെയ്തു.

അധ്യായം 48

അക്ഷൗഹിണിയുടെ ക്രമവും വലിപ്പവും

ഒരു അക്ഷൗഹിണി=പത്ത് അനീഘനിയും ഒരനീഘനി=മൂന്ന് ജമവും, ഒരു ജമം=മൂന്ന് പർത്തനും, ഒരു പർത്തൻ=മൂന്ന് വാഹനും, ഒരു വാഹൻ=മൂന്ന് ഘണവും, ഒരു ഘണം= മൂന്ന് ഗുലവും, ഒരു ഗുലം= മൂന്ന് സേനാമുഖം, ഒരു സേനാമുഖ്= മൂന്ന് പത്തയുമാണ്. ഓരോ പത്ത യിലും ഒരു രഥമുണ്ടാവും. ചതുരംഗത്തിൽ അതു 'തേര്' എന്നാണു പറയാറുള്ളത്. ഗ്രീക്കുകാർ ഇവയ്ക്കെല്ലാം കൂടി യുദ്ധവാഹനങ്ങൾ എന്നു പറഞ്ഞിരുന്നു. ഏഥൻസ് പട്ടണത്തിൽ വെച്ചു മംഗാലൂസ് എന്ന ആളാണ് ഇത് ആരംഭിച്ചത്. ചരിത്രത്തിൽ ആദ്യമായി ഈ വാഹനങ്ങ ളിൽ കയറിയവർ തങ്ങളാണെന്ന് ഏഥൻസ് നിവാസികൾ അവകാശ പ്പെടുന്നു. എന്നാൽ, അതിനു മുമ്പുതന്നെ ഇന്ത്യക്കാരായ ആഫ്രോദീ സ്യസ് ഈജിപ്ത് പിടിച്ചപ്പോൾ അദ്ദഹം അവിടെ ഈ വാഹനങ്ങൾ നിർമ്മിച്ചിട്ടുണ്ടായിരുന്നു. ഇതു 'തൂഫാൻ' എന്നറിയപ്പെടുന്ന വെള്ളപ്പൊ ക്കത്തിന്റെ ഏതാണ്ട് 900 വർഷത്തിനു ശേഷമാണ്. രണ്ട് കുതിരകൾ വലിച്ചുകൊണ്ടു പോകുന്ന രഥമാണ് അദ്ദഹം നിർമ്മിച്ചത്.

ഗ്രീക്കുകാരുടെ ഒരു ഐതീഹ്യത്തിൽ ഇങ്ങനെ പറയുന്നു: "ഹെഫാസ്റ്റോസ്, ഏതൻസ്യ എന്ന ഗ്രീക്ക് കന്യകയെ പ്രേമിച്ചു. അദ്ദേഹം അവളെ സമീപിച്ചപ്പോൾ അവൾ അഭിമാനം രക്ഷിക്കുവാനായി ഒളിച്ചിരുന്നു. ഒരിക്കൽ ഹെഫാസ്റ്റോസ് ഒളിച്ചിരിക്കുന്ന അവളെ പിടി കൂടിയപ്പോൾ ഏതൻസ്യ ഒരു കുന്തം കൊണ്ട് അദ്ദേഹത്തെ കുത്തിമാ റ്റി. അപ്പോൾ അദ്ദേഹത്തിന് ഇന്ദ്രിയ സ്ഖലനമുണ്ടായി. തത്ഫലമായി ഭൂമിയിൽ വീണ ഒരു തുള്ളി ശുക്ലത്തിൽനിന്ന് എരിക്ത്തോന്യസ് ജനി ച്ചുവത്രെ. അദ്ദേഹം കടിഞ്ഞാൺ പിടിച്ച ഒരു കൂട്ടുകാരനോടു കൂടി സൂര്യരഥം പോലെയുള്ള ഒരു വാഹനം കയറി വരുന്നതായാണു ദൃശ്യ നായത്. നമ്മുടെ കാലത്തു യുദ്ധക്കളത്തിൽ കാണുന്ന തേരോട്ടം, ചാട്ടം

എന്നിവയെല്ലാം മേൽ പ്രസ്താവിച്ചവയോടു സാമ്യമുള്ളവയാണ്. അതിൽ ഒരാനയും മൂന്ന് കുതിരയും അഞ്ച് കാലാൾപടയും ഉണ്ടാകും. സൈന്യങ്ങളെ പല വകുപ്പുകളായി തിരിക്കാനും യുദ്ധഭൂമിയിലേക്ക് ഇറങ്ങാനും നീങ്ങാനും വേണ്ടിയാണ് ഇങ്ങനെ വ്യവസ്ഥ ചെയ്യുന്നത്. 21,870 തേരും അത്രതന്നെ ആനയും 65,610 കുതിരയും 1,09,350 കാലാൾ പടയും കൂടിയതാണ് ഒരു അക്ഷൗഹിണി. പക്ഷേ, ഓരോ തേരിലും നാല് കുതിരയും അവയുടെ നായകനും വാഹനനേതാവും, അദ്ദേഹത്തെ സഹായിക്കുന്ന രണ്ട് കുന്തവാഹകരും ഒരു പിന്നണി കാവൽക്കാരനും ഒരു വാഹനപാലകനും ഉണ്ടാകും. ഓരോ ആനപുറത്തും അതിന്റെ നേതാവും തൊട്ടടുത്തു സഹായിയും കൂടാരത്തിനു പുറകിലായി പാപ്പാനും നേതാവിന്റെ ഇരു വശങ്ങളിലായി രണ്ട് കുന്തവാഹകരും ഇരിക്കും. മുമ്പിൽ ഓടിക്കൊണ്ടിരിക്കുന്ന ഒരു വിനോദകനും കാണും. അപ്പോൾ തേരുകളും ആനകളും കാരണമായി ആളുകൾ 2,84,323 ആയി വർദ്ധിക്കുകയും കുതിരകളുടെ സംഖ്യ 87,480 ആകയും ചെയ്യും. ഈ കണക്കനുസരിച്ച് അക്ഷൗഹിണിയിൽ 21,870 ആനയും അത്രയും തേരുകളും 1,53,090 കുതിരകളും 4,59,283 ആളുകളും ഉണ്ടാകുന്നതാണ്. അപ്പോൾ ഒരു അക്ഷൗഹിണിയിലുണ്ടാകുന്ന ജീവികളുടെ എണ്ണം 6,34,243 ആകും. അങ്ങനെ പതിനെട്ട് അക്ഷൗഹിണിയിലും കൂടി 1,14,16,374 ജീവികളുണ്ടാകും. ഇതത്രെ അക്ഷൗഹിണിയുടെ വലിപ്പവും ക്രമവും.

അധ്യായം 49

ഇന്ത്യയുടെ ഇതിഹാസ കാലങ്ങൾ

ചരിത്ര സംഭവങ്ങൾ കൊണ്ടാണല്ലോ കാലങ്ങളും യുഗങ്ങളും അറിയാൻ കഴിയുന്നത്. ഇന്ത്യക്കാർ പൊതുവിൽ സംഖ്യ വർദ്ധിപ്പിച്ചു കാണിക്കുന്നതിൽ അഭിമാനം കൊള്ളുന്നവരാണെങ്കിലും ഉപയോഗത്തിൽ അതു ചുരുക്കിക്കാണിക്കാൻ അവർ നിർബന്ധിതരാകാറുണ്ട്. അവരുടെ ചരിത്രങ്ങളിൽ പ്രധാനമായവ:

1. ബ്രഹ്മാവിന്റെ ഉത്ഭവം
2. ബ്രഹ്മദിനത്തിന്റെ ആരംഭമായ കല്പത്തിന്റെ ആരംഭഘട്ടം
3. ഏഴാം മന്നേന്ദ്ര യുഗത്തിന്റെ ആരംഭ ഘട്ടം
4. ഇരുപത്തി എട്ടാമത്തെ ചതുർയുഗത്തിന്റെ ആരംഭം
5. കലികാലം (കലിയുഗം എന്നാണ് ഈ യുഗത്തിനു പറയാറുള്ളത്)
6. പാണ്ഡവ കാലം. (ഭാരതയുദ്ധം നടന്ന കാലമാണിത്)

ഈ ചരിത്രങ്ങളെല്ലാം വളരെ പുരാതനവും ആയിരക്കണക്കിനു കൊല്ലങ്ങൾക്കു മുമ്പുള്ളതുമാണ്. ജ്യോതിശാസ്ത്രജ്ഞന്മാർക്കും മറ്റും ഈ വർഷഗണനങ്ങൾ വളരെ വിഷമമായി തോന്നിയിട്ടുണ്ട്. ഈ ചരിത്ര കൊല്ലങ്ങൾ കണക്കാക്കുന്നതിനു യസ്ദജിർദിന്റെ നാനൂറാമാണ്ടത്തെ ഇന്ത്യൻ സംവത്സരം നമുക്കു മാതൃകയായി സ്വീകരിക്കാം. അതിൽ ഏകങ്ങളും ദശങ്ങളും ഇല്ല. ലോകസിംഹമായ സുൽത്താൻ മഹ്മൂദിനെ പോലെയുള്ളവരുടെ പതനകാലമായതിനാൽ അതു പ്രസിദ്ധവുമായിത്തീർന്നു. എന്നാൽ, ഭാരതീയ വർഷം ആരംഭിക്കുന്നതു നൗറോസ് പന്ത്രണ്ട് ദിവസം മുമ്പും സുൽത്താൻ മഹ്മൂദിന്റെ മരണത്തിനു പത്ത് മാസം ശേഷവുമാണ്. വിഷ്ണുധർമ്മത്തിൽ ഇങ്ങനെ വിവരിക്കുന്നു: വജ്രൻ മാർക്കണ്ഡേയനോടു ബ്രഹ്മാവിന്റെ വയസ്സിൽനിന്നു കഴിഞ്ഞു പോയ കാലത്തെ കുറിച്ചന്വേഷിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: "എട്ടുകൊല്ലവും അഞ്ച് മാസവും നാല് ദിവസവും ആറു മന്നേന്ദ്രവും ഏഴ് സന്ധികളും ഇരുപത്തി ഏഴ് ചതുർയുഗങ്ങളും ഇരുപത്തി

എട്ടാമത്തേതിൽ നിന്നു മൂന്ന് യുഗങ്ങളും താങ്കൾ നടത്തിയ അശ്വമേധം വരെയുള്ള പത്ത് ദിവ്യവർഷവുമാണ്." അദ്ദേഹം തുടർന്നു: "ഇതിന്റെ വിശദ വിവരങ്ങൾ ഒരാൾ ശരിക്കും ഗ്രഹിച്ചുകഴിഞ്ഞാൽ അദ്ദേഹം ഒരു തികഞ്ഞ പണ്ഡിതനായിത്തീരുന്നതാണ്. അങ്ങനെയുള്ള പണ്ഡിതനേ ഏകദൈവത്തെ ആരാധിക്കുകയും ദൈവസാമീപ്യമെന്ന പരമപദം കര സ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്യുകയുള്ളൂ.

മേലുദ്ധരിച്ചതു ശരിക്കും ഗ്രഹിച്ചുകഴിഞ്ഞാൽ ബ്രഹ്മാവിന്റെ വയ ത്തിൽനിന്നു നാം ഉദാഹരണ വർഷമായി നിശ്ചയിച്ച കൊല്ലം വരെ കഴിഞ്ഞുപോയതു നമ്മുടെ കൊല്ലംകൊണ്ടു കണക്കാക്കിയാൽ 26,21,573,29,48,132 കൊല്ലവും അദ്ദേഹത്തിന്റെ പകലാകുന്ന കല്പവർഷം മുതൽ 197,29,48,132 കൊല്ലവും ഏഴാമത്തെ മന്നേന്ദ്രയുഗം മുതൽ 12,05,32,132 കൊല്ലവുമാണെന്നു തെളിയും. ഇതുതന്നെയാണ് മഹാബ ലിയെ തടങ്കിലാക്കിയ കാലവും. കാരണം, ആ സംഭവമുണ്ടായത് ഏഴാ മത്തെ മന്നേന്ദ്രയുഗത്തിന്റെ ചതുർയുഗാരംഭത്തിലായിരുന്നു. ഇതേവരെ നാം പറഞ്ഞതും ഇനി ചരിത്രവർഷങ്ങളായി നാം പറയാൻ ഉദ്ദേശിക്കു ന്നതും പൂർണ്ണവർഷങ്ങളാണ്. കാരണം, ഇന്ത്യക്കാർക്കിടയിൽ ഭിന്നിത ങ്ങളുള്ള കൊല്ലങ്ങളെ ചരിത്ര സംഭവങ്ങൾക്കായി ഉപയോഗിക്കുന്ന പതിവു കാണുന്നില്ല.

വിഷ്ണുധർമ്മത്തിൽ വജ്രന്റെ ചോദ്യത്തിന് ഉത്തരമായി മാർക്ക ണ്ഡേയൻ ഇപ്രകാരം പറഞ്ഞതായി കാണുന്നു: "എന്റെ ഈ കാലം വരം ആറ് കല്പ വർഷവും, ഏഴിൽനിന്ന് ആറ് മന്നേന്ദ്ര യുഗവും ഇരു പത്തിമൂന്ന് ത്രേതായുഗവും കഴിഞ്ഞിട്ടുണ്ട്. ഇരുപത്തിനാലിൽ ആണ് രാമൻ രാവണനെ വധിച്ചത്. രാമന്റെ സഹോദരനാണ് രാവണന്റെ സഹോദരൻ കുംഭകർണനെ കൊന്നതെന്നും ഐതിഹ്യമുണ്ട്. അവർ രണ്ടുപേരും കൂടി രാക്ഷസന്മാരെ മുഴുവനും കീഴടക്കി. അനന്തരം വാൽമീകി മഹർഷി രാമായണ കഥ എഴുതി. ആ ചരിത്ര സംഭവത്തെ ശാശ്വതമാക്കി. ഞാൻ ഈ കഥ 'കാവുക' വനത്തിൽ പാണ്ഡുവിന്റെ മകൻ യുധിഷ്ഠിരനോടു പറഞ്ഞിട്ടുണ്ട്.

അദ്ദേഹം ത്രേതായുഗത്തെ എടുത്തുപറയാനുള്ള കാരണം പ്രസ് തുത സംഭവങ്ങളെല്ലാം ഉണ്ടായത് അതേ യുഗത്തിൽ ആയതുകൊ ണ്ടാണ്. ത്രേതായുഗത്തിന്റെ അവസാന ഭാഗമാണ്, ആദ്യഭാഗത്തേക്കാൾ ഈ സംഭവവുമായി കൂടുതൽ ബന്ധപ്പെട്ടത്. രാമന്റെയും രാമായണ ത്തിന്റെയും തിയ്യതി അവർ ചരിത്രവർഷങ്ങൾക്കുപയോഗിക്കാറുണ്ട്. ഇരുപത്തിമൂന്ന് ചതുർയുഗം 9,93,60,000 വർഷവും ത്രേതായുഗത്തിന്റെ അവസാനമാകുമ്പോഴും 10,23084,000 വർഷവുമാകുന്നതാണ്. **********മന്നേന്ദ്രയുഗത്തിന്റെ തിയ്യതി. നമ്മുടെ കൊല്ലം വരെ യുള്ള ചരിത്ര കാലത്തിൽനിന്ന് ഈ തുക കിഴിച്ചാൽ 181,48,132 കൊല്ല

മായി ശേഷിക്കുന്നതാണ്. ഇതാണ് അനുമാനമനുസരിച്ചു രാമന്റെ ചരിത്രകാലം. വിശ്വസിക്കത്തക്കതായ യാതൊരു പ്രസ്താവനയും ഈ വിഷയത്തിൽ എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല. ഇരുപത്തെട്ടാമത്തെ ചതുർയുഗത്തിൽനിന്നു കിഴിക്കുകയാണെങ്കിൽ 38,92,132 വർഷവും ലഭിക്കും.

ഇതെല്ലാം ബ്രഹ്മഗുപ്തന്റെ അഭിപ്രായമനുസരിച്ചുള്ളതാണത്രെ. അദ്ദേഹവും പുൽസനും യോജിച്ചിങ്ങനെ പ്രസ്താവിക്കുന്നു: "ബ്രഹ്മാവിന്റെ കല്പവർഷങ്ങൾ നമ്മുടെ കല്പത്തിനു മുമ്പായി 6068 ആകുന്നു. അവർക്കിടയിൽ അഭിപ്രായവ്യത്യാസമുള്ളത് അതിന്റെ ചതുർയുഗങ്ങളിൽ മാത്രമാണ്.'' പുൽസന്റെ അഭിപ്രായത്തിൽ ചതുർയുഗം 61,16,544-ഉം ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തിൽ 48,544-ഉം ആണ് മന്വന്ദ്രയുഗങ്ങൾ. സന്ധികൾ കൂടാതെ എഴുപത്തിരണ്ട് ചതുർയുഗമാണെന്നും ഓരോ യുഗവും അതിന്റെ നാലിലൊന്ന് ആണെന്നുമുള്ള പുൽസന്റെ അഭിപ്രായമനുസരിച്ചു നാം ഉദാഹരണമായി എടുത്ത സമയം വരേയ്ക്കും ബ്രഹ്മാവിന്റെ വയസ്സിൽനിന്നു കഴിഞ്ഞത് 26,42,545,66,00,000 വർഷവും 198,61,24,132 കല്പവും 11,98,84,132 മന്വന്ദ്രവും 32,44,132 ചതുർയുഗവും ആകുന്നതാണ്. എന്നാൽ, കലിയുഗത്തിനു ശേഷമുള്ള കൊല്ലങ്ങളിൽ അഭിപ്രായവ്യത്യാസമില്ല. കലിയുഗം അവരിരുവരുടെയും ആഭിപ്രായത്തിൽ 4132 വർഷമായിട്ടുണ്ട്. ഇതത്രെ കലികാലം. 'പാണ്ഡുകാലം' എന്നറിയപ്പെടുന്നത് ഭാരതയുദ്ധം മുതൽ മുവ്വയാരിത്തി എഴുനൂറ്റി നാൽപത്തി ഒമ്പത് (3749) വർഷമാണ്. ഇന്ത്യക്കാർക്ക് 'കലയാവണം' എന്നൊരു ചരിത്ര നിർണ്ണയമുണ്ട്. അതിനെ സംബന്ധിച്ച് എനിക്ക് കൂടുതൽ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. പക്ഷേ, അതു ചെറിയ ദ്വാപർ യുഗത്തിന്റെ അവസാനത്തിലാണെന്ന് അവർ പറയുന്നു. അവരുടെ നാടു പിടിച്ചടക്കുകയും അലങ്കോലപ്പെടുത്തുകയും ചെയ്ത ദുഷിച്ച ഒരു ഭരണാധികാരിയായിരുന്നുവത്രെ യവണൻ. ഈ ചരിത്ര കാലങ്ങളെല്ലാം സംഖ്യ കൂടുതലും വളരെ മുമ്പുമുതൽ തുടങ്ങി വരുന്നതുമായതിനാൽ ഇന്ത്യക്കാർ അവ ഉപേക്ഷിച്ചു ശ്രീഹർഷൻ, വിക്രമാദിത്യൻ, ശങ്കൻ, വളഭൻ, ഗുപ്തൻ എന്നിവരുടെ കാലംകൊണ്ട് ചരിത്രവർഷം കണക്കാക്കാൻ തുടങ്ങി.

ശ്രീഹർഷൻ ഭൂമിയിൽ ഗവേഷണം നടത്തി അതിലുള്ള വസ്തുക്കൾ മനസ്സിലാക്കി അതു പുറത്തെടുത്തു തന്റെ പ്രജകളുടെ വിഷമാവസ്ഥ പരിഹരിക്കാറുണ്ടായിരുന്നുവെന്ന് ഇന്ത്യക്കാർ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ കാലം ചരിത്രവർഷമായ മഥുരയിലും കനൂജ് പ്രദേശങ്ങളിലും ഉപയോഗിച്ചുവരുന്നു. ആ പ്രദേശത്തുകാരുടെ അഭിപ്രായമനുസരിച്ച് അദ്ദേഹത്തിന്റെ കാലം മുതൽ വിക്രമാദിത്യന്റെ കാലം വരെ നാനൂറ് കൊല്ലമാണ്. എന്നാൽ, വിക്രമാദിത്യന്റെ കാലത്തിനു ശേഷം

അറുനൂറ്റി അറുപത്തി ഏഴ് (667) കൊല്ലം കഴിഞ്ഞാണ് അദ്ദേഹം ജീവിച്ചിരുന്നതെന്ന് ഒരു കാശ്മീരീ പഞ്ചാംഗത്തിൽ ഞാൻ കാണുകയുണ്ടായി. അതിനാൽ, ഈ വിഷയത്തിൽ ഒരു തീരുമാനമെടുക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. ഇന്ത്യയുടെ ദക്ഷിണ പ്രദേശങ്ങളിലും പശ്ചിമ പ്രദേശങ്ങളിലും വിക്രമാദിത്യന്റെ ചരിത്രകാലം ഉപയോഗിക്കുന്നവർ മുന്നൂറ്റി നാൽപത്തി രണ്ടിനെ മൂന്നുകൊണ്ട് പെരുക്കിക്കിട്ടിയ ആയിരത്തി ഇരുപത്തി ആറിനോടു കഴിഞ്ഞ ശദാബ്ദവും കൂട്ടി വിക്രമാബ്ദം കണ്ടുപിടിക്കുന്നു. മഹാദേവന്റെ 'സർവ്വഥ' എന്ന ഗ്രന്ഥത്തിൽ ഈ കൊല്ലത്തിനു 'ചന്ദ്രവീർ' എന്നു പേര് കൊടുത്തതായി ഞാൻ കണ്ടിട്ടുണ്ട്. മുന്നൂറ്റി നാൽപത്തി രണ്ടിനു പകരം ആയിരത്തി ഇരുപത്തി ആറാണ് ആദ്യമേ തന്നെ അവർ കണക്കാക്കിയിരുന്നതെങ്കിൽ വിഷമം കുറയുമായിരുന്നു. ശകവർഷം (ശകകാലം) വിക്രമാദിത്യകാലത്തിനു നൂറ്റി മുപ്പത്തി അഞ്ച് കൊല്ലം ശേഷമാണ്. ശകൻ സമുദ്രത്തിന്റെയും സിന്ധുനദിയുടെയും ഇടയ്ക്കുള്ള പ്രദേശങ്ങൾ കീഴടക്കുകകയും മദ്ധ്യപ്രദേശത്തെ ആര്യപ്രത് എന്ന സ്ഥലം കേന്ദ്രമാക്കുകയും ചെയ്തിരുന്നു. ശകവർഗ്ഗക്കാർ അല്ലാത്തവരുമായി ബന്ധപ്പെടുന്നതിൽനിന്ന് അദ്ദേഹം അവരെ (സ്വപ്രജകളെ) നിരോധിച്ചിരുന്നു. ചിലർ അദ്ദേഹം മൻസൂറ നഗരവാസിയായിരുന്ന ശൂദ്രനാണെന്നും മറ്റു ചിലർ അദ്ദേഹം ഇന്ത്യക്കാരനല്ല, പശ്ചിമ പ്രദേശങ്ങളിൽനിന്നു വന്നവനാണെന്നും പറയുന്നു. വിക്രമാദിത്യൻ അദ്ദേഹത്തെ പരാജയപ്പെടുത്തി വധിക്കുന്നതുവരെ ജനങ്ങൾക്ക് അയാളിൽനിന്നു വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വന്നു. മുൽത്താനിന്റെയും ലോനി കോട്ടയുടെയും ഇടയ്ക്ക് കറൂർ എന്ന പ്രദേശത്താണ് അദ്ദേഹം പരാജിതനായി വധിക്കപ്പെട്ടത്. അതിനാൽ, എല്ലാവരും പ്രത്യേകിച്ചു ജോത്സ്യന്മാർ, സന്തുഷ്ടരാവുകയും അവിടം മുതൽ ചരിത്രകാലം കണക്കാക്കാൻ തുടങ്ങുകയും ചെയ്തു. ബഹുമാന സൂചകമായി വിക്രമാദിത്യന്റെ പേരോടുകൂടി 'ശ്രീ' എന്ന പദം അവർ ചേർത്തുപറയാൻ തുടങ്ങി. വിക്രമാദിത്യന്റെതെന്ന് അറിയപ്പെടുന്ന ചരിത്രകാലത്തിന്റെയും ശകൻ വധിക്കപ്പെട്ട കാലത്തിന്റെയും ഇടയിലുള്ള ദൈർഘ്യം നോക്കുമ്പോൾ വിധികർത്താവിന് അദ്ദേഹമല്ലെന്നും അദ്ദേഹത്തിന്റെ പേര് പ്രസ്തുത സംഭവത്തോടു ചേർത്തുപറയാൻ തുടങ്ങിയതാണെന്നുമാണ് എനിക്കു തോന്നുന്നത്.

ഹൽവാറക്ക് മുപ്പത് യോജന തെക്കായി സ്ഥിതിചെയ്യുന്ന വളഭനഗരിയുടെ അധിപനായ വളഭന്റെ പേരിലറിയപ്പെടുന്ന വർഷം ശകവർഷം ഇരുനൂറ്റി നാല്പത്തി ഒന്നിനു ശേഷമാണ് ആരംഭിച്ചത്. ശകകാലത്തിൽനിന്ന് ആറിന്റെ ഘനമാനവും അഞ്ചിന്റെ ചതുരശ്രവും കിഴിച്ചാൽ കിട്ടുന്നത് വളഭ കാലമായിരിക്കുമെന്ന് അവർ പറയുന്നു.

ഗുപ്തകാലത്തെ കുറിച്ച് ഇങ്ങനെ പറയുന്നു: "ഗുപ്തന്മാർ ദുഷ്ട

ന്മാരും ശക്തന്മാരുമായിരുന്ന ഒരു കൂട്ടം ഭരണാധികാരികളായിരുന്നു." അവർ നശിച്ച കാലം മുതൽ ഒരു ചരിത്രവർഷം ആരംഭിച്ചു. വളഭൻ അവരിൽ അവസാനത്തെ ഭരണാധികാരിയായിരുന്നുവെന്നു തോന്നുന്നു. കാരണം, ഗുപ്തകാലം ശകവർഷം ഇരുനൂറ്റി നാൽപ്പത്തി ഒന്നിനു ശേഷമാണ്. ജ്യോതിഷകാലം ശകവർഷം അഞ്ഞൂറ്റി എൺപത്തി ഏഴിന് ശേഷമായാണ് കണക്കാക്കിവരുന്നത്. ബ്രഹ്മഗുപ്തൻ തന്റെ 'കണ്ഡകാതിക' എന്ന പഞ്ചാംഗം നിർണ്ണയിച്ചത് ഈ കണക്കനുസരിച്ചാകുന്നു. പ്രസ്തുത പഞ്ചാഗം 'അർക്കണ്ഡം' എന്ന പേരിലാണ് അറിയപ്പെടുന്നത്.

അപ്പോൾ നാം നിശ്ചയിച്ച ഉദാഹരണ വർഷം ആയിരത്തി നാനൂറ്റി എൺപത്തി എട്ടും, വിക്രമാദിത്യ വർഷം ആയിരത്തി എൺപത്തി മൂന്നും, ശകവർഷം തൊള്ളായിരത്തി അൻപത്തി മൂന്നും, വളഭവർഷവും ഗുപ്തകാലവർഷവും എഴുനൂറ്റി പന്ത്രണ്ടും കണ്ഡകാതിക പഞ്ചാംഗവർഷം മുന്നൂറ്റി അറുപത്തിആറും വരാഹമിഹിരന്റെ പഞ്ചസിദ്ധാഹവർഷം അറുപത്തിഅഞ്ചും ആയിരിക്കുന്നതാണ്. പ്രസ്തുത പഞ്ചാംഗ വർഷങ്ങളാണ് കണക്ക് ശരിയാക്കാൻ അവയുടെ കർത്താക്കൾ ഉപയോഗിച്ചത്.

സാധാരണ ഇന്ത്യക്കാർ ശദാബ്ദങ്ങളായാണ് വർഷങ്ങൾ കണക്കാക്കാറുള്ളത്. അതായത്, ഒരു നൂറ് കൊല്ലം കഴിഞ്ഞാൽ അതുവിട്ട് അടുത്ത നൂറ് മുതൽ അവർ എണ്ണുന്നു. ഈ സമ്പ്രദായത്തിന് അവർ 'സംവത്സരം' എന്നാണു പറയുന്നത്. ഇങ്ങനെ എണ്ണുന്നതിനു 'ലോകകാലം' (പൊതുജനങ്ങളുടെ വർഷം എന്നു പറയാറുണ്ട്. ഈ കണക്കിനെ പറ്റി അവരുടെ ഇടയിൽ അഭിപ്രായ വ്യത്യാസമുള്ളതിനാൽ യഥാർത്ഥ രൂപം മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞില്ല. അതുപോലെത്തന്നെ വർഷത്തിന്റെ ആരംഭവും അവസാനവും നിശ്ചയിക്കുന്നതിലും അവർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ശകവർഷം ഉപയോഗിക്കുന്ന ജ്യോതിശാസ്ത്രജ്ഞന്മാർ ചൈത്രമാസം മുതലാണ് വർഷം ആരംഭിക്കുന്നത്. എന്നാൽ, കാശ്മീരിനടുത്തുള്ള കനീർ നിവാസികൾ ഭാദ്രമാസംകൊണ്ടാണ് ആരംഭിക്കുന്നത്. അവരുടെ ചരിത്ര വർഷം നമ്മുടെ കാലംവരെ എൺപത്തിനാലു കൊല്ലമാണ്. വർദരിയുടെയും' മാരിഗുലത്തിന്റെയും മദ്ധ്യത്തിൽ നിവസിക്കുന്നവർ കാർത്തികമാസം കൊണ്ട് ആരംഭിക്കുന്നു. നമ്മുടെ കാലത്തേക്ക് അവരുടെ ചരിത്ര വർഷം നൂറ്റിപത്ത് കൊല്ലമാണ്. മാരീഗുലത്തിനപ്പുറത്തായി നീരഹർ മുതൽ താക്കീശറിന്റെയും ലാഹൂറിന്റെയും അതിർത്തി വരെയുള്ള പ്രദേശത്തു നിവസിക്കുന്നവർ 'അഗ്രഹാണം' മുതലാണ് വർഷം ആരംഭിക്കാറുള്ളത്. അവരുടെ ചരിത്രവർഷം ഇക്കാലത്തേക്ക് നൂറ്റി എട്ട് ആകുന്നു. ലംമ്പാഗ് നിവാസികളും ഇപ്രകാരം തന്നെ ആരംഭിക്കുന്നു. ഇത് സിന്ധ്, കനൂജ് എന്നീ പ്രദേശക്കാരുടെ അഭിപ്രായപ്രകാരമായിരുന്നുവെന്നും അവർ 'അഗ്രഹായണം' മുതൽ വർഷം ആരംഭിച്ചിരുന്നുവെന്നും പിന്നീട്

അവർ കാശ്മീർക്കാരുടെ അഭിപ്രായത്തിലേക്കു മാറി ചൈത്രം മുതൽ ആരംഭിക്കാൻ തുടങ്ങി എന്നും മുൽത്താൻകാർ പറയുന്നു. ഇപ്പോൾ അവരുടെ ചരിത്രവർഷങ്ങളിൽ ഭിന്നത ഉള്ളതിനാൽ കൃത്യമായ കണക്ക് ലഭിച്ചിട്ടില്ലെന്നു ഞാൻ മുമ്പ് പറഞ്ഞല്ലോ. ഇതിനും പുറമേ, സോനാഥ കോട്ടയുടെ വർഷമായ നാനൂറ്റി പതിനാറ് ഹിജ്റീകൊല്ലം (ശകകാലം തൊള്ളായിരത്തി നാൽപത്തി ഏഴ്) അറിയുന്നതിന് അവർ ആദ്യമായി ഇരുനൂറ്റി നാൽപ്പത്തി രണ്ടും അതിനു താഴെ അറുനൂറ്റി ആറും അതിനു താഴെ തൊണ്ണൂറ്റി ഒമ്പതും എഴുതികൂട്ടുന്നു. അപ്പോൾ ശകകാല വർഷം തൊള്ളായിരത്തി നാൽപത്തി ഏഴ് ലഭിക്കുന്നതാണ്. എന്നാൽ, ഇരുനൂറ്റി നാൽപത്തി രണ്ട് എന്നത് നൂറുകൊണ്ട് ആരംഭിക്കുന്നതിൽ വരുന്ന ക്രമ വ്യത്യാസങ്ങളിൽനിന്ന് ഉണ്ടായതാണെന്നാണ് എനിക്ക് തോന്നുന്നത്. അവർ ഗുപ്തകാലം മുതൽക്കാണ് ആരംഭിക്കാറുള്ളത്. അറുനൂറ്റി ആറ് എന്നത് നൂറ് പൂർത്തിയാവാൻ വേണ്ടിവരുന്ന സംഖ്യകൾ ചേർന്നുള്ളതാ ണെന്നു തോന്നുന്നു. ഓരോ നൂറിലും ഒന്നു വീതം അവർ നിർബന്ധമായും ചേർക്കുന്നു. തൊണ്ണൂറ്റി ഒമ്പത് എന്നത് കഴിഞ്ഞുപോയ അപൂർണ്ണ വർഷ ങ്ങളുടെ തുകയായിരിക്കാം. ഈ വസ്തുതയെ മുൽത്താൻകാരനായ ദുർല്ല ഭൻ രചിച്ച പഞ്ചാംഗം തെളിയിക്കുന്നുണ്ട്.

അദ്ദേഹം അതിൽ പറയുന്നു: "എണ്ണൂറ്റി നാൽപത്തി എട്ടിലേക്ക് 'ലോകകാലവർഷം' ചേർത്താൽ 'ശകകാലവർഷം' ലഭിക്കും. നമ്മുടെ കാലംവരെയുള്ള ശകകാലവർഷകാലമായ തൊള്ളായിരത്തി അമ്പത്തി മൂന്നിൽനിന്ന് എണ്ണൂറ്റി നാൽപ്പത്തി എട്ട് കിഴിച്ചാൽ ശകവർഷമായ നൂറ്റി അഞ്ച് ലഭിക്കും." അപ്പോൾ സോമനാഥകോട്ടയുടെ വർഷം തൊണ്ണൂറ്റി എട്ട് ആയിരിക്കുന്നതാണ്. അദ്ദേഹം തുടർന്നു പറയുന്നു: "അഗ്രഹാ യണം മുതൽക്കാണ് വർഷാരംഭം. പക്ഷേ, മുൽത്താൻ ചൈത്രം മുതൽ ആരംഭിക്കുന്നു." തുർക്കികളായ ചില രാജാക്കന്മാർ കാബൂളിൽ ഭര ണാധികാരം നടത്തിയിരുന്നു. ഇവരുടെ ഉത്ഭവത്തെകുറിച്ച് ഇങ്ങനെ ഒരു ഐതിഹ്യം കാണുന്നുണ്ട്: അവർ തിബത്ത് പ്രദേശങ്ങളിൽനിന്നു വന്നവരായിരുന്നു. ഇവരിൽ പ്രഥമനായി വരഹത്ഗീൻ കാബൂളിലെ ഒരു ഗുഹയിൽ പ്രവേശിച്ചു. കിടന്നിഴഞ്ഞുകൊണ്ടല്ലാതെ ആ ഗുഹയിൽ പ്രവേശിക്കുക സാദ്ധ്യമമായിരുന്നില്ല. അതിൽ വെള്ളവും കുറേ ദിവ സത്തേക്കുള്ള ഭക്ഷണ സാധനങ്ങളും അദ്ദേഹം സൂക്ഷിച്ചിരുന്നു. ഇന്ന് ആ ഗുഹ 'ബഫർ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ചിലർ പുണ്യസ്ഥലമാണെന്നു കരുതി അതിൽ പ്രവേശിക്കക്കുകയും വളരെ വിഷമിച്ചിട്ടെങ്കിലും അതിൽനിന്ന് അല്പം വെള്ളം എടുത്തു തീർത്ഥ മായി ഉപയോഗിക്കുകയും ചെയ്യുന്നു. ഈ ഗുഹയുടെ പ്രവേശന വഴി യിൽ ഒരു സംഘം കർഷകർ പ്രവർത്തിച്ചിരുന്നു. ഏതെങ്കിലും ഒരു നേതാവിന്റെ നേതൃത്വത്തിലല്ലാതെ ഇത്തരം സംഗതികൾ നടക്കാറില്ല.

ഇതിനു നേതൃത്വം വഹിക്കുന്നവർ രാവും പകലുമായി ഊഴമായി അവിടെ ജോലിചെയ്യാൻ ജനങ്ങളെ പ്രേരിപ്പിച്ചു. അങ്ങനെ ആ സ്ഥലം നിർജ്ജനമാകാതിരുന്നു. അവരിലൊരാൾ ആ ഗുഹയിലേക്കു പ്രവേശിക്കുകയും കുറേ നാൾ കഴിഞ്ഞു ജനമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്യും. അപ്പോൾ പ്രസവിച്ച കുട്ടിയെപോലെ പരിശുദ്ധനായി ജനങ്ങൾ അദ്ദേഹത്തെ കരുതും. തുർക്കികളുടെ വേഷത്തിൽ നീണ്ട കുപ്പായവും തൊപ്പിയും കാലുറയും ആയുധവും ധരിച്ചാകും അദ്ദേഹത്തിന്റെ പ്രത്യാഗമനം. അപ്പോൾ ആ പ്രദേശത്തുകാർ പുനരുത്ഭവിച്ച ആ മനുഷ്യനെ ബഹുമാനിക്കുകയും അദ്ദേഹം അവരുടെ ഭരണാധികാരിയായി സൃഷ്ടിക്കപ്പെട്ട ആളായി കണക്കാക്കുകയും ആ പ്രദേശത്തിന്റെ ആധിപത്യം അദ്ദേഹത്തിൽ അർപ്പിക്കുകയും ചെയ്യുന്നു. കാബൂൾശാഹ് എന്നാണ് അദ്ദേഹത്തെ വിളിക്കാറുള്ളത്. അറുപത് നൂറ്റാണ്ട് കാലത്തോളം അദ്ദേഹത്തിന്റെ സന്താനങ്ങളിൽ രാജാവാഴ്ച തുടർന്നുപോന്നു.

ഇന്ത്യക്കാർ വ്യവസ്ഥാപിതമായും കൃത്യമായും ഐകകണ്ഠ്യേനയും ചരിത്ര കഥകളും രാജവംശങ്ങളുടെ ചരിത്രവർഷങ്ങളും വിവരിക്കുന്നതിൽ അശ്രദ്ധ കാണിച്ചിരുന്നില്ലെങ്കിൽ ഇനിയും അവരിൽ ചില വിഭാഗക്കാർ പറഞ്ഞ ചില സംഭവങ്ങൾ ഞാൻ ഇവിടെ ഉദ്ധരിക്കുമായിരുന്നു. ഈ കുടുംബത്തെ സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ നാഗർകോട്ടയിലെ കൊട്ടാരത്തിലുള്ള ഒരു പട്ടത്തിൽ ഉണ്ടെന്നു ഞാൻ കേട്ടു. ഇവിടെ ചെന്ന് അതു മനസ്സിലാക്കാൻ ശ്രമിച്ചു നോക്കിയെങ്കിലും പല സംഗതിവശാലും സാധിച്ചില്ല. ആ ഭരണാധികാരികളുടെ കൂട്ടത്തിൽ പെട്ട ഒരാളായിരുന്നുവത്രെ കനിക് രാജാവ്. പെഷാവറിലുള്ള വഹാർ പ്രദേശം അദ്ദേഹത്തിന്റെ പേരിലറിയപ്പെടുന്നു. അതിനു കനിക്ജീത്ത് എന്നു പേരുണ്ട്.

ഒരു ഐതിഹ്യം ഇപ്രകാരമാണ്: കനൂജ് രാജാവ് അദ്ദേഹത്തിനു നല്കിയ പാരിതോഷികങ്ങളുടെ കൂട്ടത്തിൽ കൗതുകമേറിയ വിലപിടിച്ച ഒരു വസ്ത്രമുണ്ടായിരുന്നു. അദ്ദേഹം അതുകൊണ്ട് ഭംഗിയുള്ള ഒരു കുപ്പായം ഉണ്ടാക്കണമെന്നാഗ്രഹിച്ച് ഒരു തുന്നൽക്കാരനെ സമീപിച്ചു. ഈ വസ്ത്രത്തിൽ ഒരു കാലടിയുടെ രൂപമുണ്ടായിരുന്നു. താൻ എങ്ങനെ ശ്രമിച്ചാലും അത് രണ്ട് ചുമലിനിടയിലല്ലാതെ വരികയില്ലെന്നു പറഞ്ഞു തുന്നൽക്കാരൻ പിന്മാറി. കനൂജ് രാജാവ് തന്നെ നിന്ദിക്കുകയും നിസ്സാരനാക്കുകയും ചെയ്യുകയാണെന്ന് അദ്ദേഹം (കനിക്) മനസ്സിലാക്കുകയും ഉടനെത്തന്നെ വലിയൊരു സൈന്യം ശേഖരിച്ച് അദ്ദേഹത്തോടു സമരം ചെയ്യാൻ പുറപ്പെടുകയും ചെയ്തു. ഇതു കേട്ടപ്പോൾ കനൂജ് രാജാവ് പരിഭ്രാന്തനായി. കനികിനെ നേരിടാൻ അദ്ദേഹത്തിനു കഴിവുണ്ടായിരുന്നില്ല. മന്ത്രിയോട് ആലോചിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി നിൽകി. ആവശ്യമില്ലാത്തതിൽ കൈയിട്ട് നിശബ്ദനായി

രിക്കുന്ന ഒരാളെ അങ്ങ് ഇളക്കിവിട്ടു. ഏതായാലും അവിടുന്ന് എന്റെ മൂക്കും ചുണ്ടും മുറിച്ച് എന്നെ അംഗഭംഗപ്പെടുത്തുക. അതുമുഖേന എനിക്ക് ചില കുതന്ത്രങ്ങൾ പ്രയോഗിക്കാൻ സാധിച്ചേക്കും. അല്ലാതെ അയാളുമായി നേരിൽ എതിർക്കുക സാധ്യമല്ല. അപ്പോൾ രാജാവ് മന്ത്രി ആവശ്യപ്പെട്ടതുപോലെയെല്ലാം ചെയ്തു. മന്ത്രി വികൃതരൂപനായി രാജ്യാതിർത്തിയിൽ പോയി കിടന്നു. ശത്രുസേന മന്ത്രിയെ കണ്ടപ്പോൾ ആളെ മനസ്സിലാക്കുകയും കനികന്റെ അരികിലേക്കു കൊണ്ടുപോവുകയും ചെയ്തു. കനിക് അദ്ദേഹത്തിന്റെ ദയനീയാവസ്ഥയെ കുറിച്ച് ആരാഞ്ഞപ്പോൾ മന്ത്രി ഇങ്ങനെ പറഞ്ഞു: ഞാൻ കനൂജ് രാജാവായ താങ്കളെ അനുസരിക്കുകയാണ്, എതിർക്കുകയല്ലവേണ്ടത് എന്നു പല പ്രാവശ്യം ഉപദേശിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം തെറ്റിദ്ധരിക്കുകയും ഇപ്രകാരം അംഗഭംഗപ്പെടുത്തുകയുമാണു ചെയ്തത്. അനന്തരം കനികനെയും കൂട്ടി ദുർഗ്ഗടമായ ഒരു പ്രദേശത്തേക്കു പോയി. മന്ത്രി അദ്ദേഹത്തോടിങ്ങനെ പറഞ്ഞു: "കുറേ ദിവസത്തേക്കുള്ള വെള്ളവുമായി പോയെങ്കിലേ നമ്മുടെ മുമ്പിലുള്ള മരുഭൂമി കടക്കാൻ നമുക്കു സാധ്യമാവുകയുള്ളൂ." ഇതു പ്രയാസമുള്ള കാര്യമല്ലെന്നു പറഞ്ഞു രാജാവ് വെള്ളത്തിനുള്ള ഏർപ്പാട് ചെയ്യുകയും അദ്ദേഹത്തിന്റെ കൂടെ യാത്ര തുടരുകയും ചെയ്തു. അങ്ങനെ മന്ത്രി കരകാണാത്ത ഒരു മരുഭൂമിയിൽ പ്രവേശിപ്പിച്ചു. നടന്നുനടന്ന് ദിവസങ്ങൾ വളരെ കഴിഞ്ഞെങ്കിലും വഴി അവസാനിച്ചില്ല. രാജാവ് മന്ത്രിയോട് ഭയാനകമായ ഈ നിലയെ കുറിച്ച് അന്വേഷിച്ചപ്പോൾ അയാൾ ഇങ്ങനെ പറഞ്ഞു: "എന്റെ യജമാനനെ രക്ഷിക്കുന്നതിനും ശത്രുവെ നശിപ്പിക്കുന്നതിനും ഞാൻ ചെയ്യുന്ന ഏതൊരു പ്രവൃത്തിയും ആക്ഷേപാർഹമല്ലല്ലോ. ഈ മരുഭൂമിയിൽനിന്നു രക്ഷപ്പെടണമെങ്കിൽ ഇങ്ങോട്ടു വന്ന വഴിയിൽകൂടി തിരിച്ചുപോവുകയല്ലാതെ വഴിയില്ല." ഉടനെ കനിക തന്റെ കുതിരപ്പുറത്തു കയറി ഒരു താഴ്വരയിലേക്ക് കുതിരയെ ഓടിച്ചു. ആ താഴ്വരയിൽ തന്റെ കുന്തം കൊണ്ട് കുത്തിയപ്പോൾ അവിടെനിന്നു വെള്ളം ധാരാളമായി ഉറവെടുത്തു. സൈന്യം വെള്ളം കുടിച്ചു ദാഹം തീർത്തു. അപ്പോൾ മന്ത്രി ഇങ്ങനെ പറഞ്ഞു: "ഞാൻ ചതി പ്രയോഗിക്കാൻ ഉദ്ദേശിച്ചത് ദേവന്മാരുടെ നേർക്കല്ല, മറിച്ച് കഴിവില്ലാത്ത മനുഷ്യരുടെ നേർക്കാണ്. അതിനാൽ, അങ്ങ് എന്റെ യജമാനന്റെ കാര്യത്തിൽ എന്റെ ശുപാർശ സ്വീകരിച്ച് അനുഗ്രഹിച്ചാലും." അപ്പോൾ കനിക ഇപ്രകാരം പറഞ്ഞു: "ഞാൻ മരുഭൂമിയിൽനിന്നു തിരിച്ചുപോകാനാണ് ഉദ്ദേശിക്കുന്നത്. നിന്റെ ഉദ്ദേശ്യം നാം പൂർത്തിയാക്കിയിരിക്കുന്നു. നിന്റെ യജമാനു വേണ്ട ശിക്ഷയും നാം നല്കിക്കഴിഞ്ഞു." അങ്ങനെ രാജാവ് തിരിച്ചുപോയി. എന്നാൽ, മന്ത്രി തന്റെ യജമാനന്റെ അടുത്തേക്കു തിരികെ ചെന്നപ്പോൾ അദ്ദേഹത്തെ രണ്ട് കയ്യും കാലും വേർപ്പെട്ട നിലയിലാണു കണ്ടെത്തിയത്.

കനിക തന്റെ കുന്തം ഭൂമിയിൽ താഴ്ത്തിയ സമയത്തായിരുന്നുവത്രെ അദ്ദേഹത്തിന്റെ കൈകാലുകൾ വേർപെട്ടത്.

പ്രസ്തുത രാജവംശത്തിലെ അവസാനത്തെ ആൾ ലഗരൂരമൻ ആയിരുന്നു. അദ്ദേഹത്തിന്റെ ബ്രാഹ്മണ മന്ത്രി കല്ലർ എന്ന ആൾ പരിസ്ഥിതികൾ അനുകൂലമാകുകയും പെട്ടെന്നു കുറേ നിധി കിട്ടുകയും അതുകാരണമായി അദ്ദേഹം കഴിവും കരുത്തുമുള്ള ആരാളാവുകയും ചെയ്തു. ക്രമേണ രാഷ്ട്രം അതിന്റെ ഭരണാധികാരിയിൽനിന്നു വിട്ടുതുടങ്ങി. ലഗരൂരമന്റെ സ്വഭാവം ദുഷിച്ചു. അദ്ദേഹത്തിന്റെ ദുഷ്പ്രവൃത്തികളെക്കുറിച്ചു മന്ത്രിക്ക് ധാരാളം ആവലാതികൾ കിട്ടിത്തുടങ്ങി. അപ്പോൾ മന്ത്രി ലഗരൂരമനെ ബന്ധനസ്ഥനാക്കി മര്യാദ പഠിപ്പിക്കാനായി ജയിലിലടച്ചു. അനന്തരം മന്ത്രിതന്നെ നേരിട്ട് ഭരണകാര്യങ്ങൾ നടത്തി വന്നു. അദ്ദേഹത്തിനു ശേഷം ബ്രാഹ്മണരായ സാമന്ത, കമലു, ഭീമ, ജയപാൽ, അനന്ദപാൽ, തൃജനപാൽ തുടങ്ങിയവർ പരമ്പരയായി ഭരണം നടത്തി. ഈ അവസാനത്തെ ആൾ ഭരിച്ചത് ഹിജ്‌രി വർഷം നാനൂറ്റി പന്ത്രണ്ടിൽ ആയിരുന്നുവത്രെ. അതിനു ശേഷം അഞ്ച് കൊല്ലം തന്റെ പുത്രനായ ഭീമപാൽ അധികാരത്തിലിരുന്നു. അതോടെ ഇന്ത്യൻ ഷാഹി ഭരണം അവസാനിച്ചു. പിന്നീട് കുടുംബത്തിൽനിന്ന് ആരും തന്നെ ഭരണാധികാരികളായിട്ടില്ല. അവർ സാമ്പത്തികമായി വളരെ പുരോഗതിയും യസ്സശും ഉള്ളവരായിരുന്നു. സൽസ്വഭാവം, നീതി, വാഗ്ദാനപാലനം തുടങ്ങിയ ഗുണങ്ങളും അവരിൽ പ്രകാശിച്ചിരുന്നു.

അമീർ മഹ്മൂദിന് അനന്ദപാൽ അയച്ച ഒരു എഴുത്ത് (അവർ തമ്മിൽ തീരേ സ്വരച്ചേർച്ച ഉള്ളവരായിരുന്നില്ല) എനിക്കു വളരെ നന്നായി തോന്നിയിട്ടുണ്ട്. അതിന്റെ ഉള്ളടക്കം ഇതാണ്: "തുർക്കികൾ താങ്കളുടെ നേരെ സമരത്തിനു പുറപ്പെട്ടിട്ടുണ്ടെന്നും അവർ ഖുറാസാനിൽ എത്തിയിട്ടുണ്ടെന്നും ഞാൻ കേട്ടു. എന്നാൽ, താങ്കൾ ആവശ്യപ്പെടുകയാണെങ്കിൽ അയ്യായിരം അശ്വഭടന്മാരും അതിലിരട്ടി കാലാൾ പടയും നൂറ് ആനയുമായി വരാൻ ഞാൻ ഒരുക്കമാണ്. അല്ലെങ്കിൽ, അതിന്റെ ഇരട്ടി ഒരുക്കങ്ങളോട് കൂടി എന്റെ മകനെ അങ്ങോട്ടയക്കാനും ഞാൻ തയ്യാറാണ്. ഇതു പ്രയാസമുള്ള കാര്യമായി തോന്നുന്നില്ല. ഞാൻ നിങ്ങൾ കാരണമായി ദുഃഖവും വേദനയും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ സ്ഥിതിക്ക് ഞാനല്ലാതെ മറ്റൊരാളും താങ്കളെ അക്രമിച്ചു കീഴടക്കുന്നതു ഞാൻ ഇഷ്ടപ്പെടുന്നില്ല."

രാജാവിന്റെ ഒരു മകനെ അമീർ ബന്ധനസ്ഥനാക്കിയതു മുതൽ മുസ്‌ലിംകളോട് അദ്ദേഹത്തിനു ശക്തിയായ വെറുപ്പുണ്ടായിരുന്നു. ഇതിൽനിന്നു വളരെ വ്യത്യസ്തമായിരുന്നു അദ്ദേഹത്തിന്റെ മകനായ തൃജനപാലിന്റെ നില.

അധ്യായം 50

കല്പത്തിലും ചതുർയുഗത്തിലുമുള്ള നക്ഷത്ര മണ്ഡലങ്ങൾ

ചില ഗ്രഹങ്ങൾ മേടരാശിയുടെ ആദ്യത്തിൽ പൂർണ്ണമായി യോജിക്കുക എന്നത് കല്പയുഗത്തിന്റെ പ്രത്യേകതകളിലൊന്നാണ്. അപ്പോൾ കല്പദിവസങ്ങളിൽ ഓരോ ഗ്രഹത്തിന്റെയും ചലനം പൂർണ്ണമായിരിക്കും. അൽഫിസാരിയുടെയും യഅ്ഖൂബ് ബിൻ ത്വാരിഖിന്റെയും പഞ്ചാംഗങ്ങളിൽ ചലനങ്ങളുടെ വിവരണം ഹിജ്റവർഷം നൂറ്റി അമ്പത്തി നാലിൽ മൻസൂറ രാജാവിന്റെ അടുക്കലേക്ക് ഇന്ത്യയിൽ നിന്നുപോയ ഒരു പണ്ഡിത സംഘത്തിലെ അംഗത്തിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞതാണെന്നു കരുതുന്നു. അദ്ദേഹത്തിന്റെ പ്രസ്താവനയും ഇന്ന് ഇന്ത്യക്കാർക്കിടയിൽ പ്രചാരമുള്ള അഭിപ്രായങ്ങളും തമ്മിൽ വളരെ അധികം വ്യത്യാസം കാണുന്നുണ്ട്. അതിനു കാരണം പ്രസ്തുത പഞ്ചാംഗങ്ങൾ വിശദീകരിച്ചിടത്തു വന്ന പിശകോ ഇന്ത്യക്കാർ പറഞ്ഞുകൊടുത്തതിൽ വന്ന പിഴവോ, അതല്ല ബ്രഹ്മഗുപ്തനും മറ്റും തിരുത്തിയതിൽ വന്ന വീഴ്ചയോ എന്താണെന്ന് എനിക്ക് ശരിക്കും അറിഞ്ഞുകൂടാ.

ഏതായാലും മുഹമ്മദ് ബിൻ ഇസ്ഹാഖ് അൽ സർഖസി-നെ പോലെ ഉണർവ്വും ഉന്മേഷവുമുള്ള പണ്ഡിതന്മാർ നക്ഷത്രങ്ങളിലും മറ്റും കാണുന്ന ചില ചലന മാറ്റങ്ങളെ കുറിച്ചു ശരിക്കു ചിന്തിച്ച് അവയുടെ മാർഗ്ഗങ്ങൾ മനസ്സിലാക്കുന്നുണ്ട് എന്നതിൽ സംശയമില്ല. ശനി നക്ഷത്രത്തിന്റെ കണക്കിൽ ചില വ്യത്യാസങ്ങൾ കണ്ടപ്പോൾ അതിനെ കുറിച്ച് അദ്ദേഹം നടത്തിയ ഗവേഷണത്തിന്റെ ഫലമായി ആ വ്യത്യാസങ്ങൾ വന്നതു ചില ഭ്രമണങ്ങൾ കണക്കാക്കാത്തതുകൊണ്ടാണെന്നു കണ്ടുപിടിക്കുകയും അതുവഴി കണക്ക് ശരിയാക്കുകയും തന്റെ പഞ്ചാംഗത്തിൽ അതു രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കല്പത്തിൽ ചന്ദ്രന് അതിന്റെ ഉപരിമണ്ഡലത്തിലും അധോമണ്ഡലത്തിലുമുള്ള ചലനകാലം ആര്യഭട്ടന്റേതായി ബ്രഹ്മഗുപ്തൻ വിവരിച്ചതിൽ ചില വ്യത്യാസം കണ്ടി

ട്ടുണ്ട്. അത് അങ്ങനെ തന്നെ ഇവിടെ വിവരിക്കാം. അദ്ദേഹത്തിൽനിന്ന ല്ലാതെ പ്രസ്തുത വിഷയം എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. കല്പത്തിൽ ചലന നക്ഷത്രങ്ങൾക്ക് ഇരുമണ്ഡലങ്ങളിലുമുള്ള സഞ്ചാ രത്തിന്റെ പൂർണ്ണ പട്ടികയാണ് അടുത്ത പേജിൽ ചേർക്കുന്നത്. :

ഗ്രഹങ്ങൾ		കല്പയുഗത്തിൽ അവയുടെ ചലനം	ഉപരിമണ്ഡലത്തിൽ അവയുടെ ചലനം	അധോമണ്ഡലത്തിൽ അവയുടെ ചലനം
ചന്ദ്രൻ	സൂര്യൻ	432,00,00,000	480	ഇല്ല
	ബ്രഹ്മഗുപ്തൻ		} 48,81,05,858	23,23,11,128
	അൽഫിസാരി			23,23,12,138
	ആര്യഭട്ടൻ		48,82,19,000	23,23,16,000
	ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തിൽ ചന്ദ്രന് മാത്രമുള്ളത്	5,775,33,00,000	5,726,51,94,142	ചന്ദ്രന് പ്രത്യേകമായിട്ടുള്ള അതിന്റെ ഉപരി മണ്ഡലത്തിലെ നിലയനുസരിച്ചാണ് നിലകൊള്ളുന്നത്
ചൊവ്വ		229,68,28,522	292	267
ബുധൻ		1,793,69,98,984	332	521
വ്യാഴം		36,42,26,455	855	63
വെള്ളി (ശുക്രൻ)		702,38,94,92	653	893
ശനി നക്ഷത്രം	അൽ ഫിസാരിയുടെ ഉദ്ധാരണം	146,56,92,84	41	584
	ബ്രഹ്മഗുപ്തന്റേത്	14,65,67,298		
	"സർഖസ്സി" തിരുത്തിയത്	14,65,69,238		
നിശ്ചല നക്ഷത്രങ്ങൾ		120,000	ഇത് ഫിസാരിയുടെ ഉദ്ധാരണമനുസരിച്ചുള്ളതാണ്	

ഈ മണ്ഡലങ്ങളെല്ലാം നിർണ്ണയിച്ചതു മിതമായ ചലനമനുസരിച്ചാണ്. ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തിൽ ചതുർ കല്പയുഗത്തിന്റെ ആയിരത്തിലൊന്നായതിനാൽ ഈ ചലനങ്ങളുടെ ആയിരത്തിലൊന്ന് 1/1000 ചതുർയുഗത്തിന്റെ ചലനമായി നമുക്കു കണക്കാക്കാം. കലിയുഗം ചതുർയുഗത്തിന്റെ പത്തിലൊന്ന് (1/10) ആയതുകൊണ്ട് ഇവയുടെ പതിനായിരത്തിലൊരു (1/10000) ഭാഗം കലിയുഗത്തിന്റെ ചലനമായും വിചാരിക്കാം. ഇവയിലുള്ള ഭിന്നിതങ്ങളും ഈ നിലയിൽ തന്നെ കണക്കാ

ക്കേണ്ടതാണ്. മന്ദേന്ദ്രങ്ങളല്ലാത്ത മറ്റെല്ലാ യുഗങ്ങളുടെയും ചലനങ്ങളുടെ ഒരു പട്ടിക താഴെ ചേർക്കുന്നു:

പേരുകൾ		ചതുർയുഗം			കലിയുഗം		
		ചലനങ്ങൾ	ഭിന്നിതം	വർഗ്ഗം	ചലനങ്ങൾ	ഭിന്നിതം	വർഗ്ഗം
സൂര്യൻ		43,20,000	.....	.....	432000	.....	.....
ഉപരിമണ്ഡലത്തിൽ		.....	12	25	.....	60	1250
ചന്ദ്രൻ		57,73,300	.....	.....	5,77,330	.....	.....
ചന്ദ്രൻ ഉപരിമണ്ഡലത്തിൽ	ബ്രഹ്മഗുപ്തൻ	4,88,105	429	500	48,810	2929	5000
	ആര്യഭട്ടൻ	4,88,219	.....	.....	48,821	9	10
ചന്ദ്രന്റെ പ്രത്യേകമായ		57265,194	71	500	57,26,519	2071	5000
ശിഖരം	ബ്രഹ്മഗുപ്തൻ	2,32,312	21	125	125	292	250
	അൽഫിസാരി	2,32,312	69	500	23231	1069	5000
	ആര്യഭട്ടൻ	2,32,316	.....	.....	23,231	3	5
ചൊവ്വാ		22,96,828	261	500	229,682	4261	5000
അതിന്റെ ഉപരിമണ്ഡലത്തിൽ		.....	73	250	.....	73	2500
അധോ മണ്ഡലത്തിൽ		.....	267	1000	.....	267	10000
ബുധൻ		17936,998	123	125	17,93,699	1123	1210
അതിന്റെ ഉപരിമണ്ഡലത്തിൽ		.....	83	250	.....	83	2500
അധോ മണ്ഡലത്തിൽ		.....	521	1000	.....	521	10,000
വ്യാഴം		364,226	91	200	36,422	1291	2000
അതിന്റെ ഉപരിമണ്ഡലത്തിൽ		.....	171	200	.....	171	2000
അധോ മണ്ഡലത്തിൽ		.....	63	1000	.....	63	10000
വെള്ളി		70,22,389	132	250	702,238	2373	2500
അതിന്റെ ഉപരിമണ്ഡലത്തിൽ		.....	653	1000	.....	653	10000
അധോ മണ്ഡലത്തിൽ		.....	893	1000	.....	893	10000
ശനി		146,567	149	500	14,656	3649	5000
അതിന്റെ ഉപരിമണ്ഡലത്തിൽ		.....	41	1000	.....	41	10000
അധോ മണ്ഡലത്തിൽ		.....	73	125	.....	73	1250
ശനി	അൽഫസാരിയുടെ ഉദ്ധാരണം	146,569	71	250	14,656	2321	2500
	സർഖസ്സിയുടെ തിരുത്ത്	146,569	119	500	14,656	4619	5000
നിശ്ചല നക്ഷത്രങ്ങൾ		120	.....	.....	12	.....	.....

ബ്രഹ്മഗുപ്തന്റെ അഭിപ്രായമനുസരിച്ച് കല്പത്തിലുള്ള ചതുർയുഗത്തിലെയും കലിയുഗത്തിലെയും നക്ഷത്രചലനങ്ങൾ നാം വിവരിച്ച പോലെ തന്നെ. പുൽസന്റെ അഭിപ്രായപ്രകാരമുള്ള ചതുർയുഗത്തിലെ നക്ഷത്ര ചലനങ്ങളും (ഒരു കല്പം ആയിരം ചതുർയുഗമെന്ന നിലയ്ക്കും പതിനായിരത്തി എട്ട് ചതുർയുഗമെന്ന നിലയ്ക്കും) താഴെ വിവരിക്കുന്നു:

പേര്	പുൽസന്റെ അഭിപ്രായത്തിൽ യുഗങ്ങൾ		
	ചതുർയുഗത്തിലെ ചലനങ്ങൾ	1000 എന്ന നിലയിൽ കല്പയിലെ ചലനങ്ങൾ	1008 എന്ന നിലയിൽ കല്പയിലെ ചലനങ്ങൾ
സൂര്യൻ	43,20,000	432,00,00,000	435,45,60,000
ചന്ദ്രൻ	577,53,336	5,775,33,36,000	58,21,53,62,688
ചന്ദ്രന്റെ ഉപരിമണ്ഡലം	488,219	48,82,19,000	49,21,24,752
ഉയർന്ന ഭാഗം	232,236	23,22,26,000	32,40,83,808
ചൊവ്വ	22,96,824	229,68,24,000	231,51,98,592
ബുധൻ	179,37,000	1793,70,00,000	1,808,04,96,000
വ്യാഴം	3,64,220	36,42,20,000	36,71,66,760
വെള്ളി (ശുക്രൻ)	70,22,388	702,23,88,000	707,85,67,104
ശനി	146,564	14,65,64,000	14,77,36,512

പ്രസ്തുത ചലനങ്ങളെ കുറിച്ച് അൽഫിസാരിയും യാഖൂബും ആ ഇന്ത്യൻ പണ്ഡിതനിൽനിന്നു കേട്ടത് മഹാസിദ്ധാന്തത്തിലെ കണക്കനുസരിച്ചായിരിക്കാം. എന്തെന്നാൽ, ആര്യഭട്ടന്റെ കണക്കു പ്രകാരം അത് ആയിരത്തിൽ ഒന്നാകുന്നു (1/1000). പക്ഷേ, അദ്ദേഹം പറഞ്ഞത് അവർക്കും വ്യക്തമായി മനസ്സിലാവാത്തതിനാൽ ആര്യഭട്ടൻ എന്നത് ആയിരത്തിൽ ഒന്ന് (1/1000) എന്ന വിഭാഗത്തിന്റെ പേരാണെന്നു തെറ്റിദ്ധരിച്ചു മനസ്സിലാക്കിയതായിത്തോന്നുന്നു. ഇന്ത്യക്കാർ, 'ട' എന്ന അക്ഷരം 'ദ' യുടെയും 'റ' യുടെയും മദ്ധ്യത്തിലായാണ് ഉച്ചരിക്കാറുള്ളത്. അങ്ങനെ ആ വാക്ക് 'ആര്യഭറ' എന്ന് അറബികൾ ഉപയോഗിക്കാൻ തുടങ്ങുകയും പിന്നീടുള്ള ഉപയോഗത്തിൽ ആദ്യത്തെ 'ര' യും 'സ' ആവുകയും ചെയ്തു. ഇപ്പോൾ ഇ വാക്ക് ഇന്ത്യക്കാർ കേട്ടാൽ അവർക്കതു തീരേ മനസ്സിലാവുകയില്ല. അത്രക്ക് അതു വികൃതമായിത്തീർന്നു. അബുൽ ഹസൻ അഹ്‌വാസി ആര്യഭട്ട വർഷങ്ങളിൽ (ച

തുർ യുഗങ്ങളിൽ) നക്ഷത്രങ്ങൾക്കുള്ള ചലനങ്ങളെ കുറിച്ചു വിവരിച്ചിട്ടുണ്ട്. ഇതും പ്രസ്തുത പണ്ഡിതന്റെ വിവരണമാണെന്നാണു തോന്നുന്നത്. ഒരു പക്ഷേ. ഈ വിവരണം ആര്യഭട്ടന്റെ അഭിപ്രായമനുസരിച്ചുമാവാം. അവയിൽ ചിലത് ബ്രഹ്മഗുപ്തന്റെതായി നാം ഉദ്ധരിച്ച ചലനങ്ങളോടു യോജിക്കുന്നവയും മറ്റുചിലത് അതിനോടു യോജിക്കാത്തവയുമാണ്. ചിലത് പുൽസന്റെ അഭിപ്രായത്തോടു യോജിക്കുന്നതായും വേറെ ചിലത് അവർ രണ്ടു പേരുടെയും അഭിപ്രായത്തോട് യോജിക്കാത്തവയായും കാണാം. കൂലങ്കഷമായി ചിന്തിച്ചാൽ ഈ വ്യത്യാസങ്ങളെല്ലാം വ്യക്തമായി മനസ്സിലാകുന്നതാണ്.

പേര്	അബ്ബുൽ ഹസ്സൻ അഹ്‌വാസിയുടെ ഉദ്ധാരണമനുസരിച്ച് ചതുർയുഗത്തിലെ യുഗങ്ങൾ
സൂര്യൻ	43,20,000
ചന്ദ്രൻ	577,53,336
ഉപരി മണ്ഡലം	488,219
ശിഖരം	232,226
ചൊവ്വ	22,96,828

പേര്	അബ്ബുൽ ഹസ്സൻ അഹ്‌വാസിയുടെ ഉദ്ധാരണമനുസരിച്ച് ചതുർയുഗത്തിലെ യുഗങ്ങൾ
ബുധൻ	179,37,020
വ്യാഴം	3,64,224
വെള്ളി (ശുക്രൻ)	70,22,388
ശനി	146,564

അധ്യായം 51

ആദിമാസം, ഊനരാത്രി, അഹർഗണം, മുതലായ വ്യത്യസ്ത മാസങ്ങളും ദിവസങ്ങളും

ഭാരതീയ മാസങ്ങൾ സൂര്യവർഷങ്ങളിലുള്ള ചന്ദ്ര മാസങ്ങളായതിനാൽ സൂര്യവർഷത്തേക്കാൾ ആ വർഷത്തിന്റെ (ചാന്ദ്രം) ആരംഭം എല്ലാ ആണ്ടിലും മുമ്പോട്ടു നീങ്ങി നിൽക്കുന്നതാണ്. അത് രണ്ട് ജലദ്ഗോളങ്ങളുടെയും വർഷത്തിലുള്ള വ്യത്യാസമനുസരിച്ചാവും. ഇങ്ങനെ കുറഞ്ഞുവരുന്ന ദിവസങ്ങൾ ചേർന്നു പ്രസ്തുത വ്യത്യാസം ഒരു മാസവുമാവുമ്പോൾ ജൂതന്മാരും അറബികളും ചെയ്തതുപോലെ ത്തന്നെ ഇന്ത്യക്കാരും ആ കൊല്ലം പതിമൂന്ന് മാസങ്ങളുള്ളതായും അതിൽ ആദ്യത്തെ മാസം ആവർത്തിച്ചതായുമാണു കണക്കാക്കുക. അങ്ങനെയുള്ള കൊല്ലത്തിന് 'മലമാസം' എന്നാണു സാധാരണ പറഞ്ഞുവരുന്നത്. മലിന വസ്തുക്കളെ എറിഞ്ഞുകളയുന്നതുപോലെ ഈ മാസത്തെയും കണക്കിൽനിന്നു നീക്കുന്നു എന്ന അർത്ഥത്തിലാണ് 'മലമാസം' എന്നു പറയുന്നത്. എന്നാൽ, ഗ്രന്ഥങ്ങളിൽ ഇതിന് 'ആദ്യമാസം' എന്നാണു പേര്. പത്ത് മാസം വരുമ്പോൾ ആദ്യത്തെ മാസത്തിന്റെ പേര് ആവർത്തിച്ചു പറയുന്നതും രണ്ടാമത്തെതിന്റെ കൂടെ 'ദ്വര' എന്നു ചേർക്കുന്നതുമാണ്. ഉദാഹരണമായി, ആഷാഢമാസമാണ് ആവർത്തിച്ചതെങ്കിൽ ആദ്യത്തെതിന് 'ആഷാഢം' എന്നും രണ്ടാമത്തേതിനു 'ദ്വരാഷാഢം' എന്നും പറയുന്നു. അതിൽ ആദ്യത്തെത് അഗണ്യവും ശൂന്യവുമായി കണക്കാക്കുകയും അക്കാലത്തു മറ്റു മാസങ്ങളിൽ ചെയ്യാറുള്ള യാതൊരു പ്രവർത്തനവും നടത്താതിരിക്കലും പതിവാണ്. അതിന്റെ അവസാന ദിവസമത്രെ ഏറ്റവും ശൂന്യമായുള്ളത്. വിഷ്ണുധർമ്മത്തിൽ ഇങ്ങനെ പറയുന്നു:

"ചന്ദ്രവർഷത്തിനു സാവർണ്ണ വർഷത്തിനേക്കാൾ ഉണ്ടാവുന്ന കുറവ് ആറ് ദിവസമാണ്. ഇതിന് 'ഊനരാത്രി' എന്നു പറയുന്നു. സൗര വർഷം ചന്ദ്ര വർഷത്തെക്കാൾ പതിനൊന്ന് ദിവസം കൂടുതലാണ്.

അപ്പോൾ രണ്ട് കൊല്ലവും ഏഴ് മാസവുമാവുമ്പോൾ 'ഒരു ആദിമാസം' ഉണ്ടാകുന്നു. ഈ 'ആദിമാസം' മുഴുവനും ശൂന്യമാണ്. ഇക്കാലത്തു യാതൊരു നല്ല കാലവും ചെയ്യാൻ പാടില്ല. അതായത്, ചന്ദ്രവർഷം മുന്നൂറ്റി അറുപത് ദിവസവും സൂര്യവർഷം അതേ ദിവസങ്ങൾക്കൊണ്ട് തന്നെ മുന്നൂറ്റി എഴുപത്തി ഒന്നും നാനൂറ്റി എൺപതിൽ മുപ്പത്തിഒന്നും (31/480) ആകും. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം പരിഗണിക്കുമ്പോൾ തൊള്ളായിരത്തി എഴുപത്തി ആറും (976 4156/477990 നാൽപത്തി ഏഴാ യിരത്തി എഴുന്നൂറ്റിതൊണ്ണൂറ്റി ഒമ്പതിൽ നാലായിരത്തി ഒരുനൂറ്റി അമ്പത്തി ആറ് ചന്ദ്ര ദിവസം കൂടുന്നത് മുപ്പത് ദിവസമുള്ള ഒരു ആദി മാസമാണെന്നു വരുന്നു. അതായത്, രണ്ട് കൊല്ലവും എട്ട് മാസവും പതിനാറ് ദിവസവും നാം മുമ്പു പറഞ്ഞ ഭിന്നിതവും. പ്രസ്തുത ഭിന്നിതം സുമാർ അഞ്ചു നാഴികയും പതിമൂന്ന് വിനാഴികയുമാണ്. മതപരമായി ഈ വിഷയത്തെ കുറിച്ച് അന്വേഷിച്ചപ്പോൾ വേദത്തിൽനിന്ന് എന്നെ ഇങ്ങനെ വായിച്ചു കേൾപ്പിക്കുകയുണ്ടായി: സൂര്യൻ ഒരു രാശിയിൽ നിന്നു മറ്റൊരു രാശിയിലേക്കു തെറ്റാത്ത നിലയിൽ സൂര്യ ചന്ദ്രന്മാർ ഒരു ദിവസം സമ്മേളിക്കുകയും (ഇതാണ് ചന്ദ്രമാസത്തിന്റെ ആദ്യത്തെ ദിവസം) പിറ്റേ ദിവസം സൂര്യൻ രാശിമാറുകയും ചെയ്താൽ ഇതിനു നേരെ മുമ്പുകഴിഞ്ഞുപോയ മാസം കണക്കിൽ കൂട്ടുകയില്ല. എന്നാൽ, ഈ അഭിപ്രായം ശരിയാവാൻ സാധ്യതയില്ല. ഒരുപക്ഷേ, പരിഭാഷപ്പെ ടുത്തി തന്ന ആൾ അബദ്ധം പറഞ്ഞതാവാം.

ചാന്ദ്ര ദിവസങ്ങൾക്കൊണ്ടാണ് ഒരു മാസം എന്നുവരുമ്പോൾ അത് ഈ ദിവസങ്ങൾക്കൊണ്ടുള്ള സൂര്യവർഷത്തിന്റെ പന്ത്രണ്ടിൽ ഒന്ന് മുപ്പത് (1/12/30) ദിവസവും അയ്യായിരത്തി എഴുനൂറ്റി അറുപതിൽ അയ്യാ യിരത്തി മുന്നൂറ്റി പതിനൊന്നും (5311/5760) ആയിരിക്കുന്നതാണ്. ഈ ദിവസങ്ങളുടെ നാഴികകൾ അനുസരിച്ച് അമ്പത്തിഅഞ്ച്- പത്തൊമ്പ ത്-ഇരുപത്തിരണ്ട്-മൂപ്പത് (55, 19, 22, 30) ആകുന്നു. ഉദാഹരണത്തി നായി രാശിയുടെ ആദ്യത്തിൽ സൂര്യനും ചന്ദ്രനും സമ്മേളിക്കുന്നുവെന്നു വിചാരിക്കുക. എന്നിട്ട് ഈ ഭിന്നിതങ്ങൾ സമ്മേളന സമയത്തോടു പല പ്രാവശ്യം ചേർക്കുകയും ചെയ്യുക. അപ്പോൾ സൂര്യൻ അടുത്ത രാശി യിലേക്കു നീങ്ങുന്ന സമയം വ്യക്തമാവുന്നതാണ്. അതിനു പുറമെ, സൂര്യമാസത്തിന്റെയും ചന്ദ്രമാസത്തിന്റെയും ഇടയിലുള്ള വ്യത്യാസം ഒരു ദിവസത്തെക്കാൾ ചുരുങ്ങിയ ഭിന്നിതമാണല്ലോ. അതിനാൽ, സൂര്യന്റെ രാശിമാറ്റം കൂടാതെ ഒരു ദിവസം കഴിയുക അസാധ്യമാകു ന്നു. ചിലപ്പോൾ ഒരു ദിവസത്തിൽ തന്നെ തുടർച്ചയായി രണ്ട് രാശിമാ റ്റവും ഉണ്ടാവാം. അത് ആദ്യത്തെ ദിവസത്തിൽ നാല്-നാല്-മുപ്പത്തി ഏഴ്-മുപ്പത് (4, 4, 37, 30) എന്നിവയിലും ചുരുങ്ങിയ നിലയിൽ സൂര്യൻ വരുമ്പോഴാണ്. എന്നാൽ, അടുത്ത ദിവസം ഇതുപോലെയുള്ള ഭിന്നി

തത്തിൽ ഒരു പൂർണ്ണ ദിവസമാകുന്നില്ല. അപ്പോൾ വേദത്തിൽനിന്ന് ഉദ്ധരിക്കപ്പെട്ടതു ശരിയല്ല എന്നു വ്യക്തമായല്ലോ. എനിക്കു മനസ്സിലായതനുസരിച്ച് ഇതിന്റെ ശരിയായ രൂപം ഇങ്ങനെയാണ്: സൂര്യനു രാശിമാറ്റമില്ലാതെ ഒരു മാസം കഴിഞ്ഞാൽ ആ മാസം കണക്കിലെടുക്കുകയില്ല. എന്തെന്നാൽ, ഇരുപത്തി ഒമ്പതാമത്തെ ദിവസത്തിൽ സൂര്യൻ നാല് -നാൽപത്-മുപ്പത്തിഏഴ്- മുപ്പത് (4, 40, 37, 30) എന്നിവയിൽ താഴെയുള്ള ഒരു സമയത്തു രാശിമാറിയാൽ സൂര്യന്റെ രാശിമാറ്റം അടുത്ത മാസത്തിനു മുമ്പു വരുന്നതാണ്. രണ്ടാമത്തെ രാശിമാറ്റം മൂന്നാമത്തെ മാസത്തിന്റെ ആദ്യത്തിലാവും സംഭവിക്കുക. ഈ രൂപത്തിൽ സൂര്യന്റെയും ചന്ദ്രന്റെയും തുടർച്ചയായുള്ള രാശിമാറ്റത്തെ സംബന്ധിച്ചും സമ്മേളനത്തെ സംബന്ധിച്ചും പരിശോധിച്ചാൽ മുപ്പത്തിമൂന്നാമത്തെ മാസത്തിലുള്ള സമ്മേളനം ഇരുപത്തിഒമ്പതാം ദിവസത്തിന്റെ മുപ്പതിലും ഇരുപതിലും അതിനടുത്ത സമ്മേളനം മുപ്പത്തി അഞ്ചാമത്തെ മാസത്തിന്റെ ആദ്യത്തെ ദിവസത്തിൽ ഇരുപത്തി അഞ്ച്-ഇരുപത്തി ഒമ്പത്- ഇരുപത്തിരണ്ട്-മുപ്പത് (25, 29, 22, 30) എന്നിവയിലും ആകുന്നതാണെന്നു മനസ്സിലാക്കാം. ഉപേക്ഷിക്കപ്പെട്ട ഈ മാസം ശൂന്യമാണെന്നു കരുതാനുള്ള കാരണവും ഇതിൽനിന്നു മനസ്സിലാവുന്നുണ്ട്. അതായത്, പ്രതിഫലവും പുണ്യവും ആശിക്കാവുന്ന യാതൊരു സമയവും ഈ മാസത്തിലില്ല.

എന്നാൽ, 'ആദിമാസം' കൊണ്ടുള്ള വിവക്ഷ ഒന്നാമത്തെ മാസം എന്നാണെങ്കിലും യഅ്ഖൂബിയുടെയും അൽഫിസാരിയുടെയും ഗ്രന്ഥങ്ങളിൽ ഇതിനു 'പത' എന്നു പറഞ്ഞുകാണുന്നു. അതുകൊണ്ട് ആ മാസത്തിന് ഇന്ത്യക്കാർ ഈ രണ്ട് പേരും പറയാറുണ്ടെന്നു മനസ്സിലാക്കാം. എന്നാലും ഇവർ രണ്ടുപേർക്കും ലഭിച്ച വിവരണത്തിൽ ചില ക്രമക്കേടുകൾ വന്നതുകൊണ്ട് അവരുടെ ഉദ്ധാരണവും അത്ര വിശ്വാസയോഗ്യമല്ല. ഈ രണ്ട് മാസങ്ങളിലും അവസാനത്തെതിന് ഏറെയുള്ളത് എന്ന് പുൽസനും പറഞ്ഞുകാണുന്നു. എന്നാൽ, ഒരു ചന്ദ്രമാസം സൂര്യൻ ചന്ദ്രനുമായി പിരിഞ്ഞതിനു ശേഷം ചന്ദ്രൻ വീണ്ടും ആ സ്ഥലത്തുതന്നെ എത്തുന്നതുവരെയുള്ള സമയമാണ്. അപ്പോൾ കല്പയുഗത്തിലുള്ള സൂര്യന്റെ സഞ്ചാരം ചന്ദ്രന്റെ സഞ്ചാരത്തിൽനിന്നു കിഴിച്ചാൽ കല്പയുഗത്തിലെ ചന്ദ്രമാസങ്ങൾ ലഭിക്കും. കല്പ യുഗത്തിലെ മുഴുവൻ ചലനങ്ങൾക്കും പൂർണ്ണ ചലനമെന്നും അംശങ്ങൾക്ക് ഭാഗിക ചലനമെന്നും വിവരണ സൗകര്യത്തിനു വേണ്ടി പേരുകൊടുക്കുക. ഒരു സൂര്യവർഷത്തിന്റെ മാസങ്ങൾ പന്ത്രണ്ട് ആണ്. ചന്ദ്രവർഷത്തിന്റെ മാസങ്ങളും അതുപോലെ പന്ത്രണ്ട് ആകുന്നു. സൂര്യവർഷവും ചന്ദ്രവർഷവും അതുപോലെ വ്യത്യാസമുള്ളതിനാൽ 'ആദിമാസം' വരുന്ന കൊല്ലത്തിൽ പതിമൂന്ന് മാസങ്ങളുണ്ടായിരിക്കും. സൂര്യന്റെയും ചന്ദ്ര

ന്റെയും മാസങ്ങൾക്കിടയിലുള്ള പൂർണ്ണ ചലനങ്ങളുടെ വ്യത്യാസം ഈ ഏറെയുള്ള മാസങ്ങളാണ്. അവയത്രെ പൂർണ്ണ ആദിമാസങ്ങൾ.

അപ്പോൾ സൂര്യന്റെ പൂർണ്ണ മാസങ്ങൾ 5,184,00,00,000-ഉം ചന്ദ്രന്റെ പൂർണ്ണ മാസങ്ങൾ 5,343,33,00,000-ഉം ഇവ രണ്ടിനും തമ്മിലുള്ള വ്യത്യാസമായ ആദിമാസങ്ങൾ 159,33,00,000-ഉം ആയിരിക്കും. ഇവ ഓരോന്നും മുപ്പതുകൊണ്ട് പെരുക്കിയാൽ ദിവസങ്ങൾ ലഭിക്കുന്നു. അപ്പോൾ സൂര്യദിവസങ്ങൾ 155,520,00,00,000-ഉം ചന്ദ്രദിവസങ്ങൾ 160,299,90,00,000-ഉം ആദിമാസങ്ങളുടെ ദിവസങ്ങൾ 4,779,90,00,000-ഉം ആകുന്നു. ഈ സംഖ്യ ചുരുക്കണമെന്ന് ഉദ്ദേശിക്കുകയാണെങ്കിൽ ഇതിലെല്ലാം ഒരുപോലെ അടങ്ങുന്ന മറ്റൊരു സംഖ്യകൊണ്ട് ചെറുതാക്കി ഭാഗിക്കാവുന്നതാണ്. ആ സംഖ്യ 90,00,000 ആകുന്നു. അങ്ങനെ ചെറുതാക്കി ഭാഗിച്ചാൽ സൂര്യമാസങ്ങളും ദിവസങ്ങളും 172,800-ഉം ചാന്ദ്രമാസങ്ങളും ദിവസങ്ങളും 178,111-ഉം ആദിമാസങ്ങളും ദിവസങ്ങളും 5311-ഉം വീതം ആകും. ഇനി സൂര്യവർഷ ദിവസങ്ങളും ഉദയവർഷ ദിവസങ്ങളും പൂർണ്ണമായി നാം എടുത്ത് പൂർണ്ണ ആദിമാസങ്ങൾ കൊണ്ടു ഹരിച്ചാൽ ഓരോ മാസവും പൂർത്തിയാകുന്നതിന് അതിന്റെ വർഗ്ഗത്തിൽനിന്ന് ആവശ്യമായ ദിവസങ്ങളുടെ തുക കിട്ടുന്നതാണ്. അപ്പോൾ സൂര്യവർഷത്തിന്റെത് തൊള്ളായിരത്തി എഴുപത്തി ആറും, ചന്ദ്രവർഷത്തിന്റെത് ആയിരത്തി ആറും ആകും. ഇവ ഓരോന്നിന്റെയും കൂടെ 464/5311 എന്നൊരു ഭിന്നവും ഉണ്ടാകും. എന്നാൽ, ഉദയവർഷത്തിന്റേത് തൊള്ളായിരത്തി തൊണ്ണൂറും 3663/10622 ഉം ആണ്. ഈ പറഞ്ഞതെല്ലാം ബ്രഹ്മഗുപ്തൻ കല്പത്തെ കുറിച്ചും അതിന്റെ ചലനത്തെ കുറിച്ചും അഭിപ്രായപ്പെട്ട കണക്കനുസരിച്ചത്രെ.

എന്നാൽ, പുൽസന്റെ അഭിപ്രായമനുസരിച്ചു ചതുർയുഗത്തിൽ സൂര്യമാസങ്ങൾ 85,18,40,000-ഉം ചന്ദ്രമാസങ്ങൾ 8,534,33,336-ഉം ആദിമാസങ്ങൾ 15,93,336-ഉം ആകുന്നു. സൂര്യമാസ ദിവസങ്ങൾ 155,52,00,000-ഉം ചന്ദ്രമാസ ദിവസങ്ങൾ 160,30,00,080-ഉം ആദിമാസ ദിവസങ്ങൾ 478,00,080-ഉം ആണ്. ഇവയുടെ മാസങ്ങൾ ഇരുപത്തിനാലുകൊണ്ട് ചെറുതാക്കിയാൽ സൂര്യമാസങ്ങൾ 21,60,000-ഉം ചന്ദ്രമാസങ്ങൾ 22,26,389-ഉം ആദിമാസങ്ങൾ 66,389-മാകും. ഇവയുടെ ദിവസങ്ങൾ എഴുനൂറ്റി ഇരുപത് (720) കൊണ്ട് ഹരിച്ചാൽ സൂര്യദിവസങ്ങൾ 21,60,000-ഉം ചന്ദ്രദിവസങ്ങൾ 22,26,389-ഉം ആദിദിവസങ്ങൾ 66,389-ഉം ലഭിക്കും. ഇവിടെയും മുമ്പു കണക്കാക്കിയതുപോലെ ചെയ്യുകയാണെങ്കിൽ ആദിമാസം പൂർത്തിയാകാൻ സൂര്യദിവസങ്ങളിൽനിന്ന് തൊള്ളായിരത്തി എഴുപത്തി ആറും (976) ചന്ദ്രദിവസങ്ങളിൽനിന്ന് ആയിരത്തി ആറും (1006) വേണ്ടിവരുന്നു. പ്രസ്തുത ഓരോ സംഖ്യയോടു കൂടെയും 4336/66389 എന്ന ഭിന്നവും കൂട്ടണം. എന്നാൽ, ഉദയ ദിവസങ്ങളിൽനിന്നു

990 21461/66389 ദിവസമാണ് വേണ്ടത്. ആദിമാസം മനസ്സിലാക്കാനുള്ള ചില മൂലതത്വങ്ങളാണ് മേൽ പ്രസ്താവിച്ചവയെല്ലാം.

കുറവുദിവസങ്ങളറിയേണ്ട ആവശ്യകത എന്തെന്നാൽ ഒന്നോ അതിലധികമോ കൊല്ലങ്ങളെ നാം അനുമാനിക്കുകയും അതിൽ ഓരോ കൊല്ലത്തിനും പന്ത്രണ്ട് മാസങ്ങൾ കണക്കാക്കുകയും ചെയ്താൽ അതിലുള്ള സൂര്യമാസങ്ങൾ ലഭിക്കുന്നതും അവയെ മുപ്പതുകൊണ്ട് പെരുക്കിയാൽ അവയുടെ സൂര്യദിവസങ്ങൾ ലഭിക്കുന്നതുമാണ്. അപ്പോൾ ചന്ദ്രമാസങ്ങളും ചന്ദ്രദിവസങ്ങളും ഇത്രതന്നെ എണ്ണവും അല്പം കൂടുതലുമുണ്ടായിരിക്കും. അങ്ങനെ കൂടുതൽ വരുന്നവ ചേർന്ന് ആദിമാസം ഉണ്ടാകുന്നു. ഇനി അനുമാനവർഷങ്ങളുടെ ആദിമാസങ്ങളിൽനിന്നു പൂർണ്ണ സൂര്യമാസങ്ങളെ സംബന്ധിക്കുന്ന അധിക ദിവസങ്ങൾ പൂർണ്ണ ആദിമാസത്തിനോടു ചേർത്താൽ (അതായത് മാസങ്ങൾ മാസങ്ങളോടും ദിവസങ്ങൾ ദിവസങ്ങളോടും ചേർത്താൽ) ആ വർഷങ്ങളുടെ അപൂർണ്ണ ചന്ദ്രദിവസങ്ങൾ ലഭിക്കുന്നതാണ്. പക്ഷേ, ഇവിടെ ആവശ്യമായത് ആ കൊല്ലങ്ങളുടെ ഉദയദിവസങ്ങളത്രെ. ഇവ ചന്ദ്രദിവസങ്ങളെക്കാൾ എണ്ണത്തിൽ ചുരുക്കമാണല്ലോ. കാരണം, ഉദയദിവസം ചന്ദ്ര ദിവസത്തെക്കാൾ വലുതാണ്. അപ്പോൾ ഉദ്ദിഷ്ട സംഖ്യ ലഭിക്കുന്നതിന് അതിന്റെ എണ്ണത്തിൽനിന്നു കിഴിക്കേണ്ടിവരും. അങ്ങനെ കിഴിച്ചാൽ വരുന്ന കുറവിനാണ് 'ഊനരാത്ര' എന്നു പറയുന്നത്. അപൂർണ്ണ ചന്ദ്രദിവസങ്ങളുമായി അതിനുള്ള ബന്ധം പൂർണ്ണ ഉദയദിവസങ്ങൾക്ക് പൂർണ്ണ ചന്ദ്രദിവസങ്ങളെക്കാൾ വരുന്ന കുറവിനു പൂർണ്ണ ചന്ദ്ര ദിവസങ്ങളോടുള്ള ബന്ധം അനുസരിച്ചാവുന്നതാണ്. പൂർണ്ണ ചന്ദ്ര ദിവസങ്ങൾ 160,299,9,0000,000-ഉം പൂർണ്ണ ഉദയദിവസങ്ങളെക്കാൾ വരുന്ന കൂടുതൽ 2,50,8,25,50,000-ഉം ആകുന്നു. ഇതാണ് പൂർണ്ണമായ ഒരു 'ഊനരാത്ര.' ഇവയെ 450,000-കൊണ്ട് ഹരിച്ചാൽ പൂർണ്ണ ചന്ദ്ര ദിവസങ്ങൾ 5,620 എന്നും പൂർണ്ണ ഊനരാത്രം 55737-ഉം എന്നും ലഭിക്കും.

എന്നാൽ, പുൽസന്റെ അഭിപ്രായപ്രകാരം ചതുർയുഗത്തിലുള്ള ചന്ദ്ര ദിവസങ്ങൾ 160,30,00,080-ഉം ഊനരാത്ര ദിവസങ്ങൾ 25,08,22,280-ഉം ആണ്. ഇവ രണ്ടിലും കുറയ്ക്കാനുള്ള സംഖ്യ 260 ആണ്. അപ്പോൾ ഈ സംഖ്യ കുറച്ച് അവയെ ചുരുക്കിയാൽ ചന്ദ്ര ദിവസങ്ങൾ 44,52,778- എന്നും ഊനരാത്രദിവസങ്ങൾ 69,673 എന്നും കിട്ടും. ഇതാണ് 'ഊനരാത്ര' മനസ്സിലാക്കാനുള്ള അടിസ്ഥാനം. പിന്നാലെ 'അഹർഗണ'ത്തെ കുറിച്ചു വിവരിക്കുമ്പോൾ ഈ വിവരണം ആവശ്യമായിവരുന്നതാണ്.

'അഹർഗണം' എന്നത് 'ആഹ്' (ദിവസം) 'ഗണം' (കൂട്ടം-സമൂഹം) എന്നീ രണ്ട് വാക്കുകൾ കൂടിച്ചേർന്നതാണ്. യഅ്ഖൂബ് ബിൻ ത്വാരിഖ്

സൂര്യദിവസങ്ങൾ കണക്കാക്കുന്നതിൽ പിഴച്ചിട്ടുണ്ട്. കല്പയുഗത്തിൽ സൂര്യനുള്ള ചുറ്റലിനെ പൂർണ്ണോദയ ദിവസങ്ങളിൽനിന്നു കിഴിച്ചാൽ പ്രസ്തുത ദിവസങ്ങൾ ലഭിക്കുന്നതാണ് എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. ഈ അഭിപ്രായം ശരിയാവാൻ നിവൃത്തിയില്ല. കാരണം, സൂര്യഭ്രമണത്തെ പന്ത്രണ്ടുകൊണ്ട് പെരുക്കി മാസങ്ങളാക്കുകയും അവയെ മുപ്പതുകൊണ്ടു പെരുക്കി ദിവസങ്ങളാക്കുകയും ചെയ്യുകയോ അല്ലെങ്കിൽ, സൂര്യഭ്രമണത്തെ മുന്നൂറ്റി അറുപതുകൊണ്ട് പെരുക്കുകയോ ആണു ചെയ്യേണ്ടത്. എന്നാൽ, ചന്ദ്രദിവസങ്ങൾ കണ്ടുപിടിക്കുന്നതിനു സ്വീകരിച്ച മാർഗ്ഗത്തിൽ അദ്ദേഹം പിഴച്ചിട്ടില്ല. ആ മാസങ്ങളെ മുപ്പതുകൊണ്ട് പെരുക്കുക തന്നെയാണ് അദ്ദേഹം ചെയ്തത്. അതിനു ശേഷം ഊനരാത്ര ദിവസങ്ങൾ കണ്ടുപിടിക്കുന്നതിൽ അദ്ദേഹം വീണ്ടും പിഴച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ ചന്ദ്ര ദിവസങ്ങളിൽനിന്നു സൂര്യദിവസങ്ങളെ കിഴിച്ചാൽ പ്രസ്തുത ദിവസങ്ങൾ ലഭിക്കുമെന്ന് അദ്ദേഹം പറയുന്നു. എന്നാൽ, യഥാർത്ഥത്തിൽ ചന്ദ്ര ദിവസങ്ങളിൽനിന്ന് ഉദയ ദിവസങ്ങളെയാണു കിഴിക്കേണ്ടത്.

അധ്യായം 52

അഹർഗണം – കൊല്ലങ്ങളും, മാസങ്ങളും, ദിവസങ്ങളായി പിരിക്കാനും ദിവസങ്ങളും മാസങ്ങളും കൊല്ലങ്ങളാക്കി മാറ്റാനുമുള്ള മാർഗ്ഗങ്ങൾ

ഇതിനുള്ള പൊതുമാർഗ്ഗം പൂർണ്ണ കൊല്ലങ്ങളെ പന്ത്രണ്ടുകൊണ്ട് പെരുക്കി അതിലേക്ക് അപൂർണ്ണ കൊല്ലത്തിൽനിന്നു കിഴിഞ്ഞുപോയ മാസങ്ങളെയും അപൂർണ്ണ മാസത്തിലുള്ള ദിവസങ്ങളെയും കൂട്ടിച്ചേർക്കുകയാണ്. അപ്പോൾ 'സൗരഅഹർഗണം' ലഭിക്കുന്നു. അതായത്, മൊത്തത്തിലുള്ള അപൂർണ്ണ സൂര്യദിവസങ്ങൾ ഇവയെ രണ്ടിടത്തായി എഴുതുകയും ഒന്നിനെ 5311 (അതായത്, ഇതു പൂർണ്ണ ആദിമാസങ്ങളുടെ ദിവസങ്ങളുടെ തുകയാണല്ലോ) കൊണ്ട് പെരുക്കി കിട്ടുന്ന സംഖ്യയെ 172,800 (പൂർണ്ണ സൂര്യദിവസങ്ങളുടെ തുക) കൊണ്ട് ഹരിക്കുകയും ചെയ്താൽ കിട്ടുന്ന പൂർണ്ണ ദിവസങ്ങളെ മറ്റടിത്ത് എഴുതിയ സംഖ്യയോടു കൂട്ടിയാൽ 'ചന്ദ്ര അഹർഗണം' (അപൂർണ്ണ ചന്ദ്രദിവസങ്ങളുടെ മൊത്തസംഖ്യ) ലഭിക്കുന്നതാണ്. ഈ ഉത്തരത്തെ രണ്ടിടത്തായി എഴുതുകയും ഒന്നിനെ 55,739 (പൂർണ്ണ ഊനരാത്ര ദിവസങ്ങൾ) കൊണ്ട് പെരുക്കുകയും ഉത്തരത്തെ 35,62,220 (പൂർണ്ണ ചന്ദ്രദിവസങ്ങൾ) കൊണ്ട് ഹരിക്കുകയും ചെയ്താൽ കിട്ടുന്ന പൂർണ്ണ ദിനസംഖ്യയെ ആദ്യം എഴുതിയ സംഖ്യയിൽനിന്നു കിഴിക്കുക. അപ്പോൾ 'സാവണ അഹർഗണം' ലഭിക്കും. (ഉദ്ദിഷ്ട ഉദയ ദിവസങ്ങളുടെ മൊത്ത സംഖ്യ) പക്ഷേ, മേൽ പ്രസ്താവിച്ച കണക്ക് ആറുമാസവും ഊനരാത്ര ദിവസങ്ങളും ഭിന്നിതം കൂടാതെ പൂർണ്ണ ദിവസങ്ങളാകുന്ന സമയവും അസ്പദമാക്കി നിർണ്ണയിക്കേണ്ടതാണ്. നിർണ്ണയ വർഷങ്ങൾ 'കല്പ ചതുർയുഗം', 'കലിയുഗം' എന്നിവയുടെ ആരംഭം മുതൽ കൂട്ടുകയാണെങ്കിൽ ആ കണക്ക് ശരിയാകും. ഇനി അതു മറ്റേതെങ്കിലും സമയം മുതൽ ആരംഭിക്കുകയാണെങ്കിൽ ചിലപ്പോൾ മാത്രം ശരിയായേക്കും.

ആദിമാസത്തിന്റെ ആഗമനം മനസ്സിലാവുകയും ചെയ്യും. അതല്ലാത്ത നിലയിൽ ഈ കണക്ക് ശരിയാവണമെങ്കിൽ ഈ മൂന്നു വിധത്തിലുള്ള കൊല്ലങ്ങളുടെ കിടപ്പ് മനസ്സിലാക്കുകയും അതിനു പ്രത്യേകമായ ഗണന രൂപങ്ങൾ കൈകൊള്ളുകയും ചെയ്യേണ്ടതുണ്ട്. ഇതിനു ശകകാലം 953-ൽ ആരംഭിക്കുന്ന ഇന്ത്യൻ വർഷാരംഭം-ഉദാഹരണത്തിനായി നമുക്കെടുക്കുകയും ബ്രഹ്മഗുപ്തന്റെ കണക്കനുസരിച്ചു ബ്രഹ്മാവിന്റെ വയസ്സിന്റെ ആരംഭം മുതൽ തുടങ്ങുകയും ചെയ്യാം. അദ്ദേഹത്തിന്റെ വയസ്സിൽനിന്നു നമ്മുടെ 'കല്പ'ത്തിനു മുമ്പ് കഴിഞ്ഞുപോയത് 6068 കല്പയുഗങ്ങളാണെന്നു പ്രസ്തവിച്ചുവല്ലോ. കല്പദിവസങ്ങൾ 95,74,70,701,86,00,900 ആകുന്നു. ഇവയെ നാം ആഴ്ചകളാക്കി മാറ്റിയാൽ അഞ്ച് ദിവസം ബാക്കിവരും. ആ ദിവസങ്ങൾക്കൊണ്ട് നമ്മുടെ കല്പത്തിന്റെ നേരെ മുമ്പുള്ള കല്പത്തിന്റെ അവസാനത്തെ ദിവസമായ ശനിയാഴ്ച മുതൽ പിന്നോട്ടെണ്ണിയാൽ ചൊവ്വാഴ്ചയിലെത്തുന്നതാണ്. അതത്രെ ബ്രഹ്മവയസ്സിന്റെ ആരംഭം.

ചതുർയുഗത്തിന്റെ ദിവസങ്ങൾ ഇതിനുമുമ്പു നാം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 'കൃതായുഗം' അതിന്റെ പത്തിൽ നാല് (4/10) ആണെന്നും വിവരിച്ചുവല്ലോ. അതിന്റെ ദിവസങ്ങൾ 63,11,66,580 ആണ്. മന്വേന്ദ്രയുഗം അതിന്റെ എഴുപത്തി ഒന്ന് ഇരട്ടിയാണെന്നു വരുമ്പോൾ അതിന്റെ ദിവസങ്ങൾ 11,203,20,67,950 ആകും. ആറ് മന്വേന്ദ്രങ്ങളുടെയും അതിന്റെ സന്ധികളായി വരുന്ന ഏഴ് കൃതായുഗങ്ങളുടെയും ദിവസങ്ങൾ 67,661,05,73,760 ആകുന്നു. ഇവയെ ആഴ്ചകളാക്കി മാറ്റിയാൽ 2 ദിവസം ബാക്കിവരും. അപ്പോൾ ഇവയുടെ അവസാനം തിങ്കളാഴ്ചയും 7-മത്തെ മന്വേന്ദ്രയുഗത്തിന്റെ ആരംഭം ചൊവ്വാഴ്ചയും ആകുന്നതാണ്. അതിൽനിന്നു കഴിഞ്ഞുപോയത് ഇരുപത്തിഏഴ് ചതുർയുഗങ്ങളാണ്. ദിവസങ്ങൾ 4,260,37,44,150 ആകുന്നു. പ്രസ്തുത ദിവസങ്ങളെ ആഴ്ചകളാക്കി മാറ്റുമ്പോൾ രണ്ടു ദിവസം ബാക്കിവരുന്നു.

അപ്പോൾ ഇരുപത്തി എട്ടാമത്തെ (28) ചതുർയുഗത്തിന്റെ ആരംഭം ചൊവ്വാഴ്ചയാണ് ഇതനുസരിച്ചു കഴിഞ്ഞ യുഗങ്ങളുടെ ദിവസങ്ങൾ 142,01,24,805 ആയിരിക്കും. അപ്പോൾ കലിയുഗത്തിന്റെ ആരംഭം വെള്ളിയാഴ്ചയാണെന്നു വരുന്നു. എന്നാൽ, നമ്മുടെ ഉദാരഹണ വർഷം കൊണ്ടു നോക്കുകയാണെങ്കിൽ കല്പത്തിനു മുമ്പ് അതിൽനിന്നു കഴിഞ്ഞുപോയ വർഷങ്ങൾ 197,29,48,132 ആകുന്നു. ഈ സംഖ്യയെ പന്ത്രണ്ടുകൊണ്ട് പെരുക്കിയാൽ കിട്ടുന്ന മാസം 23,367,53,77,584 ആണ്. ഈ മാസങ്ങളെ മുപ്പതുകൊണ്ട് പെരുക്കിയാൽ 710,26,13,27,520 ദിവസങ്ങൾ കിട്ടും. ഇവിടെ ഭിന്നമില്ലാത്തതിനാൽ വർഷസംഖ്യയെ മുന്നൂറ്റി അറുപത് (360) കൊണ്ട് പെരുക്കിയാലും ഈ ദിവസങ്ങൾ കിട്ടുന്നു. ഇവ 'അപൂർണ്ണ സൂര്യദിവസങ്ങള'ത്രെ. ഇവയെ അയ്യായിരത്തി മുന്നൂറ്റി പതി

നൊന്ന് (5311)കൊണ്ട് പെരുക്കികിട്ടുന്ന സംഖ്യയെ 172,800 കൊണ്ട് ഹരിച്ചാൽ ആ ആദിമാസത്തിന്റെ ദിവസങ്ങളായ 218,29,84,908 നൂറ്റിഇരുപതിൽ നൂറ്റി മൂന്ന് (103/120) ലഭിക്കും. നാം ഹരിക്കുന്നതും പെരുക്കുന്നതും മാസങ്ങൾകൊണ്ടാണെങ്കിൽ കിട്ടുന്നത് 'ആദിമാസങ്ങളാ'യിരിക്കും. അവയെ മുപ്പതുകൊണ്ട് പെരുക്കിയാൽ മേൽ കൊടുത്ത ദിവസങ്ങൾ തന്നെ ലഭിക്കുന്നു. പിന്നീട് നാം ആദിമാസദിവസങ്ങളോട് അപൂർണ്ണ സൂര്യദിവസങ്ങളെ കൂട്ടിച്ചേർത്താൽ 73,209,11,76,538 കിട്ടും. അതത്രെ അപൂർണ്ണ ചന്ദ്രദിവസങ്ങൾ. ഇവയെ 55,739 കൊണ്ട് പെരുക്കിയാൽ കിട്ടുന്ന സംഖ്യയെ 3562220 കൊണ്ട് ഹരിച്ചാൽ അപൂർണ്ണ ഊനരാത്രങ്ങളുടെ ദിവസങ്ങളുടെ സംഖ്യ 1,145,52,24,575 17,47,541/17,81,110 എന്നു കാണാം. ഇതിന്റെ ഭിന്നം ഒഴിച്ചുള്ള സംഖ്യയെ അപൂർണ്ണ ചന്ദ്രമാസങ്ങളിൽനിന്നു കിഴിച്ചാൽ 72,06,35,951,963 ശേഷിക്കുന്നു. ഇതു നമ്മുടെ ഉദാഹരണ വർഷങ്ങമനുസരിച്ചുള്ള ഉദയദിവസങ്ങളാണ്. ഇവ ആഴ്ചകളാക്കി മാറ്റിയാൽ നാലു ദിവസം ബാക്കി വരുന്നു. അവ ഈ ദിവസങ്ങളുടെ അവസാനത്തെതാണ്. അപ്പോൾ 'ഭാരത വർഷാരംഭം' വ്യാഴാഴ്ച മുതലാണെന്നു മനസ്സിലാവുന്നു.

ഇനി നാം 'ആദിമാസ'ത്തിന്റെ സ്ഥിതി അറിയാനുദ്ദേശിക്കുകയാണെങ്കിൽ 'ഭാരതവർഷ'ത്തെ മുപ്പതുകൊണ്ട് ഹരിച്ചാൽ മതി. അപ്പോൾ 74,76,61,633 എന്നു കിട്ടും. ഇതു കഴിഞ്ഞുപോയ 'ആദിമാസങ്ങളുടെ എണ്ണമാണ്. ഭിന്നമായി അതിന്റെ കൂടെ ശേഷിക്കുന്നത് 28–51–30 ആകുന്നു. അതും ആ വർഷത്തിന്റെ മാസങ്ങളിൽനിന്നു കഴിഞ്ഞുപോയതാണ്. ഈ സംഖ്യയിലേക്കു മുപ്പത് ദിവസം തികയാൻ വേണ്ടിവരുന്നത് 1–8–30 ആകുന്നു. കല്പത്തിൽ കഴിഞ്ഞുപോയ കാലത്തിലുള്ള സൂര്യദിവസങ്ങളെയും ചന്ദ്രദിവസങ്ങളെയും ആദിമാസങ്ങളെയും ഊനരാത്രദിവസങ്ങളെയും നാം ഉപയോഗിച്ചു മനസ്സിലാക്കിക്കഴിഞ്ഞു. ഇപ്രകാരംതന്നെ ചതുർയുഗത്തിൽനിന്നും കഴിഞ്ഞ കാലങ്ങളിൽനിന്നും നമുക്കു ചെയ്യാവുന്നതാണ്. അവയിൽനിന്നു കല്പത്തിനു വേണ്ടിവരുന്ന കൊല്ലങ്ങളെയും ചതുർയുഗത്തിനു വേണ്ടിവരുന്ന കൊല്ലങ്ങളെയും നമുക്ക് ഉപയോഗിക്കാം. ഒരേ അഭിപ്രായപ്രകാരം ഉപയോഗിക്കുകയാണെങ്കിൽ രണ്ടായാലും ഫലം ഒന്നുതന്നെയാവുമെന്നതിൽ സംശയമില്ല. പെരുക്കുന്ന സംഖ്യകൾക്ക് 'ഗുണകാരൻ' എന്നും പിരിക്കുന്ന സംഖ്യക്ക് 'ഭാഗഭാരൻ' എന്നും പറയുന്നു. ആദ്യത്തെതിനു പേർഷ്യൻ പഞ്ചാംഗങ്ങളിൽ 'കഞ്ചാർ' എന്നും രണ്ടാമത്തേതിന് 'ബഹ്ജാർ' എന്നുമാണു പേര്. ബ്രഹ്മഗുപ്തന്റെ അഭിപ്രായമനുസരിച്ചു ചതുർയുഗത്തിന് ഉദാഹരണം കൊടുക്കുന്നതിന് അർത്ഥമില്ല. കാരണം, അദ്ദേഹത്തിന്റെ ഗണനയിൽ ചതുർയുഗം കല്പത്തിന്റെ ആയിരത്തിൽ ഒന്നാകുന്നു (1/1000). അപ്പോൾ നാം പറഞ്ഞതിനെക്കാൾ ഈ തുകയിൽ മൂന്ന് പൂജ്യം കുറവായിരി

ക്കും. അതിനാൽ, പൂൽസന്റെ അഭിപ്രയമനുസരിച്ചാണു നാമിവിടെ വിവരിക്കാൻ ഉദ്ദേശിക്കുന്നത്. അദ്ദേഹം പറഞ്ഞത് ചതുർയുഗത്തെ കുറിച്ചാണെങ്കിലും കല്പത്തിൽ ചെയ്തതിനോട് അതിനു സാമ്യമുണ്ട്. നാം ഉദാഹരണത്തിനായി എടുത്ത സമയം വരെ – അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ – ചതുർയുഗത്തിൽ നിന്നു കഴിഞ്ഞുപോയ കൊല്ലങ്ങൾ 32,44,132 ആണ്. അതിന്റെ സൂര്യദിവസങ്ങൾ 116,78,87,520 ആകുന്നു. ഇതിന്റെ മാസങ്ങളെ ചതുർയുഗത്തിലെ ആദിമാസങ്ങളോടു പെരുക്കിക്കിട്ടുന്ന തുകയെ അതിലുള്ള സൂര്യമാസങ്ങൾകൊണ്ട് ഹരിച്ചാൽ കിട്ടുന്ന ആദിമാസ സംഖ്യയായ 19,61,525 44837/45000 എന്നതനുസരിച്ചു ചന്ദ്രദിവസങ്ങൾ 120,37,83,270 ആയിരിക്കും. ഇതിനെ നാം ചതുർയുഗത്തിലെ ഊനരാത്ര ദിവസങ്ങൾ കൊണ്ട് പെരുക്കിക്കിട്ടുന്ന തുകയെ ചന്ദ്രദിവസങ്ങൾ കൊണ്ട് ഹരിച്ചാൽ ഊനരാത്ര ദിവസ സംഖ്യയായ 1,88,35,700 598055/2226389 കിട്ടുകയും അതനുസരിച്ചു ചതുർ യുഗത്തിന്റെ ആദ്യം മുതൽക്കുള്ള ഉദയ ദിവസങ്ങൾ 118,49,47,570 ആണെന്നു വ്യക്തമാവുകയും ചെയ്യും. പുൽസ സിദ്ധാന്തത്തിൽനിന്ന് ഇതിനോടു യോജിച്ചതായ കണക്ക് ഉദ്ധരിച്ചു നോക്കാം. അദ്ദേഹം പറയുകയാണ്: നമ്മുടെ കല്പത്തിനു മുമ്പായി ബ്രഹ്മാവിന്റെ വയസ്സിൽനിന്നു കഴിഞ്ഞുപോയ 6,068 കല്പയുഗങ്ങളെ എടുത്ത് അവയെ ഒരു കല്പത്തിലുള്ള ചതുർയുഗസംഖ്യയായ 1008 കൊണ്ട് പെരുക്കിയാൽ 61,16,544 കിട്ടും. പിന്നീട് ആ സംഖ്യയെ ചതുർയുഗത്തിലെ യുഗങ്ങളുടെ എണ്ണമായ നാലുകൊണ്ട് പെരുക്കിയാൽ 24,466,176 എന്നും ആ സംഖ്യയെ ഒരു യുഗത്തിന്റെ വർഷ സംഖ്യയായ 10,80,000കൊണ്ട് പെരുക്കിയാൽ 26,42,347,00,80,000 എന്നും കിട്ടുന്നതാണ്. ഇതത്രെ നമ്മുടെ കല്പത്തിനു മുമ്പുള്ള ബ്രഹ്മാവിന്റെ കൊല്ലങ്ങളുടെ കണക്ക്. ഇതിനെ പന്ത്രണ്ടുകൊണ്ട് പെരുക്കിയാൽ 3,17,08,164,09,60,000 കിട്ടും. അതിനെ രണ്ടിടത്തായി എഴുതുകയും അവയിൽ ഒന്നിനെ ചതുർയുഗത്തിലുള്ള ആദിമാസ സംഖ്യയായ 15,93,336 കൊണ്ട് പെരുക്കി ഫലത്തെ ചതുർയുഗത്തിലെ സൂര്യമാസ സംഖ്യയായ 578,40,000 കൊണ്ട് ഹരിച്ചാൽ 974,570,97,50,784 ആദിമാസങ്ങൾ ലഭിക്കും. മറ്റേടത്ത് എഴുതിയ സംഖ്യയിലേക്ക് ഇതു കൂട്ടിയാൽ 326,82,735,07,10,784 കിട്ടും. ഈ സംഖ്യയെ മുപ്പതുകൊണ്ട് പെരുക്കിയാൽ 98,04,820,52,13,23,520 ആകുമല്ലോ. അത് ചന്ദ്രദിവസ സംഖ്യയാകുന്നു. ഈ സംഖ്യയെ രണ്ട് സ്ഥലത്തായി എഴുതി ഒന്നുകൊണ്ട് ചതുർ യുഗത്തിലെ ഊനരാത്ര ദിവസങ്ങളെ (ഉദയ ദിവസങ്ങളുടെയും ചന്ദ്ര ദിവസങ്ങളുടെയും ഇടയിലുള്ള വ്യത്യാസം പെരുക്കി കിട്ടുന്ന സംഖ്യയെ) അതിന്റെ ചന്ദ്ര ദിവസംകൊണ്ട് ഭാഗിച്ചാൽ 153,41,686,92,40,320 ആകും. അതാണ് ഊനരാത്ര ദിവസങ്ങളുടെ എണ്ണം. ഈ സംഖ്യയെ മറ്റേ സ്ഥലത്ത് എഴുതിയ സംഖ്യ

യിൽനിന്നു കിഴിച്ചാൽ 96,51,40,365,20,83,200 കിട്ടുന്നു. ഇതത്രെ നമ്മുടെ കല്പത്തിനു മുമ്പായി ബ്രഹ്മാവിന്റെ വയസ്സിൽനിന്നു കഴിഞ്ഞുപോയ ദിവസങ്ങൾ. അതായത്, ഒരു കല്പത്തിന് 159,054,11,42,400 ദിവസങ്ങളെന്ന തോതിൽ 6068 കല്പത്തിൽ ഉണ്ടാകുന്ന ദിവസങ്ങളുടെ ആകെ തുക. അവയെ ആഴ്ചകളാക്കി മാറ്റിയാൽ ഒന്നും ബാക്കി വരുന്നതല്ല. അപ്പോൾ ശനിയാഴ്ചകൊണ്ട് ആ യുഗം അവസാനിച്ചതായും അടുത്ത യുഗം ഞായറാഴ്ചകൊണ്ടു തുടങ്ങുന്നതായും മനസ്സിലാക്കാം. ബ്രഹ്മാവിന്റെ വയസ്സാരംഭം ഞായറാഴ്ച മുതല്ക്കാണെന്നും ഇതിൽനിന്നു വ്യക്തമാവുന്നു. പുൽസ് സിദ്ധാന്തം തുടർന്നു പറയുന്നു:

ഭിന്നങ്ങളുടെ കല്പയുഗത്തിൽനിന്ന് ആറ് മന്വന്ദ്രങ്ങൾ കഴിഞ്ഞിട്ടുണ്ട്. ഇവയിൽ ഓരോന്നും രണ്ട് ചതുർയുഗങ്ങളും ഒരു ചതുർയുഗം 43,20,000 കൊല്ലവുമാണ്. അപ്പോൾ അവയുടെ ആകെ കൊല്ലങ്ങൾ 18,662,40,000 ആയിരിക്കും. മേൽ പറഞ്ഞ പ്രകാരമെല്ലാം ഇതിലും ചെയ്താൽ ആറ് പൂർണ്ണ മന്വന്ദ്ര യുഗങ്ങളുടെ ദിവസങ്ങൾ 68,166,04,89,600 ആണെന്നു കാണാം. അവയെ ആഴ്ചകളാക്കിയാൽ ആറ് ബാക്കി വരും. അങ്ങനെ അവ വെള്ളിയാഴ്ച ദിവസംകൊണ്ട് അവസാനിച്ച് ഏഴാമത്തെ യുഗം ശനിയാഴ്ചകൊണ്ടാണ് ആരംഭിക്കുന്നതെന്നു മനസ്സിലാക്കാം. അതിൽനിന്ന് ഇരുപത്തി ഏഴ് ചതുർയുഗങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. മേൽ കൊടുത്ത കണക്കനുസരിച്ച് അവയുടെ ദിവസങ്ങൾ 4,260,37,80,600 ആയിരിക്കും. അവയുടെ അവസാനത്തെ ദിവസം തിങ്കളാഴ്ചയും ഇരുപത്തി എട്ടാമത്തെ ചതുർയുഗാരംഭം ചൊവ്വയുമാകും. അതിൽനിന്നു മൂന്ന് യുഗങ്ങൾ കഴിഞ്ഞിട്ടുണ്ട്. അവയുടെ ആകെ കൊല്ലങ്ങൾ 23,40,000 ആകുന്നു. മേൽ കാണിച്ച കണക്കനുസരിച്ച് അവയുടെ ദിവസങ്ങൾ 1,134,38,350 ആകും. അവ വ്യാഴാഴ്ചകൊണ്ട് അവസാനിച്ചു കലിയുഗം വെള്ളിയാഴ്ച ആരംഭിക്കും. അപ്പോൾ കല്പത്തിൽനിന്നു കഴിഞ്ഞുപോയ ദിവസങ്ങൾ 72,544,77,08,550-ഉം ബ്രഹ്മാവിന്റെ വയസ്സിൽനിന്നു നമ്മുടെ കലിയുഗത്തിന്റെ ആരംഭം വരെ കഴിഞ്ഞുപോയ ദിവസങ്ങൾ 96,52,12,909,97,91,750 ആകുന്നതാണ്.

ഇനി ആര്യഭട്ടനിൽനിന്ന് ഉദ്ധരിച്ചതനുസരിച്ച്-അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ കണ്ടതല്ല. ചതുർയുഗത്തിന്റെ ദിവസങ്ങൾ 15,779,17,500 ആണെങ്കിൽ കല്പത്തിൽനിന്നു കലിയുഗത്തിന്റെ ആരംഭം വരെ കഴിഞ്ഞത് 72,544,75,70,625-ഉം നമ്മുടെ ഉദാഹരണ ദിവസം വരെ 72,544,90,79,845-ഉം ആയിരിക്കും. അപ്പോൾ നമ്മുടെ കല്പത്തിനു മുമ്പായി ബ്രഹ്മാവിന്റെ വയസിൽനിന്നു കഴിഞ്ഞത് 96,51,40,181,71,20,000 ദിവസങ്ങളാകുന്നു. ഇതാണ് കൊല്ലങ്ങളെ മാസങ്ങളായും ദിവസങ്ങളായും പിരിക്കുന്നതിനുള്ള ശരിയായ മാർഗ്ഗം. പൂർണ്ണ സൂര്യദിവസങ്ങളും പൂർണ്ണ ഊനരാത്രദിവസങ്ങളും കണ്ടുപിടിക്കുന്ന മാർഗ്ഗത്തിൽ യഅ്ഖൂബ് പിഴച്ചിട്ടുണ്ടെന്നു

നാം സൂചിപ്പിച്ചുവല്ലോ. ഭാരത പണ്ഡിതനിൽനിന്ന് അദ്ദേഹം കണക്ക് ഉദ്ധരിച്ചുവെങ്കിലും അതിന്റെ കാരണങ്ങൾ മനസ്സിലാക്കിയില്ല. പ്രസ്തുത പണ്ഡിതന്റെ അഭിപ്രായം ആരായുകയോ നില പരിശോധിക്കുകയോ മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യമെന്നു തോന്നുന്നു. യഅ്ഖൂബ് തന്റെ ഗ്രന്ഥത്തിൽ 'അഹർഗണം' വിവരിക്കുന്നിടത്ത് കൊല്ലങ്ങൾ പിരിക്കുന്ന മാർഗ്ഗങ്ങൾ വിശദീകരിച്ചിട്ടുണ്ട്. പക്ഷേ, താഴെ കൊടുക്കുന്ന തന്റെ പ്രസ്താവനയിൽ അദ്ദേഹം പിഴച്ചുപോയിരിക്കുന്നു: ഉദ്ദിഷ്ടകൊല്ലങ്ങളുടെ മാസങ്ങൾക്കൊണ്ട് നീ ഉദ്ദേശിക്കുന്ന സമയം വരെയുള്ള ആദിമാസങ്ങളുടെ സംഖ്യയെ പെരുക്കുക. പെരുക്കിയ സംഖ്യയെ കിട്ടിയ സൂര്യമാസ സംഖ്യകൊണ്ട് ഹരിച്ചാൽ കിട്ടുന്നത് നീ ഉദ്ദേശിക്കുന്ന സമയം വരെയുള്ള ആദിമാസങ്ങളും അതിന്റെ ഭാഗങ്ങളുമായിരിക്കും. കേവലം പകർത്തി എഴുതുന്ന ആൾക്കുതന്നെ ഇതിലെ തെറ്റു മനസ്സിലാക്കാൻ സാധിക്കും. അപ്പോൾ ശരിക്ക് കണക്കു ചെയ്തുനോക്കുന്ന ആളെക്കുറിച്ചു പറയേണ്ടതില്ലല്ലോ.

അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ കൊല്ലങ്ങൾ ഹരിക്കുന്നതിനു വേറെയൊരു നല്ല മാർഗ്ഗം ഇങ്ങനെ വിവരിച്ചിട്ടുണ്ട്: കൊല്ലങ്ങളുടെ മാസങ്ങൾ കിട്ടുകയും അതിനെ ചന്ദ്രസാമങ്ങൾക്കൊണ്ട് പെരുക്കി കിട്ടിയ സംഖ്യയെ സൂര്യമാസങ്ങൾക്കൊണ്ട് ഹരിക്കുകയും ചെയ്താൽ കൊല്ലങ്ങളുടെ മാസങ്ങളോടുകൂടെ ആദിമാസങ്ങളും ലഭിക്കുന്നതാണ്. അതിനെ മുപ്പതുകൊണ്ട് പെരുക്കുകയും കഴിഞ്ഞുപോയ ഭിന്നദിവസങ്ങളെ അതിലേക്കു ചേർക്കുകയും ചെയ്താൽ ചന്ദ്രദിവസങ്ങൾ കിട്ടുന്നതാണ്. ഇനി ആ മാസങ്ങളെ മുപ്പതുകൊണ്ട് പെരുക്കി ആ മാസത്തിൽ നിന്നുകഴിഞ്ഞുപോയ ദിവസങ്ങളെയും ചേർത്താൽ ആ പൂർണ്ണ സൂര്യദിവസങ്ങൾ ലഭിക്കും. അതിനുശേഷം മേൽ പ്രസ്താവിച്ചതുപോലെ ചെയ്താൽ സൂര്യദിവസങ്ങളോടു കൂടെ ആദിമാസ ദിവസങ്ങളും ലഭിക്കും. കാരണം, മേൽ പറഞ്ഞതുപോലെ പൂർണ ആദിമാസങ്ങൾക്കൊണ്ട് ഹരിച്ചാൽ ആദിമാസങ്ങൾക്കൊണ്ട് പെരുക്കേണ്ട സംഖ്യയാണല്ലോ ലഭിക്കുക. സൂര്യമാസങ്ങളും ആദിമാസങ്ങളും കൂടിച്ചേർന്നതാണല്ലോ ചന്ദ്രമാസങ്ങൾ. അപ്പോൾ അതുകൊണ്ട് പെരുക്കുകയും ഹരിക്കുകകയും ചെയ്താൽ കിട്ടുന്നതും ചന്ദ്ര ദിവസങ്ങളായിരിക്കും. ഇവയെ പൂർണ്ണ ഊനരാത്രദിവസങ്ങൾക്കൊണ്ട് പെരുക്കി പൂർണ്ണ ചന്ദ്ര ദിവസങ്ങൾക്കൊണ്ട് ഹരിച്ചാൽ ഊനരാത്രങ്ങളുടെ ആകെ തുക ലഭിക്കുമെന്നു മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. പക്ഷേ, കല്പത്തിലെ ഉദയദിവസങ്ങൾ ചന്ദ്രദിവസങ്ങളെക്കാൾ ഊനരാത്ര ദിവസങ്ങളുടെ തോതനുസരിച്ചു കുറയുന്നതാണ്. അപ്പോൾ പ്രസ്താവ്യ ചന്ദ്രദിവസങ്ങളിൽനിന്ന് അതിലുള്ള ഊനരാത്രങ്ങൾ കിഴിച്ചു പൂർണ്ണ ചന്ദ്രദിവസങ്ങൾക്ക് അതിൽനിന്നു പൂർണ ഊനരാത്രദിവസങ്ങൾ കിഴിച്ചു ബാക്കിവരുന്നതിന്

ഉദയ ദിവസങ്ങളുമായുള്ള ബന്ധം പോലെ തന്നെയാണ്. ഇനി നമ്മുടെ പക്കലുള്ള ദിവസങ്ങളെ പൂർണ്ണ ഉദയദിവസങ്ങൾക്കൊണ്ട് പെരുക്കി കിട്ടിയ സംഖ്യയെ പൂർണ്ണ ചന്ദ്രദിവസങ്ങൾക്കൊണ്ട് ഹരിച്ചാൽ ഉദ്ദേശിച്ച ചരിത്രകാലത്തിന്റെ ഉദയദിവസങ്ങൾ ലഭിക്കുന്നതാണ്. ഉദയദിവസങ്ങൾക്കൊണ്ട് പെരുക്കേണ്ടിടത്തെല്ലാം 3506481 കൊണ്ട് പെരുക്കുകയും അതുപോലെത്തന്നെ ചന്ദ്രദിവസങ്ങൾക്കൊണ്ട് ഹരിക്കേണ്ടിടത്തെല്ലാം 35,62,220 കൊണ്ട് ഹരിക്കുകയും ചെയ്താൽ മതി. ഇന്ത്യക്കാർക്ക് ഈ വിഷയത്തിൽ മറ്റൊരു മാർഗ്ഗം കൂടിയുണ്ട്. അതായത്, കല്പത്തിൽനിന്നു കഴിഞ്ഞ കൊല്ലങ്ങളെ 12 കൊണ്ട് പെരുക്കികിട്ടുന്നതിലേക്ക് കഴിഞ്ഞ കൊല്ലത്തിലുള്ള പൂർണ്ണ മാസങ്ങളെയും കൂട്ടി, ഫലത്തെ 69120 എന്ന സംഖ്യയുടെ മുകളിലായി എഴുതുകയും മൊത്ത സംഖ്യയെ മദ്ധ്യ സംഖ്യയിൽനിന്നു കിഴിക്കുകയും ചെയ്ത് ബാക്കിയുള്ളതിന്റെ ഇരട്ടിയെ അറുപത്തഞ്ചുകൊണ്ട് ഹരിച്ചാൽ ആ പൂർണ്ണ ആദിമാസങ്ങൾ ലഭിക്കുന്നതാണ്. ആ മാസങ്ങളുടെ തുകയെ മുകളിലെഴുതിയ സംഖ്യയിലേക്കു കൂട്ടി മൊത്തസംഖ്യയെ മുപ്പതുകൊണ്ട് പെരുക്കി കഴിഞ്ഞ മാസങ്ങളെയും അതിനോടു ചേർത്താൽ പൂർണ്ണ സൂര്യദിവസങ്ങൾ ലഭിക്കുന്നു. ഈ സംഖ്യയെ രണ്ടിടത്തായി എഴുതി താഴെ ഉള്ളതുകൊണ്ട് പെരുക്കിക്കിട്ടിയ ഉത്തരത്തെ അതിന്റെ താഴെയായി എഴുതുകയും പിന്നീട് അതിനെ 4,03,963 കൊണ്ട് ഹരിക്കുകയും ചെയ്തു കിട്ടുന്നതിനെ മധ്യസംഖ്യയിൽ കൂട്ടുകയും ചെയ്യണം. ആ കെയുള്ളതിനെ എഴുനൂറ്റിമൂന്നുകൊണ്ട് ഹരിച്ചാൽ അപൂർണ ഊന രാത്രദിവസങ്ങൾ കിട്ടും. ഇതിനെ മുകളിലുള്ള സംഖ്യയിൽനിന്നു കിഴിച്ചാൽ ഉദയ ദിവസങ്ങളും കിട്ടുന്നു. കാരണം, പൂർണ സൂര്യമാസങ്ങളെ പൂർണ ആദിമാസങ്ങൾകൊണ്ട് ഹരിച്ചാൽ ആദിമാസത്തിന്റെ തുക ലഭിക്കും. അവയിലൊന്ന് 32 8544/15933 മാസം ആയിരിക്കും. ഇതിന്റെ ഇരട്ടി 65 1155/15933 ആണ്. ഇതുകൊണ്ട് ഉദ്ദേശിച്ച കൊല്ലങ്ങളുടെ മാസങ്ങളുടെ ഇരട്ടിയെ പെരുക്കിയാൽ അപൂർണ്ണ ആദിമാസങ്ങൾ ലഭിക്കുന്നു. പക്ഷേ, ഭിന്നിതമുള്ള സംഖ്യകൊണ്ടാണു ഹരിക്കുന്നതെങ്കിലും, ഹരിക്കപ്പെടുന്നതിൽനിന്ന് ഒരു ഭാഗം വിടുകയാണെങ്കിലും, ബാക്കിയുള്ളതു പൂർണ്ണ സംഖ്യകൊണ്ട് മാത്രമായിരിക്കും ഹരിക്കപ്പെടുക. ഹരിക്കപ്പെടുന്ന പൂർണ്ണസംഖ്യക്ക് അതിന്റെ ഭിന്നിതവുമായുള്ള ബന്ധം ഹാരക സംഖ്യക്കു വിട്ട സംഖ്യയുമായുള്ള ബന്ധത്തോടു തുല്ല്യമാണ്. നമ്മുടെ ഉദാഹരണത്തിലെ ഹരിക്കപ്പെടുന്ന സംഖ്യയെ വർഗ്ഗീകരിക്കുകയാണെങ്കിൽ 10,36,800-ഉം ഭിന്നിതം 1155-ഉം ലഭിക്കും. ഇവ രണ്ടിന്റെയും ശേഷം പതിനഞ്ചും കൂടി ഉണ്ടായിരിക്കും. അപ്പോൾ ആദ്യത്തേത് 69120-ഉം രണ്ടാമത്തേത് 77-ഉം ആകുന്നു. ഈ കണക്ക് തന്നെ ഒറ്റ ആദിമാസത്തിലും ചെയ്യാം. ഇരട്ടയിലല്ല, കാരണം, അപ്പോൾ ശിഷ്ടമുള്ളതിനെ

ഇരട്ടിയാക്കേണ്ടിവരുന്നതാണ്. ഇവിടെ അദ്ദേഹം സംഖ്യ ചുരുക്കാൻ ഉദ്ദേശിച്ചതുപോലെ തോന്നുന്നു. കാരണം, ഒന്നിലുള്ള ഭിന്നം 8,554-ഉം അതിന്റെ വർഗ്ഗമൂലം 5,18,400-ഉം ആകുന്നു. 96 കൊണ്ട് ഹരിച്ചാൽ രണ്ടും തീരുന്നതാണ്. അപ്പോൾ ആദ്യത്തേത് 89-ഉം രണ്ടാമത്തേത് 5400-ഉം ആയിത്തീരുന്നു. ഈ കണക്കിൽ അദ്ദേഹം കാണിച്ച യുക്തികൊണ്ട് അപൂർണ്ണ ചന്ദ്രദിവസങ്ങൾ കണ്ടുപിടിക്കാനും പെരുക്കുന്ന സംഖ്യയെ ചുരുക്കി കാണിക്കാനും സാധിച്ചു. ഊനരാത്രദിവസങ്ങൾ കണ്ടുപിടിക്കുന്നതിന് അദ്ദേഹത്തിന്റെ മാർഗ്ഗം ഇതാണ്.

പൂർണ്ണ ചന്ദ്രദിവസങ്ങളെ പൂർണ്ണ ഊനരാത്രദിവസങ്ങളെ കൊണ്ടു ഹരിച്ചാൽ അറുപത്തിമൂന്ന് ദിവസവും 506663/55739-ഉം എന്നു കിട്ടും. ഇത് ഊനരാത്രദിവസങ്ങളിൽനിന്ന് ഒരു ദിവസം പൂർത്തിയാകാനുള്ള ചന്ദ്രദിവസങ്ങളിലെ ഒരു ഭാഗമാണ്. ഇനി 'നാമധാരി' പതിനൊന്നാണെന്നു വിചാരിക്കുകയാണെങ്കിൽ എണ്ണധാരി 55642/50739 ആയിരിക്കും. ഇത് നാഴിക അനുസരിച്ച് 59,94 ആകുന്നു. ഈ ഭിന്നിതം പകുതിയിലധികം ആയതുകൊണ്ട് 10/11 എന്ന് അവർ കണക്കാക്കിയിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ ഊനരാത്രദിവസങ്ങളിലെ ഒരു ദിവസം 6310/11 ചന്ദ്രദിവസങ്ങൾക്കൊണ്ട് പൂർത്തിയാവുന്നതാണ്. ഇതിനെ വർഗ്ഗീകരിക്കുകയാണെങ്കിൽ 703/11 എന്നു വരും. എന്നാൽ, ചന്ദ്രദിവസങ്ങൾ അതിന്റെ നേരെയുള്ള ഊനരാത്രദിവസങ്ങളെ 63 50563/55739 കൊണ്ട് പെരുക്കുമ്പോൾ യാഥാർഥ്യത്തോടു യോജ്യമായി കിട്ടുകയാണെങ്കിൽ അവയെ 63 10/11 കൊണ്ട് പെരിക്കിയാൽ കിട്ടുന്ന സംഖ്യ, തീർച്ചയായും കൂടുതലായിരിക്കും. ചന്ദ്രദിവസങ്ങളെ 703 കൊണ്ട് ഹരിച്ചു കിട്ടുന്ന സംഖ്യ ആദ്യത്തേതിനോടു സമമാകണമെന്ന് ഉദ്ദേശിക്കുകയാണെങ്കിൽ അതിനോട് ഏകദേശ കണക്കിനുള്ള ഒരു ഭാഗവും ചേർക്കേണ്ടത് അത്യാവശ്യമാണ്. കാരണം, പൂർണ്ണ ഊനരാത്ര ദിവസങ്ങളെ 703കൊണ്ട് പെരുക്കിയാൽ 1,76,330,26,50,000 കിട്ടുന്നു. അതു പൂർണ്ണ ചന്ദ്രദിവസങ്ങളെക്കാൾ കൂടുതലുണ്ട്. ഇതിനെ പതിനൊന്ന് കൊണ്ട് പെരുക്കിയാൽ കിട്ടുന്നത് 1,73,298,90,00,000 ആയിരിക്കും. ഈ രണ്ട് സംഖ്യയുടെയും വ്യത്യാസം 436,50,000 ആകും. പൂർണ്ണ ചന്ദ്ര ദിവസങ്ങളെ പതിനൊന്നുകൊണ്ട് പെരുക്കി കിട്ടിയതിനെ മേൽ കൊടുത്ത സംഖ്യകൊണ്ട് ഹരിച്ചാൽ 403963 കിട്ടുന്നു. അതാണ് അദ്ദേഹം ഉപയോഗിച്ച സംഖ്യ. ഇതിൽ ശിഷ്ടമൊന്നുമില്ലായിരുന്നുവെങ്കിൽ ഈ മാർഗ്ഗം ശരിയാകുമായിരുന്നു. പക്ഷേ, 405/4365 ബാക്കിവരുന്നുണ്ട്. അതിനെ 9/97 ആയി ചെറുതാക്കാം. ഇത് അദ്ദേഹം വിട്ടുകളഞ്ഞ തുകയാണ്. ഇതുംകൂടി ഭിന്നിതം കൂടാതെ എടുത്ത് അതുകൊണ്ട് അപൂർണ്ണ ചന്ദ്ര ദിവസങ്ങളെ പതിനൊന്നുകൊണ്ട് പെരുക്കി കിട്ടിയ തുകയെ ഹരിച്ചാൽ പ്രസ്തുത അധികസംഖ്യ കിട്ടുന്നതാണ്. ബാക്കിയുള്ള വഴികൾ

വ്യക്തമാണല്ലോ.

ഇന്ത്യയിലെ ഭൂരിപക്ഷം ആളുകൾക്കും അവരുടെ കൊല്ലങ്ങൾ കണക്കാക്കുന്നതിന് ആദിമാസത്തെ കുറിച്ചു വിവരിക്കേണ്ടിവരുന്നു. കാരണം, ഈ വർഗത്തെ അവർ വിശദമായി വിവരിക്കുകയും അതറിയാനുള്ള കാലങ്ങളെ മാത്രം കണ്ടുപിടിക്കുകയും ചെയ്യുന്നു എന്നല്ലാതെ ഊനരാത്രദിവസങ്ങളോ മൊത്ത ദിവസങ്ങളോ അവർക്കറിയേണ്ടി വരുന്നില്ല. കല്പത്തിന്റെയോ ചതുർയുഗത്തിന്റെയോ കലിയുഗത്തിന്റെയോ കൊല്ലങ്ങളറിയാൻ ആ കൊല്ലങ്ങളെ മൂന്നിടത്തായെഴുതുന്നു. പിന്നീട് ആദ്യത്തെ സംഖ്യയെ പത്തുകൊണ്ടും മദ്ധ്യസംഖ്യയെ 2481 കൊണ്ടും ഒടുവിലത്തെതിനെ 77139 കൊണ്ടും പെരുക്കുകയും മദ്ധ്യ സംഖ്യയെയും അന്ത്യസംഖ്യയെയും 9600 കൊണ്ട് ഹരിക്കുകയും ചെയ്യുന്നു. അപ്പോൾ മദ്ധ്യസംഖ്യയിൽനിന്നു ദിവസങ്ങളും അന്ത്യസംഖ്യയിൽനിന്ന് 'അവ'മും കിട്ടുന്നു. ഈ രണ്ട് സംഖ്യയും കൂട്ടി അതിനെ ആദ്യത്തെ സംഖ്യയോടു ചേർത്താൽ കഴിഞ്ഞ പൂർണ്ണ ആദിമാസങ്ങൾ കിട്ടുന്നതാണ്. മറ്റു രണ്ടിടത്തും ശിഷ്ടമുള്ളതും ഭിന്നിതമായിരിക്കും. ഇനി പ്രസ്തുത ദിവസങ്ങളെ മുപ്പതുകൊണ്ട് ഹരിച്ചാൽ മാസങ്ങളായിത്തീരുന്നു. യഅ്ഖൂബ് ഈ മാർഗ്ഗങ്ങൾ വിവരിച്ചതു തന്റെ അഭിപ്രായമനുസരിച്ചു ശരിയായിട്ടുണ്ട്. കല്പയുഗം 197,29,47,132 വർഷം ആകുമ്പോഴുള്ള കാലത്തിന്റെ ഒരു ഉദാഹരണം അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു:

"ഈ സംഖ്യയെ മൂന്നിടത്തായി എഴുതി ആദ്യത്തെതിനെ പത്തുകൊണ്ട് പെരുക്കി വലതുഭാഗത്ത് പൂജ്യം ചേർക്കുക. പിന്നീട് മദ്ധ്യസംഖ്യയെ 2481 കൊണ്ട് പെരുക്കുക. അപ്പോൾ 489,488,43,15,492 കിട്ടുന്നു. അവസാനത്തെ സംഖ്യയെ 2739 കൊണ്ട് പെരുക്കിയാൽ 15,26,864,55,93,548 കിട്ടും. അവയിൽ ഓരോന്നിനെയും 9600 കൊണ്ട് ഹരിച്ചാൽ മധ്യസംഖ്യയിൽനിന്നു കിട്ടുന്നത് 50,98,83,772-ഉം ശിഷ്ടം 8292-ഉം ആണ്. അന്ത്യസംഖ്യയിൽനിന്ന് 1590483915 ശിഷ്ടം 9548-ഉം കിട്ടുന്നു. ശിഷ്ടംവന്ന സംഖ്യകൾ രണ്ടും കൂട്ടിയാൽ 17840 കിട്ടുന്നതും അതിൽനിന്നൊരു പൂർണ്ണസംഖ്യ ഉണ്ടായിത്തീരുന്നതാണ്. അപ്പോൾ മൂന്നു സ്ഥലങ്ങളിലുള്ള പൂർണ്ണസംഖ്യകൾ കൂട്ടിയാൽ 2,182,98,49,018 ആയിത്തീരും. ഇതത്രെ ആദ്യമാസങ്ങളുടെ ദിവസസംഖ്യ. അതിൽ ഭിന്നമായി ബാക്കിയുള്ളത് 103/120 ആണ് ഈ ദിവസങ്ങളെ നാം മാസങ്ങളാക്കുകയാണെങ്കിൽ 72,76,61,633 മാസങ്ങളും ഇരുപത്തെട്ട് ദിവസങ്ങളുമുണ്ടായിരിക്കും. ഇതിന് 'ശുദ്ധ്' എന്നു പറയുന്നു. 'ചൈത്ര'യുടെ ആരംഭത്തിന്റെയും വസന്തകാലത്തിന്റെയും ഇടയിലാണ് ഈ ദിവസങ്ങളുള്ളത്. മദ്ധ്യസംഖ്യയിൽനിന്നു കിട്ടിയതിനെ കൊല്ലങ്ങളോടു കൂട്ടിച്ചേർത്താൽ 248,23,31,914 ആകുകയും അവയെ ആഴ്ചകളാക്കി മാറ്റിയാൽ മൂന്ന് ബാക്കിവരികയും ചെയ്യുന്നു. അപ്പോൾ സൂര്യൻ ഈ കൊല്ല

ത്തിന്റെ മേടരാശിയിലെത്തുന്നതു ചൊവ്വാഴ്ച ദിവസമായിരിക്കും. മദ്ധ്യസംഖ്യയെയും താഴെയുള്ള സംഖ്യയെയും പെരുക്കാൻ നാമുപയോഗിച്ച സംഖ്യയിൽ സൂര്യന്റെ ചുറ്റലുകൾകൊണ്ടുള്ള കല്പത്തിന്റെ ഉദയദിവസങ്ങളെ ഹരിച്ചാൽ അവയിൽനിന്നു കൊല്ലത്തിനു വേണ്ടിവരുന്ന തുക ലഭിക്കുന്നതാണ്. അതിൽ മുന്നൂറ്ററുപതിനെക്കാൾ കൂടുതലുള്ളത് 5 1116,450,000/4320,000,000 ദിവസം ആകുന്നു. രണ്ടിലും അടങ്ങുന്ന സംഖ്യയായ 450,000 കൊണ്ട് ചെറുതാക്കിയാൽ 2481/9600 വരുന്നതാണ്. മൂന്ന് കൊണ്ട് ഈ സംഖ്യയെ വീണ്ടും ചെറുതാക്കാൻ കഴിയും. പക്ഷേ, അവ രണ്ടും അതിനു ശേഷമുള്ളതും ഓരേ വർഗ്ഗത്തിൽ പെട്ടതാവണമെന്നു കരുതിയാണ് ഈ നിലക്കുതന്നെ എഴുതണമെന്നുദ്ദേശിച്ചത്. 'പൂർണ്ണ ഊനരാത്ര' ദിവസങ്ങളെ കല്പത്തിൽ 'സൂര്യകൊല്ലങ്ങൾ'ക്കൊണ്ട് ഹരിച്ചാൽ ഒരു കൊല്ലത്തിന്റെ ഭാഗമായ 5 3482,550,000/432,000,000 ദിവസം കിട്ടും. മേൽ പറഞ്ഞപോലെ ഈ സംഖ്യയെയും ചെറുതാക്കിയാൽ 7739/9600 ആകും. സൂര്യന്റെയും ചന്ദ്രന്റെയും ചലനങ്ങൾ 860-ഉം പക്ഷേ, അവയുടെ ഉദയദിവസങ്ങൾ ഒന്നിന്റെത് കൂടുതലവും മറ്റേതിന്റെത് കുറവുമാകുന്നതാണ്. ഒരു ഭാഗത്ത് ഉപയോഗിക്കുന്നത് ചന്ദ്രവർഷവും മറുഭാഗത്ത് ഉദ്ദിഷ്ഠമായത് സൂര്യവർഷവുമാണ്. മുമ്പുകിട്ടിയ രണ്ട് സംഖ്യയെയും കൂട്ടിയാൽ കിട്ടുന്നത് ഇരു വർഷത്തിന്റെയും ഇടയ്ക്കുള്ളതത്രെ. ഭിന്നിതമല്ലാത്ത ദിവസങ്ങളിൽ മുകളിലെ സംഖ്യയെ പെരുക്കുകയും ഓരോ ഭിന്നിതത്തിലും മദ്ധ്യസംഖ്യയെയും താഴെയുള്ള സംഖ്യയും പെരുക്കുകയും ചെയ്യുന്നു. ഇനി സംക്ഷേപമായി വിവരിക്കാൻ നാം ഉദ്ദേശിക്കുകയാണെങ്കിൽ മദ്ധ്യസംഖ്യയെയും അടിയിലുള്ള സംഖ്യയെയും പെരുക്കികിട്ടുന്ന സംഖ്യകളുടെ തുകയായ 10,220-നെ അതിലേക്ക് 'നാമധാരി'യെ 10 കൊണ്ട് പെരുക്കി കിട്ടുന്ന 9600-ന്റെ കൂടെ 106,220 ഉണ്ടാകുന്നു. അതിനെ ചെറുതാക്കിയാൽ 'എണ്ണധാരി' 5311-ഉം 'നാമധാരി' 480-ഉം ആകും. ദിവസങ്ങളെ 5311-കൊണ്ട് പെരുക്കി ഫലത്തെ 1,72,800-കൊണ്ട് ഹരിച്ചാൽ ആദിമാസ ദിവസങ്ങൾ കിട്ടുന്നതാണ്. ദിവസങ്ങൾക്കു പകരം കൊല്ലങ്ങൾക്കൊണ്ട് പെരുക്കുകയാണെങ്കിൽ കിട്ടുന്നത് ദിവസങ്ങൾക്കൊണ്ടുണ്ടാവുന്ന 360-ന്റെ ഒരു ഭാഗമായിരിക്കും. ഇനി മുമ്പു ഹരിച്ചുകിട്ടിയ ഉത്തരം തന്നെ ഇപ്പോൾ കിട്ടണമെന്ന് ഉദ്ദേശിക്കുകയാണെങ്കിൽ മുമ്പു നാം ഹരിച്ച 480-നെ 1/360 കൊണ്ട് ഹരിക്കേണ്ടിയിരിക്കുന്നു.

ഇങ്ങനെ തന്നെയാണ് പുൽസന്റെയും അഭിപ്രായം. അദ്ദേഹം പറയുന്നു: അപൂർണ്ണ മാസങ്ങളെ രണ്ടിടത്തായി എഴുതുകയും അവയിൽ ഒന്നിനെ 1111 കൊണ്ട് പെരുക്കുകയും ചെയ്താൽ കിട്ടുന്ന ഉത്തരത്തെ 67,500 കൊണ്ട് ഹരിക്കുകയും ആ ഉത്തരത്തെ മറ്റേ സംഖ്യയിൽനിന്നു കിഴിക്കുകയും ശിഷ്ടമുള്ളതിനെ മുപ്പത്തിരണ്ടുകൊണ്ട് ഹരിക്കുകയും

ചെയ്താൽ 'ആദിമാസങ്ങൾ' കിട്ടുന്നതാണ്. ബാക്കിവരുന്നത് ഭിന്നിതവുമാണ്. അവയെ മുപ്പതുകൊണ്ട് പെരുക്കികിട്ടുന്ന സംഖ്യയെ 32 കൊണ്ട് ഹരിച്ചാൽ അതിന്റെ ദിവസങ്ങളും ലഭിക്കും. കാരണം, ചതുർയുഗത്തിലെ സൂര്യമാസങ്ങളെ അതിലുള്ള ആദിമാസങ്ങൾ കൊണ്ട് ഹരിച്ചാൽ 32 35552/66389 എന്നു കിട്ടുന്നു. ഇതുകൊണ്ട് മാസങ്ങളെ ഹരിച്ചാൽ ചതുർയുഗത്തിൽ നിന്നോ കല്പത്തിൽ നിന്നോ കഴിഞ്ഞുപോയ പൂർണ്ണ ആദിമാസങ്ങൾ ലഭിക്കുന്നതാണ്. പക്ഷേ, അദ്ദേഹം ഭിന്നിതമല്ലാത്ത സംഖ്യകൊണ്ട് മാത്രം ഹരിക്കണമെന്നാണ് ഉദ്ദേശിച്ചത് അപ്പോൾ ഹരിക്കപ്പെടുന്ന സംഖ്യയിൽ കുറവു വരുത്തേണ്ടി വന്നു. നമ്മുടെ ഉദാഹരണത്തിൽ വന്ന 'നാമധാരി'യുടെ ല.സാ.ഗു 21,60,000-വും ഭിന്നിതം മാത്രം 35,552-ഉം ആണ്. ഇവ രണ്ടിനെയും മുപ്പത്തി രണ്ടുകൊണ്ട് ഹരിച്ചാൽ ആദ്യത്തെത് 67,500-ഉം രണ്ടാമത്തെത് 1111-ഉം ആകും.

പൂൽസൻ ഈ കണക്ക് വിവരിച്ചതു മാസങ്ങൾക്കു പകരം സൂര്യദിവസങ്ങൾക്കൊണ്ടാണ്. അദ്ദേഹം പറയുകയാണ്: "ഈ ദിവസങ്ങളെ രണ്ടിടത്തായി എഴുതി ഒന്നിനെ 271 കൊണ്ട് പെരുക്കി കിട്ടിയ സംഖ്യയെ 40,50,000 കൊണ്ട് ഹരിച്ചു ഫലത്തെ മറ്റിടത്ത് എഴുതിയ സംഖ്യയിൽനിന്നു കിഴിച്ചു ബാക്കിയുള്ളതിനെ 974 കൊണ്ട് ഭാഗിച്ചാൽ ആദിമാസങ്ങളും അതിനോടുകൂടെയുള്ള ദിവസങ്ങളും സമയങ്ങളും കിട്ടുന്നതാണ്." പിന്നീട് അദ്ദേഹം പറയുന്നു: "ചതുർയുഗ ദിവസങ്ങളെ ആദിമാസങ്ങൾക്കൊണ്ട് ഹരിച്ചാൽ 976 ദിവസങ്ങൾ ലഭിക്കുന്നതും 104,084 ശിഷ്ടമുണ്ടാകുന്നതുമാണ്. ഇതിനെയും നാമധാരിയെയും 384 കൊണ്ട് ഹരിച്ചാൽ 20,50,000-271 എന്നാകും." ഈ പ്രസ്താവനയുടെ പകർപ്പിലോ പരിഭാഷയിലോ ക്രമക്കേടുകൾ വന്നിട്ടുണ്ടെന്നാണു ഞാൻ കരുതുന്നത്. കാരണം, പുൽസൻ ഇത്തരം വിഷയത്തിൽ പിഴവോ മറവിയോ വരുത്തിയെന്നു കരുതാൻ നിവൃത്തിയില്ല. അതായത്, ആദിമാസങ്ങളെ ഹരിക്കേണ്ടത് സൂര്യമാസങ്ങൾക്കൊണ്ടാണ്. ഭിന്നവും അതിന്റെ നാമധാരിയും ഇരുപത്തിനാലുകൊണ്ട് ചുരുക്കാവുന്നതും അപ്പോൾ ഭിന്നം 4336/66,389 ആകുന്നതുമാണ്. മാസങ്ങളെ കുറിച്ചു മുമ്പുപറഞ്ഞപോലെ ചെയ്യുകയും ആദിമാസത്തിന്റെ തുകയുടെ ല.സാ.ഗു കാണുകയും ചെയ്താൽ 47,800,000 ആകും. ഇതും ഭിന്നവും പതിനാറുകൊണ്ട് ഹരിച്ചാൽ പെരുക്കപ്പെടുന്നത് 271-ഉം നാമധാരി 28,00,000-ഉം ആകും. എന്നാൽ, ഹരിക്കാനായി അദ്ദേഹം ഉപയോഗിച്ച 384 കൊണ്ട് ഈ സംഖ്യയെ പെരുക്കിയാൽ 155,52,00,000-ഉം കിട്ടുന്നതാണ്. അതത്രെ ചുർയുഗത്തിലെ സൂര്യദിവസങ്ങൾ.

ബ്രഹ്മഗുപ്തന്റെ വഴികളനുസരിച്ച് ഈ കണക്ക് ചെയ്യുകയാണെങ്കിൽ പൂർണ്ണ സൂര്യമാസങ്ങൾ ആദിമാസങ്ങൾ കൊണ്ട് ഹരിക്കുകയാണെങ്കിൽ ആദിമാസത്തിന്റെ ഇരട്ടി ഉപയോഗിച്ചുകൊണ്ടുള്ള മാർഗ്ഗത്തിൽ

കിട്ടിയതുപോലെ ഉത്തരം കിട്ടും. ഈ മാർഗ്ഗം 'ഊനരാത്ര'ദിവസങ്ങൾ കാണുന്നതിനും ഉപയോഗിക്കാം. അപ്പോൾ അപൂർണ്ണ ചന്ദ്രദിവസങ്ങളെ രണ്ടിടത്തായി എഴുതുകയും അവയിൽ ഒന്നിനെ 50,773 കൊണ്ട് പെരുക്കുകയും ഗുണനഫലത്തെ 35,62,220 കൊണ്ട് ഹരിക്കുകയും ചെയ്തു കിട്ടുന്ന സംഖ്യയെ മറ്റേ സംഖ്യയിൽനിന്നു കിഴിച്ചു ബാക്കിവരുന്നതിനെ അറുപത്തിമൂന്നുകൊണ്ട് ഹരിക്കേണ്ടതാണ്. എന്നാൽ, ദൈർഘ്യമുള്ളതും 'അവം' എന്നു പറയുന്ന 'അപൂർണ്ണ ഊനരാത്ര' ഭിന്നങ്ങൾ വരുന്നതുമായ മാർഗ്ഗങ്ങൾ അനുകരിക്കേണ്ട ആവശ്യമില്ല.

കൊല്ലങ്ങൾ മാസങ്ങളായും ദിവസങ്ങളായും പിരിക്കുന്നതിന് ഇതുവരെ പറഞ്ഞ മാർഗ്ഗങ്ങൾ മനസ്സിലായാൽ മാസങ്ങളും ദിവസങ്ങളും കൊല്ലങ്ങളാക്കി മാറ്റുന്ന രൂപവും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. പക്ഷേ, സൂക്ഷ്മതക്കായി അതും ഇവിടെ വിവരിക്കാൻ ഉദ്ദേശിക്കുന്നു. കൊല്ലങ്ങളാക്കി മാറ്റേണ്ടതു ദിവസങ്ങളാണെങ്കിൽ അവ ഉദയദിവസങ്ങളായിരിക്കേണ്ടതാണ്. അതു ചന്ദ്ര കൊല്ലങ്ങളുടെയും അവയുടെ ഊനരാത്രങ്ങളുടെയും ഇടയിലുള്ള വ്യത്യാസമാകുന്നു. ഈ വ്യത്യാസത്തിന് അതിന്റെ ഊനരാത്രവുമായുള്ള ബന്ധം പൂർണ്ണ ചന്ദ്ര ദിവസങ്ങളുടെയും പൂർണ്ണ ഊനരാത്ര ദിവസങ്ങളുടെയും ഇടയ്ക്കുള്ള വ്യത്യാസമായ 1,57,791, 64,50,000 നു പൂർണ്ണ ഊനരാത്രങ്ങദിവസളുമായുള്ള ബന്ധംപോലെയാണ്. (പ്രസ്തുത ഊനരാത്ര ദിവസങ്ങൾ 35,06,481 ആണെന്നു നമുക്കനുമാനിക്കാം) ഇനി ഉദ്ദേശിക്കുന്ന സംഖ്യയെ 55,739 കൊണ്ട് പെരുക്കികിട്ടിയതിനെ 35,06,481 കൊണ്ട് ഹരിച്ചാൽ അപൂർണ്ണ ഊനരാത്ര ദിവസങ്ങൾ ലഭിക്കും. ഇതിനെ ഉദയദിവസങ്ങളോടു ചേർത്താൽ അവ ചന്ദ്ര ദിവസങ്ങളായി മാറുന്നതാണ്. അതായത്, അപൂർണ്ണ ആദിമാസങ്ങളും അപൂർണ്ണ സൂര്യദിവസങ്ങളും ചേർന്നത്. ഈ സൂര്യദിവസങ്ങൾൾക്ക് അതിലെ ആദിമാസങ്ങളുമായുള്ള ബന്ധം പൂർണ്ണ സൂര്യദിവസങ്ങളുടെയും ആദിമാസദിവസങ്ങളുടെയും മൊത്തസംഖ്യയായ 16,029,99,00,000-നു പൂർണ്ണ ആദിമാസങ്ങളുമായുള്ള ബന്ധം പോലെയാണ്. (പ്രസ്തുത പൂർണ്ണ ആദിമാസദിവസങ്ങൾ 178,111 ആണെന്നുവെക്കാം) പൂർണ്ണ ചന്ദ്രദിവസങ്ങളെ 5311 കൊണ്ട് പെരുക്കി കിട്ടുന്ന സംഖ്യയെ 178,111 കൊണ്ട് ഹരിച്ചാൽ അപൂർണ്ണ ആദിമാസദിവസങ്ങൾ ലഭിക്കുന്നു. പിന്നീടതിനെ ഈ ചന്ദ്രദിവസങ്ങളിൽനിന്നു കിഴിച്ചാൽ സൂര്യദവസങ്ങൾ ശേഷിക്കും. അപ്പോൾ അവയെ മുപ്പതുകൊണ്ട് ഹരിച്ചു മാസങ്ങളും മാസങ്ങളെ പന്ത്രണ്ടു കൊണ്ട് ഹരിച്ചു കൊല്ലങ്ങളും ആക്കാം. നാം ഉദാഹരണത്തിനെടുത്ത സമയം വരെ അപൂർണ്ണ ഉദയദിവസങ്ങൾ 72,063,59,51,903 ആകുന്നു. ഇതിനെ ഇന്ത്യൻമാസങ്ങളും കൊല്ലങ്ങളുമാക്കി മാറ്റണമെങ്കിൽ 55,739 കൊണ്ട് പെരുക്കിക്കിട്ടുന്ന സംഖ്യയെ 35,06,481 കൊണ്ട് ഹരിച്ചാൽ 1,145,52,24,575 ഊന

രാത്രദിവസങ്ങൾ ലഭിക്കും. അവയെ ഉദയദിവസങ്ങളോടു ചേർത്താൽ 73,209,11,76,538 ചന്ദ്രദിവസങ്ങൾ കിട്ടുന്നതും അവയെ 5311 കൊണ്ട് പെരുക്കിക്കിട്ടുന്നതിനെ 178,111 കൊണ്ട് ഹരിച്ചാൽ 2182,98,49,018 ആദി മാസദിവസങ്ങൾ കിട്ടുന്നതും ചന്ദ്രദിവസങ്ങളിൽനിന്നു കിഴിച്ചാൽ ബാക്കിവരുന്ന 71,026,13,27,520 അപൂർണ്ണ സൂര്യദിവസങ്ങളാകുന്നതുമാണ്. അതിനെ മുപ്പതുകൊണ്ട് ഹരിച്ചാൽ 236,75,37,7583 സൂര്യമാസം ലഭിക്കുന്നതും പിന്നീട് അതിനെ പന്ത്രണ്ട്കൊണ്ട് ഹരിച്ചു കൊല്ലമാക്കുകയാണെങ്കിൽ 187,29,48,132 ഇന്ത്യൻ വർഷങ്ങൾ ലഭിക്കുന്നതാണ്. ഇതുതന്നെയാണല്ലോ ആദ്യം കണക്കാക്കിയത്.

ഈ കണക്കിന് യഅ്ഖൂബ് മറ്റൊരു മാർഗ്ഗം ചൂണ്ടിക്കാണിക്കുന്നുണ്ട്. അതായത്, ഉദയദിവസങ്ങളെ പൂർണ്ണ ചന്ദ്രദിവസങ്ങൾക്കൊണ്ട് പെരുക്കി കിട്ടുന്ന സംഖ്യയെ പൂർണ്ണ ഉദയദിവസങ്ങൾക്കൊണ്ട് ഹരിച്ച ഫലത്തെ രണ്ടിടത്തായി എഴുതുക. അവയിലൊന്നുകൊണ്ട് പൂർണ്ണ ആദിമാസങ്ങളെകൊണ്ട് പെരുക്കി കിട്ടുന്ന സംഖ്യയെ പൂർണ്ണ ചന്ദ്ര ദിവസങ്ങൾക്കൊണ്ട് ഹരിച്ചാൽ ആദിമാസങ്ങൾ ലഭിക്കുന്നു. പ്രസ്തുത ആദിമാസങ്ങളെ മുപ്പതുകൊണ്ട് പെരുക്കിയ തുകയെ മറ്റിടത്ത് എഴുതിയ തുകയിൽനിന്നു കിഴിച്ചാൽ അപൂർണ്ണ സൂര്യദിവസങ്ങൾ കിട്ടുന്നതും പിന്നീടവയെ മാസങ്ങളും കൊല്ലങ്ങളുമായും മാറ്റാവുന്നതുമാണ്. കാരണം, നാം ഉപയോഗിച്ച ദിവസങ്ങൾ ചന്ദ്രദിവസങ്ങളുടെയും അതിലെ ഊനരാത്രദിവസങ്ങളുടെയും ഇടയിലുള്ള വ്യത്യാസമാണെന്നും പൂർണ്ണ ഉദയദിവസങ്ങൾ, പൂർണ്ണ ചന്ദ്രദിവസങ്ങളും പൂർണ്ണ ഊനരാത്രദിവസങ്ങളും തമ്മിലുള്ള വ്യത്യാസത്തോടു തുല്ല്യമാണെന്നും നാം മുമ്പ് പറഞ്ഞുവല്ലോ. അപ്പോൾ ആ രണ്ട് സംഖ്യകളും തമ്മിൽ ബന്ധപ്പെട്ടവ ആകയാൽ അതുവഴി അപൂർണ്ണ ചന്ദ്രദിവസങ്ങൾ കിട്ടുകയും ചെയ്യുന്നു. അവ സൂര്യദിവസങ്ങളും ആദിമാസദിവസങ്ങളും കൂടിയ മൊത്തം തുകയോടും പൂർണ്ണ ചന്ദ്രദിവസങ്ങൾ, പൂർണ്ണസൂര്യ ദിവസങ്ങളും ആദിമാസദിവസങ്ങളും കൂടിയ മൊത്തം തുകയോടു സമമായിരിക്കും. അപൂർണ ആദിമാസങ്ങളും പൂർണ ആദിമാസങ്ങളും അവ രണ്ടും കൂടിയ മാസങ്ങളായാലും ദിവസങ്ങളായാലും അവ തമ്മിലുള്ള ബന്ധത്തിൽ വ്യത്യാസമില്ല.

എന്നാൽ, അപൂർണ്ണ ഊനരാത്രദിവസങ്ങളെ, അപൂർണ്ണ ആദിമാസങ്ങളിൽനിന്നു മനസ്സിലാക്കാനായി യഅ്ഖൂബ് ഉപയോഗിച്ച മാർഗ്ഗം ഇപ്രകാരമാണ്: ആദിമാസങ്ങളിൽനിന്നു കഴിഞ്ഞതിനെ പൂർണ്ണ ഊന രാത്ര ദിവസങ്ങൾക്കൊണ്ട് പെരുക്കിയ തുകയെ, പൂർണ സൂര്യമാസങ്ങൾക്കൊണ്ട് ഹരിച്ചാൽ കിട്ടുന്ന സംഖ്യയെ, ആദിമാസത്തോടു ചേർക്കുക. അപ്പോഴത് കഴിഞ്ഞുപോയ ഊനരാത്രദിവസങ്ങളുടെ എണ്ണമായിരിക്കും. ഇതു ശരിയായ അറിവനുസരിച്ചു പറഞ്ഞതല്ലെന്നാണ്

ഞാൻ ഊഹിക്കുന്നത്. കാരണം, നാം ഉദാഹരണത്തിന് എടുത്ത സമയം വരെ – പുൽസന്റെ അഭിപ്രായമനുസരിച്ച് – ചതുർയുഗത്തിൽനിന്ന് 1196,525 1337/1500 ആദിമാസമാകുന്നു. അപ്പോൾ ഈ സംഖ്യ ചതുർയുഗത്തിനെ ഊനരാത്രം കൊണ്ട് പെരുക്കിയാൽ 30,001,160,00,68,626 51/125 കിട്ടുന്നതാണ്. അതിനെ സൂര്യമാസംകൊണ്ട് ഹരിച്ചാൽ 5789,946–ഉം അതിനെ ആദിമാസത്തോടു ചേർത്താൽ 17,75,471 –ഉം കിട്ടുന്നതാണ്. പക്ഷേ, ഇതല്ല കിട്ടേണ്ടത്. എന്തുകൊണ്ടെന്നാൽ, ഊനരാത്രദിവസങ്ങൾ 1,88,25,700 ആകുന്നു. ഇതു മുപ്പതുകൊണ്ട് പെരുക്കേണ്ട സംഖ്യയുമല്ല. എന്നാൽ, ആ സംഖ്യ 5,32,64,130 ആകുന്നു. അതുകൊണ്ട് മേലുദ്ധരിച്ച രണ്ട് മാർഗ്ഗങ്ങളും യാഥാർത്ഥ്യത്തോടു യോജിച്ചതല്ല.

അധ്യായം 53

കൊല്ലങ്ങളെ ചില പ്രത്യേക സമയങ്ങളായി മാറ്റുന്ന മാർഗ്ഗങ്ങൾ

ദിവസങ്ങളായി ഭാഗിക്കാറുള്ള ചരിത്രകാലങ്ങളുടെ ആരംഭം പഞ്ചാംഗങ്ങളിൽ ചിലപ്പോൾ ഊനരാത്രദിവസങ്ങളും ആദിമാസവും പൂർത്തിയാക്കുന്ന സമയം മുതൽക്കായിരിക്കുകയില്ല. പഞ്ചാംഗ നിർമ്മാതാക്കൾ ചില നിശ്ചിത എണ്ണങ്ങൾ കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ നിർബന്ധിതരാകുന്നു. അവരുടെ പഞ്ചാംഗങ്ങളിൽനിന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞ ചില മാർഗ്ഗങ്ങൾ ഇവിടെ വിവരിക്കാം: ആദ്യമായി 'കണ്ഠകാതിക' എന്ന പഞ്ചാംഗത്തെയാണ് ഞാനെടുക്കുന്നത്. അത് അവർക്കിടയിൽ ഏറ്റവും പ്രസിദ്ധപ്പെട്ടതും ജ്യോത്സ്യന്മാർ വളരെ പ്രാധാന്യം കല്പിക്കുന്നതുമാണ്. ബ്രഹ്മഗുപ്തൻ പറയുന്നു:

ശകകാലത്തിൽനിന്ന് 587 കിഴിക്കുകയും ബാക്കിവരുന്നത് 12 കൊണ്ട് പെരുക്കുകയും അതിലേക്കു കൊല്ലത്തിൽനിന്നു കഴിഞ്ഞുപോയ പൂർണ്ണമാസങ്ങളെ കൂട്ടുകയും പിന്നീട് ആ സംഖ്യയെ മുപ്പതുകൊണ്ട് പെരുക്കിക്കിട്ടിയതിനോട്, മാസത്തിൽനിന്നു കഴിഞ്ഞുപോയ ദിവസങ്ങളെ ചേർക്കുകയും ചെയ്താൽ അപൂർണ്ണ സൂര്യദിവസങ്ങൾ കിട്ടുന്നതാണ്. അതിനെ മൂന്നു സ്ഥലത്തായി എഴുതുകയും മദ്ധ്യസംഖ്യയിലും താഴെയുള്ള സംഖ്യയിലും അഞ്ച് വീതം കൂട്ടുകയും ചെയ്ത് താഴെയുള്ള സംഖ്യയെ 14,945 കൊണ്ട് ഹരിച്ചുകിട്ടിയതിനെ മദ്ധ്യസംഖ്യയിൽനിന്നു കിഴിക്കുകയും ബാക്കിവരുന്നതിനെ ഉപേക്ഷിക്കുകയും ചെയ്യുക. പിന്നീടു മദ്ധ്യസംഖ്യയെ 976 കൊണ്ട് ഹരിച്ചാൽ കിട്ടുന്നത് പൂർണ്ണ ആദിമാസങ്ങളായിരിക്കും. ശിഷ്ടമുള്ളത് ആദിമാസത്തിൽനിന്നു കഴിഞ്ഞ ഭിന്നങ്ങളുമാണ്. പ്രസ്തുത മാസങ്ങളെ മുപ്പതുകൊണ്ട് പെരുക്കിക്കിട്ടിയതിനെ മുകളിലുള്ള സംഖ്യയോടു കൂട്ടിയാൽ അപൂർണ്ണ ചന്ദ്രദിവസങ്ങൾ ലഭിക്കുന്നു. ഈ സംഖ്യയെ മുകളിൽ തന്നെ വിട്ട് അത്രയും സംഖ്യയെ മദ്ധ്യസ്ഥാനത്തോടു ചേർത്തു പതിനൊന്നു

കൊണ്ട് പെരുക്കിക്കിട്ടുന്ന സംഖ്യയോട് 498 കൂട്ടിയാൽ കിട്ടുന്നതിനെ താഴെ എഴുതുകയും പിന്നെ മൊത്തം കൂട്ടികിട്ടിയ ഉത്തരത്തെ 1,11,573 കൊണ്ട് ഹരിച്ചാൽ കിട്ടുന്നതിനെ മദ്ധ്യസംഖ്യയിൽനിന്നു കിഴിക്കുകയും ബാക്കിവരുന്നതിനെ ഉപേക്ഷിക്കുകയും ചെയ്യുക. പിന്നീട് മദ്ധ്യസംഖ്യയെ 703 കൊണ്ട് ഹരിച്ചാൽ ഊനരാത്രദിവസങ്ങൾ കിട്ടും. ശിഷ്ടമുള്ളത് 'അവ'മാണ്.

ഊനരാത്രദിവസങ്ങളെ മുകളിലെ സംഖ്യയിൽനിന്നു കിഴിച്ചാൽ ഉദയദിവസങ്ങൾ ശേഷിക്കുന്നു. ഇതിന് 'അഹർഗണ കണ്ഠകാതിക' എന്നു പറയുന്നു. ഇവയെ ആഴ്ചകളാക്കി മാറ്റിയാൽ ആഴ്ചയിൽനിന്നു ദിവസത്തിന്റെ കിടപ്പ് മനസ്സിലാക്കാം. മേൽ പ്രസ്താവിച്ച ഉദാഹരണ കാലവുമായി അതിനെ ഇങ്ങനെ ബന്ധിപ്പിക്കാവുന്നതാണ്. ശകകാലം 953 ആണെന്നു സങ്കല്പിച്ച് അതിൽനിന്ന് 587 കിഴിച്ചാൽ 366 ശേഷിക്കുകയും, അതിനെ പന്ത്രണ്ടുകൊണ്ട് 30നെ പെരുക്കിയാൽ കിട്ടുന്ന മൊത്തസംഖ്യയിൽ പെരുക്കുകയും ചെയ്യുക. അപ്പോൾ 131, 760 കിട്ടുന്നതാണ്. അത് സൂര്യദിവസങ്ങളാകുന്നു. ഈ സംഖ്യയെ മൂന്നു വരിയിലായി എഴുതുകയും താഴെ രണ്ട് വരികളിൽ ഒരോന്നിനോടും അഞ്ച് കൂട്ടുകയും ചെയ്താൽ ഓരോന്നും 131, 765 ആകും.

അനന്തരം താഴെയുള്ള സംഖ്യയെ 14,945 കൊണ്ട് ഹരിച്ചാൽ കിട്ടുന്ന എട്ട്-നെ മദ്ധ്യസംഖ്യയിൽനിന്നു കിഴിക്കുകയും അപ്പോൾ 131,757 ബാക്കിവരികയും ചെയ്യുന്നു. ഹരിച്ചു ശിഷ്ടംവരുന്നതിനെ ഉപേക്ഷിക്കേണ്ടതുമാണ്. പിന്നീട് മദ്ധ്യസംഖ്യയെ 979 കൊണ്ട് ഹരിച്ചാൽ 134 മാസങ്ങൾ കിട്ടുകയും 973/976 ശേഷിക്കുകയും ചെയ്യുന്നു. മാസങ്ങളെ മുപ്പതുകൊണ്ട് പെരുക്കിയാൽ 4020 കിട്ടുകയും അതിനെ സൂര്യദിവസങ്ങളോടു കൂട്ടിയാൽ 135,780 ചന്ദ്രദിവസങ്ങളായി മാറുകയും ചെയ്യുന്നു. പിന്നീട് അതിനെ താഴെ എഴുതി 11 കൊണ്ട് പെരുക്കി കിട്ടുന്നതിനോട് 497 കൂട്ടിയാൽ 14,94,077 ലഭിക്കുന്നതും പ്രസ്തുത സംഖ്യയെ അതിനു താഴെ എഴുതി. 111,573 കൊണ്ട് ഹരിച്ചാൽ പതിമൂന്ന് കിട്ടുകയും ശിഷ്ടം വരുന്ന 4 628 ഭിന്നത്തെ ഉപേക്ഷിക്കുകയും ചെയ്യുക. ഈ ഉത്തരത്തെ മദ്ധ്യസംഖ്യയിൽ നിന്ന് കഴിച്ചാൽ 14,94,064 ലഭിക്കും. അതിനെ 703 കൊണ്ട് ഹരിച്ചാൽ 2125 കിട്ടുകയും 189/703 അവം ശേഷിക്കുകയും ചെയ്യുന്നു. ഈ കിട്ടിയതിനെ ചന്ദ്രദിവസങ്ങളിൽനിന്നു കിഴിച്ചാൽ ഉദ്ദിഷ്ട ഉദയദിവസങ്ങളായ 133,655 ബാക്കിയാവും. ഇവയെ ആഴ്ചകളാക്കി മാറ്റിയാൽ നാല് ദിവസം ശേഷിക്കുകയും ചൈത്രമാസത്തിന്റെ ആരംഭം ബുധനാഴ്ചയിലായി വരികയും ചെയ്യുന്നു. 'യസ്ദജിർദ്' കാലത്തിന്റെ ആരംഭം പ്രസ്തുത തിയ്യതിക്കു മുമ്പാണ്. അവ രണ്ടിന്റെയും ഇടയിൽ 11968 ദിവസങ്ങളുണ്ട്. അപ്പോൾ യസ്ദജിർദ് കാലദിവസങ്ങൾ 145,623 ആകുന്നതും അതിനെ പേർഷ്യക്കാരുടെ കൊല്ലങ്ങൾക്കൊണ്ടും

മാസങ്ങൾക്കൊണ്ടും ഹരിച്ചാൽ അത് യസ്ദജിർദ് കാലത്തിന്റെ 399-ാം വർഷം ഇസ്ഫന്താർ മാസം പതിനെട്ടാം ദിവസത്തിനോടു യോജിക്കുന്നതുമാണ്. ആദിമാസം പതിനെട്ടാം ദിവസത്തിനോടു യോജിക്കുന്നതുമാണ്. ആദിമാസം മുപ്പത് പൂർത്തിയാവാൻ രണ്ട് മണിക്കൂർ മാത്രം വേണ്ടി വരും. അപ്പോൾ ആ കൊല്ലം അധിവർഷമായിരിക്കും. ചൈത്ര മാസം ആവർത്തിച്ചുവരുന്നതുമാണ്. എന്നാൽ, ഈ വിവരണം തന്നെ 'ആർക്കണ്ഡേയ പഞ്ചാംഗ'ത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: 'അഹർഗണം' അറിയാനുദ്ദേശിച്ചാൽ 90-നെ ആറുകൊണ്ട് പെരുക്കി അതിനോട് എട്ടും സിന്ധ്‌രാജാവിന്റെ വർഷവും കൂട്ടിച്ചേർത്താൽ, അതായത്, ഹിജ്റഃ വർഷം 117 സഫർമാസം വരെയും 109 ചൈത്രമാസം വരെയും കിട്ടുന്ന മൊത്ത സംഖ്യയിൽനിന്നു 587 കിഴിക്കുമ്പോൾ, ബാക്കികിട്ടുന്നത് ശകവർഷമായിരിക്കും. പ്രസ്തുത ഫലം സിദ്ധിക്കാൻ എളുപ്പമാർഗ്ഗം ഇങ്ങനെയാണ്: യസ്ദജിർദിന്റെ പൂർണ്ണ വർഷങ്ങളിൽനിന്നു 33 കിഴിച്ചാൽ ശകവർഷം ലഭിക്കുന്നതാണ്. അല്ലെങ്കിൽ, ആർക്കണ്ഡേയവർഷത്തിന്റെ അടിസ്ഥാനമായ തൊണ്ണൂറിനെ ആറുകൊണ്ട് പെരുക്കികിട്ടിയ സംഖ്യയിലേക്ക് പതിനാലും യസ്ദർജിദിന്റെ വർഷങ്ങളും കൂട്ടിച്ചേർത്ത് അതിൽനിന്ന് 587 കിഴിച്ചാൽ ശകവർഷം കിട്ടും. പക്ഷേ, യഥാർത്ഥത്തിൽ പ്രസ്തുത തിയ്യതികൾ ശകവർഷത്തിയ്യതികളോടു യോജിക്കുന്നില്ല. നേരെ മറിച്ച് ദിവസങ്ങളായി പിരിക്കുന്ന ഗുപ്തകാലത്തോടു കൂടുതൽ യോജിപ്പു കാണിക്കുന്നുമുണ്ട്. 90-നെ ആറുകൊണ്ട് പെരുക്കി അതിനോട് എട്ടും കൂടിച്ചേർത്ത് 548 ആക്കിയുള്ള മാർഗ്ഗമാണു സൗകര്യപ്രദമായത്. മേൽ പറഞ്ഞ സഫർമാസം യസ്ദജിർദ് വർഷം 103 'ഭീമാഹ്' മാസം എട്ടാം ദിവസമാകുന്നതാണ്. ഇതുകൊണ്ടാണ് ചൈത്രമാസത്തിന്റെ നില 'ഭീമാഹി'ലെ ചന്ദ്രപ്പിറവിയുമായി ബന്ധപ്പെട്ടിരിക്കുന്നത്. പക്ഷേ, പേർഷ്യൻ മാസങ്ങൾ അതിലുള്ള 1/4 ദിവസം അവഗണിച്ച് അതിനെക്കാൾ കൂടുതലായി. അതനുസരിച്ച് സിന്ധ് രാജാവിന്റെ വർഷം യസ്ദർജിദ് വർഷത്തിനെക്കാൾ ഏഴ് കൊല്ലം മുമ്പാകേണ്ടിവരുന്നതാണ്. അപ്പോൾ സിന്ധീകൊല്ലങ്ങൾ നമ്മുടെ ഉദാഹരണകാലത്തേക്ക് 505 ആയിരിക്കും. ആർക്കണ്ഡേയ കൊല്ലമായ 548 കൂട്ടിച്ചേർത്താൽ 953 ആകുന്നതുമാണ്. അതത്രെ 'ശതകാലം.' അതിൽനിന്ന് അദ്ദേഹം അഭിപ്രായപ്പെട്ടതു കിഴിച്ചാൽ 'ഗുപ്തകാലം' ലഭിക്കുന്നതാണ്. കൊല്ലങ്ങൾ ഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെല്ലാം 'കണ്ഠകാതിക'യിൽനിന്നു നാമുദ്ധരിച്ചതുപോലെ തന്നെ. അതിന്റെ ചില പകർപ്പുകളിൽ 976-നു പകരം 100-കൊണ്ട് ഹരിക്കണമെന്നു കാണുന്നുണ്ട്. അതു പകർപ്പിൽ വന്ന പിഴവാണെന്നതിനു സംശയമില്ല. വിജയാനന്ദന്റെ 'കർണ്ണതിലകം' എന്ന പഞ്ചാംഗത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: ശകകാലത്തിൽനിന്ന് 888 കിഴിച്ചു ബാക്കിയുള്ളതിനെ പന്ത്രണ്ടു കൊണ്ട്

പെരുക്കി ആ തുകയോടു കൊല്ലത്തിൽനിന്നു കഴിഞ്ഞുപോയ പൂർണ്ണമാസങ്ങളുടെ സംഖ്യ കൂട്ടികിട്ടുന്ന സംഖ്യയെ രണ്ട് സ്ഥലത്തായി എഴുതുക. അതിലൊന്നിനെ 900 കൊണ്ട് പെരുക്കി ഉത്തരത്തോട് കൂട്ടി മൊത്ത സംഖ്യയെ 29,282 കൊണ്ട് ഹരിച്ചാൽ ആദിമാസങ്ങൾ കിട്ടും. അതിനെ മറ്റേ സംഖ്യയോടു ചേർത്ത് ആ സംഖ്യയെ 30 കൊണ്ടു പെരുക്കിക്കിട്ടുന്ന ഉത്തരത്തോടു മാസത്തിലെ ബാക്കി ദിവസങ്ങളെയും കൂട്ടിച്ചേർക്കുമ്പോൾ ചന്ദ്രദിവസങ്ങൾ കിട്ടുന്നതാണ്. അതിനെയും രണ്ടിടത്തായി എഴുതി ഒന്നിനെ 8300 കൊണ്ട് പെരുക്കി അതിനോട് 64,109-ലും കൂട്ടികിട്ടുന്ന മൊത്ത സംഖ്യയെ 21,090 കൊണ്ട് ഹരിച്ചാൽ 'ഊനരാത്ര' ദിവസങ്ങൾ കിട്ടുകയും 'അവം' ശേഷിക്കുകയും ചെയ്യുന്നു. പിന്നീട് ഊനരാത്രദിവസങ്ങളെ ചന്ദ്രദിവസങ്ങളിൽനിന്നു കിഴിച്ചാൽ അർദ്ധരാത്രിമുതൽ ആരംഭിക്കുന്ന 'അഹർഗണം' ബാക്കിവരുന്നതാണ്. നമ്മുടെ ഉദാഹരണകാലവുമായി അതിനെ താഴെ പറയും പ്രകാരം വിവരിക്കാം: ശകകാലത്തിൽ നിന്ന് 888 കിഴിച്ചാൽ 56 ശേഷിക്കുന്നു. അതിന്റെ മാസങ്ങൾ 710 ആണ്. അതിനെ രണ്ടിടത്തായി എഴുതി ഒന്നിനെ 900 കൊണ്ട് പെരുക്കി 661-ഉം കൂടി കൂട്ടികിട്ടിയതിനെ 29,282 കൊണ്ട് ഹരിച്ചാൽ 23 ആദിമാസങ്ങളും 29175/29282 ഭിന്നവും ലഭിക്കുന്നു. അതിനു ശേഷം പ്രസ്തുത മാസങ്ങളെ നമ്മുടെ കൂടെയുള്ള മാസത്തോടുകൂട്ടി 30 കൊണ്ട് പെരുക്കിയാൽ 24060 ചന്ദ്ര ദിവസങ്ങൾ കിട്ടും. അതിനെ രണ്ടു സ്ഥലത്തായി എഴുതി ഒന്നിനെ 3300 കൊണ്ട് പെരുക്കിയാൽ 793,98,000 കിട്ടുകയും അതിനോട് 64,106 കൂട്ടിച്ചേർത്താൽ 794,62,104 കിട്ടുകയും ചെയ്യും. ഇതിനെ 2,10,902 കൊണ്ട് ഹരിച്ചാൽ 376 162,952/210,902 ഊനരാത്രദിവസങ്ങൾ ലഭിക്കുന്നു. ഈ സംഖ്യയെ മറ്റേ സ്ഥലത്തുള്ള ചന്ദ്രദിവസങ്ങളിൽനിന്നു കിഴിച്ചാൽ 2384 'ഉദയഅഹർഗണം' കിട്ടുന്നതാണ്.

വരാഹമിഹിരന്റെ 'പഞ്ചസിദ്ധാന്ത'ത്തിൽ പറയുന്നത് ഇപ്രകാരമാണ്: ശകകാല വർഷത്തിൽനിന്നു 472 കിഴിച്ചു ബാക്കിയുള്ളതിനെ പന്ത്രണ്ടുകൊണ്ട് പെരുക്കി മാസങ്ങളാക്കി പിന്നീട് ആ സംഖ്യയെ രണ്ട് വരിയായി എഴുതി ഒന്നിനെ ഏഴുകൊണ്ട് പെരുക്കി ഫലത്തെ 228 കൊണ്ട് ഹരിച്ചാൽ ആദിമാസങ്ങൾ ലഭിക്കുന്നതാണ്. ഇതിനെ മറ്റേ സ്ഥലത്തുള്ള സംഖ്യയോടുകൂട്ടി ഉത്തരത്തെ 30 കൊണ്ട് പെരുക്കിയതു കൊണ്ട് മാസത്തിൽനിന്നു കഴിഞ്ഞുപോയ ഭിന്നങ്ങളെയും കൂട്ടികിട്ടുന്ന സംഖ്യയെ രണ്ട് സ്ഥലത്തെഴുതുകയും താഴെയുള്ളതിനെ പതിനൊന്നു കൊണ്ട് പെരുക്കി 514-ഉം കൂടി കൂട്ടി കിട്ടുന്നതിനെ 703 കൊണ്ട് ഹരിക്കുകയും ഉത്തരത്തെ മറ്റിടത്തുള്ള സംഖ്യയിൽനിന്നു കിഴിക്കുകയും ചെയ്താൽ ഉദയദിവസങ്ങൾ ലഭിക്കും. റോമക്കാരുടെ സിദ്ധാന്തത്തിന്റെ മാർഗ്ഗവും ഇതുതന്നെയാണ്. നമ്മുടെ ഉദാഹരണകാലവുമായി അതിന്റെ താരതമ്യേന ബന്ധം ഇപ്രകാരമാകുന്നു. ശകകാലത്തിൽനിന്നു 427 കിഴി

ച്ചാൽ 526 ബാക്കി കിട്ടും. അതിന്റെ മാസങ്ങൾ 6312 ആണ്. അതിൽനിന്നു കിട്ടുന്ന ആദിമാസങ്ങൾ 193 15/19 ആകുന്നു. ഈ മാസങ്ങൾ തമ്മിൽ കൂട്ടിയാൽ 6505-ഉം അതിന്റെ ചാന്ദ്രിക ദിവസങ്ങൾ 195,150-ഉം ആയിരിക്കും. ഭിന്നിതത്തിന്റെ തോതനുസരിച്ച് കണക്കിന്റെ മാർഗ്ഗങ്ങളും എണ്ണങ്ങളും വർദ്ധിക്കും. ഏഴുകൊണ്ട് പെരുക്കണമെന്നു പറഞ്ഞത് സംഖ്യ ഏഴിലൊന്നായി (1/7)ത്തീരാൻ വേണ്ടിയാണ്. അതിനാൽ, നാമധാരി സംഖ്യ ഒരു ആദിമാസത്തിന്റെ ഏഴിലൊന്ന് (1/7) ഭാഗമാണ്. ഇതിനെ നമുക്ക് ഏകദേശം മുപ്പത്തിരണ്ട് മാസവും പതിനേഴ് ദിവസവും എട്ട് നാഴികയും മുപ്പത്തിനാല് 'ചഷക'വുമായി കണക്കാക്കാം. അനന്തരം ചന്ദ്രദിവസങ്ങളെ രണ്ട് വരിയായി എഴുതി താഴെയുള്ള സംഖ്യയെ പതിനൊന്നുകൊണ്ട് പെരുക്കി ഉത്തരത്തിൽ 514 കൂട്ടിയാൽ 21,47,164 കിട്ടുന്നതും അതിനെ 703 കൊണ്ട് ഹരിച്ചാൽ ഊനരാത്രദിവസങ്ങളായ 3054202/307 കിട്ടുന്നതുമാണ്. ഈ ദിവസങ്ങളെ മറ്റേ സ്ഥലത്തുള്ള സംഖ്യയിൽനിന്നു കിഴിച്ചാൽ 192,092 ലഭിക്കും. അതാണ് പ്രസ്തുത ഗ്രന്ഥം രചിച്ച തിയ്യതി വരെയുള്ള ഉദയദിവസങ്ങൾ. ആദിമാസത്തെ കുറിച്ചു പ്രസ്തുത ഗ്രന്ഥത്തിൽ വന്ന അഭിപ്രായം ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തോടു യോജിക്കുന്നുണ്ട്. കാരണം, ഇവിടെയുള്ള ശിഷ്ടം 15/19 ആണ്. കല്പത്തിന്റെ ആദ്യം മുതൽ നാം ചെയ്ത കണക്കിലുണ്ടായിരുന്ന ശിഷ്ടം 103/120 ആയിരുന്നല്ലോ. അതു ചുരുക്കിയാൽ ഏകദേശം 15/17 ആയിവരും.

'അൽഹർക്കൻ' എന്നൊരു മുസ്‌ലിം പഞ്ചാംഗത്തിൽ പ്രസ്തുത മാർഗ്ഗം യസ്ദജിർദ് വർഷമായ 40,081-ന്റെ ആരംഭത്തിന്റെ മുമ്പുള്ള ഒരു ചരിത്രതിയ്യതി കൊണ്ട് ആരംഭിച്ചുകാണുന്നുണ്ട്. അതനുസരിച്ച് ഇന്ത്യാ വർഷാരംഭം യസ്ദർജിദ് വർഷം 110, ഭീമാഹ് മാസം 21, ഞായറാഴ്ച യാവും. അതിന്റെ രൂപം ഇങ്ങനെ വിവരിക്കാം: എഴുപത്തി രണ്ടിനെ പന്ത്രണ്ടുകൊണ്ട് പെരുക്കി മാസങ്ങളാക്കിയാൽ 864 കിട്ടും. അതിൽ ഹിജ്റഃ 197 ശഅ്ബാൻ മാസം ആദ്യം മുതൽ വർത്തമാനമാസം വരെ കഴിഞ്ഞുപോയ മാസങ്ങളെ ഈ സംഖ്യയോടു ചേർക്കുകയും രണ്ട് വരിയായി എഴുതുകയും ചെയ്യുക. താഴെ വരിയെ ഏഴുകൊണ്ട് പെരുക്കി 228 കൊണ്ട് ഹരിച്ചുകിട്ടുന്നതിനെ മേൽ വരിയിലെ സംഖ്യയോടു ചേർത്തുകിട്ടുന്ന മൊത്തം തുകയെ മുപ്പതുകൊണ്ട് പെരുക്കി വർത്തമാനമാസത്തിൽനിന്നു കഴിഞ്ഞുപോയ ദിവസങ്ങളെയും അതിലേക്കു കൂട്ടുക. ഉത്തരത്തെ രണ്ട് വരിയായി വീണ്ടും എഴുതി താഴെയുള്ളതിനോടു മുപ്പത്തെട്ട് കൂട്ടി കിട്ടുന്ന സംഖ്യയെ പതിനൊന്നുകൊണ്ട് പെരുക്കി എഴുനൂറ്റി മൂന്നുകൊണ്ട് ഹരിച്ചു ഫലത്തെ മേലെയുള്ളതിൽനിന്നു കിഴിച്ചാൽ മുകളിൽ ഉദയ ദിവസങ്ങളും താഴെ 'അവ'മും ലഭിക്കുന്നതാണ്. ഇതിലേക്ക് ഒന്ന് കൂട്ടുകയും ആഴ്ചകളാക്കി മാറ്റു

കയും ചെയ്താൽ ആഴ്ചയിൽനിന്നു വർത്തമാനമാസത്തിന്റെ മാതൃക കിട്ടും. ഈ കണക്ക് ശരിയാകണമെങ്കിൽ പ്രസ്തുത വർഷത്തിലുള്ള മാസങ്ങൾ ചാന്ദ്രമായിരിക്കണം. പക്ഷേ, അവ സൂര്യമാസങ്ങളാണെന്നു മാത്രമല്ല. തദ്വാരാ ഏകദേശം ഇരുപത്തി ഏഴ് മാസങ്ങൾ മേൽ പറഞ്ഞ 964 നെക്കാൾ കൂടുതലുണ്ടാവുന്നതുമാണ്. നമ്മുടെ ഉദാഹരണ കാല മനുസരിച്ച് ഈ കണക്കുപ്രകാരം ചെയ്യാം: ഹിജ്റഃ 422 റബീഉൽ അവ്വൽ മാസം മുതലെടുക്കുകയാണെങ്കിൽ മേൽ പറഞ്ഞ ശഅബാൻ മാസാദ്യം മുതൽ പ്രസ്തുത കാലത്തേക്ക് 2695 മാസങ്ങളുണ്ടായിരിക്കും. അതിലേക്ക് മേൽ സങ്കല്പിച്ച മാസങ്ങൾകൂടി ചേർത്താൽ 3559 ആയിത്തീരുന്നു. അതിനെ രണ്ട് സ്ഥലത്തായി എഴുതി ഒന്നിനെ ഏഴു കൊണ്ട് പെരുക്കി 227 കൊണ്ട് ഹരിച്ചാൽ 109 അധിമാസങ്ങൾ ലഭിക്കും. അങ്ങനെ മറ്റിടത്തുള്ള സംഖ്യയിലേക്കു ചേർത്തുകിട്ടുന്ന 3668 നെ മുപ്പതുകൊണ്ട് പെരുക്കിയാൽ 110,040 കിട്ടുകയും ആ സംഖ്യ രണ്ട് വരിയായി എഴുതി താഴെയുള്ള സംഖ്യയോടു മുപ്പത്തെട്ടും കൂട്ടിയാൽ കിട്ടുന്ന 110,078 നെ 11 കൊണ്ട് പെരുക്കി അതിന്റെ ഉത്തരത്തെ 703 കൊണ്ട് ഹരിച്ചാൽ 1722-ഉം 292 അവമും കിട്ടുന്നു. ഈ സംഖ്യയെ മേലെ സംഖ്യയിൽനിന്നു കിഴിച്ചാൽ 108,318 ശേഷിക്കുന്നു. അവയത്രെ ഉദയദിവസങ്ങൾ. അപ്പോൾ ശഅ്ബാന്റെ ആദ്യം വരെയുള്ള കാലം 25,958 ദിവസങ്ങളും 876 അറബിമാസങ്ങളും (73 കൊല്ലവും 2 മാസവും) ആണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഉദാഹരണ കാലം അനുസരിച്ച് ഈ മാസങ്ങളോടു ശഅ്ബന്റെ ആരംഭം മുതൽ റബീഉൽ അവ്വലിന്റെ ആരംഭം വരെയുള്ള മാസങ്ങളെയും കൂട്ടിയാൽ 357 മാസങ്ങളും അതിലേക്ക് ആദിമാസങ്ങളും കൂടി കൂട്ടിയാൽ 3680 മാസങ്ങളായിത്തീരുന്നതാണ്. ഇവയുടെ മൊത്തദിവസങ്ങൾ 110,400 ആകുന്നു. അതിൽ ഊനരാത്രദിവസങ്ങൾ 1.28 കിഴിച്ച് 319 അവം ബാക്കി വരുന്നു. അപ്പോൾ ഉദയദിവസങ്ങൾ 108,673 ആയിത്തീരുന്നു. എന്നാൽ, നമ്മുടെ ഉദാഹരണത്തിലുള്ളതുപോലെ അതിൽ ഒന്ന് കിഴിച്ചു ബാക്കിയുള്ളതിനെ ആഴ്ചകളാക്കി മാറ്റിയാൽ നാല് ശേഷിക്കും.

മുൽത്താൻകാരനായ ദുർല്ലഭൻ സ്വീകരിച്ച മാർഗ്ഗം ഇങ്ങനെയാണ്: 848 സങ്കല്പിച്ച് അതിലേക്ക് 'ലോകകാല'ത്തെ കൂട്ടിയാൽ ശകകാലം കിട്ടുന്നു. അതിൽനിന്ന് 854 കിഴിച്ചു ബാക്കിയുള്ളതിനെ മാസങ്ങളാക്കുകയും അതിനെ കൊല്ലങ്ങളിൽനിന്നു കഴിഞ്ഞുപോയ മാസങ്ങളോടു കൂടി മൂന്ന് സ്ഥലങ്ങളിലായി എഴുതി താഴെയുള്ള സംഖ്യയെ എഴുപത്തിഏഴുകൊണ്ട് പെരുക്കി 69,120 കൊണ്ട് ഹരിച്ചുകിട്ടിയതിനെ മദ്ധ്യ സംഖ്യയിൽനിന്നു കിഴിച്ചു ബാക്കിവരുന്നതിനെ ഇരട്ടിയാക്കി അതിലേക്ക് ഇരുപത്തൊമ്പതും കൂടി കൂട്ടി കിട്ടിയതിനെ 65 കൊണ്ട് ഹരിച്ചാൽ ആദിമാസങ്ങൾ കിട്ടുന്നു. അതിനെ മുകളിലെ സംഖ്യയോടു

ചേർത്തു മൊത്തം കിട്ടിയ ഉത്തരത്തെ മുപ്പുതുകൊണ്ട് പെരുക്കി മാസത്തിൽനിന്നു ശിഷ്ടമുണ്ടായിരുന്ന ദിവസങ്ങളെയും കൂട്ടി രണ്ടിടങ്ങളിലായി എഴുതുക. പിന്നീട് താഴെയുള്ള സംഖ്യയെ 11 കൊണ്ട് പെരുക്കി 686-ഉം കൂടി കൂട്ടി കിട്ടിയതിനെ അതിന്റെ താഴെ എഴുതി 403,963 കൊണ്ട് ഹരിച്ചുകിട്ടിയതിനെ മദ്ധ്യസംഖ്യയോടു കൂട്ടി ഉത്തരത്തെ 703 കൊണ്ട് ഹരിച്ചാൽ ഊനരാത്രദിവസങ്ങൾ കിട്ടുന്നതാണ്. ഇതിനെ മുകളിലെ സംഖ്യയിൽനിന്നു കിഴിച്ചാൽ 'അഹർഗണ'വും ലഭിക്കുന്നു. ഈ മാർഗ്ഗം മൊത്തത്തിൽ മുമ്പു പറഞ്ഞിട്ടുമുണ്ട്.

എന്നാൽ, 'കർണ്ണസാരം' എന്ന ഗ്രന്ഥത്തിൽ വന്നതിവിടെ വിവരിക്കാതിരുന്നത് അതിന്റെ കർത്താവ് കൊല്ലങ്ങളെ മാസങ്ങളും ദിവസങ്ങളുമായി മാറ്റുന്നതിനു മറ്റൊരു വഴി സ്വീകരിച്ചതിനാലും അതിന്റെ പരിഭാഷയിൽ ചില കുഴപ്പങ്ങൾ വന്നതുകൊണ്ടുമാണ്. അതിൽനിന്നു സ്പഷ്ടമായി മനസ്സിലായൊരു ഭാഗം മാത്രം ഇവിടെ ഉദ്ധരിക്കാം. ശകകാലത്തിൽനിന്ന് അദ്ദേഹം 821 കിഴിച്ചപ്പോൾ നമ്മുടെ ഉദാഹരണ സമയത്തേക്ക് 132 ശേഷിച്ചു. അതിനെ മൂന്നിടങ്ങളിലായി എഴുതി. ഒന്നാമത്തേതിന് 132 ഡിഗ്രികൊണ്ട് പെരുക്കി കിട്ടിയാൽ നമ്മുടെ ഉദാഹരണ കാലം വരെയുള്ളത് 18,466 എന്നു കിട്ടുന്നു. രണ്ടാമത്തെതിനെ 46 നാഴികയിൽ പെരുക്കിയാൽ 6072 കിട്ടുകയും മൂന്നാമത്തെതിനെ മുപ്പത്തിനാലുകൊണ്ട് പെരുക്കിയാൽ 4488 കിട്ടുകയും ചെയ്യും. ഇതിനെ 50 കൊണ്ട് ഹരിച്ചാൽ നാഴികകളും അവയുടെ വിഭാഗങ്ങളായ 89-46 ഇവയും കിട്ടുന്നതാണ്. അതിനുശേഷം മുകളിൽ എഴുതിയ ഡിഗ്രിയിലേക്ക് 112-ഉം കൂടി ചേർത്തു കിട്ടിയ സംഖ്യയെ തിയ്യതികളാക്കുകയും തിയ്യതികളെ പൂർണ്ണ ചലന വൃത്തങ്ങളായി സങ്കല്പിക്കുകയും ചെയ്താൽ 48 ചലന വൃത്തങ്ങളുടെ കൂടെ 328-41-46 എന്നിവ കിട്ടുന്നതാണ്. അത് സൂര്യൻ മേടരാശിയിൽ പ്രവേശിക്കുമ്പോഴുള്ള ചന്ദ്രന്റെ മദ്ധ്യചലനത്തുകയാണ്. ഇനി ചന്ദ്രന്റെ മദ്ധ്യചലനങ്ങളെ 12 കൊണ്ട് ഹരിച്ചാൽ ദിവസങ്ങൾ കിട്ടുന്നതും ശിഷ്ടമുള്ളത് 60 കൊണ്ട് പെരുക്കുകയും ചന്ദ്രന്റെ മദ്ധ്യചലനനാഴികകൾ അതിനോടു കൂട്ടുകയും ആ സംഖ്യയെ പന്ത്രണ്ടുകൊണ്ട് ഹരിക്കുകയും ചെയ്താൽ 'ഘടി'കളും ലഭിക്കുന്നതാണ്. (ശേഷമുള്ളവയ്ക്കും ഇതേ മാർഗ്ഗം സ്വീകരിക്കണം) ഹരിച്ചു കിട്ടിയ തുകകളായ 27-23-28 എന്നിവ ആദിമാസദിവസങ്ങളാകുന്നു. ഇവ വർത്തമാന ആദിമാസത്തിൽനിന്നു കഴിഞ്ഞുപോയ ദിവസങ്ങളാണെന്നതിൽ സംശയമില്ല. അദ്ദേഹം നാം പ്രസ്താവിച്ച ചന്ദ്രമാസങ്ങളായ 132-46-34 എന്നിവയെ 12 കൊണ്ട് ഹരിച്ചപ്പോൾ 11-3-52-50 കൊല്ലങ്ങളും 55-19-24-10 മാസങ്ങളും ലഭിച്ചു. ഈ തുകകളിൽനിന്നു മുപ്പത് ദിവസം വീതം എടുക്കുകയാണെങ്കിൽ രണ്ട് കൊല്ലവും എട്ട് മാസവും പതിനാറ് ദിവസവും നാല് ഘടിയും നാൽപത്തി അഞ്ച് ചഷ

കവും ലഭിക്കും. പിന്നെ അടിസ്ഥാന സംഖ്യയെ ഇരുപത്തൊമ്പത് കൊണ്ട് പെരുക്കിയാൽ 3828 കിട്ടുന്നതും അതിലേക്ക് ഇരുപതുകൂടി കൂട്ടി ഫലത്തെ മുപ്പത്തെട്ടുകൊണ്ട് ഹരിച്ചാൽ 106 8/9 ഊനരാത്ര ദിവസങ്ങൾ ലഭിക്കുന്നതുമാണ്. ഈ കണക്കുകൾക്ക് ഗ്രന്ഥകർത്താവ് സ്വീകരിച്ച മാർഗ്ഗങ്ങൾ ശരിയായി മനസ്സിലാവാത്തതിനാൽ അതേപടി പകർത്തുകയാണു ഞാൻ ചെയ്തത്. അതനുസരിച്ച് ഊനരാത്രയിൽനിന്ന് ഒരു ആദിമാസത്തിന്റെ ഓഹരി 157887/10622 ദിവസമാണ്.

അധ്യായം 54

ഗ്രഹങ്ങളുടെ മദ്ധ്യസ്ഥാന നിർണ്ണയം

കല്പത്തിലെയോ ചതുർയുഗത്തിലെയോ ഗ്രഹങ്ങളുടെ വൃത്തസഞ്ചാരങ്ങൾ അറിയുകയും അവയിൽനിന്നു കഴിഞ്ഞുപോയതു മനസ്സിലാക്കുകയും ചെയ്താൽ അവയിലുള്ള മുഴുവൻ ദിവസങ്ങൾക്കുമൊത്തം വൃത്തസഞ്ചാരവുമായുള്ള ബന്ധം അവയിൽനിന്നു കഴിഞ്ഞുപോയ ദിവസങ്ങൾക്കു കഴിഞ്ഞുപോയ വൃത്തസഞ്ചാരവുമായുള്ള ബന്ധം പോലെ തന്നെയാണെന്നു തെളിയും. അതു കണ്ടുപിടിക്കുന്നതിനു പൊതുവായുള്ള ഒരു വഴി താഴെ ചേർക്കുന്നു:

കല്പത്തിൽനിന്നോ ചതുർയുഗത്തിൽനിന്നോ കഴിഞ്ഞുപോയ ദിവസങ്ങളെ ഗ്രഹങ്ങളുടെ സഞ്ചാര വൃത്തങ്ങളിലോ, അതല്ല അവയുടെ ഉപരിമണ്ഡലത്തിലോ താഴ്മണ്ഡലത്തിലോ പെരുക്കി, ഉത്തരത്തെ കല്പത്തിന്റെയോ ചതുർയുഗത്തിന്റെയോ മുഴുവൻ ദിവസങ്ങൾക്കൊണ്ട് ഹരിച്ചാൽ അതിന്റെ സഞ്ചാരവൃത്തങ്ങളിൽനിന്നു കഴിഞ്ഞുപോയതു കിട്ടുന്നതാണ്. ബാക്കിവരുന്നതിനെ 12 കൊണ്ട് പെരുക്കി ഉത്തരത്തെ മുഴുവൻ ദിവസങ്ങൾ കൊണ്ട് ഹരിച്ചാൽ, രാശികൾ കിട്ടുന്നതും ശിഷ്ടത്തെ മുപ്പതുകൊണ്ട് പെരുക്കി മുഴുവൻ ദിവസങ്ങൾക്കൊണ്ട് ഹരിച്ചാൽ ഡിഗ്രികൾ കിട്ടുന്നതുമാണ്. അതിൽ ബാക്കിയുള്ള തുകയെ അറുപതുകൊണ്ട് പെരുക്കി മുഴുവൻ ദിവസങ്ങൾക്കൊണ്ട് ഹരിച്ചാൽ കിട്ടുന്നത് നാഴികകളായിരിക്കും. അതിനുശേഷമുള്ള ഏത് കണക്കു കാണാനും ഇതേ മാർഗ്ഗം തുടർന്നാൽ മതിയാകും. അതനുസരിച്ചു നിശ്ചിത ഗ്രഹത്തിന്റെ മദ്ധ്യസ്ഥാനം അറിയാൻ കഴിയും. ഈ വസ്തുത പുൽസൻ മറ്റൊരു രൂപത്തിലാണു പറഞ്ഞത്. അതായത്, പൂർണ്ണ വൃത്ത സഞ്ചാരങ്ങൾ കിഴിച്ചു ബാക്കിവരുന്നതിനെ 13,14,93,150 കൊണ്ട് ഹരിച്ചാൽ മദ്ധ്യചലനമനുസരിച്ചുള്ള രാശികൾ കിട്ടുന്നു. ബാക്കിവരുന്നതിനെ 43,83,105 കൊണ്ട് ഹരിച്ചാൽ ഡിഗ്രികൾ കിട്ടുന്നതും ശിഷ്ടംവരുന്നതിനെ നാലിരട്ടിയാക്കി 292,207 കൊണ്ട് ഹരിച്ചാൽ

നാഴികകൾ കിട്ടുന്നതുമാണ്. പിന്നീട് ബാക്കിവരുന്ന സംഖ്യയെ 60 കൊണ്ട് പെരുക്കി ഉത്തരത്തെ ഒടുവിൽ പറഞ്ഞ സംഖ്യകൊണ്ട് ഹരിച്ചാൽ വിനാഴികയും കിട്ടുന്നു. ഈ മാർഗ്ഗം തന്നെ ഉപയോഗിച്ചാൽ അതിൽനിന്ന് ഉദ്ദേശിച്ച ഏതൊരു ഭാഗവും കണ്ടുപിടിക്കാൻ സാധിക്കും. ശേഷമുള്ള വൃത്തസഞ്ചാരങ്ങളെ പന്ത്രണ്ടുകൊണ്ട് പെരുക്കുകയും ഉത്തരത്തെ ചതുർയുഗത്തിലെ ദിവസങ്ങൾക്കൊണ്ട് ഹരിക്കുകയും ചെയ്യേണ്ടതിനു പകരം അദ്ദേഹം ചതുർ യുഗ ദിവസങ്ങളെ പന്ത്രണ്ടുകൊണ്ട് ഹരിച്ചുകിട്ടിയ ഫലംകൊണ്ട് ഈ വൃത്തസഞ്ചാരങ്ങളെ ഹരിക്കുകയാണ് ചെയ്തത്. രാശികളിൽനിന്നു ശിഷ്ടമുള്ളതിനെ മുപ്പുതുകൊണ്ട് അദ്ദേഹം പെരുക്കി. എന്നിട്ട് ഉത്തരത്തെ മുമ്പ് ഹരിച്ച സംഖ്യകൊണ്ട് ഹരിക്കുന്നതിനു പകരം ഒന്നാമത്തെ സംഖ്യയെ മുപ്പതുകൊണ്ട് ഹരിച്ചു. പിന്നെ ഹരണഫലംകൊണ്ട് അവയെ ഹരിച്ചു. ഇതേ നിലയിൽതന്നെ ഡിഗ്രികളിൽനിന്നു ശിഷ്ടമുള്ളതിനെ രണ്ടാംസംഖ്യയെ അറുപതുകൊണ്ട് ഹരിച്ചുകിട്ടിയ ഉത്തരത്തിൽ ഹരിക്കാനാണദ്ദേഹം ശ്രമിച്ചത്. പക്ഷേ, ഇപ്രകാരം ഹരിച്ചപ്പോൾ കിട്ടിയത് 73,051-ഉം ശിഷ്ടം വരുന്നത് 3/4-ഉം ആണ്. പിന്നെ ഈ സംഖ്യ മുഴുവനും നാലുകൊണ്ട് പെരുക്കി ഭിന്നം തീർക്കുകയാണുണ്ടായത്. ഇതിനു തന്നെയാണ് അദ്ദേഹം ശിഷ്ടമുള്ളതിനെ നാലുകൊണ്ടു പെരുക്കിയതും എന്നിട്ടും സംഖ്യ തീരാതെ വന്നപ്പോൾ പിന്നെയും അറുപതുകൊണ്ട് പെരുക്കാൻ നിർബന്ധിതനായതും.

ഇനി ബ്രഹ്മഗുപ്തന്റെ അഭിപ്രായമനുസരിച്ചു കല്പത്തിൽ ഈ വഴി ഇങ്ങനെ ചെയ്യാവുന്നതാണ്: വൃത്തസഞ്ചാരങ്ങളെ ഹരിക്കുന്ന പ്രഥമ സംഖ്യ 13,149,30,37,500 ആവണം. ശിഷ്ടമുള്ള രാശികളെ ഹരിക്കേണ്ട രണ്ടാംസംഖ്യ 437,31,01,250-ഉം മൂന്നാമത്തെ സംഖ്യ 370,51,687-ഉം ആവേണ്ടതാണ്. അപ്പോൾ 1/2 ബാക്കിവരുന്നതിനാൽ ഈ സംഖ്യയെ ഇരട്ടിയാക്കേണ്ടിവരുന്നതും അങ്ങനെ 14,61,03,375 എന്നാകുന്നതുമാണ്. ഇതുകൊണ്ട് ശിഷ്ടമുള്ളതിന്റെ ഇരട്ടിയെ ഹരിക്കേണ്ടിയിരിക്കുന്നു. ദിവസങ്ങൾ അധികരിച്ചതിനാൽ ബ്രഹ്മഗുപ്തൻ കല്പത്തെയും ചതുർയുഗത്തെയും വിട്ട് കലിയുഗം എടുക്കുകയാണു ചെയ്തത്. അദ്ദേഹത്തിന്റെ മേൽപറഞ്ഞ മാർഗ്ഗമനുസരിച്ചു കലിയുഗത്തിന്റെ ദിവസങ്ങളെ കല്പത്തിലുള്ള ഗ്രഹങ്ങളുടെ വൃത്തസഞ്ചാരങ്ങളിൽ പെരുക്കുകയും അതിലേക്കു കലിയുഗത്തിന്റെ ആരംഭത്തിൽ ബാക്കിയുണ്ടായിരുന്ന വൃത്തസഞ്ചാരങ്ങളെ കൂട്ടുകയും ഉത്തരത്തെ, കലിയുഗത്തിന്റെ ഉദയദിവസങ്ങളായ 15,77,91,645 കൊണ്ട് ഹരിക്കുകയും ചെയ്താൽ അതിന്റെ പൂർണ്ണ വൃത്തസഞ്ചാരങ്ങൾ ലഭിക്കുന്നതാണ്. പിന്നീട് ശിഷ്ടമുള്ളതുകൊണ്ട് മുൻ പറഞ്ഞതുപോലെ ചെയ്താൽ ആ യുഗത്തിലുള്ള ഗ്രഹത്തിന്റെ മദ്ധ്യസ്ഥാനം ലഭിക്കും.

എന്നാൽ, ഹരിക്കേണ്ട മൗലികസംഖ്യകൾ ചൊവ്വാഗ്രഹത്തിന്റേത് 430,87,68,000-ഉം ബുധഗ്രഹത്തിന്റേത് 428,88,96,000-ഉം വ്യാഴത്തിന്റേത് 431,45,20,000-ഉം ശുക്രന്റേത്430,44,48,000-ഉം ശനിയുടേത് 430,53,12,000 -ഉം സൂര്യന്റേത് ഉപരിമണ്ഡലത്തിലായിരിക്കുമ്പോൾ 15793,31,20,000-ഉം ചന്ദ്രന്റേത് ഉപരിമണ്ഡലത്തിലായിരിക്കുമ്പോൾ 183,85,92,000-ഉം ശിഖിരത്തിലായിരിക്കുമ്പോൾ 183,85,92,000-ഉം ആയിരിക്കുന്നതാണ്. സൂര്യന്റെയും ചന്ദ്രന്റെയും മദ്ധ്യചലനം അവ മേടരാശിയുടെ മദ്ധ്യത്തിലെത്തുമ്പോഴാണ്. അപ്പോൾ ആദിമാസദിവസങ്ങളോ ഊനരാത്ര ദിവസങ്ങളോ ഉണ്ടായിരിക്കുകയില്ല.

നാം മുമ്പുപറഞ്ഞ പഞ്ചാംഗങ്ങളനുസരിച്ച് ഓരോ ഗ്രഹത്തിന്റെയും ദിവസങ്ങളെ ഒരു നിശ്ചിതമായ തുകകൊണ്ട് പെരുക്കി മറ്റൊരു നിശ്ചിത തുകകൊണ്ട് ഹരിച്ചാൽ പൂർണ്ണ വൃത്ത സഞ്ചാരങ്ങളും ഗ്രഹങ്ങളുടെ മദ്ധ്യസ്ഥാനങ്ങളും കിട്ടുന്നതാണ്. ചിലപ്പോൾ ഇതുകൊണ്ടുതന്നെ ഉദ്ദേശ്യം പൂർത്തിയാവും. അല്ലെങ്കിൽ, വീണ്ടും പ്രസ്തുത ദിവസങ്ങളെ അതേപടി ഹരിക്കുകയോ മേൽ പറഞ്ഞതുപോലെ ഒരു നിശ്ചിത സംഖ്യയെ മറ്റൊരു നിശ്ചിത സംഖ്യകൊണ്ട് പെരുക്കി ആദ്യത്തോടു ചേർത്തശേഷം ഹരിക്കുകയോ വേണ്ടിവരും. ചിലപ്പോൾ ഒരു മൂലസംഖ്യ സങ്കല്പിച്ചു കൂട്ടുകയും കുറക്കുകയും ചെയ്ത് അതുമൂലം മേടരാശിയുടെ ആദ്യത്തിൽ ഗ്രഹങ്ങളുടെ മദ്ധ്യസ്ഥാനം കാണാവുന്നതാണ്. ഇതുതന്നെയാണ് 'കണ്ഠകാതിക'യിലും 'കർണ്ണതില'ത്തിലുമുള്ളത്. കർണ്ണസാര'ത്തിൽ വന്നത് ഇപ്രകാരമാണ്: മേടരാശിയുടെ മദ്ധ്യസ്ഥാനം കണ്ടുപിടിച്ചാൽ 'അഹർഗണം' കിട്ടും. ഈ വിഷയത്തിൽ ധാരാളം അപൂർണ്ണ മാർഗ്ഗങ്ങളും വിപുലമായ വിശകലനങ്ങളും ഉണ്ട്. അതൊന്നും ദൈർഘ്യം ഭയന്ന് ഇവിടെ വിവരിക്കുന്നില്ല. പഞ്ചാംഗങ്ങളും അവയിലെ വിശദീകരണങ്ങളും നമ്മുടെ വിഷയത്തിൽ പരമലക്ഷ്യവുമല്ലല്ലോ.

അധ്യായം 55

ഗ്രഹങ്ങളുടെ ക്രമം, വലുപ്പം, അന്തരം

ലോകങ്ങളെ കുറിച്ച് മുമ്പു പ്രസ്താവിച്ചപ്പോൾ വിഷ്ണുവിനെ ഉദ്ധരിച്ചു പുരാണത്തിൽനിന്നും പതഞ്ജലിയുടെ വ്യാഖ്യാനത്തിൽ നിന്നും സൂര്യൻ ചന്ദ്രന്റെ താഴെയായാണു സ്ഥിതി ചെയ്യുന്നതെന്നു വിവരിച്ചിട്ടുണ്ടല്ലോ. ഇത് ഇന്ത്യക്കാരുടെ മതപരമായ വിശ്വാസമാണ്. പുരാണത്തിൽ ഇങ്ങനെ പറയുന്നു: ആകാശത്തിനു ഭൂമിയുമായുള്ള ദൂരം ഭൂമിയുടെ അർദ്ധവ്യാസത്തോടു തുല്ല്യമാണ്. സൂര്യൻ എല്ലാ ഗ്രഹങ്ങളുടെയും താഴെയാണു സ്ഥിതി ചെയ്യുന്നത്. അതിനു മീതെയായി ചന്ദ്രനും സ്ഥിതി ചെയ്യുന്നു. ഞാറ്റുവേലകളും അവയുടെ നക്ഷത്രങ്ങളും ചന്ദ്രനു മുകളിലും നിലകൊള്ളുന്നു. ഇവയുടെ മീതെ അടിക്കടിയായി ബൂധൻ, ശുക്രൻ, ചൊവ്വ, വ്യാഴം, ശനി എന്നീ ഗ്രഹങ്ങളും പിന്നീട് സപ്തർഷികളും അതിനു മുകളിലായി ധ്രുവവും നിൽക്കുന്നു. ധ്രുവത്തിന്റെ നില ആകാശത്തോടു ചേർന്നാണ്. നക്ഷത്രങ്ങളെ എണ്ണി തിട്ടപ്പെടുത്താൻ മനുഷ്യനു സാധിക്കുകയില്ല. ഈ അഭിപ്രായത്തെ അനുകൂലിക്കുന്നവരുടെ വാദം സൂര്യന്റെ പ്രകാശത്തിൽ വിളക്കിന്റെ പ്രകാശം ശോഭിക്കാത്തതുപോലെ സൂര്യനുമായി അടുക്കുമ്പോൾ ചന്ദ്രനെ കാണാതാവുന്നുവെന്നാണ്. സൂര്യനുമായി അകലുമ്പോഴാണ് ചന്ദ്രൻ പ്രത്യക്ഷപ്പെടുന്നത്. ഈ അഭിപ്രായക്കാരുടെ ഗ്രന്ഥങ്ങളിൽനിന്നു ഗ്രഹങ്ങളെ സംബന്ധിച്ച ചില ഐതിഹ്യങ്ങൾ ഉദ്ധരിച്ച ശേഷം ജ്യോതിശാസ്ത്രജ്ഞരുടെ അഭിപ്രായങ്ങൾ ചുരുക്കത്തിൽ ഇവിടെ വിവരിക്കാം:

വായുപുരാണത്തിൽ പറയുന്നു: സൂര്യൻ ഗോളാകൃതിയിലുള്ളതും അഗ്നി പ്രകൃതിയോടു കൂടിയതുമാണ്. അതിന് ആയിരം രശ്മികളുണ്ട്. അവയിൽനിന്ന് നാനൂറ് രശ്മികൾക്കൊണ്ട് മഴ വർഷിപ്പിക്കുന്നു. മുന്നൂറ് രശ്മികൾക്കൊണ്ട് മഞ്ഞുദ്പാതിപ്പിക്കുന്നു, ബാക്കിയുള്ള മുന്നൂറ് രശ്മികൾക്കൊണ്ട് അന്തരീക്ഷം പാകപ്പെടുത്തുകയും ചെയ്യുന്നു.

ഇതേ ഗ്രന്ഥത്തിന്റെ മറ്റൊരിടത്ത് ഇങ്ങനെ കാണാം: "ഈ രശ്മി

കളിൽ ചിലത് ദേവന്മാരുടെ സുഖജീവിതത്തിനും മറ്റുചിലത് ജനങ്ങളുടെ സൗഖ്യത്തിനും വേറെ ചിലത് പിതാക്കളുടെ ആവശ്യത്തിനും വേണ്ടിയുള്ളതാണ്." മറ്റൊരിടത്ത്: സൂര്യരശ്മികളെ കൊല്ലത്തിന്റെ ആറിലൊന്ന് (1/6) ഭാഗങ്ങളനുസരിച്ചു ഭാഗിച്ചു ഗ്രന്ഥകാരൻ പറയുന്നു: "മീനം ആദ്യം മുതൽക്കുള്ള മൂന്നിലൊന്ന് (1/3) വിഭാഗത്തിൽ മുന്നൂറ് രശ്മികൾക്കൊണ്ട് ഭൂമിക്കു പ്രകാശം നല്കുകയും അതിനടുത്ത മൂന്നിലൊന്ന് (1/3) ഭാഗക്കാലത്തു നാനൂറ് രശ്മികൾ കൊണ്ട് മഴ വർഷിപ്പിക്കുകയും ബാക്കിയുള്ള മൂന്നിലൊന്ന് (1/3) വിഭാഗത്തിൽ മുന്നൂറ് രശ്മികൾക്കൊണ്ട് മഞ്ഞുല്പ്പാദിപ്പിക്കുകയും ശൈത്യം ഉണ്ടാക്കുകയും ചെയ്യുന്നു.

ഗ്രന്ഥകാരൻ തുടർന്നു പറയുകയാണ്: സൂര്യരശ്മിയും കാറ്റും സമുദ്രത്തിൽനിന്നു വെള്ളത്തെ സൂര്യനിലേക്ക് ഉയർത്തുന്നു. സൂര്യന്റെ അടുത്തുനിന്നു വെള്ളം ഇറ്റിവീഴുകയാണെങ്കിൽ അതു ചൂടുള്ളതായിരിക്കുമെന്നതിൽ സംശയമില്ല. പക്ഷേ, സൂര്യൻ ആ വെള്ളത്തെ ചന്ദ്രനിലേക്കു വിടുകയും അവിടെനിന്ന് അതു തണുത്തു വർഷിക്കുകയും തദ്വാരാ ലോകം ജീവിക്കുകയും ചെയ്യുന്നു.

പ്രസ്തുത പുരാണത്തിൽ വീണ്ടും പറയുന്നു: സൂര്യന്റെ ചൂടും വെളിച്ചവും തീയുടെ ചൂടിന്റെയും വെളിച്ചത്തിന്റെയും നാലിലൊന്ന് ആകുന്നു. സൂര്യൻ വടക്കുഭാഗത്തായി രാത്രിയിൽ വെള്ളത്തിൽ വീഴുന്നു. അതുകൊണ്ടാണ് അതിൽ ചുകപ്പുവർണ്ണം കാണുന്നത്.

ഇതിൽ മറ്റൊരിടത്ത് ഇങ്ങനെ പറയുന്നു: പണ്ട് ഭൂമിയും വെള്ളവും കാറ്റും ആകാശവും മാത്രമാണുണ്ടായിരുന്നത്. അപ്പോൾ ബ്രഹ്മാവ് ഭൂമിയുടെ ഉള്ളിൽ ഒരു തീപ്പൊരി കാണുകയും അതിനെ പുറത്തെടുത്തു മൂന്നായി ഭാഗിക്കുകയും ചെയ്തു. അതിലൊരു ഭാഗമാണ് നാമിന്ന് ഉപയോഗിക്കുന്നതും വെള്ളംകൊണ്ട് കെട്ടുപോകുന്നതുമായ തീ. മറ്റൊരു ഭാഗം സൂര്യനും മൂന്നാമത്തെ ഭാഗം മിന്നലുമാണ്. ജീവികളിലും തീയുണ്ട്. പക്ഷേ, അതു വെള്ളം കൊണ്ട് കെട്ടുപോകുന്നില്ല. കാരണം, സൂര്യൻ വെള്ളത്തെ ആകർഷിക്കുന്നു. മിന്നൽ മഴക്കിടയിലൂടെ പ്രകാശിക്കുന്നു. ജീവികളിലുള്ള തീയുടെ അംശം ഈർപ്പമുള്ള വസ്തുക്കളിലായി സ്ഥിതി ചെയ്യുകയും. അതുമുഖേന ജീവികൾ ആഹാരം കഴിക്കുകയും ചെയ്യുന്നു. അരിസ്റ്റോട്ടൽ ചില സമുദായങ്ങളിൽനിന്ന് ഉദ്ധരിച്ചതുപോലെ 'നീരാവികൊണ്ട് ഉപരിലോകങ്ങൾ ആഹാരങ്ങൾ കഴിക്കുന്നു'വെന്ന് ഇവർക്കും അഭിപ്രായമുള്ളതായി കാണുന്നു.

വിഷ്ണുധർമ്മത്തിൽ വ്യക്തമായും ഇപ്രകാരം പറയുന്നുണ്ട്: സൂര്യൻ ചന്ദ്രനും മറ്റു നക്ഷത്രങ്ങൾക്കും ആഹാരം നല്കുന്നു. സൂര്യൻ ഉണ്ടായിരുന്നില്ലെങ്കിൽ നക്ഷത്രങ്ങളോ ദേവന്മാരോ മനുഷ്യരോ ഒന്നും തന്നെ ഉണ്ടാകുമായിരുന്നില്ല. ഇന്ത്യക്കാരുടെ വിശ്വാസപ്രകാരം നക്ഷ

ത്രങ്ങളെല്ലാം വെളുത്ത ഗോളങ്ങളാണ്. അവയ്ക്ക് സ്വയം പ്രകാശമില്ല. ഇവയുടെ കൂട്ടത്തിൽ സ്ഥിതിചെയ്യുന്ന സൂര്യൻ അഗ്നി രൂപത്തിലുള്ളതും സ്വയം പ്രകാശിക്കുന്നതും മറ്റുള്ളവയെ–ഇതിനോട് അഭിമുഖമായി നിൽക്കുമ്പോഴെല്ലാം–പ്രകാശിപ്പിക്കുന്നതുമാകുന്നു. കാഴ്ചയിൽ നക്ഷത്രങ്ങളുടെ കൂട്ടത്തിലും എന്നാൽ, യഥാർത്ഥത്തിൽ നക്ഷത്രങ്ങളലല്ലാത്തതുമായ ചില രൂപങ്ങൾ ഉണ്ട്. ഇവ പ്രതിഫലം നേടി ഉന്നത പദവിയിലെത്തിയ ചില മഹാത്മാക്കളുടെ പ്രകാശ രൂപങ്ങളാണ്. ഇവർ ആകാശത്തിൽ പളുങ്കുകസേരകളിൽ ഇരിക്കുന്നു.

വിഷ്ണുധർമ്മത്തിൽ ഇപ്രകാരം പറയുന്നു: നക്ഷത്രങ്ങൾ വെളുത്ത ആകൃതിയിലുള്ളവയാണ്. സൂര്യരശ്മികൾ രാത്രിയിൽ അവയ്ക്കു പ്രകാശം നല്കുന്നു. മഹാത്മാക്കൾ തങ്ങളുടെ സദ്കർമ്മങ്ങൾ കാരണമായി ഉപരിലോകത്ത് ഉന്നത സ്ഥാനം നേടുന്നതും അനന്തരം പ്രകാശിക്കാൻ തുടങ്ങിയാൽ നക്ഷത്രങ്ങളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമാണ്. ഇവർക്ക് 'താര'മെന്നു പറയുന്നു. 'തരണം' എന്ന പദത്തിൽനിന്ന് എടുത്തതാണീവാക്ക്. അതായത് നാശങ്ങളെല്ലാം തരണം ചെയ്തു സുഖലോകത്ത് എത്തിച്ചേർന്നതുകൊണ്ടാണത്രെ അവയ്ക്കു താരങ്ങൾ എന്നു പറയുന്നത്. നക്ഷത്രങ്ങൾ വായുമണ്ഡലത്തെ ചുറ്റി തരണം ചെയ്യുന്നതുകൊണ്ട് അവക്കും താരകങ്ങൾ എന്നു പറയുന്നു. നക്ഷത്രം എന്ന വാക്ക് ഞാറ്റുവേല നക്ഷത്രങ്ങൾക്കു മാത്രമേ പറയാറുള്ളൂ. ആ നക്ഷത്രങ്ങൾക്കെല്ലാം കൂടി നിശ്ചല നക്ഷത്രങ്ങൾ എന്നു പറഞ്ഞുവരുന്നു. നക്ഷത്രം എന്ന പദത്തിന്റെ അർത്ഥം ഏറുകയോ കുറയുകയോ ചെയ്യാത്തത് എന്നാണ്. എന്നാൽ, ഞാനൂഹിക്കുന്നത് ഈ കുടുതലും കുറവും എണ്ണത്തിലും ദൂരത്തിലും ആണെന്നാണ്. പക്ഷേ, ഗ്രന്ഥകർത്താവ് അതു പ്രകാശത്തിലാണെന്നു വരുത്തി ഉദാഹരണത്തിനായി പറയുന്നത് ചന്ദ്രന്റെ ഏറ്റക്കുറച്ചിലിനെയാണ്. പിന്നീട് അദ്ദേഹം മർക്കണ്ഡേയനോടുള്ള സംഭാഷണത്തിൽ ഇങ്ങനെ പറയുന്നു: "കല്പം പൂർത്തിയാകുന്നതിനു മുമ്പു നശിച്ചുപോകാത്ത നക്ഷത്രങ്ങൾ ഏകദേശം 100,00,00,00,000 ആണ്. കല്പം പൂർത്തിയാവുന്നതിനു മുമ്പായി പ്രത്യക്ഷപ്പെടുന്ന നക്ഷത്രങ്ങളുടെ എണ്ണം അസംഖ്യങ്ങളാകുന്നു. കല്പയുഗം മുഴുവനും ഉപരിലോകത്തു നിവസിക്കുന്നവർക്കല്ലാതെ അവയുടെ എണ്ണം ക്ലിപ്തമാക്കുക സാധ്യമല്ല. വജ്രൻ മർക്കണ്ഡേയനോട് ഇപ്രകാരം പറയുകയുണ്ടായി: "താങ്കൾ ആറ് കല്പകാലം ജീവിച്ച് ഇപ്പോൾ ഏഴാമത്തേതിലേക്കു പ്രവേശിച്ചിരിക്കുകയാണല്ലോ. എന്നിട്ടും താങ്കൾക്കെന്തേ അതിനെ കുറിച്ചു മനസ്സിലാക്കാൻ കഴിയാത്തത്?" അദ്ദേഹമിങ്ങനെ മറുപടി പറഞ്ഞു: "അവ വിത്യാസപ്പെടാതെ ഒരേ സ്ഥിതിയിൽ ഇതുവരെ നിലനിന്നിരുന്നുവെങ്കിൽ എനിക്കു മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. പക്ഷേ, മഹാന്മാരിൽ ഓരോരുത്തർ മേല്പോട്ടു കയറുകയും കീഴ്പ്പോട്ട്

ഇറങ്ങുകയും ചെയ്തുകൊണ്ടിരിക്കുന്നതിനാൽ എനിക്ക് അവയെ ക്ലിപ്തമായി അറിയാൻ സാധിക്കുന്നില്ല."

സൂര്യന്റെയും ചന്ദ്രന്റെയും അവയുടെ നിഴലുകളുടെയും വ്യാസങ്ങളെ കുറിച്ചു മദ്ധ്യപുരാണത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "സൂര്യഗോളത്തിന്റെ വ്യാസം 90,000 യോജനയാണ്. ചന്ദ്രന്റെ വ്യാസം ഇതിന്റെ ഇരട്ടിയും. എന്നാൽ, ശിഖിരത്തിന്റെ വ്യാസം ഇതു രണ്ടും കൂടിയതാണ്." ഇങ്ങനെത്തന്നെയത്രെ വായുപുരാണത്തിലും പറഞ്ഞത്. പക്ഷേ, ശിഖിരത്തെ കുറിച്ച് അതിൽ പറയുന്നത്: "സൂര്യനോടു കൂടെയാണെങ്കിൽ അതിന്റെ ഇരട്ടിയു"മാണെന്നാണ്. മറ്റു ചിലരുടെ അഭിപ്രായത്തിൽ ശിഖിരം അമ്പതിനായിരം യോജനയാണ്. ചലനമുള്ള മറ്റു ഗ്രഹങ്ങളുടെ വ്യാസങ്ങളെക്കുറിച്ചു മത്സ്യപുരാണത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: "വെള്ളി (ശുക്രൻ) ഗ്രഹത്തിന്റെ വൃത്തം ചന്ദ്ര വൃത്തത്തിന്റെ പതിനാറിലൊന്നാണ് (1/16). കാരണം, വ്യാഴ നക്ഷത്രത്തിന്റെ വട്ടം ശുക്രവട്ടത്തിന്റെ നാലിൽ മൂന്ന് (3/4)ആകുന്നു. ശനി, ചൊവ്വ എന്നീ രണ്ടു ഗ്രഹങ്ങളിൽ ഓരോന്നിന്റെയും വട്ടം വ്യാഴനക്ഷത്രത്തിന്റേതിന്റെ നാലിൽ മൂന്ന് (3/4) ആണ്. ബൂധന്റെ വൃത്തം ചൊവ്വയുടെതിന്റെ നാലിൽ മുന്ന് (3/4) ആണ്. വായു പുരാണത്തിലും ഇങ്ങനെ തന്നെയാണ് പറയുന്നത്. നിശ്ചല നക്ഷത്രങ്ങളിൽ ഏറ്റവും വലിയതിന്റെ വട്ടം ബുധവട്ടത്തിനു തുല്ല്യമാണെന്നും അവയിൽ ഏറ്റവും ചെറുതിന്റേത് 500 യോജനയാണെന്നും അതു വീണ്ടും ചെറുതായി ഇരുനൂറ് വരെ എത്തുന്നുവെന്നും നൂറ്റമ്പതിൽ ചുരുങ്ങിയ നക്ഷത്രം അക്കൂട്ടത്തിൽ ഇല്ലെന്നും അതിൽ കാണുന്നു. മത്സ്യപുരാണത്തിലും ഉള്ളത് ഇതുതന്നെയാണെങ്കിലും നൂറുവരെ അതു ചെറുതാകുമെന്നും അവയിൽ അര യോജനയേക്കാൾ കുറഞ്ഞത് ഉണ്ടായിരിക്കുകയില്ല എന്നും അതിൽ പറയുന്നുണ്ട്. ഇവിടെ പകർപ്പിൽ തെറ്റു വന്നിട്ടുണ്ടെന്നാണു ഞാൻ വിചാരിക്കുന്നത്.

വിഷ്ണുധർമ്മത്തിൽ മർക്കണ്ഡേയനിൽ നിന്നുദ്ധരിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു: അഭജ, ആർദ്ര, രോഹിണി, പുനർവസ്, വിഷ്ണു, രേവതി, അഗസ്ത്യ, വായു, നാഥൻ, അഹർബുധൻ, വസിഷ്ഠൻ ഇവയെല്ലാം അഞ്ചു യോജന വീതവും മറ്റുള്ളവ നാലു യോജന വീതവുമാണ്. ദൂരം കണക്കാക്കപ്പെടാത്തവയെ കുറിച്ച് എനിക്ക് അറിഞ്ഞുകൂടാ. അവ നാലുയോജനക്കു താഴെ രണ്ട് മൈൽ വരെയായിരിക്കും. ഇതിലും ചെറിയ നക്ഷത്രങ്ങൾ ആളുകൾക്കു കാണാൻ സാധിക്കുകയില്ല. അവയെ ദേവന്മാർ മാത്രമേ കാണുകയുള്ളൂ.

നക്ഷത്രങ്ങളുടെ അളവുകളെ കുറിച്ചു പല അഭിപ്രായങ്ങളും ഇന്ത്യക്കാരുടെ ഇടയിൽ പ്രചരിച്ചു കാണുന്നുണ്ട്. അവയുടെ എല്ലാം കർത്താക്കളെ വ്യക്തമായി അറിയാൻ സാധിച്ചിട്ടില്ല. അവയിലൊന്നിതാണ്. സൂര്യന്റെയും ചന്ദ്രന്റെയും വ്യാസം 67 യോജന വീതവും ശിഖിരത്തിന്റേത്

നൂറും ശുക്രന്റേത് പത്തും വ്യാഴത്തിന്റേത് ഒമ്പതും ശനിയുടെത് എട്ടും ചൊവ്വയുടെത് ഏഴും ബുധന്റെത് ആറും ആകുന്നു. ഇങ്ങനെയാണ് ഈ വിഷയത്തിൽ കൂട്ടിക്കലർത്തപ്പെട്ട കണക്കുകളിൽനിന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. ഇനി ഇന്ത്യൻ ജ്യോതിശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിലെ ചിലതു വിവരിക്കാം:

നമ്മുടെയും അവരുടെയും ഇടയിൽ നക്ഷത്രങ്ങളുടെ വഴിക്കുവഴി ക്രമത്തിലും സൂര്യൻ അവയുടെ നടുവിലും ശനിയും ചന്ദ്രനും രണ്ടറ്റത്തും നിശ്ചല നക്ഷത്രങ്ങൾ ഇവയ്ക്കെല്ലാം മീതെയും ആണെന്നതിലും അഭിപ്രായവ്യത്യാസമില്ല. മേലുദ്ധരിച്ചവയിൽ ഇവയെ കുറിച്ച് അല്പാല്പമായി പ്രതിപാദിച്ചു കഴിഞ്ഞിട്ടുണ്ട്. വരാഹമിഹിരൻ തന്റെ സംഹിത എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "ചന്ദ്രൻ എപ്പോഴും സൂര്യന്റെ താഴെയാണു സ്ഥിതി ചെയ്യുക. സൂര്യ രശ്മികൾ തട്ടി ചന്ദ്രനിൽനിന്നു സൂര്യനഭിമുഖമായ ഭാഗം പ്രകാശിക്കുകയും മറ്റേ ഭാഗം ഇരുളടഞ്ഞു നിഴലിൽ പെട്ടിരിക്കുകയും ചെയ്യും. ഒരു പാത്രം സൂര്യനു നേരം പിടിച്ചാൽ അതിന്റെ സൂര്യാഭിമുഖമായ ഭാഗം മാതമ്ര പ്രകാശിക്കുകയും മറുഭാഗം പ്രകാശശൂന്യമാവുകയും ചെയ്യുമല്ലോ. ചന്ദ്രൻ ജലപ്രകൃതി ആയതിനാൽ സൂര്യ രശ്മികൾ അതിൽ തട്ടുമ്പോൾ പ്രതിബിംബിക്കുന്നു. വെള്ളത്തിലും കണ്ണാടിയിലും സൂര്യ രശ്മികൾ പ്രതിബിംബിക്കുന്നത് കാണാമല്ലോ. അതിനാൽ സൂര്യനും ചന്ദ്രനും കൂടെ ചരിക്കുമ്പോൾ ചന്ദ്രന്റെ പ്രകാശിക്കുന്ന ഭാഗം സൂര്യനു നേരെയും പ്രകാശ ശൂന്യമായ ഭാഗം നമ്മുടെ നേരെയുമായിരിക്കും. പിന്നീട് പ്രകാശം അല്പാല്പമായി നമ്മുടെ നേരെ വന്നുകൊണ്ടിരിക്കുന്നു. ചന്ദ്രൻ സൂര്യനിൽനിന്ന് അകലുന്നതിനനുസരിച്ചാണു നമുക്ക് ചന്ദ്ര പ്രകാശം കാണാൻ സാധിക്കുന്നത്." അവരിൽ കാര്യബോധ്യമുള്ള പലരും, പ്രത്യേകിച്ചു ജ്യോതിശാസ്ത്രജ്ഞന്മാർ, സൂര്യൻ ചന്ദ്രന്റെ താഴെയാണെന്നു മാത്രമല്ല, എല്ലാ നക്ഷത്രങ്ങളുടെയും താഴെയാണെന്നാണ് അഭിപ്രായപ്പെടുന്നത്. നക്ഷത്രങ്ങളുടെ അകലങ്ങളെക്കുറിച്ചുള്ള അവരുടെ അഭിപ്രായം യഅ്ഖൂബ് ബിൻ താരിഖ് തന്റെ 'തർകീബുൽ അഫ്ലാക്' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. -അതാണു നമുക്കു കിട്ടിയത്- അദ്ദേഹത്തിന് ഇതു കിട്ടിയത് ഹിജ്റഃ വർഷം നൂറ്റി അറുപത്തി ഒന്നിൽ ഒരു ഇന്ത്യൻ പണ്ഡിതനിൽ നിന്നാണ്. നക്ഷത്രങ്ങളുടെ ദൂരം കണക്കാക്കുന്നതിന് അടിസ്ഥാനമായി അദ്ദേഹം വിവരിച്ചത് ഇങ്ങനെയാണ്: "ഒരംഗുലം ആറ് പാൽകോതമ്പ്(യവം) നിരത്തി വച്ചുകിട്ടുന്ന നീളവും. ഒരു മുഴം ഇരുപത്തിനാല് അംഗുലവും ഒരു കാതം പതിനാറായിരം മുഴവുമാണ്. പക്ഷേ, ഇന്ത്യക്കാർ കാതം ഉപയോഗിക്കാറില്ല. ഇത് മുമ്പു നാം വിവരിച്ചതുപോലെ അര യോജനയോടു തുല്ല്യമാണ്. പിന്നീടദ്ദേഹം പറയുന്നു: ഭൂമിയുടെ വ്യാസം 2100 കാതവും അതിന്റെ ചുറ്റളവ് 6596 $^{14/25}$ കാതവുമാണെന്ന്.

ഇതനുസരിച്ചാണു നാം താഴെ പട്ടികയിൽ വിവരിക്കുന്നതുപോലെ ഇദ്ദേഹം പറഞ്ഞത് ഇന്ത്യക്കാരുടെ ഇടയിലുള്ള ഏകാഭിപ്രായമല്ല. കാരണം, 'പൂൽസന്റെ അഭിപ്രായത്തിൽ ഭൂമിയുടെ വ്യാസം ആയിരത്തി അറുനൂറ് യോജനയും അതിന്റെ ചുറ്റളവ് 5026 14/25 യോജനയും ആണ്.

ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തിൽ വ്യാസം 1581-ഉം ചുറ്റളവ് 5000 വും ആണ്. ഈ കണക്ക് യഅ്ഖൂബ് പറഞ്ഞതുമായി യോജിച്ചു കാണുന്നില്ല. പക്ഷേ, മുഴവും നാഴികയും നമുക്കും ഇന്ത്യക്കാർക്കും തുല്ല്യമാണ്. ഭൂമിയുടെ അർദ്ധവ്യാസത്തിന്റെ നാഴികകൾ നമ്മുടെ കണക്കു പ്രകാരം 3184 ആകുന്നു. നമ്മുടെ പതിവനുസരിച്ചു മൂന്ന് നാഴികയാണ് ഒരു കാതം എന്നു കണക്കാക്കിയാൽ 6728 വരുന്നതാണ്. യഅ്ഖൂബ് പറഞ്ഞതനുസരിച്ച് 16,000 മുഴം ഒരു കാതമെന്നു കണക്കാക്കുകയാണെങ്കിൽ 5046 വരും 32,000 മുഴം ഒരു യോജന എന്ന കണക്കു പ്രകാരം 2523 ആകുന്നതുമാണ്. യഅ്ഖൂബിന്റെ ഗ്രന്ഥത്തിലുള്ളതനുസരിച്ചു നാം ഇവിടെ ഒരു പട്ടിക വരക്കുന്നു.

നക്ഷത്രങ്ങൾ	ഭൂമിയുടെ കേന്ദ്രബിന്ദുവിൽനിന്ന് നക്ഷത്രങ്ങളുടെയും അവയുടെ ആകർഷണ പരിധിയുടെയും ദൂരം	അവയുടെ കാലാന്തരത്തിൽ മാറിക്കൊണ്ടിരിക്കുന്ന അളവുകൾ (ഒരു കാതം=16000 മുഴമെന്ന നിലക്ക്)	ഭൂമിയുടെ അർദ്ധവ്യാസം കൊണ്ട് വ്യത്യാസപ്പെടാത്ത ദൂരങ്ങളുടെ അളവുകൾ
	ഭൂമിയുടെഅർദ്ധവ്യാസം	1050	
ചന്ദ്രൻ	സമീപാകലം	37,500	$35\frac{5}{200}$
	മദ്ധ്യാകലം	48,500	$46\frac{4}{21}$
	വിദൂരാകലം	59,000	$56\frac{4}{21}$
	ആകർഷണപരിധി	5000	$4\frac{16}{21}$
ചന്ദ്രൻ	സമീപാകലം	64,000	$60\frac{20}{21}$
	മദ്ധ്യാകലം	164,900	$156\frac{4}{21}$
	വിദൂരാകലം	264,600	$251\frac{3}{200}$
	ആകർഷണപരിധി	5000	$4\frac{16}{21}$
ശുക്രൻ (വെള്ളി)	സമീപാകലം	269,000	$256\frac{4}{21}$
	മദ്ധ്യാകലം	709,500	$675\frac{5}{200}$
	വിദൂരാകലം	11,50,000	$1095\frac{5}{21}$
	ആകർഷണപരിധി	20,000	$19\frac{1}{21}$
ശുക്രൻ (വെള്ളി)	സമീപാകലം	11,70,000	$1114\frac{2}{7}$
	മദ്ധ്യാകലം	16,90,000	$1609\frac{11}{21}$
	വിദൂരാകലം	22,10,000	$2104\frac{16}{21}$
	ആകർഷണപരിധി	20,000	$19\frac{1}{21}$
ചൊവ്വ	സമീപാകലം	22,30,000	$2123\frac{17}{21}$
	മദ്ധ്യാകലം	53,15,000	$5061\frac{1}{21}$

ചൊവ്വ	വിദൂരാകലം ആകർഷണപരിധി	84,00,000 20,000	8000 $19\frac{1}{21}$
വ്യാഴം	സമീപാകലം മദ്ധ്യാകലം വിദൂരാകലം ആകർഷണപരിധി	84,2,000 114,10,000 144,00,000 20,000	$8019\frac{1}{21}$ $10866\frac{2}{7}$ $13714\frac{2}{7}$ $19\frac{1}{21}$
ശനി	സമീപാകലം മദ്ധ്യാകലം വിദൂരാകലം ആകർഷണപരിധി	144,20,000 162,20,000 180,20,000 2,000	$13733\frac{1}{3}$ $15447\frac{13}{21}$ $17161\frac{9}{21}$ $19\frac{9}{21}$
നക്ഷത്രാകാശം	അർദ്ധവ്യാസം താഴ്ഭാഗം പുറത്തുനിന്നുള്ള ചുറ്റൽ	2,00,00,000 1,99,62,000 12,56,64,000	$19047\frac{13}{21}$ $1866\frac{2}{3}$ —— ——

ഈ അഭിപ്രായം ടോളമി തന്റെ മൻശൂറത്ത് എന്ന ഗ്രന്ഥത്തിൽ നക്ഷത്രങ്ങളുടെ ദൂരങ്ങളെ കുറിച്ചു വിവരിച്ചതിനോടു വിപരീതമാണ്. പൂർവ്വ ശാസ്ത്രജ്ഞന്മാരും ആധുനിക ശാസ്ത്രജ്ഞന്മാരും ടോളമിയെ അനുകരിക്കുകയാണു ചെയ്തത്. ഏതൊരു നക്ഷത്രത്തിന്റെയും ഏറ്റവും അകന്ന ദൂരം അതിനു മുകളിലുള്ള നക്ഷത്രത്തിന്റെ ഏറ്റവും അടുത്ത ദൂരമാണ്. ആ രണ്ടു ഗോളത്തിന്റെയും ഇടയിൽ ഒഴിഞ്ഞ സ്ഥലം ഉണ്ടായിരിക്കുന്നതല്ല എന്ന അടിസ്ഥാനത്തിലാണ് ടോളമിയും അനുയായികളും നക്ഷത്തിന്റെ ദൂരം കണക്കാക്കുന്നത്. ഈ അഭിപ്രയമനുസരിച്ചു രണ്ട് ഗോളങ്ങളുടെ ഇടയിൽ ഒഴിഞ്ഞ സ്ഥലമുണ്ടായിരിക്കുന്നതും അതിനു പ്രസ്തുത ഗോളങ്ങളുടെ ആകർഷണ പരിധി എന്നു പറയുന്നതുമാണ്. അണുക്കൾക്കു ഘനമുണ്ടെന്ന് അവർ വിശ്വസിക്കുന്നതുകൊണ്ടാവാം ഗോളങ്ങളെ ആകർഷിക്കാൻ പരിധികൾ വേണമെന്നു കരുതുന്നത്. മേലെയുള്ള നക്ഷത്രത്തിനു കീഴെയുള്ള നക്ഷത്രം മാറയാവുന്നതുകൊണ്ടോ വീക്ഷണത്തിൽ വ്യത്യാസമുണ്ടാകുന്നതുകൊണ്ടോ മാത്രമാണ് ഗോളങ്ങൾ തമ്മിലുള്ള അടുപ്പവും ദൂരവും അറിയാൻ സാധിക്കുന്നത് എന്ന ഗോളശാസ്ത്രജ്ഞന്മാരുടെ വാദം വളരെ ക്ലിപ്തമാകുന്നു. മറയ്ക്കുക എന്നത് അപൂർവ്വ ഘട്ടങ്ങളിലേ ഉണ്ടാവുകയുള്ളൂ. വീക്ഷണത്തിൽ ദൂരവ്യത്യാസങ്ങൾ മനസ്സിലാക്കുക എന്നത് ചന്ദ്രേതര ഗോളങ്ങളിൽ അനുഭവപ്പെടുകയില്ല. പക്ഷേ, ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ സർവ്വ ഗോളങ്ങളുടെയും അവയുടെ ആകാശങ്ങളുടെയും ചലനങ്ങൾ സമനിലയിലാണ്. അതിനാൽ ഉയരത്തിലുള്ളവയുടെ ചലനമാന്ദ്യം അവയുടെ ആകാശ വിശാലതകൊണ്ടും

താഴെയുള്ളവയുടെ വേഗത അവയുടെ ആകാശ വ്യാപ്തിക്കുറവു കൊണ്ടുമാകുന്നതാണ്. ശനി ഗ്രഹാകാശത്തിന്റെ ഒരു നാഴിക ചന്ദ്രാകാശത്തിന്റെ 262 ഇരട്ടിയാണ്. അതിനാലാണ് സമത്തിൽ ചലിക്കുന്ന ഗോളങ്ങളുടെ ചലനങ്ങൾ വ്യത്യാസപ്പെട്ടതായി അനുഭവപ്പെടുന്നത്. ഈ വിഷയത്തിൽ ഇന്ത്യക്കാരുടെ പ്രസ്താവനകൾ ചില ഗ്രന്ഥങ്ങളിൽ അങ്ങിങ്ങായി വിവരിച്ചതല്ലാതെ ഞാൻ കണ്ടിട്ടില്ല. ഉദാഹരണമായി, പുൽസൻ തന്നെ എതിർത്തവർക്കു മറുപടിയായി ഇങ്ങനെ പറയുന്നു: "ഓരോ നക്ഷത്രത്തിന്റെയും ആകാശചുറ്റളവ് 21,600-ഉം അതിന്റെ അർദ്ധവ്യാസം 3438-ഉം ആണ്."

വരാഹമിഹിരൻ ഇങ്ങനെ പറയുന്നു: "സൂര്യന്റെ അകലം 25,98,900-വും നിശ്ചല നക്ഷത്രങ്ങളുടെ ദൂരം 32,13,62,683-ഉം ആണ്. ആദ്യത്തെതു നാഴികയെയും ഒടുവിലത്തെതു യോജനയെയും അനുസരിച്ചാകുന്നു. മറ്റൊരിടത്ത് അദ്ദേഹം ഇങ്ങനെയാണു പറയുന്നത്: നിശ്ചല നക്ഷത്രങ്ങളുടെ അകലം സൂര്യാകലത്തിന്റെ അറുപത് ഇരട്ടിയത്രെ. അപ്പോൾ നിശ്ചല നക്ഷത്രങ്ങളുടെ അകലം 15,59,34,000 ആയിരിക്കേണ്ടതാണ്. ഇന്ത്യക്കാരുടെതായി മേലുദ്ധരിച്ച മാർഗ്ഗം മുമ്പ് എനിക്ക് അറിവുണ്ടായിരുന്നില്ല. പിന്നീട് അവരുടെ ചില ഗ്രന്ഥങ്ങൾ പരിഭാഷ ചെയ്യാൻ സാധിച്ചപ്പോൾ മനസ്സിലായഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തി നിശ്ചയിച്ചതാണ്. ആ തത്വപ്രകാരം ചന്ദ്രാകാശത്തിലുള്ള ഒരു നാഴിക പതിനഞ്ച് യോജനയാകുന്നു. ബലഭദ്രൻ ഇതിന് എങ്ങനെ വ്യാഖ്യാനം നല്കിയാലും അതിന്റെ ശരിയായ രൂപം വ്യക്തമല്ല. എന്തുകൊണ്ടെന്നാൽ, അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്: ചന്ദ്രന്റെ ഒരറ്റം ചക്രവാളത്തിലെത്തിയാൽ മറ്റേ അറ്റവും കൂടി അവിടെ എത്താൻ വേണ്ടിവരുന്ന സമയം (ഉദിക്കാൻ തുടങ്ങിയതു മുതൽ ഉദിച്ചുതീരുന്നതു വരെ വേണ്ടി വരുന്ന സമയം) കണക്കാക്കി നോക്കിയപ്പോൾ അതിന്റെ ആകാശത്തിന്റെ ചുറ്റളവിൽനിന്ന് മുപ്പത്തിരണ്ട് നാഴികയാണെന്നു കാണപ്പെട്ടിരിക്കുന്നു. ആകാശത്തിലുള്ള ഡിഗ്രിയുംനാഴികയും കണക്കാക്കാൻ വളരെ വിഷമമുണ്ടെങ്കിലും അതിന്റെ വ്യാസം കണക്കാക്കിയപ്പോൾ അതു 480 യോജനയാണെന്നു കിട്ടിയിരിക്കുന്നു. ഇതിനെ ചന്ദ്രനാഴികകൊണ്ട് ഹരിച്ചാൽ ഒരു നാഴിക 15 യോജനയാണെന്നു വരും.

അതിനെ ചുറ്റളവിന്റെ നാഴിക കൊണ്ടു പെരുക്കിയാൽ 3,24,000 കിട്ടും. ഇതാണ് ചന്ദ്രാകാശത്തിന്റെ യോജനകൊണ്ടുള്ള ചുറ്റളവ്. ഇതുകൊണ്ട് കല്പത്തെയോ ചതുർയുഗത്തെയോ പെരുക്കിയാൽ ആ യുഗത്തിൽ ചന്ദ്രൻ ചലിക്കുന്നതെത്രയാണെന്ന് അറിയാൻ സാധിക്കും. ബ്രഹ്മഗുപ്തന്റെ അഭിപ്രായമനുസരിച്ചു കല്പയുഗത്തിൽ 187,12,06,920,00,00,000 യോജനയാണ്. നക്ഷത്രാകാശങ്ങളുടെ യോജന എന്നാണ് ഇതിന് അദ്ദേഹം പറയുന്നത്. ഇവയെ കല്പത്തിലെ ഓരോ

നക്ഷത്രത്തിന്റെയും ചുറ്റലുകൊണ്ട് ഹരിച്ചാൽ ഒരു ചുറ്റലിന്റെ യോജന ലഭിക്കും. പക്ഷേ, നക്ഷത്രങ്ങളുടെ ചലനം അവരുടെ അഭിപ്രായത്തിൽ സമമാണല്ലോ. അപ്പോൾ ഇങ്ങനെ ഹരിച്ചാൽ കിട്ടുന്നതു പ്രസ്തുത നക്ഷത്രത്തിന്റെ ആകാശാളവായിരിക്കും. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വ്യാസവും ചുറ്റളവും തമ്മിലുള്ള ബന്ധം ഏതാണ്ട് 12,959 –ഉം 49,980–ഉം തമ്മിലുള്ള ബന്ധം പോലെ ആയതിനാൽ നക്ഷത്രാകാശത്തിന്റെ ചുറ്റളവിനെ 12,959 കൊണ്ടു പെരുക്കി 81,960 കൊണ്ട് ഹരിച്ചാൽ അതിന്റെ അർദ്ധ വ്യാസം ലഭിക്കുന്നതാണ്. അതത്രെ ആകാശത്തിനു ഭൂമിയുടെ കേന്ദ്രബിന്ദുവുമായുള്ള ദൂരം.

ബ്രഹ്മഗുപ്തന്റെ അഭിമതമനുസരിച്ച് ഭൂമിയുടെ കേന്ദ്രബിന്ദുവിൽ നിന്നു ഗ്രഹങ്ങൾക്കുള്ള ദൂരം ഈ പട്ടികയിൽ വിവരിക്കുന്നു:

ഗ്രഹങ്ങൾ	അവയിൽ ഓരോന്നിന്റെയും ആകാശത്തിന്റെ യോജന അളവുകൾ	അവയുടെ അർദ്ധവ്യാസങ്ങൾ (ഭൂമിയുടെ കേന്ദ്രബിന്ദുവുമായി അവയ്ക്കുള്ള ബന്ധം)
ചന്ദ്രൻ	3,24,000	51,229
ബുധൻ	10,43,210 156,12,37,670 224,21,24,873	1,64,947
ശുക്രൻ (വെള്ളി)	26,64,629 162,75,90,383 175,55,97,379	4,21,315
സൂര്യൻ	43,31,497 1 2	6,84,869
ചൊവ്വ	81,46,916 8,24,30,924 114,84,14,261	12,88,133
വ്യാഴം	5,13,74,821 54,18,089 7,28,45,291	81,23,064
ശനി	12,76,68,787 2,52,36,237 7,32,83,649	2,01,86,186
നിശ്ചല നക്ഷത്രങ്ങൾ (അവയുടെ ദൂരം സൂര്യന്റെ ദൂരത്തിന്റെ 60 ഇരട്ടിയാണെന്ന നിലയ്ക്ക്)	25,98,89,850	4,10,92,140

പുൽസൻ കണക്കാക്കുന്നതു ചതുർയുഗം കൊണ്ടാണ്. അതനുസരിച്ച് ചന്ദ്രാകാശത്തിന്റെ ചുറ്റളവിനെ ചതുർയുഗം കൊണ്ടു പെരുക്കിയാൽ 18,71,208,08,64,000 കിട്ടുന്നു. ഇതിനെ ആകാശയോജനകൾ എന്ന് അദ്ദേഹം പേരു പറയുന്നു. ഓരോ ചതുർ യുഗത്തിലും ചന്ദ്രൻ ചലിക്കുന്നതിന്റെ ആകെത്തുകയാണിത്. ഇദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വ്യാസത്തിനു ചുറ്റളവുമായുള്ള ബന്ധം 1250-നു 3927 മായുള്ള ബന്ധത്തോടു തുല്യമാകുന്നു. അപ്പോൾ ഓരോ ഗ്രഹത്തിന്റെയും ആകാശങ്ങളുടെ ചുറ്റളവിനെ 625 കൊണ്ട് പെരുക്കി 3927 കൊണ്ട് ഹരിച്ചാൽ ഭൂമിയുടെ കേന്ദ്രവുമായി ആ ഗ്രഹത്തിനുള്ള ദൂരം കിട്ടുന്നതാണ്. ഇദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച് ഒരു പട്ടിക താഴെ വരക്കുന്നുണ്ട്. എന്നാൽ, അർദ്ധ വ്യാസങ്ങളുടെ കൂടെയുള്ള ഭിന്നിതങ്ങൾ പകുതിയിൽ താഴെയാണെങ്കിൽ ഉപേക്ഷിക്കുകയും അല്ലെങ്കിൽ എടുക്കുകയും ചെയ്തിട്ടുണ്ട്. ചുറ്റളവുകൾ കണക്കാക്കുമ്പോൾ ഭിന്നിതം വിടുന്നതല്ല. ഗ്രഹങ്ങളുടെ ചലനങ്ങൾ ശരിയായി അറിയേണ്ടതിനായി അവയെയും ശരിക്കു കൂട്ടുന്നു. കല്പയുഗത്തിലോ ചതുർയുഗത്തിലോ ഉള്ള ആകാശയോജനകളെ അവയുടെ ഉദയ ദിവസങ്ങൾക്കൊണ്ട് ഹരിച്ചാൽ ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തിൽ 11858 25498/35498-ഉം പുൽസന്റെ അഭിപ്രായത്തിൽ 11858 20954/292207-ഉം കിട്ടുന്നു. ഇതാണ് ദിവസവും ചന്ദ്രനുള്ള ചലനം ഒരേ തരത്തിലാണെന്നു വരുമ്പോൾ ഇതുതന്നെ ആയിരിക്കുമല്ലോ എല്ലാത്തിന്റെയും ഒരു ദിവസത്തെ ചലന കണക്ക്. ഈ ചലനത്തിന് അതിന്റെ ആകാശത്തിന്റെ യോജനകളുമായുള്ള ബന്ധം അതിന്റെ ചലനത്തിന് ഒരു ചുറ്റലിന്റെ അളവായ 360 നോടുള്ള ബന്ധം പോലെയാണ്. അപ്പോൾ എല്ലാ നക്ഷത്രങ്ങളുടെയും സംയുക്ത ചലനത്തെ 360 കൊണ്ട് പെരുക്കി ഉദ്ദിഷ്ട നക്ഷത്രത്തിന്റെ ചുറ്റളവിന്റെ യോജനകൊണ്ട് ഹരിച്ചാൽ പ്രസ്തുത നക്ഷത്രത്തിന്റെ മിതമായ ചലനം ലഭിക്കും:

ഗ്രഹങ്ങൾ	ഗ്രഹങ്ങളുടെ ഗോള ചുറ്റളവ്	അവയ്ക്ക് ഭൂമിയുടെ കേന്ദ്ര ബിന്ദുവുമായുള്ള ദൂരം
ചന്ദ്രൻ	3,24,000 • •	51,566
ബുധൻ	10,43,211 573 1993	1,66,033
ശുക്രൻ (വെള്ളി)	26,64,632 90,232 5,85,199	4,24,089

സൂര്യൻ	43,31,500 1 5	6,90,295
ചൊവ്വ	81,46,937 18,163 95,701	16,92,624
വ്യാഴം	5,13,71,764 4996 18,211	81,76,689
ശനി	12,76,71,739 27,301 36,641	2,03,19,542
നിശ്ചല നക്ഷത്രങ്ങൾ (അവയുടെ ദൂരം സൂര്യന്റെ ദൂരം അവയുടെ ദൂരത്തിന്റെ 1/60 എന്ന നിലയ്ക്ക്)	25,98,90,012	4,14,17,700

ചന്ദ്രന്റെ വ്യാസത്തിനുള്ള നാഴികകൾക്ക് അതിന്റെ ചുറ്റളവിന്റെ നാഴികകളായ 21,600 മായുള്ള ബന്ധം ചന്ദ്രന്റെ വ്യാസത്തിന്റെ യോജനകളായ 480-ന് അതിന്റെ ആകാശ ചുറ്റളവിന്റെ യോജനകളുമായുള്ള ബന്ധം പോലെയാണ്. ഇതേപോലെ സൂര്യവ്യാസത്തിന്റെ നാഴികയും കണക്കാക്കപ്പെട്ടിട്ടുണ്ട്. ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തിൽ അതിന്റെ വ്യാസം 6522-ഉം പുൽസന്റെ അഭിപ്രായത്തിൽ 6480-ഉം ആകുന്നു. പുൽസനു ചന്ദ്രഗോളത്തിന്റെ നാഴിക 32 ആണെന്നു കിട്ടിയപ്പോൾ അതിനെ ഭാഗിച്ചു ശുക്രനു പകുതിയും വ്യാഴത്തിന് 1/4-ഉം ബുധൻ ഗ്രഹത്തിന് 1/8-ഉം ശനിക്ക് 1/16-ഉം ചൊവ്വയ്ക്ക് 1/32-ഉം ആയി കൊടുത്തു. ഈ വ്യവസ്ഥ അദ്ദേഹത്തിന് ഇഷ്ടമായിരുന്നതായി മനസ്സിലാക്കുന്നു. വാസ്തവത്തിൽ ശുക്രന്റെ വ്യാസം കാഴ്ചയിൽ ചന്ദ്രന്റെ വ്യാസത്തിന്റെ പകുതിയോ ചൊവ്വയുടെ 1/16-ഓ അല്ല.

എന്നാൽ, സൂര്യന്റെയും ചന്ദ്രന്റെയും വലുപ്പം അവയ്ക്ക് ഭൂമിയുമായുള്ള അകലമനുസരിച്ച്-കണക്കാക്കുന്നതിന് ഇങ്ങനെ ചെയ്യാവുന്നതാണ്. A,B സൂര്യഗോളത്തിന്റെ വ്യാസമാണെന്നു സങ്കല്പിക്കുക. C,D ഭൂമിയുടെ വ്യാസവും, C,D,E ഭൂമിയുടെ കൂർത്ത നിഴലും E,L ഭൂഛായയുടെ ശരിയായ ഉയരവുമാണെന്നു സങ്കല്പിക്കുക. C,G രേഖയെ DB യുടെ സമാന്തര രേഖയായി നീട്ടുക. അപ്പോൾ AG CDയേക്കാൾ AB യ്ക്കുള്ള കൂടുതൽ വലുപ്പത്തെ കുറിക്കുന്നു. CI ലംബ രേഖ ഭൂമിയുടെ സൂര്യനുമായുള്ള ദൂരമാണ്. (സൂര്യാകാശത്തിന്റെ അർദ്ധവ്യാസം) സൂര്യന്റെ ശരിയായ വ്യാസം ചിലപ്പോൾ ഇതിൽ കൂടുകയും മറ്റു ചിലപ്പോൾ കുറ

യുകയും ചെയ്യും. ഇതിനെ C,K യായി വിചാരിക്കുക. ഈ രേഖക്ക് CI യുള്ള ബന്ധം C,Kയുടെ യോജനക്ക് CIയുടെ യോജനയുമായുള്ള ബന്ധം പോലെയാണ്. അപ്പോൾ A,Bയുടെ നാഴികകൾ വ്യക്തമാവുന്നു. കാരണം, അതു സൂര്യപരിധിയുടെ വ്യാസമാണ്. അതിനാലാണ് പുൽസൻ ഇപ്രകാരം പറഞ്ഞത്: സൂര്യാകാശത്തിന്റെയോ ചന്ദ്രാകാശത്തിന്റെയോ അർദ്ധവ്യാസത്തിനുള്ള യോജനകളെ അവയുടെ ശരിയായ വ്യാസം കൊണ്ട് പെരുക്കി അതിന്റെ പൂർണ വൃത്താംശ ലംബരേഖ കൊണ്ട് ഹരിക്കുക. സൂര്യനു കിട്ടുന്നതിനെ 2,22,78,240 കൊണ്ടും ചന്ദ്രനു കിട്ടുന്നതിനെ 16,50,240 കൊണ്ടും ഹരിച്ചാൽ സൂര്യന്റെയും ചന്ദ്രന്റെയും വ്യാസം നാഴികകളായി ലഭിക്കും. ഈ രണ്ട് സംഖ്യയും സൂര്യന്റെയും ചന്ദ്രന്റെയും വ്യാസങ്ങളുടെ യോജനകളെ 3438 കൊണ്ട് പെരുക്കിക്കിട്ടിയതാണ്. ഇതു പൂർണ്ണവൃത്താംശ ലംബരേഖയുടെ നാഴികകളാകുന്നു. ബ്രഹ്മഗുപ്തൻ പറയുന്നു: സൂര്യനക്ഷത്രാദികളുടെ യോജനകളെ 3416 കൊണ്ട് (പൂർണ്ണ വൃത്താംശ ലംബരേഖ) പെരുക്കുക. കിട്ടിയ ഉത്തരത്തെ അവയുടെ ആകാശത്തിന്റെ അർദ്ധവ്യാസ യോജനകൊണ്ട് ഹരിക്കുക. ഈ ഹരണംകൊണ്ട് സൂര്യഗോളം വ്യത്യാസപ്പെടാത്തതിനാൽ അതു ശരിയായ ഭാഗിക്കലല്ല. വ്യാഖ്യാതാവായ ബലഭദ്രനും പുൽസൻ അഭിപ്രായപ്പെടുന്നതുപോലെ തന്നെ ഹരിക്കേണ്ടതു ശരിയായ വ്യാസം കൊണ്ടാണെന്നു പറയുന്നു: ഭൂവ്യാസത്തിന്റെ യോജനയായ 1581-നെ സൂര്യവ്യാസത്തിന്റെ യോജനയായ 6522-ൽനിന്നു കഴിച്ചാൽ 4941 ബാക്കി കിട്ടും. ഇതുകൊണ്ടാണ് ഹരിക്കേണ്ടത്. ഇതു നാം വരച്ച ക്ഷേത്രത്തിൽ AG ആകുന്നു. പിന്നീടു ഭൂമിയുടെ വ്യാസത്തെ ശരിയായ സൂര്യവ്യാസംകൊണ്ട് പെരുക്കി. മേൽ പറഞ്ഞ സംഖ്യകൊണ്ട് ഹരിക്കുകയാണെങ്കിൽ ശരിയായ വ്യാസം കാണാം. AGC എന്ന ത്രികോണവും CDE എന്ന ത്രികോണവും ഒരു പോലെയാണെന്നതു വ്യക്തമാണ്. CI ലംബ രേഖയുടെ തുക വ്യത്യാസപ്പെടുകയില്ല. ശരിപ്പെടുത്തിയ വ്യാസം കൊണ്ടാണ് A,B കാഴ്ചയിൽ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നത്. B, C, K വ്യാസം ആയി വിവരിക്കുക. AJ, GF സമാന്തര രേഖകളായി നീട്ടുക. J, K, Fരേഖയെ A, B സമാന്തര രേഖയിലേക്കു നീട്ടുക. അപ്പോൾ ഈ രേഖ ഹാരകമായി നാം നിശ്ചയിച്ച രേഖയോടു തുല്ല്യമാണ്. J, C, M നീട്ടുക. അപ്പോൾ M എന്ന ബിന്ദു നിഴലിന്റെ കൂർത്ത അറ്റമായിരിക്കും. ഹരിക്കാൻ നിർദ്ദേശിക്കപ്പെട്ട J, Fന് K,Cയുമായുള്ള ബന്ധം (ശരിയായ വ്യാസം) C, Dക്ക് (ഭൂ വ്യാസം) M, L (ശരിയായ വ്യാസം)വുമായുള്ള ബന്ധം പോലെയാണ്. ഇതു വൃത്താംശ ലംബരേഖയുടെ നാഴികകൊണ്ട് കണക്കാക്കപ്പെട്ടതാകുന്നു. ഇവിടെ പകർപ്പിൽ എന്തോ തെറ്റു വന്നതായി തോന്നുന്നു. കാരണം K, Cയെ ഭൂ വ്യാസംകൊണ്ട് പെരുക്കണമെന്നാണ് അദ്ദേഹം പറയുന്നത്. അപ്പോൾ ഭൂമിയുടെ കേന്ദ്ര ബിന്ദു

വിന്റെ നീളം മുതൽ നിഴലിന്റെ അറ്റം വരെ കിട്ടുന്നതാണ്. ഇതിൽനിന്നു ശരിയായ വ്യാസം കിഴിച്ചു ബാക്കി വരുന്നതിനെ ഭൂമിയുടെ വ്യാസം കൊണ്ട് പെരുക്കി ശരിയായ വ്യാസം കൊണ്ട് ഹരിക്കുക. അപ്പോൾ ചന്ദ്രാകാശത്തിലുള്ള നിഴലിന്റെ വ്യാസം കിട്ടുന്നതാണ്. ചന്ദ്രന്റെ ശരിയായ വ്യാസം L, O ആണെന്ന് ആണെന്നു വിചാരിക്കുക. Q, N എന്നത് L O അർദ്ധവ്യാസമായ ചന്ദ്രന്റെ ആകാശത്തിൽ പെട്ടതാണ്. LM എന്ന രേഖയെ വൃത്താംശ ലംബരേഖയുടെ നാഴികകളായി വിവരിച്ചാൽ അതിന് CDയുമായുള്ള ബന്ധം MO രേഖയ്ക്ക് (നാഴികകളായ നിലയിൽ) POയുമായുള്ള ബന്ധം പോലെയാണ്. അദ്ദേഹം LM രേഖയെ (ശരിയായ വ്യാസം) യോജനയാക്കി മാറ്റാൻ ശ്രമിക്കുകയാണെന്നാണു തോന്നുന്നത്. അത് ഈ രേഖയെ ഭൂ വ്യാസ യോജനകൊണ്ട് പെരുക്കി വൃത്താംശ ലംബരേഖയുടെ ഇരട്ടികൊണ്ട് ഹരിക്കുന്നതുകൊണ്ടേ കിട്ടുകയുള്ളൂ. വീണ്ടും LM എന്ന രേഖയെ യോജനകളാക്കിയാൽ LO വിനെയും യോജനകളാക്കി മാറ്റേണ്ടി വരും. എന്നാലേ MOയ്ക്കുള്ള തുക ശരിയാവുകയുള്ളൂ. ഇതനുസരിച്ചു നിഴലിന്റെ വ്യാസമായി കിട്ടുന്നത് യോജനകളായിരിക്കും. അദ്ദേഹം തുടർന്നു പറയുകയാണ്: കിട്ടിയ നിഴലിനെ പൂർണ്ണവൃത്താംശ ലംബരേഖകൊണ്ട് പെരുക്കി ശരിയായ വ്യാസംകൊണ്ട് ഹരിച്ചാൽ ഉദ്ദേശിക്കപ്പെട്ട നിഴലിന്റെ നാഴികകൾ ലഭിക്കുന്നു. ഇത് അദ്ദേഹം ചെയ്യാത്തതുകൊണ്ട് ശരിയായ വ്യാസത്തിന്റെ നാഴികയാണ് അദ്ദേഹം കണക്കാക്കിയതെന്നും അതിന്റെ യോജനകൾ അല്ല എന്നും മനസ്സിലാകുന്നു. അതിനാൽ, അർദ്ധവ്യാസം LO ആയി വരുന്ന വൃത്തത്തിന്റെ നിഴലാണ് അദ്ദേഹത്തിനു കിട്ടിയത്. പൂർണ്ണവൃത്ത ലംബരേഖ വ്യാസമായി വരുന്ന വൃത്തത്തിലുള്ള നിഴൽ അദ്ദേഹത്തിനു കിട്ടിയില്ല. RPയ്ക്ക് OLമായുള്ള ബന്ധം RPയുടെ നിശ്ചിത തുകയ്ക്ക് പൂർണ്ണവൃത്താംശ ലംബരേഖ എന്ന നിലയ്ക്ക് OLമായുള്ള ബന്ധം തുല്ല്യമാണ്. ഇതനുസരിച്ചു നമുക്കതിനെ മാറ്റാൻ കഴിയും. അദ്ദേഹം മറ്റൊരിടത്ത് ഇങ്ങനെ പറയുന്നു: ഭൂമിയുടെ വ്യാസം 1581–ഉം ചന്ദ്രന്റെ വ്യാസം 480–ഉം സൂര്യന്റെ വ്യാസം 6522–ഉം നിഴലിന്റെ വ്യാസം 1581–ഉം ആകുന്നു. അതിനാൽ, ഭൂമിയുടെ യോജനകളെ സൂര്യന്റെ യോജനകളിൽനിന്നു കിഴിച്ചാൽ 4941 കിട്ടുന്നു, ഇതിനെ ശരിയായ ചന്ദ്രവ്യാസത്തിന്റെ യോജനകൾക്കൊണ്ട് പെരുക്കി ശരിയായ സൂര്യവ്യാസത്തിന്റെ യോജനകൾക്കൊണ്ട് ഹരിച്ചാൽ കിട്ടുന്നതിനെ 1581–ൽനിന്നു കിഴിച്ചാൽ ചന്ദ്രാകാശത്തിലുള്ള നിഴലിന്റെ തുക ശേഷിക്കുന്നതാണ്. പിന്നീട് അതിനെ 3416 കൊണ്ട് പെരുക്കി ഉത്തരത്തെ ചന്ദ്രാകാശത്തിന്റെ അർദ്ധവ്യാസയോജനകൾക്കൊണ്ട് ഹരിച്ചാൽ നിഴലിന്റെ വ്യാസ നാഴികകൾ കിട്ടുന്നതാണ്. 'ഭൂവ്യാസ' യോജനകളെ 'സൂര്യവ്യാസ' യോജനകളിൽ നിന്നു കിഴിച്ചാൽ AG കിട്ടും. (അതാത് JF) FCയെ ഝവിലേക്കു

നീട്ടുക. KC ലംബരേഖയെ H ലേക്കും നീട്ടുക. എന്നാൽ, J Fനു KC യുമായുള്ള ബന്ധം (ശരിയായ സൂര്യ വ്യാസം) QRന് MCയുമായുള്ള ബന്ധം (ശരിയായ ചന്ദ്ര വ്യാസം) പോലെയാകുന്നു. ഈ രണ്ട് ശരിയായ വ്യാസങ്ങൾ യോജനകളാക്കി മാറ്റിയാലും ഇല്ലെങ്കിലും യാതൊരു വ്യത്യാസവും വരുന്നില്ല. കാരണം, ഞഡ രേഖ യോജന തുകകൊണ്ടാണ് നീട്ടുന്നത്. PN രേഖയെ HQരേഖയോടു സമമായി നീട്ടുന്നു. അപ്പോൾ MN, CD എന്ന വ്യാസത്തോടു സമമാണെന്നു തീർച്ചയാണ്. അപ്പോൾ കിട്ടേണ്ടത് RP ആകുന്നു. പക്ഷേ, RPയോടു തുല്ല്യമായ തുക ഭൂ വ്യാസത്തിൽനിന്നു ലഭിക്കുകയും ചെയ്യും. ഈ കണക്ക് ഉദ്ധരിച്ച ആളെ തെറ്റിദ്ധരിക്കാൻ ന്യായമില്ല. ഈ പിശക് പകർപ്പിൽ വന്നതാവാനേ തരമുള്ളൂ. എന്നാൽ, കിഴിക്കാനായി അദ്ദേഹം നിർദ്ദേശിച്ച സാങ്കല്പിക നിഴലിന്റെ തുക മദ്ധ്യതുകയായിരിക്കാൻ വഴിയില്ല. എന്തെന്നാൽ മദ്ധ്യതുക എന്നത് ഏറ്റക്കുറച്ചിലിന്റെ ഇടയ്ക്കുള്ളതായിരിക്കുമല്ലോ. നിഴലിന്റെ ഏറ്റവും വലിയ തുകയായിരിക്കാനും തരമില്ല. അങ്ങനെയാണെങ്കിൽ ആ തുകയോടു കൂട്ടേണ്ടി വരികയില്ലല്ലോ. കിഴിക്കേണ്ട തുകയായ RQ എന്നത് ഒരു ത്രികോണത്തിന്റെ ആധാര രേഖയാണ്. അതിന്റെ QC വശം OL രേഖയുമായി സൂര്യന്റെ ഭാഗത്തു കൂടിച്ചേരുന്നു. നിഴലിന്റെ ഭാഗത്തല്ല. അപ്പോൾ R Q രേഖക്ക് നിഴലുമായി ബന്ധമില്ല. അതിനാൽ, കിഴിക്കേണ്ടത് ചന്ദ്ര വ്യാസത്തിൽ നിന്നാണ്. പിന്നീട് RPയ്ക്ക് (യോജനകളായി ലഭിച്ച) OLമായുള്ള (ചന്ദ്രന്റെ ശരിയായ വ്യാസത്തിന്റെ യോജനകൾ) ബന്ധം നാഴികകൊണ്ട് കണക്കാക്കിയ RPക്ക് പൂർണ്ണവൃത്താംശ ലംബരേഖയായി എടുത്ത OLമായുള്ള ബന്ധത്തോടു തുല്ല്യമാണ്. ഈ നിലയിൽ ചെയ്യുകയാണെങ്കിൽ ശരിയായ ലക്ഷ്യത്തിൽ എത്തിച്ചേരും. ചന്ദ്രന്റെ മദ്ധ്യഅർദ്ധവ്യാസം കൊണ്ട് ഹരിക്കേണ്ട ആവശ്യം വരുന്നതുമല്ല.



സൂര്യ-ചന്ദ്രാദികളുടെ വ്യാസം അറിയുന്നതിന്റെ മാർഗ്ഗങ്ങളെ കുറിച്ചു 'കണ്ഠകാതിക'യിലും കർണ്ണ സാരത്തിലും പറഞ്ഞത് ഖവാറസ്മിയുടെ പഞ്ചാംഗത്തിൽ വിവരിച്ചതുപോലെ തന്നെയാണ്. നിഴലിന്റെ വ്യാസത്തെ കുറിച്ചും കണ്ഠകാതികയിലുള്ളത് അതേ പോലെതന്നെയാണ്. എന്നാൽ, കർണ്ണസാരത്തിൽ ഇങ്ങനെ വിവരിക്കുന്നു: ചന്ദ്രന്റെ സഞ്ചാരത്തെ 4 കൊണ്ടും സൂര്യന്റെ സഞ്ചാരത്തെ മൂന്നുകൊണ്ടും പെരുക്കി ഒരു സംഖ്യയെ മറ്റൊരു സംഖ്യയിൽ കിഴിച്ചു ബാക്കി വരുന്നതിനെ മുപ്പതുകൊണ്ട് ഹരിച്ചാൽ നിഴൽ വ്യാസം കിട്ടുന്നതാണ്. 'കർണ്ണതിലക'ത്തിൽ ഇങ്ങനെയാണു പറയുന്നത്. സൂര്യ സഞ്ചാരത്തെ രണ്ടായി ഭാഗിച്ചു രണ്ടിടത്ത് എഴുതുകയും ഒരിടത്തുള്ളതിനെ പത്തുകൊണ്ട് ഹരിച്ചു കിട്ടിയതിനെ മറ്റേ സ്ഥലത്തുള്ള സംഖ്യയോടു കൂട്ടുകയും ചെയ്താൽ സൂര്യവ്യാസത്തിന്റെ നാഴികകൾ കിട്ടുന്നതാണ്. ചന്ദ്രന്റെ ചലനം കണക്കാക്കുകയും അതിന്റെ എൺപതിലൊന്ന് (1/80) അതിനോടു കൂട്ടുകയും ചെയ്ത ശേഷം ഉത്തരത്തെ ഇരുപത്തി അഞ്ചുകൊണ്ട് ഹരിച്ചാൽ ചന്ദ്രവ്യാസം നാഴികകൾ കിട്ടുന്നതാണ്. സൂര്യചലനത്തെ മൂന്നുകൊണ്ട് പെരുക്കി കിട്ടിയതിൽനിന്ന് ഇരുപത്തി ഒന്നിൽ ഒന്ന് (1/21) കിഴിക്കുകയും ബാക്കി വരുന്നതിനെ ചന്ദ്ര ചലനത്തിൽനിന്നു കിഴിക്കുകയും ശിഷ്ടമുള്ളതിന്റെ ഇരട്ടിയെ പതിനഞ്ചുകൊണ്ട് ഹരിക്കുകയും ചെയ്താൽ നിഴലിന്റെ നാഴികകൾ കിട്ടുന്നതാണ്. അവരുടെ പഞ്ചാംഗങ്ങളിലുള്ള വിവരങ്ങളെല്ലാം നാം ഇവിടെ ഉദ്ധരിക്കുകയാണെങ്കിൽ ഉദ്ദേശ്യത്തിൽനിന്നു വ്യതിചലിച്ചു പോയേക്കുമെന്നു ഭയപ്പെടുന്നതിനാൽ നമ്മുടെ വിഷയവുമായി ബന്ധമുള്ളതും അപൂർവ്വമായതും നമ്മുടെ നാട്ടുകാർക്കിടയിൽ പ്രചാരമില്ലാത്തതും മാത്രമേ നാമിവിടെ വിവരിക്കുന്നുള്ളൂ.

അധ്യായം 56

ചന്ദ്രന്റെ ഞാറ്റുവേലകൾ

ഇന്ത്യക്കാർ ഞാറ്റുവേലകൾ കണക്കാക്കുന്നത് രാശി ഗണനം പോലെ തന്നെ രാശിമണ്ഡല രേഖയെ ഇരുപത്തി ഏഴായി സമനിലയിൽ ഭാഗിച്ചാണ്. ഇതിൽ ഒരോന്നിനും ഞാറ്റുവേല എന്നു പറയുന്നത് ആരേഖയെ പന്ത്രണ്ട് സമഭാഗങ്ങളായി ഭാഗിച്ച് ഓരൊന്നിനും രാശി എന്നു പറയുന്നതു പോലെയാണ്. ഓരോ ഞാറ്റുവേലയും 13 $^{1/3}$.... നാഴികയാണെങ്കിൽ (ഡിഗ്രിയുടെ അറുപതിലൊരു ഭാഗം (1/60)) എണ്ണൂറും ആകുന്നതാണ്. ചലനഗ്രഹങ്ങൾ ഈ ഞാറ്റുവേലയിൽ കൂടി പോയിക്കൊണ്ടിരിക്കുന്നു. അങ്ങനെ അവ വടക്കോട്ടും തെക്കോട്ടും ചലിക്കുന്നു. ഓരോ ഞാറ്റുവേലയും ജ്യോതിശാസ്ത്ര നിയമമനുസരിച്ചു രാശികളെ പോലെത്തന്നെ പ്രത്യേക സ്വഭാവങ്ങളും ഗുണങ്ങളും ഉള്ളവയാണ്. മേൽപറഞ്ഞ പ്രകാരം ഞാറ്റുവേലകളുടെ എണ്ണം കണക്കാക്കിയത് ഈ മണ്ഡലങ്ങളെ ചന്ദ്രൻ ചുറ്റിത്തീർക്കുന്നത് 27 $^{1/3}$ ദിവസം കൊണ്ടാണെന്ന നിലയ്ക്കാണ്. അറബികൾ എണ്ണം കണക്കാക്കുന്നത് പടിഞ്ഞാറുഭാഗത്തു ചന്ദ്രനെ ആദ്യമായി കണ്ടതുമുതൽ കിഴക്കു ഭാഗത്ത് അവസാനമായി കാണുന്നതു വരെയുള്ള കാലഘട്ടത്തിൽ നിന്നാണ്. അതിനുള്ള വഴി ഇങ്ങനെയാകുന്നു. ഒരു ചുറ്റലിനോട് ചന്ദ്രമാസത്തിലുള്ള സൂര്യന്റെ സഞ്ചാരം കൂട്ടുകയും ഉത്തരത്തിൽനിന്നു ചന്ദ്രചലനത്തിൽനിന്നു രണ്ട് വാവ് ദിവസത്തിലെ ചലനത്തെ കിഴിക്കുകയും ചെയ്യുക. ശിഷ്ടമുള്ളതിനെ ചന്ദ്രന്റെ ഒരു ദിവസത്തിലെ ചലനംകൊണ്ട് ഹരിക്കുക. എന്നാൽ, ഇരുപത്തി ഏഴും മുപ്പതിൽ കൂടുതലായ ഒരു ഭിന്നിതവും ലഭിക്കുന്നതാണ്. പക്ഷേ, അറബികൾ അക്ഷരാഭ്യാസമില്ലാത്തവരും കണക്കുകൂട്ടാൻ അറിയാത്തവരുമായിരുന്നതിനാൽ കാണുന്നതനുസരിച്ചു മാത്രമാണു ഞാറ്റുവേലകൾ മനസ്സിലാക്കിയിരുന്നത്. ഞാറ്റുവേലകളെ അവയിലുള്ള നിശ്ചല നക്ഷത്രങ്ങൾക്കൊണ്ട് മാത്രമാണ് അവർ കണക്കാക്കിയിരുന്നത്. ഇന്ത്യക്കാർ ചില വിഷയത്തിൽ

ചില ഗ്രഹങ്ങളെ സംബന്ധിച്ചിടത്തോളം ഇവരോടു യോജിക്കുകയും മറ്റു ചിലതിൽ വിയോജിക്കുകയും ചെയ്യുന്നു. അറബികൾ ചന്ദ്രന്റെ മാർഗ്ഗങ്ങളിൽനിന്നു തെറ്റാറില്ല. നിശ്ചല നക്ഷത്രങ്ങളിൽനിന്നു ചന്ദ്രനോട് അടുത്തു ചലിക്കുന്നവയെ അല്ലാതെ അവർ ഉപയോഗിക്കാറില്ല. എന്നാൽ, ഇന്ത്യക്കാർ ഈ നിബന്ധന അവലംബിക്കാതെ ചന്ദ്രനുമായി നേരിടുക എന്ന അടിസ്ഥാനത്തിലാണ് ഞാറ്റുവേലകൾ കണക്കാക്കിയിരുന്നത്. പിന്നീടവർ 'നസ്റുൽ വാഖിഅഃ (വീഴുന്ന പരുന്ത്)' എന്ന നക്ഷത്രത്തെയും കൂട്ടി ആകെ ഇരുപത്തി എട്ട് ഞാറ്റുവേലകളാണെന്നു പറയാൻ തുടങ്ങി. ഈ സംഗതി ശരിക്കു മനസ്സിലാക്കിയിട്ടില്ലാത്ത നമ്മുടെ ജ്യോതിശാസ്ത്രജ്ഞന്മാരും തദ്വിഷയകമായി ഗ്രന്ഥങ്ങൾ രചിച്ചവരും ഇന്ത്യക്കാർക്ക് ഞാറ്റുവേലകൾ ഇരുപത്തിഎട്ട് ആണെന്നും സൂര്യന്റെ രശ്മികൾകൊണ്ട് മാഞ്ഞുപോയ ഒരു ഞാറ്റുവേലയെ അവർ ഉപേക്ഷിച്ചു എന്നും പറയുകയുണ്ടായി. സൂര്യനു ഞാറ്റുവേലയ്ക്ക് 'മുഫ്തറഖ് (വിദൂരമായത്)' എന്നും സൂര്യനു മുമ്പുള്ള ഞാറ്റുവേലക്ക് 'മുതദഖിന' (പുകനിബിഢമായത്) എന്നും ഇന്ത്യക്കാർ പറയുന്നതായി കേട്ടതുകൊണ്ടാവാം അവർ അപ്രകാരം വാദിച്ചത്. നമ്മുടെ ആളുകളിൽ ചിലർ വിശാഖമില്ലെന്നു വാദിച്ചിട്ടുണ്ട്. തുലാം രാശിയുടെ അവസാനത്തിലും വൃശ്ചിക രാശിയുടെ ആദ്യത്തിലും വിശാഖം കരിഞ്ഞ രൂപത്തിൽ സ്ഥിതിചെയ്യുന്നു എന്ന കാരണം പറഞ്ഞാണ് അവർ അപ്രകാരം വാദിച്ചത്. എന്നാൽ, വാസ്തവത്തിൽ ഞാറ്റുവേലകൾ ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ ഇരുപത്തി ഏഴ് മാത്രമാണ്. പക്ഷേ, ശിഷ്ടം വരുന്നത് ഇവയോടു കൂട്ടിച്ചേർക്കപ്പെടുന്നുവെന്നേ ഉള്ളൂ.

വേദത്തിൽനിന്നു ബ്രഹ്മഗുപ്തൻ ഉദ്ധരിക്കുന്നു: "മേരു പർവ്വത നിവാസികളിൽ ചിലർ രണ്ട് സൂര്യനെയും രണ്ട് ചന്ദ്രനെയും അമ്പത്തിനാല് ഞാറ്റുവേലകളെയും കാണുന്നു. അതനുസരിച്ചു ദിവസങ്ങളും അധികമാകുന്നു." പിന്നീട് അദ്ദേഹം ഇതിനെ ഖണ്ഡിച്ചു പറയുകയാണ്: "ധ്രുവ പരിധിയിലുള്ള വസ്തുക്കൾ ഒരു ദിവസത്തിൽ രണ്ട് പ്രാവശ്യം തിരിയുന്നതായി നാം കാണുന്നില്ല. ഈ പ്രസ്താവനയെ ന്യായീകരിക്കാൻ കഴിയുന്ന ഒരു മാർഗവും ഞാൻ കാണുന്നില്ല." എന്നാൽ, ഏതെങ്കിലും ഒരു നക്ഷത്രത്തിന്റെ സ്ഥലമോ ഞാറ്റുവേലയിലുള്ള ഏതെങ്കിലും ഡിഗ്രിയോ അറിയാനുള്ള വഴി ഇങ്ങനെയാണ്: മേടത്തിന്റെ ആദ്യം മുതൽ അതിനുള്ള ദൂരത്തെ നാഴികയാക്കുക. (ഡിഗ്രിയുടെ അറുപതിൽ ഒന്ന് (1/60) എണ്ണൂറുകൊണ്ട് ഹരിക്കുകയും ചെയ്തു. എന്നാൽ, അതിനു മൂമ്പുള്ള പൂർണ ഞാറ്റുവേലകളും ഭിന്നവും കിട്ടുന്നതുമാണ്. ഈ ഭിന്നിതം 800 ന്റെ ഭാഗമായി കണക്കാക്കുകയോ അല്ലെങ്കിൽ ഡിഗ്രികളാക്കി മാറ്റുകയോ അറുപതു കൊണ്ടു പെരുക്കി 800 കൊണ്ട് ഹരിക്കുകയോ ചെയ്താൽ അതിന്റെ ഞാറ്റുവേലകളിൽ നിന്നും കഴി

ഞ്ഞ ഭാഗം കിട്ടുന്നതാണ്.

ഈ നിയമം ചന്ദ്രനെയും മറ്റു നക്ഷത്രങ്ങളെയും ഒന്നുപോലെ ബാധിക്കുന്നതാണ്. ചന്ദ്രനു പ്രത്യേകമായി ശിഷ്ടമുള്ളതിനെ അറുപതുകൊണ്ട് പെരുക്കി ചന്ദ്രന്റെ മിതമായ ചലനങ്ങൾക്കൊണ്ട് ഹരിച്ചാൽ അന്നു ചന്ദ്രൻ സഞ്ചരിച്ച ഭാഗം ലഭിക്കുന്നു. ഇന്ത്യക്കാർക്കു നിശ്ചല നക്ഷത്രങ്ങളുടെ കാര്യത്തിൽ കൂടുതൽ നേട്ടമില്ല. ഞാറ്റുവേലകളിലെ നക്ഷത്രങ്ങളെ നോക്കി മനസ്സിലാക്കാനും ചൂണ്ടിക്കാണിച്ചു തരാനും കഴിവുള്ളവരെ അവർക്കിടയിൽ അധികമൊന്നും എനിക്കു കാണാനും സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ കഴിയുന്നത്ര മനസ്സിലാക്കാൻ ഞാൻ പരിശ്രമിക്കുകയും ഒരു ചെറു ഗ്രന്ഥത്തിൽ അവ വിവരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യക്കാരുടെ തത്സംബന്ധമായ പ്രസ്താവനകളെ പിന്നാലെ വിവരിക്കുന്നു.

'കണ്ഠകാതിക' എന്ന പഞ്ചാംഗത്തിൽ പറഞ്ഞതനുസരിച്ചു ഞാറ്റുവേലകളുടെ നക്ഷത്രവും സ്ഥാനങ്ങളും കിഴക്ക് പടിഞ്ഞാറ് ദൂരവും അകലവും അവയുടെ എണ്ണവും പട്ടിക രൂപത്തിൽ താഴെ കൊടുക്കുന്നു. (പേജ് 364, 365)

ചിലർക്ക് നക്ഷത്ര വീക്ഷണത്തിലുള്ള പരിചയക്കുറവിനാലും നിശ്ചല നക്ഷത്രങ്ങളുടെ ചലനങ്ങൾ മനസ്സിലാക്കാത്തതിനാലും അനുമാനങ്ങളിൽ തെറ്റു പറ്റാറുണ്ട്. വരാഹമിഹിരൻ സംഹിതയിൽ പറഞ്ഞത് അതിന് ഉദാഹരണമാണ്. അദ്ദേഹം പറയുന്നു: രേവതികൊണ്ട് തുടങ്ങി മകയിരം കൊണ്ട് അവസാനിക്കുന്ന ആറ് ഞാറ്റുവേലകളിൽ കാഴ്ച കണക്കിനെ കവച്ചുവെക്കുന്നു. കാരണം, ഇവയിൽ കാഴ്ച അനുസരിച്ചു ചന്ദ്രന്റെ പ്രവേശനം കണക്കനുസരിച്ചുള്ള പ്രവേശനത്തിനു മുമ്പു സംഭവിക്കുന്നു. തിരുവാതിര കൊണ്ട് അവസാനിച്ച് അനിഴംകൊണ്ട് അവസാനിക്കുന്ന പന്ത്രണ്ട് ഞാറ്റുവേലകളിൽ ഇങ്ങനെ സംഭവിക്കുന്നത് 1/2 ഞാറ്റുവേലകൊണ്ടായിരിക്കും. അപ്പോൾ ഞാറ്റുവേല നക്ഷത്രത്തിന്റെ പകുതിയിലെത്തുമ്പോൾ കണക്കുകൊണ്ട് ആരംഭത്തിലായിരിക്കും. തൃക്കോട്ടകൊണ്ട് ആരംഭിച്ച് ഉത്രട്ടാതികൊണ്ട് അവസാനിക്കുന്ന ഒമ്പത് ഞാറ്റുവേലകളിൽ കാഴ്ച കണക്കിനേക്കാൾ പിന്നിൽ നിൽക്കുന്നതാണ്. അപ്പോൾ ചന്ദ്രൻ അഞ്ചാം വേലകളിൽ കാഴ്ചപ്രകാരം പ്രവേശിക്കുന്നതിനു മുമ്പു കണക്കനുസരിച്ച് അതിൽനിന്നു പുറത്തുപോയിട്ടുണ്ടാവും. ചില വിഷയങ്ങൾ അവർക്ക് അവ്യക്തമാണെന്നു ഞാൻ പറഞ്ഞതിന് ഉദാഹരണമാണ് അശ്വതിയെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞത്. അതായത്, കാഴ്ച കണക്കിനെ കവച്ചുവെക്കുമെന്ന് അദ്ദേഹം വിവരിച്ച ആറ് (6) ഞാറ്റുവേലകളിൽ പെട്ടതാണിത്. അതിലുള്ള രണ്ട് നക്ഷത്രം നമ്മുടെ കാലത്ത് മേടരാശിയുടെ 2/3-ലാണ് സ്ഥിതി ചെയ്യുന്നത്. വരാഹമിഹിരന്റെ കാലം നമ്മുടെ കാലത്തിന് 526

ഞാറ്റുവേലകളുടെ എണ്ണം	ഞാറ്റുവേലകളുടെ പേരുകൾ	അതിലുള്ള നക്ഷത്രങ്ങളുടെ എണ്ണം	കിഴക്കു പടിഞ്ഞാറു ദൂരം			അകലം		അകലങ്ങളുടെ ഭാഗം	നക്ഷത്രങ്ങളെ കുറിച്ചുള്ള വിവരണം
			രാശി	ഡിഗ്രി	നാഴിക (ഡിഗ്രിയുടെ 1/60)	ഡിഗ്രി	രാശി		
1	അശ്വതി	2	0	8	0	10	0	വടക്ക്	ഞണ്ടുരൂപത്തിലുള്ള നക്ഷത്രങ്ങൾ
2	ഭരണി	3	0	20	0	12	0	വടക്ക്	അവ്യക്തം
3	കാർത്തിക	6	1	7	28	5	0	വടക്ക്	കാളമുതുകിലുള്ള നക്ഷത്രങ്ങൾ
4	രോഹിണി	5	1	19	28	5	0	തെക്ക്	കാളത്തലയുള്ള നക്ഷത്രങ്ങൾ (ഇടവം രാശിയിലെ അഞ്ച് നക്ഷത്രങ്ങൾ)
5	മകീരം	3	2	3	0	5	0	തെക്ക്	മിഥുനം രാശിയിലെ ഇണ നക്ഷത്രങ്ങൾ
6	തിരുവാതിര	1	2	7	0	11	0	തെക്ക്	ഇതിന്റെ പേര് വ്യക്തമായിട്ടില്ല
7	പുണർതം	2	3	3	0	6	0	വടക്ക്	മുഴം കൈ രൂപത്തിലുള്ളത്
8	പൂയ്യം	1	3	16	0	0	0	അകലമില്ല	പരിചരൂപത്തിലുള്ളത്
9	ആയില്യം	6	3	18	0	6	0	തെക്ക്	അവ്യക്തം
10	മകം	6	4	9	0	0	0	ഇല്ല	നെറ്റിത്തട രൂപത്തിൽ രണ്ട് നക്ഷത്രങ്ങൾ
11	പൂരം	2	4	27	0	12	0	വടക്ക്	സിംഹത്തിന്റെ കണ്ഠരോമ രൂപത്തിൽ
	പൽഗുണി	...	...	...	...	...	...	...	.....
12	ഉത്രം	2	5	5	0	13	0	വടക്ക്	കൂട്ടിപ്പിണഞ്ഞ മുടിയുടെ രൂപത്തിൽ

	പൽഗുണി	...	...	...	...	...	...	...	.....
13	അത്തം	5	5	20	0	11	0	തെക്ക്	കാക്ക നക്ഷത്രങ്ങളിൽ പെട്ടത്
14	ചിത്ര	1	6	3	0	2	0	തെക്ക്	വില്ലാളി രൂപം
15	ചോതി	1	6	19	0	37	0	വടക്ക്	മുമ്പിലൊരു നക്ഷത്രത്തോടു കൂടിയ വില്ലാളി
16	വിശാഖം	2	7	2	5	1	30	തെക്ക്	അവ്യക്തം
17	അനിഴം	4	7	14	5	3	0	തെക്ക്	മറ്റു നക്ഷത്രങ്ങളോടു കൂടെ കിരീടാകൃതിയിൽ
18	തൃക്കേട്ട	3	7	19	5	4	0	തെക്ക്	തേളാകൃതിയിലുള്ളത്
19	മൂലം	2	8	1	0	9	30	തെക്ക്	തേളിന്റെ വാലിന്റെ അഗ്രാകൃതി
20	പൂരാടം	4	8	14	0	5	20	തെക്ക്	വരുന്ന ഒട്ടകപക്ഷിയുടെ രൂപം
21	ഉത്രാടം	4	8	20	0	5	0	തെക്ക്	മടങ്ങിപോകുന്ന ഒട്ടകപക്ഷിയുടെ രൂപം
22	തിരുവോണം	3	9	8	0	30	0	വടക്ക്	പറക്കുന്ന പരുന്ത്
23	അവിട്ടം	5	9	20	0	36	0	വടക്ക്	അവ്യക്തം
24	ചതയം	1	10	20	0	0	18	തെക്ക്	അവ്യക്തം (മിക്കവാറും വെള്ളം ഒഴിച്ചുകൊടുക്കുന്ന ആളുടെ രൂപം)
25	പൂരുരുട്ടാതി	2	10	26	0	24	0	വടക്ക്	അവ്യക്തം
26	ഇത്രട്ടാതി	2	11	6	0	26	0	വടക്ക്	അവ്യക്തം (മിക്കവാറും വലിയ കുതിരയുടെ ആകൃതിയുള്ളത്)
27	രേവതി	1	0	0	0	0	0	ഇല്ല	അവ്യക്തം (രണ്ട് മത്സ്യത്തിനിടയിലുള്ള ചണനൂൽ രൂപത്തിലുള്ള നക്ഷത്രങ്ങൾ)
28	അബ്ഹജ്	3	8	25	0	62	0	വടക്ക്	വീഴുന്ന പരുന്ത്

കൊല്ലം മുമ്പാണ്. നിശ്ചല നക്ഷത്രങ്ങളെ കുറിച്ചുള്ള ഏത് അഭിപ്രായ മനുസരിച്ചു പ്രവർത്തിച്ചാലും ആ രണ്ട് നക്ഷത്രങ്ങൾ മേടരാശിയുടെ 1/3-നു മുമ്പിൽ പോകുകയില്ല. അപ്പോൾ ആ രണ്ട് നക്ഷത്രങ്ങൾ അദ്ദേഹത്തിന്റെ കാലത്ത് കണ്ഠകാതിക പഞ്ചാംഗത്തിലുള്ളതിനനുസരിച്ച് ആ രാശിയുടെ 1/3-ലോ അതിനടുത്തോ ആവുന്നതാണ്. ഇതിൽ സൂര്യ-നക്ഷത്രാദികളുടെ കണക്കു പറഞ്ഞതു ശരിയുമാണ്. നമ്മുടെ കാലത്ത് അനുഭവപ്പെട്ട 8 ഡിഗ്രികൊണ്ടുള്ള പിന്നാക്കനില അന്ന് അനുഭവപ്പെട്ടിട്ടുമില്ല. അപ്പോൾ എങ്ങനെയാണ് ആ കാലത്തു കാഴ്ച കണക്കിനെ കവച്ചുവെക്കുന്നത്? ചന്ദ്രൻ ആ രണ്ട് നക്ഷത്രങ്ങളുമായി അടുത്താൽ ഒന്നാമത്തെ ഞാറ്റുവേലയിൽനിന്ന് ഏതാണ്ട് 2/3 നടന്നുകഴിഞ്ഞിട്ടുണ്ടാവണം. ഇനി ഞാറ്റുവേലകൾ നീളുന്നതും കുറയുന്നതും നക്ഷത്രങ്ങളുടെ ദൂരമനുസരിച്ചാണ്. അവയുടെ വലുപ്പത്തിനനുസരിച്ചല്ല. ഈ വിഷയത്തെ പറ്റി ഇന്ത്യക്കാർക്കിടയിലുള്ള നിലയും അഭിപ്രായവും വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നില്ല. സപ്തർഷികളെകുറിച്ചു നാം അവരിൽനിന്നു വിവരിച്ചതും അതുപോലെ അവ്യക്തമാണ്. ബ്രഹ്മഗുപ്തൻ 'ഉത്തര കണ്ഠകാതിക'യിൽ പറയുന്നു: ഞാറ്റുവേലകളിൽനിന്ന് ചിലതിന്റെ അളവ് ചന്ദ്രൻ ഒരു ദിവസം നടക്കുന്നതിന്റെ ഒന്നര ($1^{1/2}$) വരുന്നതാണ്. അപ്പോൾ ഞാറ്റുവേല 19-45-52-18 ആയിരിക്കും. ഇത്തരത്തിലുള്ള ഞാറ്റുവേലകൾ ആറാണ്. അവ രോഹിണി, പുണർതം, ഉത്രം, വിശാഖം, ഉത്രാടം, ഉത്രട്ടാതി എന്നീ ഞാറ്റുവേലകളാകുന്നു. ഇതെല്ലാ കൂടി 118-35-18-48 ആകുന്നു. അതിൽ ഹ്രസ്വ ഞാറ്റുവേലകളുണ്ട്. അവയിൽ ഓരോന്നും ചന്ദ്രന്റെ ചലനത്തിന്റെ പകുതിയേ ഉണ്ടാവുകയുള്ളൂ. അപ്പോൾ അത് 6-35-17-26 ആയി വരുന്നതാണ്. ഭരണി, തിരുവാതിര, ആയില്യം, ചോതി, തൃക്കോട്ട, പൂരുരുട്ടാതി എന്നിവയാണ് പ്രസ്തുത ആറെണ്ണം. ഇവയെല്ലാം കൂടി 39-31-44-36 ആയിത്തീരുന്നു. ബാക്കിയുള്ള പതിനഞ്ച് ഞാറ്റുവേലകൾ ചന്ദ്രന്റെ ഒരു ദിവസത്തെ ചലനത്തിനോടു തുല്യമാണ്. അപ്പോൾ ഒരു ഞാറ്റുവോല 13-10-34-52 എന്നും ഇവ എല്ലാം കൂടി. 197-38-48 എന്നും ആകക്കുന്നതാണ്. മേലുദ്ധരിച്ച മൂന്നു തരത്തിലുള്ള ഞാറ്റുവേലകളെല്ലാം കൂടി ച്ചേർന്നാൽ 355-45-41-24 എന്നിങ്ങനെ ആകും. ഒരു ചുറ്റൽ പൂർത്തിയാവാൻ ഇതിലേക്ക് 4-14-18-36 കൂടി വേണ്ടിവരുന്നു. ഈ ഭാഗത്തിനാണ് ഉപേക്ഷിക്കപ്പെട്ട 'തിരുവോണം' എന്നു പറയുന്നത്. ഇതിനെ കുറിച്ചു മേൽപറഞ്ഞ എന്റെ ലഘുലേഖയിൽ സവിസ്തരം വിവരിച്ചിട്ടുണ്ട്. ഇന്ത്യക്കാർക്ക് നിശ്ചല നക്ഷത്രങ്ങളുടെ ചലനങ്ങളെ കുറിച്ചുള്ള വിവരക്കുറവിന് ഉദാഹരണമാണു വരാഹമിഹിരന്റെ സംഹിതയിൽ വന്ന പ്രസ്താവന. അദ്ദേഹം പറയുന്നു: പൗരാണിക ഗ്രന്ഥങ്ങളിൽ കാണുന്നത് 'ഉത്തരായന ബിന്ദു' ആയില്യത്തിന്റെ മധ്യത്തിലും ദക്ഷിണായന ബിന്ദു ച

തയത്തിന്റെ മധ്യത്തിലും ആവുന്നു എന്നാണ്. ഇത് അക്കാലത്തു ശരിയായിരുന്നു. ഇന്നാകട്ടെ ഉത്തരായനബിന്ദു 'കർക്കിടക രാശി'യും ആദ്യത്തിലും 'ദക്ഷിണായന ബിന്ദു' മകരരാശിയുടെ ആദ്യത്തിലുമാണ്. ഈ വസ്തുതയിൽ ആർക്കെങ്കിലും സംശയം ജനിക്കുകയും പുരാതന ഗ്രന്ഥങ്ങളിൽ ഉള്ളതാണ് ശരിയെന്നു വാദിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അദ്ദേഹം സമനിരപ്പായ ഒരിടത്തുനിന്ന് നക്ഷത്രം 'ഉത്തരായന ബിന്ദു' വോടടുക്കുമ്പോൾ ശരിയായി ശ്രദ്ധിക്കുകയും അവിടെ ഒരു വൃത്തം വരയ്ക്കുകയും ചെയ്ത ശേഷം ആ വൃത്തത്തിന്റെ കേന്ദ്രത്തിൽ ചക്രവാളത്തിലെ ലംബരേഖ എന്നോണം ഒരു രൂപം നാട്ടുകയും ചെയ്യട്ടെ. ആ രൂപത്തിന്റെ നിഴലിന്റെ അറ്റം വൃത്ത രേഖയുമായി അടുക്കുമ്പോൾ അവിടെ അടയാളപ്പെടുത്തേണ്ടതാണ്. പിറ്റേ ദിവസം അദ്ദേഹം അതേസമയത്തു തന്നെ വന്ന് തലേ ദിവസം ചെയ്ത പോലെ ചെയ്തു നോക്കിയശേഷം നിഴലിന്റെ അറ്റം തലേ ദിവസത്തെ അടയാളത്തിൽനിന്നു തെക്കോട്ടു നീങ്ങിയിട്ടുണ്ടെങ്കിൽ സൂര്യൻ വടക്കോട്ടു ചലിക്കുകയാണെന്നും തെക്കോട്ടു തിരിയാൻ തുടങ്ങിയിട്ടില്ലെന്നും ആ അടയാളം വടക്കോട്ടു നീങ്ങിയതായി കണ്ടാൽ സൂര്യൻ തെക്കോട്ടു നീങ്ങിത്തുടങ്ങിയിട്ടുണ്ടെന്നും അദ്ദേഹത്തിനു മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഈ പരീക്ഷണം എപ്പോഴും നടത്തുകയും 'അയനബിന്ദു'വിൽനിന്നു മടങ്ങുന്ന ദിവസം മനസ്സിലാക്കുകയും ചെയ്താൽ നാം പ്രസ്താവിച്ചത് അദ്ദേഹത്തിനു ബോധ്യമാവും. വരാഹമിഹിരനു കിഴക്കുഭാഗത്തേക്ക് നിശ്ചല നക്ഷത്രത്തിനു ചലനമുണ്ടെന്ന വസ്തുത അറിവില്ലായിരുന്നു എന്നതിന് ഒരു തെളിവാണു മേലുദ്ധരിച്ചത്. അയനബിന്ദു പടിഞ്ഞാറു ഭാഗത്തേക്ക് ചലിച്ചുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞതും അതിനൊരു പ്രത്യക്ഷ തെളിവാണ്. അതേ കാരണത്താൽ ഞാറ്റുവേലകളെ കുറിച്ച് അദ്ദേഹം ചെയ്ത പ്രസ്താവനകളും അവ്യക്തമായിപ്പോയിട്ടുണ്ട്. എന്നാൽ, രാശികൾ മിശ്രബിന്ദുവിൽനിന്നു പന്ത്രണ്ടിലൊന്ന് (1/12)കൊണ്ട് ആരംഭിച്ചു വടക്കോട്ട് രാശി മണ്ഡലങ്ങളിൽ കൂടി നീങ്ങുന്നുവെന്ന് അനുമാനിക്കുകയാണെങ്കിൽ വടക്കെ ബിന്ദു അപ്പോഴും നാലാമത്തെ രാശിയുടെ ആദ്യത്തിലായിരിക്കും. തെക്കെ അയനബിന്ദു പത്താമത്തെ രാശിയുടെ ആദ്യത്തിൽ സ്ഥിതി ചെയ്യുന്നതായും കാണാം. ഞാറ്റുവേലകൾ ഒന്നാമത്തെ രാശിയുടെ ആദ്യം മുതൽ 1/27 കൊണ്ടാരംഭിച്ചാൽ വടക്കെ അയന ബിന്ദു എപ്പോഴും ഏഴാമത്തെ ഞാറ്റുവേലയുടെ നാലിൽ മൂന്നിലും (3/4) തെക്കെ അയന ബിന്ദു ഇരുപത്തി ഒന്നാമത്തെ ഞാറ്റുവേലയുടെ നാലിലൊന്നിലും (1/4) ആയിരിക്കുന്നതാണ്. ഈ വ്യവസ്ഥക്ക് ലോകം നിലനില്ക്കുന്ന കാലം വ്യത്യാസമുണ്ടായിരിക്കുന്നല്ല. ഞാറ്റുവേലകൾക്ക് നക്ഷത്രങ്ങളുടെ പേരുകൾ പറയുകയാണെങ്കിൽ അവ നക്ഷത്രങ്ങളോടൊപ്പം ചലിച്ചുകൊ

ണ്ടിരിക്കേണ്ടതാണ്. ഞാറ്റുവേലകളിലെയും രാശികളിലെയും നക്ഷത്രങ്ങൾ മൂൻകാലങ്ങളിൽ ഇക്കാലത്തിന്റെ മുമ്പുള്ള വിഭാഗങ്ങളിലാണ് സ്ഥിതിചെയ്തിരുന്നത്. കാലക്രമേണ അവിടെനിന്നു നീങ്ങി ഇന്നുള്ള സ്ഥലങ്ങളിൽ എത്തിക്കഴിഞ്ഞു. ഭാവിയിൽ അടുത്ത ഞാറ്റുവേലകളിലേക്ക് 3/9 ഭാഗം നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും. ആയില്യത്തിലെ നക്ഷത്രങ്ങൾ അവരുടെ അഭിപ്രായപ്രകാരം കർക്കിടകത്തിന്റെ 18-ാമത്തെ ഡിഗ്രിയിലാണു സ്ഥിതിചെയ്യുന്നത്. എന്നാൽ, രണ്ടായിരത്തി എണ്ണൂറ് കൊല്ലം മുമ്പ് ശാസ്ത്രജ്ഞന്മാർ കണക്കാക്കിയത് അനുസരിച്ച് അവ നാലാമത്തെ രാശിയുടെ ആദ്യത്തിലായിരുന്നു. കർക്കിടകരൂപം മൂന്നാമത്തെ രാശിയിൽ അയനബിന്ദുവോടു കൂടെയായിരുന്നു. കാലാന്തരത്തിൽ അയനബിന്ദു അവിടത്തന്നെ നിൽക്കുകയും നക്ഷത്രങ്ങൾ ചലിക്കുകയും ചെയ്തു എന്നല്ലാതെ വരാഹമിഹിരൻ ഊഹിച്ചതുപോലെയല്ല യാഥാർത്ഥ്യം.

അധ്യായം 57

സൂര്യരശ്മികളുടെ നക്ഷത്രങ്ങൾ പ്രത്യക്ഷപ്പെടുന്നതും അപ്പോൾ ഇന്ത്യക്കാർ നടത്തുന്ന ആചാരങ്ങളും കർമ്മങ്ങളും സംബന്ധിച്ച വിവരണം

നക്ഷത്രങ്ങളെയും ചന്ദ്രനെയും കാണുന്നതിനുള്ള മാർഗ്ഗങ്ങൾ നമ്മുടെ കൈവശമുള്ള സിദ്ധാന്ത പഞ്ചാംഗങ്ങളിൽ വിവരിക്കുന്നതു പോലെ തന്നെയാണ്. അവ കാണുന്നതിനു നിർബന്ധമായി വരുന്ന ഡിഗ്രികൾക്ക് 'കാലാംശക്' എന്നു പറയുന്നു. അതിനെ കുറിച്ച് വിജയാനന്ദന്റെ കർണ്ണതിലകത്തിൽ പറയുന്നത് താഴെ വിവരിക്കുന്നു:

ചിത്ര, ചോതി, തൃക്കേട്ട എന്നിവയ്ക്ക് പതിമൂന്ന് ഡിഗ്രിയും ഭരണി, മകയിരം, പൂയം, ആയില്യം, പൂരുരുട്ടാതി, രേവതി എന്നിവയ്ക്ക് ഇരുപത് ഡിഗ്രിയും ശേഷമുള്ളവയ്ക്ക് എല്ലാ പതിനാല് ഡിഗ്രിയുമാണ് വേണ്ടത്. ഞാറ്റുവേലകൾക്ക് അദ്ദേഹം മൂന്ന് അതിർത്തികൾ കൽപിച്ചപ്പോൾ അതിൽനിന്നു മനസ്സിലാവുന്നത് ഒന്നാമത്തെ അതിർത്തി, ഗ്രീക്കുർ നക്ഷത്രങ്ങളെ വലുപ്പമനുസരിച്ചു തരംതിരിച്ചതിൽ ഒന്നും രണ്ടും വകുപ്പിലുള്ള നക്ഷത്രങ്ങൾക്കുള്ളതും രണ്ടാമത്തെത്, മൂന്നും നാലും വകുപ്പിലുള്ള നക്ഷത്രങ്ങളുടെതും അവസാനത്തെത്, അഞ്ചും ആറും വകുപ്പിലുള്ളവയുടെയും ആകുന്നുവെന്നാണ്. ബ്രഹ്മഗുപ്തൻ തന്റെ കണ്ഠകാതികയിൽ ഈ വിഷയം വിശദമായി പറയേണ്ടതായിരുന്നു. പക്ഷേ, അദ്ദേഹം അങ്ങനെ ചെയ്യാതെ എല്ലാ ഞാറ്റുവേലകൾക്കും അവ കാണാനുള്ള ഡിഗ്രി പതിനാലാണെന്നു പറയുകയാണു ചെയ്തത്.

വിജയാനന്ദൻ ഈ വിഷയത്തെ കുറിച്ചു പറയുന്നു: സൂര്യനോ രശ്മികളോ മറച്ചുകളയാത്ത നക്ഷത്രങ്ങൾ അവിട്ടം, ചിത്ര, ചോതി, ചതയം, ഉത്രട്ടാതി എന്നിവയാണ്. അവ വളരെയധികം വടക്കോട്ടു നീങ്ങുന്നതുകൊണ്ടാണത്രെ സൂര്യനും രശ്മികളും അവയെ മറച്ചുകളയാത്തത്.

അതിനാൽ, രാത്രിയുടെ രണ്ട് അഗ്രത്തിലും അവയെ കാണാൻ സാധിക്കും." 'അഗസ്ത്യ'യുടെ ഉദയത്തെ സംബന്ധിച്ചു പല അഭിപ്രായങ്ങളും അവർ പ്രകടിപ്പിച്ചിട്ടുണ്ട്. സൂര്യൻ 'അത്ത'ത്തിൽ പ്രവേശിക്കുമ്പോൾ അസ്തമയത്തെയും അവർ കാണിക്കുന്നു. പുൽസൻ പറയുന്നത് സൂര്യൻ അതിന്റെ പരമകോടിയിൽ എത്തുമ്പോഴാണു പ്രസ്തുത നക്ഷത്രം അവ്യക്തമാവുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 2-ഉം മൂന്നിലൊന്നുമായ (2 1/3) രാശിയാണ് സൂര്യന്റെ ഉച്ചകോടി സ്ഥാനം. ഇതിന്റെ ഇരട്ടി കന്നിയുടെ 1/3)മൂന്നിലൊന്നാണ്. അത് 'അത്ത'ത്തിന്റെ ആദ്യമാകുന്നു. ഏറ്റവും ഉയർന്ന ഭാഗത്തിന്റെ പകുതി ഇടവത്തിന്റെ മൂന്നിലൊന്നിലും ആയിരിക്കും. ഇത് രോഹിണിയുടെ ആരംഭത്തിലുമാണ്. ബ്രഹ്മഗുപ്തൻ 'കണ്ഠകാതിക'യുടെ പരിഷ്ക്കരിച്ച പതിപ്പിൽ ഇങ്ങനെ പറയുന്നു:

"അഗസ്ത്യയുടെ സ്ഥാനം മിഥുനത്തിന്റെ ഇരുപത്തി ഏഴാമത് ഡിഗ്രിയിലാണ്. അതിന്റെ അകലം തെക്കോട്ട് എഴുപത്തി ഒന്നാമത് ഡിഗ്രിയിലുമാകുന്നു. അതിന്റെ കാഴ്ച സൂര്യനിൽനിന്നു പന്ത്രണ്ട് ഡിഗ്രി ദൂരെയാണ്. 'മാഗേവ്രാത'യുടെ സ്ഥാനം മിഥുനത്തിന്റെ ഇരുപത്തി ആറാമത് ഡിഗ്രിയിയിലും അതിന്റെ അകലം തെക്കോട്ട് നാൽപത് ഡിഗ്രിയുമാണ്. അതിന്റെ കാഴ്ച പതിമൂന്ന് ഡിഗ്രിയാണ്. ഈ രണ്ട് നക്ഷത്രങ്ങളുടെയും ഉദയസമയം അറിയണമെങ്കിൽ സൂര്യൻ ആ നക്ഷത്രത്തിന്റെ സ്ഥാനത്താണെന്നും പകലിൽനിന്നു കഴിഞ്ഞ സമയം അതിന്റെ കാഴ്ചയാണെന്നും അനുമാനിക്കുക. അതനുസരിച്ചു ഗ്രഹത്തിന്റെ സ്ഥലവും നിശ്ചയിക്കുക. എന്നാൽ, സൂര്യൻ പ്രസ്തുത ഗ്രഹത്തിന്റെ ഡിഗ്രിയിലെത്തുമ്പോൾ പ്രസ്തുത നക്ഷത്രത്തിന്റെ ആരംഭക്കാഴ്ച ലഭിക്കുന്നതാണ്. അതിന്റെ അസ്തമയമറിയുന്നതിനു നക്ഷത്രത്തിന്റെ ഡിഗ്രിയിലേക്കു രാശികളെകൂടി കൂട്ടുകയും മൊത്ത സംഖ്യയിൽനിന്നു കാണുന്നതിന് ആവശ്യമായി വരുന്ന ഡിഗ്രിയെ കിഴിക്കുകയും ചെയ്യുക. ശിഷ്ടമുള്ളതിൽ ഗ്രഹത്തെ നിർത്തുക. സൂര്യൻ ആ ഗ്രഹത്തിന്റെ ഡിഗ്രിയിലെത്തുമ്പോൾ പ്രസ്തുത നക്ഷത്രത്തിന്റെ അസ്തമയ സമയം ലഭിക്കുന്നതാണ്.

ചില നക്ഷത്രങ്ങൾ ഉദിക്കുമ്പോൾ നടത്താറുള്ള വഴിപാടുകളും ആചാരങ്ങളും സംഹിതയിൽ വിവരിച്ചിട്ടുണ്ട്. നാം അവയെ പരിഭാഷ ചെയ്തു കിട്ടിയതനുസരിച്ചു പൂർണ്ണമായും ഇവിടെ ഉദ്ധരിക്കുന്നു. വരാഹമിഹിരൻ പറയുകയാണ്: "ആദ്യമായി സൂര്യൻ ഉദിക്കാൻ തുടങ്ങുകയും വിന്ധ്യാപർവ്വതത്തിനു മീതെ ഉയരുകയും ചെയ്തപ്പോൾ ആ പർവ്വതത്തിനു സൂര്യന്റെ ഉയർച്ച ഇഷ്ടമാകാതെ അഹങ്കാരത്തോടെ അതു സൂര്യനെ തടഞ്ഞ് അതിന്റെ മുകളിലൂടെയുള്ള സഞ്ചാരം നിർത്താൻ ശ്രമിച്ചു. അതു മേൽപ്പോട്ട് പൊങ്ങി ദേവന്മാരുടെ വാസ

സ്ഥലമായ 'വൃദ്ദാസർ' എന്ന സ്വർഗം വരെ എത്തി. ഇതുകണ്ട് സന്തുഷ്ടരായ ദേവന്മാർ അതിലെ തോട്ടങ്ങളും ഉല്ലാസ സ്ഥലങ്ങളും കണ്ട് അതിലേക്കു മാറിത്താമസിച്ചു. അവരുടെ സ്ത്രീകളും കുട്ടികളും ആ പർവ്വതത്തിൽ സുഖമായി വിഹരിക്കാൻ തുടങ്ങി. ദേവകന്യകകളുടെ ശുഭ്ര വസ്ത്രങ്ങളിൽ കാറ്റ് തട്ടുമ്പോൾ അവ പതാകകൾ പോലെ പാറിക്കളിച്ചു. അവിടത്തെ വനങ്ങളിലുള്ള സിംഹങ്ങളും പുലികളും വർമർ എന്നറിയപ്പെടുന്ന ജീവികളുടെ ആധിക്യം മൂലം നീലവർണ്ണമാവാൻ തുടങ്ങി. ഈ ജീവികൾ അവയുടെ കൂട്ടത്തിൽ ചെന്ന് കുളമ്പുകൊണ്ട് അവയുടെ ശരീരം മാന്തിക്കീറി രക്തം കുടിക്കുകയും മാംസം ഭക്ഷിക്കുകയും ചെയ്യാറുണ്ടായിരുന്നു. അവിടെ അക്രമിക്കാൻ മുതിർന്ന ആനകൾ ബോധംകെട്ടു വീഴാറുണ്ടായിരുന്നു. കുരങ്ങുകളും കരടികളും ആ മലയുടെ ഉയർന്ന ഭാഗങ്ങളിൽ ആകാശത്തേക്ക് ഉയർന്നു പോവുകയാണെന്നു തോന്നുമാറ് ഉന്മേഷഭരിതരായി കാണപ്പെട്ടു. ധാരാളം സന്യാസികൾ അവിടത്തെ കാടുകളിൽ പഴങ്ങൾ ഭക്ഷിച്ചു ജീവിച്ചിരുന്നു. മലയുടെ ഇ നിലയെല്ലാം വരുണന്റെ മകൻ അഗസ്ത്യൻ കണ്ടപ്പോൾ അവിടെ താമസമുറപ്പിക്കാൻ തീരുമാനിച്ചു. അദ്ദേഹം രാക്കഥ പറഞ്ഞു രസിക്കാനുള്ള കൂട്ടുകാരനായി മലയെ സങ്കല്പിച്ച് അവിടെ താമസം തുടങ്ങി. അവിടെനിന്ന് അദ്ദേഹം സമുദ്രത്തിലിറങ്ങി വെള്ളം കുടിച്ചപ്പോൾ അതിലെ വെള്ളം വറ്റിപ്പോവുകുകയും വിന്ധ്യാപർവ്വതത്തിന്റെ അസ്തിവാരം പ്രത്യക്ഷമാകുകയും ചെയ്തു. മകര മത്സ്യവും മറ്റു ജലജീവികളും മലയോട് ഒട്ടിക്കൂടി അവിടം മാന്തിത്തുരന്നു ദ്വാരങ്ങളും കുഴികളും ഉണ്ടാക്കിത്തീർത്തു. ക്രമേണ ആ കുഴികളിൽ രത്നങ്ങളും മുത്തുകളും വിളയുകയും ഇവകൊണ്ടും അരികിലുള്ള വൃക്ഷങ്ങൾ കൊണ്ടും മുകൾ ഭാഗത്തു ചുറ്റിപ്പിണഞ്ഞു കിടക്കുന്ന സർപ്പങ്ങളെക്കൊണ്ടും പർവ്വതം വളരെ അലംകൃതമാവുകയും ചെയ്തു. ദേവന്മാർ പൊൻമുടികൾ ഉണ്ടാക്കുന്നതിന് ഉപയോഗിച്ചിരുന്ന അലങ്കാര സാധനങ്ങൾ അഗസ്ത്യന്റെ അനീതിയുടെ പ്രതിഫലമായി അതിനു ലഭിച്ചു. വെള്ളം വറ്റിച്ചതിനു പകരമായി സമുദ്രത്തിന് "അതിലെ മത്സ്യങ്ങൾ പ്രകാശിക്കുക, രത്നങ്ങൾ വിളയുക, പാമ്പുകളും ആനകളും നിലകൊള്ളുക" എന്ന സിദ്ധി ലഭിച്ചു. മത്സ്യം, അച്ച്, ചിപ്പി തുടങ്ങിയവ അതിന്റെ മുകളിൽ കണ്ടാൽ ശരത്കാലത്തു മുകളിൽ വെള്ളത്താമര പൊന്തി നിൽക്കുന്ന ജലാശയങ്ങളാണെന്നു തോന്നിപ്പോകും. അതും ആകാശവും തമ്മിൽ പറയത്തക്ക വ്യത്യാസമൊന്നും ഇല്ലാതായി. ആകാശം നക്ഷത്രങ്ങൾ കൊണ്ടെന്നതുപോലെ സമുദ്രം രത്നങ്ങൾക്കൊണ്ട് അലങ്കരിക്കപ്പെട്ടിരിക്കുന്നു. തലയധികമുള്ള പാമ്പുകൾ സൂര്യരശ്മിപോലെ നിലകൊള്ളുന്നു. അവിടെയുള്ള സ്ഫടിക രത്നങ്ങൾ ചന്ദ്രൻ പോലെയും അതിനു മീതെയുള്ള വെളുത്ത നീരാവികൾ മേഘങ്ങൾ പോലെയും ഇത്തരം

മഹാകൃത്യങ്ങൾ നിർവ്വഹിക്കുകയും ദേവന്മാർക്കു നല്ല കിരീടങ്ങൾ നിർമ്മിക്കാനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും വിന്ധ്യാപർവ്വതത്തെ അവരുടെ ഖജാനയാക്കുകയും ചെയ്ത മഹാനെ ഞാൻ എങ്ങനെ സ്തുതിക്കാതിരിക്കും? അദ്ദേഹമത്രെ 'അഗസ്ത്യ മഹർഷി'. അദ്ദേഹത്തെക്കൊണ്ടാണ് ഭൂമിയിൽനിന്നു കൂടിച്ചേരുന്ന അഴുക്കുകളിൽ നിന്നു വെള്ളം ശുദ്ധീകരിക്കപ്പെടുന്നത്. നീച സഹവാസംകൊണ്ട് ശുദ്ധ ഹൃദത്തിൽ കടന്നുകൂടുന്ന അഴുക്കുകളും ഇദ്ദേഹത്തെകൊണ്ടു തന്നെയാണു ദുരീകരിക്കപ്പെടുന്നത്. ഈ അഗസ്ത്യൻ ഉദിക്കുകയും തോടുകളിലും നദികളിലും വെള്ളം കുറയുകയും ചെയ്താൽ നദികൾ അവയിലെ വെള്ളത്താമര, ചുവന്ന താമര എന്നിവയെ ചന്ദ്രനു കാഴ്ചവെക്കുന്നതായി കാണാം. പലവർണ്ണത്തിലുള്ള താറാവുകളും മറ്റു ജലപക്ഷികളും ആ വെള്ളത്തിൽ നീന്തിക്കളിച്ചു വഴിപാടു നടത്തുന്നു. യുവതികൾ പ്രവേശിക്കുമ്പോൾ പനിനീർ പുഷ്പവും മറ്റും സംഭാവന ചെയ്യാറുള്ളതുപോലെ ഈ വെള്ളവും സംഭാവന ചെയ്യുകയാണെന്നു തോന്നും. നദികളിലും അവയുടെ കരകളിലും താറാവുകളുടെയും മാടപ്രാവുകളുടെയും സന്തോഷഭരിതമായ നൃത്തത്തിലും പറന്നുകളിക്കുന്ന കാഴ്ചയിലും ആഹ്ലാദ ഭരിതരായ കന്യകമാർ പുഞ്ചിരിക്കുന്ന ദൃശ്യമാണു പ്രതിഫലിക്കുന്നത്. വെള്ളത്താമരകളിൽ വർചറിന്റെ കുതിച്ചുവീഴൽ കാണുമ്പോൾ വെളുത്ത കൺതടങ്ങളിലെ കറുത്ത കൺമണികൾ ഓർമ്മയിൽ വരും. ജലാശയതീരങ്ങളിലുള്ള മരങ്ങളും ചെടികളും കൺപുരികങ്ങളാണെന്നു തോന്നിപ്പോകും. ഒഴുകാത്ത ജലാശയങ്ങളിൽ ചന്ദ്രപ്രകാശം തട്ടുകയും താമരപ്പൂക്കൾ വിടരുകയും ചെയ്യുമ്പോൾ വസ്ത്രാലങ്കാരങ്ങളണിഞ്ഞ ഒരു സുന്ദരി വെളുത്ത കൺതടത്തിലെ നീല കണ്ടുകൊണ്ട് മിഴിച്ചുനോക്കുകയാണെന്നു തോന്നിപ്പോകാതിരിക്കുകയില്ല. വർഷകാലത്ത് വെള്ളപ്പൊക്കം കാരണമായി പാമ്പുകളും വിഷസാധനങ്ങളും അഴുക്കും അടിഞ്ഞുകൂടിയാൽ അഗസ്ത്യനക്ഷത്രത്തിന്റെ ഉദയത്തോടെ അവയെല്ലാം നീങ്ങുകയും വെള്ളം ശുദ്ധമാവുകയും ചെയ്യും. ശിക്ഷാർഹമായ പാപം ചെയ്ത ആളുകൾ ഈ നക്ഷത്രത്തിന്റെ പേരുപറഞ്ഞു സ്ത്രോത്രം ചെയ്താൽ അവൻ പാപമോചിതരായി നന്മ സമ്പാദിക്കും. പൗരാണിക ഋഷിമാർ അഗസ്ത്യനുദിക്കുമ്പോൾ നടത്തേണ്ട വഴിപാടുകളെ കുറിച്ചു പറഞ്ഞിട്ടുണ്ട്. രാജാക്കന്മാരുടെ മുമ്പിൽ കാഴ്ചവെക്കുന്നതുപോലെ ആ വഴിപാടുകളെ കുറിച്ചുള്ള വിവരണം ഞാൻ അദ്ദേഹത്തിനു മുമ്പിൽ കാഴ്ചയും വഴിപാടുമായി സമർപ്പിക്കുകയാണ്. കിഴക്കുനിന്ന് സൂര്യപ്രകാശം കുറേശേ വെളിവായി തുടങ്ങുകയും പടിഞ്ഞാറു ഭാഗത്ത് ഇരുട്ടിന്റെ അവശിഷ്ടങ്ങൾ തങ്ങിനിൽക്കുകയും ചെയ്യുന്ന സമയത്താണ് അഗസ്ത്യന്റെ ഉദയം. ഉദയാരംഭം എല്ലാവർക്കും കാണുക പ്രയാസമത്രെ. ഇതിനാൽ ജ്യോത്സ്യന്മാ

രോട് ഉദയ സമയത്തെകുറിച്ച് അന്വേഷിക്കുകയും 'അർക്കം' എന്ന പേരിലറിയപ്പെടുന്ന വഴിപാടുകൾ നടത്തുകയും ചെയ്യുക, പനിനീർ പുഷ്പവും തുളസി ഇലയും മറ്റു സുഗന്ധ വസ്തുക്കളും സൗകര്യമ നുസരിച്ചു ഭൂമിയിൽ വിരിക്കുകയും അതിനു മുകളിൽ സാധിക്കുന്നത്ര സ്വർണ്ണവും സമുദ്ര രത്നങ്ങളും വസ്ത്രങ്ങളും ഇടുകയും കുങ്കുമം, ചന്ദനം, കസ്തൂരി, കൽപൂരം തുടങ്ങിയ വസ്തുക്കൾ, മറ്റു വാസന ദ്രവ്യങ്ങൾ, കാള, പശു, മറ്റു ധാരാളം ആഹാരങ്ങൾ, പലഹാരങ്ങൾ എന്നിവ ശേഖരിക്കുകയും ചെയ്യുക. ഇങ്ങനെ തുടർച്ചയായി ഏഴ് കൊല്ലം ആത്മാർത്ഥമായും നല്ല വിശ്വാസത്തോടെയും ചെയ്യുന്നവർ ക്ഷത്രിയനാണെങ്കിൽ ഭൂമിയുടെയും മഹാസമുദ്രത്തിന്റെയും അധിപ നായിത്തീരുകയും ബ്രാഹ്മണനാണെങ്കിൽ ഉദ്ദേശിച്ച കാര്യം നേടുകയും വേദം പഠിക്കുകയും നല്ല ഒരു സ്ത്രീയെ കല്ല്യാണം കഴിച്ച് ഉദ്കൃഷ്ട സന്താനങ്ങളുടെ പിതാവാവുകയും വൈശ്യനാണെങ്കിൽ വളരെ അധികം ഭൂമി കരസ്ഥമാക്കുകയും വിപുലമായ തോതിൽ കച്ചവടം നട ത്തുകയും ശൂദ്രനാണെങ്കിൽ സ്വത്തു സമ്പാദിക്കുകയും ആരോഗ്യവാ നായിത്തീരുകയും ആപത്തുകൾ ഒഴിവാകുകയും പ്രതിഫലം നേടുക യും ചെയ്യുന്നതാണ്. ഇതൊക്കെയാണ് അഗസ്ത്യനുള്ള വഴിപാടിനെ കുറിച്ച് അദ്ദേഹം വിവരിച്ചത്.

രോഹിണിയുടെ വഴിപാടു നിയമങ്ങളെക്കുറിച്ചജ വരാഹമിഹിരൻ ഇങ്ങനെ പറയുന്നു: 'ഗർഗ്, വസിഷ്ഠൻ, കേശവൻ, പരാശർ' എന്നിവർ തങ്ങളുടെ ശിഷ്യന്മാരെ ഇങ്ങനെ ഉപദേശിച്ചിട്ടുണ്ട്: മേരു പർവ്വതം വിശാ ലമായ സ്വർണ്ണക്കല്ലുകൾ കൊണ്ട് നിർമ്മിതമാണ്. അവയുടെ ഇട യിൽനിന്നു സുഗന്ധം പരത്തുന്ന ധാരാളം പൂക്കളും പൂമൊട്ടുകളുമുള്ള മരം മുളച്ചുപൊന്തിയിട്ടുണ്ട്. പരാമർ മാധുര്യമേറിയ മൂളിപ്പാട്ടുമായി ഇതിൽ ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അവിടെ ദേവന്മാരുടെ നർത്ത കികൾ കർണ്ണാനന്ദകരമായ പാട്ടും നൃത്തവുമായി വിഹരിക്കുന്നു. ഈ പർവ്വതം 'നന്ദനവനം' എന്ന മരുഭൂമിയിലാണു സ്ഥിതിചെയ്യുന്നത്. 'ബുധൻ' ഒരിക്കൽ അവിടെ ഉണ്ടായിരുന്നു. അപ്പോൾ അദ്ദേഹത്തോടു നാരദ മഹർഷി രോഹിണിയുടെ നിയമങ്ങളെ കുറിച്ച് അന്വേഷിച്ചു. അദ്ദേ ഹമിങ്ങനെ മറുപടി പറഞ്ഞു: ആഷാഢ മാസത്തിലെ കറുത്ത വാവു ദിവസങ്ങളിൽ ചന്ദ്രൻ രോഹിണിയിലെത്തുന്നതു ശ്രദ്ധിക്കുകയും ആ പ്രദേശത്തിന്റെ വടക്കോ കിഴക്കോ ഉയർന്ന ഒരു സ്ഥലം നിർണ്ണയി ക്കുകയും നാട്ടിന്റെ അധികാരം ഏല്പിക്കപ്പെട്ട ബ്രാഹ്മണൻ അവിടെ ചെന്നു തീകത്തിച്ച് അതിന്റെ ചുറ്റും നക്ഷത്രങ്ങളുടെയും ഞാറ്റുവേല കളുടെയും രൂപങ്ങൾ നിർമ്മിക്കുകയും ചെയ്യണം. അവയിലോരോന്നി ന്റെയും പേരിൽ നടത്തേണ്ട കീർത്തനങ്ങളും ജപങ്ങളും നിർവ്വഹിക്കു കയും പനിനീർ, ഗോതമ്പ്, എണ്ണ തുടങ്ങിയവ തീയിലൊഴിച്ച് അവ

യുടെ പ്രീതി നേടുകയും ചെയ്യേണ്ടതാണ്. ആ തീയുടെ ചുറ്റും രത്നങ്ങളും വെള്ളം നിറച്ച വലിയ പാത്രങ്ങളും വേണ്ടത്ര പഴങ്ങളും മരുന്നുകളും മരക്കൊമ്പുകളും കിഴങ്ങുകളും ശേഖരിച്ചു വെക്കേണ്ടതും രാത്രിയിൽ പുൽമെത്തകൾ വിരിക്കേണ്ടതും വിവിധ തരത്തിലുള്ള വിത്തുകൾ ശേഖരിച്ചു വള്ളംകൊണ്ട് കഴുകി ഒരു ഭരണിയിൽ സ്വർണ്ണത്തോടൊപ്പം സൂക്ഷിക്കേണ്ടതും ആണ്. അതിനെ ഒരുഭാഗത്തു വെച്ച് ഹോമം നടത്തുകയും ഗോതമ്പ്, എണ്ണ തുടങ്ങിയവ വേദം ജപിച്ചു തീയിലിടുകയും ചെയ്യണം. വരുണ മന്ത്രം, വായുമന്ത്രം, സോമമന്ത്രം എന്നിവയാവണം ജപിക്കേണ്ടത്. നീളമുള്ള ഒരു കുന്തം നാട്ടി അതിന്റെ രണ്ടറ്റത്തും രണ്ട് കയർ കെട്ടിയിരിക്കേണ്ടതാണ്. അതിലൊന്ന് കുന്തത്തിന്റെ അത്ര നീളമുള്ളതും മറ്റേത് അതിന്റെ മൂന്നിരട്ടി നീളമുള്ളതുമാവണം. ഇതെല്ലാം ചന്ദ്രൻ രോഹിണിയിലെത്തുന്നതിനു മുമ്പ് ചെയ്തു തീർക്കേണ്ടതാണ്. ചന്ദ്രൻ അവിടെ എത്തിക്കഴിഞ്ഞാൽ അദ്ദേഹം കാറ്റടിക്കുന്നതിന്റെ സമയവും ഭാഗവും ഗതിയും ശ്രദ്ധിക്കാൻ ഒരുങ്ങിയിരിക്കണം. കുന്തത്തിന്മേൽ കെട്ടിയ കയറിൽനിന്ന് അത് അറിയാൻ സാധിക്കും. എന്നാൽ, നാലു ഭാഗങ്ങളിൽനിന്നും കാറ്റടിക്കുകയാണെങ്കിൽ അതു നല്ല കാലത്തെയും നാലു ദിക്കുകളുടെയും ഇടയിലൂടെയാണെങ്കിൽ ദുഷ്ക്കാലത്തെയും സൂചിപ്പിക്കുന്നു. ഒരു ഭാഗത്തുനിന്നു മാത്രം ശക്തിയായി അടിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ശുഭ സൂചന തന്നെയാണ്. കാറ്റടിക്കുന്ന സമയം നിർണ്ണയിക്കുന്നതിനായി ആ ദിവസത്തെ എട്ടിലൊന്നുകൊണ്ട് ഭാഗിച്ചു കണക്കാക്കേണ്ടതാണ്. ഓരോ എട്ടിലൊന്നിനും അര മാസം വീതം കൂട്ടണം. പിന്നീട് ചന്ദ്രൻ രോഹിണി ഞാറ്റുവേലയിൽനിന്നു പോയിക്കഴിഞ്ഞാൽ ഭരണിയിൽ സൂക്ഷിച്ച വിത്തുകളെടുത്തു നോക്കുക. അതിൽ മുളച്ചതു മാത്രമാണു കൃഷിക്ക് ഉപയുക്തമാവുന്നത്. ചന്ദ്രൻ രോഹിണിയോടടുക്കുന്ന ദിവസം ആകാശം തെളിയുകയും കാറ്റ് ശാന്തമായിരിക്കുകയും ചെയ്താൽ നാശകരമായയാതൊരു ഭാവിയെയും പ്രതീക്ഷിക്കേണ്ടതില്ല. ജന്തുക്കളും പക്ഷികളും നല്ല നിലയിൽ ജീവിക്കുകയും ചെയ്യും. വയറ്റുചുരുളുകൾ പോലെ മേഘങ്ങൾ തിരമാലകളായി വന്നുകൊണ്ടിരിക്കുകയും വെള്ളത്താമരപ്പൂപോലെ മിന്നലുകൾ പ്രത്യക്ഷമാവുകയും ചെയ്യും. സൂര്യരശ്മികൾ പോലെ മിന്നലുകൾ മേഘത്തെ ചുറ്റുകയോ അല്ലെങ്കിൽ മേഘം തട്ടുകളായിനിന്ന് അവക്കടിയിൽനിന്നു സ്വർണ്ണ സമാനമായ മിന്നലുകൾ ഉണ്ടാവുകയോ ചെയ്തേക്കാം. ഈ നിലയിൽ മഴവില്ല് ചുവപ്പു വർണ്ണത്തിൽ പ്രത്യക്ഷപ്പെട്ടു കല്ല്യാണപ്പെണ്ണിന്റെ പുടവപോലെയുള്ള വർണ്ണങ്ങൾ ആകാശത്തിൽ കണ്ടുതുടങ്ങുകയും മയിലിന്റെ ശബ്ദം പോലെയോ അല്ലെങ്കിൽ വേഴാമ്പൽ പക്ഷിയുടെ ശബ്ദം പോലെയോ ഇടിവെട്ടിത്തുടങ്ങുകയും തീ പിടിച്ച കാടിന്റെ മദ്ധ്യത്തിൽ നിൽക്കുന്ന

മദയാനയെപ്പോലെയും എരുമകളെപ്പോലെയും അന്തരീക്ഷം ഇളകി മറിയുകയും മുത്തുകളും മഞ്ഞും ചന്ദ്രരശ്മികളും പ്രകാശിക്കാൻ തുടങ്ങുകയും ചെയ്താൽ മഴയും ക്ഷേമവും ഐശ്വര്യവും ഉണ്ടാവുമെന്നും തികച്ചും പ്രതീക്ഷിക്കാവുന്നതാണ്.

അദ്ദേഹം തുടർന്നു പറയുകയാണ്: വെള്ളം നിറച്ച ഭരണികളുടെ മദ്ധ്യത്തിൽ ബ്രാഹ്മണൻ ഇരിക്കുമ്പോൾ നക്ഷത്രങ്ങൾ പൊട്ടിവീഴുകയോ മിന്നൽ പ്രകാശിക്കുകയോ ഇടി മുഴങ്ങുകയോ അന്തരീക്ഷത്തിൽ ചുവപ്പു കാണുകയോ ഭൂകമ്പമുണ്ടാവുകയോ മേഘക്കട്ട വീഴുകയോ മിന്നൽ പ്രകാശിക്കുകയോ മൃഗങ്ങൾ ശബ്ദിക്കുകയോ ചെയ്യുന്നത് അശുഭ സൂചനകളായി കണക്കാക്കപ്പെടുന്നു. വടക്കു ഭാഗത്തെ ഭരണയിൽനിന്ന് ഏതെങ്കിലും വിധേന വെള്ളം കുറഞ്ഞാൽ ശ്രാവണ മാസത്തിൽ മഴയുണ്ടാവുകയില്ല. കിഴക്കു ഭാഗത്തുനിന്നുള്ള ഭരണിയിൽനിന്നാണു കുറഞ്ഞതെങ്കിൽ ഭാദ്രമാസത്തിൽ മഴയുണ്ടാവില്ല. തെക്കു ഭാഗത്തുള്ള ഭരണിയിൽനിന്നു കുറഞ്ഞാൽ 'ആശ്വിന'ത്തിലും പടിഞ്ഞാറു ഭാഗത്തുള്ള ഭരണയിൽനിന്ന് വെള്ളം കുറഞ്ഞാൽ കാർത്തികത്തിലും മഴ ഉണ്ടായിരിക്കുകയില്ല. ഒരു ഭരണയിൽ നിന്നും വെള്ളം കുറഞ്ഞിട്ടില്ലെങ്കിൽ ഉഷ്ണകാലവർഷം വേണ്ടുവോളം കിട്ടുന്നതാണ്. അതുപോലെ തന്നെ വെള്ളം നിറച്ച ഭരണികൾക്കൊണ്ട് വിവിധ ജാതികളെയും അവരുടെ നിലകളെയും മനസ്സിലാക്കാവുന്നതാണ്. വടക്കേ ഭരണി ബ്രാഹ്മണരുടെതും കിഴക്കേത് ക്ഷത്രിയരുടെതും തെക്കേത് വൈശ്യരുടെതും പടിഞ്ഞാറു ഭാഗത്തേതു ശൂദ്രരുടെതുമാണ്. ഓരോ ഭരണിയുടെ മേലും ഓരോ വിഭാഗക്കാരുടെ പേരും സ്ഥിതിഗതികളും എഴുതിയാൽ അവയിൽ സംഭവിക്കുന്ന കുറവുകളും ഉടവുകളും മറ്റും അനുസരിച്ച് ആ വിഭാഗക്കാരുടെ സ്ഥിതിഗതികൾ മനസ്സിലാക്കാം.

ചോതി, അശ്വതി എന്നിവയുടെ നിയമങ്ങൾ രോഹിണിയുടേതു പോലെ തന്നെയാണ്. ആഷാഢ മാസത്തിലെ വെളുത്ത വാവുദിവസങ്ങളിൽ ചന്ദ്രൻ പൂരാടത്തിലോ ഉത്രാടത്തിലോ ആണെങ്കിൽ,ആഷാഢ മാസത്തിലെ വെളുത്ത വാവുദിവസങ്ങളിൽ ചന്ദ്രൻ പൂരാടത്തിലോ ഉത്രാടത്തിലോ ആണെങ്കിൽ, രോഹിണിക്കു നിർണ്ണയിച്ചപോലെ തന്നെ ഇതിനും ഒരു സ്ഥലം നിർണ്ണയിക്കുക. പിന്നീട് ഒരു തുലാസ് സ്വർണ്ണം കൊണ്ട്-ഇതാണ് ഏറ്റവും നല്ലത്-അല്ലെങ്കിൽ വെള്ളികൊണ്ടോ, അതുമില്ലെങ്കിൽ അവർ ഖയർ എന്നു പറയുന്ന മരംകൊണ്ടോ അല്ലെങ്കിൽ ഏതെങ്കിലും ഒരു മനുഷ്യനെ വധിക്കുന്നതിന് ഉപയോഗിച്ച ഇരുമ്പിന്റെ അമ്പുമുന കൊണ്ടോ നിർമ്മിക്കുക. ഒരു തുലാസിന്റെ കോൽ ചുരുങ്ങിയത് ഒരു ചാൺ നീളമുള്ളതാവണം. എത്രയും നീളം കൂടുന്നതാണു നല്ലത്. അതിനു പത്ത് വിരൽ നീളമുള്ള നാല് നൂലും വേണം. അതിന്റെ രണ്ട് തട്ടും ആറ് വിരൽ വ്യാസത്തിൽ ചണം കൊണ്ടും തൂക്കക്കട്ടികൾ

സ്വർണ്ണം കൊണ്ടുമാവണം. കിണറ്റിലെയും ജലാശയങ്ങളിലെയും നദികളിലെയും വെള്ളം വെവ്വേറെയായും ആനത്തേറ്റകൾ, മൃഗരോമം, രാജാക്കന്മാരുടെ പേരെഴുതിയ സ്വർണ്ണത്തകിടുകൾ, ഇതര മനുഷ്യരുടെയും ജീവികളുടെയും കൊല്ലങ്ങൾ, ദിവസങ്ങൾ, ദിക്കുകൾ, രാഷ്ട്രങ്ങൾ തുടങ്ങിയവയുടെ പേരുകളെഴുതിയ മെഴുകിൻ കഷ്ണങ്ങൾ ഇവ സമത്തിലും ഈ തുലാസുകൊണ്ട് തൂക്കിക്കണക്കാക്കണം. തൂക്കുമ്പോൾ കിഴക്കോട്ട് അഭിമുഖമായിരിക്കുകയും തുലാക്കട്ടി വലത്തെ തട്ടിലും സാധനങ്ങൾ ഇടത്തെ തട്ടിലും വെക്കുകയും ചെയ്തു താഴെ പറയുന്നതു പ്രകാരം ജപിക്കുകയും വേണ്ടതാണ്.

"ഓ, തുലാസ്സേ, നീ നീതികാണിക്കുന്ന ദേവനും ദേവന്റെ ഭാര്യയും, ബ്രഹ്മാവിന്റെ പുത്രിയുമായ സരസ്വതിയുമാണ്. നീ സത്യം തെളിയിക്കുന്നു. നീ സമത്വത്തെക്കാൾ പരിശുദ്ധവുമാണ്. നീ കിഴക്കു നിന്ന് പടിഞ്ഞാറോട്ട് ഒരോ നിലയ്ക്ക് ചലിച്ചുകൊണ്ടിരിക്കുന്ന ഗ്രഹങ്ങളെയും സൂര്യനെയും പോലെയാകുന്നു. നിന്നെക്കൊണ്ടാണ് ലോക വ്യവസ്ഥ നിലനിൽക്കുന്നത്. ദേവന്മാരുടെയും ബ്രാഹ്മണരുടെയും സത്യവും ആരോഗ്യവും നിന്നിലാണ് സമ്മേളിച്ചത്. നീ ബ്രഹ്മാവിന്റെ പുത്രിയും നിന്റെ കുടുംബക്കാർ 'കേശവ'വർഗ്ഗക്കാരുമാണ്."

വൈകുന്നേരമാണ് ഈ തുലനം നടത്തേണ്ടത്. പിന്നീട് ഈ സാധനങ്ങളെല്ലാം ഒരിടത്തു സൂക്ഷിക്കുകയും പിറ്റേ ദിവസം രാവിലെ വീണ്ടും അവ തൂക്കുകയും ചെയ്താൽ തൂക്കം അധികമായവയെല്ലാം അതേ കൊല്ലം വളർന്നു വികസിക്കുന്നതും തൂക്കം കുറഞ്ഞവ പൂരോഗതിയില്ലാതെ നാശോന്മുഖമാകുന്നതുമായിരിക്കും. ഇതുകൊണ്ടു മാത്രം മതിയാക്കാതെ 'രോഹിണി'യിലും 'ചോതി'യിലും തൂക്കിക്കൊണ്ടിരിക്കുന്ന അത് ആദിമാസമുള്ള കൊല്ലവും, തൂക്കിയത് ആവർത്തന മാസത്തിലുമാണെങ്കിൽ ആ വർഷത്തിൽ തന്നെ വീണ്ടും തൂക്കി നോക്കേണ്ടിയിരിക്കുന്നു. തൂക്കങ്ങൾ തമ്മിൽ യോജിച്ചില്ലെങ്കിൽ രോഹിണിയിൽ കണ്ട തൂക്കത്തിനാണു പ്രാധാന്യം കൊടുക്കേണ്ടത്.

അധ്യായം 58

വേലിയേറ്റവും ഇറക്കവും

സമുദ്രജലം ഏതു പരിതസ്ഥിതിയിലും ഒരേ രൂപത്തിൽ നിലകൊള്ളാനുള്ള കാരണത്തെ കുറിച്ചു 'മത്സ്യ'പുരാണത്തിൽ ഇപ്രകാരം പറയുന്നു: പണ്ട് ചിറകുള്ള പതിനാറ് പർവ്വതങ്ങൾ ഉണ്ടായിരുന്നു. അവ ഉയരുകയും പറക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ദേവേന്ദ്രന്റെ രശ്മികൾ അവയുടെ ചിറകുകൾ കരിച്ചുകളയുകയും തന്മൂലം അവ സമുദ്രത്തിനു ചുറ്റുമായി വീഴുകയുമുണ്ടായി. സമുദ്രത്തിന്റെ ഓരോ ഭാഗത്തും നാലു വീതമാണ് വീണത്. 'രശവ, വലാഹക്, ചക്ര, മീനക്' എന്നിവ കിഴക്കു ഭാഗത്തും. 'ചന്ദ്രു, ഗംഗ, ദ്രൂണൻ, സുമ്മ' എന്നിവ വടക്കു ഭാഗത്തും, 'വക്രൻ, വധിരൻ, നാരദൻ, പർവ്വത്' എന്നിവ പിടഞ്ഞാറു ഭാഗത്തും, 'ചൈറൂത്, ദ്രാവണൻ, മീനാക്, ദാശീർ' എന്നിവ തെക്കു ഭാഗത്തും വീണു. കിഴക്കു ഭാഗത്തുള്ള മൂന്നും നാലും പർവ്വതങ്ങളുടെ ഇടയിൽ 'സ്മൃതികാഗ്നി' സ്ഥിതി ചെയ്യുന്നു. ഈ അഗ്നി സമുദ്രത്തിലെ വെള്ളം കുടിക്കും. ഇതുണ്ടായിരുന്നില്ലെങ്കിൽ നദികളിലൂടെ വരുന്ന വെള്ളം കാരണമായി സമുദ്രം നിറഞ്ഞുകവിയുമായിരുന്നത്രെ. ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ ഈ 'തീ' 'ഔർവാ' എന്നു പേരായ ഒരു രാജാവിന്റെതാണ്. അദ്ദേഹത്തെ പ്രസവിക്കുന്നതിനു മുമ്പായി തന്നെ പിതാവു വധിക്കപ്പെടുകയും ഗർഭസ്ഥ ശിശു കിരീടാവകാശിയാവുകയും ചെയ്തു. ജനിച്ചുവളർന്നപ്പോൾ അദ്ദേഹം തന്റെ പിതാവിനെ കുറിച്ചുള്ള കഥകൾ കേട്ടു മനസ്സിലാക്കി. ജനങ്ങൾ നിത്യവും ആരാധിച്ചുകൊണ്ടിരുന്നിട്ടും ലോക സംരക്ഷണ വിഷയത്തിൽ അശ്രദ്ധ കാണിച്ച ദേവന്മാരെ വധിക്കാൻ അദ്ദേഹം വാളൂരി പുറപ്പെട്ടു. ദേവന്മാർ ഇതറിഞ്ഞപ്പോൾ പേടിച്ചു വിറച്ച് ഇദ്ദേഹത്തിന്റെ മുമ്പിൽ സാഷ്ടാംഗ നമസ്കാരം ചെയ്തു. അപ്പോൾ അദ്ദേഹം അവർക്കു മാപ്പുകൊടുത്ത് ഇങ്ങനെ ചോദിച്ചു: "എന്റെ കോപാഗ്നികൊണ്ട് ഞാനെന്തു ചെയ്യും?" അതിനെ സമുദ്രത്തിൽ എറിയാൻ ദേവന്മാർ നിർദ്ദേശിച്ചു. ഈ അഗ്നിയാണു സമു

ദ്രത്തിലെ വെള്ളം കുടിച്ചു തീർക്കുന്നത്.

അവരുടെ മറ്റൊരു അഭിപ്രായം ഇങ്ങനെയാണ്: നദികളിലൂടെ വരുന്ന വെള്ളംകൊണ്ട് സമുദ്രത്തിലെ വെള്ളം ഏറാതിരിക്കാനുള്ള കാരണം, ദേവന്മാർ ആ വെള്ളത്തെ മേഘമായെടുക്കുകയും മഴയായി വർഷിപ്പിക്കുകയും ചെയ്യുന്നതാണ്."

മച്ചു പുരാണത്തിൽ ഇപ്രകാരം പറയുന്നുണ്ട്: 'ശശ്‌ലക്ഷ്' (മുയൽ രൂപം) എന്ന പേരിലറിയപ്പെടുന്ന ചന്ദ്രനിലെ കല പ്രസ്തുത പതിനാറ് പർവ്വതങ്ങളുടെ രൂപങ്ങൾ ചന്ദ്രനിൽ പ്രതിബിംബിക്കുന്നതുകൊണ്ടാണ് ഇങ്ങനെ ആവുന്നത്.

വിഷ്ണു ധർമ്മത്തിൽ ഇങ്ങനെ പറയുന്നു: ചന്ദ്രന് 'ശശ്‌ലക്ഷ്' എന്നു പറയുന്നു. കാരണം, ചന്ദ്രഗോളം വെള്ളംകൊണ്ടുള്ളതും കണ്ണാടി പോലെ അതിൽ ഭൂമിയുടെ രൂപം പ്രതിഫലിക്കുന്നതുമാണ്. ഭൂമിയിൽ വിവിധ പർവ്വതങ്ങളും മരങ്ങളും കാടുകളും ഉണ്ട്. അവ ചന്ദ്രനിൽ പതിയുന്നതിനാൽ അതൊരു മുയലിന്റെ രൂപത്തിൽ ദൃശ്യമാകുന്നു. ചന്ദ്രനു 'മൃഗാലാഞ്ഛനൻ' (മാൻ അടയാളം) എന്നും ചിലർ പറയുന്നുണ്ട്. അതിലുള്ള രൂപം മാനിന്റേതാണെന്നു ചിലർ അഭിപ്രായപ്പെടുന്നതാണ് അതിനുള്ള കാരണം.

ചന്ദ്രന്റെ ഞാറ്റുവേലകളെ കുറിച്ച് ഇന്ത്യക്കാർ പറയുന്നത് അവ പ്രജാപതിയുടെ പുത്രികളാണ് എന്നാകുന്നു. ചന്ദ്രൻ അവരെ വിവാഹം ചെയ്യുകയും അവരിൽ രോഹിണിയോടു കൂടുതൽ സ്നേഹം കാണിക്കുകയും അതു മനസ്സിലാക്കിയ അവളുടെ സഹോദരിമാർ തങ്ങളുടെ പിതാവിനോട് ആവലാതിപ്പെടുകയും അപ്പോൾ അവർക്കിടയിൽ സമത്വം പാലിക്കാൻ പിതാവ് ചന്ദ്രനെ ഉപദേശിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തു. എങ്കിലും അദ്ദേഹം വിജയിച്ചില്ല. അപ്പോൾ പിതാവ് ചന്ദ്രനെ ശപിക്കുകയുണ്ടായി. അതിനാൽ, ചന്ദ്രന്റെ മുഖത്ത് വെള്ളപ്പാണ്ട് പിടിപെടുകയും ചന്ദ്രൻ പശ്ചാതപിച്ച് അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു തന്റെ സ്ഥിതി നന്നാക്കിത്തരാൻ അപേക്ഷിക്കുകയും ചെയ്തു. പ്രജാപതി ഇങ്ങനെ മറുപടി പറഞ്ഞു: "ഞാൻ പറഞ്ഞതു മടക്കിയെടുക്കുകയില്ല. പക്ഷേ, നിന്റെ അപമാനത്തെ ഒരോ മാസവും പകുതിയിൽ ഞാൻ മറച്ചുവെച്ചു കൊള്ളാം." ചന്ദ്രൻ ചോദിച്ചു: "ഞാൻ ചെയ്തുപോയ കുറ്റം എന്നിൽനിന്ന് എങ്ങനെ നീക്കപ്പെടും?" അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു: "ശിവലിംഗരൂനമുണ്ടാക്കി അതിനു ശുശ്രൂഷ ചെയ്യുക." ചന്ദ്രൻ അപ്രകാരം ചെയ്തു. അതത്രെ സോമനാഥത്തിലെ സുപ്രസിദ്ധമായ ബിംബം. 'സോം' എന്നാൽ ചന്ദ്രനെന്നും 'നാഥ്' എന്നാൽ, ഉടമസ്ഥനെന്നും പൂജ്യനെന്നുമാണ് അർത്ഥം. 'അമീർ മഹമൂദ് ഗസ്നി' ഹിജ്റ 416-ൽ ബിംബം അവിടെനിന്നു പറിച്ചെടുത്ത് അതിന്റെ മുകൾ ഭാഗം ഉടച്ചുകളയുകയും അതിന്റെ കൊത്തുപണി

യുള്ള സ്വർണ്ണ ഉറയോടു കൂടി അത് തന്റെ തലസ്ഥാനമായ ഗസ്നിയിലേക്കു കൊണ്ടുപോവുകയും ചെയ്തു. അതിന്റെ ഒരു ഭാഗം താനേശ്വറിൽനിന്നു കൊണ്ടുവന്ന് 'ചക്കർ സ്വാമി' എന്ന ബിംബത്തോടു കൂടി അവിടെ ഒരു മൈതാനിയിൽ കിടപ്പുണ്ട്. വേറൊരു ഭാഗം ഗസ്നിയിലെ ജുമാ മസ്ജിദിന്റെ വാതിൽക്കൽ ഇട്ട് ചവിട്ടുപടിയായി ഉപയോഗിച്ചുവരുന്നു.

ഈ ലിംഗത്തെ കുറിച്ചു ഞാൻ ഇപ്രകാരം കേട്ടിട്ടുണ്ട്: "ഒരു ഋഷി മഹാദേവനെ തന്റെ ഭാര്യയുടെ അടുക്കൽ കണ്ടപ്പോൾ തെറ്റിദ്ധരിച്ച് അദ്ദേഹത്തിന്റെ ലിംഗം മുറിഞ്ഞുപോകട്ടെ എന്നു പ്രാർത്ഥിക്കുകയും ആ നിമിഷത്തിൽ തന്നെ അത് അദ്ദേഹത്തിൽനിന്നു വേർപ്പെടുകയും ചെയ്തു. പിന്നീട് അദ്ദേഹം ഋഷിയുടെ അടുക്കൽ ചെന്നു തന്റെ നിരപരാധിത്വം തെളിയിക്കുകയുണ്ടായി. അപ്പോൾ ഋഷിയുടെ ഹൃദയത്തിൽനിന്നു സംശയങ്ങൾ നീങ്ങി. മഹാദേവനോടിങ്ങനെ പറഞ്ഞു: "നിനക്ക് പ്രതിഫലമായി നിന്നിൽനിന്നു വേർപ്പെട്ടുപോയ അവയവത്തിന്റെ രൂപം ജനങ്ങൾ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഒരു വിശിഷ്ട വസ്തുവാക്കി നാം നിശ്ചയിക്കുന്നതാണ്."

വരാഹമിഹിരൻ അതിന്റെ നിർമ്മാണത്തെ കുറിച്ചു പറയുന്നു: അതിനുപയോഗിക്കുന്ന കല്ല് കേടുപാടുകൾ തീർത്തു നല്ലവണ്ണം ശരിയാക്കിയ ശേഷം നീളത്തിൽ മൂന്ന് നിലയിൽ രൂപീകരിക്കുക. താഴെ മൂന്നിലൊരു ഭാഗം ചതുരാകൃതിയിലും, മദ്ധ്യഭാഗം അഷ്ടഭുജാകൃതിയിലും മുകളിലെ ഭാഗം വൃത്താകൃതിയിലും നിർമ്മിക്കേണ്ടതാണ്. അതിന്റെ തല കടഞ്ഞു മണൽ കുന്നിന്റെ മുകൾ ഭാഗം പോലെ നന്നായി നിർമ്മിക്കുക. അതിനെ ഉറപ്പിക്കുമ്പോൾ ചതുരാകൃതിയുള്ള മദ്ധ്യഭാഗം 'പന്ത്' എന്നു പറയുന്ന ഉറകൊണ്ടു മൂട്ടുകയും ചെയ്യേണ്ടതാണ്. വട്ടത്തിൽ നീണ്ടുകിടക്കുന്ന മുകൾ ഭാഗം ഉറയുടെ പുറത്തായി നിലകൊള്ളണം. പ്രസ്തുത മുകൾ ഭാഗം ചെറുതാകുകയോ അതിനെ കേടുവരുത്തുകയോ ചെയ്യരുത്. ഭൂമിയിൽ എവിടെയും നാശം സംഭവിക്കാനും കേടുവരുത്തിയ ആളുടെ ചുറ്റുപാടു നശിക്കാനും കാരണമാകുന്നതാണ്. അതിനെക്കുറിച്ചു ഗൗരവത്തോടെ വീക്ഷിക്കാത്തവനു രോഗം പിടിപെടുന്നതും നിർമ്മാണ സമയത്ത് ആണികൊണ്ടോ മറ്റോ അതിന്മേൽ മുട്ടിയാൽ ആ നാട്ടിന്റെ നേതാവും വീട്ടുകാരും നശിച്ചുപോകുന്നതുമാണ്. അതിനെ വഹിച്ചുകൊണ്ടു പോകുന്ന വഴിക്ക് വല്ലതിനോടും കൂട്ടിമുട്ടി വല്ല കേടുപാടും സംഭവിച്ചാൽ അതിന്റെ നിർമ്മാതാവു നശിക്കുകയും നാട്ടിൽ നാശം പടർന്നു പിടിക്കുകയും ആ ഭൂമിയിലെവിടെയും രോഗം ഉണ്ടായിത്തീരുകയും ചെയ്യും. സിന്ധിന്റെ തെക്കു പടിഞ്ഞാറൻ പ്രദേശങ്ങളിലുള്ള ആരാധനാ മഠങ്ങളിലും വീടുകളിലും ഈ രൂപങ്ങൾ ധാരാളമായി കാണാം. പക്ഷേ, സോമനാഥമാണ് അവയുടെ മഹ

ത്വമേറിയ കേന്ദ്രം. ദിനംപ്രതി ഗംഗയിൽനിന്ന് ഒരു ഭരണി വെള്ളവും കാശ്മീരിൽ നിന്ന് ഒരു കൊട്ട തുളസിയും ഇവിടേക്കു കൊണ്ടുവരുന്നു. അവരുടെ വിശ്വാസ പ്രകാരം ഈ രൂപത്തെ ഇങ്ങനെ പൂജിക്കുന്നതുകൊണ്ട് മാറാരോഗങ്ങളും വാർദ്ധക്യ സഹജമായ വിഷമതകളും ഇല്ലാതാകും. 'സോമനാഥ്' കടൽ യാത്രക്കാരുടെയും മറ്റും സങ്കേതമായതിനാൽ അതിനുള്ള പ്രശസ്തി വർദ്ധിച്ചു.

വേലിയേറ്റത്തിന് ഇന്ത്യക്കാരുടെ ഭാഷിൽ 'വഹർണ്ണം' എന്നും ഇറക്കത്തിന് 'വുഹർ' എന്നും പറയുന്നു. ഇന്ത്യയിലെ പൊതു ജനങ്ങൾ സമുദ്രത്തിൽ 'വർവാണൽ' എന്ന പോരുള്ള ഒരു തീ ഉണ്ടെന്നും അത് നിത്യം ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടെന്നും വേലിയിറക്കം ശ്വസിക്കുന്നതുകൊണ്ടും വേലിയേറ്റം ഉച്ഛ്വസിക്കുന്നതുകൊണ്ടുമാണ് ഉണ്ടാകുന്നതെന്നും വിശ്വസിക്കുന്നു.

എന്നാൽ, മാണി വിശ്വിസിക്കുന്നത്: സമുദ്രത്തിൽ ഒരു ഭയങ്കര പിശാചുണ്ടെന്നും വേലിയേറ്റവും വേലിയിറക്കവും അതിന്റെ ശ്വാസോച്ഛ്വാസമാണെന്നുമാണ്.

ഇന്ത്യക്കാരിൽ കാര്യബോധമുള്ളവരും പണ്ഡിതന്മാരും വിശ്വസിക്കുന്നത് ചന്ദ്രൻ ഉദിക്കുന്നതുകൊണ്ടും അസ്തമിക്കുന്നതുകൊണ്ടുമാണ് ദിവസത്തിലുള്ള ഏറ്റവും ഇറക്കവും എന്നും പക്ഷേ, മാസത്തിലുണ്ടാവുന്ന ഏറ്റവും ഇറക്കവും ചന്ദ്രനു പ്രകാശം കൂടുകയും കുറയുകയും ചെയ്യുന്നതിനനുസരിച്ചാവുമെന്നുമാണ്. ഇവർ ഏറ്റമിറക്കത്തിന്റെ സ്വഭാവികവും പ്രകൃതിപരവുമായ കാരണം ശരിക്കു മനസ്സിലാക്കിയിട്ടില്ലെങ്കിലും ഏറെക്കുറേ അതിനോടടുത്തു തന്നെയാണ് അവരുടെ വിശ്വാസം. ഏറ്റവും ഇറക്കവുമാണ് സോമനാഥത്തിന് ആ പേരു സമ്പാദിച്ചു കൊടുത്തതെന്നു വാദിക്കുന്നവരുമുണ്ട്. അതായത്, പ്രസ്തുത ബിംബം സരസ്വതീ നദി സമുദ്രത്തിൽ ചെന്നുപതിക്കുന്നിടത്ത് പടിഞ്ഞാറേ കരയിൽ ഏതാണ്ട് മൂന്നിലൊന്നു നാഴിക അടുത്തായാണ് സ്ഥാപിക്കപ്പെട്ടത്. 'വാസുദേവൻ' അവസാനമായി താമസിച്ച 'വാറൂഖ്' എന്ന സ്വർണ്ണ കൊട്ടാരത്തിന്റെ കിഴക്കുഭാഗത്താണ് ഇതു സ്ഥിതി ചെയ്യുന്നത്. ചന്ദ്രൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുമ്പോഴെല്ലാം വേലിയേറ്റം കൊണ്ട് ഈ ബിംബം മൂടിപ്പോവുകയും ചന്ദ്രൻ മദ്ധ്യാഹ്നത്തിലെത്തുമ്പോൾ വെള്ളം ഇറങ്ങി ബിംബം പ്രത്യക്ഷമാവുകയും ചെയ്തിരുന്നു. അങ്ങനെ ചന്ദ്രൻ നിത്യവും അതിനു സേവനമർപ്പിക്കുകയും കുളിപ്പിക്കുകയും ചെയ്യുകയുമാണെന്നു തോന്നുമാറ് ആ ബിംബവുമായി ബന്ധപ്പെട്ടതിനാൽ ചന്ദ്രന്റെ പേരിൽ അത് അറിയപ്പെടാൻ തുടങ്ങി. അതിന്റെ ചുറ്റും ഇപ്പോൾ കാണുന്ന കൊട്ടാരവും മറ്റും മുമ്പുണ്ടായിരുന്നതല്ല. അവ ഏതാണ്ട് നൂറ് കൊല്ലം മുമ്പാണു നിർമ്മിക്കപ്പെട്ടത്. വിഷ്ണു പുരാണത്തിൽ പറഞ്ഞതനുസരിച്ചു വേലിയേറ്റത്തിൽ വെള്ളത്തിന്റെ

ഉയരം ആയിരത്തിഅഞ്ഞൂറ് അംഗുലം വരുന്നതാണ്. ഇതു കുറേ കൂടു തലാണെന്നു തോന്നുന്നു. കാരണം, വെള്ളത്തിന്റെ മദ്ധ്യഭാഗം അറുപ തിൽ പരം മുഴം ഉയർന്നാൽ ഇന്നു കാണുന്നതിൽ കൂടുതൽ കര മൂടി പ്പോകേണ്ടതായി വരും. ഇത് അസാദ്ധ്യമാണെന്നു കരുതാൻ നിവൃത്തി യില്ല. സമുദ്രത്തിൽനിന്നു കൊട്ടാരം പ്രത്യക്ഷമാകുന്നു എന്ന് അദ്ദേഹം പറഞ്ഞത് ആ സമുദ്രത്തെ സംബന്ധിച്ചിടത്തോളം അസംഭവ്യമല്ല. കാരണം, കോട്ടകൾ പോലെയുള്ള ചില ദ്വീപുകൾ ആ സമുദ്ര ത്തിൽനിന്നു മണൽകുന്നിന്റെ ആകൃതിയിൽ ഉയർന്നുവരികയും ക്രമേണ അവ വലുതാവുകയും ചെയ്യുന്നു. കുറേ കാലത്തിനു ശേഷം അവ നശിച്ചു കാണാതാവുകയും അപ്പോൾ അവിടങ്ങളിലെ നിവാസി കൾ അടുത്ത ദ്വീപുകളിലേക്കു മാറിത്താമസിക്കുകയും ചെയ്യുക പതി വാണ്. തങ്ങൾ ഒഴിച്ചുപോകുന്ന ദ്വീപുകളിലുണ്ടാകുന്ന തെങ്ങുകളും മറ്റും പുതുതായി താമസമുറപ്പിക്കുന്ന ദ്വീപുകളിലേക്ക് അവർ നീക്കം ചെയ്തിരുന്നു. സ്വർണ്ണക്കോട്ട എന്നു പറഞ്ഞത് ഒരു സാങ്കേതിക പ്രയോ ഗമായോ അല്ലെങ്കിൽ യഥാർത്ഥ വിശേഷണം തന്നെ ആയോ കരുതാം. 'സഞ്ച്' ദ്വീപുകൾക്ക് സ്വർണ്ണ ഭൂമി എന്നു പറയാറുണ്ടായിരുന്നു. സ്വർണ്ണ നിബിഢമായിരുന്നു അവിടത്തെ മണ്ണ്.

അധ്യായം 59

സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും

ചന്ദ്രഗ്രഹണം ഭൂമിയുടെ നിഴൽ മൂലവും സൂര്യഗ്രഹണം ചന്ദ്രൻ മുഖേനയുമാണെന്ന് ഇന്ത്യൻ ജ്യോതി ശാസ്ത്രജ്ഞന്മാർ സമ്മതിച്ചുറപ്പിക്കുകയും ഈ അടിസ്ഥാനത്തിൽ തന്നെ അവരുടെ പഞ്ചാംഗങ്ങളും മറ്റു കണക്കുകകളും നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. വരാഹമിഹിരൻ 'സംഹിത'യിൽ ഇങ്ങനെ പറയുന്നു:

"ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ 'രാഹു' ദൈതവർഗ്ഗത്തിൽ പെട്ടതാണ്. അദ്ദേഹത്തിന്റെ മാതാവ് 'സിംഹഗു' ആകുന്നു. ദേവന്മാർ സമുദ്രത്തിൽനിന്ന് അമൃതം കൊണ്ടുവന്നപ്പോൾ അവർ വിഷ്ണു ഭഗവാനോട് അത് അവർക്കിടയിൽ ഭാഗിച്ചുകൊടുക്കാൻ ആവശ്യപ്പെടുകയും അദ്ദേഹമത് നിർവ്വഹിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ ദേവന്മാരുടെ രൂപമണിഞ്ഞു രാഹുവും വന്നിരുന്നു. വിഷ്ണു അയാൾക്ക് അമൃതിൽനിന്ന് അല്പം നൽകുകയും അയാളതു കുടിക്കുകയും ചെയ്തു. വിഷ്ണുവിന് അയാൾ ദേവനല്ലെന്നു മനസ്സിലായപ്പോൾ ഒരു വട്ടത്തളികകൊണ്ട് എറിഞ്ഞ് അയാളുടെ തല മുറിച്ചു. അപ്പോൾ അമൃത് വായിലുണ്ടായിരുന്നതിനാൽ തല ജീവനോടെ അവശേഷിക്കുകയും ശരീരം മരിച്ചുപോവുകയും ചെയ്തു. അമൃതം ശരീരത്തിലേക്ക് എത്തിയിരുന്നില്ല. അപ്പോൾ ഞാൻ എന്തു കുറ്റമാണു ചെയ്തതെന്നു ചോദിച്ചു വിഷ്ണുവിനു മുമ്പിൽ വിനയം കാണിച്ചു. അപ്പോൾ അദ്ദേഹം രാഹുവിനെ ആകാശത്തേക്ക് ഉയർത്തുകയും തന്റെ വംശക്കാരുടെ കൂട്ടത്തിലാക്കുകയും ചെയ്തു.

ചിലർ പറയുന്നതിങ്ങനെയാണ്: രാഹുവിനു സൂര്യ-നക്ഷത്രാദികളെപ്പോലെ തന്നെ ശരീരമുണ്ട്. പക്ഷേ, കറുത്തതായതിനാൽ അത് ആകാശത്തു പ്രത്യക്ഷപ്പെട്ടു കാണുന്നില്ലെന്നു മാത്രം. ആദിപിതാവായ ബ്രഹ്മാവ് ഗ്രഹണ സമയത്തല്ലാതെ പ്രത്യക്ഷമാകരുതെന്ന് ഇദ്ദേഹത്തെ താക്കീത് ചെയ്തുവത്രെ. അതല്ല, അതിന് ഈ കറുപ്പല്ലാത്ത ശരീരം

തീരെയില്ലെന്നും ചിലർ പറയുന്നു. മറ്റു ചിലരുടെ അഭിപ്രായത്തിൽ ഇതിനു സർപ്പത്തെപ്പോലെ തലയും വാലുമുണ്ട്. പക്ഷേ, കറുത്തതായതിനാൽ ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു കാണുന്നില്ലെന്നു മാത്രം. അതിനു കറുപ്പല്ലാതെ ഈ ശരീരം തീരെയിയില്ലെന്നും പറയുന്നവരുണ്ട്.

ഈ കെട്ടുകഥകളെല്ലാം ഉദ്ധരിച്ച ശേഷം വരാഹമിഹിരൻ പറയുന്നു: രാഹുവിനു ശരീരമുണ്ടെങ്കിൽ അതിന്റെ പ്രവർത്തനം സ്പർശനം മുഖേന ആയിരിക്കേണ്ടതാണ്. അതിന്റെയും ചന്ദ്രന്റെയും മദ്ധ്യത്തിൽ ആറ് രാശികൾ ഉണ്ടായിരുന്നിട്ടും ചന്ദ്രനു ഗ്രഹണം പറ്റിയാതായി നാം കാണുന്നു. അപ്പോൾ ഇതു ചന്ദ്രനെ സ്പർശിക്കുന്നില്ല. സ്പർശിക്കുന്നതായി ആരെങ്കിലും വാദിക്കുകയാണെങ്കിൽ ആറു രാശിയേക്കാൾ ദൂരം കുറഞ്ഞതോ ഏറിയതോ ആയ രാശികളിൽ എന്തുകൊണ്ട് ഇതിനു ഗ്രഹണമുണ്ടാകുന്നില്ല? അതിന്റെ വാലും തലയും ശരീരത്തോടു ബന്ധപ്പെട്ടതാണല്ലോ. അതിന്റെ തല എതിർഭാഗങ്ങളിലായി നിലകൊള്ളുമ്പോഴല്ലാതെ സൂര്യ നക്ഷത്രാദികളിൽ ഒന്നിനും ഗ്രഹണം പറ്റുകയില്ലല്ലോ? അങ്ങനെയാണെങ്കിൽ ഒന്നുകൊണ്ട് ചന്ദ്രനു ഗ്രഹണം തുടങ്ങുമ്പോൾ മറ്റേതുകൊണ്ട് സൂര്യനും ഗ്രഹണം ഉണ്ടാകേണ്ടി വരും. ഇവയിൽ ഒന്നും തന്നെ സംഭവിക്കാറില്ല."

ദിവ്യപ്രകാശം സിദ്ധിച്ച പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ചന്ദ്രനു ഗ്രഹണം സംഭിവിക്കുന്നത് അതു ഭൂമിയുടെ നിഴലിൽ പ്രവേശിക്കുന്നതുകൊണ്ടും സൂര്യഗ്രഹണം ഉണ്ടാകുന്നത് ചന്ദ്രൻ സൂര്യപ്രകാശത്തെ തടയുന്നതുകൊണ്ടുമാണ്. അതിനാൽ, ചന്ദ്രനു പടിഞ്ഞാറ് ഭാഗത്തുനിന്നും സൂര്യനു കിഴിക്കു ഭാഗത്തുനിന്നും ഗ്രഹണം ബാധിക്കുകയില്ല. മരത്തിന്റെ നിഴൽപോലെ ഭൂമിയുടെ നിഴൽ ചിലപ്പോൾ നീളുന്നതും ചന്ദ്രനു മദ്ധ്യരേഖയിൽ നിന്നുള്ള അകലം കുറഞ്ഞ് അതു സൂര്യന്റെ ഏഴാമത്തെ രാശിയിൽ വരുമ്പോൾ ചന്ദ്രൻ ഭൂമിയുടെ നിഴലിൽ പെട്ട് അതിനു ഗ്രഹണം സംഭവിക്കുന്നതും കാണുന്നു. നിഴലുമായുള്ള സ്പർശം കിഴക്കുനിന്നാകും ആരംഭിക്കുന്നത്. എന്നാൽ, ചന്ദ്രൻ പടിഞ്ഞാറു ഭാഗത്തുനിന്ന് സൂര്യനോടടുക്കുകയും മേഘങ്ങൾ ചെയ്യും പോലെ അതിനെ മറക്കുകയും ചെയ്ക മൂലം സൂര്യഗ്രഹണം ഉണ്ടാകുന്നു. സൂര്യഗ്രഹണം വിവിധ നാടുകളിൽ വ്യത്യസ്ത രൂപത്തിലാവും അനുഭവപ്പെടുന്നത്. കാരണം, ചന്ദ്രനെ മറക്കുന്നത് അതിനേക്കാൾ വലിയ ഭൂമിയാണ്. പക്ഷേ, സൂര്യനെ മറക്കുന്നത് അതിനേക്കാൾ ചെറിയ ചന്ദ്രനാണ്. അതുകൊണ്ട് ഗ്രഹണ സമയത്തും അതിന്റെ രശ്മികൾ ശക്തിയായി പ്രകാശിക്കുന്നു. ഈ രണ്ട് ഗ്രഹണത്തിലും രാഹുവിനു യാതൊരു പങ്കുമില്ല. പണ്ഡിതന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഏകാഭിപ്രായത്തോടെ പ്രസ്താവിച്ചതാണ് ഇത്.

വരാഹമിഹിരൻ രണ്ട് ഗ്രഹണത്തെയും കുറിച്ചു പ്രതിപാദിച്ച

ശേഷം അജ്ഞരായ ജനങ്ങളുടെ അഭിപ്രായങ്ങളെ കുറിച്ചു വേദനപ്പെട്ട് പറയുന്നു: സാധാരണക്കാർ ഗ്രഹണത്തെ രാഹുവുമായി ബന്ധപ്പെടുത്തി വളരെ അധികം കെട്ടുകഥകൾ പറയാറുണ്ട്. രാഹു പ്രത്യക്ഷപ്പെടുകയും ഗ്രഹണത്തിന്റെ കാര്യം ഏറ്റെടുക്കുകയും ചെയ്തിരുന്നില്ലെങ്കിൽ ബ്രാഹ്മണർ ഗ്രഹണസമയത്തു നിർബന്ധമായി കുളിക്കുമായിരുന്നില്ല എന്ന് അവർ പറയുന്നു. വരാഹമിഹിരൻ തുടരുന്നു: രാഹു മുറിവേറ്റ സമയത്തു വിനയം കാണിച്ചപ്പോൾ ഗ്രഹണസമയത്തു ബ്രാഹ്മണർ അഗ്നിക്ക് നടത്തുന്ന ബലികളിൽ ഒരു ഭാഗം ബ്രഹ്മാവ് അയാൾക്കു നല്കുകയുണ്ടായി. അതിനാൽ, അയാൾ ഗ്രഹണ സ്ഥലത്ത് തന്റെ അവകാശം നേടാനായി അടുത്തുവരുന്നതാണ്. അതുകൊണ്ട് ഗ്രഹണ സമയത്ത് ആളുകൾ രാഹുവിന്റെ പേരു ധാരാളമായി പറയാൻ തുടങ്ങുകയും തദ്വാരാ ഗ്രഹണവുമായി അയാൾക്കു ബന്ധമുണ്ടാവുകയും ചെയ്തു. എന്നാൽ, വാസ്തവത്തിൽ രാഹുവിനു ഗ്രഹണ വിഷയത്തിൽ യാതൊരു പങ്കുമില്ല. ചന്ദ്രന്റെ ഗതി നേരായാവുന്നതുകൊണ്ടും തെറ്റുന്നതുകൊണ്ടുമാണു ഗ്രഹണം സംഭവിക്കുന്നത്." വരാഹമിഹിരന്റെ ഈ അഭിപ്രായം മേലുദ്ധരിച്ചതും അദ്ദേഹം തെളിവു സഹിതം സമർത്ഥിച്ചതുമായ അഭിപ്രായത്തോട് യാതൊരു വിധത്തിലും യോജിക്കുന്നില്ല. ഒരു ബ്രാഹ്മണനായതുകൊണ്ടാവാം ബ്രാഹ്മണരെ പ്രീതിപ്പെടുത്തുന്ന അഭിപ്രായം അദ്ദേഹവും പറഞ്ഞത്. സത്യത്തിലധിഷ്ഠിതമായ പല അഭിപ്രായങ്ങളും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. 'സന്ധി'യെ കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം (നാം മുമ്പ് ഉദ്ധരിച്ചത്) ഇതിനുദാഹരണമാണ്. എല്ലാ മാന്യന്മാരും അദ്ദേഹത്തെ അനുകരിച്ചിരുന്നുവെങ്കിൽ! പക്ഷേ, അവരിൽ ഏറ്റവും വലിയ പണ്ഡിതനായ ബ്രഹ്മഗുപ്തന്റെ നിലയെ കുറിച്ചു ചിന്തിക്കുമ്പോഴാണ് ഏറ്റവും വലിയ അത്ഭുതം തോന്നുന്നത്. അദ്ദേഹം സൂര്യൻ ചന്ദ്രന്റെ താഴെയാണെന്ന പുരാണമതത്തിൽ വിശ്വസിക്കുന്ന ബ്രാഹ്മണരിൽപെട്ട ആളായിരുന്നതിനാൽ അവരെപോലെ അദ്ദേഹവും സൂര്യനെ വിഴുങ്ങുന്ന ഒരു രാഹുവിനെ സങ്കല്പിക്കുകയും അതാണു ഗ്രഹണം എന്നു വാദിക്കുകയും ചെയ്ത് സത്യത്തെ കൈവിടുകയും അന്ധവിശ്വാസത്തിനു കൂട്ടുനിൽക്കുകയും ചെയ്യുന്നു. ഇതൊരു പക്ഷേ, അവരോടുള്ള വെറുപ്പിന്റെ ശക്തികൊണ്ട് പരിഹാസത്തിന്റെ രൂപത്തിലോ കോപത്താൽ സ്വബോധത്തോടെയോ അല്ലാതെയോ പറഞ്ഞതാണെന്നും അനുമാനിക്കാൻ വഴിയുണ്ട്.

ബ്രഹ്മ സിദ്ധാന്തത്തിന്റെ ആദ്യത്തെ അധ്യായത്തിൽ അദ്ദേഹമിങ്ങനെ ഉദ്ധരിക്കുന്നു: "ഗ്രഹണം രാഹു മുഖേന അല്ല എന്നു വാദിക്കുന്ന ചിലരുണ്ട്. ഈ അഭിപ്രായം അസംഭവ്യമാണ്. ലോകത്തുള്ള ഭൂരിഭാഗം ആളുകളും രാഹുവാണ് ഗ്രഹണമുണ്ടാക്കുന്നതെന്നു പറയു

ന്നു. ഇങ്ങനെ തന്നെയാണ് മനുവിന്റെ 'സ്മൃതി' എന്ന ഗ്രന്ഥത്തിലും ബ്രഹ്മ പുത്രനായ ഗർഗന്റെ 'സംഹിത' എന്ന ഗ്രന്ഥത്തിലും ഉദ്ധരിച്ചത്. എന്നാൽ, വരാഹമിഹിരൻ, ഹശീരീകൻ, ആര്യഭട്ടൻ, വിഷ്ണുചന്ദ്രൻ എന്നിവരെല്ലാം പറയുന്നത് ഗ്രഹണ കാരണം രാഹുവല്ല, ചന്ദ്രനും ഭൂമിയുടെ നിഴലുമാണെന്നാണ്. അത് അവരിലുള്ള ഭൂരിഭാഗം ആളുകളുടെയും മേലുദ്ധരിച്ച-അഭിപ്രായത്തിനു വിപരീതമാണ്. അപ്പോൾ രാഹുവല്ല ഗ്രഹണമുണ്ടാക്കുന്നതെന്നു വരുമ്പോൾ ഗ്രഹണസമയത്ത് ബ്രാഹ്മണർ നടത്തുന്ന ചൂടെണ്ണപുരട്ടിക്കുളിയും മറ്റെല്ലാ ആരാധനാകർമ്മങ്ങളുമെല്ലാം അനാവശ്യവും പ്രതിഫലാർഹമല്ലാത്തതാവുകയും ചെയ്യുന്നു.

'മനുസ്മൃതി'യിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: "രാഹു സൂര്യനോ ചന്ദ്രനോ ഗ്രഹണമുണ്ടാക്കിയാൽ ഭൂമുഖത്തുള്ള വെള്ളം മുഴുവനും ഗംഗാ ജലംപോലെ പരിശുദ്ധമായിത്തീരുന്നതാണ്." വേദത്തിൽ പറയുകയാണ്: "രാഹു ദൈവ വർഗ്ഗത്തിൽപെട്ട സയാങ്ക് എന്ന സ്ത്രീയുടെ പുത്രനാകുന്നു. അതിനാൽ, ഇന്നു ചെയ്തുവരുന്ന വഴിപാടുകളെല്ലാം അവശ്യം നടത്തേണ്ടതാണ്. ബഹുഭൂരിപക്ഷം ജനങ്ങളുടെ ശത്രുതനേടുന്നതിൽനിന്ന് ഒഴിഞ്ഞുനിൽക്കേണ്ടതുമാകുന്നു. കാരണം, വേദത്തിലും സ്മൃതിയിലും സംഹിതയിലും പറഞ്ഞതെല്ലാം ശരി തന്നെ.

"സത്യം മനസ്സിലാക്കുകയും അതു സത്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തതിനോട് കൂടെ ആ സത്യത്തെ എതിർക്കുന്നവർ സ്വന്തം ആത്മാക്കളെ തന്നെ അക്രമിച്ചവരാണ്." എന്നു പരിശുദ്ധ ഖുർആൻ സൂചിപ്പിച്ച ആളുകളിൽ പെട്ടതാണു ബ്രഹ്മഗുപതൻ എങ്കിൽ അദ്ദേഹത്തോടു തർക്കിക്കാൻ ഞാൻ ഒരുങ്ങുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ ചെവിയിൽ ഇങ്ങനെ സ്വകാര്യമായി പറയാൻ മാത്രമായി ആഗ്രഹിക്കുന്നു: മതഗ്രന്ഥങ്ങളിൽ വന്നത് എതിർക്കാതിരിക്കണമെന്നതു നിർബന്ധമാണെങ്കിൽ താങ്കളെന്തിനാണ് ജനങ്ങളെ നല്ലത് ഉപദേശിക്കുകയും സ്വന്തത്തെ മറയ്ക്കുകയും ചെയ്തത്? ചന്ദ്രന്റെയും ഭൂഛായയുടെയും വ്യാസം കണക്കിലെടുത്ത് അതുകൊണ്ടാണ് ഗ്രഹണം പറ്റുന്നതെന്നു വിചാരിച്ചപ്പോൾ താങ്കളും എതിരാളികളുടെ കൂട്ടത്തിൽ ചേർന്നില്ലേ?

ബ്രാഹ്മണർ ഗ്രഹണസമയത്ത് എന്തെങ്കിലും ആരാധന നടത്താൻ കല്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഗ്രഹണം അതിനുള്ള സമയമാണെന്നാണ് അർത്ഥം. അല്ലാതെ ഗ്രഹണം പറ്റിയതുകൊണ്ട് ചെയ്യുക എന്നല്ല അർത്ഥം. നമ്മോടു ഗ്രഹണസമയത്തു നമസ്കരിക്കാൻ കല്പിച്ചതുപോലെയും മറ്റു ചില സമയങ്ങളിൽ നമസ്കാരം നിരോധിക്കപ്പെട്ടതുപോലെയുമാണിത്. സൂര്യനോ മറ്റു ഗ്രഹങ്ങൾക്കോ നമ്മുടെ ഈ പ്രവൃത്തിയിൽ യാതൊരു പങ്കുമില്ല. ബഹുഭൂരിഭാഗം ജനങ്ങളും അങ്ങനെയാണു വിശ്വസിക്കുന്നതെന്നത്രെ അദ്ദേഹത്തിന്റെ പ്രസ്താവനകൊണ്ട്

ഉദ്ദേശിച്ചത്. 'ഈ പ്രപഞ്ചത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും...' എന്നാണ് അദ്ദേഹം ഉദ്ദേശിച്ചതെങ്കിൽ അത് അദ്ദേഹത്തിന്റെ വിവരമില്ലായ്മയാണു തെളിയിക്കുന്നത്.

ഇന്ത്യ പ്രപഞ്ചത്തിന്റെ ചെറിയൊരു ഭാഗം മാത്രമാണ്. ലോകത്തിലെ മറ്റു ഭാഗങ്ങളിലുള്ള ആളുകൾ ഇന്ത്യക്കാരുമായി അഭിപ്രായത്തിലും മതപരമായ കാര്യങ്ങളിലും വളരെ വ്യത്യാസപ്പെട്ട നിലയിലാണല്ലോ. ഇനി ഇന്ത്യയിലെ 'ഭൂരിഭാഗം ആളുകളുമാണെ'ന്നാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെങ്കിൽ കാര്യ ബോധമുള്ളവരെ അപേക്ഷിച്ചു കാര്യവിവരമില്ലാത്തവരാണ് ഇന്ത്യയിൽ കൂടുതലുള്ളതെന്നു വ്യക്തമാണ്. ഭൂരിപക്ഷത്തെ കുറിച്ചു നമുക്കു ലഭിച്ച ഗ്രന്ഥങ്ങളിൽ ആക്ഷേപം, അജ്ഞാന സംശയം, നന്ദികേട് എന്നീ വിശേഷണങ്ങളും കാണുന്നുണ്ട്. ഇത്തരം വാദങ്ങൾ ഉന്നയിക്കാനും പ്രസ്താവനകൾ പുറപ്പെടുവിക്കാനും ബ്രഹ്മഗുപ്തനെ നിർബന്ധിച്ചത് ഏകാധിപത്യ സമ്പ്രദായത്തോടുള്ള വെറുപ്പായിരിക്കാമെന്നാണ് ഞാൻ ഊഹിക്കുന്നത്. ചെറുപ്രായത്തിൽ തന്നെ അഗാധമായ ബുദ്ധിയും അപാരമായ പാണ്ഡിത്യവും നേടാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. 'ബ്രഹ്മസിദ്ധാന്തം' അദ്ദേഹം രചിച്ചത് മുപ്പതാമത്തെ വയസ്സിലാണ്. മേൽ കാണിച്ച കാരണം കൊണ്ടാണ് അദ്ദേഹം ഇതെല്ലാം പറഞ്ഞുപോയതെങ്കിൽ നാം അതു സ്വീകരിക്കുകയും അദ്ദേഹത്തിനു 'സലാം' പറയുകയും ചെയ്യുന്നു. എതിർക്കാൻ പാടില്ലാത്തവരാണെന്ന് പറയപ്പെട്ട ആ ജനങ്ങൾ എങ്ങനെയാണു ജ്യോത്സ്യന്മാരോടു സൂര്യഗ്രഹണ വിഷയത്തിൽ യോജിക്കുക? അവരുടെ പുരാണങ്ങളിൽ സൂര്യൻ ചന്ദ്രനു താഴെയാണെന്നാണല്ലോ വിവരിക്കുന്നത്. മേലെയുള്ള ചന്ദ്രൻ താഴെയുള്ള സൂര്യന് എങ്ങനെ ഗ്രഹണമുണ്ടാക്കും? അതിനാൽ, മത്സ്യം അപ്പം വിഴുങ്ങുന്നതുപോലെ സൂര്യനക്ഷത്രാദികളെ വിഴുങ്ങുന്നതിന് ഒരു സാധനത്തെ സങ്കല്പിക്കാൻ അവർ നിർബന്ധിതരായി. ഇങ്ങനെ വിഴുങ്ങുന്നതിനു ഗ്രഹണമെന്ന് അവർ പറയാൻ തുടങ്ങി. ഏതൊരു സമുദായത്തിലും അജ്ഞരായ ആളുകളും അവർക്കു നേതൃത്വം കൊടുക്കുന്ന കൂടുതൽ അജ്ഞരായ നേതാക്കളും ഉണ്ടാകാറുണ്ട്. ആ നേതാക്കൾ അവരെ വഴി തെറ്റിക്കുകയും പിഴച്ച വിശ്വാസങ്ങളിലേക്കു പ്രേരിപ്പിക്കുകയും ചെയ്യുക പതിവാണ്. ആശ്ചര്യങ്ങളിൽ പെട്ട ഒന്നാണ് വരാഹമിഹിരൻ മുൻഗാമികളിൽനിന്ന് ഉദ്ധരിച്ച ചില കാര്യങ്ങൾ. അവരോട് എതിർക്കാൻ പാടില്ലെങ്കിൽ അവർക്കു മാപ്പുകൊടുക്കുകയെങ്കിലും ചെയ്യേണ്ടതാണ്. "ഗ്രഹണം ഉണ്ടാവുന്നതിനു തെളിവായി അവർ ചന്ദ്രമാസം എട്ടാം ദിവസം കുറച്ചു വെള്ളവും എണ്ണയും അടിപരന്ന ഒരു വലിയ പാത്രത്തിൽ ഒഴിച്ചു സൂക്ഷിക്കുന്നു. ഈ എണ്ണ കൂടുകയും പരക്കുകയും ചെയ്യുന്നത് അവർ ശ്രദ്ധിച്ചുകൊണ്ടിരിക്കും. കൂടുമ്പോൾ ഗ്രഹണം തുടങ്ങുകയും ഗ്രഹണം അവസാ

നിക്കുകയും ചെയ്യുമത്രെ. ഗ്രഹണങ്ങളുടെ കാരണം നിശ്ചല നക്ഷത്ര ങ്ങൾ സമ്മേളിക്കുന്നതുകൊണ്ടാണെന്ന് ചില ആളുകൾ വിശ്വസിക്കു ന്നതായി വരാഹമിഹിരൻ പറയുന്നു. വേറെ ചിലർ ഭൂകമ്പം, കൊള്ളി മീൻ പറക്കൽ, ചന്ദ്രക്കുട ഇടിഞ്ഞുവീഴൽ, കൊടുങ്കാറ്റ് തുടങ്ങിയവ പോലെ തന്നെ ഗ്രഹണവും അപലക്ഷണങ്ങളുടെ സൂചനയായി കണ ക്കാക്കുന്നു. ഈ വിഷയങ്ങൾ ഒന്നുംതന്നെ ഗ്രഹണം ഉണ്ടാവുന്നതി നുള്ള കാരണങ്ങളിൽ പെട്ടതല്ല. ഗ്രഹണ സമയത്തു ചിലപ്പോൾ ഇവ ഉണ്ടായേക്കാമെന്നു മാത്രം. ബുദ്ധിയുടെ മാർഗ്ഗം ഈ കെട്ടുകഥകളിൽ നിന്നെല്ലാം വളരെ വിദൂരമാണ് സ്ഥിതി ചെയ്യുന്നത്. ഇദ്ദേഹം തന്റെ ജനങ്ങളുടെ ഇത്തരം നിലപാടുകൾ മനസ്സിലാക്കിയിട്ടും അവരുടെ കെട്ടു കഥൾ ഉദ്ധരിക്കുക പതിവാക്കിയിരിക്കുകയാണ്.

അദ്ദേഹം പറയുന്നു: "ഗ്രഹണ സമയത്ത് കൊടുങ്കാറ്റടിച്ചാൽ അടുത്ത ഗ്രഹണം ആറു മാസത്തിനു ശേഷം ഉണ്ടാവുന്നതാണ്. അപ്പോൾ വല്ല നക്ഷത്രവും പൊട്ടി വീഴുകയാണെങ്കിൽ അടുത്ത ഗ്രഹണം പന്ത്രണ്ട് മാസത്തിനു ശേഷം ഉണ്ടാവാം. അന്തരീക്ഷത്തിനു നിറമാറ്റം ഉണ്ടായാൽ പതിനെട്ട് മാസത്തിനു ശേഷമായിരിക്കും അടുത്ത ഗ്രഹണം. ഭൂകമ്പമാണ് ഉണ്ടായതെങ്കിൽ ഇരുപത്തിനാല് മാസത്തിനു ശേഷം അടുത്ത ഗ്രഹമുണ്ടാകും. വായുമണ്ഡലം ഇരുളടഞ്ഞതായിരു ന്നെങ്കിൽ അടുത്ത ഗ്രഹണം മുപ്പത് മാസത്തിനു ശേഷം സംഭവിക്കും. ഹിമവർഷമുണ്ടായാൽ മുപ്പത്തിആറ് മാസത്തിനു ശേഷം വീണ്ടും ഗ്രഹ ണമുണ്ടാകുമത്രെ."

ഇതിനെല്ലാം മൗനം ദീക്ഷിക്കുകയാണ് ഏറ്റവും നല്ല മറുപടി എന്ന് എനിക്കു തോന്നുന്നു. 'ഖവാരസ്മി'യുടെ പഞ്ചാംഗത്തിൽ പറഞ്ഞ ഗ്രഹ ണങ്ങളുടെ വിവിധ നിറങ്ങൾ വ്യവസ്ഥാപിതമായി വിവരിച്ചിട്ടുണ്ടെങ്കിലും അവ അനുഭവങ്ങൾക്ക് എതിരാണ്. ഇതിനേക്കാൾ ഇന്ത്യക്കാരുടെ അഭി പ്രായം തന്നെയാണു ബുദ്ധിപൂർവ്വമായത്. അതായത്, അപൂർണ്ണവും പകുതിയിൽ കുറഞ്ഞതുമായ ചന്ദ്രഗ്രഹണം ഉണ്ടാകുമ്പോൾ ചന്ദ്രനു ധൂമ വർണ്ണമായിരിക്കും. പൂർണ്ണ അർദ്ധ ഗ്രഹണം ഉണ്ടാകുമ്പോൾ ചന്ദ്രന്റെ നിറം കറുപ്പാവും. പകുതിയിലും കൂടുതലായിരിക്കുമ്പോൾ അതിന്റെ കറുപ്പ് ചുകപ്പോടു കൂടിക്കലർന്നതാവും. പൂർണ്ണ ഗ്രഹണമാ യാൽ മഞ്ഞനിറവും തവിട്ടുനിറവും ചേർന്ന ഒരു സമ്മിശ്രമാകും അതി നുണ്ടാവുക.

അധ്യായം 60

പാർവണം

ഗ്രഹണസാധ്യതയുള്ള സമയങ്ങളും ഗ്രഹണത്തിനിടയിൽ വേണ്ടി വരുന്ന മാസങ്ങളും തെളിവു സഹിതം 'അൽ മിജസ്തി' എന്ന ഗ്രന്ഥത്തിന്റെ ആറാമത്തെ അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ഇന്ത്യക്കാർ ഗ്രഹണ സാധ്യതയുള്ള ദിവസത്തിന് 'പാവർണം' എന്നാണു പറയുന്നത്. സംഹിതയിൽ വരാഹമിഹിരൻ പറയുന്നു: "ആറുമാസം കൂടുമ്പോഴെല്ലാം പാവർണം ഉണ്ടാകുന്നു. ഈ ഗ്രഹണ കാലങ്ങൾ (പാവർണം) ഏഴു ഭാഗങ്ങളാണ്. ഓരോന്നിനും ഓരോ പാലകന്മാരും പ്രത്യേക നിയമങ്ങളും ഉണ്ട്.

എണ്ണം	പാവർണപാലകന്മാർ	നിയമങ്ങൾ
1	ബ്രഹ്മാവ്	ബ്രാഹ്മണർക്കു പറ്റിയ കാലാവസ്ഥ, കാലികളുടെ നില നന്നാവുകയും, കൃഷി അഭിവൃദ്ധിപ്പെടുകയും ആരോഗ്യവും, സമാധാനവും നടമാടുകയും ചെയ്യുന്നതാണ്
2	ശശി (ചന്ദ്രൻ)	മേൽ പ്രസ്താവിച്ചപോലെ തന്നെ. എന്നാലും മഴ കുറയുകയും, പണ്ഡിതന്മാർക്കു രോഗം പിടിപെടുകയും ചെയ്യും.
3	ദേവേന്ദ്രൻ	രാജാക്കന്മാർ തമ്മിൽ വടംവലി ഉണ്ടാവുകയും സമാധാന നില പോവുകയും ഗ്രാമങ്ങളിൽ കൃഷിക്കു നാശം സംഭവിക്കുകയും ചെയ്യുന്നതാണ്.
4	കുബേരൻ (വടക്കേ ദിക്ക് പാലൻ)	ക്ഷേമവും സൗകര്യവും ഉണ്ടാവുകയും ധനികന്മാർ അവരുടെ സ്വത്ത് ദുരുപയോഗപ്പെടുത്തുന്നതുമാണ്.
5	വരുണൻ (ജലപാലകൻ)	രാജാക്കന്മാർക്കു ശൂന്യവും മറ്റുള്ളവർക്കു മെച്ചവും കൃഷി അഭിവൃദ്ധിപ്പെടുന്നതുമാണ്.
6	അഗ്നി	വെള്ളം അധികരിക്കുകയും കൃഷി നന്നാവുകയും സമാധാനവും രക്ഷയും വ്യാപിക്കുകയും പകർച്ചവ്യാധിയും മരണവും ഇല്ലാതാവുകയും ചെയ്യുന്നതാണ്.

7	യമൻ (കാലൻ)	മഴ കുറയും, കൃഷിക്കു നാശം സംഭവിക്കും, പൊതുവിൽ ക്ഷാമം പിടിപെടുകയും ചെയ്യും.

വർത്തമാന കാലത്ത് 'പാവർണം' കണ്ടുപിടിക്കുന്നതിനുള്ള മാർഗ്ഗം 'കണ്ഠകാതിക'യിലുള്ള പഞ്ചാംഗത്തിനനുസരിച്ച് ഇങ്ങനെയാണ്: 'അഹർഗണം' എടുക്കുകയും അതിനെ രണ്ടിടത്തായി എഴുതുകയും ചെയ്യുക. അവയിലൊന്നിനെ അമ്പതുകൊണ്ട് പെരുക്കി ആയിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി ആറുകൊണ്ട് ഹരിക്കുക. ഭിന്നം വരുന്നത് പകുതിയിൽ താഴെ അല്ലെങ്കിൽ ഒന്നായി ഗണിക്കാം. ഉത്തരത്തോട് ആയിരത്തി അറുപത്തിമൂന്ന് കൂട്ടി കിട്ടിയ ഫലത്തെ മറ്റിടത്ത് എഴുതിയ സംഖ്യയോടു ചേർത്തു മൊത്തസംഖ്യയെ നൂറ്റി എൺപതുകൊണ്ട് ഹരിച്ചാൽ കിട്ടുന്ന സംഖ്യ ഒരു പൂർണ്ണ പാവർണം ആയിരിക്കും. ഇതിനെ ആഴ്ചകളാക്കി മാറ്റിയാൽ ശിഷ്ടം കിട്ടുന്നതിന്റെ ആദ്യം മുതൽ എണ്ണുക. ഇതു ബ്രഹ്മാവിന്റെതാണ്. ഹരിച്ചു ബാക്കി വരുന്ന നൂറ്റി എൺപതിനു താഴെയാണെങ്കിൽ അതു വർത്തമാന പാവർണത്തിൽ കഴിഞ്ഞതാണ്. ഇതിനെ നൂറ്റിഎൺപതിൽനിന്നു കിഴിച്ചുകിട്ടുന്നതു പതിനഞ്ചിന്റെ താഴെയാണെങ്കിൽ ചന്ദ്രഗ്രഹണത്തിനു സാധ്യതയുണ്ടാവുകയും പിന്നീടത് അനിവാര്യമാകുകയും ചെയ്യും. പതിനഞ്ചിൽ കൂടുതലാണ് ബാക്കി വരുന്നതെങ്കിൽ ഗ്രഹണം ആസാദ്ധ്യവുമാണ്. ഇതുപോലെ തന്നെ കഴിഞ്ഞുപോയതിനെയും കണക്കാക്കണം.

മറ്റൊരിടത്ത് ഇങ്ങനെ കാണുന്നു: "കല്പ 'അഹർഗണം' (കല്പത്തിൽനിന്നു കഴിഞ്ഞുപോയത്) എടുത്ത് അതിൽനിന്ന് 96,031 കഴിക്കുക. കിട്ടുന്നതു താഴെയും മുകളിലുമായി എഴുതി താഴെ എഴുതിയ സംഖ്യയിൽനിന്ന് എൺപത്തിനാല് കിഴിച്ചു ബാക്കിവരുന്നതിന് അഞ്ഞൂറ്റി അറുപത്തിഒന്ന് കൊണ്ട് ഹരിക്കുക. കിട്ടിയ ഉത്തരത്തെ മുകളിലുള്ള സംഖ്യയിൽനിന്നു കിഴിച്ചു ബാക്കിവരുന്നതിനെ നൂറ്റി എഴുപത്തിമൂന്ന് കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന ഫലത്തെ ഏഴുകൊണ്ടും ഹരിക്കുക. എന്നാൽ, പാവർണം ലഭിക്കും. ഇതിന്റെ ആദിക്ക് 'ബ്രഹ്മാദ്' എന്നു പറയുന്നു.

മേൽ പ്രസ്താവിച്ച രണ്ട് വഴികളും തമ്മിൽ യോജിപ്പുകാണുന്നില്ല. രണ്ടാമത്തെ വഴിയിൽനിന്നു വല്ലതും വിട്ടുപോയതോ അല്ലെങ്കിൽ പകർപ്പിൽ വല്ല വ്യത്യസവുമോ വന്നതായി തോന്നുന്നു. പാവർണ നിയമങ്ങളായി വരാഹമിഹിരൻ പറഞ്ഞതു ശരിയായ രൂപവുമായി യോജിക്കുന്നില്ല. കാരണം, പ്രതീക്ഷിക്കപ്പെട്ട പാവർണത്തിൽ ഗ്രഹണം ഉണ്ടായിട്ടില്ലെങ്കിൽ മഴ ഇല്ലാതാവുകയും ദാരിദ്ര്യവും കൊലപാതകങ്ങളും അധികരിക്കുന്നതുമാണ് എന്ന് അദ്ദേഹം പറയുന്നു. പരിഭാഷകനിൽനിന്നു വല്ല തെറ്റും പറ്റിയിട്ടില്ലെങ്കിൽ ഈ പറഞ്ഞത് ഗ്രഹണം സംഭവിക്കാത്ത എല്ലാ പാവർണത്തിനും ബാധകമാണ്.

ഇതിനേക്കാൾ കൗതുകമേറിയതാണ് അദ്ദേഹത്തിന്റെ മറ്റൊരു പ്രസ്താവന. ഗ്രഹണത്തെ സംബന്ധിച്ചു കാഴ്ച കൂടുകയും കണക്കു കുറയുകയും ചെയ്താൽ മഴ കുറയുകയും വാൾപ്പോര് നടക്കുകയും ചെയ്യുന്നതാണ്. കാഴ്ച കണക്കിനേക്കാൾ പിന്നിട്ടാൽ പകർച്ചവ്യാധി വ്യാപിക്കുകയും ധാന്യങ്ങളും പഴങ്ങളും വാസന ദ്രവ്യങ്ങളും നശിക്കുകയും ചെയ്യുന്നതാണ്. ഇതു മുമ്പുള്ളവരുടെ ഗ്രന്ഥങ്ങളിൽ കണ്ട് പകർത്തിയതാണെന്ന് അദ്ദേഹം അവകാശപ്പെടുന്നുണ്ട്. കണക്ക് നന്നായിചെയ്യാൻ സാധിച്ചാൽ അനുഭവവുമായി അതൊരിക്കലും വ്യത്യാസപ്പെടുകയില്ല. പാവർണ കാലമല്ലാത്തപ്പോൾ സൂര്യഗ്രഹണമുണ്ടാവുകയും ഇരുളടയുകയും ചെയ്താൽ 'താശ്ത' എന്നൊരു രാജാവാണു ഗ്രഹണം ഉണ്ടാക്കിയതെന്നു മനസ്സിലാക്കേണ്ടതാണ്. അദ്ദേഹത്തിന്റെ ഈ പ്രസ്താവന മറ്റൊരിടത്തു പറഞ്ഞതിനോടു തുല്ല്യമാകുന്നു. വടക്കോട്ടുള്ള തിരിയൽ സൂര്യൻ മകരരാശിയിൽ ഇറങ്ങുന്നതിനു മുമ്പാണെങ്കിൽ തെക്കു ഭാഗത്തും പടിഞ്ഞാറു ഭാഗത്തും നാശം സംഭവിക്കും. ഈ തെറ്റൽ സൂര്യൻ മേൽപറഞ്ഞ രണ്ട് രാശിയിയുടെയും ആദിയിലോ അതിനു ശേഷമോ ആണെങ്കിൽ നാലു ഭാഗത്തും സമാനം വ്യാപിക്കുകയും ഗുണം വർദ്ധിക്കുകയും ചെയ്യുന്നതാണ്.

പ്രഥമ ദൃഷ്ടിയിൽ ഇതെല്ലാം ഭ്രാന്തന്മാരുടെ സംസാരത്തോടു തുല്ല്യമായി തോന്നുന്നു. ഇത്തരത്തിലുള്ള പ്രസ്താവനയ്ക്ക് പിന്നിൽ വല്ല തത്വവും ഉള്ളതായി മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. ഈ വിഷയത്തോടനുബന്ധിച്ചു കാലങ്ങളെയും അവയുടെ പാലകന്മാരെയും കുറിച്ചു പറയുന്നതു സന്ദർഭോചിതമായി തോന്നുകയാൽ അടുത്ത അധ്യായം അതിനായി ഉപയോഗിക്കുന്നു.

അധ്യായം 61

മതവിശ്വാസവും ജ്യോതിശാസ്ത്രവുമനുസരിച്ചു വിവിധ കാലഘട്ടങ്ങളുടെ പാലകന്മാരും അനുബന്ധ വിഷയങ്ങളും

കാലം ദൈവത്തിന്റേതാണ്. അതിനു ദൈവത്തെപ്പോലെത്തന്നെ ആദിയും ആന്ത്യവും ഇല്ല. പൊതുവെ കാലത്തിന് 'പുരുഷ് കാലം' എന്നും ഇന്ത്യക്കാർ പറയാറുണ്ട്. എന്നാൽ, ചലനങ്ങൾക്കൊണ്ട് കണക്കാക്കുന്ന കാലം ദൈവമല്ലാത്തവരുടേതാണ്.

കല്പയുഗം ബ്രഹ്മാവിന്റേതാണെന്ന് അവർ പറയുന്നു. കാരണം, അത് ബ്രഹ്മാവിന്റെ പകലും രാവുമാണത്രെ. അദ്ദേഹത്തിന്റെ ആയുഷ്ക്കാലം കണക്കാക്കുന്നതും അതുകൊണ്ടാണ്. എല്ലാ മന്നേന്ദ്രത്തിനും 'മനു' എന്ന പേരിലറിയപ്പെടുന്ന പാലകന്മാരുണ്ട്. ചതുർയുഗത്തിനും മറ്റു യുഗങ്ങൾക്കും അതുപോലെ പാലകന്മാർ ഉള്ളതായി ഞാൻ കേട്ടിട്ടില്ല. വരാഹമിഹിരൻ 'ജീവിതവൃത്താന്തം' എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'അവദ്' എന്നത് ശനി ഗ്രഹത്തിന്റെ വർഷമാകുന്നു. അതിന്റെ പകുതിയായ 'അയനം' സൂര്യന്റേതും. അതിന്റെ ആറിലൊന്നായ 'രഥാ' ബുധന്റേതും, 'മാസം' വ്യാഴം നക്ഷത്രത്തിന്റേതും, അതിന്റെ പകുതിയായ 'പക്ഷ്' വെള്ളി നക്ഷത്രത്തിന്റേതും 'വ്യാസർ' (ദിവസം) ചെവ്വായുടേതും 'മുഹൂർത്തം' ചന്ദ്രന്റേതുമാണ്.

ഇതേ ഗ്രന്ഥത്തിൽ അദ്ദേഹം ഒരു കൊല്ലത്തിന്റെ ആറ് ഭാഗങ്ങളെക്കുറിച്ച് ഇങ്ങനെ പറയുന്നു: 'തെക്കേ അയനബിന്ദു' തുടങ്ങുന്ന ഒന്നാമത്തെ ഭാഗം ശനി ഗ്രഹത്തിന്റേതും, രണ്ടാമത് ശുക്രന്റേതും, മൂന്നാമത്തേത് ചൊവ്വയുടേതും, നാലാമത്തേത് ചന്ദ്രന്റേതും, അഞ്ചാമത്തേത് ബുധന്റേതും ആറാമത്തേത് വ്യാഴത്തിന്റേതും ആണ്. സമയ പാലകന്മാരെയും മുഹൂർത്ത പാലകന്മാരെയും ചന്ദ്രാർദ്ധ ദിനപാലകരെയും 'പാർവ്വണ' പാലകന്മാരെയും മന്നേന്ദ്ര പാലകന്മാരെയും കുറിച്ചു നാം

മുമ്പ് അതാത് അധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയെ സംബന്ധിച്ച് ഇവിടെ വിവരിക്കുന്നു:

ഇന്ത്യക്കാർ വർഷപാലകരെ മനസ്സിലാക്കുന്നതിൽ പാശ്ചാത്യരുടെ മാർഗ്ഗമല്ല സ്വീകരിച്ചത്. അതിന്റെ നിബന്ധനകൾ മനസ്സിലാക്കുകയാണ് അവർ ചെയ്യുന്നത്. മാസപാലകനെ കുറിച്ചും ഇവരുടെ നില ഇങ്ങനെ ത്തന്നെയാണ്. ഇതു രണ്ടും സമയത്തിന്റെയും ദിവസത്തിന്റെയും പാല കന്മാരെപ്പോലെത്തനെ ഊഴങ്ങളായാണ് നിലകൊള്ളുന്നത്. വർഷപാ ലകനെ അറിയാനുദ്ദേശിച്ചാൽ 'കണ്ഠകാതിക'യിലുള്ളതിനനുസരിച്ച് -ഇതാണ് ഭൂരിപക്ഷം ആളുകളും ഉപയോഗിക്കുന്നത്- കഴിഞ്ഞ കാല ത്തിന്റെ ദിവസങ്ങളുടെ കണക്കെടുക്കുകയും അതിൽനിന്ന് 2201 കിഴി ക്കുകയും ശിഷ്ടമുള്ളതിനെ മുന്നൂറ്റി അറുപതുകൊണ്ട് ഹരിക്കുകയും ചെയ്യുക. ഉത്തരത്തെ മൂന്നുകൊണ്ട് പെരുക്കി മൂന്ന് കൂട്ടി ഫലത്തെ ആഴ്ചയായി മാറ്റുക. എന്നാൽ, ഒരാഴ്ചയിൽ കുറഞ്ഞത് ശിഷ്ടമായി വന്നാൽ ഞായറാഴ്ച മുതൽ എണ്ണാൻ തുടങ്ങുക. അപ്പോൾ അവസാനം കിട്ടുന്ന ദിവസത്തിന്റെ പാലകൻ ആ കൊല്ലത്തിന്റേതാണ്. ഹരിച്ചവ ശേഷിക്കുന്നത് അദ്ദേഹത്തിന്റെ ആധിപത്യകാലത്തിൽനിന്നു കഴിഞ്ഞു പോയ ദിവസങ്ങളായിരിക്കും. ഇനി വരാനിരിക്കുന്നത് ആ കൊല്ലം മുന്നൂറ്റി അറുപത് തികയാൻ വേണ്ടി വരുന്ന ദിവസങ്ങളാണ്. നാം ഈ പറഞ്ഞ തുപോലെ ചെയ്യുകയോ പ്രസ്തുത ദിവസങ്ങളിൽനിന്നു കിഴിക്കുന്നതിനു പകരം മുന്നൂറ്റി പത്തൊമ്പത് ദിവസം കൂടി കൂട്ടുകയോ ചെയ്യുക.

മാസ പാലകനെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ: കഴിഞ്ഞ ചരിത്ര ദിവ സങ്ങളിൽനിന്ന് എഴുപത്തിഒന്ന് കിഴിക്കുകയും ശിഷ്ടമുള്ളതിനു മുപ്പ തുകൊണ്ട് ഹരിച്ചുകിട്ടുന്നതിന്റെ ഇരട്ടിയോട് ഒന്നുകൂടി കൂട്ടി അതിന്റെ ആഴ്ചകളാക്കി മാറ്റുക. ശിഷ്ടമുള്ളതിനു ഞായറാഴ്ച മുതൽ എണ്ണി യാൽ മാസപാലകന്റെ ദിവസം കണ്ടെത്താം. ഹരിച്ചിട്ട് ശിഷ്ടമുള്ളത് അദ്ദേഹത്തിന്റെ നിയന്ത്രണ ശാലയിൽനിന്നു കഴിഞ്ഞുപോയ ദിവസ ങ്ങളായിരിക്കും. ഇനി മുപ്പത് തികയാൻ വരുന്നതാണ് ശിഷ്ടമുണ്ടാവു ക. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ കഴിഞ്ഞ ചരിത്ര ദിവസങ്ങളോടു കിഴി ക്കുന്നതിനു പകരം പത്തൊമ്പത് കൂട്ടികിട്ടുന്നതിന്റെ ഇരട്ടിയോട് ഒന്നിനു പകരം രണ്ട് ചേർത്താലും മതിയാകും. ദിവസ നാഥനെക്കൊണ്ട് വിവ രിക്കുന്നതുകൊണ്ടു വലിയ പ്രയോജനവുമില്ല. കാരണം, ചരിത്ര ദിവ സങ്ങളെ ആഴ്ചകളാക്കി മാറ്റിയാൽ അതു ലഭിക്കും. സമയപാലകനെ വിവരിക്കുന്നതുകൊണ്ടും വലിയ കാര്യമില്ല. അതു കഴിഞ്ഞുപോയ സമ യങ്ങളെ പതിനഞ്ചുകൊണ്ട് ഹരിച്ചാൽ കിട്ടുന്നതാണ്.

അസാധാരണ സമയത്തെ ഗണിക്കുന്നവർ സൂര്യനുള്ള ഡിഗ്രിയു ടെയും ഉദിക്കുന്ന ഗ്രഹത്തിന്റെ ഡിഗ്രിയുടെയും മദ്ധ്യത്തിലുള്ളവയെ സമഡിഗ്രികളാക്കി എടുത്ത് അഞ്ച് (5) കൊണ്ട് ഹരിക്കുകയാണു ചെയ്യു

ക. 'മഹാദേവ'ന്റെ 'സർവ്വഥ' എന്ന ഗ്രന്ഥത്തിൽ പകലിന്റെയും രാവിന്റെയും മൂന്നിൽ ഓരോ ഭാഗങ്ങൾക്കും പ്രത്യേകം പാലകന്മാരുണ്ടെന്നും ഒന്നാമത്തെ ഭാഗത്തിന്റേത് ബ്രഹ്മാവും, രണ്ടാമത്തേതിന്റെത് വിഷ്ണുവും മൂന്നാമത്തേതിന്റേതു രുദ്രനുമാണെന്നു പറയുന്നു. ഇന്ത്യക്കാർക്ക് വേറൊരു വിവരണമുള്ളതനുസരിച്ചു വർഷപാലകന്റെ കൂടെ ഓരോ നാഗത്തെയും അവർ സങ്കല്പിക്കുന്നു. അതാണീ പട്ടികയിൽ കൊടുക്കുന്നത്:

നാഗങ്ങളുടെ പട്ടിക	
വർഷപാലകർ	അതിന്റെ കൂടെയുള്ള നാഗങ്ങൾ (ദ്വിഭാഷയിൽ)
സൂര്യൻ	സുകു, നന്തു
ചന്ദ്രൻ	പുഷ്ക്കർ, ചിത്രനാഗം
ചൊവ്വ	പിണ്ടാരഗ, ഭർമ, തക്ഷക
ബുധൻ	ജൗരഹസ്ത്, കാർകോട
വ്യാഴം	ഈലാപുത്രം, പത്മ
വെള്ളി (ശുക്രൻ)	കാർകോട, മഹാപദ്
ശനി	യക്ഷ ഭദ്രൻ, സങ്ക്

ഇന്ത്യക്കാർ ചലനഗ്രഹങ്ങളെ സൂര്യനുമായി ബന്ധപ്പെടുത്തുന്നു. നിശ്ചല നക്ഷത്രങ്ങളെ ചന്ദ്രന്റെ ഞാറ്റുവേലയിൽ അവ സ്ഥിതിചെയ്യുന്നതുകൊണ്ട് ചന്ദ്രനോടാണ് അവർ ബന്ധപ്പെടുത്തുന്നത്. നക്ഷത്രങ്ങൾ അവയുടെ രാശിപാലകന്മാരാണെന്നതു നമ്മുടെയും അവരുടെയും ജ്യോതി ശാസ്ത്രജ്ഞന്മാർക്കിടയിൽ തർക്കമില്ലാത്ത വിഷയമാണ്. ചില ദേവന്മാരെ അവയുടെ പാലകന്മാരായി അവർ നിശ്ചയിക്കുന്നുണ്ട്. അതിനെ പറ്റി വിഷ്ണു ധർമ്മത്തിലുള്ള പ്രകാരം ഒരു പട്ടിക ഇവിടെ ചേർക്കാം:

നക്ഷത്രപാലകന്മാരുടെ പട്ടിക			
നക്ഷത്രങ്ങളും 2 മണ്ഡലങ്ങളും	അവയുടെ പാലകന്മാർ	നക്ഷത്രങ്ങളും 2 മണ്ഡലങ്ങളും	അവയുടെ പാലകന്മാർ
സൂര്യൻ	അഗ്നി	വെള്ളി (ശുക്രൻ)	ഗൗരവൻ
ചന്ദ്രൻ	വായു	ശനി	പ്രജാപതി
ചൊവ്വ	കുമാർ	ഉപരിമണ്ഡലം	ഗണപതി
ബുധൻ	വിഷ്ണു	താഴ്മണ്ഡലം (അടിഭാഗം)	വിശ്വകർമ്മ
വ്യാഴം	ശുക്രൻ		

ഇതേ ഗ്രന്ഥത്തിൽ ചന്ദ്രന്റെ ഞാറ്റുവേലാ പാലകന്മാരെയും നക്ഷത്ര പാലകന്മാരുടെ രൂപത്തിൽ വിവരിക്കുന്നുണ്ട്. താഴെ കൊടുക്കുന്ന പട്ടിക അതിനെ സംബന്ധിച്ചാണ്:

ഞാറ്റുവേലകൾ	പാലകന്മാർ	ഞാറ്റുവേലകൾ	പാലകന്മാർ
കാർത്തിക	അഗ്നി	അനിഴം	മിത്രു
രോഹിണി	കിശോർ	തൃക്കേട്ട	ശുക്രൻ
മകയിരം	ഇന്ദു(ചന്ദ്രൻ)	മൂലം	നിരുർതി
തിരുവാതിര	രുദ്രൻ	പൂരാടം	അപസ്
പുണർതം	ആദിതി	ഉത്രാടം	വിശ്വൻ
പൂയ്യം	ഗുരു(വ്യാഴം)	തിരുവോണം	ബ്രഹ്മാവ്
ആയില്യം	സർവ്വ	അവിട്ടം	വിഷ്ണു
മകം	പിതൃ	ചതയം	വാസു
പൂരം	ഭക്	ചതുർഥി	വരുണൻ
ഉത്രം	അർയമൻ	പൂരുരുട്ടാതി	വശ്രം
അത്തം	സാവിത്രി	ഉത്രട്ടാതി	അഹർവദൻ
ചിത്ര	ദുവർത്തൻ	രേവതി	പൗഷ്
ചോതി	വായു	അശ്വതി	അശ്വാകർ
വിശാഖം	ഇന്ദ്രാഗ്നി	ഭരണി	യമൻ

അധ്യായം 62

അറുപതാം സംവത്സരം അല്ലെങ്കിൽ ഷഷ്ട്യബ്ദം

വ്യാഴഗ്രഹത്തിന്റെ ഉദയം മുതൽ അതിന്റെയും സൂര്യന്റെയും ചല നമനുസരിച്ച് അറുപത് കൊല്ലം കൊണ്ട് പൂർത്തിയാക്കുന്ന ഒരു കാല ഘട്ടത്തിനാണ് കൊല്ലം എന്ന അർത്ഥം വരുന്ന 'സംവത്സരം എന്ന വാക്ക് ഇന്ത്യക്കാർ ഉപയോഗിച്ചു വരുന്നത്. ഇതിനു ഷഷ്ട്യബ്ദം (അറുപത് കൊല്ലം) എന്നും പറയാറുണ്ട്.

ഞാറ്റുവേലകളുടെ പേരുകൾ മാസങ്ങളുടെ പേരുകൾ അനുസരിച്ചു ഭാഗിക്കപ്പെടാറുണ്ടെന്നു മുമ്പ് പറഞ്ഞുവല്ലോ. ഓരോ മാസത്തിലും അതിന്റെ പേരുള്ള ഒരു ഞാറ്റുവേല ഉണ്ടായിരിക്കും. ഈ വിഷയം സൗകര്യാർത്ഥം ഒരു പട്ടികയിൽ വിവരിക്കുന്നുണ്ട്. വ്യാഴ ഗ്രഹം സൂര്യരശ്മികളിലൂടെ ഉദിക്കുന്ന ഞാറ്റുവേല മനസ്സിലാക്കുകയും ഈ പട്ടികയിൽനിന്ന് അതിനെ കണ്ടുപിടിക്കുകയും ചെയ്താൽ ആ കൊല്ല ത്തിൽ അധികാരം നടത്തുന്ന മാസങ്ങൾ അതിന്റെ നേരെ വലഭാഗ ത്തായി എഴുതപ്പെട്ടതു കാണാം. അപ്പോൾ ആ കൊല്ലത്തെ ആ പോരോടു ചേർത്തു പറയുക. ഉദാഹരണമായി: ചൈത്ര വർഷം, വൈശാഖ വർഷം എന്നിങ്ങനെ പറയാം. ഇവയിൽ ഓരോന്നിനും പ്രത്യേകമായ ചില നിയമങ്ങളും വിധികളുമുണ്ട്. ഇന്ത്യക്കാരുടെ ഗ്രന്ഥ ങ്ങളിൽ അവയെല്ലാം വിവരിക്കുന്നു. പ്രസ്തുത ഗ്രഹത്തിന്റെ ഉദയ ഞാറ്റുവേല മനസ്സിലാക്കാനുള്ള മാർഗ്ഗത്തെ കുറിച്ചു വരാഹമിഹിരൻ തന്റെ സംഹിതയിൽ ഇങ്ങനെ വിവരിക്കുന്നു:

ശകകാലം മനസ്സിലാക്കി അതിനെ പതിനൊന്നുകൊണ്ട് പെരുക്കി ഫലത്തെ വീണ്ടും നാലുകൊണ്ട് പെരുക്കുക. അല്ലെങ്കിൽ ശകകാല വർഷത്തെ നാൽപത്തി നാലുകൊണ്ട് പെരുക്കിയതിൽ 8,589 കൂട്ടിക്കി ട്ടുന്ന ഉത്തരത്തെ 3,750 കൊണ്ട് ഹരിക്കുക. അപ്പോൾ കിട്ടുന്ന ഉത്തരം കൊല്ലങ്ങളും മാസങ്ങളും ദിവസങ്ങളും സമയങ്ങളുമായിരിക്കും. ഇവയെ ശകകാലത്തോടു കൂട്ടി ആ സംഖ്യയെ അറുപത് കൊണ്ട് ഹരിച്ചാൽ

അറുപത് സംവത്സരങ്ങളുള്ള വലിയ യുഗങ്ങൾ (പൂർണ്ണ ഷഷ്ട്യബ്ദങ്ങൾ) ലഭിക്കും. ശിഷ്ടമുള്ളതിനെ അഞ്ചുകൊണ്ട് ഹരിച്ചാൽ പൂർണ്ണ പഞ്ചവത്സരങ്ങളായ ചെറിയ യുഗങ്ങൾ കിട്ടും. ശിഷ്ടത്തിനു 'സംവത്സരം' എന്നു പറയുന്നു. ഇതിനെ രണ്ടിടത്തായി എഴുതി ഒന്നിനെ ഒമ്പതുകൊണ്ട് പെരുക്കി കിട്ടുന്നതിനോടു മറ്റേ സംഖ്യയുടെ //കൂടെ// കൂട്ടുക. അതിന്റെ നാലിലൊന്ന് എടുത്താൽ കിട്ടുന്നതു പൂർണ്ണ ഞാറ്റുവേലകളും ബാക്കിയുള്ള അപൂർണ്ണ ഞാറ്റുവേലകളുടെ ഭിന്നവുമാണ്. അവയെ ചതയം മുതൽ എണ്ണിയാൽ ചെന്നവസാനിക്കുന്നിടം വ്യാഴനക്ഷത്രത്തിന്റെ ഉദയസ്ഥാനമായിരിക്കും.

അതിൽനിന്നു മേൽ പറഞ്ഞപോലെ വർഷത്തിന്റെ മാസം കണ്ടുപിടിക്കാവുന്നതാണ്. ഈ വലിയ യുഗങ്ങൾ വ്യാഴം ഗ്രഹം ചതയ ഞാറ്റുവേലയുടെയും മാഘ മാസത്തിന്റെയും ആരംഭത്തിൽ ഉദിച്ചതു മുതൽ തുടങ്ങുന്നതാണ്. എന്നാൽ, ഓരോ യുഗങ്ങളിലും വരുന്ന ചെറിയ യുഗങ്ങൾക്കു ചില വ്യവസ്ഥകളുണ്ട്. അവ പല വർഷങ്ങളിലാണു സംഭവിക്കുക. അവയിൽ ഓരോന്നിനും പ്രത്യേക പാലകന്മാരുണ്ടായിരിക്കും. വലിയ യുഗത്തിൽനിന്നു വർത്തമാന വർഷത്തിന്റെ കിടപ്പ് മനസ്സിലാക്കുകയും പട്ടികയുടെ മുകൾ ഭാഗത്തുനിന്ന് ആ കൊല്ലത്തിന്റെ എണ്ണം അറിയുകയും ചെയ്താൽ അതിന്റെ നേരെ താഴെയായി ആ കൊല്ലത്തിന്റെയും അതിന്റെ പാലകന്മാരുടെയും പേരു കാണാവുന്നതാണ്:

പാലകന്മാർ	അഗ്നി		അർക്കൻ (സൂര്യൻ)		ശീതവത്സരൻ (ചന്ദ്രൻ)		പ്രജാപതി (ചന്ദ്രഞാറ്റുവേലകളുടെ പിതാവ്		മഹാദേവൻ	
	ഒറ്റയിൽ അവസാനിക്കുന്നസംഖ്യകൾ	ആറിൽ അവസാനിക്കുന്നസംഖ്യകൾ	രണ്ടിൽ അവസാനിക്കുന്നസംഖ്യകൾ	ഏഴിൽ അവസാനിക്കുന്നസംഖ്യകൾ	മൂന്നിൽ അവസാനിക്കുന്നസംഖ്യകൾ	എട്ടിൽ അവസാനിക്കുന്നസംഖ്യകൾ	നാലിൽ അവസാനിക്കുന്നസംഖ്യകൾ	ഒമ്പതിൽ അവസാനിക്കുന്നസംഖ്യകൾ	അഞ്ചിൽ അവസാനിക്കുന്നസംഖ്യകൾ	പൂജ്യത്തിൽ അവസാനിക്കുന്ന സംഖ്യകൾ
ഷഷ്ട്യബ്ദയുഗത്തിലെ കൊല്ലങ്ങളുടെ എണ്ണം	1	6	2	7	3	8	4	9	5	10
	11	16	12	17	13	18	14	19	15	20
	21	26	22	27	23	28	24	29	25	30
	31	36	32	37	33	38	34	39	35	40
	41	46	42	47	43	48	44	49	45	50
	51	56	52	57	53	58	54	59	55	60
മിശ്രനാമങ്ങൾ	സംവത്സരം		പരിവത്സരം		ഇദവത്സരം		അനുവത്സരം		ഉദ്വത്സരം	

ഷഷ്ട്യബ്ദത്തിലെ ഓരോ വർഷത്തിനും പ്രത്യേക പേരുകളുണ്ട്. അതുപോലെ, ഓരോ യുഗത്തിന്റെയും പേര് അതിന്റെ പാലകന്മാരുടേതു തന്നെയാണ്. അവ ഒരു പട്ടികയിൽ ഇവിടെ വിവരിക്കുന്നു: ഇതിൽനിന്ന് ഉദ്ദിഷ്ട കാലം കണ്ടുപിടിക്കേണ്ടത് മേൽ പ്രസ്താവിച്ച മാർഗ്ഗേണ തന്നെ. ഈ വിഷയത്തിൽ അവരുടെ വിവരണങ്ങളും അതേപടി ചേർക്കുകയാണെങ്കിൽ വളരെ ദീർഘിച്ചുപോകും. 'സംഹിത'യിൽ അതെല്ലാം സവിസ്തരം കൊടുത്തിട്ടുണ്ട്.

പ്രഥമയുഗം അനുകൂലവും അതിന്റെ പാലകൻ നാരായണനുമാണ്	1 പ്രഭു	2 വിഭു	3 ശുക്ലൻ	4 പ്രമോദൻ	5 പ്രജാപതി
രണ്ടാമത്തെ യുഗം അനുകൂലവും അതിന്റെ പാലകൻ സുരേജവുമാണ് (വ്യാഴ ഗ്രഹം)	6 അംഗിരസ്	7 ശ്രീമുഖം	8 ഭാവസൻ	9 യുവൻ	10 ദാതാ
മൂന്നാമത്തെ യുഗം അനുകൂലവും പാലകൻ 'ബലഭിത്' (ഇന്ദ്രൻ) ആകുന്നു	11 ഈശ്വരൻ	12 ബഹുധാന്യം	13 പരമാധി	14 വിക്രമൻ	15 വിശ്വൻ
നാലാം യുഗം അനുകൂലവും അതിന്റെ പാലകൻ'ഹുദാസ്' (അഗ്നി)യുമാകുന്നു	16 ചിത്രഭാനു	17 സുഭാനു	18 നാഥൻ	19 താരണ	20 വ്യായം
അഞ്ചാം യുഗം ഉദാസീനവും അതിന്റെ പാലകൻ 'ദുവർത്തൻ' (ചിത്രയുടെ പാലകൻ) ആകുന്നു.	21 സർവ്വജിത്ത്	22 സർവ്വാധാരി	23 വിരുദ്ധ്	24 വികൃത	25 ഖർ
ആറാം യുഗം ഉദാസീനവുംപാലകൻ പ്രോഷ്ഠവദനു(ഉത്രട്ടാതി)മാകുന്നു	26 നന്ദൻ	27 വിജയ	28 ജയ	29 മൻമഥൻ	30 ചിത്ര
ഏഴാമത്തേത് ഉദാസീനവും പാലകൻ പിത്രുവുമാണ്	31 ഹേമാലംബ	32 വിളംബി	33 വിഗാർ	34 സർവ്വ	35 പ്ലവ
എട്ടാം യുഗം ഉദാസീനവുംപാലകൻ സ്യൂം (സൃഷ്ടികൾ) ആകുന്നു.	36 ശോകകൃതി	37 ശുഭകൃതി	38 ക്രോധി	39 വിശ്വവസു	40 പ്രവാസു
ഒമ്പതാം യുഗം ഭാഗ്യഹീനവും പാലകൻ സോമനും (ചന്ദ്രനും) ആകുന്നു.	41 പ്ലവംഗ	42 കീലകം	43 സോമൻ	44 സാധാരണൻ	45 രോധകൃതി
പത്താം യുഗം ഭാഗ്യഹീനവും പാലകൻ ശൂക്രാനലൻ (ശുക്രനും അഗ്നിയും) ആണ്	46 പ്രഭാതം	47 പ്രമാദി	48 വിക്രമൻ	49 രാക്ഷസ	50 അനലൻ
പതിനൊന്നാം യുഗം ഭാഗ്യഹീനവും പാലകൻ അശ്വിനു (അശ്വതിയുടെ)വാണ്.	51 പിംഗലൻ	52 കാലജഗത്ത്	53 സിദ്ധാർത്ഥൻ	54 രുദ്രൻ	55 ദുർമ്മതി
പന്ത്രണ്ടാം യുഗം ഭാഗ്യഹീനവും പാലകൻ ഭഗ(പൂരത്തിന്റെത്)മാണ്.	56 ദുന്ദുഭി	57 അംഗാര	58 കതാകരൻ	59 ക്രിയവദൻ	60 ക്രുവ

ഇതാണ് അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയ മാർഗ്ഗം. അവരിൽ ചിലർ വിക്രമാദിത്യവർഷത്തിൽനിന്നു മൂന്ന് കിഴിച്ചു ബാക്കിയുള്ളതിനെ അറുപതുകൊണ്ട് ഹരിക്കുകയും ശിഷ്ടം വരുന്നതിനെ വലലിയ യുഗത്തിന്റെ ആരംഭമായി കരുതുകയും ചെയ്യുന്നു. അല്ലെങ്കിൽ, ശകകാലത്തിനോട് അവർ പന്ത്രണ്ടിനെ ചേർക്കുന്നു. ഇതു രണ്ടും ശരിയായ മാർഗ്ഗമല്ല. കനൂജ് ദേശവാസികൾ എന്നോട് ഇപ്രകാരം പറയുകയുണ്ടായി. അവരുടെ അഭിപ്രായത്തിൽ സംവത്സര കാലഘട്ടം 1248 ആകുന്നു; നൂറ്റിനാല് വർഷങ്ങൾ വീതമുള്ള പന്ത്രണ്ട് സംവത്സരങ്ങൾ ചേർന്നത്.

ഈ വിവരണമനുസരിച്ച് ശകകാലത്തിൽനിന്ന് അഞ്ഞുറ്റി അമ്പത്തിനാല് കിഴിക്കുകയും ശിഷ്ടമുള്ളതുമായി താഴെ കൊടുക്കുന്ന പട്ടികയുമായി താരതമ്യപ്പെടുത്തുകയും ചെയ്താൽ വർത്തമാന സംവത്സരവും അതുവരെ കഴിഞ്ഞുപോയതും മനസ്സിലാക്കാവുന്നതാണ്.

കൊല്ലങ്ങൾ	1	105	209	313	417	521
പേരുകൾ	രുഗ്മാഷ്	വേല ബന്ധു	കദ്രു	കാല ബന്ധു	നൗമ മന്ധു	മേരു
കൊല്ലങ്ങൾ	625	629	833	937	1041	1145
പേരുകൾ	വർദാർ	യംഭു	കൃതി	സർവ്വ	ഹിന്തു	സിന്ധു

ഈ കൂട്ടത്തിൽ മരങ്ങളുടെയും പർവ്വതങ്ങളുടെയും പേരുകൾ കേട്ടപ്പോൾ എനിക്കു സംശയം ജനിച്ചു. അവരോട് ഓരോ പ്രശ്നത്തെ കുറിച്ച് ആവർത്തിച്ചു തിരിച്ചും മറിച്ചും അന്വേഷിച്ചു വിശകലനം ചെയ്തപ്പോൾ അവരുടെ മറുപടി വ്യത്യസ്തമായിരുന്നില്ല.

അധ്യായം 63

ബ്രാഹ്മണരുടെ പ്രത്യേകതകളും അവരുടെ കർത്തവ്യങ്ങളും

ഒരു ബ്രാഹ്മണന്റെ ആയുഷ്കാലം ഏഴാം വയസ്സിനു ശേഷം നാല് ഘട്ടമായി ഭാഗിക്കുന്നു. പ്രഥമ ഘട്ടത്തിന്റെ ആരംഭമായ എട്ടാമത്തെ വയസ്സിൽ ബ്രാഹ്മണ ബാലനെ സംസ്കാരവും കർത്തവ്യവും പഠിപ്പിക്കുകയും ജീവിതകാലം മുഴുവനും ചെയ്യേണ്ട കാര്യങ്ങളെ കുറിച്ച് അവനെ ഉപദേശിക്കുകയും ചെയ്യുന്നു. പിന്നീട് അവർ അവന്റെ ശരീരത്തിൽ ഒരു പൂണൂൽ കെട്ടുന്നു. നല്ലവണ്ണം പിരിച്ച ഒമ്പത് നൂലുകൾ ചേർത്താണ് പൂണൂലുണ്ടാക്കുന്നത്. ഇതിനോടു വസ്ത്രം കൊണ്ട് നിർമ്മിച്ച ഒന്നും കൂട്ടിച്ചേർക്കാറുണ്ട്. ഇതിന് അവർ 'യജ്ഞസൂത്രം' എന്നു പറയുന്നു. ഇടത്തെ ചുമലിൽനിന്നു വലത്തെ ഭാഗത്തേക്കാണ് അതു ധരിക്കുന്നത്. കയ്യിൽ ഒരു വടിയും വലത്തെ കയ്യിൽ 'ദർഭ' എന്ന പേരിലറിയപ്പെടുന്ന 'തഴ' കൊണ്ടുള്ള ഒരു മോതിരവും നൽകപ്പെടുന്നു. ഈ മേതിരത്തിന് 'പവിത്രം' എന്നാണു പേര്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആ കൈകൊണ്ട് ധർമ്മം ചെയ്താൽ പുണ്യമുണ്ടെന്നു സൂചിപ്പിക്കുകയാണ്. യജ്ഞ സൂത്രത്തിനുള്ളത്ര പ്രാധാന്യം ഈ മോതിരത്തിന് അവർ കൽപിക്കുന്നില്ല. യജ്ഞ സൂത്രം ഒരിക്കലും ശരീരത്തിൽനിന്നു വേർപ്പെടാൻ പാടില്ല. അതു ധരിക്കാതെ ഭക്ഷണം കഴിക്കുന്നതുപോലും കുറ്റമാണ്. വ്രതമനുഷ്ഠിക്കുകയോ ധർമ്മം ചെയ്യുകയോ ആണ് ഈ കുറ്റത്തിനുള്ള പ്രായശ്ചിത്തം. അവന്റെ ആയുഷ്കാലത്തിന്റെ ഒന്നാം ഭാഗം അവസാനിക്കുന്നത് ഇരുപത്തി അഞ്ചാമത്തെ വയസ്സിലാണ്. വിഷ്ണു പുരാണത്തിൽ അത് നാൽപത്തിഎട്ടാമത്തെ വയസ്സിലാണെന്നും കാണുന്നു.

ഈ ഘട്ടത്തിൽ ബ്രാഹ്മണനു നിർബന്ധമായ കാര്യങ്ങൾ ഭക്തി, വേദം പഠിക്കൽ, അതിന്റെ വിവരണങ്ങൾ ശരിക്കു മനസ്സിലാക്കൽ, കർമ്മ നിയമത്തിലും ആത്മീയ ശാസ്ത്രത്തിലും തികഞ്ഞ പരിജ്ഞാനം

നേടൽ, ദിവസവും മൂന്നു പ്രാവശ്യം കുളിക്കൽ, കാലത്തും വൈകുന്നേരവും അഗ്നിബലി നടത്തൽ, ബലി കർമ്മത്തിനു ശേഷം തന്റെ ഗുരുനാഥനു സാഷ്ടാംഗ നമസ്കാരം ചെയ്യൽ തുടങ്ങിയവയാണ്. ഒന്നിടവിട്ട് വ്രതമനുഷ്ഠിക്കുകയും മാംസം പൂർണ്ണമായി ഉപേക്ഷിക്കുകയും ചെയ്യേണ്ടതാകുന്നു. ഗുരുവിന്റെ വീട്ടിലായിരിക്കണം അവന്റെ താമസം. മദ്ധ്യാഹ്നത്തിലോ സായാഹ്നത്തിലോ സംഭാവനകൾ വാങ്ങാൻ അഞ്ച് വീടുകളിൽ പോവാനല്ലാതെ ഗുരുഗൃഹം വിട്ടു പുറത്തുപോവുന്നത് അനുവദനീയമല്ല. ഇങ്ങനെ കിട്ടുന്ന സംഭാവനകൾ ഗുരുവിന്റെ മുമ്പിൽ കൊണ്ടുപോയി വെക്കേണ്ടതും ഗുരു വേണ്ടത് എടുത്ത ശേഷം ബാക്കി ഉപയോഗിക്കേണ്ടതുമാണ്.

'പ്ലാസ്, ദർവ' എന്നീ രണ്ട് മരത്തിൽനിന്നും അഗ്നി ഹോമത്തിനായുള്ള വിറക് ശിഷ്യൻ ശേഖരിച്ചു കൊണ്ടുവരണം. അഗ്നിയെ ഇവർ അങ്ങേയറ്റം ആരാധിക്കുകയും പരിശുദ്ധമായി കരുതുകയും ചെയ്യുന്നു. ബലി സ്വീകരിക്കപ്പെട്ടതിന്റെ ലക്ഷണമായി അവർ കരുതുന്നത് അതിന്മേൽ അഗ്നി പിടിപ്പിക്കുകയാണ്. ബിംബങ്ങൾ, നക്ഷത്രങ്ങൾ, പശു, കഴുത, പ്രതിമകൾ തുടങ്ങിയവയെ ആരാധിക്കുന്നതുകൊണ്ട് അഗ്നിയാരാധന അവർ വേണ്ടെന്നു വെക്കുന്നില്ല. അതുകൊണ്ടാണ് ഒരു അറബി കവിയായ 'ബശ്ശാർബിൻ ബുർദ്' അഗ്നി അതിന്റെ ഉത്ഭവം മുതൽ ആരാധനാ വസ്തുവാണെന്നു പാടിയത്.

ബ്രാഹ്മണന്റെ രണ്ടാം ജീവിത ഘട്ടം ഇരുപത്തി അഞ്ചാം വയസ്സ് മുതൽ അമ്പതാം വയസ്സ് വരെയാണ്. വിഷ്ണു പുരാണത്തിൽ അമ്പതിനു പകരം എഴുപത് എന്നും പറയുന്നു. ഈ ഘട്ടത്തിൽ ഗുരുവിന്റെ അനുവാദത്തോടെ അവർ വിവാഹം കഴിക്കുകയും കുടുംബ ജീവിതം ആരംഭിക്കുകയും സന്താനോല്പാദനം നടത്തുകയും ചെയ്യുന്നു. മാസത്തിലൊരിക്കൽ (ആർത്തവത്തിൽനിന്നു ശുദ്ധിയായ ഉടനെ) അല്ലാതെ സംയോഗം പാടില്ല. പന്ത്രണ്ട് വയസ്സിൽ കവിഞ്ഞ സ്ത്രീയെ വിവാഹം ചെയ്യാനും പാടില്ല. ബ്രാഹ്മണന്റെ ജീവിത മാർഗ്ഗം ഒന്നുകിൽ ബ്രാഹ്മണരെയോ, ക്ഷത്രിയരെയോ പഠിപ്പിക്കുന്നതിൽനിന്നു സംഭാവനയായി (പ്രതിഫലമായല്ല) കിട്ടുന്നതുകൊണ്ടോ രാജാക്കന്മാരോടും നേതാക്കളോടും ബുദ്ധിമുട്ടിക്കാതെയും വെറുപ്പിക്കാതെയും ചോദിച്ചുകിട്ടുന്നതുകൊണ്ടോ മറ്റുള്ളവർക്കു വേണ്ടിഅഗ്നി ആരാധനാകർമ്മങ്ങൾ നടത്തിക്കൊടുക്കുന്നതിനു പാരിതോഷികമായി ലഭിക്കുന്നതുകൊണ്ടോ ആയിരിക്കണം. ഇവരുടെയെല്ലാം വീടുകളിൽ മതകാര്യങ്ങളും പുണ്യകർമ്മങ്ങളും നിർവ്വഹിക്കുന്നതിനായി ബ്രാഹ്മണൻ തന്നെ വേണം. 'പൂരോഹിതൻ' എന്നാണ് അദ്ദേഹത്തിനു പേര്. ഭൂമിയിൽനിന്നു കൃഷി ചെയ്തു കിട്ടുന്നതുകൊണ്ടും മരങ്ങളിൽനിന്നു പറിച്ചെടുക്കുന്ന പഴങ്ങൾക്കൊണ്ടും അദ്ദേഹത്തിനു ജീവിതം നയിക്കാവുന്നതാണ്. വസ്ത്രം,

അടയ്ക്ക തുടങ്ങിയവകൊണ്ട് കച്ചവടം ചെയ്തു ജീവിക്കുന്നതിനും അവർക്ക് അനുവാദമുണ്ട്. പക്ഷേ, വൈശ്യരെക്കൊണ്ട് കച്ചവടം നടത്തിക്കുകയാണ് ഏറ്റവും ഉത്തമം. എന്തെന്നാൽ, കച്ചവടത്തിൽ ചതി, വഞ്ചന, കളവ് മുതലായവ ഉള്ളതുകൊണ്ട് ബ്രാഹ്മണർക്കു പൊതുവിൽ കച്ചവടം തടയപ്പെട്ടിരിക്കുകയാണ്. ചില ഒഴിച്ചുകൂടാൻ പറ്റാത്ത സന്ദർഭത്തിൽ മാത്രമേ അത് അനുവദിക്കപ്പെട്ടിട്ടുള്ളൂ.

മറ്റുള്ളവരെ പോലെ രാജാക്കന്മാർക്കു നികുതിയും ചുങ്കവും കൊടുക്കാൻ ബ്രാഹ്മണർ നിർബന്ധിതനല്ല. പശുക്കളെയും ഇതര മൃഗങ്ങളെയും ആവശ്യപ്പെടുക, ചായം പിടിപ്പിക്കുക, പലിശ കൈകാര്യം ചെയ്യുക ഇവയൊന്നും ബ്രാഹ്മണനു പാടില്ല. നീലച്ചായം അശുദ്ധമായി കല്പിച്ചതുകൊണ്ട് അത് ശരീരത്തിൽ തട്ടിയാൽ കുളി നിർബന്ധമാണ്. അഗ്നിബലി സമയത്തു സ്തോത്രം ചൊല്ലുന്ന സമയത്തും കള്ള് (സോമം) കുടിക്കുക അവരുടെ പതിവാണ്.

ബ്രാഹ്മണരുടെ മൂന്നാം ജീവിതഘട്ടം ആരംഭിക്കുന്നത് അമ്പത് വയസ്സുമുതൽ എഴുപത്തി അഞ്ച് വയസ്സുവരെയത്രെ. വിഷ്ണുപുരാണത്തിൽ തൊണ്ണൂറ് വയസ്സുവരെ എന്നു കാണുന്നു. ഈ കാലഘട്ടത്തിൽ അദ്ദേഹം സന്യസിക്കുകയും ഇല്ലം വിട്ടിറങ്ങുകയും ചെയ്യണം. ഭാര്യ തന്റെ കൂടെ സന്യസിക്കുന്നില്ലെങ്കിൽ കുടുംബത്തെ മക്കളെ ഏല്പിക്കണം. അതിനു ശേഷം കുടുംബനാഥൻ വിജന പ്രദേശങ്ങളിൽ പോയി സദ്കർമ്മങ്ങൾ ചെയ്തു കഴിഞ്ഞുകൂടുന്നു. അദ്ദേഹം മേൽപുരയുള്ള വീടുകളിൽ താമസിക്കുകയില്ല. മരത്തോലുകൊണ്ടോ മറ്റോ മാത്രമേ നഗ്നത മറയ്ക്കുകയുള്ളൂ. തലയിണയും വിരിപ്പും കൂടാതെ നിലത്തു കിടന്നുറങ്ങുന്നു. പഴങ്ങളും സസ്യങ്ങളും കിഴങ്ങുകളും മാത്രമേ ഭക്ഷിക്കുകയുള്ളൂ. മുടി വളർത്തുകയും എണ്ണ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നു.

നാലാം ഘട്ടം ജീവിതാവസാനം വരെയാണ്. ഈ ഘട്ടത്തിൽ അദ്ദേഹം ചുകപ്പു വസ്ത്രം ധരിക്കുകയും കയ്യിൽ ഒരു ദണ്ഡ് പിടിക്കുകയും ധ്യാനനിരതനായി കഴിഞ്ഞുകൂടുകയും ചെയ്യുന്നു. മനസ്സിനെ കാമ-ക്രോധ-ലോഭ-മോഹാദികളിൽനിന്നും വാത്സല്യ-വൈരാഗ്യങ്ങളിൽനിന്നും വിടർത്തിനിർത്തി പരിശുദ്ധമാക്കി വെക്കുന്നു. ആരോടും സഹവസിക്കുകയില്ല. തീർത്ഥാടനത്തിനു പോകുകയാണെങ്കിൽ വഴിമദ്ധ്യേ ഏതെങ്കിലും ഗ്രാമത്തിൽ ഒരു ദിവസത്തിലും പട്ടണത്തിൽ അഞ്ച് ദിവസത്തിലും കൂടുതൽ താമസിക്കുകയില്ല. ആരെങ്കിലും വല്ലതും കൊടുത്താൽ അതിൽനിന്ന് പിറ്റേ ദിവസത്തേക്ക് ഒന്നും ബാക്കിവെക്കുയില്ല. മോക്ഷ മാർഗ്ഗത്തിലൂടെ ചരിക്കുകയല്ലാതെ അദ്ദേഹത്തിനു മറ്റൊരു ചിന്തയും ഉണ്ടായിരിക്കുകയില്ല. ബാക്കിയുള്ള ജീവിത കാലം മുഴുവൻ സദ്കർമ്മങ്ങൾ ചെയ്തും ധർമ്മം കൊടുത്തും വാങ്ങിയും

ജീവിക്കുകയാണു കടമ.

ബ്രാഹ്മണർക്കു നല്കുന്നത് പിതൃക്കൾക്കു ലഭിക്കുമെന്നാണ് അവരുടെ വിശ്വാസം. ഇതുപോലെത്തന്നെ വേദപാരായണം, ആരാധനാകർമ്മം, അഗ്നിശുശ്രൂഷ മുതലായവയിൽ മുഴുകുകയും പ്രസ്തുതാഗ്നിയെ-മരണാനന്തരം ദഹിപ്പിക്കുന്നതിനായി-കെട്ടുപോകാതെ സൂക്ഷിക്കുകയും ചെയ്യുന്നു. ഇതിന് 'ഹോമം' എന്നാണ് അവർ പറയുന്നത്. ദിവസം മൂന്ന് പ്രാവശ്യം-അതായത് പ്രഭാതം, മദ്ധ്യാഹ്നം, സായാഹ്നം-കുളിയും നിർബന്ധമാണ്.

പ്രഭാതത്തിൽ കുളിക്കുന്നതു രാത്രിയിലെ ഉറക്കിൽനിന്നു വന്നുചേരാനിടയുള്ള അഴുക്കിൽനിന്നു ശുദ്ധിയാവാനും പ്രാർത്ഥനക്ക് തയ്യാറാവാനുമാണ്. അവരുടെ പ്രാർത്ഥന ചില സ്തോത്രങ്ങളും രണ്ടു തള്ളവിരലിന്മേൽനിന്ന് സൂര്യനഭിമുഖമായി തല കുനിക്കലുമാണ്. ആരാധനകളിൽ സൂര്യനെയാണ് അവർ അഭിമുഖീകരിക്കുക. പക്ഷേ, തെക്കോട്ടു തിരിഞ്ഞ് അവർ അതിനെ അഭിമുഖീകരിക്കുകയില്ല. ആ ഭാഗത്തേക്കു തിരിഞ്ഞ് യാതൊരു സദ്കർമ്മവും ചെയ്യുകയില്ല. ചീത്ത കാര്യങ്ങൾക്കല്ലാതെ അവർ അങ്ങോട്ടു തിരിയുകയില്ല. മദ്ധ്യാഹ്ന സ്നാനം അതു പ്രതിഫലം പ്രതീക്ഷിക്കുന്ന സമയമായതിനാലാണു വേണ്ടിവരുന്നത്. അപ്പോൾ ശുദ്ധിയാവേണ്ടതാണ്. വൈകുന്നേരം ആഹാരത്തിന്റെയും പ്രാർത്ഥനയുടെയും സമയമാണ്. കുളിക്കാതെ തന്നെ അവ നിർവ്വഹിക്കുക അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ, തൃതീയ സ്നാനത്തിന് ഒന്നും രണ്ടും പോലെ ശക്തിയായി നിർബ്ബന്ധമില്ല.

ഗ്രഹണവേളയിൽ രാത്രിസമയത്തു കുളി നിർബന്ധമായത് ഗ്രഹണം സംബന്ധമായ വഴിപാടുകളും മറ്റും നടത്തേണ്ടതുകൊണ്ടാണ്. ജീവിതകാലം മുഴുവൻ ദിനംപ്രതി രണ്ടുപ്രാവശ്യം മാത്രമേ ബ്രാഹ്മണനു ഭക്ഷണം കഴിക്കാൻ പാടുള്ളൂ. അതായത്, ഒന്ന് ഉച്ച സമയത്തും മറ്റേത് സന്ധ്യാസമയത്തും. ആഹാരത്തിനായി ഇരിക്കുമ്പോൾ അതിൽനിന്ന് ഒന്നോ രണ്ടോ ആൾക്കു ധർമ്മം ചെയ്യായി കുറേ നീക്കിവെച്ച ശേഷമേ അവർ ഭക്ഷിക്കുകയുള്ളൂ. വിശേഷിച്ചു വൈകുന്നേരം ഭിക്ഷക്കു വരുന്ന സാധുക്കളായ ബ്രാഹ്മണരെ അവഗണിക്കുക എന്നതു വലിയ കുറ്റമായാണ് അവർ കരുതുന്നത്. അതിനു ശേഷം മൃഗങ്ങൾക്കും പക്ഷികൾക്കും അഗ്നിക്കും നീക്കിവെച്ചു സ്തോത്രങ്ങൾ ചൊല്ലിയാണ് അവർ ആഹാരം കഴിക്കുന്നത്. ബാക്കിവരുന്ന ആഹാരം വീട്ടിനു പുറത്തുകൊണ്ടുപോയി വെക്കണം. അതു വീണ്ടും ഉപയോഗിച്ചുകൂടാ. അത് അവിടെ എത്തിച്ചേരുന്ന ആവശ്യക്കാരനോ പക്ഷി-മൃഗാദികൾക്കോ അവകാശപ്പെട്ടതാണെന്ന് അവർ കരുതുന്നു. ഭക്ഷണ പാനീയങ്ങൾക്കു വെവ്വേറെ പാത്രങ്ങൾ വേണം. മറ്റൊരാൾ ഉപയോഗിച്ച പാത്രങ്ങൾ അവർ ഉടച്ചുകളയും. ബ്രാഹ്മണരിൽ ചിലർ തന്റെ

കുടുംബാംഗങ്ങളുമായി ഒരു പാത്രത്തിൽനിന്നു ഭക്ഷണം കഴിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഭൂരിപക്ഷം ബ്രാഹ്മണരും ഈ സമ്പ്രദായത്തെ എതിർക്കുന്നു.

വടക്ക് സിന്ധു നദിയുടെയും തെക്ക് ചിറമനുമത നദിയുടെയും മദ്ധ്യത്തിലായി താമസിക്കണമെന്നതു ബ്രാഹ്മണനു നിർബന്ധമാണ്. തുർക്കിസ്ഥാൻ അതിർത്തിയിലേക്കും കർണ്ണാടകാതിർത്തിയിലേക്കും കിഴക്കും പടിഞ്ഞാറും സമുദ്രം വിട്ട് അവർക്കു നീങ്ങാൻ പാടുള്ളതല്ല. മേൽ പറഞ്ഞ മോതിരം ഉണ്ടാക്കാൻ സൗകര്യമില്ലാത്ത ഭൂമിയിലോ കറുത്ത മാനുകൾ മേയാത്ത സ്ഥലത്തോ അവർക്കു ജീവിക്കാൻ പാടുള്ളതല്ല എന്നും പറയുന്നു. പ്രസ്തുത അതിർത്തികൾക്ക് അപ്പുറത്തുള്ള പ്രദേശങ്ങളുടെ സ്വഭാവമാണത്രെ അത്. ഈ അതിർത്തികൾ കടക്കുന്നവൻ കുറ്റക്കാരനാവുകയും പാപമോചന കർമ്മങ്ങൾ നടത്തേണ്ടി വരികയും ചെയ്യും. ഭക്ഷണത്തിനു വേണ്ടി നിശ്ചയിച്ച സ്ഥലം തളിച്ചു മെഴുകി ശരിയാക്കിയതല്ലെങ്കിൽ ആഹാരം കഴിക്കുമ്പോൾ ഓരോരുത്തർക്കും ചാണകവും വെള്ളവും മെഴുകിയ ഓരോ 'തടുക്ക്' ഉണ്ടായിരിക്കേണ്ടതാണ്. തടുക്ക് ചതുരാകൃതിയിലുള്ളതായിരിക്കണം. തടുക്കിന്റെ ആവശ്യകതയെ കുറിച്ച് അവർ ഇങ്ങനെ വിവരിക്കുന്നു: ഭക്ഷണം കഴിച്ചു സ്ഥലം വൃത്തികേടാവുന്നതും അതിനാൽ ഭക്ഷണാനന്തരം അതു കഴുകി മെഴുകി ശുദ്ധീകരിക്കേണ്ടതുമാണ്. വൃത്തികേടായ സ്ഥലം കൃത്യമായി നിശ്ചയിക്കാൻ സംശയം തോന്നിയാൽ മുഴുവൻ സ്ഥലവും ഇങ്ങനെ ശുദ്ധീകരിക്കണം. ഭക്ഷണത്തിൽ അഞ്ചു തരം സസ്യവർഗ്ഗങ്ങളുടെ ഉപയോഗം ബ്രാഹ്മണനു വ്യക്തമായി നിരോധിക്കപ്പെട്ടിരിക്കുന്നു. അവ ഉള്ളി, വെളുത്തുള്ളി, ചൊരക്ക, കരിഞ്ചണം, നെല്ലി എന്നിവയാണ്.

അധ്യായം 64

ബ്രാഹ്മണരല്ലാത്ത ജാതികൾ ജീവിത കാലത്തു ചെയ്യേണ്ട ആചാരമുറകൾ

ക്ഷത്രിയർക്ക് വേദം വായിക്കുകയും പഠിക്കുകയും ചെയ്യാമെങ്കിലും പഠിപ്പിക്കാൻ പാടില്ല. അഗ്നിബലി നടത്തുകയും പുരാണങ്ങൾക്കനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യാവുന്നതാണ്. പക്ഷേ, ഭക്ഷണത്തിനിരിക്കാൻ ഉപയോഗിക്കുന്ന തടുക്ക് ത്രികോണാകൃതിയിൽ ആയിരിക്കണം. ഇവർ ജനങ്ങളുടെ മേൽ ഭരണം നടത്തുകയും അവർക്കുവേണ്ടി സമരം നടത്തുകയും ചെയ്യുന്നു. ഇതിനുവേണ്ടിയാണത്രെ അവരെ സൃഷ്ടിച്ചത്. ക്ഷത്രിയർ പന്ത്രണ്ട് വയസ്സ് പൂർത്തിയാകുമ്പോൾ ത്രികോണാകൃതിയിലുള്ള ഒരൊറ്റ യജ്ഞസൂത്രവും പരുപരുത്ത തുണികൊണ്ട് പിരിച്ച ഒരു നൂലും ധരിക്കുന്നു.

വൈശ്യർക്കുള്ള കർത്തവ്യങ്ങൾ കൃഷി, കെട്ടിട നിർമ്മാണങ്ങൾ, കന്നുകാലി മേയ്ക്കൽ, ബ്രാഹ്മണരെ ചികിത്സിക്കൽ തുടങ്ങിയവയാണ്. അവർക്ക് രണ്ടു നൂലുകൊണ്ടുള്ള ഒരു യജ്ഞസൂത്രം ധരിക്കാം. ശൂദ്രർ ബ്രാഹ്മണരുടെ വേലക്കാരും ദാസന്മാരും ആണ്. ഇവർ ത്യാഗസന്നദ്ധത പ്രദർശിപ്പിച്ചു പൂണൂൽ ധരിക്കാൻ ഉദ്ദേശിച്ചാൽ, പരുപരുത്ത വസ്ത്രം കൊണ്ടുള്ളതു മാത്രമേ ആകാവൂ. ബ്രാഹ്മണർക്കു പ്രത്യേകമായുള്ള പ്രാർത്ഥന, വേദപാരായണം, അഗ്നിബലി തുടങ്ങിയവയെല്ലാം ഇവർക്കു നിരോധിക്കപ്പെട്ടിരിക്കുന്നു. ഒരു ശൂദ്രനോ വൈശ്യനോ വേദം വായിച്ചു എന്നു തെളിഞ്ഞാൽ ബ്രാഹ്മണർ ഭരണാധികാരികളുടെ അടുക്കൽ ചെന്ന് ആവലാതി പറയുകയും, അവർ അവന്റെ നാവു മുറിച്ചുകളയുകയും ചെയ്യുന്നതാണ്. എന്നാൽ, ദൈവനാമം ജപിക്കുക, സദ്കർമ്മങ്ങൾ ചെയ്യുക, ഔദാര്യം കാണിക്കുക തുടങ്ങിയ കാര്യങ്ങൾ ഇവർക്കും അനുവദനീയമത്രെ. ഏതൊരു വിഭാഗം ജനങ്ങൾക്ക് അനുവദിക്കപ്പെടാത്ത ജോലി ചെയ്യുന്നുവോ (ഉദാഹരണമായി ബ്രാഹ്മണൻ വ്യാപാരം ചെയ്യുക, ശൂദ്രൻ കൃഷി ചെയ്യുക) അവരെ കുറ്റക്കാരായി ഗണിക്കും.

എന്നാൽ, ഈ കുറ്റത്തിനു കളവ് കുറ്റത്തിനു താഴെയായി മാത്രമേ കണക്കാക്കപ്പെടുകയുള്ളൂ.

അവരുടെ ചരിത്രഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നതായി കാണാം: രാജാവായ രാമന്റെ കാലത്ത് ജനങ്ങളുടെ ആയുഷ്കാലം നിശ്ചിതവും നീണ്ടതുമായിരുന്നു. അതുകൊണ്ട് സന്താനങ്ങൾ മാതാപിതാക്കൾക്കു മുമ്പായി മരിക്കുന്ന പതിവുണ്ടായിരുന്നില്ല. ഒരിക്കൽ ഒരു ബ്രാഹ്മണന്റെ മകൻ അകാലചരമം പ്രാപിച്ചു. അപ്പോൾ പിതാവ് ആ കുട്ടിയുടെ ശവവുമായി രാജാവിന്റെ അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു: "ഭൂമിയിൽ നിങ്ങളുടെ ഭരണകാലത്തു വല്ല നാശവും സംഭവിച്ചതുകൊണ്ടോ, വല്ല മന്ത്രിമാരും ഭരണത്തിൽ ക്രമക്കേടും കുറ്റവും ചെയ്തതുകൊണ്ടോ ആവണം ഇങ്ങനെ സംഭവിച്ചത്." രാമൻ ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയതിന്റെ ഫലമായി, ചാണ്ഡാലന്മാരിൽ ഒരാൾ ആരാധനയിൽ മുഴുകി സ്വന്തം ശരീരത്തെ ബുദ്ധിമുട്ടിക്കുന്നതായി അദ്ദേഹത്തിനു മനസ്സിലാക്കാൻ സാധിച്ചു. ഉടനെ രാമൻ ഇയാളെ അന്വേഷിച്ചു പുറപ്പെടുകയും ഗംഗാനദിക്കരയിൽ അയാളെ കണ്ടുമുട്ടുകയും ചെയ്തു. അപ്പോൾ ചാണ്ഡാലൻ തന്റെ ശരീരത്തെ തലകീഴായി നിറുത്തിയിരുന്നു. ഉടനെ രാമൻ ഇപ്രകാരം പറഞ്ഞ് അദ്ദേഹത്തെ അമ്പെയ്തു വധിച്ചു.: "നിന്നെ ഞാൻ വധിക്കുന്നത് നിനക്ക് ചെയ്യാൻ പാടില്ലാത്ത ഒരു കാര്യം നീ ചെയ്തതുകൊണ്ടാണ്." തത്സമയം തന്നെ, രാജധാനിയുടെ ഗോപുരത്തിൽ വച്ചിരുന്ന ബ്രാഹ്മണന്റെ മരിച്ചുപോയ മകൻ ജീവിച്ചെഴുനേറ്റിരുന്നു.

ചണ്ഡാലന്മാർ ഒഴികെയുള്ള അഭാരതീയരെല്ലാം മ്ലേച്ഛന്മാരായാണ് ഗണിക്കപ്പെട്ടിരുന്നത്. കാരണം, അവർ ജന്തുഹിംസ നടത്തുന്നവരും പശുമാംസം കഴിക്കുന്നവരും ആയതാണ്. ഈ വർഗ്ഗവ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യൻ, അന്യോന്യം തരംതാഴ്ത്തപ്പെട്ടിരുന്നത്. മോക്ഷം തേടുന്നവരെക്കുറിച്ചു വാസുദേവൻ പറഞ്ഞത് ഈ യാഥാർത്ഥ്യം തെളിയിക്കുന്നു. ബുദ്ധിയുള്ള മനുഷ്യന്റെ അഭിപ്രായത്തിൽ ബ്രാഹ്മണരും ചണ്ഡാലരും ശത്രുവും മിത്രവും വിശ്വസ്തനും വഞ്ചകനും എന്നും വേണ്ട കീരിയും പാമ്പും തന്നെ സമമാണ്. ബുദ്ധിയാണ് മനുഷ്യർക്കിടയിൽ സമത്വം കല്പിക്കുന്നതെങ്കിൽ, അജ്ഞതയിൽനിന്നു മാത്രമായിരിക്കണം മനുഷ്യരെ പരസ്പരം ഭിന്നിപ്പിക്കുകയും ഉച്ചനീചത്വങ്ങൾ കല്പിക്കുകയും ചെയ്യുന്ന പതിവ് ഉത്ഭവിച്ചത്.

വാസുദേവൻ അർജുനനോട് ഇങ്ങനെ പറഞ്ഞിട്ടുണ്ട്: "ലോകത്തെ ഉദ്ധരിക്കലാണ് ഉദ്ദേശ്യമെങ്കിൽ, യുദ്ധം കൊണ്ടല്ലാതെ ഭരണവും വ്യവസ്ഥയും നിലനിർത്താൻ സാധിക്കുകയില്ലെന്നു വന്നാൽ നമ്മെ പോലെ ബുദ്ധിയുള്ള ആളുകൾക്കു പ്രവർത്തിക്കുകയും സമരം ചെയ്യുകയും നിർബന്ധമായിരുന്നു. ഇങ്ങനെ ചെയ്യുന്നത്, നമുക്കു വിഷമമുണ്ടാക്കാൻ

വേണ്ടിയല്ല. ലോകത്തിൽനിന്നു നാശങ്ങൾ തുടച്ചുനീക്കാനാണ്. പിന്നീട് അജ്ഞരായ ആളുകൾ ഈ നല്ല കാര്യത്തിൽ നമ്മെ പിന്തുടർന്നുകൊള്ളും."

യാഥാർത്ഥ്യങ്ങളറിയാത്ത അജ്ഞരുടെ പ്രകൃതി, ബുദ്ധിപൂർവ്വമായ മാർഗങ്ങളിൽനിന്ന് എപ്പോഴും അകന്നാവും സ്ഥിതി ചെയ്യുക. കാമം, ക്രോധം തുടങ്ങിയ ദേഹേച്ഛകളുടെ പ്രേരണയനുസരിച്ചു പ്രവർത്തിക്കാൻ അവർ നിർബന്ധിതരാവുകയാണ്. എന്നാൽ, ബുദ്ധിയുള്ള ആളുകൾ വിവേകത്തോടു കൂടി മാത്രമേ പ്രവർത്തിക്കുകയുള്ളൂ.

അധ്യായം 65

ബലികർമ്മങ്ങൾ

അധികം വേദഗ്രന്ഥങ്ങളും അഗ്നിബലിയെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. അവയുടെ രീതിയും ചടങ്ങും വ്യത്യാസപ്പെട്ടു കാണുന്നു. ചിലതു വലിയ രാജാക്കന്മാർക്കു മാത്രമേ നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. അവയിലൊന്നാണ് 'അശ്വമേധം.' അതിന്റെ രൂപം ഇപ്രകാരം വിവരിക്കുന്നു:

'ഒരു കുതിരയെ ലോകത്തെങ്ങും യഥേഷ്ടം ചുറ്റിത്തിരിയാൻ വിടും. അതിനെ സംരക്ഷിക്കാൻ സൈന്യം അതിനെ അനുഗമിക്കുകയും ഇങ്ങനെ പറയുകയും ചെയ്യും: "ഇതു ലോക രാജാവിന്റേതാണ്. അതിനെ എതിർക്കാൻ ധൈര്യമുള്ളവർ മുന്നോട്ടു വരട്ടെ!" ഈ മൃഗം വിസർജ്ജിക്കുന്നേടത്ത് ബ്രാഹ്മണർ അഗ്നിബലി നടത്തിക്കൊണ്ടേയിരിക്കും. ലോകം മുഴുവൻ ചുറ്റിക്കഴിഞ്ഞാൽ ആ മൃഗം ബ്രാഹ്മണരുടെയും അതിന്റെ ഉടമസ്ഥന്റെയും ഭക്ഷണമായിത്തീരുന്നു. ചിലപ്പോൾ സമദൈർഘ്യത്തിലും ബലികർമ്മങ്ങളുടെ രൂപം വ്യത്യാസപ്പെടുന്നുണ്ട്. വളരെ കാലം ജീവിച്ചിരിക്കുന്നവർക്കു മാത്രമേ ചിലതു ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത്തരം ബലികർമ്മങ്ങൾ ഇക്കാലത്തു നടപ്പിലില്ല. അതിനാൽ ബലികളുടെ ഏതാനും ഇനങ്ങൾ ഇന്ന് അപ്രത്യക്ഷമായിരിക്കുകയാണ്.

അഗ്നി എല്ലാ സാധനത്തെയും തിന്നു ദഹിപ്പിക്കുന്നുണ്ടല്ലോ. അതിനാൽ വെള്ളം പോലെ തന്നെ അഗ്നിയും വൃത്തികെട്ട സാധനങ്ങളുമായുള്ള സ്പർശം മൂലം അശുദ്ധമാകുമെന്ന് അവർ കരുതുന്നു. അതിനാൽ ബ്രാഹ്മണേതരിൽനിന്ന് ഇവ രണ്ടും അവർ സ്വീകരിക്കാറില്ല. തീ ദേവന്റെ വായിൽനിന്ന് ഉത്ഭവിക്കുന്നതിനാൽ അതു ദഹിപ്പിക്കുന്നതെല്ലാം ദേവനിലേക്കെത്തുന്നു എന്നാണു വിശ്വാസം. ബ്രാഹ്മണർ തങ്ങളുടെ ആഹാര സാധനങ്ങളായ എണ്ണ, അരി, ഗോതമ്പ് മുതലായവ അഗ്നിയിൽ എറിയുന്നു. ബലി സ്വന്തം ആവശ്യത്തിനായാണെങ്കിൽ വേദ

ത്തിലെ ചില നിശ്ചിത ഭാഗങ്ങൾ അവർ ഉച്ചരിക്കാറുണ്ട്. മറ്റുള്ളവർക്കു വേണ്ടിയാണു നടത്തുന്നതെങ്കിൽ അങ്ങനെ വേദവാക്കുകൾ ഉച്ചരിക്കാറില്ല.

വിഷ്ണു ധർമ്മത്തിൽ പറയുന്നു: "പണ്ട് ധൈത്യവർഗത്തിൽ പെട്ട ധീരനായ ഒരു രാജാവുണ്ടായിരുന്നു. 'ഹിരണ്യാക്ഷൻ' എന്നായിരുന്നു അദ്ദേഹക്കിന്റെ പേര്. ത്യാഗം, വ്രതം മുതലായ ആരാധനകളിൽ ജീവിച്ചിരുന്ന 'ദുഖീക്ഷ്' എന്നു പേരായ അദ്ദേഹത്തിന്റെ പുത്രിക്ക് സദ്പ്രവൃത്തികളുടെ ഫലമായി, ഉപരിലോകത്തു താമസിക്കാൻ സാധിച്ചു. മഹാദേവൻ അവളെ വിവാഹം ചെയ്തു. പൊതുവിൽ ദേവന്മാരുടെ പതിവ് ദീർഘനേരം സംയോഗം നടത്തുകയും ഇന്ദ്രിയ സംഖലനത്തെ വിളംബരപ്പെടുത്തുകയുമാണ്. മഹാദേവൻ ആ സ്ത്രീയുടെ അടുക്കലേക്കു ചെന്നപ്പോൾ, അദ്ദേഹവുമായുള്ള സംയോഗത്തിലുണ്ടാകുന്ന സന്താനം തീയായിരിക്കുമെന്നു സംശയിച്ചതിനാൽ ഇവർ രണ്ടാളുടെ ഇടയിലും ഭിന്നിപ്പു സൃഷ്ടിക്കാൻ തീ ഉദ്യമിച്ചു. മഹാദേവൻ അഗ്നിയെ അരികിൽ കണ്ടപ്പോൾ കോപത്താൽ നെറ്റി വിയർക്കുകയും അദ്ദേഹത്തിന് ഇന്ദ്രിയസ്ഖലനം സംഭവിച്ച് അതു ഭൂമിയിൽ വീഴുകയും ചെയ്തു. അതുമൂലം ഭൂമി ഇസ്കന്ത് (ദേവൻമാരുടെ സേനാനായകൻ) എന്ന പേരിൽ അറിയപ്പെടുന്ന 'ചൊവ്വാഗ്രഹത്തെ' ഗർഭം ധരിച്ചു. നാശകാരിയായ രുദ്രൻ മാഹാദേവന്റെ ഇന്ദ്രിയം എടുത്ത് എറിയുകയും അതു ഭൂമിയുടെ ഉള്ളിൽ പല സ്ഥലങ്ങളിലായി ചിന്നിച്ചിതറുകയും ചെയ്തു. ഇതാണ് ഭൂമിയുടെ മൃദുവായ ഭാഗങ്ങൾ. ഈ സംഭവം കണ്ടതിനാൽ അഗ്നി ലജ്ജിച്ചു വെള്ളപ്പാണ്ഡു രോഗിയെപ്പോലെയാവുകയും പാതാളത്തിലേക്കു താഴുകയും ചെയ്തു. തീയെ കാണാതായപ്പോൾ ദേവന്മാർ അതിനെ അന്വേഷിച്ചു നടക്കാൻ തുടങ്ങി. അപ്പോൾ തവള അതിന്റെ ഇരിപ്പിടം ദേവന്മാർക്കു കാണിച്ചുകൊടുത്തു. ഇതറിഞ്ഞപ്പോൾ തീ 'അശ്വത്ഥ' മരത്തിൽ ചെന്നൊളിക്കുകയും തവളയുടെ നേരെ കോപിച്ചു ശപിക്കുകയും ചെയ്തു. അതിനാൽ, തവളയുടെ ശബ്ദം കുറഞ്ഞ് എല്ലാവരും വെറുക്കുന്ന വിധത്തിലുള്ളവയായി അവ അധഃപതിച്ചു. പിന്നീട് തത്ത തീയിരിക്കുന്ന സ്ഥലം ദേവന്മാർക്കു കാണിച്ചുകൊടുത്തു. അപ്പോൾ തത്തയുടെ നാവു തലതിരിഞ്ഞു പോകട്ടെ എന്നു തീ ശപിച്ചു. തത്സമയം തീദേവന്മാർ തത്തയോട്, നിന്റെ നാവ് തലതിരിഞ്ഞതായാലും നീ സരസമായി പറയുകയും നല്ല ആഹാരം കഴിക്കുകയും ചെയ്യുന്ന നിലയിലാവട്ടെ എന്ന് അനുഗ്രഹിച്ചു. അനന്തരം തീ ആ മരത്തിൽ നിന്നും ചാടി 'ശമി' എന്ന മരത്തിൽ പോയി അഭയം പ്രാപിച്ചു. അപ്പോൾ ആന സ്ഥലം പറഞ്ഞുകൊടുത്തു. ആനയുടെ നാവും തലമറിഞ്ഞു പോകട്ടെ എന്നു തീ ശപിച്ചു. ഇതു കണ്ടപ്പോൾ ദേവന്മാർ നിന്റെ നാവ് തലതിരിഞ്ഞു പോയാലും നിനക്കു മനുഷ്യ

രുടെ സംസാരം മനസ്സിലാക്കാനുള്ള കഴിവും അവരുടെ ആഹാരം കഴിക്കാനുമുള്ള ഭാഗ്യവും ലഭിക്കട്ടെ എന്ന് അനുഗ്രഹിച്ചു. അവസാനം ദേവന്മാർ തീ കണ്ടെത്തി. അവരുടെ കൂടെ വരാൻ ആവശ്യപ്പെട്ടപ്പോൾ വെള്ളപ്പാണ്ഡു രോഗിയുടെ സ്ഥിതിയിൽ അവരുടെ കൂടെ പോകുന്നതിന് അതു കൂട്ടാക്കിയില്ല. അപ്പോൾ അവർ അഗ്നിയുടെ പാണ്ഡ് മാറ്റിക്കൊടുക്കുകയും. അത് അവരുടെ കൂടെ പോവുകയും ചെയ്തു. അനന്തരം തീ ബഹുമാനിക്കപ്പെടുകയും ദേവന്മാരുടെയും മനുഷ്യരുടെയും ഇടയിൽ മദ്ധ്യസ്ഥ സ്ഥാനം വഹിക്കുകയും മനുഷ്യരിൽനിന്നു ദേവന്മാർക്കുള്ള ഓഹരി വാങ്ങി അവർക്കെത്തിച്ചു കൊടുക്കുകയും ചെയ്തുതുടങ്ങി.

അധ്യായം 66

തീർത്ഥാടനവും പുണ്യസ്ഥാന സന്ദർശനങ്ങളും

തീർത്ഥാടനം ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ ഒരു പുണ്യകാര്യമല്ല. കൂടുതൽ പുണ്യം നേടാൻ ചെയ്യുന്ന ഒരു പ്രവൃത്തി എന്നേ ഉള്ളൂ. പരിശുദ്ധമായ ഏതെങ്കിലും നാടോ ആദരണീയമായ വിഗ്രഹമോ പുണ്യനദിയോ സന്ദർശിക്കാൻ അങ്ങോട്ടു പോകുന്നതിനാണ് തീർത്ഥാടനം എന്നു പറയുന്നത്. ആ നദിയിൽനിന്നു കുളിക്കുകയും ബിംബത്തെ ആരാധിക്കുകയും അതിന് അർപ്പണം ചെയ്യുകയും അതിന്റെ പേരിൽ പ്രാർത്ഥനയും വ്രതവും അധികമായി നടത്തുകയുമാണ് അവർ ചെയ്യുന്നത്. ബ്രാഹ്മണർക്കും പൂജാരികൾക്കും ദാനം ചെയ്തു മടങ്ങിപ്പോരുകയും ചെയ്യുന്നു.

പരിശുദ്ധ തടാകങ്ങൾ സ്ഥിതിചെയ്യുന്നത് മേരു പർവ്വതത്തിന്റെ ചുറ്റുഭാഗത്തുമുള്ള ശീതപ്രദേശങ്ങളിലാണ്. വായുപുരാണത്തിലും, മത്സ്യപുരാണത്തിലും പുണ്യ ജലാശയങ്ങളെക്കുറിച്ചിങ്ങനെ പറയുന്നു: "മേരു പർവ്വതത്തിന്റെ കൊടുമുടിയിൽ 'അർഹത്' എന്ന പേരിൽ വലിയ ഒരു തടാകമുണ്ട്. 'ചന്ദ്ര പ്രഭ' എന്ന് അതിനെ വിളിച്ചു വരുന്നു. ഈ തടാകത്തിൽ നിന്നാണ് പരിശുദ്ധമായ 'ചംച്ചു' നദി ഒഴുകുന്നത്. സേതു പർവ്വതത്തിന്റെ താഴ്വരയിലാണ് 'ഉത്തരമാനസം' എന്ന തടാകം. ഇതിനു ചുറ്റും പന്ത്രണ്ട് ചെറു പൊയ്കകളുണ്ട്. അതിൽ നിന്നാണ് ശാന്തി, മധ്വീ എന്നീ രണ്ട് നദികൾ ഒഴുകി 'കംവർഷി'ൽ എത്തുന്നത്. നീൽ പർവ്വതത്തിന്റെ താഴ്വരയിലാണ് താമരച്ചെടികളുള്ള പ്യൂത ജലാശയം. നിശത് പർവ്വതത്തിന്റെ താഴ്വരയിൽ 'വിഷ്ണുപഥം' എന്ന തടാകമുണ്ട്. അതിൽനിന്നാണ് സരസ്വതിയും ഗന്ധർവ്വ നദിയും ഒഴുകുന്നത്. സമുദ്രം പോലെയുള്ള മന്ദതടാകം കൈലാസ പർവ്വതത്തിലാകുന്നു. ഇതിൽനിന്നാണ് 'മന്ദാകൻ' നദിയുടെ ഉത്ഭവം. കൈലാസത്തിന്റെ വടക്കുകിഴക്കായി നിലകൊള്ളുന്ന ചന്ദ്രപർവ്വത വാരങ്ങളിലാണ് 'ആചൂത്' ജലാശയം. ആചൂതു നദി അതിൽനിന്നുത്ഭവിക്കുന്നു. ഈ

പർവ്വതത്തിന്റെ തെക്കു കിഴക്കായി 'ലൂഹിത' പർവ്വതം നിലനിൽക്കുന്നു. ഇതിന്റെ ഓരത്തിൽ അതേ പേരിലുള്ള ഒരു ജലാശയമുണ്ട്. ഇതിൽ നിന്നാണ് ലൂഹിത നദി ഒഴുകുന്നത്. കൈലാസത്തിന്റെ തെക്കുഭാഗത്തുള്ള 'സർപൂഷദ്' പർവ്വതത്തിന്റെ താഴ്വരയിൽ 'മാനസം' എന്നൊരു തടാകം ഉണ്ട്. അതിൽനിന്നാണ് 'സരജാ' നദി ഒഴുകുന്നത്. കൈലാസ പർവ്വതത്തിന്റെ പടിഞ്ഞാറു ഭാഗത്ത് സദാപി ഹിമാവൃതവും ദുർഗ്ഗമവുമായ 'അരുണ' പർവ്വതം നിലകൊള്ളുന്നു. അതിന്റെ അടിഭാഗത്തുള്ള 'ശൈലൂത്' തടാകത്തിൽ നിന്നാണ് ശൈലൂതാ നദി ഒഴുകുന്നത്. കൈലാസത്തിന്റെ വടക്കു ഭാഗത്തുള്ള 'കൗർ' പർവ്വതത്തിന്റെ താഴെ 'വന്ദസാർ' എന്നൊരു തടാകമുണ്ട്. ഇതിലുള്ള മണൽ സ്വർണമാണത്രെ. ഇതിന്റെ അടുത്താണ് 'ഭഗീരഥൻ' രാജാവ് സന്യസിച്ചത്. ഇതിനെക്കുറിച്ച് ഇങ്ങനെ ഒരു കഥ പറയാനുണ്ട്:

'സാഗർ' എന്നു പേരായ അവരുടെ രാജാവിന് അറുപതിനായിരം ആൺമക്കളുണ്ടായിരുന്നു. അവരെല്ലാവരും ദുസ്സ്വഭാവികളും തെമ്മാടികളുമായിരുന്നു. ഒരിക്കൽ അവരുടെ ഒരു കുതിരയെ കാണാതായി. അതിനെ അന്വേഷിച്ച് അവർ നാനാഭാഗത്തും ചുറ്റിച്ചാടി നടന്നു. ഇവരുടെ ചാട്ടത്തിന്റെ ശക്തിയാൽ ഭൂമി പിളരുകയും പ്രസ്തുത മൃഗത്തെ ഭൂമിക്കുള്ളിൽനിന്നു കണ്ടുകിട്ടുകയും ചെയ്തു. കണ്ണും ചിമ്മി തലയും കുനിച്ചു നിൽക്കുന്ന ഒരു മനുഷ്യന്റെ മുമ്പിലാണ് ആ മൃഗം നിന്നിരുന്നത്. സാഗര പുത്രന്മാർ അയാളുമായി ഏറ്റുമുട്ടുകയും അയാൾ അവരെ കണ്ണു തുറന്നു നോക്കുകയും ചെയ്തപ്പോൾ ദുഷ്പ്രവൃത്തികൾ കാരണമായി അവർ കരിഞ്ഞുപോകുകയും എന്നെന്നേക്കുമായി നരകത്തിൽ പ്രവേശിക്കുകയും ചെയ്തു. ഭൂമിയിൽനിന്നു പൊട്ടിക്കീറിയ ആ ഭാഗം സമുദ്രമായിത്തീർന്നു. അതാണ് മഹാ സമുദ്രം. ആ രാജാവിന്റെ സന്താന പരമ്പരയിൽനിന്നു 'ഭഗീരഥൻ' ജനിച്ചു. അദ്ദേഹം തന്റെ പൂർവ്വികരുടെ കഥ കേട്ടു മനസ്സിലാക്കി. അപ്പോൾ അവരോട് അനുകമ്പ തോന്നുകയാൽ അദ്ദേഹം മണലുകൾ സ്വർണമായ ആ ജലാശയത്തിലേക്കു പോകുകയും അവിടെ പകൽ വ്രതവും രാത്രിയിൽ ആരാധനയുമായി താമസമുറപ്പിക്കുകയും ചെയ്തു. അങ്ങനെ താമസിക്കുമ്പോൾ ഒരിക്കൽ മഹാദേവൻ അദ്ദേഹത്തിന്റെ ആവശ്യത്തെക്കുറിച്ച് അന്വേഷിച്ചു. അപ്പോൾ ഭഗീരഥൻ, സ്വർഗത്തിൽ നിന്ന് ഒഴുകിവരുന്ന ഗംഗാനദിയെ കൊണ്ടുവരണമെന്നാണ് എന്റെ ഉദ്ദേശ്യമെന്നു മറുപടി പറഞ്ഞു. ഈ വെള്ളത്തിൽ മുങ്ങിയാൽ ആ ആളുടെ പാപങ്ങളെല്ലാം പൊറുക്കപ്പെടുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അപ്പോൾ മഹാദേവൻ ഭഗീരഥന്റെ ആവശ്യം പൂർത്തിയാക്കിക്കൊടുത്തു. വെളുത്ത ആകാശത്തുനിന്നാണ് ഗംഗ ഒഴുകി വന്നിരുന്നത്. അതിനാലത് അഹംഭാവം നടിക്കുകയും തന്നിലേക്കെത്താൻ കഴിവുള്ളവർ ആരും തന്നെ

ഇല്ലെന്നു കരുതുകയും ചെയ്തിരുന്നു. അതിൽനിന്നു കുറേ ജലം മഹാദേവൻ ഭഗീരഥന് എടുത്തു കൊടുക്കുകയുണ്ടായി. അതിന്റെ ഏഴ് ശാഖകളിൽ ഒന്നായ മദ്ധ്യശാഖയെ ഭഗീരഥന്റെ പൂർവ്വിക പിതാക്കളുടെ എല്ലുകളിലൂടെ ഒഴുക്കുകയും അതുമൂലം അവരെല്ലാം ശിക്ഷയിൽനിന്നു രക്ഷപ്പെടുകയും ചെയ്തു. അതുകൊണ്ടാണ് ആളുകൾ മരിച്ചവരുടെ ചിതാഭംസ്മം ഗംഗാനദിയിൽ ഒഴുക്കുന്നത്. ഗംഗാ നദിക്ക് പ്രസ്തു രാജാവിന്റെ പേര് നൽകുകയും ചെയ്തു.

ഗംഗാ നദിപോലെ തന്നെ പരിശുദ്ധമായ നദികൾ ദ്വീപുകളിൽ ഉണ്ടെന്ന് ഇന്ത്യക്കാർ കരുതുന്നതായി മുമ്പ് നാം പ്രസ്താവിച്ചുവല്ലോ. എല്ലാ പുണ്യ സ്ഥലങ്ങളിലും സ്നാന സൗകര്യത്തിനു വേണ്ടി കുളങ്ങൾ നിർമ്മിക്കുക ഇന്ത്യക്കാരുടെ പതിവാണ്. ഈ സമ്പ്രദായം കാണുമ്പോൾ നമ്മുടെ ആളുകൾ ആശ്ചര്യപ്പെട്ടുപോകുന്നു. കാരണം, വലിയ വലിയ പാറകളും കനമുള്ള കരിങ്കല്ലുകളും ഇരുമ്പാണികൾക്കൊണ്ട് ബന്ധിപ്പിച്ച നിലയിലാണ് അവർ കുളങ്ങൾ നിർമ്മിക്കുന്നത്. അതിന്റെ നാലുഭാഗത്തും നാടകളുണ്ടായിരിക്കും. അതിലേക്കു കയറിഇറങ്ങുന്നതിനു പ്രത്യേകം പടികളും രണ്ടിന്റെയും മദ്ധ്യത്തിൽ മതിലും ഉണ്ടാവും. തന്മൂലം ഇറങ്ങുന്നവരും കയറുന്നവരും തമ്മിൽ മുട്ടാതിരിക്കുകയും തിരക്കില്ലാതിരിക്കുകയും ചെയ്യുന്നു.

മുൾത്താനിൽ കുളിച്ച് ആരാധന നടത്താൻ പുണ്യ ജലാശയമുണ്ട്. വരാഹമിഹിരന്റെ സംഹിതയിൽ ഇങ്ങനെ പറയുന്നു: "താനേശ്വരിലുള്ള പുണ്യ ജലാശയത്തിലേക്ക് ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നും ആളുകൾ വരികയും പുണ്യം നേടാൻ അതിൽ കുളിക്കുകയും ചെയ്യുന്നു. ഗ്രഹണ സമയത്ത് എല്ലാ പുണ്യ തീർത്ഥങ്ങളും ഈ ജലാശയത്തെ സന്ദർശിക്കുന്നുണ്ടെന്നതത്രെ അതിനു കാരണം. അതിൽ കുളിച്ചാൽ ഓരോന്നിലും പ്രത്യേകം പ്രത്യേകം കുളിക്കുന്നതിനോട് തുല്ല്യമാണെന്ന് അവർ പറയുന്നു."

പിന്നീട് അദ്ദേഹം ഇങ്ങനെ ഉദ്ധരിക്കുന്നു: "സൂര്യനും ചന്ദ്രനും രാഹുഗ്രഹണമുണ്ടാക്കുന്നില്ലെങ്കിൽ മറ്റു തീർത്ഥങ്ങളൊന്നും ഈ ജലാശയത്തെ സന്ദർശിക്കുമായിരുന്നില്ല. എന്തെങ്കിലും പറയത്തക്ക മഹാസംഭവം അതിൽ ഉണ്ടാവുകയോ അല്ലെങ്കിൽ ഏതെങ്കിലും മത ഗ്രന്ഥത്തിൽ അതുകൊണ്ടുള്ള പുണ്യം വിവരിക്കുകയോ ചെയ്യുന്നതുകൊണ്ടാണ് ഏതെങ്കിലും ജലാശയത്തിനു ധാർമ്മിക പ്രതിസന്ധിയുണ്ടാകുന്നത്. ബ്രഹ്മാവിൽനിന്നു 'ശുക്രന്' ലഭിച്ചതായി ഒരു കഥ 'ശോനകൻ' ഉദ്ധരിച്ചത് നാം വിവരിച്ചുവല്ലോ. അതിൽ മഹാബലി രാജാവിനെക്കുറിച്ചും നാരായണൻ അദ്ദേഹത്തെ പാതാളത്തിലേക്കു താഴ്ത്തിയതിനെക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രവൃത്തികളെയും വിവരിച്ചിരിക്കുന്നു. അതിൽ നാരായണൻ ഇങ്ങനെ പറഞ്ഞതായി

കാണാം:

"ഞാനിങ്ങനെ ചെയ്യുന്നത് മഹാബലി ഉദ്ദേശിക്കുന്നതുപോലെയുള്ള മനുഷ്യസമത്വം ഇല്ലാതെയാകാനും നിലവാരങ്ങൾ വ്യത്യസ്തമാകാനും തദ്വാരാ ലോകവ്യവസ്ഥ നടപ്പിൽ വരാനും ജനങ്ങൾ അദ്ദേഹത്തെ ആരാധിക്കുന്നതിനു പകരം എന്നെ ആരാധിക്കുന്നതിനും വേണ്ടിയാണ്."

ആളുകൾ പരസ്പരസഹായാടിസ്ഥാനത്തിൽ വർത്തിക്കണമെങ്കിൽ ജീവിത നിലവാരത്തിലും മറ്റു അവർക്കിടയിൽ സ്ഥിതിവ്യത്യാസങ്ങൾ ഉണ്ടായിരിക്കണം. വിവിധ സ്വഭാവങ്ങളിലും സ്ഥിതി വിശേഷങ്ങളിലുമായാണ് ഈ ലോകത്തെ ദൈവം സൃഷ്ടിച്ചത്. ഭൂമിയുടെ നില നോക്കുകയാണെങ്കിൽ തന്നെ ചിലഭാഗം കുഴിയും മറ്റു ചില ഭാഗം കുന്നും ചിലയിടം കൃഷിക്കുപയുക്തവും ചിലത് അതിനു പറ്റാത്തതും ആണെന്നു കാണാം. ചിലഭാഗങ്ങളിൽ വെള്ളവും വായുവും ശുദ്ധമാണെങ്കിൽ മറ്റു ചില ഭാഗങ്ങളിൽ അവ അശുദ്ധവും ദോഷകരവുമായിരിക്കും. ഇങ്ങനെ നാനാ വിധത്തിലും വ്യത്യസ്ത നിലയിലും കാണാൻ സാധിക്കുന്നതു തന്നെ ഈ സമത്വ സിദ്ധാന്തം തെറ്റാണെന്നതിനു തെളിവാണ്. അതുപോലെത്തന്നെ കന്നുകാലികളിലും മറ്റു ജന്തുക്കളിലും വ്യത്യാസങ്ങൾ കാണുന്നു. ചില കാലത്ത് ആപത്തുകളും വിഷമങ്ങളും ഉണ്ടാകുമ്പോൾ അതേ സംഗതികൾ മറ്റു ചിലതിന് അപ്രകാരമല്ലാതിരിക്കുന്നു. അതുപോലെ ചില ആളുകൾക്കു ബാധകമാകുന്ന നിയമങ്ങളും വ്യവസ്ഥകളും മറ്റുള്ളവർക്കു ബാധകമാവുന്നില്ല. ചില പരിതസ്ഥിതിയിലുള്ള വിധി വിലക്കുകൾ വേറെ ചില പരിതസ്ഥിതികളിൽ അതേ വ്യക്തികൾക്ക് അഗണ്യങ്ങളാകുന്നു.

മതാടിസ്ഥാനത്തിൽ ഇന്ത്യക്കാർ പുണ്യം കല്പിക്കാറുള്ള പല പ്രദേശങ്ങളുമുണ്ട്. അവയിലൊന്നാണ് 'വരാണസി' (ബനാറസ്) പട്ടണം. ത്യാഗികൾ അവിടേക്കു തീർത്ഥാടനമായി പോകുന്നു. 'കഅ്ബ' സന്ദർശകന്മാർ മക്കയിൽ ചെന്നു കൂടുന്നതുപോലെ ആ തീർത്ഥാടനക്കാർ വരാണസിയിൽ ചെന്നുകൂടുന്നു. അവിടെ മരിക്കുന്നതു മോക്ഷകാരണമാണെന്നത്രെ അവരുടെ വിശ്വാസം. ദോഷങ്ങളും അക്രമങ്ങളും ചെയ്യുന്നവനു വരാണസി അഭയം നൽകുകയും അവിടെ അവന്റെ തെറ്റുകൾക്ക് മാപ്പ് ലഭിക്കുകയും ചെയ്യുന്നുവെന്ന് അവർ പറയുന്നു. ഇതിനുള്ള കാരണമായി അവർ പറയുന്നത് ഇപ്രകാരമാണ്: ബ്രഹ്മാവിനു നാല് തലയുണ്ടായിരുന്നു. ശങ്കരനും ബ്രഹ്മാവും മഹാദേവനും തമ്മിൽ ഒരിക്കൽ വഴക്കുണ്ടാവുകയും അതിന്റെ ഫലമായി ബ്രഹ്മാവിന്റെ ഒരു തല അടർന്നുപോവുകയും ചെയ്തു. അന്നത്തെ പതിവനുസരിച്ചു കൊല്ലപ്പെട്ടവന്റെ തല ഘാതകന്റെ കയ്യിൽ കെട്ടിത്തൂക്കിയിടുകയും നിന്ദാസൂചകമായി അതുകൊണ്ട് അവൻ ചുറ്റി നടക്കുകയും ചെയ്യണം. അതിനാൽ, ഈ തല മഹാദേവന്റെ കയ്യിൽ തന്നെ ഒട്ടിനിൽക്കുകയും

അദ്ദേഹം പൊകുന്നിടത്തെല്ലാം അതു കയ്യിൽ ഉണ്ടാവുകയും ചെയ്തു. അങ്ങനെ വരാണസിയിൽ പ്രവേശിച്ചപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽനിന്നു തല വേർപ്പെട്ടു താഴെ വീഴുകയുണ്ടായി.'

അവരുടെ മറ്റൊരു പുണ്യ സ്ഥലമാണ് 'പൂകരം' അതിനെക്കുറിച്ചുള്ള ഐതിഹ്യമിതാണ്: 'ഇവിടെ ബ്രഹ്മാവ് അഗ്നി ബലി നടത്താറുണ്ടായിരുന്നു. ഒരിക്കൽ അഗ്നിയിൽനിന്ന് ഒരു പന്നി പുറത്തോട്ട് ചാടി വന്നു. അതിനാൽ അവിടെയുള്ള വിഗ്രഹം പന്നിയുടെ രൂപത്തിൽ അവർ നിർമ്മിച്ചു. ആ പ്രദേശത്തിനു പുറത്തു മൂന്ന് പുണ്യ തടാകങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. അവരുടെ മറ്റൊരു പുണ്യസ്ഥലമാണ് 'താനേശ്വരം' അതിനു ഗുരുവിന്റെ ഭൂമി എന്ന അർത്ഥത്തിൽ 'ഗുരുക്ഷേത്രം' എന്നും പറയുന്നു. അവിടെയുണ്ടായിരുന്ന ഒരു കർഷകൻ ത്യാഗിയും ദിവ്യശക്തികൾക്കൊണ്ട് അത്ഭുതങ്ങൾ കാണിക്കുന്ന ആളുമായിരുന്നു. അതിനാൽ ഭൂമി അദ്ദേഹത്തിന്റെ പേരിലറിയപ്പെടുകയും ജനങ്ങൾ അതിനെ ബഹുമാനിക്കാൻ തുടങ്ങുകയും ചെയ്തു. അവിടെയാണു വാസുദേവന്റെ 'ഭാരതയുദ്ധം' നടന്നതും ദുഷ്ടന്മാർ നശിച്ചതും. അതിനാൽ, ഈ നാടിന്റെ പ്രാധാന്യം വർധിക്കുകയും ചെയ്തു.

മതാടിസ്ഥാനത്തിലുള്ള മറ്റൊരു പുണ്യസ്ഥലമാണ് ബ്രാഹ്മണ കേന്ദ്രമായ 'മാഹൂറാ' (മ)പട്ടണം. വാസുദേവൻ അവിടെ ജനിച്ചതുകൊണ്ടാണ് അവിടെ പുണ്യാർഹമായത്. അദ്ദേഹം വളർന്നത് അതിനടുത്തുള്ള 'നന്ദകോൽ' എന്ന സ്ഥലത്താണ്. 'കാശ്മീർ' ഇന്നും പുണ്യസ്ഥാനവും തീർത്ഥാടന കേന്ദ്രവുമായി നിലകൊള്ളുന്നു. 'മുൽത്താൻ' അവിടത്തെ വിഗ്രഹാലയം നശിക്കുന്നതിനു മുമ്പുവരെ ഒരു പുണ്യസ്ഥലമായിരുന്നു.

അധ്യായം 67

ധർമ്മവും സ്വത്തു വിനിയോഗ ക്രമവും

ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ കഴിയുന്നത്ര ധർമ്മം എല്ലാ ദിവസവും ചെയ്യുകയെന്നതു നിർബന്ധ കർത്തവ്യമാണ്. ഒരു വർഷം തികച്ചും എന്നല്ല, ഒരു മാസം തികച്ചുതന്നെയും സ്വത്തു ചെലവഴികകാതെ അവർ സൂക്ഷിച്ചിരുന്നില്ല. അങ്ങനെ സൂക്ഷിക്കുന്നത് അജ്ഞാതമായൊരു ഭാവിയെ പ്രതിക്ഷിക്കുകയാണ്. അതിന്റെ പരിണാമം അറിഞ്ഞുകൂടല്ലോ. ധാന്യങ്ങളിൽനിന്നും കന്നുകാലികളിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽനിന്ന് ആദ്യമായി ഭരണാധികാരിക്കു കൊടുക്കേണ്ട ഭൂമിക്കരവും മേച്ചിൽസ്ഥല നികുതിയും നൽകണം. അതിനു ശേഷം ആറിൽ ഒരു ഭാഗം സ്വത്തും മാനവും നാടും നാട്ടുകാരെയും സംരക്ഷിക്കാൻ ഉപയോഗിക്കുകയും വേണം. എല്ലാ സാധാരണക്കാരനും ഇതേ നികുതി നിർബന്ധമാണ്. പക്ഷേ, അവർ കളവു പറയുകയും വഞ്ചിക്കുകയുമാണു ചെയ്യുന്നത്. ഇതുപോലെത്തന്നെ കച്ചവട വരുമാനങ്ങളിൽനിന്നും നികുതി അടക്കേണ്ടതുണ്ട്. ഇത്തരം നികുതികളൊന്നും തന്നെ ബ്രാഹ്മണരെ ബാധിക്കുകയില്ല. നികുതി അടച്ചു ബാക്കിയുള്ള സ്വത്തിന്റെ 1/9 ധർമ്മത്തിനായി നീക്കിവെക്കണമെന്നും ചിലർ പറയുന്നു. അതായത്, ആകെ സ്വത്തിന്റെ 1/3 മനഃസമാധാനത്തിനു വേണ്ടിയെങ്കിലും സൂക്ഷിച്ചു വെക്കുകയും 1/3 കച്ചവടത്തിൽ ചെലവഴിച്ചു ലാഭം സമ്പാദിക്കുകയും ചെയ്യേണ്ടതാണ്. ശിഷ്ടമുള്ള 1/3 ന്റെ 1/3 ധർമ്മം ചെയ്യുകയും 2/3 വീട്ടാവശ്യങ്ങൾക്കായി ചെലവഴിക്കുകയും വേണം. കച്ചവടത്തിൽ നിന്നുണ്ടാകുന്ന ലാഭത്തെയും ഇങ്ങനെയാണു ഭാഗിക്കേണ്ടത്. മറ്റു ചിലർ നികുതികൊടുത്തു മിച്ചമുള്ള സ്വത്ത് നാലായാണു ഭാഗിക്കുന്നത്. ഇതിൽ ഒരു ഭാഗം അത്യാവശ്യ ചെലവുകൾക്കും മറ്റൊരു ഭാഗം അലങ്കാരങ്ങൾക്കും ആതിഥ്യം മുതലായവയ്ക്കും മൂന്നാമത്തെ ഭാഗം ധർമ്മത്തിനും നാലാമത്തെ ഭാഗം സൂക്ഷിച്ചുവെക്കാനുമുള്ളതാണെന്ന് അവർ വിശ്വസിക്കുന്നു. 1/4ൽ മൂന്നുകൊല്ലത്തെ ചെലവു കഴിച്ചു

ശിഷ്ടമുണ്ടാവുകയാണെങ്കിൽ അതും ധർമ്മം ചെയ്യേണ്ടതാണ്. സ്വത്തിടപാടിൽ പലിശ ഈടാക്കൽ പാടേ നിരോധിക്കപ്പെട്ടിരിക്കുന്നു. മൂലധനത്തേക്കാൾ കൂടുതലാവുന്ന പലിശയുടെ തോതനുസരിച്ച് അതിന്റെ കുറ്റം വർദ്ധിച്ചുകൊണ്ടിരിക്കും. മൂലധനത്തിന്റെ 1/50 ൽ കവിയാത്ത പലിശ ശൂദ്രർക്കു മാത്രം അനുവദനീയമണ്.

അധ്യായം 68

അനുവദിക്കപ്പെട്ടതും വിലക്കപ്പെട്ടതുമായ ഭക്ഷണ പാനീയങ്ങൾ

സർവ്വവിധേനയുള്ള ഹിംസയും ഇന്ത്യക്കാർക്ക് പൊതുവിൽ നിരോധിക്കപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനികളുടെയും മാണികളുടെയും നിലയും ഈ വിഷയത്തിൽ ഇന്ത്യക്കാരുടേതു പോലെത്തന്നെയാണ്. പക്ഷേ, മനുഷ്യർ മാംസത്തിന്റെ കാര്യത്തിൽ ഏതു വിധിവിലക്കുകളെയും പുറംതള്ളുകയാണു ചെയ്തു കാണുന്നത്. അതിനാൽ, മേൽ പറഞ്ഞ വ്യവസ്ഥ ബ്രാഹ്മണരിൽ മാത്രം നിക്ഷിപ്തമായിരിക്കയാണ്. അവരാണല്ലോ ശരിയായ നിലയിൽ മതബോധമനുസരിച്ചു ജീവിക്കുന്നവരും മതം വിലക്കിയ ശരീരേച്ഛകളെ ഉപേക്ഷിക്കുന്നവരും. ക്രിസ്ത്യാനികളിൽ ബിഷപ്പിനു മുകളിലുള്ള മതനേതാക്കളല്ലാതെ ഇത്തരം കർശന മതകാര്യങ്ങൾ അനുഷ്ഠിക്കാറില്ല. അവരിൽ താഴെയുള്ളവർ വലിയ ത്യാഗസന്നദ്ധരാണെങ്കിൽ മാത്രമേ ഇത്തരം വിധിവിലക്കുകൾ കൃത്യമായി അനുകരിക്കാറുള്ളൂ. നിയമങ്ങൾ ഇങ്ങനെയായിരിക്കെ ചില ജീവികളെ കണ്ഠച്ഛേദം ചെയ്ത് ഹിംസിക്കുവാൻ അനുവദിക്കുകയും മറ്റു ചിലതിനെ അപ്രകാരം അനുവദിക്കാതിരിക്കുകയും ചെയ്യുന്നു. അനുവദിക്കപ്പെട്ട ജീവികൾ താനേ ചത്തുപോയതാണെങ്കിൽ അവ വർജ്ജ്യമാണ്.

നെയ്യാട്, കോലാട്, മാൻ, മുയൽ, കണ്ടാമൃഗം, എരുമ, പോത്ത്, മത്സ്യം, നീർപക്ഷികൾ, കരപക്ഷികളായ പ്രാവ്, മാടക്കിളികൾ, മയിൽ, കുരുവികൾ, മുതലായവയെയും നിരോധിക്കപ്പെടാത്തവയിൽനിന്ന് അറപ്പും വെറുപ്പും തോന്നാത്ത ഇതര ജീവികളെയും ഉപയോഗിക്കുന്നതിനു വിരോധമില്ല.

വ്യക്തമായി നിരോധിക്കപ്പെട്ട ജീവികൾ പശു, കുതിര, കോവർകഴുത, കഴുത, ഒട്ടകം, ആന, നാട്ടുകോഴി, കാക്ക, തത്ത എന്നിവയാണ്. ഇവയുടെ മുട്ടകളും വിലക്കപ്പെട്ടിരിക്കുന്നു. അവർക്കു മദ്യം കുടി

ക്കുന്നതിൽ വിരോധമില്ലെങ്കിലും മദ്യവും മാംസവും വില്പന നടത്തുന്നതു പാടേ നിരോധിക്കപ്പെട്ടിരിക്കുന്നു.

അവരിൽ ചിലർ ഇങ്ങനെ പറയുന്നു: "ഭരതനു മുമ്പ് പശു മാംസം അനുവദനീയമായിരുന്നു. മാത്രമല്ല, പശുവിനെക്കൊണ്ട് ചില ബലികളും നടത്താറുണ്ടായിരുന്നു. കർത്തവ്യനിർവ്വഹണത്തിൽ ആളുകളുടെ കഴിവുകേടു കാരണമായി ഭരതനു ശേഷം അതു തടയുകയാണുണ്ടായത്. ജനങ്ങളുടെ സൗകര്യത്തിനു വേണ്ടി ഒന്നായി കിടന്നിരുന്ന വേദം നാലായി ഭാഗിക്കപ്പെട്ടുവെന്നും പറയുന്നു. അതേ കാരണത്താലാണ് ഈ വിരോധവും ഉണ്ടായതത്രെ.

ഈ പ്രസ്ഥാവനയിൽ വലിയ യാഥാർത്ഥ്യം ഉള്ളതായി തോന്നുന്നില്ല. പശുമാംസം നിരോധിക്കുന്നതിൽ ജനങ്ങൾക്കു സൗകര്യമില്ലല്ലോ. നേരെ മറിച്ചു നഷ്ടവും വിഷമവുമാണ് പൊതുവിലുണ്ടാവുക.

മറ്റു ചിലർ ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: പശുമാംസഭക്ഷണം മൂലം ബ്രാഹ്മണർ വളരെ വിഷമമനുഭവിച്ചിരുന്നു. അവരുടെ നാട് ഉഷ്ണ മേഖലയിലാകയാൽ ഉൾഭാഗം തണുത്തതും അഗ്നി ക്ഷയിച്ചതും ദഹനശക്തി കുറഞ്ഞതുമായിത്തീർന്നു. ഭക്ഷണാനന്തരം ദഹനശക്തി വർദ്ധിപ്പിക്കാൻ അവർ അടക്കയും വെറ്റിലയും തിന്നുന്നു. വെറ്റില ശരീരത്തിൽ ചൂടു വർദ്ധിപ്പിക്കുകയും അതിന്റെ കൂടെ ഉപയോഗിക്കുന്ന ചുണ്ണാമ്പ് അകത്തുള്ള ഈർപ്പം വലിച്ചെടുക്കുകയും അടക്ക പല്ലും മോണയും ശക്തിപ്പെടുത്തുകയും ആമാശത്തിനു ബലമുണ്ടാക്കുകയും ചെയ്യുന്നു. മേൽ പറഞ്ഞ കാരണത്താലാണു തണുപ്പും ശക്തിയുമുള്ള പശുമാംസം അവർ നിരോധിച്ചത്.

ഇതിൽനിന്നു രണ്ട് തത്വം ഞാൻ മനസ്സിലാക്കുന്നു: അവയിലൊന്ന്: യാത്രകളിൽ ഭാരം വലിക്കാനും അതുപോലെ കൃഷിക്കും ഉഴാനും വീടുകളിൽ പാൽ, നെയ്യ് മുതലായവ ലഭിക്കാനും അവർ ഈ മൃഗത്തെ ഉപയോഗിക്കുന്നു. മറ്റൊന്ന്, അതിന്റെ ചാണകം വളത്തിനും ശൈത്യകാലത്തു വിറകിനും കൊള്ളാമെന്ന് അവർ കണ്ടിരുന്നു. ഇങ്ങനെ നാനാപ്രകാരേണ ഉപകരിക്കുന്ന ഒരു ജീവിയായതുകൊണ്ടാണ് അതിനെ കൊന്നുതിന്നാൻ പാടില്ലെന്നു വെച്ചത്. പശുക്കളെ അറുക്കുന്നതുകൊണ്ടും നാടൻ പ്രദേശങ്ങളിൽ നാശം സംഭവിക്കുന്നുണ്ടെന്നു വന്നപ്പോൾ 'ഹജ്ജാജ്' അവയെ അറുക്കുന്നത് നിരോധിച്ചു. അതിനോടു വളരെ സാമ്യമുള്ള നിരോധമായിരിക്കാം ഇന്ത്യക്കാരുടേതും.

ഇന്ത്യക്കാരുടെ ചില ഗ്രന്ഥങ്ങളിൽ ഇങ്ങനെ ഒരഭിപ്രായമുണ്ട്. എല്ലാ സാധനങ്ങളും പ്രകൃത്യാ ഒന്നു തന്നെയാണ്. നിരോധനത്തിലും അനുവാദത്തിലും അവ സമമാണ്. ശക്തിയുടെയും അശക്തിയുടെയും അടിസ്ഥാനത്തിലാണ് അവ തമ്മിലുള്ള വ്യത്യാസം. ചെന്നായക്ക് ആടിനെ പിടിക്കാൻ കഴിയുന്നു. അങ്ങനെ അതു ചെന്നയായുടെ ആഹാരമായി

ത്തീരുന്നു. ആടിന് അതിനെ എതിർക്കാൻ സാധിക്കുന്നില്ല. ഇതേ രൂപത്തിലുള്ള പല പ്രസ്താവനകളും അവരുടെ ഗ്രന്ഥങ്ങളിൽനിന്ന് എനിക്കു കാണാൻ സാധിച്ചിട്ടുണ്ട്. പക്ഷേ, ബ്രാഹ്മണരും ചണ്ഡാലരും സമനിലയിലാണെന്നു കരുതുന്ന പദവിയിൽ എത്തിക്കഴിഞ്ഞ മഹാന്മാരുടെ അഭിപ്രായമാണിത്. അപ്പോൾ എല്ലാ വസ്തുവും ആ നിലയിലുള്ളവർക്കു നിരോധിക്കപ്പെട്ടതായിരിക്കും. അവർ ഒന്നിനെയും ആശ്രയിക്കാതെ ജീവിക്കുന്ന പദവിയിലെത്തിയതുകൊണ്ട് മുമ്പ് അനുവദിക്കപ്പെട്ടതുപോലും ഇപ്പോൾ നിരോധിക്കപ്പെട്ടതായി മാറുന്നു. എന്നാൽ, ഈ ഉയർന്ന പദവിയിലെത്താത്തവർക്ക് ചിലത് അനുവദനീയവും മറ്റു ചിലത് വിലക്കപ്പെട്ടതുമായിരിക്കും.

അധ്യായം 69

വിവാഹം, ആർത്തവം, പ്രസവം, ഗർഭപിണ്ഡം

വിവാഹം ഏതൊരു സമുദായവും അനുഷ്ഠിച്ചുപോരുന്ന ഒരാചാരമാണ്. കാരണം, വിവാഹം മനുഷ്യനെ ചീത്ത പ്രവൃത്തികളിൽ നിന്നും മലിനമായ കൂട്ടുകെട്ടുകളിൽനിന്നും സംരക്ഷിക്കും. നാശകാരിയും ജീവസഹജവുമായ കോപം ഇളക്കിവിടുന്ന കാര്യങ്ങളെ അതില്ലാതാക്കും. ജന്തുക്കളിൽ ഓരോ ആണും അതിനിണയായി ഒരു പെണ്ണിനെ സ്വീകരിക്കുകയും മറ്റുള്ളവയെ അത് ഉപദ്രവിക്കാതിരിക്കുകയും ചെയ്യുന്ന പ്രകൃതിനിയമത്തെക്കുറിച്ചു ചിന്തിക്കുന്നതായാൽ വിവാഹത്തിന്റെ ആവശ്യവും മൃഗീയത്വത്തെക്കാൾ നികൃഷ്ടമായ വ്യഭിചാരത്തിന്റെ അധമനിലയും മനസ്സിലാക്കാവുന്നതാണ്. ഓരോ സമുദായത്തിലും, വിശേഷിച്ചു മതാനുയായികൾക്ക്, വിവാഹ ബന്ധത്തിന് പ്രത്യേക ആചാരമുറകളുണ്ട്. ഇന്ത്യക്കാർക്കിടയിൽ ശിശുവിവാഹം നടപ്പിലുണ്ട്. അതിനാൽ മാതാപിതാക്കളാണു തങ്ങളുടെ സന്താനങ്ങളുടെ വിവാഹത്തിനുള്ള ഏർപ്പാടുകളെല്ലാം നടത്തുന്നത്. ബ്രാഹ്മണർ വിവാഹ വേളയിൽ ബലികർമ്മങ്ങൾ നടത്തുകയും അവരുടെ സമുദായാഗംങ്ങൾക്കും അല്ലാത്തവർക്കും ദാനധർമ്മങ്ങൾ നടത്തുകയും കളി, വീണവായന തുടങ്ങിയ വിനോദങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. സ്ത്രീധനം കൊടുക്കുന്ന സമ്പ്രദായം അവർക്കില്ല. സ്ത്രീക്ക് പുരുഷനിൽനിന്നു പാരിതോഷികമായി എന്തെങ്കിലും റൊക്കമായി ലഭിക്കാറുണ്ട്. ഇതു മടക്കിവാങ്ങാൻ പാടില്ല എന്നും സ്ത്രീ സ്വമനസ്സാലെ സംഭാവനയായി മടക്കിക്കൊടുത്താൽ മാത്രമേ വാങ്ങാൻ പാടുള്ളുവെന്നും അവർ വിശ്വസിക്കുന്നു. ദമ്പതികളെ തമ്മിൽ മരണം മാത്രമേ വേർപ്പെടുത്തുകയുള്ളൂ. വിവാഹമോചന സമ്പ്രദായമേ അവർക്കില്ല. പുരുഷന് ഒന്നുമുതൽ നാലുവരെ വിവാഹം ചെയ്യാം. നാലിൽ ഒന്നു മരിച്ചുപോയാൽ പകരം മറ്റൊന്നിനെ സ്വീകരിക്കുമെന്നല്ലാതെ നാലിൽ കൂടുതൽ ഒരേ സമയത്തു പാടില്ല. ഭർത്താവ് മരിച്ചാൽ ഭാര്യ മറ്റൊരു ഭർത്താവിനെ സ്വീകരിച്ചുകൂ

ടാ. അവൾ ജീവിതം മുഴുവൻ വിധവയായി കഴിച്ചുകൂട്ടുകയോ അല്ലെങ്കിൽ ഭർത്താവിന്റെ കൂടെ 'ചിത'യിൽ ചാടി വെന്തുമരിക്കുകയോ-ഇതാണ് ഏറ്റവും ഉത്തമം-ചെയ്യണമെന്നു നിർബന്ധമാണ്. രാജകീയ കുടുംബത്തിൽ പെട്ട സ്ത്രീകളെ നിർബന്ധപൂർവ്വമായി ചുട്ടുകരിക്കുകയാണ് അവരുടെ ആചാരം. അവരിൽനിന്നു വല്ല തെറ്റും സംഭവിക്കുമോ അതുമൂലം അപമാനം നേരിടുമോ എന്ന ഭയമാണ് അവരെ അപ്രകാരം ചെയ്യാൻ പ്രേരിപ്പിക്കുന്നത്. വൃദ്ധകളെയോ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പറ്റിയ സന്താനങ്ങളുള്ള വിധവകളെയോ മാത്രമേ ഈ നിയമത്തിൽ നിന്ന് ഒഴിവാക്കുന്നുള്ളൂ. ബന്ധുക്കളേക്കാൾ അന്യരാണ് വിവാഹ ബന്ധത്തിന് ഏറ്റവും നല്ലതെന്ന് അവർ വിശ്വസിക്കുന്നു. ബന്ധുക്കളാണെങ്കിൽ തന്നെ അടുത്ത ബന്ധുക്കളേക്കാൾ അകന്ന ബന്ധുക്കളാണ് ഉത്തമം. എന്നാൽ, സന്താന പരമ്പരയിൽനിന്നും മാതാപിതാക്കളുടെ മേൽപോട്ടുള്ള തലമുറകളിൽനിന്നും വിവാഹ ബന്ധം നടത്താൻ പാടില്ല. അതേ പോലെ ഇരുഭാഗത്തുമുള്ള കുടുംബാംഗങ്ങൾ-സഹോദരി, സഹോദരീ പുത്രി, പിതൃമാതൃ സഹോദരികൾ-തമ്മിലുള്ള വിവാഹവും നിഷിദ്ധമാണ്. ഈ ബന്ധം അഞ്ച് തലമുറകൊണ്ടകന്നാൽ മാത്രമേ അവരുമായി വിവാഹ ബന്ധത്തിലേർപ്പെടാൻ പാടുള്ളൂ. അതും കൂടുതൽ ഉത്തമമല്ലെന്നാണു കരുതുന്നത്. ബഹുഭാര്യത്വത്തെ ജാതിനിലയനുസരിച്ചു വിത്യാസപ്പെടുത്തുന്ന ആചാരവും ഉണ്ട്. ക്ഷത്രിയനു മൂന്നും വൈശ്യനു രണ്ടും ശൂദ്രന് ഒന്നും അനുവദിക്കപ്പെടുന്നു. തങ്ങളുടെ വിഭാഗത്തിൽനിന്നും അതിനു താഴെയുള്ള വിഭാഗത്തിൽനിന്നും വിവാഹം ചെയ്യാം. എന്നാൽ, തന്നിലുയർന്ന ജാതിയിൽനിന്നു ഭാര്യയെ സ്വീകരിക്കാൻ പാടില്ല. സന്താനത്തെ മാതാവിന്റെ ജാതിയിലാണു കണക്കാക്കാറുള്ളത്. ബ്രാഹ്മണന്റെ ഭാര്യ ബ്രാഹ്മണ സ്ത്രീയാണെങ്കിൽ കുട്ടി ബ്രഹ്മണനും ശൂദ്ര സ്ത്രീയാണെങ്കിൽ കുട്ടി ശൂദ്രനുമായും ഗണിക്കപ്പെടുന്നു. ഈ ആചാരം അനുവദനീയമാണെങ്കിലും ഇക്കാലത്തുള്ള ബ്രാഹ്മണർ താഴ്ന്ന വിഭാഗങ്ങളിൽനിന്നു ഭാര്യയെ സ്വീകരിക്കാറില്ല.

അവരുടെ അഭിപ്രായത്തിൽ ആർത്തവ കാലം ഏറ്റവും കൂടിയത് പതിനാറ് ദിവസമായിരിക്കും. വാസ്തവത്തിൽ അത് ആദ്യത്തെ നാല് ദിവസമേ ഉള്ളൂ. ആർത്തവ വേളയിൽ ഭാര്യയെ സമീപിക്കാൻ പാടില്ലെന്നു മാത്രമല്ല അവൾ അശുദ്ധമായതിനാൽ അയാൾ ആ മുറിയിൽ പ്രവേശിക്കാൻ പോലും പാടില്ല. നാലു ദിവസം കഴിഞ്ഞു കുളിച്ചു ശുദ്ധിയായാൽ ആർത്തവം നിലച്ചിട്ടില്ലെങ്കിലും ഭർത്താവിന് അവളെ സമീപിക്കാം. നാലാം ദിവസത്തിൽ ആർത്തവമുണ്ടെങ്കിൽ തന്നെ അതു ജീവപിണ്ഡ ദ്രാവകമായാണ് അവർ കരുതുന്നത്. ബ്രാഹ്മണൻ സന്താനോല്പാദന ലക്ഷ്യത്തോടെ ഭാര്യയെ സമീപിക്കുമ്പോൾ അഗ്നി ബലി നടത്തേണ്ടതാകുന്നു. ഈ ബലിക്ക് 'ഗർഭദഹനം' എന്നു പറയുന്നു. ഇതു

സാധാരണ ചെയ്തു വരാറില്ല. കാരണം, അതിൽ സ്ത്രീയുടെ സാന്നിധ്യം കൂടി ആവശ്യമുണ്ട്. ലജ്ജ കാരണം സ്ത്രീകൾ അതിൽ സന്നിഹിതരാവാൻ മടിക്കുന്നു. അതുകൊണ്ട് ഗർഭം ധരിച്ചു നാലാമത്തെ മാസം നടത്താറുള്ള ബലിയുടെ കൂടെ നിർവ്വഹിക്കുന്നതിനായി അതു നീട്ടിവെക്കുന്നു. ആ ബലിക്ക് 'സീമന്തുനൻ' എന്നു പറയുന്നു. പ്രസവിച്ചാൽ മുലപ്പാൽ കൊടുക്കാൻ തുടങ്ങുന്നതിനു മുമ്പായി 'ജാതകർമ്മം' എന്നൊരു ബലി നടത്തും. പ്രസവദശ കഴിഞ്ഞാലേ കുഞ്ഞിനു പേരിടാറുള്ളൂ. നാമകരണത്തോട് അടുപ്പിച്ചു നടത്താറുള്ള നാലാമത്തെ ബലിക്ക് 'നാമകർമ്മം' എന്നു പറയുന്നു. പ്രസവദശയിൽ വീട്ടുകാരുടെയാതൊരു പാത്രവും തൊടാൻ അവൾക്കു പാടില്ല. അവരുടെ വീട്ടിൽനിന്ന് ആരും ഭക്ഷണം കഴിക്കുകയുമില്ല. ബ്രാഹ്മണർ അഗ്നിബലി അർപ്പിക്കുകയില്ല. പ്രസവ ദിനങ്ങൾ ബ്രാഹ്മണർക്ക് എട്ടും. ക്ഷത്രിയർക്കു പന്ത്രണ്ടും വൈശ്യർക്കു പതിനഞ്ചും ശൂദ്രർക്കു മുപ്പതും ആകുന്നു. മറ്റുള്ളവർക്ക് പ്രസവ ദിവസങ്ങൾ ഖണ്ഡിതമല്ല. മുലകുടിക്കുന്ന കാലം ഏറ്റവും കൂടിയതു മൂന്ന് കൊല്ലമാണ്. കുട്ടിക്കു വേണ്ടി നടത്തുന്ന ബലി മൂന്നാമത്തെ വയസ്സിലും കാതുകുത്തി ഏഴാമത്തെയോ എട്ടാമത്തെയോ വയസ്സിലുമാണ്.

വ്യഭിചാരം അവരുടെ അഭിപ്രായത്തിൽ കുറ്റകരമല്ലെന്ന് ആളുകൾ ഊഹിക്കുന്നു. കാബൂളിലെ 'ഉസ്മഹ്ബുദ്' എന്ന രാജാവ് വിജയിക്കുകയും ഇസ്ലാം മതം സ്വീകരിക്കുകയും ചെയ്തപ്പോൾ പശു മാംസം തിന്നുകയില്ലെന്നും വ്യഭിചാരവും പുരുഷ മൈഥുനവും ചെയ്യുകയില്ലെന്നും അദ്ദേഹം പ്രതിജ്ഞ ചെയ്തത്രെ. ഈ ഊഹം അവരെ സംബന്ധിച്ചിടത്തോളം ശരിയല്ല. വ്യഭിചാരത്തിനു കഠിന ശിക്ഷാ നടപടികൾ സ്വീകരിക്കാറില്ല എന്നു മാത്രമേ ഉള്ളൂ. അതും അവരുടെ രാജക്കന്മാരുടെ അശ്രദ്ധകൊണ്ട് വന്നുകൂടിയതാണ്. വിഗ്രഹാലയങ്ങളിലുള്ള ഗായികകളും നർത്തകികളുമായ സ്ത്രീകളിൽ നിന്നും ബ്രാഹ്മണരും പൂജാരികളും പാട്ടും നൃത്തവുമല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിരുന്നില്ല. പക്ഷേ, രാജക്കന്മാർ ഈ സ്ത്രീകളെ നാട്ടിന്റെ അലങ്കാരത്തിനും ജനങ്ങൾക്കാഹ്ളാദത്തിനുമുള്ള ഉപകരണമായി ഉപയോഗിക്കാൻ തുടങ്ങി. പൊതുഭണ്ഡാരത്തിലേക്കുള്ള വരുമാനം വർദ്ധിപ്പിക്കുകയും ഈ സമ്പ്രദായം കൊണ്ട് അവർ ഉദ്ദേശിച്ചിരുന്നു. നികുതി, പിഴ മുതലായവയിൽനിന്നു കിട്ടുന്ന വരുമാനം ചാണ്ഡാലന്മാർക്കു ലഭിക്കുകയും അങ്ങനെ ഭരണകാര്യങ്ങൾ സുഖകരമാവുകയും ചെയ്തിരുന്നു. 'അസുദുദൗല' എന്ന രാജാവും ഇപ്രകാരമാണ് ചെയ്തിരുന്നത്. അവിവാഹിതരായ സൈന്യങ്ങളിൽനിന്നു പ്രജകളെ സംരക്ഷിക്കുക എന്നതും ഈ സമ്പ്രദായം കൊണ്ട് അദ്ദേഹം ഉദ്ദേശിച്ചിരുന്നത്രെ.

അധ്യായം 70

വ്യവഹാര നിയമങ്ങൾ

ന്യായാധിപൻ വാദിയോടു തന്റെ വാദം സ്ഥാപിക്കുന്നതിനു രേഖാമൂലമുള്ള പ്രമാണങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നു. പ്രമാണം മൂലം തെളിവു ഹജരാക്കാൻ സാധിക്കാതെ വന്നാൽ സാക്ഷികൾ മുഖേന വാദം തെളിയിക്കേണ്ടിയിരിക്കുന്നു. സാക്ഷികൾ നാലിൽ കുറയാൻ പാടില്ല. സാക്ഷി നീതിമാനാണെന്നു ന്യായാധിപനെ ബോധ്യപ്പെടുത്തുകയാണെങ്കിൽ ഒരു സാക്ഷികൊണ്ട് അദ്ദേഹത്തിനു വിധിക്കാവുന്നതാണ്. പക്ഷേ, രഹസ്യാന്വേഷണം നടത്തിയും സംഭവത്തിന്റെ സ്വഭാവം ചർച്ചചെയ്തു മനസ്സിലാക്കിയതിനു ശേഷവും മാത്രമേ അദ്ദേഹത്തിനു വിധി പ്രസ്താവിക്കാൻ പാടുള്ളൂ. 'ഇയാസ് ബിൻ മുആവിയ'യും ഇങ്ങനെയാണ് ചെയ്തിരുന്നത്. വാദിക്ക് തന്റെ വാദം തെളിയിക്കാൻ കഴിയാതെ വന്നാൽ പ്രതി സത്യം ചെയ്യേണ്ടതാണ്. പ്രതിയുടെ നിർദ്ദേശമനുസരിച്ചു വാദിക്കും സത്യം ചെയ്യാം. അങ്ങനെ വാദി പ്രതിയുടെ നിർദ്ദേശപ്രകാരം സത്യം ചെയ്താൽ ന്യായാധിപനിൽനിന്ന് അന്യായക്കാരനു വിധി വാങ്ങാം. വാദത്തിന്റെ ഗതി അനുസരിച്ചു സത്യത്തിന്റെ വകുപ്പുകൾ വ്യത്യാസപ്പെടുന്നതാണ്. അന്യായക്കാരന്റെ സമ്മതത്തോടെ ചില്ലറ വിഷയത്തിൽ സത്യം ചെയ്യുകയാണെങ്കിൽ പ്രതി അഞ്ച് ബ്രാഹ്മണ പണ്ഡിതന്മാരുടെ മധ്യത്തിൽ ഇങ്ങനെ പറയണം:

"ഞാൻ കളവു പറയുകയാണെങ്കിൽ അദ്ദേഹം വാദിക്കുന്നതിന്റെ എട്ടിരട്ടി എന്റെ പുണ്യ കർമ്മത്തിന്റെ പ്രതിഫലത്തിൽനിന്ന് അദ്ദേഹത്തിനു ഞാൻ നല്കുന്നു.'' ഇതിലും ഉപരിയായ പരീക്ഷണം 'ബ്രാഹ്മണം' എന്ന പേരിലറിയപ്പെടുന്ന വിഷം കുടിക്കലാണ്. ഇത് ഏറ്റവും ആപൽകരമായ വിഷമാകുന്നു. സത്യവാനാണെങ്കിൽ അതു കുടിക്കുന്നതുകൊണ്ട് യാതൊരു ദോഷവും ഉണ്ടാവുകയില്ല. ഇതിലും ശക്തിയായ മറ്റൊരു പരീക്ഷണമുണ്ട്. പ്രതിയെ ആഴമുള്ളതും ശക്തിയായ ഒഴുക്കുള്ളതുമായ നദിയിലേക്കോ ധാരാളം വെള്ളമുള്ള ആഴമുള്ള കിണ

റ്റിലേക്കോ കൊണ്ടുപോകുകയും വെള്ളത്തോടായി ഇങ്ങനെ പറയുകയും ചെയ്യുന്നു. 'നീ ദേവന്മാരുടെ ശുദ്ധജലവും രഹസ്യവും പരസ്യവും അറിയുന്നവനുമാണ്. അതിനാൽ, ഞാൻ സത്യവാനല്ലെങ്കിൽ ശിക്ഷിക്കുകയും സത്യവാനാണെങ്കിൽ എന്നെ സംരക്ഷിക്കുകയും ചെയ്യേണമേ!' പിന്നീട് അഞ്ച് ആളുകൾ അവനെ എടുത്തു വെള്ളത്തിലേക്ക് എറിയുന്നു. അവൻ സത്യവാനാണെങ്കിൽ മുങ്ങുകയോ മരിക്കുകയോ ഇല്ല.

ഇതിലുപരിയായ പരീക്ഷണം: ന്യായാധിപൻ വാദി പ്രതികളെ പട്ടണത്തിലെ ഏറ്റവും വലിയ വിഗ്രഹത്തിനടുത്തേക്ക് അയക്കുക. പ്രതി ആ ദിവസം വിഗ്രഹത്തിനടുത്ത് വ്രതമനുഷ്ഠിക്കുക. പിറ്റേ ദിവസം കോടി വസ്ത്രം ധരിച്ചു വാദിയോടു കൂടെ വിഗ്രഹത്തിനടുത്തായി നിൽക്കുകയും പൂജാരികൾ ആ വിഗ്രഹത്തെ കഴുകി വെള്ളം അവനെ കുടിപ്പിക്കുകയും ചെയ്യുന്നു. അവൻ സത്യവാനാണെങ്കിൽ ആ നിമിഷത്തിൽ ചോര ഛർദ്ദിക്കുന്നതാണ്.

മറ്റൊരു പരീക്ഷണ രീതി: പ്രതിയെ ഒരു തുലാസിന്റെ തട്ടിൽ ഇരുത്തുകയും മറ്റേ തട്ടിൽ ഭാരങ്ങൾ വച്ചു തൂക്കം ശരിയാക്കുകയും ചെയ്യും. പിന്നീട് തുലാസിൽ വെച്ച ഭാരം നീക്കാതെ പ്രതിയെ മറ്റേ തുലാസിൽനിന്നു പുറത്തെടുത്ത ശേഷം പ്രേതങ്ങളെയും ആത്മാക്കളെയും ഉപരിലോക നിവാസികളെയും ഓരോന്നായി അവന്റെ സത്യനിലക്കു സാക്ഷി നിർത്തി അതെല്ലാം കടലാസ്സിലെഴുതി രേഖയാക്കുന്നു. ആ കടലാസ് അവന്റെ തലയിൽ വെച്ചുകെട്ടി വീണ്ടും തുലാസ്സിന്റെ തട്ടിൽ കൊണ്ടുപോയി ഇരുത്തും. അവൻ സത്യവാനാണെങ്കിൽ അവന്റെ ഭാരം ആദ്യത്തേതിലും കൂടുന്നതാണ്. ഇതിനുപരിയായി മറ്റൊരു രീതി ഇതാണ്: നെയ്യും എണ്ണയും സമ അളവിൽ എടുത്ത് ഒരു ചട്ടിയിൽ തിളപ്പിക്കുന്നു. അതു തിളച്ചു പാകമായെന്നറിയാൻ ഒരു പനിനീർപുഷ്പം അതിലിടും. ഈ പൂഷ്പം വെന്തുകരിഞ്ഞാൽ, എണ്ണയും നെയ്യും ശരിക്കു പാകം വന്നെന്നു മനസ്സിലാക്കാം. അപ്പോൾ ചട്ടിയിൽ ഒരു സ്വർണക്കഷ്ണം ഇടുകയും പ്രതിയോട് കൈകൊണ്ടു ആ സ്വർണക്കട്ടി ചട്ടിയിൽനിന്ന് എടുക്കാൻ കല്പിക്കുകയും ചെയ്യും. അവൻ സത്യവാനാണെങ്കിൽ നിസ്സങ്കോചം അതെടുക്കുന്നതാണ്. കൈ പൊള്ളുകയില്ല.

ഏറ്റവും ഭയങ്കരവും മഹത്തരവുമായ പരീക്ഷണം: ഇരുമ്പിൽ തകിട് ഉരുകാറായ നിലവരെ ചൂടാക്കി അതിനെ ചവണ കൊണ്ടെടുത്തു പ്രതിയുടെ കൈപ്പത്തിൽ വെക്കുക. ഈ തികിടിന്റെയും കൈപ്പത്തിയുടെയും ഇടയിൽ അങ്ങിങ്ങായി വിതറിയ ഏതാനും നെന്മണികളും അതിന്റെ മുകലിൽ ഒരു വീതിയുള്ള ഇലയും മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഈ തകിട് വഹിച്ച് ഏഴടി ദൂരം നടക്കാനും പിന്നീട് അതു താഴെയിടാനും അവനോട് ആജ്ഞാപിക്കുന്നു.

അധ്യാം 71

ശിക്ഷകളും പ്രായശ്ചിത്തങ്ങളും

ക്രിസ്ത്യനികളെപ്പോലെത്തന്നെ ഇന്ത്യക്കാരുടെയുടെ ശിക്ഷാ യുക്തി ഗുണം വരുത്തുക, നാശം തടുക്കുക എന്ന അർത്ഥത്തിൽ അതായത്, പുതപ്പു കട്ടവനു കുപ്പായം സമ്മാനിക്കണം, ഒരു കവിളത്തടിച്ചാൽ മറ്റേ കവിളും കാണിച്ചുകൊടുക്കണം, അക്രമിയുടെ ഗുണത്തിനു വേണ്ടി പ്രാർത്ഥിക്കണം എന്ന രീതിയിലാണു നിലകൊള്ളുന്നത്. ഈ സമ്പ്രദായം ഏറ്റവും വിശേഷപ്പെട്ടതു തന്നെയാണ്. പക്ഷേ, ഈ ഭൗതിക ലോക നിവാസികളെല്ലാം തത്ത്വചിന്തകന്മാരല്ല. അവരിൽ ബഹുഭൂരിഭാഗം അജ്ഞരും വിഡ്ഢികളും വഴിപിഴച്ചവരുമാണ്. വാളും ലാത്തിയുമല്ലാതെ അവരെ മര്യാദ പഠിപ്പിക്കുകയില്ല. ജയശാലിയായ 'കോൺസ്റ്റന്റൈൻ' ക്രിസ്തുമതം സ്വീകരിച്ചതു മുതൽ ലാത്തിയും വാളും വിശ്രമിച്ചിട്ടില്ല. ഈ രണ്ടിന്റെയും സഹായം കൂടാതെ നാട്ടിൽ സമാധാനവും നിയന്ത്രണവും ഉണ്ടാവുകയില്ല. ഇതുപോലെത്തന്നെയാണ് ഇന്ത്യക്കാരുടെയും നില.

അവർ പറയുകയാണ്: ഭരണവും യുദ്ധവുമെല്ലാം പൗരാണിക കാലങ്ങളിൽ ബ്രഹ്മണരാണ് നടത്തിയിരുന്നത്. അവർ മതാനുശാസനങ്ങളനുസരിച്ചും ആദ്ധ്യാത്മിക തത്ത്വങ്ങളെ ആസ്പദമാക്കിയും നാട്ടിന്റെ ഭരണം നടത്തിപ്പോന്നു. തെമ്മാടികളും ദുർനടപ്പുകാരുമായ ആളുകളെ ഭരിക്കാൻ അതു മതിയായില്ല. അതിനാൽ, നാട്ടിലാകമാനം അരാജകത്വം നടമാടാൻ തുടങ്ങി. തങ്ങളുടെ മുഖ്യകർത്തവ്യമായ മതകാര്യങ്ങൾ പോലും ശരിക്കു നടത്താൻ സാധിക്കുന്നില്ലെന്നു കണ്ടപ്പോൾ അവർ ഭരണകാര്യത്തിൽനിന്നു തങ്ങളെ ഒഴിവാക്കാൻ ബ്രഹ്മാവിനോടു പ്രാർത്ഥിക്കുകയും അദ്ദേഹം ഭരണവും യുദ്ധവും ക്ഷത്രിയരെ ഏൽപിക്കുകയും ചെയ്തു. അനന്തരം ബ്രാഹ്മണർ പാരിതോഷികങ്ങൾക്കൊണ്ടും ദാനധർമ്മങ്ങൾക്കൊണ്ടും ജീവിതം നയിക്കാൻ തുടങ്ങി. കുറ്റം ചെയ്യുന്ന ആളുകളെ ശിക്ഷിക്കുന്ന സമ്പ്രദായം ക്ഷത്രിയ

രാജാക്കന്മാരാണു നടപ്പിൽ വരുത്തിയത്, ബ്രാഹ്മണ പണ്ഡിതന്മാരല്ല. കൊലപാതകത്തെ സംബന്ധിച്ച അവരുടെ നിയമങ്ങൾ താഴെ വിവരിക്കുന്നു: ഘാതകൻ ബ്രാഹ്മണനും വധിക്കപ്പെട്ട ആൾ മറ്റു ജാതിയിൽ പെട്ടവനുമാണെങ്കിൽ പ്രായശ്ചിത്തം മാത്രമേ നിർബന്ധമുള്ളൂ. അത് വ്രതം, പ്രാർത്ഥന, ധർമ്മം മുതലായവയാണ്. വധിക്കപ്പെട്ടയാളും ബ്രഹ്മണനാണെങ്കിൽ അതിന്റെ പ്രതികാരം പരലോകത്തു ലഭിക്കുന്നതാണ്. പ്രായശ്ചിത്തമൊന്നും ചെയ്യേണ്ടതില്ല. കാരണം, പ്രായശ്ചിത്തം ദോഷത്തെ പൊറുപ്പിക്കാനാണല്ലോ? എന്നാൽ, ബ്രാഹ്മണനെ വധിക്കുക എന്ന മഹാപാപത്തെ പൊറുപ്പിക്കുന്ന ഒരു പ്രായശ്ചിത്തവുമില്ല. ഈ പാപത്തിന് 'ബ്രഹ്മഹത്യ' എന്നു പറയുന്നു. പശുഹത്യ, കള്ളുകുടി, വ്യഭിചാരം എന്നിവയാണ് യഥാക്രമം അടുത്ത മഹാപാപങ്ങൾ. പിതാവിന്റെയോ ഗുരുനാഥന്റെയോ ഭാര്യയെ വ്യഭിചരിക്കുന്നത് ഏറ്റവും ഭയങ്കരമായ കുറ്റമാകുന്നു. ബ്രാഹ്മണരോ ക്ഷത്രിയനോ കുറ്റം ചെയ്താൽ ഭരണാധികാരികൾ അവരെ ശിക്ഷിക്കാറില്ല. അവരുടെ സ്വത്തു പിടിച്ചെടുക്കുകയും അവരെ നാടുകടത്തുകയും മാത്രമേ ചെയ്യാറുള്ളൂ. ബ്രാഹ്മണരും ക്ഷത്രിയരുമല്ലാത്തവർ അന്യോന്യം കൊലപാതകം നടത്തിയാൽ അവർ പ്രായശ്ചിത്തം ചെയ്താൽ മതിയാവുകമെങ്കിലും മറ്റുള്ളവർക്കു പാഠമെന്ന നിലക്ക് ഭരണാധികാരി ഇവരെ ശിക്ഷിക്കുകയാണു പതിവ്.

കളവുനടത്തുന്നവനെ കട്ട മുതലിന്റെ വിലയനുസരിച്ചു ശിക്ഷിക്കുന്നതാണ്. തടങ്കലിലാക്കുക, നാടുകടത്തുക, ജനദൃഷ്ട്യാ പരിഹാസ്യനാക്കുക. അവന്റെ ദുഷ്പ്രവൃത്തി ജനങ്ങൾക്കിടയിൽ പരസ്യപ്പെടുത്തുക മുതലായവ അതിൽ ഉൾപ്പെടുന്നു. വലിയൊരു തുകയാണ് കട്ടതെങ്കിൽ ഭരണാധികാരികൾ അവന്റെ കണ്ണു കുത്തുകയോ കൈകാലുകൾ മുറിക്കുകയോ ചെയ്യുന്നു. ഇപ്രകാരം ചെയ്യുന്നത് കള്ളൻ ബ്രാഹ്മണനാണെങ്കിലാണ്. ക്ഷത്രിയനാണെങ്കിൽ കണ്ണുകുത്തുകയില്ല. അംഗങ്ങൾ മുറിക്കുകയേ ഉള്ളൂ. ഈ രണ്ട് വർഗത്തിലും പെട്ടവനല്ലെങ്കിൽ അവർ അവനെ വധിക്കുന്നതാണ്. വേശ്യക്കുള്ള ശിക്ഷ കാമുകന്റെ വീട്ടിൽനിന്നു പുറത്താക്കുകയും നാടുകടത്തുകയുമാണ്. നാടുവിട്ടോടിപ്പോവുകയും മതം മാറുകയും ചെയ്തവർക്കുള്ള ശിക്ഷാനിയമം: ഞാൻ കേട്ടതിങ്ങനെയാണ്:

അവർ വീണ്ടും നാട്ടിലേക്കും മതത്തിലേക്കും തിരിച്ചുവന്നാൽ പ്രായശ്ചിത്തമായി കുറേ ദിവസങ്ങൾ വ്രതമനുഷ്ഠിക്കണം. അനന്തരം പശുവിന്റെ മൂത്രത്തിലും ചാണകത്തിലും പാലിലുമായി നിശ്ചിത ദിവസങ്ങൾ കുളിപ്പിച്ചു ശുദ്ധീകരിക്കപ്പെടണം. പിന്നെ കുറച്ചുദിവസം അവ തന്നെ ആഹാരമായി കഴിക്കുകയും വേണം. ഇതിനെക്കുറിച്ച് ഞാൻ ബ്രാഹ്മണരോടു ചോദിച്ചപ്പോൾ അവർ നിഷേധിക്കുകയും ഇങ്ങനെ പറ

യുകയും ചെയ്തു: നാടും മതവും വിട്ടുപോയവന് പിന്നീട് ആ നാട്ടിലേക്കു വരാനനദുവാദമോ പ്രായശ്ചിത്തമോ ഇല്ല. ഒരു ബ്രാഹ്മണൻ ശൂദ്രന്റെ വീട്ടിൽനിന്നു ഭക്ഷണം കഴിച്ചാൽ അവൻ ബ്രാഹ്മണ ജാതിയിൽനിന്നു ഭ്രഷ്ടനാകുന്നു. പിന്നീട് അവന് ആ ജാതിയിലേക്കു തിരിച്ചുവരാൻ നിവൃത്തിയില്ല.

അധ്യായം 72

സ്വത്തുക്കളുടെ അനന്തരാവകാശവും അതിൽ മരിച്ചവർക്കുള്ള പങ്കും

ഇന്ത്യക്കാരുടെ അഭിപ്രായപ്രകാരം സ്വന്തം മകളൊഴിച്ചു മറ്റു സ്ത്രീകൾക്കാർക്കും പിതൃസ്വത്തിൽ അവകാശമുണ്ടായിരിക്കുന്നതല്ല. മനുവിന്റെ ഗ്രന്ഥത്തിൽ പറഞ്ഞതനുസരിച്ചു മകൾക്ക് മകന്റെ 1/4 ഭാഗമാണു കിട്ടുക. അവൾ അവിവാഹിതയാണെങ്കിൽ അവളുടെ വിവാഹം വരെയുള്ള ചെലവും വിവാഹാവശ്യ ചെലവുകളും ഈ സ്വത്തിൽനിന്ന് എടുക്കാവുന്നതാണ്. വിവാഹാനന്തരം യാതൊന്നും എടുക്കാൻ പാടില്ല. മൃതന്റെ ഭാര്യ സതി അനുഷ്ഠിക്കാതെ ജീവിച്ചിരിക്കാൻ തീർച്ചപ്പെടുത്തിയാൽ അവരുടെ ഭക്ഷണത്തിനും വസ്ത്രത്തിനുമുള്ള ചെലവ് സ്വത്താവകാശികൾ വഹിക്കേണ്ടതാണ്. മരിച്ചയാളുടെ കടം വീട്ടേണ്ടതും അവകാശികളാണ്. അങ്ങനെ ചെയ്യേണ്ടത് അനന്തരാവകാശ സ്വത്തിൽനിന്നോ തങ്ങൾ സ്വന്തമായി സമ്പാദിച്ച സ്വത്തിൽനിന്നോ ആവാനും വിരോധമില്ല. മരിച്ചയാൾക്ക് ധനമൊന്നുമില്ലെങ്കിലും കടം വീട്ടേണ്ടത് അവരുടെ കടമയാണ്. അതുപോലെ മറ്റു ചെലവകുളെല്ലാം ഈ ആവകാശികൾ നിർവ്വഹിക്കണം. യഥാർത്ഥത്തിൽ അവകാശികൾ പുരുഷന്മാരായിരിക്കും. ഓരോ തലമുറയിലുള്ളവരിൽ ഏറ്റവും അടുത്തവരെ നോക്കിയാണ് അവകാശം നിശ്ചയിക്കുക. അപ്പോൾ മകനുണ്ടെങ്കിൽ മകന്റെ മകനോ, അച്ഛനുണ്ടെങ്കിൽ അച്ഛന്റെ അച്ഛനോ ഒന്നും കിട്ടുകയില്ല. മാതാപിതാക്കളും സന്താനങ്ങളും ഇല്ലാതെ വരുമ്പോൾ മാത്രമേ മറ്റു കുടുംബാംഗങ്ങൾക്ക് അവകാശം ലഭിക്കുകയുള്ളൂ. മകളുടെ മകനുണ്ടായിരിക്കുമ്പോൾ സഹോദരിയുടെ മകനു സ്വത്ത് ലഭിക്കുകയില്ല. സഹോദരപുത്രൻ ഇവർ രണ്ടാളെക്കാളും കൂടുതൽ അടുത്തവനാണ്. ഓരോ ശാഖയിലും ഒന്നിലധികം ആളുകളുണ്ടെങ്കിൽ ആ ശാഖക്കു കിട്ടുന്ന അവകാശം അവർക്കു സമമായി ഭാഗിച്ചുകൊടുക്കുന്നതാണ്. ഷണ്ഡന്മാരെ പുരുഷന്മാരുടെ കൂട്ടത്തിലാണു കണക്കാക്കാ

റുള്ളത്. മരിച്ചയാളുടെ സ്വത്തിന് അവകാശികളില്ലെങ്കിൽ ആ സ്വത്ത് ഭരണാധികാരിയുടെ ഖജനാവിലേക്കു മുതൽകൂട്ടുന്നതാണ്. എന്നാൽ, മൃതൻ ബ്രാഹ്മണനാണെങ്കിൽ ഭരണാധികാരികൾക്ക് ആ സ്വത്തിൽ ഒരവകാശവും ഉണ്ടായിരിക്കുന്നതല്ല. പൊതുധർമ്മനിധിയായി അതു കണക്കാക്കപ്പെടുന്നു.

മരിച്ചയാൾക്കായി അവകാശികൾ ചില കർമ്മങ്ങൾ ചെയ്യേണ്ടതുണ്ട്. മരിച്ചതിന്റെ ഒന്നാം കൊല്ലം പൂർത്തിയാവുന്നതിനു മുമ്പായി പതിനാറ് സദ്യകൾ നടത്തണം. മരിച്ചതിന്റെ പതിനൊന്നാമത്തെയും പതിനഞ്ചാമത്തെയും ദിവസത്തിലും എല്ലാ മാസത്തിലും ഓരോ തവണയും നടത്തുന്ന സദ്ക്കാരത്തിൽ ധാരാളം ആഹാരം വിതരണം ചെയ്യേണ്ടതാണ്. ആറാം മാസത്തിൽ നടത്തുന്ന സദ്ക്കാരം മുമ്പത്തെതിനേക്കാൾ വലിയ തോതിലായിരിക്കണം. കൊല്ലം തികയുന്നതിന് ഒരു ദിവസം മുമ്പു നടത്തുന്ന സദ്യ പരേതനും അവരുടെ പൂർവ്വികർക്കുമാണ്. അതോടെ അവകാശികൾ മരിച്ചയാൾക്കു ചെയ്യേണ്ട കർമ്മങ്ങളെല്ലാം പൂർത്തിയാകും. അവകാശി സ്വന്തം മകനാണെങ്കിൽ മരിച്ചതു മുതൽ കൊല്ലം തികയുന്നതുവരെ ദുഃഖമാചരിക്കുകയും സ്ത്രീസംസർഗം ഉപേക്ഷിക്കുകയും ചെയ്യേണ്ടതാണ്. മരിച്ച കൊല്ലത്തിന്റെ ആദ്യത്തെ ദിവസം അവകാശികൾ ആഹാരം കഴിക്കാൻ പാടില്ല. മേൽ പറഞ്ഞ പതിനാറ് സദ്യക്കു പുറമേ പൂമുഖത്തിന്റെ മുകളിലായി തുറന്ന് ഒരു തട്ടു നിർമ്മിച്ച് അവകാശികൾ ദിവസവും ഒരു താമ്പാളത്തിൽ ഭക്ഷണവും ഒരു കിണ്ടി വെള്ളവും അവിടെ വെക്കേണ്ടതും മരിച്ചതു മുതൽ പത്താം ദിവസം വരെ ഇങ്ങനെ ചെയ്യേണ്ടതുമാണ്. മരിച്ചയാളുടെ ആത്മാവ് നിശ്ചിതസ്ഥലത്ത് എത്തുന്നതിനു മുമ്പായി അതിനു വിശപ്പും ദാഹവും ഉണ്ടാകുമെന്നും അതു വീടിനു ചുറ്റും സഞ്ചരിച്ചുകൊണ്ടിരിക്കുമെന്നും അവർ വിശ്വസിക്കുന്നു.

സോക്രട്ടസീന്റെ 'ഫ്യാദൻ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: "മരിച്ചുപോയവരുടെ ആത്മാവ് തന്റെ ശവകുടീരത്തിനു ചുറ്റും ശരീരവുമായുള്ള ബന്ധം നിലനിറുത്താനെന്നോണം ചുറ്റിത്തിരിയുന്നതാണ്." അദ്ദേഹം തുടർന്നു പറയുന്നു: "ആത്മാവ് മരിച്ചുപോയ ശരീരത്തിന്റെ അവയവങ്ങൾ വേർപ്പെട്ടുപോകാതിരിക്കുമ്പോഴെല്ലാം അതിലേക്ക് ഇറങ്ങി വരുന്നതാണ്." പത്താമത്തെ ദിവസം പരേതന്റെ പേരിൽ ധാരാളം ആഹാരവും ധർമ്മമായി നൽകുന്നു. പതിനൊന്നാമത്തെ ദിവസം മുതൽ ഒരാൾക്ക് ആവശ്യമായ ഭക്ഷണവും കുറച്ചു സംഖ്യയും ബ്രാഹ്മണഗൃഹത്തിലേക്കു ദാനമായി കൊടുത്തയക്കണം. ഇങ്ങനെ കൊല്ലം മുഴുവൻ മുടങ്ങാതെ ചെയ്യേണ്ടതാണത്രേ.

അധ്യായം 73

അനന്തരാവകാശികൾ മൃതശരീരത്തിനു ചെയ്യേണ്ട ചില കടമകൾ: ശവസംസ്കാരവും സതിയും

പൗരാണിക കാലത്ത് മൃതശരീരത്തെ ആകാശത്തിനു നൽകുക എന്ന മട്ടിൽ തുറന്ന ഒരു മരുഭൂമിയിൽ കൊണ്ടുപോയിടുകയായിരുന്നു പതിവ്. രോഗികളെ മരുഭൂമികളിലോ പർവ്വതങ്ങളിലോ കൊണ്ടുപോയി താമസിപ്പിക്കാറുണ്ടായിരുന്നു. അവരവിടെ മരിച്ചുപോയാൽ മൃതദേഹം അവിടെ തന്നെ ഇടുന്നതും സുഖപ്പെട്ടാൽ അവരെ നാട്ടിലേക്കു തന്നെ തിരിച്ചുകൊണ്ടുവരുന്നതുമാണ്. കാലാന്തരത്തിൽ ചില വ്യത്യസ്ത സമ്പ്രദായങ്ങൾ നടപ്പിലായി. മൃതദേഹത്തെ കാറ്റിനു കൊടുക്കണമെന്നു സങ്കല്പിച്ച് മേൽപുരയോടു കൂടി തുറന്ന മതിലുകളുള്ളതും കാറ്റ് ശരിക്കു പ്രവേശിക്കുന്നതുമായ മുറികളിൽ സൂക്ഷിക്കാൻ തുടങ്ങി. പാർസികളും മാഗികളും ശവസംസ്ക്കാരത്തിനു തയ്യാർ ചെയ്യാറുള്ളത് ഇതുപോലുള്ള തുറന്ന മുറികളാണ്. 'നാരായണൻ' വന്നു ശവം അഗ്നിക്കുകൊടുക്കാൻ വിധിക്കുന്നതുവരെ ഈ സമ്പ്രദായം നടപ്പിലുണ്ടായിരുന്നു. അദ്ദേഹമാണ് മൃതദേഹം ദഹിപ്പിക്കുന്ന പതിവ് നടപ്പാക്കിയത്. ഇങ്ങനെ ചെയ്യുമ്പോൾ ശവത്തിന്റെ ദുർഗന്ധമോ അവശിഷ്ടങ്ങളോ ശേഷിക്കുന്നില്ല. ഇന്ന് 'സുഖാലിബാ' വർഗക്കാർ മൃതദേഹത്തെ ദഹിപ്പിക്കുന്ന പതിവു തുടങ്ങിയിട്ടുണ്ട്. ഗ്രീക്കുകാർക്കിടയിൽ ദഹിപ്പിക്കുകയും കുഴിച്ചിടുകയും ചെയ്യുന്ന സമ്പ്രദായങ്ങളുണ്ടായിരുന്നതായി തോന്നുന്നു. സോക്രട്ടീസ് തന്റെ 'ഫ്യാദൻ' എന്ന ഗ്രന്ഥത്തിൽ 'താങ്കളെ എങ്ങനെ സംസ്ക്കരിക്കണം' എന്ന 'ക്രീട്ടന്റെ' ചോദ്യത്തിനുത്തരമായി ഇങ്ങനെ പറയുന്നു: "നിങ്ങൾക്കിഷ്ടമുള്ള വിധത്തിലും സാധിക്കുന്ന വിധത്തിലും എന്നെ മറവുചെയ്യാം. ഞാൻ നിങ്ങളിൽനിന്ന് ഓടിപ്പോയില്ലെങ്കിൽ!" പിന്നീട് തന്റെ ചുറ്റും നിൽക്കുന്നവരോടായി അദ്ദേഹം

പറഞ്ഞു: "ഞാൻ മരിച്ചതിനുശേഷവും ഇവിടത്തന്നെ നിൽക്കണമെന്നാണ് ക്രീട്ടന്റെ ഉദ്ദേശ്യം. അങ്ങനെ ചെയ്യുമെന്ന് അദ്ദേഹം ന്യായാധിപന്മാരോട് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് മരണശേഷം ഞാൻ ഇവിടെയുണ്ടാവുകയില്ലെന്നു നിങ്ങൾ വിശ്വസിക്കണം. അതിനാൽ, എന്റെ ശരീരം മറവുചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നത് ദയനീയമായ നിലയിൽ അദ്ദേഹം നോക്കിക്കാണേണ്ടി വരികയില്ല. സോക്രട്ടീസിനെ പുറത്താക്കി ദഹിപ്പിക്കുകയോ കുഴിച്ചിടുകയോ ചെയ്തു എന്ന് അദ്ദേഹം വിചാരിക്കുകയും ചെയ്യേണ്ടി വരികയില്ല. ഹേ! ക്രീട്ടൻ, താങ്കൾ എന്റെ ശരീരത്തെ മറവുചെയ്യുന്ന വിഷയത്തിൽ സമാധാനമായിരിക്കൂ. താങ്കളുദ്ദേശിക്കുംപോലെയും ആചാരമനുസരിച്ചും ശരീരത്തെ മറവു ചെയ്യുക!"

'ഹിപ്പോക്രാറ്റസിന്റെ' ഗ്രന്ഥത്തിനെഴുതിയ വിവരണത്തിൽ ഗ്യാലൻസ് ഇങ്ങനെ പറയുന്നു: "എസ്ക്ളിപ്യൂസിന്റെ ശരീരം മരണാനന്തരം ഒരു അഗ്നിസ്തംഭത്തിലായി. ദേവന്മാരുടെ കൂട്ടത്തിലേക്ക് ഉയർന്നുപോയി. പൊതുജനസേവകരായ 'ദിയോനസസ്, ഹിരേക്കിൾസ്' എന്നീ മറ്റു മഹാന്മാരുടെയും നില ഇങ്ങനെ തന്നെയായിരുന്നു എന്നാണ് അറിയുന്നത്. ദൈവം ഇവരെക്കൊണ്ട് ഇങ്ങനെ ചെയ്തത് അവർ ഭൂമിയുമായി ബന്ധപ്പെട്ട ശരീരഭാഗങ്ങൾ തീ കൊണ്ട് ദഹിപ്പിച്ചു നാശം വരാത്ത ഭാഗത്തെ ഉപരിലോകത്തേക്ക് ഉയർത്താനാണ്. ദഹിപ്പിക്കുകയായിരുന്നു അവരുടെ പതിവ് എന്നതിലേക്കുള്ള സൂചനയാണിവ. മഹാന്മാരെ മാത്രമേ ദഹിപ്പിക്കാറുണ്ടായിരുന്നുള്ളൂവെന്നും ഇതിൽനിന്നു തെളിയുന്നു. ഇതുതന്നെയാണ് ഇന്ത്യക്കാരുടെയും അഭിപ്രായം. ശരീരത്തിൽ ഒരു പ്രത്യേക ബിന്ദു ഉണ്ട്. അതുകൊണ്ടാണ് മനുഷ്യൻ മനുഷ്യനാവുന്നത്. അതാണ് ഭൗതികജഡത്തെ ദഹിപ്പിക്കുമ്പോൾ രക്ഷപ്പെടുന്നത്. ഈ തത്ത്വത്തെ സംബന്ധിച്ച് അവർ ഇങ്ങനെയാണു പറയുന്നത്:

ആ ബിന്ദുവിന് (ആത്മാവ്) ആത്മീയ ലോകത്തേക്കുള്ള മടക്കം ഒന്നുകിൽ സൂര്യരശ്മിയുമായി ബന്ധപ്പെട്ട് അതുവഴി കയറിയോ അഗ്നിജ്വാല വഴിയായി ഉപരിലോകത്തേക്കുയർന്നോ ആകുന്നു. അതിനാലാണല്ലോ നിന്നിലേക്കുള്ള എന്റെ മാർഗത്തെ നേർവഴിക്കാക്കിത്തരണേ എന്നു ദൈവത്തോടു പ്രാർത്ഥിക്കുന്നത്. നേർരേഖയാണല്ലോ ഏറ്റവും എളുപ്പവഴി. എന്നാൽ, മേല്പോട്ടുള്ള ഗതി അഗ്നിക്കും രശ്മികൾക്കും മാത്രമാണ്. 'ഗസ് തുർക്കികൾ' മുങ്ങിമരിച്ചവരെക്കുറിച്ച് ഏതാണ്ട് ഇതുപോലെതന്നെയാണ് അഭിപ്രായപ്പെടുന്നത്. മുങ്ങിമരിച്ച ശരീരത്തെ കരക്കുകയറ്റി ഒരു കട്ടിലിൽ വെക്കുകയും അതിന്റെ കാലിൽ ഒരു കയറു കെട്ടി ആ കയറിന്റെ മറ്റേ തല വെള്ളത്തിലിടുകയും ചെയ്യുന്നു. ഈ കയറു വഴി ആത്മാവ് ഉയർത്തെഴുനേൽപു ദിവസം വെള്ള

ത്തിൽനിന്ന് ഉയരുമെന്നാണ് അവരുടെ വിശ്വാസം.

ഇന്ത്യക്കാരുടെ മേൽ പ്രസ്താവിച്ച അഭിപ്രായത്തിനു വാസുദേവന്റെ താഴെ കൊടുക്കുന്ന പ്രസ്താവന ശക്തികൂട്ടുന്നുണ്ട്: ബന്ധനത്തിൽനിന്നു രക്ഷപ്പെടുന്നവന്റെ ലക്ഷണമായി അദ്ദേഹമിങ്ങനെ പറയുന്നു: "ബന്ധനമുക്തന്റെ മരണം ഉത്തരായനത്തിലും വെളുത്ത പക്ഷത്തിൽ സൂര്യനും ഒരുമിച്ചുകൂടുന്നതിന്റെ മധ്യത്തിലും ശൈത്യകാലം, വസന്തകാലം എന്നിവയിൽ ഏതെങ്കിലും ഒന്നിലുമാകുന്നതാണ്." അതിനോടു യോജിച്ചുതന്നെയാണ് മാനിയും പറഞ്ഞത്. അദ്ദേഹം പറയുന്നു: "മതാവലംബികൽ സൂര്യനും ചന്ദ്രനും സാഷ്ടാംഗ നമസ്ക്കാരം ചെയ്യുന്നതിനെയും അവയെ ബിംബങ്ങളെപ്പോലെ ആരാധിക്കുന്നതിനെയും കുറ്റപ്പെടുത്താറുണ്ട്. സൂര്യന്റെയും ചന്ദ്രന്റെയും യഥാർത്ഥ നില അറിയാത്തതുകൊണ്ടാണ് അവർ അങ്ങനെ ചെയ്യുന്നത്. അവ നമ്മുടെ നടവാതിലും നമ്മുടെ ഈ ലോകത്തേക്കു പുറപ്പെടാനുള്ള കവാടവുമാകുന്നു." യേശുക്രിസ്തുവും ഈ അഭിപ്രായത്തെ സ്ഥിരീകരിച്ചിട്ടുണ്ടെന്ന് അദ്ദേഹം വാദിക്കുന്നു. ബുദ്ധൻ മൃതദേഹത്തെ ഒഴുകുന്ന വെള്ളത്തിൽ ഇടണമെന്നു കല്പിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ബുദ്ധമത വിശ്വാസികൾ അവയെ നദികളിൽ ഇടുന്നത്.

ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ അനന്തരാവകാശികൾ മൃതദേഹത്തിനു ചേയ്യേണ്ട കടമകളിൽ ചിലതു താഴെ പറയുന്നവയാണ്: മൃതദേഹത്തെ കുളിപ്പിച്ചു സുഗന്ധദ്രവ്യങ്ങൾ പൂശി വസ്ത്രത്തിൽ പൊതിഞ്ഞ ശേഷം ചന്ദനമുട്ടിയോ മറ്റു വിറകുകളോ ഉപയോഗിച്ചു ദഹിപ്പിക്കുക. ദഹിച്ചശേഷം ചിതാഭസമത്തിലൊരു ഭാഗം ഗംഗാനദിയിൽ കൊണ്ടുപോയി ഒഴുക്കുക. 'സഗര'ന്റെ സന്താനങ്ങളുടെ ചിതാഭസ്മം ഗംഗയിലൊഴുക്കിയപ്പോൾ അവരുടെ പാപങ്ങൾ പൊറുക്കപ്പെടുകയും നരകത്തിൽനിന്നു രക്ഷപ്പെട്ട് അവർ സ്വർഗം പ്രാപിക്കുകയും ചെയ്തതുപോലെ ഈ ശരീരത്തിനും പ്രസ്തുതാനുഭവങ്ങൾ ഉണ്ടാകുന്നതിനാണ് ഇങ്ങനെ ചെയ്യുന്നത്. ബാക്കിയുള്ള ചിതാഭസ്മം ഒഴുക്കുള്ള തോടുകളിൽ ഇടേണ്ടതാണ്. ദഹിപ്പിച്ച സ്ഥലത്ത് ഒരു സ്മാരക മന്ദിരം ഉണ്ടാക്കി കുമ്മായം തേച്ചു സൂക്ഷിക്കേണ്ടതാണ്. മൂന്ന് വയസ്സിനു താഴെയുള്ള കുട്ടികളെ ദഹിപ്പിക്കേണ്ടതില്ല. ഈ കൃത്യങ്ങളെല്ലാം നിർവ്വഹിച്ചവർ രണ്ട് ദിവസം കുളിക്കുകയും വസ്ത്രം കഴുകുകയും ചെയ്യേണ്ടതാണ്. ദഹിപ്പിക്കാൻ കഴിയാതെ വന്നാൽ ശവങ്ങൾ മരുഭൂമിയിൽ ഇടുകയോ ഒഴുക്കുകയോ ആണ് ചെയ്യേണ്ടത്.

മരിച്ചുപോയ ആളോടുള്ള കടമയായി ഉടന്തടി ചാടി മരിക്കാൻ അതിനു നിർബന്ധയായ വിധവയോ വാർദ്ധക്യം കൊണ്ടോ മാറാവ്യാധികൾക്കൊണ്ടോ തുടർന്നു ജീവിക്കാൻ ഉദ്ദേശിക്കാത്തവരോ മാത്രമേ ഒരുങ്ങുകയുള്ളൂ. മാറ്റാരും തന്നെ ഈ കൃത്യം ചെയ്യാൻ പാടില്ല.

വൈശ്യരും ശൂദ്രരും മാത്രമേ പുനഃജന്മം നന്നായി വരുന്നതിനായി ഇങ്ങനെ ചെയ്യാറുള്ളൂ. ബ്രാഹ്മണരും ക്ഷത്രിയരും ഇങ്ങനെ ചെയ്യുന്നതു വ്യക്തമായി നിരോധിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ, അവരിൽ ആത്മഹത്യ ചെയ്യാനാഗ്രഹിക്കുന്നവർ ഗ്രഹണ സമയത്ത് അപ്രകാരം ചെയ്യുകയോ അല്ലെങ്കിൽ ഗംഗാനദിയിൽ തങ്ങളെ കൊണ്ടുപോയി മുക്കിപിടിച്ചു കൊല്ലാൻ ആരെയെങ്കിലും ഏർപ്പെടുത്തുകയും ചെയ്യുന്നു. ഗംഗയും യമുനയും കൂടിച്ചേരുന്നിടത്ത് 'പ്രയാഗ്' എന്നു പേരായ ഒരു വലിയ വൃക്ഷമുണ്ട്. അതിന്റെ പ്രത്യേകത അതിന്റെ ശാഖകൾ രണ്ട് തരത്തിലായി കാണാമെന്നതാണ്. അതായത് ചിലത് സാധാരണ ശാഖകൾ പോലെ മേൽപ്പോട്ട് പോകുകയും മറ്റുചിലത് വേരുകൾ പോലെ കീഴ്പ്പോട്ടു വരുകയും ചെയ്യുന്നു. രണ്ടാമത്തെ ഇനത്തിൽ ഇലകളുണ്ടാവുന്നതല്ല. ആ ശാഖകൾ ഭൂമിയിലെത്തിയാൽ കൊമ്പുകൾക്കുള്ള തൂണുകൾ പോലെ നിൽക്കുന്നു. ഈ വൃക്ഷത്തിന്റെ ശാഖകൾ വളരെ വീതിയിൽ പടർന്നുപിടിക്കുന്നതുകൊണ്ടാണ് അതിന് ഇങ്ങനെയുള്ള തൂണുകളുടെ ആവശ്യം നേരിട്ടത്. ആത്മഹത്യ ചെയ്യാനുദ്ദേശിക്കുന്നവർ അതിനു മുകളിൽ കയറി ഗംഗയിലേക്കു ചാടുന്നു.

വൈയാകരണനായ യോഹന്നാൻ ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു: "ഗ്രീക്കുകാരുടെ അന്ധകാരകാലത്ത് അവരിൽ ഒരു വിഭാഗം ആളുകൾ (പിശാചിന്റെ അടിമകളെന്നാണു ഞാൻ അവരെ വിളിക്കുന്നത്) തങ്ങളുടെ അവയവങ്ങൾ വാളുകൊണ്ട് വെട്ടിമുറിച്ച ശേഷം തീയിൽ ചാടിയിരുന്നു. ഇവർക്ക് അതുകൊണ്ടൊന്നും യാതൊരു വിഷമമോ വേദനയോ ഉണ്ടായിരുന്നില്ലത്രെ."

ഇന്ത്യക്കാരുടെ നടപടിക്കു തുല്ല്യമായി സോക്രട്ടീസ് ഇങ്ങനെ പറയുന്നു: "ദേവന്മാർ നിർബന്ധിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യുമ്പോഴല്ലാതെ ആർക്കും ആത്മഹത്യ ചെയ്യാൻ പാടില്ല." അദ്ദേഹം തുടരുന്നു: "നാം-മനുഷ്യവംശം-ഒരു തരത്തിലുള്ള ബന്ധനത്തിലാണ്. നമുക്കീ നിലയിൽനിന്ന് ഓടിരക്ഷപ്പെടാൻ സാധ്യമല്ല. പാടുള്ളതുമല്ല. കാരണം, ദേവന്മാർ നമ്മെക്കുറിച്ചു ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. നാം അവരുടെ സേവകന്മാരാണ്."

അധ്യായം 74

വ്രതവും അതിന്റെ വകുപ്പുകളും

എല്ലാവിധ വ്രതങ്ങളും ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ സ്വമനസ്സാലെ ചെയ്യുന്ന കർമ്മമാണ്. അവയിലൊന്നും തന്നെ നിർബന്ധമില്ല. കുറേ സമയം ആഹാരം കഴിക്കാതിരിക്കുക എന്നാണ് വ്രതം കൊണ്ട് ഉദ്ദേശിക്കുന്നത്. ചടങ്ങുകളും സമയങ്ങളും അനുസരിച്ചാണ് വ്രതങ്ങൾ വ്യത്യാസപ്പെടുന്നത്. അതിന്റെ സാധാരണ രീതി താഴെ കാണിക്കാം:

വ്രതത്തിനുള്ള ദിവസം മുൻകൂട്ടി നിശ്ചയിക്കുകയും ആരെ സങ്കല്പിച്ചു വ്രതമനുഷ്ഠിക്കുന്നുവോ-ദൈവമോ ദേവന്മാരോ മറ്റേതെങ്കിലും വസ്തുവോ എന്തായാലും-അദ്ദേഹത്തിന്റെ, അഥവാ അതിന്റെ നാമം ഉച്ചരിക്കുകയും വ്രതമനുഷ്ഠിക്കുന്നതിനു തലേ ദിവസം ഉച്ചസമയത്ത് ആഹാരം കഴിച്ചു പല്ല് നല്ലവണ്ണം തേച്ചു ശുദ്ധിയാക്കി വ്രതം തുടങ്ങുകയും ചെയ്യുന്നു. ആ നിമിഷം മുതൽ ആഹാരത്തിൽനിന്നു വിരമിക്കണം. പിറ്റേ ദിവസം പ്രഭാതത്തിൽ പല്ലുതേച്ചു കുളിച്ച് ദിനചര്യകൾ നിർവ്വഹിക്കേണ്ടതാണ്. കയ്യിൽ കുറച്ചു വെള്ളമെടുത്ത് വ്രതം കൊണ്ടുദ്ദേശിച്ച ദേവന്റെ പേരുച്ചരിച്ചു നാനാഭാഗത്തേക്കും എറിയുകയും ചെയ്യണം. അങ്ങനെ വ്രതദിവസത്തിന്റെ പിറ്റേ ദിവസം സൂര്യനുദിച്ചാൽ അപ്പോൾ തന്നെ വ്രതം ഉപേക്ഷിക്കുകയോ, അല്ലെങ്കിൽ ഉച്ചവരെ പിന്തിക്കുകയോ ചെയ്യാവുന്നതാണ്. ഈ വകുപ്പിന് 'ഉപവാസം' എന്നു പറയുന്നു. കാരണം, ഉച്ചമുതൽ പിറ്റേന്ന് ഉച്ചവരെ ഭക്ഷണം ഉപേക്ഷിക്കുന്നതിനു വ്രതം എന്നു പറയുകയില്ല. 'ഏകനക്തം' എന്നാണു പറയുക.

'കൃച്ഛ്ര'ം എന്നു പേരായ മറ്റൊരു വ്രമുള്ളതിപ്രകാരമാണ്: ഏതെങ്കിലും ഒരു ദിവസം ഉച്ചസമയത്തു ഭക്ഷണം കഴിക്കുക, പിറ്റേ ദിവസം സന്ധ്യക്കും കഴിക്കുക, മൂന്നാമത്തെ ദിവസം അത്യാവശ്യത്തിനു മാത്രം കഴിക്കുക. പിന്നീട് നാലാമത്തെ ദിവസം പൂർണമായി വ്രതമനുഷ്ഠിക്കുക.

'പരാകം' എന്ന പേരിലറിയപ്പെടുന്ന മറ്റൊരു സമ്പ്രദായം ഇങ്ങനെയാണ്: മൂന്ന് ദിവസം തുടർച്ചയായി ഉച്ചസമയത്തു മാത്രം ഭക്ഷണം

കഴിക്കുകയും പിന്നീട് മൂന്ന് ദിവസം സന്ധ്യാസമയത്തു മാത്രം ആഹാരം കഴിക്കുകയും അതിനു ശേഷം മൂന്ന് ദിവസം തുടർച്ചയായി ഉപവസിക്കുകയും ചെയ്യുക.

'ചന്ദ്രായനം' എന്നു പേരായ വ്രതം ഇങ്ങനെയാണ്: പൗർണമി ദിനത്തിൽ വ്രതം തുടങ്ങുക. അടുത്ത ദിവസം ഒരു പിടി ഭക്ഷണം, അതിനടുത്ത ദിവസം രണ്ട് പിടിയും, മൂന്നാമത്തെ ദിവസം മൂന്ന് പിടി. ഇങ്ങനെ അമാവാസി ദിവസം വരെ തുടർന്നുകഴിക്കുക. അമാവാസിയിൽ ഉപവാസം അനുഷ്ഠിച്ചതിനു ശേഷം ഭക്ഷണം ക്രമേണ ഒരു പിടി കുറച്ചുകൊണ്ടിരിക്കുകയും ചെയ്യുക. അങ്ങനെ പൗർണമി ആവുമ്പോഴേക്കും ഭക്ഷണം തീരേ കഴിക്കാതിരിക്കണം.

'മാസവാസര' എന്നു പേരായ മറ്റൊരു രീതി ഇങ്ങനെയാണ്: ഒരു മാസത്തിലെ ദിവസങ്ങൾ തുടർച്ചയായി ഇടമുറിയാതെ വ്രതമനുഷ്ഠിക്കുക.

വ്രതങ്ങളുടെ പ്രതിഫലം രണ്ടാമത്തെ ജന്മത്തിലാണ് ലഭിക്കുക എന്ന് അവർ വിശ്വസിക്കുകയും അവയുടെ ഗുണങ്ങളെ സവിസ്താരം പ്രതിപാദിക്കുകയും ചെയ്യുന്നു. ചൈത്രമാസ ദിനങ്ങൾ മുഴുവനും തുടർച്ചയായി വ്രതമനുഷ്ഠിക്കുന്നവന് ഐശ്വര്യവും സത്സന്താന സമൃദ്ധിയും ഉണ്ടാകും. വൈശാഖത്തിൽ തുടർച്ചയായി ഉപവസിച്ചാൽ കുടുംബത്തിന്റെ നേതാവും സൈന്യത്തിന്റെ നായകനും ആയിത്തീരും. 'ജ്യേഷ്ഠ'ദിവസങ്ങൾ തുടർച്ചയായി ഉപവസിച്ചാൽ സ്ത്രീസുഖംകൊണ്ട് ഭാഗ്യവാനാകും. 'ആഷാഢ'ത്തിൽ ഇടവിടാതെ ഉപവസിച്ചാൽ ധനവും സൗകര്യവും ലഭിക്കും. 'ശ്രാവണ'ത്തിൽ തുടർച്ചയായി ഉപവസിച്ചാൽ വിദ്യ കരഗതമാകുന്നതാണ്. 'ഭാദ്ര'മാസത്തിൽ ഉപവസിച്ചാൽ ആരോഗ്യവും ധൈര്യവും ഐശ്വര്യവും കന്നുകാലികളും ലഭിക്കുന്നതാണ്. 'ആശ്വിനം' മുഴുവൻ ഉപവസിച്ചാൽ ശത്രുക്കളെ മുഴുവൻ ജയിച്ചടക്കാൻ സാധിക്കും. 'കാർത്തിക'യിലുപവസിച്ചാൽ മഹാനായി ഉദ്ദേശ്യങ്ങൾ നേടും.

'അഗ്രഹായണ'ത്തിലായാൽ നല്ലതും ഉത്തമ ക്ഷേമരാഷ്ട്രത്തിൽ സുഖം സമ്പാദിക്കാം. 'പൗഷത്തി'ലായാൽ ഉയർന്ന പദവി ലഭിക്കും. 'മാഘ'ത്തിലായാൽ ധാരാളം സ്വത്തുക്കൾ സമ്പാദിക്കാം. ഫൽഗുണത്തിലുപവസിച്ചാൽ എല്ലാവരുടെയും സ്നേഹത്തിനു പാത്രമാകും. എല്ലാ മാസങ്ങളിലും തുടർച്ചയായി ഉപവസിക്കുകയും കൊല്ലത്തിൽ പന്ത്രണ്ട് പ്രാവശ്യം മാത്രം വ്രതം മുറിക്കുകയും ചെയ്താൽ പതിനായിരം കൊല്ലം സ്വർഗത്തിൽ താമസിക്കാം. പിന്നീട് അതിൽനിന്ന് ഉന്നതവും കുലീനവുമായ ഒരു കുടുംബത്തിലേക്കു മടങ്ങിവരുന്നതാണ്.

വിഷ്ണുധർമ്മത്തിൽ ഇങ്ങനെ പറഞ്ഞുകാണുന്നു: 'യാജ്ഞവല്ക്യ'ന്റെ ഭാര്യ മൈത്രേയി തന്റെ ഭർത്താവിനോട് ഒരാളുടെ സന്താ

നങ്ങൾ ശാരീരിക നാശങ്ങളിൽനിന്നും മറ്റു നാശങ്ങളിൽനിന്നും രക്ഷ പ്രാപിക്കണമെങ്കിൽ എന്താണ് താൻ ചെയ്യേണ്ടതെന്നു ചോദിക്കുകയു ണ്ടായി. അതിന് അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു: "പൗഷത്തിന്റെ രണ്ടാമത്തെ പകുതിയിൽ തുടർച്ചയായി നാലു ദിവസം വ്രതമനുഷ്ഠി ക്കുകയും ഒന്നാം ദിവസം ശുദ്ധ ജലത്തിലും രണ്ടാം ദിവസം എള്ളെണ്ണ തേച്ചും മൂന്നാം ദിവസം 'വജ്ജ്' എന്ന തൈലം പുരട്ടിയും നാലാം ദിവസം സുഗന്ധദ്രവ്യങ്ങൾ ഉപയോഗിച്ചും കുളിക്കേണ്ടതാണ്. ഈ വ്രത ദിവസങ്ങളിലെല്ലാം തന്നെ ധർമ്മം ചെയ്യേണ്ടതും ദേവന്മാരെ സ്തുതി ക്കേണ്ടതുമാണ്. അങ്ങനെ ആ കൊല്ലാവസാനം വരെ ഒരോ മാസ ത്തിലും ചെയ്യുകയാണെങ്കിൽ സന്താനങ്ങൾക്ക് യാതൊരു വിഷമവും നേരിടുകയില്ല. ദിലീപൻ, ദുഷ്യന്തൻ, യയാതി എന്നിവരെല്ലാം ഇപ്ര കാരം ചെയ്തതിനാൽ അവരുടെ ഉദ്ധിഷ്ടങ്ങൾ സാധിച്ചു. ഇതുപോലെ നിനക്കും അഭിലാഷ സിദ്ധിയുണ്ടാകുന്നതാണ്."

അധ്യായം 75

വ്രതദിന നിർണ്ണയം

എല്ലാമാസത്തിലും വെളുത്തപക്ഷത്തിന്റെ എട്ടാമത്തെയും പതിനൊന്നാമത്തെയും ദിവസങ്ങൾ വ്രതാനുഷ്ഠാന ദിനങ്ങളാണ്. ആദിമാസം ശൂന്യം നിറഞ്ഞതായതിനാൽ അക്കാലത്തു വ്രതം അനുഷ്ഠിക്കേണ്ടതില്ല. പതിനൊന്നാം ദിവസത്തെ വ്രതം വാസുദേവനാണ് നടപ്പാക്കിയത്. അദ്ദേഹം 'മാഹൂറാ' പട്ടണത്തിന്റെ രാജാവായപ്പോൾ അവിടത്തെ നിവാസികൾ എല്ലാമാസവും ഒരു ദിവസം ഇന്ദ്രന്റെ പേരിൽ ആഘോഷിക്കുന്നതായി കണ്ടും ആ ആഘോഷം തന്റെ പേരിലാവുന്നതിനായി പതിനൊന്നാം ദിവസം ആഘോഷിക്കാൻ അവരെ നിർബന്ധിച്ചു. അവരങ്ങനെ ചെയ്തപ്പോൾ ഇന്ദ്രൻ കോപിക്കുകയും അതിവർഷവും വെള്ളപ്പൊക്കവുംകൊണ്ട് അവരുടെ സ്വത്തുക്കളും കാലികളെയും നശിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. അപ്പോൾ വാസുദേവൻ തന്റെ സ്വന്തം കൈകൊണ്ട് ഒരു പർവ്വതം പൊക്കിപ്പിടിച്ചു വെള്ളപ്പൊക്കത്തിൽനിന്ന് അവരെ സംരക്ഷിച്ചു. ജനങ്ങൾ വാസുദേവന്റെ രൂപം മഹൂറാക്കടുത്തുള്ള ഒരു പർവ്വതത്തിൽ സ്ഥാപിച്ചു. അതുകൊണ്ടാണ് അവർ ആ ദിവസം പരിശുദ്ധിയോടെ വ്രതം അനുഷ്ഠിക്കുകയും നിർബന്ധമെന്ന നിലയിൽ രാത്രിമുഴുവൻ ഉറക്കമിളക്കുകയും ചെയ്യുന്നത്.

വിഷ്ണുധർമ്മത്തിൽ പറയുന്നു: ചന്ദ്രൻ കറുത്ത പക്ഷത്തിലെ എട്ടാം ദിവസം രോഹിണി ഞാറ്റുവേലയിലിറങ്ങിയാൽ അന്നു വ്രതമനുഷ്ഠിക്കേണ്ടതാണ്. ഇതിന് 'ജയന്തി'വ്രതമെന്നു പറയുന്നു. ആ ദിവസം നടത്തുന്ന ധർമ്മം സർവ്വ പാപങ്ങളെയും പൊറുപ്പിക്കുന്നു. മേൽപറഞ്ഞ നിബന്ധന വാസുദേവൻ ജനിച്ച 'ഭാദ്ര' മാസത്തിലല്ലാതെ ബാധിക്കുകയില്ല. പ്രസ്തുത മാസത്തിന്റെ കറുത്ത പക്ഷത്തിലെ എട്ടാം ദിവസം ചന്ദ്രൻ രോഹിണിയിലായിരുന്നപ്പോഴാണ് അദ്ദേഹം ജനിച്ചത്. 'ആദിമാസ'കാരണമായും കൊല്ലം വ്യത്യാസപ്പെടുന്നതുകൊണ്ടും മേൽ പ്രസ്താവിച്ച ദിവസവും ഞാറ്റുവേലയും ചുരുക്കം ചില വർഷങ്ങളിൽ

മാത്രമേ ഒരിക്കൽ ഒത്തുകൂടുകയുള്ളൂ.

ഇതേ ഗ്രന്ഥത്തിൻ മറ്റൊരിടത്ത് ഇങ്ങനെ പറയുന്നു: വെളുത്ത പക്ഷത്തിന്റെ പതിനൊന്നാം ദിവസം ഏഴാം ഞാറ്റുവേലയായ 'പുർണത'ത്തിൽ ചന്ദ്രൻ ഇറങ്ങിയാൽ അന്ന് വ്രതമനുഷ്ഠിക്കേണ്ടതാണ്. ഇതിന് 'ആട്ട്യ' എന്നു പറയുന്നു. അന്നേദിവസം ധർമ്മം ചെയ്താൽ ആഗ്രഹങ്ങൾ സഫലമാകും. 'സഗരൻ, കാകുൽസ്ഥൻ, ദന്ധമാരൻ' എന്നിവർക്ക് ഇങ്ങനെ നേട്ടമുണ്ടായത്രെ. ചൈത്രമാസത്തിന്റെ ആറാം ദിവസം സൂര്യന്റെ പേരിൽ വ്രതമനുഷ്ഠിക്കേണ്ടതുണ്ട്. ആഷാഢമാസത്തിൽ പതിനേഴാം ഞാറ്റുവേലയായ ഉത്രാടത്തിൽ ചന്ദ്രൻ ഇറങ്ങിയാൽ അന്നു വാസുദേവന്റെ പേരിൽ വ്രതമനുഷ്ഠിക്കണം. ഇതിനു 'ദേവസീനി' എന്നു വിളിക്കുന്നു.

ദേവന്മാർ ഉറങ്ങുന്ന നാലു മാസത്തിന്റെ ആദ്യമായിരിക്കും ഈ ദിവസമെന്നു പറയുന്നു. ചിലർ ഇതു പതിനൊന്നാമത്തെ ദിവസവും കൂടി ആയിരിക്കണമെന്നു നിർബന്ധിക്കാറുണ്ട്. എല്ലാ വർഷവും ഇങ്ങനെ ഒത്തുകൂടുകയില്ലെന്നതു വ്യക്തമാണല്ലോ. വാസുദേവന്റെ അനുയായികൾ അന്നേ ദിവസം മത്സ്യം, മാംസം, മധുരപലഹാരം, സ്ത്രീസംസർഗം എന്നിവ ഉപേക്ഷിക്കുകയും ദിവസത്തിൽ ഒരു പ്രാവശ്യം മാത്രം ഭക്ഷണം കഴിക്കുകയും നിലത്ത് ഒന്നും വിരിക്കാതെ ഉറങ്ങുകയും ചെയ്യുന്നു. ഈ നാലു മാസങ്ങളും ദേവന്മാരുടെ രാത്രികളാണെന്നു പറയുന്നു. ഇതിൽ ആദ്യത്തെ മാസം അസ്തമയത്തിനും അവസാനത്തേതു പ്രഭാതത്തിനുമുള്ളതാണ്. പക്ഷേ, സൂര്യൻ ആ സമയത്ത് കർക്കിടകത്തിന്റെ ആരംഭത്തിലാവും. അതു ദേവന്മാരുടെ മധ്യാഹ്നമാണ്.

അപ്പോൾ ഉദയം, അസ്തമനം എന്നീ രണ്ട് സന്ധികളെക്കുറിച്ചു പറഞ്ഞത് എങ്ങനെയാണ് ശരിയാവുക എന്ന് എനിക്കു മനസ്സിലാവുന്നില്ല. 'ശ്രാവണ' മാസത്തിൽ പൂർണചന്ദ്രോദയ ദിവസം 'സോമനാഥ്' എന്ന പേരിൽ ഒരു വ്രതം അനുഷ്ഠിക്കാറുണ്ട്. ആശ്വീന മാസത്തിൽ ചന്ദ്രൻ കർക്കിടകരാശിയിലും സൂര്യൻ കന്നിരാശിയിലുമായിരിക്കുമ്പോൾ ഒരു വ്രതം അനുഷ്ഠിക്കുന്നു. ഈ മാസത്തിലെ എട്ടാം ദിവസമാണു ഭഗവതീവ്രതം അനുഷ്ഠിക്കേണ്ടത്. ചന്ദ്രോദയത്തോടെയാണ് ഈ വ്രതം മുറിക്കുക.

ഭാദ്രമാസത്തിലെ അഞ്ചാം ദിവസം സൂര്യന്റെ പേരിൽ വ്രതമനുഷ്ഠിക്കണം. ഇതിന് 'ശത്തി' എന്നു പറയുന്നു. അന്ന് അവർ വെയിലത്തും ദ്വാരങ്ങളിലൂടെ കടക്കുന്ന സൂര്യപ്രകാശത്തിലും നിന്ന് സുഗന്ധദ്രവ്യങ്ങളും തുളസിയും പൂമൊട്ടുകളും വിതറുന്നു. ഇതേ മാസത്തിൽ ചന്ദ്രൻ രോഹിണി ഞാറ്റുവേലയിലാകുമ്പോൾ വാസുദേവന്റെ ജന്മദിനം പ്രമാണിച്ചുള്ള വ്രതം അനുഷ്ഠിക്കുന്നു. ഇത് കറുത്ത പക്ഷത്തിലെ

എട്ടാം ദിവസമായിരിക്കണമെന്നു നിബന്ധന ചെയ്യുന്നവരുണ്ട്. ഈ നിബന്ധനകളെല്ലാം തുടർച്ചയായി ഒത്തുകൂടുകയില്ലെന്നു നാം പ്രസ്താവിച്ചുവല്ലോ. കാർത്തിക ഞാറ്റുവേലയിൽ ചന്ദ്രൻ അവസാനത്തെ ഞാറ്റുവേലയായ രേവതിയിലാകുമ്പോൾ ഒരു വ്രതമനുഷ്ഠിക്കേണ്ടതാണ്. വാസുദേവൻ ഉറക്കത്തിൽ നിന്നുണരുന്നത് പ്രമാണിച്ചാണീ വ്രതം. ഇതിന് 'ദേവതീനി' (ദേവന്മാരുടെ ഉണർവ്വ്) എന്നു പറയുന്നു.

ചില ആളുകൾ വെളുത്ത പക്ഷത്തിൽ പിതനൊന്നാം ദിവസമായിരിക്കണം എന്നുകൂടി പറയുന്നു. അന്നേ ദിവസം അവർ പശുവിൻ ചാണകം മേലെ പുരട്ടുകയും അതിന്റെ പാലും മൂത്രവും ചാണകവും കൂട്ടിക്കലർത്തിയതുകൊണ്ട് വ്രതം മുറിക്കുകയും ചെയ്യുന്നു. ഈ ദിവസം 'പഞ്ചരാത്രീവൈശം' എന്നു പറയുന്ന അഞ്ചു ദിവസങ്ങളിൽ ഒന്നാമത്തേതാണ്. വാസുദേവനുവേണ്ടി ഈ ദിവസം അവർ വ്രതമനുഷ്ഠിക്കുന്നു. അതിന്റെ രണ്ടാമത്തെ ദിവസം അവർ ആദ്യം ബ്രാഹ്മണരെക്കൊണ്ട് വ്രതം മുറിപ്പിക്കുകയും പിന്നെ അവർ സ്വയം മുറിക്കുകയും ചെയ്യുന്നു. പൗഷമാസത്തിൽ മൂന്നാം ദിവസം സ്ത്രീകളുടെ മാത്രം വ്രതമാണ്. ഇതിന് 'കൗരത്ര' എന്നു പറയുന്നു. ഈ വ്രതം ഒരു രാവും പകലും പൂർണമായി അനുഷ്ഠിക്കണം. നേരം പുലർന്നാൽ അവർ കുട്ടികൾക്കു ദാനധർമ്മം ചെയ്യുന്നു.

അധ്യായം 76

ഉത്സവങ്ങൾ

പുണ്യം നേടാനുള്ള പുറപ്പാടിനു യാത്ര എന്നു പൊതുവിൽ പറഞ്ഞുവരുന്നു. അതിനാൽ, ഉത്സവത്തിന് 'യാത്ര' എന്ന പേർ ലഭിച്ചു. ഉത്സവങ്ങളിൽ അധികവും സ്ത്രീകളുടെതും കുട്ടികളുടേതുമാണ്. ചൈത്രമാസത്തിന്റെ രണ്ടാമത്തെ ദിവസം കാശ്മീർക്കാരുടെ ഉത്സവ ദിവസമാണ്. ഇതിന് 'അഗ്ദോസ്'എന്നു പറയുന്നു. ഇതിന്റെ കാരണം കാശ്മീർ രാജാവായ 'മുത്തൈ' തുർക്കികളുമായുള്ള സമരത്തിൽ വിജയിച്ചതാണ്. ലോകം മുഴുവൻ അദ്ദേഹത്തിന്റെ അധികാരത്തിനു കീഴിലായിരുന്നുവെന്നാണ് അവർ കരുതുന്നത്. ഇതുപോലെ തന്നെയാണ് അവരുടെ മിക്ക രാജാക്കന്മാരെക്കുറിച്ചും അവരുടെ വിശ്വാസം. ചരിത്ര ഗവേഷണം നടത്തിയാൽ ഇതെല്ലാം വാസ്തവവിരുദ്ധമാണെന്നു മനസ്സിലാക്കാൻ സാധിക്കും.

പേർഷ്യക്കാരനോ ഗ്രീക്കുകാരനോ ബാബിലോൺക്കാരനോ ആയ രാജാവ് തന്റെ അധികാര സീമ വിപുലീകരിക്കുന്നതുപോലെ ഇന്ത്യക്കാരനായ രാജാവും ചെയ്യുന്നതിൽ യാതൊരസാധ്യതയുമില്ല. പക്ഷേ, ചരിത്ര തെളിവുകളും അതിനു സാക്ഷ്യം വഹിക്കേണ്ടതാണ്. ഈ രാജാവ് ഇന്ത്യ അടക്കി ഭരിച്ചത് വാസ്തവമാവാം. പക്ഷേ, ഇന്ത്യക്കപ്പുറം രാജ്യങ്ങളും ജനങ്ങളുമുള്ള കഥ ഇന്ത്യക്കാർക്ക് അപ്പോൾ അറിഞ്ഞു കൂടായിരുന്നു.

ചൈത്രമാസത്തിലെ പതിനൊന്നാമത്തെ ദിവസത്തിന് 'ഹിന്തോളി ചൈത്ര' എന്നു പറയുന്നു. അന്ന് അവർ വാസുദേവന്റെ 'ദേവഗൃഹത്തിൽ' ഒരുമിച്ചുകൂടുകയും ആ വിഗ്രഹത്തെ കുട്ടികളെ തൊട്ടിലിൽ ആടുന്നതുപോലെ ആട്ടുകയും ചെയ്യുന്നു. പകൽ സമയം അവരുടെ വീടുകളിലാണ് ഇങ്ങനെ ചെയ്യുന്നത്. അന്ന് അവർ സന്തോഷഭരിതരായി കഴിഞ്ഞുകൂടുന്നു. ഈ മാസത്തിലെ പൗർണമിക്ക് അവർ 'വഹന്ത്' എന്നു പറയുന്നു. ഇതു സ്ത്രീകളുടെ ഉത്സവദിവസമാണ്.

അന്നേ ദിവസം അവർ അഴകുള്ള വസ്ത്രം ധരിക്കുകയും ഭർത്താക്കന്മാർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യാറുണ്ട്. ചൈത്രമാസത്തിലെ ഇരുപത്തി എട്ടാമത്തെ ദിവസത്തിന് 'ചൈത്ര ഷഷ്ടി' എന്നു പറയുന്നു. ഈ ആഘോഷ ദിവസം ഭവതിയുടെ പേരിലവർ കൊണ്ടാടുകയും പ്രത്യേകമായി കുളിക്കുകയും ദാനധർമ്മങ്ങൾ നടത്തുകയും ചെയ്യുന്നു.

വൈശാഖത്തിന്റെ മൂന്നാം ദിവസം 'ഗൗരാത്രി' എന്ന പേരിലറിയപ്പെടുന്ന സ്ത്രീകളുടെ ഉത്സവമാണ്. മഹാദേവന്റെ ഭാര്യയും ഹിമാലയത്തിന്റെ പുത്രിയുമായ 'ഗൗരി'യുടെ പേരിലാണ് ഇത് ആഘോഷിക്കുന്നത്. സ്ത്രീകൾ അന്ന് കുളിച്ചു മോടിവസ്ത്രങ്ങളണിഞ്ഞ് ഗൗരിയുടെ വിഗ്രഹത്തിനു വിളക്കുവെച്ച് ആരാധന നടത്തുകയും സുഗന്ധദ്രവ്യങ്ങൾ പൂശുകയും ഉപവാസമനുഷ്ഠിക്കുകയും ഊഞ്ഞാലാടിക്കളിക്കുകയും ചെയ്യുന്നു. പിറ്റേന്ന് അവർ ദാനധർമ്മങ്ങൾ ചെയ്തു ഭക്ഷണം കഴിക്കുന്നു.

വൈശാഖത്തിന്റെ പത്താം ദിവസം കുറേ ബ്രാഹ്മണർ അവരുടെ രാജാവിന്റെ കല്പന പ്രകാരം മരുഭൂമിയിൽ ഒരുമിച്ചുകൂടി അഞ്ചു ദിവസം തുടർച്ചയായി അഗ്നി ബലി നടത്തുന്നു. പൗർണമി വരെ അപ്രകാരം ഇടവിടാതെ അഗ്നി ജ്വലിച്ചുകൊണ്ടിരിക്കും. നാലു കൂട്ടമായി പതിനാറിടങ്ങളിലാണ് അഗ്നി ജ്വലിപ്പിക്കുക. നാല് വേദത്തെ സൂചിപ്പിക്കുന്നതിനായി ഓരോ കൂട്ടത്തിന്റെയും നേതൃത്വം ഒരു ബ്രാഹ്ണമൻ ഏറ്റെടുക്കുന്നതാണ്. പതിനാറാമത്തെ ദിവസം അവർ മടങ്ങിപ്പോകും. ഈമാസത്തിലാണ് 'വസന്തം' (മഹാവിഷുപദം' എന്നറിയപ്പെടുന്ന സൂര്യന്റെ മദ്ധ്യരേഖാ പ്രവേശം ഉണ്ടാകുന്നത്. അവർ കണക്കുകൂട്ടി ആ സമയം മനസ്സിലാക്കുകയും ആഘോഷിക്കുകയും ബ്രാഹ്മണരെ സത്ക്കരിക്കുകയും ചെയ്യുന്നു. ജ്യേഷ്ഠ മാസത്തിന്റെ പ്രഥമ ദിവസത്തിലും (ഇത് സൂര്യനും ചന്ദ്രനും സമ്മേളിക്കുന്ന ദിവസമാണ്.) ഉത്സവമുണ്ട്. അന്ന് ആദ്യം കൊയ്തെടുക്കുന്ന ധാന്യം പുണ്യംകിട്ടാനായി വെള്ളത്തിലിടുന്നു. ഈ മാസത്തിലെ പൂർണചന്ദ്ര ദിവസം സ്ത്രീകളുടെ ഉത്സവമാണ്. ഇതിന് 'രൂപപഞ്ച' എന്നു പറയുന്നു. ആഷാഢ മാസത്തിന്റെ എല്ലാ ദിവസങ്ങളും ധർമ്മം ചെയ്യാനുള്ളതാണ്. ഇതിനെ 'ആഹാരി' എന്നു വിളിക്കുന്നു. ഈ മാസത്തിൽ പുതിയ പാത്രങ്ങൾ വാങ്ങുകപതിവാണ്. ശ്രാവണ മാസത്തിലെ പൂർണചന്ദ്ര ദിവസം ബ്രാഹ്മണന്മാർക്കു പ്രത്യേക സദ്ക്കാരം ലഭിക്കും. ആശ്വീനം എട്ടാം ദിവസം ചന്ദ്രൻ പത്തൊമ്പതാമത്തെ ഞാറ്റുവേലയായ 'മൂല'ത്തിൽ വരുമ്പോൾ കരിമ്പിൻ നീരെടുക്കുന്ന കാലമാരംഭിക്കുന്നു. അന്നേ ദിവസം വാസുദേവന്റെ സഹോദരിയായ 'മഹാനവമി'യുടെ പേരിൽ ആഘോഷമുണ്ട്. ആദ്യമായി മുറിച്ചെടുക്കുന്ന കരിമ്പുകൊണ്ട് ഭഗവതി ബിംബത്തിനു വഴി

പാടു നടത്തുന്നു. ഈ ബിംബത്തിന്റെ പേരിൽ ധാരാളം ധർമ്മം കൊടുക്കുകയും ആടുകളെ ബലിയർപ്പക്കുകയും ചെയ്യുന്നു. ഇതൊന്നും ചെയ്യാൻ കഴിവില്ലാത്തവർ ഈ ബിംബത്തിന്റെ മുമ്പിൽ ഇരിക്കാതെ ബഹുമാന സൂചകമായി നിൽക്കുന്നു. ചിലപ്പോൾ ഇവർ കണ്ടുമുട്ടിയവരെ കൊന്നു ബലിയർപ്പിക്കുകയും ചെയ്യുന്നു. ആശ്വീന പത്തൊമ്പതാമത്തെ ദിവസത്തിൽ ചന്ദ്രൻ അവസാനത്തെ ഞാറ്റുവേലയായ രേവതിയിലായിരിക്കുമ്പോൾ 'പുഹായ' എന്ന പേരിലൊരു ഉത്സവം നടത്താറുണ്ട്. അന്ന് അവർ ഗുസ്തി നടത്തുകയും മൃഗങ്ങളെ ബലി കഴിക്കുകയും ചെയ്യുന്നു. വാസുദേവൻ തന്റെ അമ്മാവനായ കംസനെ മൽപ്പിടുത്തത്തിനായി വിളിച്ചതു പ്രമാണിച്ചാണ് ഈ ആഘോഷം. പതിനാറാമത്തെ ദിവസം കൊണ്ടാടുകയും ബ്രാഹ്മണർക്ക് സദ്യ കൊടുക്കുകയും ചെയ്യുന്നു. ഇരുപത്തി മൂന്നാമത്തെ ദിവസത്തിൽ 'അശൂക്' എന്ന ഒരു ഉത്സവമുണ്ട്. ഇതിന് 'ആഹൂയ' എന്നും പറയുന്നു. അന്നേ ദിവസം ചന്ദ്രൻ ഏഴാമത്തെ ഞാറ്റുവേലയായ പൂർണതത്തിലായിരിക്കും. അന്ന് സന്തോഷത്തിനും ഗുസ്തിക്കുമുള്ള ദിവസമത്രെ. ഭാദ്രമാസത്തിൽ ചന്ദ്രൻ പത്തൊമ്പതാമത്തെ ഞാറ്റുവേലയായ മകത്തിൽ വരുമ്പോൾ അവർ 'പിതൃപക്ഷ' എന്ന പേരിൽ ഒരു ആഘോഷം നടത്താറുണ്ട്. ചന്ദ്രൻ ഈ ഞാറ്റുവേലയിൽ വരുന്നത് അമാസി അടുക്കുമ്പോഴാണ്. പതിനഞ്ച് ദിവസം തുടർച്ചയായി പിതൃക്കളുടെ പേരിൽ അവർ ദാന ധർമ്മങ്ങൾ നടത്തുന്നു. ഭാദ്രം മൂന്നാം ദിവസം സ്ത്രീകൾക്കുള്ള 'ഹർവാലി' ഉത്സവവമാണ്. ഇതിന്റെ കുറച്ചു ദിവസം മുമ്പായി സ്ത്രീകൾ കൊട്ടകളിൽ വിത്തുപാകുകയും ഈ ദിവസമാകുമ്പോഴേക്കും അതു മുളക്കുകയും ചെയ്യുന്നു. പനിനീർ പുഷ്പവും സുഗന്ധദ്രവ്യവും ഈ കൊട്ടകളിൽ വിതറി അവർ രാത്രി മുഴുവൻ കളിക്കുകയും പിറ്റേ ദിവസം രാവിലെ പുഴയിലോ കുളത്തിലോ പോയി കൊട്ടകൾ കഴുകി വൃത്തിയാക്കി കുളിച്ചു ധർമ്മം കൊടുക്കുകയും ചെയ്യുന്നു. ഭദ്രത്തിന്റെ ആറാമത്തെ ദിവസം 'ഗാഭാത്ത' എന്നു പേരിൽ ആഘോഷിക്കാറുണ്ട്. അന്ന് ഭക്ഷണ സാധനങ്ങൾ ധർമ്മമായി കൊടുക്കുന്നു. എട്ടാം ദിവസം ചന്ദ്രന്റെ പകുതി മാത്രം കാണുമ്പോൾ 'ധ്രുവഹർ' എന്ന പേരിൽ ഒരുത്സവം നടക്കുന്നു. കുളിക്കുകയും സന്താനരക്ഷക്കായി മുളപ്പിച്ച മുത്തുകൾ ഉപയോഗിക്കുകയും ചെയ്യുക എന്നത് ഈ ഉത്സവത്തിന്റെ വിശേഷതയാണ്. സ്ത്രീകൾ അന്നേ ദിവസം സന്താനലബ്ധിക്കായി പ്രാർത്ഥിക്കുന്നു. പതിനൊന്നാം ദിവസത്തിന് 'പർവ്വത്' എന്നു പറയുന്നു. പൂജാരി തനിക്കു കിട്ടിയ സമ്മാന നൂലുകളിൽ നി ഉണ്ടാക്കുന്ന ഒരു സൂത്രമാണത്. അതിന്റെ ഒരു ഭാഗത്തിൽ മാത്രം കുങ്കുമച്ഛായം പുരട്ടുന്നു. വാസുദേവ വിഗ്രഹത്തിന്റെ അളവിലാണതു മുറിച്ചെടുക്കുന്നത്. പിന്നെ പുജാരി തന്റെ കഴുത്തിലിടുകയും അപ്പോൾ അതു പാദം വരെ നീണ്ടു കിടി

ക്കുകയും ചെയ്യുന്നു. ഇത് മഹത്തായ ഒരു ആഘോഷമാണ്. പതിനാറാമത്തെ ദിവസം (കറുത്ത പക്ഷത്തിന്റെ ആദ്യം) 'ക്രാര' എന്ന പേരിലറിയപ്പെടുന്നു. ആഴ്ചയുടെ പ്രഥമ ദിവസമാണിത്. അന്ന് ഇന്ത്യക്കാർ കുട്ടികളെ ഭംഗിയായി വസ്ത്രങ്ങൾ ധരിപ്പിക്കുകയും സുഗന്ധ ദ്രവ്യങ്ങൾ പൂശുകയും പല തരത്തിള്ള മൃഗങ്ങളെക്കൊണ്ട് അവരെ കളിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങനെ ഏഴാം ദിവസം പുരുഷന്മാരും കോടിവസ്ത്രം ധരിച്ച് ഉത്സവം കൊണ്ടാടും. ഈ മാസത്തിലെ ശേഷമുള്ള ദിവസങ്ങളിലും അവർ കുട്ടികളെ ഉല്ലസിപ്പിക്കുന്നതും വൈകുന്നേരമായാൽ അവരുടെ വസ്ത്രങ്ങൾ മാറ്റി പുതിയതണിയിക്കുന്നതും ബ്രാഹ്മണ സദ്ക്കാരവും സദ്കർമ്മങ്ങളും നടത്തുന്നതാണ്. ചന്ദ്രൻ രോഹിണിയിലെത്തിയാൽ ആ ദിവസത്തിന് 'ഗുണലിഹിത' എന്നു പറയുന്നു. അന്നുമുതൽ മൂന്ന് ദിവസം കളി വിനോദങ്ങളോടുകൂടിയ ഉത്സവമായിരിക്കും. വാസുദേവന്റെ ജന്മം പ്രമാണിച്ചാണ് ഈ ആഘോഷം നടത്തുന്നത്.

ജീവശർമ്മൻ ഇങ്ങനെ ഉദ്ധരിച്ചുകാണുന്നു: കാശ്മീരികൾ ഈ മാസത്തിന്റെ ഇരുപത്തി ആറ്, ഇരുപത്തി ഏഴ് ദിവസങ്ങൾ ആഘോഷിക്കാറുണ്ട്. ഘനഃ എന്നറിയപ്പെടുന്ന മരക്കഷ്ണങ്ങൾ 'വിതസ്ത' എന്നറിയപ്പെടുന്ന നദിയിൽ കൂടി ഈ രണ്ടു ദിവസവും ഒഴുകി അവരുടെ പ്രദേശത്തെത്തുന്നു. ആ പ്രദേശത്തിന് 'അധിസ്ഥാനം' എന്നാണു പറയുന്നത്. ഈ കഷ്ണങ്ങൾ മഹാദേവൻ അയക്കുന്നുവെന്നാണ് വിശ്വാസം. ആരെങ്കിലും എടുക്കാൻ ശ്രമിച്ചാൽ ഇവ കയ്യിൽ പെടാതെ അകന്നു പോകുമെന്നത് അതിന്റെ സവിശേഷതയാണത്രെ. എന്നാൽ, ഞാൻ കണ്ട ചില കാശ്മീരികളോടന്വേഷിച്ചപ്പോൾ സ്ഥലകാലങ്ങളെ സംബന്ധിച്ചു നേരത്തെ പ്രസ്താവിച്ചതിനെതിരായ അഭിപ്രായമാണ് അവർ പറഞ്ഞത്. ഈ നദിയുടെ കിഴക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന 'കോദ്ശഹർ' എന്ന ജലാശയത്തിലും വൈശാഖ മാസത്തിന്റെ മദ്ധ്യത്തിലും ആണത്രെ അങ്ങനെ സംഭവിക്കുന്നത്. ഈ അഭിപ്രായമണ് കുറേക്കൂടി ശരിയാവാൻ ന്യായമുള്ളത്. കാരണം, വൈശാഖത്തിലാണ് വെള്ളപ്പൊക്കമുണ്ടാവുക ഈ മരങ്ങൾ പ്രസ്തുത നദിയിൽ വേലിയേറ്റത്തിനു കണ്ടുവരാറുള്ള 'മർജാൻ' മരത്തടികളാവാനും ന്യായമുണ്ട്.

ജീവശർമ്മൻ തുടർന്നുദ്ധരിക്കുന്നു: സ്വാത്ത് അതിർത്തിയിൽ കേരീ പർവ്വതത്തിനടുത്ത് ഒരു താഴ്വരയുണ്ട്. അമ്പത്തിമൂന്ന് നദികൾ അതിൽ സമ്മേളിക്കുന്നു. 'ത്രഞ്ചായി' എന്നാണ് അതിനു പറയുന്നത്. ഈ രണ്ട് ദിവസങ്ങളിലും ഇതിലെ ജലം വെള്ളനിറമാകുമെന്നും മഹാദേവൻ അതിൽ കുളിക്കുന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതെന്നും അവർ പറയുന്നു. കാർത്തികയുടെ ഒന്നാം തിയ്യതിയും തുലാമാസത്തിലെ അമാവാസിയുമായ ദിവസത്തിന് 'ദീപാളി' എന്നു പറയുന്നു.

അന്നേ ദിവസം അവർ കുളിക്കുകയും പുതുവസ്ത്രങ്ങൾ ധരിക്കുകയും വെറ്റിലയടയ്ക്ക സമ്മാനിക്കുകയും തിന്നുകയും ദേവാലയങ്ങളിൽ പോയി ധർമ്മം ചെയ്യും മദ്ധ്യാഹ്നം വരെ കളിയിലേർപ്പെടുകയും ചെയ്യുന്നു. രാത്രി എല്ലായിടത്തും വിളക്കു കത്തിച്ചുവെക്കുന്നു. വായുമണ്ഡലം പ്രകാശിക്കുമാറ് ദീപാലങ്കാരം ഉണ്ടായിരിക്കും. ഇതിനു കാരണമായി അവർ പറയുന്നത് വാസുദേവന്റെ ഭാര്യ ലക്ഷ്മി എല്ലാ വർഷവും പ്രസ്തുത ദിവസം ഏഴാം ഭൂമിയിൽ ബന്ധിക്കപ്പെട്ട മഹാബലി രാജാവിനെ മോചിപ്പിക്കുകയും അദ്ദേഹം ഈ ലോകത്തേക്കു വരികയും ചെയ്യുന്നു എന്നതാണ്. ഇതിന് 'ബലിരാജ്' (ബലിയുടെ ഭരണം) എന്നു പറയുന്നു. കൃതായുഗത്തിൽ നല്ല ചില കാലങ്ങൾ ഉണ്ടായിരുന്നുവെന്നും ഈ പ്രസ്തുത കാലം അതിനോടു സാമ്യമുള്ളതാണെന്നും അതിനാൽ ഈ ദിവസം കൊണ്ടാടണമെന്നും ആണ് അവർ പറയുന്നത്. ഈ മാസത്തിൽ പൗർണമി കഴിഞ്ഞാൽ അവർ അഥിതി സദ്ക്കാരങ്ങൾ നടത്തുകയും അതിന്റെ കറുത്ത പക്ഷം മുഴുവൻ സ്ത്രീകളെ അലങ്കരിക്കുകയും ചെയ്യുന്നു. അഗ്രഹാണയത്തിലെ മൂന്നാം ദിവസത്തിന് 'ഗുണവത്രി' എന്നാണ് പേര്. ഇതു ഗൗരിയുടെ പേരിൽ സ്ത്രീകൾ കൊണ്ടാടുന്ന ഉത്സവമാണ്. അന്ന് സ്ത്രീകൾ കുബേരന്മാരുടെ വീട്ടിൽ ഒരുമിച്ചുകൂടുകയും ഗൗരിയുടെ വെള്ളി വിഗ്രഹം കസേരയിൽ വെച്ചു സുഗന്ധദ്രവ്യം പൂശി രാത്രി മുഴുവൻ പാട്ടും കളിയുമായി കഴിച്ചുകൂട്ടുകയും ചെയ്യുന്നു. പിറ്റേദിവസം പ്രഭാതമായാൽ ദാനധർമ്മങ്ങൾ നടത്തും. ആ മാസത്തിലെ പൗർണ്ണമിയും സ്ത്രീകളുടെ ഉത്സവ ദിവസമാണ്. പൗഷ മാസത്തിൽ കുറേ ദിവസം 'പൂഹവൾ' എന്നറിയപ്പെടുന്ന ഒരു പലഹാരം തിന്നുന്നു. അതിന്റെ വെളുത്ത പക്ഷത്തിലെ എട്ടാം ദിവസം 'അശത്ക്' എന്ന പേരിലാണ് അറിയപ്പെടുന്നത്. അന്ന് 'വാസ്ത' എന്ന സസ്യങ്ങൾക്കൊണ്ടുണ്ടാക്കിയ ബ്രാഹ്മണർക്കു നൽകുന്നു. ഇതിന്റെ കറുത്ത പക്ഷത്തിലെ എട്ടാമത്തെ ദിവസത്തിന് 'സഗർതം' എന്നാണു പേര്. അന്ന് മുള്ളങ്കി ധാരാളമായി കഴിക്കും. മാഘത്തിന്റെ മൂന്നാം ദിവസം മഹത്രിയാണ്. സ്ത്രീകൾ ഗൗരീ ഉത്സവം അന്നാണ് കൊണ്ടാടുന്നത്. ഗൗരീ വിഗ്രഹത്തിനു ചുറ്റും സമ്മേളിക്കുക. വിലപിടിച്ച വസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളും ഭക്ഷണസാധനങ്ങളും കാഴ്ചവെക്കുക, ഇത്രയുമാണ് അന്നത്തെ പ്രധാന ചടങ്ങ്. പിന്നെ അവർ നൂറ്റെട്ട് പാത്രം വെള്ളം നിറച്ചുവെക്കുന്നു. ആ വെള്ളം തണുത്താൽ രാത്രിയുടെ ഓരോ യാമം കഴിയുമ്പോഴും അതുകൊണ്ട് കുളിക്കുന്നു. പിറ്റേദിവസം പ്രഭാതത്തിൽ ധർമ്മങ്ങൾ നടത്തുകയും സദ്യകൾ ഏർപ്പെടുത്തുകയും ചെയ്യുന്നു. പ്രസ്തുത മാസത്തിലെ ഓരോ ദിവസവും സ്ത്രീകൾ തണുത്ത വെള്ളത്തിൽ കുളിക്കുക പതിവാണ്. അതിലെ ഇരുപത്തി ഒമ്പതാമത്തെ ദിവസം രാത്രി പുലരാൻ മൂന്ന് നാഴിക ഉള്ളപ്പോൾ എല്ലാവരും വെള്ള

ത്തിലിറങ്ങുകയും മുങ്ങിക്കുളിക്കുകയും ചെയ്യുന്നു. ഈ മാസത്തിലെ പൂർണ്ണ ചന്ദ്ര ദിവസത്തിന് 'ചാമാഹാ' എന്നാണ് പേര്. അന്നേ ദിവസം എല്ലാ ഉയർന്ന സ്ഥലങ്ങളിലും തീ കത്തിക്കുന്നു. അതിലെ ഇരുപത്തി മൂന്നാമത്തെ ദിവസത്തിന് 'മാംസതഗ്' എന്നും 'മാഹാദിൻ' എന്നും പറയുന്നു. അന്ന് അവർ മാംസകൊണ്ട് സദ്ക്കാരം നടത്തുന്നതാണ്. ഫാൽഗുനമാസത്തിലെ എട്ടാം ദിവസം 'പുരാർത്തകം' എന്നറിയപ്പെടുന്നു. ഈ ദിവസവും ബ്രാഹ്മണന്മാർക്കു പ്രത്യേകമായി നെയ്യും പൊടിയും ചേർത്തുള്ള പലതരം പലഹാരങ്ങൾ കൊടുക്കും. ഇതിന്റെ പൂർണ്ണ ചന്ദ്ര ദിവസത്തിനു സ്ത്രീകൾ 'അവ്താത്' എന്നും 'ദഹൂല' എന്നും പറയാറുണ്ട്. ചാമാഹാ ഉത്സവ ദിവസം തീ കത്തിക്കാറുള്ള സ്ഥലത്തിനു താഴെയുള്ള പ്രദേശങ്ങളിൽ അന്ന് തീ കത്തിക്കുകയും പിന്നീടതു ഗ്രാമത്തിന്റെ പുറത്തുകൊണ്ടുപോയി കെടുത്തുകയും ചെയ്യുന്നു. അടുത്ത പതിനാറാം ദിനത്തിനു ശിവരാത്രി എന്നു പറയുന്നു. അന്നു രാത്രി മുഴുവൻ ഉറക്കമൊഴിച്ചു മഹാദേവനെ പൂജിക്കുകയും അദ്ദേഹത്തിനു സുഗന്ധദ്രവ്യങ്ങളും തുളസീദളങ്ങളും അർപ്പിക്കുകയും ചെയ്യുന്നു. ഫാൽഗുനം ഇരുപത്തി മൂന്നാം ദിവസത്തിന് 'പുയോദനം' എന്നാണു പറയുന്നത്. അന്ന് നെയ്യ്, പഞ്ചസാരയും കൂട്ടി ചോറ് കഴിക്കുക പതിവാണ്. മുൽത്താനിലെ ഹിന്ദുക്കൾക്ക് 'സാമ്പപുരയാത്ര' എന്ന പേരിലൊരു ഉത്സവമുണ്ട്. സൂര്യനെ ആരാധിക്കുകയും പ്രണയിക്കുകയുമാണ് അതിലെ പ്രാധാനം ധർമ്മം. ഈ ദിവസം അറിയാനുള്ള മാർഗ്ഗം താഴെ കാണിക്കാം. 'കണ്ഠകാതിക'യിൽ പറഞ്ഞ പ്രകാരമുള്ള 'അഹർഗണം' മനസ്സിലാക്കുകയും അതിൽനിന്ന് 98,040 കിഴിക്കുകയും ചെയ്ത് ബാക്കി കിട്ടുന്നതിന്റെ 365 കൊണ്ട് ഹരിക്കുകയും ചെയ്യുക. ഹരിച്ച ശിഷ്ഠ മില്ലെങ്കിൽ അന്നുതന്നെയാണ് പ്രസ്തുത ഉത്സവദിവസം, ശിഷ്ടമുണ്ടായാലത് ഇത്സവ ദിവസത്തിനു ശേഷം കഴിഞ്ഞ ദിവസങ്ങളിലായിരിക്കും. അതിലേക്ക് 365-ഉം കൂടി കൂട്ടിയാൽ അടുത്തുവരുന്ന ഉത്സവദിവസം കണ്ടുപടിക്കാവുന്നതാണ്.

അധ്യായം 77

ശ്രേഷ്ഠ ദിവസങ്ങളും പുണ്യം നേടുന്നതിന് പറ്റിയതും അല്ലാത്തതുമായ കാലവും

ഓരോ ദിവസങ്ങളും ചില വിശേഷതകളനുസരിച്ചു മഹത്വത്തിലും ബഹുമാനത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, ഞായറാഴ്ച ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ ആഴ്ചയുടെ പ്രഥമദിവസമായതുകൊണ്ടും സൂര്യന്റെ നാളായതുകൊണ്ടും ബഹുമാനിക്കപ്പെടുന്നതാണ്. മുസ്‌ലിംകകളുടെ വെള്ളിയാഴ്ച പോലെയാണ് അവർക്ക് ഈ ദിവസം. അമാവാസിയും പൗർണ്ണമിയും വിശേഷ ദിവസങ്ങളാകുന്നു. കാരണം, ഈ രണ്ട് ദിവസവും ചന്ദ്രന്റെ പ്രകാശം പൂർണ്ണമാകുന്നതിനും നിശ്ശേഷം ഇല്ലാതാകുന്നതിനുമുള്ള രണ്ടതിർത്തികളായതാണ്. ചന്ദ്രപ്രകാശത്തിലുള്ള ഏറ്റക്കുറവിനനുസരിച്ച് അവരിങ്ങനെ വിശ്വസിക്കുന്നു. ബ്രാഹ്മണർ പുണ്യം നേടാൻ നിത്യം അഗ്നിബലി നടത്തുന്നുണ്ട്. അഗ്നിയിലിടുന്ന ബലിസാധനങ്ങളിലെ ദേവന്മാരുടെ ഓഹരി അമാവാസി മുതൽ ചന്ദ്രന്റെ അടുത്തു ചെന്നുകൂടുകയും പൗർണ്ണമിയിലത് അവർക്ക് ഭാഗിച്ചുകൊടുക്കുകയും ചെയ്യുന്നു. മാസത്തിന്റെ ഈ രണ്ടുഭാഗവും പിതൃക്കളുടെ രാവിന്റെയും പകലിന്റെയും ഓരോ ഭാഗമാണെന്നു മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. അപ്പോൾ ഈ പക്ഷങ്ങളിലും നടത്തുന്ന ദാനധർമ്മങ്ങൾ പിതൃക്കൾക്ക് ലഭിക്കുന്നതാണ്. യുഗാരംഭദിനങ്ങളായ നാലും പുണ്യദിവസങ്ങളായി ഇന്ത്യക്കാർ കരുതിവരുന്നു. അവയിലൊന്ന് വൈശാഖമാസത്തിലെ മൂന്നാമത്തെ ദിവസമാണ്. ഇതിന് 'ക്ഷൈരീതം' എന്നു പറയുന്നു. ഈ ദിവസത്തിലാണ് കൃതായുഗം ആരംഭിച്ചത്. മറ്റേത് കാർത്തികയിലെ ഒമ്പതാമത്തെ ദിവസമാണ്. അന്നാണ് ത്രേത്രായുഗം ആരംഭിച്ചത്. മൂന്നാമത്തേത് മാഘമാസത്തിലെ പതിനഞ്ചാമത്തെ ദിവസമാണ്. ദ്വാപർ ആരംഭിച്ചത് അന്നാണ്. നാലാമത്തേത് ആശ്വീന മാസത്തിന്റെ പതിമൂന്നാമത്തെ ദിവസമാണ്. അന്ന് കലിയുഗം ആരംഭിച്ചു. എന്റെ അഭിപ്രായത്തിൽ യുഗങ്ങളുടെ പേരിൽ ഈ ദിവസങ്ങൾ ദാന

ധർമ്മങ്ങൾ ചെയ്യുന്നതിനും ചില മതപരമായ ചടങ്ങുകൾ നിർവ്വഹിക്കുന്നതിനുമായി ഏർപ്പെടുത്തിയതാണ്. ചില ക്രിസ്ത്യാനികളും അപ്രകാരം ചില ദിവസങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആ ദിവസങ്ങളിലാണ് യുഗങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നു പറഞ്ഞത്. യഥാർത്ഥത്തിൽ ശരിയാവുകയില്ല. കൃതായുഗം ആരംഭിക്കുന്നത് ചതുർയുഗത്തിന്റെ ആരംഭത്തോടു കൂടിയാണ്. ഇത് ചൈത്രമാസത്തിന്റെ ഒന്നാമത്തെ ദിവസാമാണ്. അന്നേ ദിവസമായിരിക്കും സൂര്യന്റെ വസന്തകാല മദ്ധ്യരേഖാ പ്രവേശം. ഇതുപോലെ തന്നെയാണ് മറ്റു യുഗങ്ങളുടെയും നില. കാരണം, ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തിൽ ചതുർയുഗത്തിന്റെ ഉദയദിവസങ്ങൾ 157,79,16,450 ആകുന്നു. ഇതിലുള്ള സൂര്യമാസങ്ങൾ 45,93,300-ഉം ചന്ദ്രദിവസങ്ങൾ 2,50,82,550-ഉം ആയിരിക്കുന്നതാണ്. ഈ അടിസ്ഥാനത്തിലാണ് ചരിത്ര വിവരണ കണക്കുകൾ. ഇദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ശതമാനക്കണക്കാണ് യുഗങ്ങളുടെ മാനദണ്ഡം. ഈ എണ്ണങ്ങൾക്കെല്ലാം ഭിന്നിതം കൂടാത്ത ശതാംശങ്ങളുണ്ട്. അപ്പോൾ യുഗത്തിന്റെ ആരംഭത്തിന്റെ നില ചതുർയുഗത്തിന്റെ ആരംഭനില തന്നെയാണ്. പുൽസന്റെ അഭിപ്രായത്തിൽ ചതുർയുഗത്തിന്റെ ഉദയദിവസങ്ങൾ 1,57,79, 17, 800-ഉം അതിലെ സൂര്യമാസങ്ങൾ 5,18,40,000-ഉം ആദിമാസങ്ങൾ 15,93,336 ചന്ദ്രദിവസങ്ങൾ 160,30,00,010-ഉം ഊനരാത്രി ദിവസങ്ങൾ 2,50,82,280-ഉം ആണ്. യുഗങ്ങളുടെ മാനദണ്ഡം അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 1/4 എന്ന കണക്കിലാണത്രെ. ഈ സംഖ്യകൾക്കെല്ലാം ഭിന്നിതം കൂടാത്ത 1/4 ഭാഗങ്ങളുണ്ട്. അപ്പോൾ യുഗങ്ങളുടെ തുടക്കം ചതുർയുഗത്തിന്റെ തുടക്കം പോലെത്തന്നെയാണ്. ചൈത്രമാസത്തിന്റെ ആദിയിൽനിന്നും സൂര്യന്റെ വസന്തകാല മദ്ധ്യരേഖാ പ്രവേശനത്തിൽനിന്നും അത് തെറ്റുകയില്ല. ആഴ്ചകളിൽ മാത്രമേ വിത്യാസം മുണ്ടാവുകയുള്ളൂ. അവരുടെ പ്രസ്താവനകൾ വ്യാഖ്യാനങ്ങൾക്കൊണ്ട് ശരിയാക്കേണ്ടിയിരിക്കുന്നു. പുണ്യം സമ്പാദിക്കുന്ന സമയത്തിന് 'പുണ്യം എന്നാണു പറയാറുള്ളത്.' ബലഭദ്രൻ കണ്ഠകാതികക്കെഴുതിയ വിവരണത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: "ഒരു സന്യാസി ദെവത്തെ മനസ്സിലാക്കി സദ്കർണ്മങ്ങൾ ചെയ്ത് ദുഷ്കർമ്മങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞ് ആയിരം വർഷം കഴിച്ചുകൂട്ടിയാൽ കിട്ടുന്ന പുണ്യം ഈ പുണ്യകാലത്ത് കുളി, പ്രാർത്ഥന മുതലായവ നടത്തി ധർമ്മം ചെയ്യുന്നവനു ലഭിക്കുന്ന പുണ്യത്തോടു കിടപിടിക്കുകയില്ല." മേൽ പ്രസ്താവിച്ച ഉത്സവ ദിവസങ്ങൾ ഇത്തരത്തിൽ പെട്ടവയാണെങ്കിൽ സംശയമില്ല. അവയെല്ലാം ധർമ്മത്തിനും അതിഥി സത്ക്കാരം നടത്തുന്നതിനും വേണ്ടിയുള്ളതാണ്. ഈ ദിവസങ്ങളിൽ പ്രതിഫലം ആശാവഹമല്ലെങ്കിൽ സന്തോഷിക്കുകയോ ഉല്ലസിക്കുകയോ ചെയ്യുകയില്ലല്ലോ. എന്നാൽ, പുണ്യ കാലങ്ങളിൽ ചിലത് ശുഭവും ചിലത് അശു

ഭവുമാണ്. ശുഭസമയങ്ങളിൽ ഗ്രഹങ്ങൾ – പ്രത്യേകിച്ച് സൂര്യൻ – രാശി മാറുന്നതാണ്. ഈ സമയത്ത് സംക്രാന്തി എന്നു പറയുന്നു. അതിൽ ഏറ്റവും വിശേഷപ്പെട്ടതു സൂര്യൻ മദ്ധ്യരേഖയിലും ഉത്തരായന ബിന്ദുവിലും ദക്ഷിണായന ബിന്ദുവിലും പ്രവേശിക്കുന്ന സമയങ്ങളുമാണ്. അവയിലും വെച്ചേറ്റം ഇഷ്ടപ്പെട്ടത് വസന്തകാലമദ്ധ്യരേഖാ പ്രവേശനകാലമാകുന്നു. ഈ സമയത്തിന് ഈ സമയത്തിന് വിഷു എന്ന് പറയുന്നു. ഈ സമയങ്ങൾ നിമഷങ്ങളായിരിക്കും. ആ സമയങ്ങളിൽ സാന്ധു എന്നപേരിൽ ഒരു അഗ്നിബലി നടത്തേണ്ടതുണ്ട്. എണ്ണയും ധാന്യവുമാണ് ആ ബലിക്കായി അവർ ഉപയോഗിക്കുന്നത്. ഈ സമയത്തെ മൂന്നായി ഭാഗിച്ചിരിക്കുന്നു. സൂര്യന്റെ ആദ്യഭാഗം രാശിയിൽ എണ്ണുന്നത് ആരംഭമായും അതിന്റെ മദ്ധ്യഭാഗം രാശിയിൽ എണ്ണുന്നത് മദ്ധ്യസമയമായും. സൂര്യന്റെ അവസാനഭാഗം രാശിയിൽ എണ്ണുന്നത് അവസാനഭാഗമായും അവർ കണക്കാക്കുന്നു. ആദ്യഭാഗം മുതൽ അവസാന ഭാഗംവരെ രണ്ട് മണിക്കൂറ് വരും. ആഴ്ചതോറും സൂര്യന്റെ രാശികളിലുള്ള ചലനം മനസ്സിലാക്കാൻ പല മാർഗ്ഗങ്ങളുമുണ്ട്. അവയിൽ 'സമി' നിർദ്ദേശിക്കുന്ന മാർഗ്ഗം ഇങ്ങനെയാണ്: ശകകാലത്തിൽ നിന്നു 847 കഴിച്ച് ബാക്കി കിട്ടുന്നതിനെ 180 കൊണ്ട് പെരുക്കി ഫലത്തെ 143 കൊണ്ട് ഹരിച്ചാൽ കിട്ടുന്ന ദിവസങ്ങളും നാഴികകളും നിമിഷങ്ങളുമാണ് അടിസ്ഥാനമായി എടുക്കേണ്ടത്. അപ്പോൾ ഏതൊരു രാശിയിൽ കൂടിയുള്ള സൂര്യന്റെ ചലനമാണോ അറിയാനുദ്ദേശിക്കുന്നത് അതിന്റെ കണക്കെടുക്കുകയും അതിലേക്ക് അടിസ്ഥാനമായി നിർദ്ദേശിച്ചത് കൂട്ടുകയും ചെയ്യുക. അങ്ങനെ കിട്ടുന്ന പൂർണ്ണ സംഖ്യയെ ഏഴ് കൊണ്ട് ഹരിച്ച് ബാക്കി വരുന്നത് കൊണ്ട് ഞായറാഴ്ച മുതൽ എണ്ണുകയാണെങ്കിൽ സങ്ക്റാന്തി കണ്ടു പിടിക്കാൻ കഴിയും. ഇത് വിവരിക്കുന്നതിനുള്ള വഴിയാണ് താഴെ കൊടുക്കുന്നത്.

രാശികൾ	അടിസ്ഥാനത്തേക്കാൾ കൂടുതലുള്ളത്			രാശികൾ	അടിസ്ഥാനത്തേക്കാൾ കൂടുതലുള്ളത്		
	ദിവസങ്ങൾ	നാഴിക	യശഃ		ദിവസങ്ങൾ	നാഴിക	യശഃ
മേടം	3	19	0	തുലാം	1	14	0
ഇടവം	6	17	0	വൃശ്ചികം	3	6	30
മിഥുനം	2	43	0	ധനു	4	34	30
കർക്കിടകം	6	21	0	മകരം	5	54	0
ചിങ്ങം	2	49	0	കുംഭം	0	30	0
കന്നി	5	49	0	മീനം	2	11	20

സൂര്യവർഷങ്ങൾ ആഴ്ചയിൽ ഒരു ദിവസംകൊണ്ടും സൂര്യവർഷത്തിൽ വരുന്ന ഭിന്നിതം കൊണ്ടും വ്യത്യാസപ്പെടുന്നതാണ്. അത് രണ്ടും കൂടിച്ചേർത്തു ഗുണകസംഖ്യയാക്കി കണക്കാക്കുകയാണെങ്കിൽ ഓരോ കൊല്ലത്തിലും അധികമായി വരുന്നത് മനസ്സിലാക്കാൻ സാധിക്കും. ഇത

നുസരിച്ച് സൂര്യവർഷത്തിൽ വരുന്ന ഭിന്നിതം 37/143 ആയിരിക്കും. സൂര്യവർഷം ആകെ 365-15-31-28-6 102/143 ആകുന്നു. ഇതാരുടെ അഭിപ്രായമാണെന്നറിഞ്ഞുകൂടാ. എന്തെന്നാൽ ചതുർയുഗം ബ്രഹ്മഗുപ്തന്റെ അഭിപ്രായമനുസരിച്ചും വർഷങ്ങളാക്കി മാറ്റിയാൽ സൂര്യവർഷം 365-15-30-32-0 ആണെന്ന് കാണാവുന്നതാണ്. ഗുണകാരം 402-ഉം, ഭാഗഹാരം 3200-ഉം ആണ്. ഇതുപോലെത്തന്നെ പുൽസന്റെ അഭിപ്രായമനുസരിച്ച് സൂര്യവർഷം 365-15-31-30-0 ആയിരിക്കും. അപ്പോൾ ഗുണകാരം 1007-ഉം ഭാഗഹാരം 800-ഉം ആകുന്നതാണ്. ആര്യഭട്ടന്റെ അഭിപ്രായത്തിൽ സൂര്യവർഷം 365-15-31-15-ഉം ഗുണകാരം 725-ഉം ഭാഗഹാരം 572-ഉം ആണ്. സഹാവി മകൻ ഒൗലത്ത് പറഞ്ഞുതന്നത് പുൽസന്റെ അഭിപ്രായമനുസരിച്ചാകുന്നു. അതായത് ശതകാലത്തിൽ നിന്ന് 718 കിഴിക്കുകയും ബാക്കിവരുന്നതിനെ 1007 കൊണ്ട് പെരുക്കിക്കിട്ടുന്നതിനോട് 79 കൂട്ടുകയും മൊത്തം ഫലത്തെ 800 കൊണ്ട് ഹരിച്ചുകിട്ടുന്ന ഫലത്തെ ആഴ്ചകളാക്കി മാറ്റിയാൽ അടിസ്ഥാന ദിവസങ്ങൾ ലഭിക്കുന്നതാണ്. പിന്നീട് ഓരോ രാശിക്കും വേണ്ടിവരുന്ന തുകകളെ മേൽ പറഞ്ഞതനുസരിച്ച് ഇതിൽ കൂട്ടിച്ചേർക്കണം. അതിനൊരു പട്ടിക സവിസ്തരം അടുത്ത പേജിൽ കൊടുക്കുന്നു:

രാശികൾ	അടിസ്ഥാനത്തേക്കാൾ കൂടുതലുള്ളത്		രാശികൾ	അടിസ്ഥാനത്തേക്കാൾ കൂടുതലുള്ളത്	
	ദിവസങ്ങൾ	നാഴിക		ദിവസങ്ങൾ	നാഴിക
മേടം	1	35	തുലാം	6	31
ഇടവം	4	23	വൃശ്ചികം	1	23
മിഥുനം	0	59	ധനു	2	41
കർക്കിടകം	4	37	മകരം	4	10
ചിങ്ങം	1	6	കുംഭം	5	37
കന്നി	4	6	മീനം	0	28

വരാഹമിഹിരൻ പഞ്ച സിദ്ധാന്തികയിൽ പറയുന്നു: ഷഡശീതിമുഖം എന്നത് സംക്രാന്തി പോലെത്തന്നെ മഹത്വമുള്ളതും പുണ്യംനിറഞ്ഞതുമാണ്. അതു സൂര്യൻ മിഥുനരാശിയുടെ പതിനെട്ടാമത്തെ ഡിഗ്രിയിലും കന്നിരാശിയുടെ പതിനാലാമത്തെ ഡിഗ്രിയിലും ധനുവിന്റെ ഇരുപത്താറാമത്തെ ഡിഗ്രിയിലും മീനത്തിന്റെ ഇരുപത്തിരണ്ടാമത്തെ ഡിഗ്രിയിലും വരുന്ന മുഹൂർത്തങ്ങളാണ്. സൂര്യൻ നിശ്ചല രാശികളിലേക്കു നീങ്ങുമ്പോൾ ലഭിക്കുന്ന പുണ്യം മറ്റ് സമയങ്ങളിൽ ലഭിക്കുന്നതിന്റെ നാലിരട്ടിയാണത്രെ. ഈ സമയങ്ങളിൽ ഓരോന്നിന്റെയും ആദ്യഭാഗവും അവസാനഭാഗവും സൂര്യന്റെ അർദ്ധവ്യാസം മുഖേന അറിയാൻ കഴിയുന്നതാണ്. ഗ്രഹണസമയവും ഗ്രഹണ മോചനസമയവും മനസ്സിലാക്കുന്ന ക്രമം പോലെ തന്നെയാണ് ഇതും. ഈ വസ്തുതകളെല്ലാം

അവരുടെ പഞ്ചാംഗങ്ങളിൽ വിവരിച്ചിട്ടുണ്ട്. പക്ഷേ, നമുക്ക് അപൂർവ്വമായി തോന്നുന്നതും നമ്മുടെ പ്രചാരത്തിലിരിക്കുന്ന സിസ്ഡ്ഹിന്ത് (സിദ്ധാന്തം) എന്ന ഗ്രന്ഥത്തിലില്ലാത്തതുമായ വിഷയങ്ങൾ മാത്രമേ പ്രധാനമായി ഞാൻ വിവരിക്കുന്നുള്ളൂ.

പുണ്യകാലങ്ങളിൽ പെട്ടതാണ് സൂര്യചന്ദ്രഗ്രഹണ വേളകൾ. അവരുടെ അഭിപ്രായത്തിൽ ആ പുണ്യസമയങ്ങളിൽ ലോകത്തുള്ള മുഴുവൻ വെള്ളവും ഗംഗാദീജലം പോലെ പരിശുദ്ധമായിത്തീരുന്നു. ചിലർ ഈ ഗ്രഹണ സമയങ്ങളോട് അതിരുകവിഞ്ഞ ഭക്തി കാണിച്ച് പുണ്യസമയത്തു മരിക്കണമെന്ന ഉദ്ദേശ്യത്തോടെ ആത്മഹത്യചെയ്യുന്നു. വൈശ്യരും ശൂദ്രരുമാണ് പ്രായേണ ഇങ്ങനെ ചെയ്യാറുള്ളത്. ബ്രാഹ്മണർക്കും ക്ഷത്രിയർക്കും ആത്മഹത്യ നിരേധിക്കപ്പെട്ടിരിക്കുകയാൽ അവർ ആ സാഹസത്തിനൊരുമ്പെടാറില്ല. ഗ്രഹണ സാധ്യതയുള്ള പാർവണ സമയങ്ങൾ മഹത്വത്തിൽ ഗ്രഹണവേളയോട് തുല്യമാണ്. യോഗസമയവും ഗ്രഹണ സമയംപോലെ പുണ്യകാലമായി അവർ കരുതുന്നു. അതിനു പ്രത്യേകമായ ഒരധ്യായം തന്നെ ചേർത്തിട്ടുണ്ട്. ഏതെങ്കിലും ഉദയദിവസം ചന്ദ്രൻ അതിന്റെ ആവസാനത്തെ ഞാറ്റുവേലയിൽ വരുകയും, അടുത്ത ഞാറ്റുവേല കഴിഞ്ഞു മൂന്നാമത്തേതിലേക്ക് പ്രവേശിക്കുകയും ചെയ്താൽ (ഒരു ഉദയദിവസത്തിൽ മൂന്ന് ഞാറ്റുവേലകൾ ഉണ്ടായാൽ) ആ ദിവസത്തിന്ന് 'ത്രീഹസ്പങ്ക്' എന്നും 'ത്രീഹർക്കശു' എന്നും അവർ പറയുന്നു. ഇത് തീരെ അശുഭമായാണ് ഗണിക്കപ്പെടുന്നതും എന്നാൽ അത് പുണ്യകാലങ്ങളിലൊന്നാണു താനും. ഒരു പൂർണ്ണദിവസത്തെ അവസാനം മുതൽ തുടങ്ങുകയും അവസാന ഭാഗം വരുന്ന ചൈത്ര ദിവസത്തിന്റെ ആരംഭത്തിലാവുകയും ചെയ്യുന്ന ഉദയത്തിന്റെ സ്ഥിതിയും മേൽ പ്രസ്താവിച്ചതു പോലെ തന്നെയാണ്. ഈ ദിവസത്തിന് 'തൃഹശ്തദ' എന്ന് പറയുന്നു. ഇതും ശൂന്യമായ പുണ്യദിവസമാണ്. ഊനരാത്രംകൊണ്ട് ഒരു ദിവസം പൂർത്തിയാൽ അതും ശൂന്യമായി അവർ കരുതുകയും പുണ്യകാലത്തിലെണ്ണുകയും ചെയ്യുന്നു. അങ്ങനെ സംഭവിക്കുന്നത് ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തിൽ ഉദയദിവസങ്ങളിൽ നിന്ന് അറുപത്തി രണ്ടും. 50,663-ഉം സൂര്യദിവസങ്ങളിൽ നിന്ന് അറുപത്തിരണ്ടും നൂറ്റി എൺപത്തി രണ്ടും ചന്ദ്ര ദിവസങ്ങളിൽ നിന്ന് അറുപത്തി മൂന്നും ഉദയദിവസത്തിന്റെ അത്ര ഭിന്നിതവും കൂട്ടുന്ന സമയങ്ങളിലാണ്. ഉദയദിവസങ്ങളുടെയും ചന്ദ്ര ദിവസങ്ങളുടെയും കൂടെയുള്ള ഭിന്നതങ്ങളുടെ ഗുണകാരം 55,799 ആകുന്നു. പുൽസന്റെ അഭിപ്രായത്തിൽ ഈ ഭിന്നതങ്ങളുടെയെല്ലാം ഗുണകാരം 63,379-ഉം സൂര്യദിവസങ്ങളുടെ ഭിന്നതം ഇരുനൂറ്റി എഴുപത്തി നാലും ആകുന്നു. ഇതെല്ലാം കൂടിയുള്ള ഭിന്നിതത്തിന്റെ ഗുണകാരം 69,673 ആണ്. ആദി മാസം ഭിന്നിതം കൂടാതെ പൂർത്തായുകുന്ന ദിവസം ശൂന്യമാണ്. അത്

പുണ്യദിവസങ്ങളിൽ പെട്ടതുമല്ല. ആ ദിവസം ബ്രഹ്മഗുപ്തന്റെ അഭിപ്രായത്തിൽ ഉദയ ദിവസങ്ങളിൽ നിന്നുള്ള 990 3663/10622 ലും സൂര്യ ദിവസങ്ങളിൽ നിന്നുള്ള 976 464/5311-ലും ചന്ദ്ര ദിവസങ്ങളിൽ നിന്നുള്ള 1006-ലുമുണ്ടാവുക. ഭിന്നിതവും അതിന്റെ ഗുണകാരവും സൂര്യന്റേതു പോലെ തന്നെ. ശൂന്യം നിറഞ്ഞതും യാതൊരു വിധത്തിലും പുണ്യം നേടാൻ കൊള്ളരുതാത്തതുമാണ് ഭൂകമ്പസമയം. ഇന്ത്യക്കാർ പ്രസ്തുത സമയത്ത് തങ്ങളുടെ വീടുകളിലുള്ള കുടങ്ങൾ ശൂന്യത്തെ നീക്കാനും ഭാഗ്യം കരസ്ഥ മാക്കാനും ഭൂമിയിലെറിയുകയും തല്ലി ഉടക്കുകയും ചെയ്യുന്നു. സംഹിതയിൽ പറഞ്ഞതനുസരിച്ച് കെട്ടിടവും മറ്റും ഇടിഞ്ഞുവീഴുക, തീപിടുത്തം, ഭയങ്കരമായ ഇടിവെട്ടൽ, വാൽ നകഷത്രം ഉദിക്കൽ, സാധാരണ പ്രകൃതിക്കെതിരായ എന്തെങ്കിലും സംഭവിക്കൽ, കാട്ടു ജീവികളും ദുഷ്ട മൃഗങ്ങളും നാട്ടിൽ പ്രവേശിക്കൽ, അസമയത്ത് മഴ വർഷിക്കൽ, അസാധരണ കാലത്ത് വൃക്ഷങ്ങളിൽ ഫലങ്ങളുണ്ടാവൽ, കൊല്ലത്തിന്റെ നിശ്ചിത സമയങ്ങളിലുണ്ടാവുന്ന പ്രത്യേകതകൾ മറ്റു ചില സമയങ്ങളിൽ സംഭവിക്കൽ തുടങ്ങിയവയും ശൂന്യകാലത്തിന്റെ ലക്ഷണങ്ങളാണ്.

'സർവ്വഥ' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: ചൈത്ര പൗഷമാസങ്ങളിൽ രണ്ടു പക്ഷത്തിലേയും രണ്ടാമത്തെ ദിവസങ്ങളും ജ്യേഷ്ഠ ഫാൽഗുന മാസങ്ങളിൽ രണ്ട് പക്ഷക്തിലെയും നാലാമത്തെ ദിവസങ്ങളും ശ്രാവണ വൈശാഖ മാസങ്ങളിൽ രണ്ട് പക്ഷത്തിലേയും എട്ടാമത്തെ ദിവസങ്ങളും മാഘഭാദ്ര മാസങ്ങളിൽ രണ്ടു പക്ഷത്തിലേയും പത്താമത്തെ ദിവസങ്ങളും കാർത്തികയുടെ രണ്ടു പക്ഷത്തിലേയും പന്ത്രണ്ടാമത്തെ ദിവസങ്ങളും ശൂന്യങ്ങളാണ്.

അധ്യായം 78

കരണങ്ങളുടെ വിവരം

ചന്ദ്രദിവസങ്ങളും ഉദയദിവസത്തേക്കാൾ അവയിലോരൊന്നിനും ഉള്ള കുറവും നാം പ്രസ്താവിച്ചുവല്ലോ. അതനുസരിച്ച് ഒരു ചന്ദ്രമാസം മുപ്പത് ദിവസമാവുമ്പോൾ 29 1/2 ഉദയദിവസമേ വരുന്നുള്ളൂ. ഇവയ്ക്ക് ചന്ദ്രദിവസങ്ങൾ എന്നു പറയുന്നതുപോലെ അവയുടെ ആദ്യത്തെ പകുതിക്ക് പകലെന്നും അവസാനത്തെ പകുതിക്ക് രാവെന്നും പറയുന്നു. അവയിൽ ഓരോന്നിനും പ്രത്യേകം പേരുകളുണ്ട്. അതിന്റെ കൂട്ടത്തിന് 'സമൂഹം' എന്നു പറയുന്നു. അവയിൽ ചിലത് ഒരു പ്രാവശ്യം മാത്രമേ വരികയുള്ളൂ. അവ വാവുമായി ബന്ധപ്പെടുന്ന നാല് ദിവസങ്ങളാണ്. മാസത്തിൽ ഒരു പ്രാവശ്യം വീതം വരികയും അതിന്റെ സ്ഥാനം രാപകൽകൊണ്ട് വ്യത്യാസപ്പെടാതിരിക്കുകയും ചെയ്യുന്നതിനാൽ അവയ്ക്ക് 'നിശ്ചല'മെന്നു പറയുന്നു. മാസത്തിൽ എട്ട് പ്രാവശ്യം മാറിവരുന്നവയ്ക്ക് 'ചലിക്കുന്നവ' എന്നാണ് പേര്. ഇവയിൽ ഏഴാമത്തേത് ശൂന്യത നിറഞ്ഞതും ഭയങ്കരമായ ആപത്തുകളുണ്ടാക്കുന്നതുമാണ്. ഈ വസ്തുത മറ്റൊരു ഗ്രന്ഥത്തിൽ നാം വിശദമായി വിവരിച്ചിട്ടുണ്ട്. ഇന്ത്യക്കാരുടെ ഒരു ജ്യോതിശാസ്ത്ര ഗ്രന്ഥവും ഈ വിഷയം കൈകാര്യം ചെയ്യാത്തതായില്ല. ഈ ദിവസങ്ങളറിയാനുള്ള മാർഗ്ഗം ഇതാണ്: ആദ്യമായി ചന്ദ്രമാസങ്ങളും ഉദ്ദേശിച്ച സമയത്തിന്റെ കിടപ്പും മനസ്സിലാക്കുക. ശരിയാക്കപ്പെട്ട സൂര്യദിവസങ്ങളെ ശരിയാക്കിയ ചന്ദ്രദിവസങ്ങളിൽനിന്നു കിഴിച്ചാൽ സൂര്യന്റെയും ചന്ദ്രന്റെയും ഇടയിലുള്ള ദൂരം അറിയാൻ സാധിക്കും. ഈ ദൂരം ആറ് രാശിയിൽ കുറവാണെങ്കിൽ ആ സമയം വെളുത്ത പക്ഷത്തിലാണെന്നും കൂടുതലാണെങ്കിൽ കറുത്ത പക്ഷത്തിലാണെന്നും മനസ്സിലാക്കാം. പിന്നീടവയെ 'വിനാഴിക'കളാക്കി മാറ്റി 720 കൊണ്ട് ഹരിക്കുക. എന്നാൽ, 'തിഥി' (പൂർണ്ണ ചന്ദ്രദിവസങ്ങൾ) ലഭിക്കുന്നതാണ്. ശിഷ്ടം വരുന്നതിനെ അറുപതുകൊണ്ട് പെരുക്കി ശരിയാക്കപ്പെട്ട ദൂരംകൊണ്ട് ഹരിച്ചാൽ നാഴികകളും അതിൽ താഴെയുള്ള ഭിന്നിതങ്ങളും കിട്ടും. ഇപ്രകാരമാണ് അവരുടെ പഞ്ചാംഗങ്ങളിൽ വിവ

രിച്ചത്

ദിവസങ്ങൾ കൂടുതലുണ്ടാകുമ്പോൾ ചിലപ്പോൾ ആ മാർഗ്ഗങ്ങൾ ശരിയാവാതെ വരുന്നതാണ്. അതിനാൽ, ഒരു ദിവസത്തിന്റെ സൂര്യന്റെയും ചന്ദ്രന്റെയും ചലനത്തിലുള്ള വ്യത്യസംകൊണ്ട് ആ തുകയെ ഹരിക്കേണ്ടി വരുന്നു. അതായത്, ചന്ദ്രന് പതിമൂന്ന് ഡിഗ്രിയും സൂര്യന് ഒരു ഡിഗ്രിയുമെന്ന തോതിൽ. ഇത്തരം നിയമങ്ങളിൽ ഏറ്റവും നല്ല മാർഗ്ഗം, പ്രത്യേകിച്ച് ഇന്ത്യക്കാരുടേത്, മദ്ധ്യചലനം ഉപയോഗിക്കുകയാണ്. സൂര്യന്റെ മദ്ധ്യചലനത്തെ ചന്ദ്രന്റെ മദ്ധ്യചലനത്തിൽനിന്നു കിഴിച്ചു കിട്ടുന്നതിനെ 732 കൊണ്ട് (രണ്ട് ഗ്രഹങ്ങളുടെയും മദ്ധ്യചലനങ്ങളുടെ ഇടയിലുള്ള ദൂരവ്യത്യാസം) ഹരിച്ചാൽ ദിവസങ്ങളും നാഴികകളും കിട്ടും. ശരിയാക്കപ്പെട്ട ചലനത്തിന് 'ഭുക്തി' എന്നും അതിന്റെ അടിസ്ഥാനത്തിൽ കിട്ടുന്നതിന് 'ഭുക്തിസ്ഫുട'മെന്നും മദ്ധ്യചലനം കൊണ്ട് കിട്ടുന്നത് 'ഭുക്തിമദ്ധ്യമം' എന്നും ചലന വ്യത്യാസങ്ങൾ കാണിക്കുന്ന തുകക്ക് 'ഭൂക്ത്യന്തരം' എന്നുമാണ് പേര്. ചന്ദ്രദിവസങ്ങൾക്ക് പ്രത്യേക പേരുകളുണ്ട്. അവ താഴെ പട്ടികയിൽ വിവരിക്കുന്നു. ഒരുവൻ ഉദ്ദേശിക്കുന്ന ചന്ദ്രദിവസം കണ്ടുപിടിച്ചാൽ അതിന്റെ എണ്ണത്തിനടുത്തായി ആ ദിവസത്തിന്റെ പേരും അതിന്റെ നേരെയായി വർത്തമാന കാല കർണ്ണവും കാണാവുന്നതാണ്. ദിവസത്തിൽനിന്നു കഴിഞ്ഞുപോയത് പകുതിയിൽ താഴെ ആണെങ്കിൽ കരണം പകലും പകുതിയിൽ കൂടുതലാണെങ്കിൽ കരണം രാത്രിയുമായിരിക്കും. (പട്ടിക: പേജ് 454)

ഇതിൽ ചിലതിൽ അവർ പാലകന്മാരെ നിശ്ചയിച്ചിട്ടുണ്ട്. നക്ഷത്രങ്ങളെ തിരഞ്ഞെടുക്കുന്ന രീതിയിൽ ഇവയെ അറിയാൻ വേണ്ടി അവർ ചില മാർഗ്ഗങ്ങൾ സ്വീകരിച്ചിരിക്കുന്നു. അവയുടെ രൂപം വ്യക്തമാക്കാനായി പ്രത്യേകമൊരു പട്ടിക താഴെ ചേർക്കാം. (പട്ടിക: പേജ് 455)

ഈ കരണങ്ങളെ കണക്കുകൊണ്ട് മനസ്സിലാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇതാണ്. സൂര്യന്റെ ശരാശരി ദിവസങ്ങളെ ചന്ദ്രന്റെ ശരാശരി ദിവസങ്ങളിൽനിന്ന് കിഴിച്ചു വിനാഴികകളാക്കി 360 കൊണ്ട് ഹരിക്കുക. എന്നാൽ, ശരിയായ കരണങ്ങൾ കിട്ടും. ബാക്കിവരുന്നതിനം 60 കൊണ്ട് പെരുക്കി സൂര്യന്റെയും ചന്ദ്രന്റെയും ഇടയിലുള്ള ശരിയായ ദൂരം കൊണ്ട് ഹരിച്ചാൽ പൂർണ്ണ കരണത്തിൽനിന്ന് കഴിഞ്ഞുപോയതു കാണാം. അവ ഒരോന്നിനും അര നാഴികയായി കണക്കാക്കണം. പിന്നെ അത് പൂരണകരണങ്ങളിലേക്ക് മടങ്ങുകയും ചെയ്യും. പൂർണ്ണമായി കിട്ടിയ കരണങ്ങൾ രണ്ടോ അതിൽ താഴയോ ആണെങ്കിൽ നാമിപ്പോൾ രണ്ടാമത്തെ കരണത്തിലായിരിക്കും. അതിലേക്ക് ഒന്നു കൂടി ചേർത്ത് ആ തുകകൊണ്ട് യദ്ശപ്ദ് മുതൽ എണ്ണുക. അമ്പത്തി ഒമ്പത് കിട്ടുകയാണെങ്കിൽ നാമിപ്പോൾ ശകുനത്തിലാണ്. അമ്പത്തൊമ്പതിൽ താഴെയോ രണ്ടിൽ കൂടുതലോ ആണെങ്കിൽ അതിലേക്ക് ഒന്നുകൂടി

വെളുത്ത പക്ഷം				3 കറുത്ത പക്ഷം				മിശ്ര കരണങ്ങൾ	
ദിവസങ്ങളുടെ എണ്ണം	പേര്	ദിവസങ്ങളുടെ എണ്ണം	പേര്	ദിവസങ്ങളുടെ എണ്ണം	പേര്	ദിവസങ്ങളുടെ എണ്ണം	പേര്	പകൽ	രാത്രി
1	അമാവാസി	0	0	0	0	0	0	യദ്ശപ്ദ	നാഗം
2	വൃക്കഃ	0	0	0	0	0	0	കിസ്തുഘ്നിന	വാവ്
3	വിയഃ	10	നവീന	17	വൃക്ക	24	അതേൻ	പാലൗ	കൗലാ
4	ത്രിയഃ	11	ദഹീന	18	വിയഃ	25	നവീന	തൗതില	ഗുർഃ
5	ചൗത്	12	യാഹി	19	ത്രിയഃ	26	ദഹീന	വ്രഞ്ച്	വിശ്ത
6	പഞ്ച	13	ദ്വാഹി	20.	ചൗത്	27	യാഹി	വാവ്	വാലൗ
7	സത്	14	ത്രഹി	21	പഞ്ചഃ	28	ദ്വാഹി	കൗലൗ	തൗതില
8	സതേൻ	15	ചൗതഹി	22	സത്	29	ത്രഹി	ഗുർഃ	വ്രഞ്ച്
9	അതേൻ	16	പൂർണ്ണമി	23	സതേൻ	0	0	വിശ്ത	വാവ്
0	0	0	പഞ്ചഹി	0	0	30	ചൗതഹി	വിശ്ത	ശകുൻ

നാല് നിശ്ചല കരണങ്ങൾ			
മാസത്തിന്റെ ഇരു പക്ഷത്തിലും അ വയുടെ കിടപ്പ്	കർണ്ണ ങ്ങളുടെ പേര്	പാലകന്മാർ	അവയുടെ നിയമങ്ങളും അവയിൽ ഒരോന്നിലും ചെയ്യാവുന്ന പ്രവൃത്തികളും
കറുത്ത പക്ഷത്തിൽ	ശഗണം	ഗല	ഔഷധങ്ങൾ നിർമ്മിക്കുവാനും മന്ത്രം, മാരണം തുടങ്ങിയവയ്ക്കും പഠിക്കൽ കൂടിയാലോചന നടത്തൽ, വിഗ്രഹങ്ങ ളുടെ അടുത്തുവെച്ചുള്ള വായന എന്നിവക്കും, ഏറ്റവും പറ്റിയത്
വെളുത്ത പക്ഷത്തിൽ	യദ് ശപ്ദ	ഇടവ രാശി	സിംഹാസനാരോഹണങ്ങൾക്കും പിതാക്കളുടെ പേരിൽ ദാനധർമ്മങ്ങൾ നടത്തുവാനും നാല്ക്കാലികളെ വളർത്തുവാനുംപറ്റിയത്
	നാഗം	സർപ്പം	കല്ല്യാണങ്ങൾക്കും എന്തെങ്കിലും സ്ഥാപിക്കുന്നതിനും പാമ്പ് മുതലായ വയുടെ കടിയേറ്റവരെ സുഖപ്പെടുത്താ നും, ജനങ്ങളെ ഭയപ്പെടുത്തുവാനും, അവരെ പിടികൂടുവാനും പറ്റിയത്.
	കിസ്തു ഘ്ലിന	കാറ്റ്	വിവാഹ സംബന്ധമായ കാര്യങ്ങൾ ക്കും കാതു കുത്തുവാനും, സദ്കർമ്മ ങ്ങൾക്കും മാത്രമേ പറ്റുകയുള്ളൂ
രണ്ട് പക്ഷങ്ങളിലും	വാവ്	ശുക്രൻ	ഏഴ് ചലന കരണങ്ങൾ, ഈ കരണ ത്തിൽ സംക്രാന്തി (ഇരിക്കുന്നനിലയി ൽ) ഉണ്ടാകുകയാണെങ്കിൽ ആപത്ത് നേരിടുന്നതാണ്. ഇത് യാത്രക്കാർക്കും എടുപ്പ് നിർമ്മാണം ആരംഭിക്കുന്നതി നും ശുദ്ധീകരണത്തിനും നെയ്യ് ചേർ ത്ത് ഔഷധങ്ങൾ ഉണ്ടാക്കുവാനും ബ്രാഹ്മണന്മാരുടെ അഗ്നി ബലിക്കും പറ്റിയതാണ്.
	വാലൗ	ബ്രഹ്മാവ്	ഇതിൽ സംക്രാന്തി (ഇരിക്കുന്നനിലയി ൽ) വന്നാൽ പഴവർഗ്ഗങ്ങൾക്ക് ഉത്തമമ ല്ല. പരലോക പരമായ കാര്യങ്ങൾക്കും ഗുണസമ്പാദ്യത്തിനും യോജിച്ചതാണ്.
	കൗലൗ	ചിത്രൻ	ഇതിൽ സംക്രാന്തി (നിൽക്കുന്ന നില യിൽ) വന്നാൽ കൃഷിക്ക് പറ്റിയതും ഭൂ മികൾക്ക് വളമുണ്ടാകുന്നതും സ്നേഹ ബന്ധങ്ങൾക്ക് യോജിച്ചതുമാണ്.
	നോനി ല	അർജ്ജു നൻ	ഇതിൽ സംക്രാന്തി വന്നാൽ (കിടന്നനി ലയിൽ)സാധനങ്ങളുടെ നിലവാരം മട ങ്ങിവരുന്നതിനെ കുറിക്കുന്നതും സുഗ ന്ധ ദ്രവ്യങ്ങളും മറ്റും നിർമ്മിക്കുവാൻ പറ്റിയതുമാണ്.

രണ്ട് പക്ഷങ്ങളിലും	ഗൂർഃ	പർവ്വത	ഇതിൽ സംക്രാന്തി വന്നാൽ (കിടന്നനിലയിൽ)നിലവാരത്താഴ്ചയെ കുറിക്കുന്നതും കൃഷിക്കും കെട്ടിട നിർമ്മാണത്തിനും പറ്റിയതുമാണ്.
	വ്രഞ്ച്	ശ്രീ	ഇതിൽ സംക്രാന്തി വന്നാൽ (നിൽക്കുന്നനിലയിൽ) കൃഷി വളരുന്നതും കച്ചവടത്തിനും ഉത്തമമാണ്.
	വിശദ	മൃതം	ഇതിൽ സംക്രാന്തി വന്നാൽ (കിടന്നനിലയിൽ) നിലവാരത്താഴ്ചയെ കുറിക്കുന്നതും ശൂന്യമുള്ളതും യാത്രക്ക് പറ്റാത്തതും കരിമ്പാട്ടുവാൻ പറ്റിയ കാലവുമാണ്

ചേർത്ത് കിട്ടുന്ന തുകയെ ഏഴ്കൊണ്ട് ഹരിക്കുക. ശിഷ്ടം വരുന്നത് ഏഴിൽ കൂടുതലുണ്ടാവുകയില്ലല്ലോ? അതുകൊണ്ട് ചലിക്കുന്ന കരണങ്ങളുടെ ആദ്യവാവുകൊണ്ട് എണ്ണുകയാണങ്കിൽ അപ്പോഴത്തെ അപൂർണ്ണ കരണം മനസ്സിലാക്കാവുന്നതാണ്.

കരണങ്ങളെ കുറിച്ച് അൽകിന്തി (അബൂ യൂസുഫ് യഅ്ഖൂബ് ബിൻ ഇസ്ഹാഖ്) യെപ്പോലുള്ള അറബി ഗ്രന്ഥകാരന്മാർ വിവരിച്ചിട്ടുണ്ടെങ്കിലും അവർക്കു മൊത്തത്തിൽ മാത്രമേ അറിയാൻ കഴിഞ്ഞുള്ളൂ. അതിനാൽ അത് ഇന്ത്യക്കാരുടേതാണെന്നുകൂടി അവർ പറഞ്ഞുകാണുന്നു. കുറേയെല്ലാം വ്യത്യാസങ്ങൾ കാണാമെങ്കിലും വ്യവസ്ഥാപിതമായ നിലയിലാണ് കരണങ്ങൾ വിവരിച്ചിട്ടുള്ളത്. സൂര്യനും ചന്ദ്രനും ഒരുമിച്ചുകൂടുന്ന സമയത്ത് അർദ്ധ ദിവസങ്ങൾക്കൊണ്ടാണവർ കരണങ്ങൾ ആരംഭിക്കുന്നത്. സൂര്യന്റെ ആദ്യത്തെ പന്ത്രണ്ട് മണിക്കൂർ ശൂന്യമാണെന്നും അവർ നിശ്ചയിച്ചിട്ടുണ്ട്. മാത്രമല്ല, അതുപലെ തന്നെ ശുക്രൻ, ബുധൻ തുടങ്ങിയ മറ്റു ഗ്രഹങ്ങൾക്കും അപ്രകാരം നിശ്ചയിച്ചുകാണുന്നു. പിന്നീട് സൂര്യനിലേക്ക് തന്നെ മടങ്ങിവരുമ്പോഴുണ്ടാകുന്ന പന്ത്രണ്ട് മണിക്കൂറുകൾക്ക് 'വിഷ്ടി' എന്നാണ് പറയുന്നത്. പക്ഷേ, ഇന്ത്യക്കാർ കർണ്ണങ്ങളുടെ കാലം കണക്കാക്കുന്നത് ഉദയ ദിവസങ്ങൾക്കൊണ്ടല്ല. ചന്ദ്ര ദിവസങ്ങൾക്കൊണ്ടാണ്. 'ശൂന്യസമയം' ആരംഭിക്കുന്നത് വാവുസമയം കൊണ്ടല്ല. കിന്തിയുടെ അഭിപ്രായമനുസരിച്ച് വാവിനു ശേഷം വ്യാഴഗ്രഹംകൊണ്ടാണ്. അപ്പോൾ സൂര്യന്റെ ഊഴത്തിൽ വരുന്ന സമയങ്ങൾ ശൂന്യങ്ങളായിരിക്കുകയില്ല. ഇന്ത്യക്കാരുടെ കണക്കനുസരിച്ച് വാവിനു ശേഷം സൂര്യനെക്കൊണ്ടാരഭിച്ചാൽ വിഷ്ടി സമയം ബുധൻ ഗ്രഹത്തിന്റേതായിരിക്കും. ഇക്കാരണത്താൽ ഈ രണ്ട് കണക്കുകളും വേറെയായിത്തന്നെ വെക്കുകയാണ് ഉത്തമം. ഓരോ മാസത്തിലും ദിക്കുകൾ എട്ടായതുപോലെതന്നെ വിഷ്ടിയും എട്ടാണ്. ഇതിനെ കുറിച്ചുള്ള വിവരങ്ങൾ ഇന്ത്യക്കാർ പറഞ്ഞതനുസരിച്ച് താഴെയുള്ള പട്ടിക മുഖേന നമുക്കു മനസ്സിലാക്കാം:

വിഷ്ടിയുടെ എണ്ണം	മാസത്തിലുള്ള അവയുടെ കിടപ്പ്	വിഷ്ടിയുടെ പേര്	ഉദയം	വിഷ്ടിയുടെ ഗുണങ്ങളും സ്ഥിതികളും	സർവ്വഥയിൽ അവയുടെ പേര്
ഒന്ന്	രാത്രിയിൽ അഞ്ചാമത്തെ തിഥിയിൽ	ശൂല്പ	കിഴക്ക്	മൂന്ന് കണ്ണുള്ളത് തലയിലുള്ളമുടി കരിമ്പാകൃതിയിലുള്ളതായിരിക്കും, ഒരു കയ്യിൽ കുളത്തുകോലും മറ്റേ കയ്യിൽ കറുത്ത പാമ്പും, ഒലിക്കുന്ന വെള്ളം പോലെ ശക്തിയുള്ളതും നാവ് നീണ്ടതും ആണ്. യുദ്ധത്തിനും വഞ്ചനാപരമായ പ്രവൃത്തികൾക്കും മാത്രമേ ഇതിന്റെ സമയം പറ്റുകയുള്ളൂ	പരാമുഖ്
രണ്ട്	പകലിന്റെ ഒമ്പതാം തിഥിയിൽ	യമദൂദ്	ഈശൽ	പച്ചനിറവും കയ്യിൽ ഒരു വാളും ഉണ്ടായിരിക്കുന്നതാണ്. ഇടിയും മിന്നലുമുള്ള തണുത്ത മേഘത്തിന്റെ മദ്ധ്യത്തിലാണ് സ്ഥിതി ചെയ്യുക. മരുന്നുകൾപറിക്കുവാനും ഔഷധങ്ങൾ സേവിക്കുവാനും കച്ചവടം സ്വർണ്ണം നടത്തുവാനും ഉരുക്കുവാനുംപറ്റും.	ബൻഖ
മൂന്ന്	രാത്രിയിൽ പന്ത്രണ്ടാമത്തേതിൽ	ഘോര	വടക്ക്	കറുത്ത മുഖത്തോട് കൂടിയതും മുണ്ടഘനമുള്ളതുംകൺതടം കട്ടി കൂടിയതും തലമുടി നീണ്ടതും തൂങ്ങിക്കിടക്കുന്നതും വാഹനപ്പുറത്ത് കയറിയതും കയ്യിലൊരു വാളുപിടിച്ചനിലയിലുമാണ് സ്ഥിതി ചെയ്യുക. ആളുകളെ തിന്നാൻ ഒരുങ്ങി നിൽക്കുകയാണെന്ന് തോന്നും. വായയിൽ നിന്ന് തീ പറക്കുന്നുണ്ടായിരിക്കും. വാ വാ വാ എന്ന് പറഞ്ഞുകൊണ്ടിരിക്കും. തെമ്മാടികളെ കൊല്ലുന്നതിനുംചികിത്സക്കും സർപ്പങ്ങളെ എടുക്കുവാനും മാത്രം പറ്റും	ഘോര
നാല്	പകലിൽ പതിനാറാമത്തേതിൽ	നസ്തരീക്ഷം	വായു	അഞ്ച് മുഖവും പത്ത് കണ്ണുകളും ഉണ്ടായിരിക്കും ഇതിന്റെ സമയം കുറ്റവാളികൾക്ക് പിഴ ഇടുവാനും സൈന്യങ്ങളെ നിയേഗിക്കുവാനും പറ്റും ഇതിന്റെ ഉദയസമയത്തിന്നഭിമുഖമായിക്കൂടാ.	ഗ്രാല

അഞ്ച്	രാത്രി പത്തൊമ്പതാമത്തേതിൽ	ദാദുനി	പശ്ചിമം	പുകയുള്ള തീ ആകൃതിയിലും മൂന്ന് തലയുണ്ടായിരിക്കും ഓരോന്നിനും മൂന്ന് തലയുണ്ടായിരിക്കും ഓരോന്നിനും മറിഞ്ഞുകൊണ്ടിരിക്കുന്ന കണ്ണുകളും ഉണ്ടായിരിക്കും. രോമം എടുത്തുപിടിച്ചതും ഒരു മനുഷ്യന്റെ തലയിലിരിക്കുന്നതും ഗർജ്ജിക്കുന്നതും ജനങ്ങളെ തിന്നുന്നതും ഒരു കയ്യിൽ മറ്റേതിൽ കോടാലിയും ഉള്ളതാണ്.	ചാല
ആറ്	രാത്രി ഇരുപത്തിമൂന്നാമത്തേതിൽ	ക്യാലി	നൈരിതം	വെളുത്തതും മൂന്ന് കണ്ണുകളുള്ളതുംഒരു കയ്യിൽ പാറക്കല്ലും മറ്റേതിൽഇരുമ്പുകൊണ്ടുള്ള ഒരു വജ്രവുംഉള്ള ആകൃതിയിലാണ്. കാലികളെനശിപ്പിക്കുന്നതാണ്. ഇതിന്റെഉദയഭാഗത്ത് വെച്ച് സമരം ചെയ്യുന്നവൻ വിജയിക്കും. ഇതിനോടഭിമുഖമായി മരുന്നുകൾ പറിക്കുകയോനിധികൾ എടുക്കുകയോ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി പ്രയത്നിക്കുകയോ ചെയ്തുകൂടാ.	
ഏഴ്	രാത്രി ഇരുപത്തി ആറാമത്തേതിൽ	ഭയാമനി	തെക്ക്	പളുങ്കിന്റെ നിറവും ഒരു കയ്യിൽ മൂന്ന് ശാഖയുള്ള പ്രശേദവും മറ്റേ കയ്യിൽ ഒരു ജപമാലയും ആകയ്യിൽ ഒരു ജപമാലയും ആകാശത്തേക്ക് നോക്കിക്കൊണ്ടിരിക്കുന്നതുമായ ആകൃതിയിലാണ്. ഹാ, ഹാ എന്നു പറഞ്ഞുകൊണ്ടിരിക്കും. കാളപ്പുറത്ത് കയറിയ ആകൃതിയുമാണ്. കുട്ടികളെ പള്ളിക്കൂടത്തിലേക്ക് അയക്കുവാനും ഉടമ്പടികൾ നടത്തുവാനും ധർമ്മങ്ങളും സദ്കർമ്മങ്ങളും ചെയ്യുവാനും പറ്റിയസമയമാണ്.	കാള രാത്രി
എട്ട്	പകൽ മുപ്പതാമത്തേതിൽ	വികത	അഗ്നി	തത്തയാകൃതിയിലുള്ളതും വിരൂപിയും മൂന്ന് കണ്ണുകളുള്ളതും ഒരു കയ്യിൽ കുന്തവും മറ്റേ കയ്യിൽമൂർച്ചയുമുള്ള ഒരു ചക്രവും ഉണ്ടായിരിക്കും. കട്ടിലിൽ ഇരുന്നുകൊണ്ട് ആളുകളെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നതാണ്. സാ സാ സാ എന്ന് പറഞ്ഞുകൊണ്ടിരിക്കും. ഈ സമയംകുടുംബങ്ങൾക്ക് സേവനം ചെയ്യുവാനും. വീട്ടുജോലികൾ നടത്തുവാനും മാത്രമേ പറ്റൂ.	

അധ്യായം 79

യോഗങ്ങളുടെ വിവരണം

ഇന്ത്യക്കാൽ വളരെ അശുഭമായി കരുതി, എല്ലാ പ്രവൃത്തികളിൽനിന്നും വിരമിച്ചു നിൽക്കുന്ന സമയങ്ങളാണ് 'യോഗ'ങ്ങൾ. അവ വളരെയുണ്ടെങ്കിലും അഭിപ്രായവ്യത്യാസമില്ലാത്തവ രണ്ടെണ്ണം മാത്രമാണ്. ഒന്ന്, സൂര്യനും ചന്ദ്രനും മധ്യേരേഖയിൽനിന്ന് ഒരേ ദൂരത്തിലും ഒരേ ഭാഗത്തിലുമുള്ള രണ്ട് സമാന്തരരേഖയിൽ ചലിച്ചുകൊണ്ടിരിക്കുന്ന സമയം. ഇതിന് 'വ്യതീപാതം' എന്നു പറയുന്നു. രണ്ട്, സൂര്യനും ചന്ദ്രനും മധ്യരേഖയിൽനിന്ന് ഓരോ ദൂരത്തിലും രണ്ട് ഭാഗത്തിലുമുള്ള രണ്ട് സമാന്തരരേഖയിൽ സ്ഥിതി ചെയ്യുന്ന സമയം. ഇതിന് 'വൈധൃതം' എന്നും പറയുന്നു. ആദ്യത്തേതിന്റെ ലക്ഷണം സൂര്യന്റെയും ചന്ദ്രന്റെയും ദൂരം മേടത്തിന്റെ ആരംഭം മുതൽ ആറു രാശി തികയുകയെന്നതാണ്. രണ്ടാമത്തേതിന്റെ ലക്ഷണം, പ്രസ്തുത ദൂരം 12 രാശിയുണ്ടായിരിക്കുക എന്നതത്രെ. ഒരു നിശ്ചിത സമയത്ത്, അവ രണ്ടിന്റെയും ശരിയായ ചലനം കണക്കാക്കി കൂട്ടുകയും മൊത്തസംഖ്യ മേൽപറഞ്ഞ ലക്ഷണങ്ങളിൽ ഒന്നിനോട് തുല്യമാകുകയും ചെയ്താൽ അത് അവയിലൊന്നിന്റെ സമയമാണെന്നു മനസ്സിലാക്കാം. എന്നാൽ, മൊത്തസംഖ്യ പ്രസ്തുത ലക്ഷണങ്ങൾക്കുള്ള തുകയേക്കാൾ ചുരുങ്ങുകയോ കൂടുകയോ ചെയ്താൽ, ഈ രണ്ട് ലക്ഷണത്തിനുള്ള മൊത്തസംഖ്യയും നാം നിശ്ചയിച്ച സമയവും തമ്മിലുള്ള വ്യത്യാസം കൊണ്ടും സൂര്യന്റെയും ചന്ദ്രന്റെയും ദൂരം കൊണ്ടും ആ സമയം മനസ്സിലാക്കാൻ സാധിക്കും. അർദ്ധരാത്രിയിൽനിന്നോ അർദ്ധപകലിൽനിന്നോ ആ സമയത്തിന്റെ ദൂരം മനസ്സിലാക്കുകയാണെങ്കിൽ അതിനു 'മധ്യസ്മയ'മെന്നു പറയുന്നു. കാരണം, ചന്ദ്രൻ രാശിയായാകാശത്തിൽ സൂര്യനെപ്പോലെത്തന്നെ നിലകൊള്ളുകയാണെങ്കിൽ ആ സമയമായിരിക്കും ഉദ്ദേശ്യം. പക്ഷേ, അതു വളരെ അകലെയായിരിക്കുമ്പോൾ ചന്ദ്രന്റെ കാഴ്ചയിൽ ഈ സമയത്ത് സൂര്യന്റെ സമാന്തര

രേഖയിലോ അതിനോട് തുല്യമായൊരു സമാന്തരരേഖയിലോ ഉണ്ടാവുകയില്ല. അതുകൊണ്ട് സൂര്യന്റെയും ചന്ദ്രന്റെയും മധ്യസമയത്തുള്ള കിടപ്പ് മനസ്സിലാക്കേണ്ടിവരും. അവ രണ്ടിന്റെയും ദൂരം കണ്ടുപിടിക്കുകയും അവ സമമായി വരികയും ചെയ്താൽ ഉദ്ദേശ്യസമയം ലഭിക്കുന്നതാണ്. ഇനി ചന്ദ്രന്റെ ദൂരം അതിന്റെ ഡിഗ്രിയേക്കാൾ അധികമാണെങ്കിൽ അതിന്റെ അകലത്തെ സൂര്യന്റെ ദൂരത്തിൽനിന്നു കിഴിക്കേണ്ടതാണ്. ഇനി ചന്ദ്രന്റെ അകലം ഡിഗ്രിയുടെ ദൂരത്തേക്കാൾ കുറവാണെങ്കിൽ അകലത്തെ സൂര്യന്റെ ദൂരത്തോടു കൂട്ടുകയും പിന്നീടതിനെ വൃത്തശകലമായി കണക്കാക്കുകയും ചെയ്യണം. ഈ മാർഗ്ഗമാണ് 'കർണതിലകം' എന്ന പഞ്ചാംഗത്തിൽ ഉപയോഗിച്ചത്. മധ്യസമയം വസന്തത്തിലോ ഹേമന്തത്തിലോ ആണെന്നുവരികയും, അതിന്റെ ദൂരം സൂര്യന്റെ ദൂരത്തേക്കാൾ കുറവാകുകയും ചെയ്താൽ രണ്ടിന്റെയും ദൂരം സമമാകുന്ന സമയം മധ്യസമയമായതിനു ശേഷമാകും. അതിന്റെ ദൂരം സൂര്യന്റെ ദൂരത്തേക്കാൾ കൂടുതലാണെങ്കിൽ ആ സമയം മധ്യസമയത്തിനുമുമ്പു കഴിഞ്ഞിരിക്കും. വസന്തം ശിശിരംപോലെ അടുത്തുള്ള കാലങ്ങളിലാണെങ്കിൽ സ്ഥിതി നേരെമറിച്ചാകും.

എന്നാൽ പുൽസൻ, സൂര്യനും ചന്ദ്രനും വിവിധഭാഗങ്ങളിലാകുമ്പോഴും ഒരു ഭാഗത്താവുമ്പോഴും 'വ്യതീപാത'ത്തിലെന്നപോലെ 'വൈധൃത'ത്തിലും കൂട്ടുകയാണ്. ചെയ്യുന്നത്. വ്യതീപാതത്തിൽ ഭാഗങ്ങൾ ഒന്നായാലും, വൈധൃതത്തിൽ വ്യത്യാസപ്പെട്ടാലും, സൂര്യന്റെയും ചന്ദ്രന്റെയും ദൂരങ്ങളുടെയിടയിലുള്ള ഏറ്റക്കുറവ് എടുക്കുകയാണ് പതിവ്. രണ്ടുനിലയിലും കിട്ടിയത് മധ്യസമയമായി കരുതുന്നു. പിന്നീട്. 'ശ' ദിവസങ്ങളുടെ വിനാഴികകളെ (കാൽദിവസത്തേക്കാൾ കുറഞ്ഞതാണെങ്കിൽ) നിർണ്ണയിച്ച് ആ സമയത്തുള്ള സൂര്യന്റെയും ചന്ദ്രന്റെയും ദൂരങ്ങൾ കണക്കാക്കി അതുവഴി അവയുടെ കിടപ്പ് മനസ്സിലാക്കുക. അങ്ങനെ രണ്ടാമത്തെതും കണ്ടാൽ അതിൽനിന്നു കഴിഞ്ഞതും വരാനിരിക്കുന്നതുമായ സമയങ്ങളെ മനസ്സിലാക്കണം. പിന്നെ അവയും മധ്യസമയവുമായുള്ള ബന്ധം അറിയണം. രണ്ട് ദൂരവും രണ്ടവസരത്തിൽ സമ്മാണെങ്കിൽ മേൽപറഞ്ഞ രണ്ടു തുകകളുടെ ഏറ്റക്കുറവ് ഹരിക്കുന്ന സംഖ്യയുടെ ഭാഗമായിരിക്കും. ഒന്നിൽ കഴിഞ്ഞതും മറ്റേതിൽ വരാനിരിക്കുന്നതുമാണെങ്കിൽ രണ്ട് തുകയും കൂടി കൂട്ടിക്കിട്ടിയതായിരിക്കും ഹരിക്കുന്ന സംഖ്യയുടെ ഭാഗം. അപ്പോൾ മധ്യസമയത്തിൽനിന്നുള്ള ദൂരത്തിന്റെ നിമിഷങ്ങൾ കിട്ടുന്നതും അതനുസരിച്ച് രണ്ട് ദൂരവും സമമാകുന്ന സമയം അറിയാവുന്നതുമാണ്. കരണതിലകത്തിലുള്ളതനുസരിച്ച് ദൂരത്തിന്റെ വൃത്താംശം എടുക്കുകയാണ് ചെയ്യേണ്ടത്. അപ്പോൾ ചന്ദ്രന്റെ ശരിയായ ദൂരം മൂന്ന് രാശിയേക്കാൾ കുറവാണെങ്കിൽ അങ്ങനെത്തന്നെ സൂക്ഷിക്കുകയും മൂന്നുരാശിയേക്കാൾ ആറുരാശിവരെ കൂടു

കയാണെങ്കിൽ ആറു രാശിയിൽനിന്ന് കിഴിക്കുകയും വേണം. ഒമ്പത് രാശിവരെ അധികമാകുകയാണെങ്കിൽ അതിൽ ആറ് റാശി കൂട്ടുകയും വേണം. ഒമ്പതിൽ കൂടുകയാണെങ്കിൽ പന്ത്രണ്ട് രാശിയിൽ നിന്നാണ തിനെ കിഴിക്കേണ്ടത്. അപ്പോൾ ചന്ദ്രന്റെ രണ്ടാമത്തെ സ്ഥലം മനസ്സി ലാകും. ഇതിനെ ചന്ദ്രന്റെ ശരിയായ സമയവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ, രണ്ടാമത്തെ സമയം കുറവാണെങ്കിൽ സൂര്യന്റെയും ചന്ദ്രന്റെയും ദൂരം സമമാകുന്ന കാലം വന്നിട്ടില്ലെന്നും അധികമാണെ ങ്കിൽ കഴിഞ്ഞുപോയെന്നും മനസ്സിലാക്കാം. പിന്നീട് ചന്ദ്രന്റെ രണ്ടു ദൂരത്തിനിടയിലുള്ള ഏറ്റക്കുറവിനെ, സൂര്യന്റെ ദൂരംകൊണ്ട് പെരുക്കി ക്കിട്ടുന്ന ഫലത്തെ, ചന്ദ്രന്റെ ദൂരംകൊണ്ട് ഹരിക്കുകയും ഹരിച്ചുകിട്ടു ന്നതിനെ ശരിയായ സമയത്തുള്ള, സൂര്യന്റെ ദൂരത്തോട് കൂട്ടുകയും ചെയ്ക. ഇത് ചന്ദ്രന്റെ രണ്ടാമത്തെ ദൂരം ആദ്യത്തേതിനേക്കാൾ അധി കമാണെങ്കിലാണു വേണ്ടത്. കുറവാണെങ്കിൽ സൂര്യന്റെ ദൂര ത്തിൽനിന്നു കിഴിക്കണം. എന്നാൽ, രണ്ട് ദൂരവും സമമാണെങ്കിൽ സൂര്യൻ സ്ഥിതിചെയ്യുന്ന സ്ഥലം മനസ്സിലാക്കാൻ സാധിക്കും. ഇതറി യാൻ ചന്ദ്രന്റെ രണ്ട് ദൂരത്തിനിടയിലുള്ള ഏറ്റക്കുറവിനെ അതിന്റെ നേരെയുള്ള ദൂരംകൊണ്ട് ഹരിച്ചാൽ ദിവസങ്ങളുടെ നിമിഷങ്ങൾ കിട്ടു ന്നതും അപ്പോൾ അവ മുഖേന സൂര്യന്റെയും ചന്ദ്രന്റെയും സ്ഥലങ്ങളും അവയുടെ ദൂരങ്ങളും അറിയാൻ കഴിയുന്നതുമാണ്. രണ്ടും സമമാണെ ങ്കിൽ അതുതന്നെയായിരിക്കും ഉദ്ദേശിച്ചത്. ഇല്ലെങ്കിൽ രണ്ടും സമമാ കുന്നതുവരെ പിന്നെയും പ്രവർത്തിച്ചുകൊണ്ടിരിക്കണം. സൂര്യന്റെയും ചന്ദ്രന്റെയും ദൂരങ്ങളിൽനിന്നു പകുതി കിഴിച്ചു ബാക്കിയുള്ളതിനെ 60 കൊണ്ട് പെരുക്കി കിട്ടുന്നതിനെ പൊതുദൂരംകൊണ്ട് ഹരിക്കുക. ശരി യായ സമയത്തെ 3 സ്ഥലത്തായി എഴുതുകയും പിന്നീട് ഹരിച്ചുകി ട്ടിയ ഉത്തരത്തെ, ആദ്യം എഴുതിയ തുകയിൽനിന്നു കിഴിക്കുകയും അവ സാനത്തെതിനോടു കൂട്ടുകയും ചെയ്യുക. എന്നാൽ, ആദ്യത്തേത് വ്യതീ പാതത്തിന്റെയോ അല്ലെങ്കിൽ വൈധൃതത്തിന്റെയോ ആരംഭസമയമാ യിരിക്കും. രണ്ടാമത്തേത് മധ്യസമയവും മൂന്നാമത്തേത് അവസാനസ മയവുമാകും. ഈ മാർഗ്ഗങ്ങളുടെയെല്ലാം തെളിവുകൾ വിശദമായി വിവ രിച്ച് നാം ഒരു പഞ്ചാംഗം എഴുതിയിട്ടുണ്ട്. അതിന് 'അറബികണ്ഠകാ തിക' എന്നാണ് പേര് കൊടുത്തത്.

എന്നാൽ 'ഭട്ടിലാ' പ്രസ്തുത രണ്ടു ദിവസങ്ങളും പൂർണ്ണശുഭങ്ങ ളായാണ് കണക്കാക്കുന്നത്. വരാഹമിഹിരൻ അവയിൽ കണക്കു കൊണ്ട് കിട്ടുന്ന സമയം മാത്രമേ അശുഭമായി കരുതുന്നുള്ളൂ. മാനിന്റെ ഏതെങ്കിലും ഒരവയവത്തിൽ നഞ്ചുകുടുങ്ങിയാൽ അത് അതിന്റെ മറ്റു ഭാഗങ്ങളിലേക്കു വ്യാപിക്കാത്തതുപോലെ ആ ദിവസങ്ങളിലെ ചില പ്രത്യേക സമയത്തെ ശൂന്യത മറ്റു സമയങ്ങളെ ബാധിക്കുകയില്ലെ

ന്നാണ് അദ്ദേഹം പ്രസ്താവിക്കുന്നത്. 'വ്യതീപാത'ത്തിന്റെ എണ്ണം ഞാറ്റുവേലയനുസരിച്ച് 27 ആയി അവർ കണക്കാക്കുന്നു. അപ്രകാരമാണ് പുത്സൻ പരാശരനിൽ നിന്ന് ഉദ്ധരിച്ചള്ളത്. ബ്രാഹ്മണനായ 'ഭട്ടിലാ' തന്റെ പഞ്ചാംഗത്തിൽ ഇങ്ങനെ പറയുന്നു: "പ്രത്യേക മാനദണ്ഡങ്ങളുള്ള എട്ടു സമയങ്ങളുണ്ട്. അവയിലൊന്നിന്റെ മാനദണ്ഡത്തോട് സൂര്യന്റെയും ചന്ദ്രന്റെയും ശരിയായ ചലനങ്ങളുടെ ആകെത്തുക സമമായാൽ ആ സമയത്ത് 'വ്യതീപാത'മുണ്ടാകുന്നു. അതിലൊന്നാമത്തേതിന് 'വിക്ഷുതം' എന്നുപറയുന്നു. ഇതിന്റെ മാനദണ്ഡം നാല് രാശിയാണ്. രണ്ടാമത്തേത് 'ഗണ്ഡാന്ത'മാണ്. ഇതിന്റെ മാനദണ്ഡം 4 രാശിയും 13 1/3 ഡിഗ്രിയുമാണ്. മൂന്നാമത്തേത് 'ലാത'യാകുന്നു. ഇത് പൊതുവ്യതീപാതമാണ്. ഇതിന്റെ മാനദണ്ഡം ആറ് രാശിയാകുന്നു. നാലാമത്തേത് 'യാസ്' ആണ്. ഇതിന്റെ മാനദണ്ഡം 6 രാശിയും 6 2/3 ഡിഗ്രിയുമാണ്. അഞ്ചാമത്തേത് 'വരഹ'യാണ്. 'വരഹവ്യതീപാത'മെന്നും ഇതിനു പേരുണ്ട്. ഇതിന്റെ മാനദണ്ഡം 7 രാശിയും 16 2/3 ഡിഗ്രിയുമാണ്. ആറാമത്തേത് 'കാലദണ്ഡ'യാണ്. ഇതിന്റെ മാനദണ്ഡം 8 രാശിയും 13 1/3 ഡിഗ്രിയുമാണ്. ഏഴാമത്തേത് 'വ്യാക്ഷാതു'വും മാനദണ്ഡം 9 രാശിയും 23 1/3 ഡിഗ്രിയുമാണ്. എട്ടാമത്തേത് വൈധൃതമാണ്. ഇതിന്റെ മാനദണ്ഡം 12 രാശിയാകുന്നു. ഇവ പ്രസിദ്ധങ്ങളാണെങ്കിലും മൂന്നും എട്ടും മാത്രമേ നിയമപരിധിയിൽ ഒതുങ്ങിനിൽക്കുകയുള്ളൂ. 'വ്യാക്ഷാതം', 'വക്ഷുതം' എന്നിവയുടെ കാലം വരാഹമിഹിരന്റെ അഭിപ്രായമനുസരിച്ച്, ഓരോ മുഹൂർത്തവും 'ദണ്ഡാന്തം' 'വരഹ്' ഇവയിലോരോന്നിന്റെയും കാലം രണ്ടു മുഹൂർത്തങ്ങളുമാണ്. ഇവയെക്കുറിച്ച് ഇന്ത്യക്കാർ വളരെ വിശദീകരിച്ച് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം ഇവിടെ ആവശ്യമാണെന്നു തോന്നുന്നില്ല. മുമ്പു പറഞ്ഞ എന്റെ ഗ്രന്ഥത്തിൽ അവയെല്ലാം ഉദ്ധരിച്ചിട്ടുണ്ട്. കർണതിലകം എന്ന പഞ്ചാംഗത്തിൽ 27 യോഗങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരുന്നു. അവ അറിയാനുള്ള മാർഗ്ഗം സൂര്യന്റെ ശരിയായ ദൂരവും ചന്ദ്രന്റെ ശരിയായ ദുരവും കൂട്ടിക്കിട്ടുന്ന ഉത്തരത്തെ നിമിഷങ്ങളാക്കുകയും അവയെ 108 കൊണ്ട് ഹരിക്കുകയും ചെയ്യുക എന്നതാണ് ശിഷ്ടം വരുന്നതിനെ 60 കൊണ്ട് പെരുക്കിയ സംഖ്യയോട് സൂര്യന്റെയും ചന്ദ്രന്റെയും ദൂരങ്ങൾ കൂട്ടിക്കിട്ടുന്നതു കൊണ്ട് ഹരിച്ചാൽ ദിവസങ്ങളുടെ നിമിഷങ്ങൾ കിട്ടും. അവ അപൂർണ്ണയോഗങ്ങളിൽനിന്നു കഴിഞ്ഞ സമയങ്ങളാകുന്നു. ആ യോഗങ്ങളുടെ പേരുകളും സ്ഥിതിയും 'ശ്രീപാലനി'ൽനിന്നു ഞാനിവിടെ ഉദ്ധരിക്കുന്നു.

ഇരുപത്തി ഏഴ് യോഗങ്ങൾ					
എണ്ണം	പേര്	ഗുണവും ദോഷവും	എണ്ണം	പേര്	ഗുണവും ദോഷവും
1	വിഷ്കംഭം	നല്ലത്	15	വജ്രം	ചീത്ത
2	പ്രിയതം	നല്ലത്	16	സിദ്ധി	നല്ലത
3	രായുകം	ചീത്ത	17	കുന്നതി	ചീത്ത
4	സൗഭാഗ്യം	നല്ലത്	18	വർയ്യം	ചീത്ത
5	ശോഭന	നല്ലത്	19	പരിഘ	ചീത്ത
6	ഉൾകണ്ഠ	ചീത്ത	20	ശിവം	നല്ലത്
7	സുകർമ്മം	നല്ലത്	21	സിദ്ധഃ	നല്ലത്
8	ദ്രുതം	നല്ലത്	22	സാദ്ധ്യ	മദ്ധ്യനില
9	ശൂലം	ചീത്ത	23	ശുഭ	നല്ലത്
10	ഗന്ധം	ചീത്ത	24	ശുക്ര	നല്ലത്
11	വൃദ്ധി	നല്ലത്	25	ബ്രാഹ്മം	നല്ലത്
12	ധ്രുവം	നല്ലത്	26	ഇന്ദ്രൻ	നല്ലത്
13	വ്യാഘ്രതം	ചീത്ത	27	വൈധൃതി	ചീത്ത
14	ഹരിശനം	നല്ലത്			

അധ്യായം 80

ഇന്ത്യക്കാക്കാരുടെ ജ്യോതിഷഗണനമാർഗ്ഗങ്ങളും ജ്യോതിശാസ്ത സംബന്ധമായ ചില പ്രാഥമിക മൂലതത്വങ്ങളും

ഇന്ത്യക്കാരുടെ ജ്യോതിഷഗണന മാർഗ്ഗങ്ങൾ നമ്മുടെ നാട്ടുകാർക്കിടയിൽ പ്രസിദ്ധമല്ല. അതുപോലെ, അവരുടെ മാർഗ്ഗങ്ങളും തത്വങ്ങളും ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ നമ്മുടെ നാട്ടുകാർ വായിച്ചിട്ടുമില്ല. എന്നാൽ, ഇന്ത്യക്കാർ നമ്മോട് ജ്യോതിശ്ശാസ്ത്രത്തിൽ യോജിക്കുന്നവരാണെന്നു പൊതുവിൽ നമ്മുടെ നാട്ടുകാർ കരുതുകയും ഇന്ത്യക്കാരിൽനിന്നാണെന്ന നിലയ്ക്ക് ചില വിഷയങ്ങൾ ഉദ്ധരിക്കുകയും ചെയ്യാറുണ്ട്. പക്ഷേ, ഇന്ത്യക്കാരുടെ ഗ്രന്ഥങ്ങൾ പരിശോധിച്ചതിൽ, അതിലൊന്നും തന്നെ എനിക്ക് കാണാൻ സാധിച്ചിട്ടില്ല. ഇന്ത്യക്കാരുടെ പല വിഷയങ്ങളെക്കുറിച്ചും അല്പാല്പമായി കഴിഞ്ഞ അധ്യായങ്ങളിൽ നാം വിവരിച്ചതുപോലെ, ഈ അധ്യായത്തിൽ മേൽപരഞ്ഞ വിഷയത്തെപ്പറ്റിയുള്ള അവരുടെ നിലയും സ്വല്പം വിവരിക്കാം. മൂലതത്വങ്ങൾ മാത്രം പറയുന്ന ഈ ചെറുഗ്രന്ഥത്തിൽ വിശദാംശങ്ങൾ ചേർക്കാൻ ഞാനുദ്ദേശിക്കുന്നില്ല.

ജ്യോതിഷ വിഷയങ്ങളിൽ അവരുടെ അടിസ്ഥാനം, പക്ഷിലക്ഷണം, അംഗലക്ഷണം, മുഖലക്ഷണം മുതലായവപോലെ നക്ഷത്രങ്ങളുടെ ചില സ്ഥിതിവിശേഷങ്ങൾ, അന്തരീക്ഷത്തിൽ സംഭവിക്കുന്ന സ്ഥിതിമാറ്റത്തിൽനിന്നും മനസ്സിലാക്കാം എന്നതാണ്. എന്നാൽ, ചലന നക്ഷത്രങ്ങൾ ഏഴാണെന്നതിൽ അവർക്കും നമുക്കുമിടയിൽഭിന്നതയില്ല. ചലനനക്ഷത്രങ്ങൾക്ക് അവർ ഗ്രഹങ്ങൾ എന്നും പറയുന്നു. അവയിൽ ചിലത് പൊതുവിൽ ശുഭങ്ങളാണ്. അവ വ്യാഴം, ശുക്രൻ, ചന്ദ്രൻ എന്നീ മൂന്ന് ഗ്രഹങ്ങളാകുന്നു. ഇവയ്ക്ക് 'സൗമ്യഗ്രഹം' എന്നും പറയാറുണ്ട്. 'ക്രൂരഗ്രഹം' എന്ന പേരിലറിയപ്പെടുന്ന ശനി, ചൊവ്വ, സൂര്യൻ ഇവ പൊതുവിൽ അശുഭങ്ങളാണ്. രാഹു ഗ്രഹമല്ലെങ്കിലും അശുഭഗ്രഹങ്ങ

ളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്നു. ബുധത്തിന്റെ സ്ഥിതി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. അത് ചിലപ്പോൾ അശുഭവും മറ്റുചിലപ്പോൾ ശുഭവുമായിരിക്കും. മറ്റുള്ളവയോട് കൂടുമ്പോഴാണ് ഈ വ്യത്യാസം വരുന്നത്. തനിയേ നിൽക്കുമ്പോൾ അതിന്റെ സ്ഥിതി ശുഭമായിരിക്കുന്നതാണ്. ഗതികൾ വിവരിക്കുന്ന പട്ടികയാണ് താഴെ ചേർക്കുന്നത്.

ഗ്രഹങ്ങളുടെ പേര്	ശുഭവും അശുഭവും	പഞ്ചഭൂതങ്ങളെകാണിക്കുന്നത്	സ്ത്രീലിംഗം പുല്ലിംഗം	രാത്രിയിലുള്ളതും പകലിലുള്ളതും	ദിക്കുകളെ കുറിക്കുന്നത്	നിറങ്ങൾ കാണിക്കുന്നത്
സൂര്യൻ	ശുഭം	0	പുല്ലിംഗം	പകലിന്റേത്	കിഴക്ക്	ചെമ്പ് വർണ്ണം
ചന്ദ്രൻ	മറ്റുനക്ഷത്രങ്ങളോട് കൂടുമ്പോ ശുഭവും മാസത്തിന്റെ ആദ്യത്തെ 10-ൽ മദ്ധ്യനിലയിലുള്ളതുംതണ്ടാമത്തെ പത്തിൽ ശുഭവും അവസാനം അശുഭവും	0	സ്ത്രീലിംഗം	രാത്രിയുടേത്	വടക്ക് പടിഞ്ഞാറ്	വെള്ളുപ്പ്
ചൊവ്വ	അശുഭം	തീ	പുല്ലിംഗം	രാത്രിയുടേത്	തെക്ക്	ഇളം ചുകപ്പുള്ള വെള്ള
ബുധൻ	സ്വന്തമായാൽ ശുഭമായിരിക്കും മറ്റുവല്ലതിനോടും ചേരുമ്പോൾ അതിന്റെ നിലപോലെ വരുന്നതാണ്.	ഭൂമി	നപുംസുക ലിംഗം	രാത്രിയുടേയും പകലിന്റേതും	വടക്ക്	പച്ച നിറം
വ്യാഴം	ശുഭം	വായു (ആകാശം)	പുല്ലിംഗം	പകലിന്റേത്	വടക്ക് കിഴക്ക്	സ്വർണ്ണ നിറം
ശുക്രൻ	ശുഭം	വെള്ളം	സ്ത്രീ ലിംഗം	പകലിന്റേത്	പടിഞ്ഞാറിനും കിഴക്കിനുംമദ്ധ്യത്തിൽ	വിവിധ വർണ്ണം
ശനി	അശുഭം	കാറ്റ്	നപുംസക ലിംഗം	രാത്രിയുടേത്	പടിഞ്ഞാറ്	കറുപ്പ്

ഗ്രഹങ്ങളുടെ പേര്	കാല സൂചന	ഋതുക്കളെ കുറിക്കുന്നത്	സ്വാദുകൾ	ലോഹങ്ങൾ	വസ്ത്രങ്ങൾ	ആത്മാക്കൾ	മനുഷ്യ വർഗ്ഗങ്ങൾ	വേദങ്ങൾ
സൂര്യൻ	അയനം	0	കയ്പ്	ചെമ്പ്	പരുക്കൻ	നിറം	ക്ഷത്രിയരും സൈന്യാധിപന്മാരും	0
ചന്ദ്രൻ	മുഹൂർത്തം	വർഷം	ഉപ്പ്	പളുങ്ക്	കോടി	വെള്ളം	വൈശ്യരും സൈന്യാധിപരും	0
ചൊവ്വ	പകൽ	ഗ്രീഷ്മം	-	സ്വർണ്ണം	കരിഞ്ഞത്	തീ	ക്ഷത്രിയരും സർവ്വ സൈന്യാധിപരും	സാമവേദം
ബുധൻ	ഋതു 1/6 വർഷം	ശരത്	മിശ്ര രുചികൾ	ചെറു മുത്തുകൾ	നനഞ്ഞത്	ബ്രഹ്മാവ്	ശൂദ്രരും സന്താനങ്ങളും	അഥർവ്വ വേദം
വ്യാഴം	മാസം	ഹേമന്തം	മധുരം	വെള്ളി. ശക്തി കൂടിയാൽ സ്വർണ്ണമാവാം	വൃത്തികെട്ടതിന്റെയും കോടിയുമിടയിൽ	മഹാദേവൻ	ബ്രാഹ്മണരും മന്ത്രിമാരും	ഋഗ്വേദം
ശുക്രൻ	പക്ഷം	വസന്തം	- -	മുത്ത്	മുഴുവൻ	ഇന്ദ്രൻ	ബ്രാഹ്മണരും മന്ത്രിമാരും	യജുർവേദം
ശനി	വർഷം	ശിശിരം	- -	ഇരുമ്പ്	കരിഞ്ഞത്	- -		0

ഗ്രഹങ്ങളുടെ പേര്	ഗർഭ മാസങ്ങൾ	ഗുണങ്ങൾ	മിത്രം	ശത്രു	വശ്യൻ
			സ്നേഹിതൻ	ശത്രുക്കൾ	മധ്യനിലക്കാർ
സൂര്യൻ	നാലാം മാസം ഇതിൽ എല്ലുകൾ ഉറക്കുന്നു	സത്വ	വ്യാഴം ചൊവ്വ ചന്ദ്രൻ	ശനി ശുക്രൻ	ബുധൻ
ചന്ദ്രൻ	അഞ്ചാം മാസം ഇതിൽ തൊലി പിടിക്കുന്നു	സത്വ	സൂര്യൻ ബുധൻ	ഒരു ഗ്രഹവും ശത്രുക്കളായില്ല	ശനി വ്യാഴം ചൊവ്വ ശുക്രൻ
ചൊവ്വ	രണ്ടാം മാസം ഇതിൽ ഗർഭപിണ്ഡം ശക്തിപ്പെടുന്നു	തമസ്സ്	വ്യാഴം സൂര്യൻ ചന്ദ്രൻ	ബുധൻ	ശനി ശുക്രൻ
ബുധൻ	ഏഴാമത്തെ മാസം ഇതിൽ പൂർണ്ണമാവുകയും ഓർമ്മ ലഭിക്കുകയും ചെയ്യുന്നു	രജസ്സ്	സൂര്യൻ ശുക്രൻ	ചന്ദ്രൻ	ശനി, ചൊവ്വ വ്യാഴം
വ്യാഴം	മൂന്നാമത്തെ മാസം ഇതിൽ അവയവങ്ങൾ ഉണ്ടാകുന്നു	സത്വ	സൂര്യൻ ചന്ദ്രൻ ചൊവ്വ	ശുക്രൻ ബുധൻ	ശനി
ശുക്രൻ	ഒന്നാമത്തെ മാസം ഇതിൽ ഇന്ദ്രിയവും ആർത്തവ രക്തവും തമ്മിൽ ചേരുന്നു	രജസ്സ്	ശനി ബുധൻ	സൂര്യൻ ചന്ദ്രൻ	വ്യാഴം ചൊവ്വ
ശനി	ആറാമത്തെ മാസം ഇതിൽ രോമം മുളയ്ക്കുന്നു	തമസ്സ്	ശുക്രൻ ബുധൻ	സൂര്യൻ ചന്ദ്രൻ ചൊവ്വ	വ്യാഴം

50	20	18	9	2	1	20	ദൃഷ്ടിവർഷം
20	21	15	12	15	25	19	ബുദ്ധിവർഷം
7	25	14	5	6	2	1	എല്ലുകളുടെ വഴിക്കു വഴി ക്രമം
പാട, മാംസം വേദന	ഇന്ദ്രിയം	ബുദ്ധിയും പാടയും	ശബ്ദവും തൊലിയും	മജ്ജ	ഉണ്ണാക്കും രക്തവും	ശ്വാസവും എല്ലുകളും	ശരീരാവയവങ്ങളെ കുറിച്ചുള്ള സൂചന
ശനി	ശുക്രൻ	വ്യാഴം	ബുധൻ	ചൊവ്വ	ചന്ദ്രൻ	സൂര്യൻ	ഗ്രഹങ്ങളുടെ പേര്

വലുപ്പത്തിലും, ശക്തിയിലുമുള്ള വഴിക്കുവഴി ക്രമത്തെ കാണിക്കുന്ന പട്ടികയുടെ ഉദ്ദേശ്യം, ചിലപ്പോൾ രണ്ട് നക്ഷത്രങ്ങൾ സൂചനയിലും ശക്തിയിലും ദൃശ്യകാലത്തിന്റെ എണ്ണത്തിലും സമമായിരിക്കു

മെന്നും അങ്ങനെ വരുമ്പോൾ അവ രണ്ടിൽ ഈ പട്ടികയിൽ മുൻഗണന നൽകിയതിനു പ്രഥമസ്ഥാനം കൊടുക്കണമെന്നും കാണിക്കാനാണ്. പ്രഥമസ്ഥാനത്തുള്ളത് രണ്ടിൽ ഏറ്റം വലുതാണെന്നോ ഏറ്റവും ശക്തിയുള്ളതാണെന്നോ പറയുന്നു. എന്നാൽ, ഗർഭിണികളുടെ മാസങ്ങൾ പൂർത്തിയാകേണ്ടതിന് 8-ാം മാസത്തെ അവർ ഗർഭഛിദ്രത്തിനിടയാക്കുന്ന അഷ്ടമഗ്രഹത്തിനു നിശ്ചയിച്ചു. ഗർഭസ്ഥശിശു ഈ ഘട്ടത്തിൽ മൃദുലമായ ആഹാരം കഴിച്ചുതുടങ്ങുന്നുവെന്നും ഈ മാസം പൂർത്തിയായതിനുശേഷം പ്രസവിച്ചാൽ ആ കുട്ടി ജീവിക്കുമെന്നും അതിനുമുമ്പ് ജനിച്ചാൽ ജീവിക്കുകയില്ലെന്നും അവർ വിശ്വസിക്കുന്നു. ഒമ്പതാം മാസം ചന്ദ്രന്റെതും പത്താം മാസം സൂര്യന്റെതും ആണ്. 10 മാസത്തിലധികം ഒരു കുട്ടി ഗർഭത്തിലിരിക്കുകയില്ലെന്നാണ് അവർ വാദിക്കുന്നത്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ അത് വായുസംബന്ധമായ എന്തോ രോഗം കൊണ്ടാണെന്നാണ് അവരുടെ അഭിപ്രായം. മിത്രതയുടെയും ശത്രുതയുടെയും ശക്തിയും ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ ഗ്രഹപാലകന്മാരുടെ ശക്തിയനുസരിച്ചു വ്യത്യാസപ്പെടുന്നതാണ്. ചിലപ്പോൾ അടിസ്ഥാനസമ്പ്രദായത്തിൽനിന്ന് അതിനു മാറ്റം സംഭവിച്ചേക്കാം. അതിന്റെ ഉദാഹരണവും വർഷങ്ങളും പിന്നീട് വിവരിക്കുന്നതാണ്. രാശി 12 ആണെന്നതിലും അതിനോട് പാലകന്മാരായ ഗ്രഹങ്ങൾ തുടരുമെന്നതിലും നാമും അവരുമായി അഭിപ്രായവ്യത്യാസമില്ല. പൂർണ്ണരാശികളുടെ സ്ഥിതിഗതികൾ കാണിക്കുന്ന പട്ടികയാണിവിടെ കൊടുക്കുന്നത്. (460, 461, 462 പേജുകൾ)

'ശാഫി'ന് (മാന്യത) അവരുടെ ഭാഷയിൽ 'ഉച്ചസ്ഥം' എന്നും അതിന്റെ ഡിഗ്രിക്ക് (സ്ഥാനത്തിന്) 'പരമോച്ചസ്ഥം' എന്നും പറയുന്നു. അതുപോലെത്തന്നെ 'ഹബൂത്ത്' (താഴ്ച) 'നീചസ്വം' എന്നും അതിന്റെ ഡിഗ്രിക്ക് (സ്ഥാനത്തിന്) 'പരമനീചസ്വം' എന്നും പറയുന്നു. 'മൂലത്രികോൺ' എന്നത് ഗ്രഹങ്ങളുടെ ഒരു ശക്തിയാണ്. ത്രികോണുകളെ, പഞ്ചഭൂതങ്ങളുമായും പ്രകൃതിയുമായും നമ്മെപ്പോലെ അവർ ബന്ധപ്പെടുത്താറില്ല. അവയെ ദിക്കുകളുമായി മൊത്തത്തിൽ ബന്ധപ്പെടുത്തുന്നു. അതിന്റെ വിശദീകരണം പട്ടികയിൽ വരുന്നുണ്ട്. ചലിക്കുന്ന രാശിക്ക് അവർ 'ചരരാശി' എന്നും നിശ്ചലരാശിക്ക് 'സ്ഥിരരാശി' എന്നും രണ്ടു ശരീരമുള്ളതിന് 'ദ്വിസ്വഭാവി' എന്നുമാണ് പറയുന്നത്. ഗ്രഹങ്ങളെ വിശദീകരിച്ചതുപോലെ രാശികളുടെ സ്ഥിതിഗതികളും ഈ പട്ടികയിൽ വിവരിക്കുന്നുണ്ട്. ഭൂമിയുടെ മുകളിലുള്ള അർദ്ധത്തിനു 'ഛത്രം' (കുട) എന്നും ഭൂമിയുടെ താഴെയുള്ള അർദ്ധത്തിന് 'നൗ' (കപ്പൽ) എന്നും പറഞ്ഞുവരുന്നു. ഭൂമിയിൽനിന്നു മുകളിലേക്ക് ആകാശത്തിന്റെ മധ്യം വരെയുള്ള ഭാഗത്തിനും താഴോട്ട് ഭൂമിയുടെ മധ്യം വരെയുള്ള ഭാഗത്തിനും 'ധനു' (വില്ല്) എന്നാണ് പറയുന്നത്. (പേജ് 463, 464)

ജ്യോതിശാസ്ത്രനിയമങ്ങളുടെ മാനദണ്ഡമായ ചില മൂലതത്വങ്ങളാണ് മേലുദ്ധരിച്ചത്. അതിൽ ഗ്രഹങ്ങളും രാശികളും രാശിമണ്ഡലങ്ങളും ഉൾപ്പെടുന്നു. ഇവയുടെ സൂചനകൾ മനസ്സിലാക്കാൻ കഴിയുന്നവർ ജ്യോതിശ്ശാസ്ത്രത്തിൽ സമർത്ഥരായിത്തീരുന്നതാണ്. അതിനുശേഷം വേണ്ടത് രാശികളുടെ വിഭാഗങ്ങൾ മനസ്സിലാക്കുകയാണ്. അവയിൽ ഒന്നാമത്തേത് 'നിമ്പഹാരം' ആകുന്നു. ഇതിന് 'ഹോര' (മണിക്കൂർ) എന്നും പറയാറുണ്ട്. രാശിയുടെ അദ്ധർഭാഗം ഉദിക്കുന്നത്. ഒരു മണിക്കൂർ സമയം കൊണ്ടായതിനാലാണത്രെ ഇങ്ങനെ പറയുന്നത്.

രാശികൾ	പാലകന്മാർ	ഉച്ചസ്ഥാം		മൂലത്രികോണപാലകന്മാർ	പുല്ലിംഗം സ്ത്രീലിംഗം	ശുഭം അശുഭം	വർണ്ണങ്ങൾ
		ഉച്ചം	ഡിഗ്രി				
മേടം	ചൊവ്വ	സൂര്യൻ	10	ചൊവ്വ	പുല്ലിംഗം	അശുഭം	ഇളം ചുകപ്പ്
ഇടവം	ശുക്രൻ	ചന്ദ്രൻ	3	ചന്ദ്രൻ	സ്ത്രീലിംഗം	ശുഭം	വെള്ള
മിഥുനം	ബുധൻ	0	0	0	പുല്ലിംഗം	അശുഭം	പച്ച
കർക്കിടകം	ചന്ദ്രൻ	വ്യാഴം	0	0	സ്ത്രീലിംഗം	ശുഭം	ഇളം മഞ്ഞ
ചിങ്ങം	സൂര്യൻ	0	0	സൂര്യൻ	പുല്ലിംഗം	അശുഭം	ഇളം വെള്ള
കന്നി	ബുധൻ	ബുധൻ	15	ബുധൻ	സ്ത്രീലിംഗം	ശുഭം	വിവിധ വർണ്ണം
തുലാം	ശുക്രൻ	ശനി	20	ശുക്രൻ	പുല്ലിംഗം	അശുഭം	കറുപ്പ്
വൃശ്ചികം	ചൊവ്വ	0	0	0	സ്ത്രീലിംഗം	ശുഭം	സ്വർണ്ണ നിറം
ധനു	വ്യാഴം	0	0	വ്യാഴം	പുല്ലിംഗം	അശുഭം	വിളറിയ
മകരം	ശനി	ചൊവ്വ	28	0	സ്ത്രീലിംഗം	ശുഭം	സ്ലേറ്റ് നിറം
കുംഭം	ശനി	0	0	ശനി	പുല്ലിംഗം	അശുഭം	തവിട്ടു നിറം
മീനം	വ്യാഴം	വെള്ളി	27	0	സ്ത്രീലിംഗം	ശുഭം	മണ്ണ് നിറം

രാശികൾ	ദിക്കുകൾ	ഉദയരൂപം	ചലിക്കുന്നതും നിശ്ചലവും ര ണ്ടിന്റെയും മ ദ്ധ്യത്തിലുള്ളത്	രാത്രിയുടേയും പകലിന്റെയും (ചിലരുടെഅ ഭിപ്രായത്തിൽ)	അവയവങ്ങളെ കുറിച്ചുള്ള സൂചന
മേടം	നേർ കിഴക്ക്	മലർന്ന നിലയിൽ	ചലിക്കുന്നത്	രാത്രിയുടേത്	തല
ഇടവം	തെക്ക് കിഴക്ക്	മലർന്ന നിലയിൽ	നിശ്ചലമായത്	രാത്രിയുടേത്	മുഖം
മിഥുനം	പടിഞ്ഞാറ് തെക്ക്	ഒരു ഭാഗം കൊണ്ട്	ചലനമുള്ളതും നിശ്ചലമായതും	രാത്രിയുടേത്	രണ്ട് ചുമലും രണ്ട് കയ്യും
കർക്കിടകം	പടിഞ്ഞാറ് വടക്ക്	മലർന്ന നിലയിൽ	ചലനമുള്ളത്	രാത്രിയുടേത്	നെഞ്ച്
ചിങ്ങം	വടക്ക് കിഴക്ക്	നിൽക്കുന്ന നിലയിൽ	നിശ്ചലമായത്	പകലിന്റെത്	വയറ്. ഊര പൃഷ്ഠം
കന്നി	നേർ തെക്ക്	നിൽക്കുന്ന ആകൃതി	ചലനമുള്ളതും നി ശ്ചലമായതുംകൂടി	പകലിന്റെത്	ചന്തി ഊര, പൃഷ്ഠം
തുലാം	നേർ പടിഞ്ഞാറ്	നിൽക്കുന്ന ആകൃതി	ചലിക്കുന്നത്	പകലിന്റെത്	പൊക്കിളിന്റെ താഴ്ഭാഗം
വൃശ്ചികം	നേർ വടക്ക്	നിൽക്കുന്ന നിലയിൽ	നിശ്ചലമായത്	പകലിന്റെത്	ഗുഹ്യ സ്ഥാനം
ധനു	കിഴക്ക് തെക്ക്	മലർന്ന നിലയിൽ	ചലനമുള്ളതും നി ശ്ചലമായതുംകൂടി	രാത്രിയുടേത്	രണ്ട് തുട
മകരം	തെക്ക് പടിഞ്ഞാറ്	മലർന്ന നിലയിൽ	ചലിക്കുന്നത്	രാത്രിയുടേത്	രണ്ട് മുട്ടു കാൽ
കുംഭം	വടക്ക് പടിഞ്ഞാറ്	നിൽക്കുന്ന ആകൃതി	നിശ്ചലമായത്	പകലിന്റെത്	രണ്ട് തണ്ടു കാൽ
മീനം	വടക്ക് കിഴക്ക്	നിൽക്കുന്ന ആകൃതി	ചലനമുള്ളതും നി ശ്ചലമായതും കൂടി	പകലിന്റെത്	രണ്ട് കാൽ ഭാഗങ്ങൾ

രാശികൾ	ഋതുക്കൾ	രൂപം	വർഗം	വർഗ്ഗമനുസരിച്ച് അവയുടെ ശക്തിയുള്ള സമയങ്ങൾ
മേടം	വസന്തം	ആട്	നാൽക്കാലി	രാത്രിയിൽ
ഇടവം	ഗ്രീഷ്മം	കാള	നാൽക്കാലി	രാത്രിയിൽ
മിഥുനം	ഗ്രീഷ്മം	കൈയ്യിൽ വടിയും കയറുമുള്ള ഒരാൾ	മനുഷ്യൻ	പകൽ
കർക്കിടകം	വർഷം	ഞണ്ട്	ജന്തു	സന്ധി
ചിങ്ങം	വർഷം	സിംഹം	നാൽക്കാലി	രാത്രിയിൽ
കന്നി	ശരത്	കൈയിൽ ധാന്യ കുലയുള്ള യുവതി	ഇരുകാലി	പകൽ
തുലാം	ശരത്	വെള്ളിക്കോൽ	ഇരുകാലി	പകൽ
വൃശ്ചികം	ഹേമന്തം	തേൾ	ഇഴജന്തു	സന്ധ്യയ്ക്ക്
ധനു	ഹേമന്തം	കുതിരതലയുള്ള മനുഷ്യൻ	ആദ്യഭാഗം നാൽകാലിയും അവസാനം ഇരുകാലിയും	മനുഷ്യ ഭാഗം പകലും മറ്റേത് രാത്രിയും
മകരം	ശിശിരം	മുഖം കോലാടിന്റെതും അടിയിൽ വെള്ളവും	ആദ്യഭാഗം നാൽകാലിയും അവസാനം ജലജീവിയും	സന്ധ്യയ്ക്ക്
കുംഭം	ശിശിരം	തടി (ഒരുതരം വഞ്ചി)	ആദ്യഭാഗം ഇരുകാലിയും അവസാനം ജലജീവിയും	മനുഷ്യ ഭാഗം പകലും മറ്റേത് രാത്രിയും
മീനം	വസന്തം	രണ്ട് മത്സ്യം	ജലജീവി	സന്ധ്യക്ക്

ഓരോ രാശിയുടെയും ആദ്യഭാഗം സൂര്യന്റെതായതിനാൽ പുല്ലിംഗവും ഒരു മണിക്കൂർ സമയം കൊണ്ടായതിനാലാണത്രെ ഇങ്ങനെ പറയുന്നത്. ഓരോ രാശിയുടെയും ആദ്യഭാഗം സൂര്യന്റെതായതിനാൽ പുല്ലിംഗവും അശുഭസൂചനയും അവസാനഭാഗം ചന്ദ്രന്റെതായതിനാൽ സ്ത്രീലിംഗും ശുഭസൂചനയുമായിരിക്കും. സ്ത്രീലിംഗ രാശിയുടെ നില ഇതിൽ നിന്നു വ്യത്യസ്തമാണ്. രണ്ടാമത്തെത് 1/3 ഭാഗമുള്ള ത്രികോണാകുന്നു. ഇതു നമുക്കും പരിചയമുള്ളതായതിനാൽ കൂടുതൽ വവരിക്കേണ്ടതില്ല. മറ്റൊന്ന് നൂഹ ബഹാരും ആകുന്നു. ഇതിനു നവാംശകം എന്നും പേരുണ്ട്. ഇതിൽ ഇന്ത്യക്കാരുടെ നില ഇപ്രകാര

മധ്യഹ നിഴൽ കൊണ്ടുള്ള ഭാഗം	ചക്രവാളം കൊണ്ടുള്ള ഭാഗം	ശുഭ വർഷങ്ങളിൽ നിന്നും ശിഷ്ടമുള്ളത്	അശുഭ വർഷങ്ങളിൽ നിന്നും ശിഷ്ടമുള്ളത്	ഗ്രഹങ്ങളുടെ ശക്തി	അതിൽ രാശികളുടെ ശക്തി	ദൃഷ്ടിയും ഉദിക്കുന്ന ഗ്രഹവും	സൂചനകൾ	രാശിമണ്ഡലം
മുഖ്യ ലഗ്നത്തിന്റെ സ്വാധീനം	കൂട്ട	0	0	ബുധൻ വ്യാഴം	മനുഷ്യത്വം	അടിസ്ഥാന രൂപം	തലയും ശരീരവും	ഉദിക്കുന്നത്
		0	0	0	0	പരസ്പര ദൃഷ്ടിയില്ല	മുഖം സ്വത്ത്	രണ്ടാമത്തേത്
		0	0	0	0	ഉദിക്കുന്നത് ഇതിനെനോക്കുന്നു. ഇതങ്ങോട്ട് നോക്കുന്നില്ല	രണ്ട് തോൾ കയ്യും രണ്ട് സഹോദരിമാരും	മൂന്നാമത്തേത്
ഗൗണ ലഗ്നത്തിന്റെ സ്വാധീനം		0	0	ശുക്രനും ചന്ദ്രനും	ജലജീവി	ഉദിക്കുന്നതോട് കൂടി രണ്ടും അന്യോന്യം നോക്കുന്നു	ഹൃദയം, മാതാപിതാക്കൾ, സ്നേഹിതന്മാർ, വീട്ടുസുഖം	നാലാമത്തേത്
		0	0	0	0	ഉദിക്കുന്നതോട് കൂടി രണ്ടുപേരും അന്യോന്യം നോക്കുന്നു	വയറ്, കുട്ടി, ബുദ്ധി	അഞ്ചാമത്തേത്
		0	0	0	0	ഇത് ഉദിക്കുന്നതിനെനോക്കുന്നു. അതിങ്ങോട്ട് നോക്കുന്നില്ല	രണ്ട് ഭാഗം ശത്രു ജന്തുക്കൾ	ആറാമത്തേത്

മധ്യഹ നിഴൽ കൊണ്ടുള്ള ഭാഗം	ചക്രവാളം കൊണ്ടുള്ള ഭാഗം	ശുഭ വർഷങ്ങളിൽ നിന്നും ശിഷ്ടമുള്ളത്	അശുഭ വർഷങ്ങളിൽ നിന്നും ശിഷ്ടമുള്ളത്	ഗ്രഹങ്ങളുടെ ശക്തി	അതിൽ രാശികളുടെ ശക്തി	ദൃഷ്ടിയും ഉദിക്കുന്ന ഗ്രഹവും	സൂചനകൾ	രാശിമണ്ഡലം
മധ്യ ഭാഗത്തിൽ വടക്കുഭാഗം	കടയം കിഴക്ക്	$^{1}/_{12}$	$^{1}/_{6}$	ശനി	ഇഴ ജന്തുക്കൾ	ഉദിക്കുന്നതോട് കൂടി രണ്ടും തമ്മിൽ നോക്കുന്നു	പൊക്കിളിന് താഴെ സ്ത്രീകൾ	ഏഴാമത്തെത്
		$^{1}/_{10}$	$^{1}/_{5}$	0	0	ഉദിക്കുന്നതങ്ങോട്ട് നോക്കുന്നു. അത് പകരം നോക്കുന്നില്ല	മടക്കം, മരണം	എട്ടാമത്തേത്
		$^{1}/_{6}$	$^{1}/_{4}$	0	0	ഉദിക്കുന്നതിനോടെ അന്യോന്യം നോക്കുന്നു	രണ്ടു തുട യാത്ര, മതം	ഒൻപതാമത്തേത്
മുഴുവൻ വടക്കുഭാഗം		$^{1}/_{6}$	$^{1}/_{3}$	ചൊവ്വ	നാൽക്കാലി	ഉദിക്കുന്നതിനോടു കൂടെ അന്യോന്യം നോക്കുന്നു	രണ്ടു മുട്ടുകാൽ പ്രവർത്തനം	പത്താമത്തേത്
		$^{1}/_{4}$	$^{1}/_{2}$	0	0	ഉദിക്കുന്നതിനെ നോക്കുന്നു. പകരം ഇങ്ങോട്ട് നോക്കുന്നില്ല	രണ്ടു തണ്ടം കാൽ, വരവ്	പതിനൊന്നാമത്തേത്
		$^{1}/_{2}$	മുഴുവൻ	0	0	അന്യോന്യം നോക്കുന്നില്ല	രണ്ട് കാൽപാദം, ചിലവ്	പന്ത്രണ്ടാമത്തേത്

മാണ്. രാശിയുടെ ആദ്യം മുതൽ അറിയാനുദ്ദേശിക്കുന്ന നിമിഷം വരെയുള്ള സമയത്തെ മുഴുവനും നിമിഷങ്ങളാക്കി 200 കൊണ്ട് ഹരിക്കുക. എന്നാൽ പൂർണമായ 1/9 ഭാഗങ്ങൾ ലഭിക്കുന്നതാണ്. അതുകൊണ്ട് ആ രാശിയുടെ ത്രികോണിലുള്ള ചലനരാശിയിൽനിന്നു തുടർച്ചയായി എണ്ണുകയും ഓരോ 1/9 ഭാഗവും ഓരോ രാശിയായി കണക്കാക്കുകയും ചെയ്താൽ അതവസാനിക്കുന്നത് ഉദ്ദേശിച്ച നുഹബഹാര നിമിഷത്തിലായിരിക്കും. ഓരോ രാശിയുടെയും 1/9 -ന് ചലിക്കുന്ന രാശിയെന്നും അഞ്ചാമത്തേതിന് നിശ്ചലമെന്നും രണ്ട് ശരീരങ്ങളുടെ രാശികളിൽനിന്ന് ഓരോന്നിനും ഒമ്പതാമത്തേതിന് വർഗ്ഗോത്തമം (മഹാഭാഗ്യം) എന്നും പറയുന്നു. 1/12 ഭാഗങ്ങളുള്ളവയ്ക്ക് ദ്വാദശം എന്നാണ് പേര്. രാശിയുടെ ഏതെങ്കിലം പ്രത്യേകമായൊരു ഭാഗത്തുനിന്ന് അതിനെ കണ്ടുപിടിക്കാനുദ്ദേശിച്ചാൽ അതിനുള്ള മാർഗ്ഗം ഇങ്ങനെയാണ്: ആ രാശിയുടെ ആദ്യം മുതൽ ഈ സ്ഥലം വരെയുള്ള നിമിഷങ്ങൾ കണക്കാക്കുകയും പിന്നീടവയെ നൂറ്റിഅമ്പതുകൊണ്ട് ഹരിക്കുകയും ചെയ്താൽ പൂർണ്ണമായ 1/6 ഭാഗങ്ങൾ കിട്ടുന്നതാണ്. ആ രാശിയുടെ ആദ്യം മുതൽ തുടർച്ചയായി ഒരു രാശിക്ക് ഒരു ഭാഗമെന്ന തോതിൽ എണ്ണുകയും ചെയ്താൽ ഭിന്നിതം അവസാനിക്കുന്ന രാശിയുടെ പാലകനാണ് 1/12 ആയ ആ സ്ഥലത്തിന്റെ പാലകൻ. ഡിഗ്രികൾക്ക് അവർ ത്രിംശകം (മുപ്പത് ഡിഗ്രികൾ) എന്നു പറയുന്നു. ഇതിന്റെ അവസ്ഥ ഇപ്രകാരമാണ്: ചൊവ്വാഗ്രഹത്തിനും ഓരോ പുല്ലിംഗ രാശിയുടെ ആരംഭത്തിൽ ശനിഗ്രഹത്തിന് അഞ്ചും വ്യാഴഗ്രഹത്തിന് എട്ടും ബുധൻ ഗ്രഹത്തിന് ഏഴും ശുക്രന് അഞ്ചും ഭാഗങ്ങളുണ്ടായിരിക്കും. സ്ത്രീലിംഗരാശികളുടെ നില ഇതിനു വിപരീതമാണ്. അതായത്, ശുക്രന് (രാശിയുടെ ആദ്യം മുതൽ) അഞ്ചും ചൊവ്വാക്ക് അഞ്ചും ഭാഗങ്ങളാണ് ഉണ്ടാവുക. ഇവയെല്ലാം അടിസ്ഥാന നിയമങ്ങളാകുന്നു. കാഴ്ചയിൽ എല്ലാ രാശികളുടെയും നില ചക്രവാളത്തിൽ ഉദിക്കുന്ന ഗ്രഹത്തിന്റെ അവസ്ഥ പോലെയാണ്. അതായത്, രാശി അതിന്റെ രണ്ട് ഭാഗമുള്ളതിനെ കാണുകയില്ല.

മണ്ഡലത്തിന്റെ കാൽഭാഗമോ അല്ലെങ്കിൽ മൂന്നിലൊരു ഭാഗമോ അതുമല്ലെങ്കിൽ പകുതി ഭാഗമോ രണ്ടാരംഭത്തിന്റെയും മദ്ധ്യത്തിൽ വന്നാൽ അങ്ങനെയുള്ള രണ്ട് രാശികളും അന്യോന്യം കണ്ടുകൊണ്ടിരിക്കുന്നവയായിരിക്കും. ആ രണ്ട് രാശികളുടെ ഇടയ്ക്ക് മണ്ഡലത്തിന്റെ ആറിലൊരു ഭാഗമാണുള്ളതെങ്കിൽ കാഴ്ച രാശിയുടെ ക്രമത്തിന് വിപരീതമായിരിക്കുന്നതാണ്. കാഴ്ചക്ക് പല പടികളുണ്ട്. ഒരു രാശിയുടെയും അതിന്റെ നാലാമത്തേതിന്റെയും അല്ലെങ്കിൽ പതിനൊന്നാമത്തേതിന്റെയും ഇടയിലുള്ള കാഴ്ച കാൽ (1/4) ആണ്. ഒരു രാശിയുടെയും അതിന്റെ അഞ്ചാമത്തേതിന്റെയും അല്ലെങ്കിൽ ഒമ്പതാമത്തേതിന്റെയും ഇടയിലുള്ള കാഴ്ച പകുതി (1/2) ആകുന്നു. ഒരു രാശിയുടെയും

അതിന്റെ ആറാമത്തേതിന്റെയും അല്ലെങ്കിൽ പത്താമത്തേതിന്റെയും ഇടയിലുള്ള കാഴ്ച മുക്കാൽ (3/4) ആയിരിക്കും. ഒരു രാശിയുടെയും അതിന്റെ ഏഴാമത്തെ രാശിയുടെയും ഇടയിലുള്ളത് പൂർണ്ണ കാഴ്ച യായിരിക്കും. ഒരേ രാശിയിൽ നിലകൊള്ളുന്ന രണ്ട് ഗ്രഹങ്ങൾ തമ്മി ലുള്ള കാഴ്ചയെ കുറിച്ച് അവർ ഒന്നും പറയുന്നില്ല. എന്നാൽ, ഗ്രഹ ങ്ങൾ തമ്മിലുള്ള സഖിത്വവും ശത്രുതയും അറിയുന്നതിതിനുള്ള മാർഗ്ഗ ങ്ങളെ കുറിച്ച് താഴെ പറയുന്ന തത്വങ്ങളാണ് അവർ സ്വീകരിച്ചത്. പത്ത്, പതിനൊന്ന്, പന്ത്രണ്ട് എന്നീ ഗ്രഹങ്ങളുടെയും ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നീ ഗ്രഹങ്ങളുടെയും മദ്ധ്യത്തിലൊരു ഗ്രഹം വന്നാൽ അതിന്റെ പഴയ നിലയിൽനിന്നു മെച്ചപ്പെടും. ഈ ഗ്രഹത്തിന്റെ ശത്രുക്കളിലാ രെങ്കിലും മദ്ധ്യനിലയിൽ വരികയും ഈ ഗ്രഹം മദ്ധ്യനിലക്കാരാവു കയും ചെയ്താൽ അത് മിത്രമായി മാറുന്നതും മിത്രങ്ങളിൽ പെട്ടതാ യിരുന്നെങ്കിൽ ഏറ്റവും വലിയ മിത്രമായി മാറുന്നതാണ്. എന്നാൽ, മറ്റു രാശികളിൽനിന്ന് അതിന്റെ ആസന്ന നിലയിൽ നിന്നു താഴ്ന്ന പടിയി ലേക്കു നീങ്ങും. അതായത്, മിത്രമായിരുന്നുവെങ്കിൽ മദ്ധ്യനിലയി ലേക്കും മദ്ധ്യനിലക്കാരനായിരുന്നുവെങ്കിൽ ശത്രുതയിലേക്കും ശത്രു വായിരുന്നുവെങ്കിൽ കഠിന ശത്രുതയിലേക്കും നീങ്ങുന്നതാണ്. ഇതെല്ലാം ഗ്രഹങ്ങളുടെ ചുറ്റുപാടിനനുസരിച്ച് ഉണ്ടാകുന്ന താത്ക്കാ ലിക സ്ഥിതി വിശേഷങ്ങളാകുന്നു.

ഇനി നമുക്ക് ഗ്രഹങ്ങളുടെ നാല് ശക്തികളെ കുറിച്ച് പ്രസ്താവിക്കാം: അവയിലൊന്നാമത്തേത് 'ദിവ്യശക്തി'യാണ്. ഇതിന് സ്ഥാനബലം എന്നു പറയുന്നു. അതിന്റെ ഉന്നത സ്ഥാന ത്തിലോ സ്വന്തം രാശിമണ്ഡലത്തിലോ അല്ലെങ്കിൽ മിത്രരാശി യിലോ അല്ലെങ്കിൽ അതിന്റെ നൂഹ്ബഹരിലോ അതിന്റെ പരമ കോടിയിലോ അതിന്റെ മൂല ത്രികോണിലോ ആയിരിക്കുമ്പോ ഴാണ് ഈ സ്ഥാനം സിദ്ധമാകുന്നത്. എന്നാൽ, സൂര്യനും ചന്ദ്രനും ശുഭരാശികളും അവ്യക്ത ചലനങ്ങളുള്ള ഗ്രഹങ്ങൾ അശുഭ രാശി കളിലും മാത്രമേ ഉണ്ടാവുകയുള്ളൂ. ചന്ദ്രൻ സ്വന്തമാസത്തിന്റെ ആദ്യത്തിലെ 1/3-ൽ സ്ഥിതിചെയ്യുമ്പോൾ അതിനഭിമുഖമായ എല്ലാ ഗ്രഹങ്ങളെയും ശക്തിപ്രാപിക്കുന്നതിനു സഹായിക്കും. രണ്ട് പാദങ്ങളുള്ള രാശിയിൽ ഉദിക്കുന്ന ഗ്രഹങ്ങൾക്ക് അവയി ലൊന്നാമത്തേത് ദിവ്യശക്തിയാണ്. ഇതിനു 'സ്ഥാനബലം' എന്നു പറയുന്നു. അതിന്റെ ഉന്നത സ്ഥാനത്തിലോ സ്വന്തം രാശിമണ്ഡ ലത്തിലോ അല്ലെങ്കിൽ തന്റെ മിത്ര രാശിയിലോ അല്ലെങ്കിൽ അതിന്റെ നൂഹ്ബഹരിലോ അതിന്റെ പരമകോടിയിലോ അതിന്റെ

മൂലത്രികോണിലോ ആയിരിക്കുമ്പോഴാണ് ഈ സ്ഥാനം സിദ്ധമാകുന്നത്. എന്നാൽ, സൂര്യനും ചന്ദ്രനും ശുഭരാശികളിലും അവ്യക്ത ചലനമുള്ള ഗ്രഹങ്ങൾ അശുഭരാശികളിലും മാത്രമേ ഉണ്ടാവുകയുള്ളൂ. ചന്ദ്രൻ സ്വന്തമാസത്തിന്റെ ആദ്യത്തെ 1/3-ൽ സ്ഥിതിചെയ്യുമ്പോൾ അതിന്നഭിമുഖമായ എല്ലാ ഗ്രഹങ്ങളേയും ശക്തി പ്രാപിക്കുന്നതിന് സഹായിക്കും. രണ്ട് പാദങ്ങളുള്ള രാശിയിൽ ഉദിക്കുന്ന ഗ്രഹങ്ങൾക്ക് ഈ ശക്തി ലഭ്യമാക്കുന്നതാണ്. രണ്ടാമത്തെ ശക്തിക്ക് 'ദൃഷ്ടിബലം' എന്നും ദീർഘബലം എന്നും പറയുന്നു. ഈ ശക്തിക്ക് ലഭ്യാമാകുന്നതാണ്. അവ ശക്തി ബിന്ദുവിൽ സ്ഥിതി ചെയ്യുമ്പോഴാകുന്നു. തട്ടായി നിൽക്കുന്ന ചില രാശിമണ്ഡലത്തെയും ചിലർ ഇക്കൂട്ടത്തിൽ പെടുത്തിക്കാണുന്നുണ്ട്. പകൽ ഉദയം ചെയ്യുന്ന രാശിയാണെങ്കിൽ രണ്ട് പാദങ്ങളുണ്ടാകുമ്പോഴും രാത്രി ഉദയം ചെയ്യുന്നതാണെങ്കിൽ നാല് പാദങ്ങളുണ്ടാകുമ്പോഴുമാണ് പ്രസ്തുത ശക്തി സിദ്ധിക്കുന്നത്. അതുപോലെ ഇതര രാശികൾക്ക് രണ്ട് സന്ധി സമയങ്ങളിലും അത് ലഭ്യമാക്കുന്നു. ഇതിന് ജാതകവുമായി പ്രത്യേക ബന്ധമുണ്ട്. ഈ ശക്തി പത്താമത്തെ രാശിക്ക് കൈവരുന്നതും അത് നാല് പദങ്ങളുള്ളപ്പോഴാണ്. ഏഴാമത്തേതിന് വൃശ്ചികമോ കർക്കിടകമോ ആവുമ്പോഴും നാലാമത്തേതിന് കുംഭത്തിലോ കർക്കിടകത്തിലോ വരുമ്പോഴോ ഇത് ലഭിക്കും, മൂന്നാമത്തേതിന് 'ജ്യേഷ്ഠശക്തി' എന്ന് പറയുന്നു. ഇത് നക്ഷത്രങ്ങൾക്ക് ലഭിക്കുന്നത് മടക്കത്തിലും അന്തർധാനത്തിൽനിന്നു പ്രത്യക്ഷപ്പെട്ട് നാല് രാശിവരെ വെളിപ്പെടുമ്പോഴും ഉത്തരമേഖലയിലേക്ക് നീങ്ങുമ്പോഴുമാണ്. ഈ നിയമത്തിൽനിന്നു ശുക്രൻ ഒഴിവാകുന്നു. കാരണം, അതിൽ ദക്ഷിണഭാഗം മറ്റുള്ളവരുടെ ഉത്തരഭാഗംപോലെയാണ്. പ്രസ്തുത രണ്ട് രാശികളിലും ശുക്രനുണ്ടാകുന്നത്. അത് ഉത്തരായന ബിന്ദുവിലേക്ക് കയറിവരുന്ന മദ്ധ്യത്തിലും ചന്ദ്രനുണ്ടാവുന്നത് സൂര്യനല്ലാത്ത മറ്റു നക്ഷത്രങ്ങളുടെ കൂടെ വരുമ്പോഴുമാണ്. ഉദിക്കുന്ന ഗ്രഹത്തിന് ഈ ശക്തി കൈവരുന്നത് അതിന്റെ പാലകൻ അതേ ബിന്ദുവിൽ വരുമ്പോഴത്രെ. അതായത്, വ്യാഴഗ്രഹത്തിന്റെയും ബുധൻ ഗ്രഹത്തിന്റെയും കാഴ്ച അതിലേക്കാവുകയും ശൂന്യക്കാഴ്ചയിൽ നിന്ന് അത് ഒഴിവാക്കുകയും ചെയ്യുമ്പോൾ അതിൽ 'ശൂന്യ'മുണ്ടായാൽ വ്യാഴഗ്രഹത്തിനും ബുധൻഗ്രഹത്തിനും അതിലേക്കുള്ള കാഴ്ചശക്തിയും കുറയുന്നു. 'കാലബല'മാണ് നാലാ

മത്തെ ശക്തി. ഇത് പകൽ ഗ്രഹങ്ങൾക്ക് പകലിലും രാത്രി ഗ്രഹങ്ങൾക്ക് രാത്രിയിലും ബുധൻ ഗ്രഹത്തിന് അതിന്റെ സന്ധിയിലുമാണ് കരഗതമാകുന്നത്. ബുധൻ ഗ്രഹത്തിന് ഈ കഴിവ് എപ്പോഴുമുണ്ടെന്ന് ചിലർ പറയുന്നുണ്ട്. എന്തെന്നാൽ പ്രസ്തുത ഗ്രഹത്തിന് രാത്രിയും പകലുമായി ബന്ധമുണ്ടത്രെ. വെളുത്ത പക്ഷത്തിൽ ശുഭസൂചനകൾക്കും കറുത്ത പക്ഷത്തിൽ അശുഭ സൂചനകൾക്കും ഈ കഴിവ് ലഭിക്കുന്നതാണ്. ഉദിക്കുന്ന ഗ്രഹത്തിന് ഈ ശക്തി എപ്പോഴുമുണ്ടെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ഇതാണ് ഒരോ ഗ്രഹത്തിന്റെയും നാല് ശക്തികൾ. അതിൽ ഏത് ശക്തിയാണോ എണ്ണത്തിലധികമാവുക. അതിനാണ് മുൻഗണന ലഭിക്കേണ്ടത്. ശക്തിയുടെ എണ്ണത്തിൽ രണ്ട് ഗ്രഹങ്ങൾ സമമായാൽ വലുപ്പത്തിൽ കൂടുതലുള്ളതിനാവണം മുൻഗണന. ഇതിന് പട്ടികയിൽ നൈസർഗികബലം എന്നാണ് പറഞ്ഞിട്ടുള്ളത്. അതായത്, ശക്തിയിലോ വലുപ്പത്തിലോ ഉള്ള ക്രമം.

ഗ്രഹങ്ങളുടെ മദ്ധ്യവർഷങ്ങൾക്ക് മൂന്ന് വകുപ്പുകളുണ്ട്. അവയിൽ ഒന്നും രണ്ടും കാലോൽക്കർഷത്തിൽ നിന്നുള്ള അകലമനുസരിച്ചാണ്. ഈ രണ്ട് വകുപ്പുകളുടെയും കണക്ക് നാം പട്ടികയിൽ കാണിച്ചിട്ടുണ്ട്. ഒന്നാമത്തേത് സൂര്യന്റെ മേൽ പറഞ്ഞ ശക്തികൾ ചന്ദ്രന്റെയും ഉദിക്കുന്ന ഗ്രഹത്തിന്റെയും ശക്തികളെക്കാൾ കൂടുതലാകുമ്പോഴും രണ്ടാമത്തേത് ചന്ദ്രന്റെ ശക്തികളേക്കാൾ കൂടുതലാകുമ്പോഴും ആണ് ലഭ്യമാവുക. മൂന്നാമത്തെ വകുപ്പ് ലഭിക്കുന്നത് ഉദിക്കുന്ന ഗ്രഹത്തിന്റെ ശക്തികൾ ചന്ദ്രന്റെയും സൂര്യന്റെയും ശക്തികളെക്കാൾ കൂടുതലാകുമ്പോഴത്രെ. കാലോല്ക്കർഷ ഡിഗ്രിയിൽ അല്ലാത്ത ഒരോ ഗ്രഹത്തിന്റെയും ഒന്നാമത്തെ വകുപ്പിലെ വർഷങ്ങൾ കണ്ടുപിടിക്കാനുള്ള മാർഗ്ഗം ആറ് രാശിയിൽ കൂടുതലാണെങ്കിൽ ആ ഗ്രഹത്തിനു പ്രസ്തുത ഡിഗ്രിയിൽനിന്നുള്ള ദൂരവും ആറ് രാശിയിൽ കുറവാണെങ്കിൽ പന്ത്രണ്ട് രാശി തികയാൻ വേണ്ടിവരുന്ന ദൂരവും എടുത്ത് പട്ടികയിൽ കാണിച്ച അതിന്റെ കൊല്ലങ്ങൾക്കൊണ്ട് പെരുക്കിയാൽ രാശികളിൽനിന്നു മാസങ്ങളും ഡിഗ്രികളിൽനിന്നു ദിവസങ്ങളും വിനാഴികകളിൽ നിന്നു നാഴികകളും ലഭിക്കും. അറുപത് നാഴിക ഒരു ദിവസവും 30ദിവസണ ഒരു മാസവും പന്ത്രണ്ട് മാസം ഒരു കൊല്ലവുമായി ഉത്തരം കിട്ടും. ഈ വകുപ്പിൽ പെട്ട ഉദിക്കുന്ന ഗ്രഹങ്ങളുടെ കൊല്ലങ്ങൾ എടുക്കണമെങ്കിൽ മേടരാശിയുടെ ആദ്യം മുതൽ അതിന്റെ ഡിഗ്രി ദൂരം കണക്കാക്കുക. അതായത്, ഓരോ രാശിക്കും ഒരു കൊല്ലമായും ഒരു ഡിഗ്രിക്ക് ഒരുമാസമായും അഞ്ച് വിനാഴിക (1/300 ഡിഗ്രി)ക്ക് ഒരു നാഴികയായും എടുക്കുക. ഗ്രഹങ്ങളുടെ രണ്ടാമത്തെ വകുപ്പിലുള്ള വർഷങ്ങൾ കണ്ടുപി

ടിക്കേണ്ടത് ഇപ്രകാരമാണ്. കാലോൽക്കർഷ ഡിഗ്രിയിൽനിന്ന് അതിനുള്ള ദൂരം മേൽ പറഞ്ഞ പ്രകാരം എടുക്കുകയും ആ ദൂരത്തെ പട്ടികയിൽ കാണിച്ച അതിന്റെ ദൂരംകൊണ്ട് പെരുക്കുകയും ചെയ്താൽ കിട്ടുന്ന ഉത്തരംകൊണ്ട് മേൽ പ്രസ്താവിച്ചപോലെ ചെയ്യുക. ഉദിക്കുന്ന ഗ്രഹത്തിന്റെ കൊല്ലം അറിയാൻ മേടരാശിയുടെ ആദ്യം മുതൽക്കുള്ളതിന്റെ ഡിഗ്രി ദൂരത്തിൽനിന്ന് ഓരോ നുഹബഹാറിന് ഒരു വർഷവും അതനുസരിച്ചു മാസങ്ങളും മറ്റും എന്ന തോതിലെടുത്ത് അതിനെ പന്ത്രണ്ട് കൊണ്ട് ഹരിച്ച് കൊല്ലങ്ങളാക്കുക. എന്നാൽ, ശിഷ്ടം വരുന്നത് ഉദയഗ്രഹത്തിന്റെ വർഷങ്ങളായിരിക്കും. നക്ഷത്രങ്ങളുടെ ഉദയഗ്രഹത്തിന്റെയും മൂന്നാം വകുപ്പുവർഷങ്ങൾ എടുക്കേണ്ടത് രണ്ടാമത്തെ വകുപ്പനുസരിച്ച് ഉദയഗ്രഹത്തിന്റെ വർഷങ്ങൾ എടുക്കുന്നതുപോലെത്തന്നെയാണ്.

ഈ വർഷങ്ങൾക്കെല്ലാം കൂടി 'ആയുർദായം' എന്നു പറയുന്നു. അവയ്ക്ക് ക്രമീകരിക്കുന്നതിനു മുമ്പ് 'മദ്ധ്യമായം' എന്നും ക്രമീകരണശേഷം 'സ്പഷ്ട്യം' എന്നും പേരുണ്ട്. എന്നാൽ, എല്ലാ വകുപ്പനുസരിച്ചും ഉദയബിന്ദു വർഷങ്ങൾ മുമ്പുതന്നെ ക്രമീകരിക്കപ്പെട്ടതായതിനാൽ കുറവുള്ള രണ്ട് വകുപ്പുകളനുസരിച്ചും കുറവുകളനുസരിച്ചും ശരിയാക്കേണ്ടി വരുന്നില്ല. മൂന്നാമത്തെ വകുപ്പിൽ കൂടുതലുള്ളതിനെ ഒരേ നിലയ്ക്ക് ക്രമീകരിച്ചാൽ മാത്രം മതിയാകുന്നതാണ്. അതായത്, ഗ്രഹം അതിന്റെ രാശിമണ്ഡലത്തിലോ അതിന്റെ കലോൽക്കർഷത്തിലോ രാശിനു ബഹാറിലോ ആയിരുന്നാൽ അതിന്റെ വർഷങ്ങൾ മദ്ധ്യവർഷത്തിന്റെ ഇരട്ടിയായിരിക്കും. ഇനി ആഗ്രഹം മടക്കത്തിലോ അതിന്റെ കാലോൽക്കർഷത്തിലോ അത് രണ്ടിലും കൂടിയതിലോ ആയിരുന്നാൽ മദ്ധ്യവർഷങ്ങളുടെ മൂന്നിരട്ടിയായിരിക്കും. മുൻ ക്രമമനുസരിച്ച് കുറവ് ശരിപ്പെടുത്തേണ്ട ക്രമം. കീഴ്പ്പോട്ട് ഇറങ്ങി വരുന്ന ഗ്രഹത്തിന്റെ വർഷങ്ങൾ ഒന്നാമത്തെ വകുപ്പിലോ രണ്ടാമത്തെ വകുപ്പിലോ ആകുമ്പോഴുള്ള വർഷങ്ങളുടെ 2/3-ലേക്ക് മടങ്ങുന്നതും മൂന്നാമത്തെ വകുപ്പിൽ പെട്ടതാണെങ്കിൽ പകുതിയിലേക്കും മടക്കുന്നതും ആണ്. ഒരു ഗ്രഹം അതിന്റെ ശത്രുവിന്റെ രാശിയിലാകുന്നതുകൊണ്ട് അതിന്റെ വർഷത്തിനു കോട്ടം പറ്റുന്നതല്ല. സൂര്യന്റെ രശ്മികൊണ്ട് മറഞ്ഞുപോകുന്ന പ്രകാശത്തിന്റെ രശ്മികൾ കൊണ്ട് മറഞ്ഞുപോകുന്ന ഗ്രഹത്തിന്റെ വർഷങ്ങൾ പ്രസ്താവിച്ച മൂന്ന് വകുപ്പുകളിലും 1/2 ലേക്ക് മടങ്ങുന്നതാണ്. എന്നാൽ, ശുക്രനും ശനിഗ്രഹവും ഈ നിയമത്തിൽ നിന്നൊഴിവാകുന്നു. പ്രസ്തുത മറയൽകൊണ്ട് അവയുടെ വർഷങ്ങളിൽനിന്ന് ഒന്നും കുറയുന്നതല്ല. രണ്ടാമത്തെ വകുപ്പനുസരിച്ച് കുറവ് ശരിപ്പെടുത്തുന്നതിനു പട്ടികയിൽ വിവരിച്ചതു പ്രകാരം ഭൂമിയുടെ മുകളിൽ വരുന്ന മണ്ഡലങ്ങളിലാകുമ്പോൾ ശുഭവർഷങ്ങളിൽ നിന്നു കുറക്കേണ്ട

താണ്. ഒരു മണ്ഡലത്തിൽ രണ്ടോ അതിലധികമോ ഗ്രഹങ്ങൾ അവയിൽനിന്ന് ഏറ്റവും ശക്തിയുള്ളതോ വലിപ്പമുള്ളതോ ആയ ഗ്രഹങ്ങളോടു കൂടെ വഴിക്കുവഴിയായി വരുമ്പോഴുണ്ടാകുന്ന കുറവ് ആ ഗ്രഹത്തിന്റെ വർഷങ്ങളോടു ചേർക്കുകയും ശിഷ്ടമുള്ളതിനെ അതേപടി വിടുകയും ചെയ്യുക. മൂന്നാമത്തെ വകുപ്പിൽ പെട്ട് ഏതെങ്കിലും ഗ്രഹത്തിന് അതിന്റെ രണ്ട് ഭാഗത്തിൽ കൂടി രണ്ട് വർദ്ധനവ് വന്നുകൂടിയാൽ അതിൽ വലുതിനെ മാത്രം കണക്കിലെടുക്കുക. ഇതുപോലെ തന്നെയാണ് അതിൽ രണ്ട് കുറവുകൾ വന്നാലും സ്ഥിതി. ഏതെങ്കിലുമൊരു ഗ്രഹത്തിന് ഒരു കുറവും ഒരു വർദ്ധനവും ഒരുമിച്ചുകൂടിയാൽ അവയിൽ ഏതെങ്കിലും ഒന്നിനു മുൻഗണന നല്കുകയും മറ്റേതിനെ അതിനുശേഷം കണക്കിലെടുക്കുകയും ചെയ്യുക. അപ്പോൾ കൊല്ലങ്ങൾ ക്രമീകൃതമാവുകയും അതെല്ലാം കൂടിച്ചേർന്ന് വ്യക്തിയുടെ ജനിച്ച വ്യക്തിയുടെ ആയുഷ്ക്കാലമാകുന്നതുമാണ്.

ഇനി ഭിന്നമായിവരുന്ന വർഷങ്ങൾ അറിയാനുള്ള വഴി വിവരിക്കാം. ഈ കൊല്ലങ്ങളനുസരിച്ചു വയസ്സ് ഭാഗിക്കപ്പെടുന്നു. ജനനസമയം മുതൽ ആരംഭിക്കേണ്ടത് സൂര്യന്റെയും ചന്ദ്രന്റെയും വർഷങ്ങൾകൊണ്ടാണ്. ഇവ രണ്ടിൽനിന്നും ശക്തിയുള്ളതിനാണ് മുൻഗണന നൽകേണ്ടത്. ശക്തിയിൽ രണ്ടും സമമാണെങ്കിൽ കൂടുതൽ ഭാഗ്യമുള്ളതിനെയും അതിനെ തുടർന്ന് മറ്റേതിനെയും വെക്കേണ്ടതാണ്. അതിനടുത്ത് ഉദയ ഗ്രഹമോ ശക്തിയും ഭാഗ്യവും അധികമുള്ള ഗ്രഹങ്ങളോ വരും. രാശിയുടെ ഒരു പ്രത്യേക ബിന്ദുവിൽ ഒന്നിലധികം ഗ്രഹങ്ങൾ ഒരുമിച്ചുകൂടിയാൽ അവയിൽ ശക്തിയും ഭാഗ്യവും കൂടുതലുള്ളതിനു മുൻഗണ നല്കേണ്ടതും അതിനടുത്തായി മറ്റുള്ള ഗ്രഹങ്ങളെ അടുത്തടുത്തായി വെക്കേണ്ടതുമാണ്. അതുവഴിയായി ആയുഷ്കാലത്തിലെ ഒരോ ഗ്രഹത്തിന്റെയും കൊല്ലങ്ങളുടെ കിടപ്പ് മനസ്സിലാക്കാം. അഭിമുഖമായി നൽകുന്ന മറ്റു ഗ്രഹങ്ങളുടെ വർഷങ്ങളെയും കൂടി കണക്കിലെടുത്തല്ലാതെ ഏതൊരു ഗ്രഹത്തിന്റെയും സ്വന്തമായ വർഷങ്ങൾ നിശ്ചയിക്കുക സാധ്യമല്ല. വർഷങ്ങളെ നിർണ്ണയിക്കുന്നതിലും ഭാഗിക്കുന്നതിലും അവ രണ്ടിനും പങ്കാളികളാണ്. രണ്ടും ഒരു രാശിയിലായാൽ 1/2 വീതം കൊണ്ടും അഞ്ചാമത്തെയും ഒമ്പതാമത്തെയും രാശിയിൽ വരുന്ന ഗ്രഹങ്ങളുടെ പങ്ക് 1/2 ഭാഗക്കൊണ്ടും നാലാമത്തേതിലും എട്ടാമത്തേതിലും വരുന്നത് ഗ്രഹങ്ങളുടെ പങ്ക് 1/4 ഭാഗംകൊണ്ടും ഏഴാമത്തെ രാശിയിൽ വരുന്ന ഗ്രഹങ്ങളുടെ പങ്ക് 1/7 കൊണ്ടുമായിരിക്കുന്നതാണ്. ഒരിടത്ത് വളരെ അധികം ഗ്രഹങ്ങൾ സമ്മേളിച്ചാൽ സന്ദർഭമനുസരിച്ചു വരുന്ന ഭിന്നത്തിൽ എല്ലാത്തിനും പങ്കുണ്ടായിരിക്കുന്നതാണ്. പങ്കുചേരുന്ന ഗ്രഹങ്ങളുടെ ഓഹരി മനസ്സിലാക്കുക വഴി ഇങ്ങനെയാണ്: വർഷങ്ങളുടെ നായകനായ ഗ്രഹത്തിനു ഗുണകരമായി ഒരു ഭി

ന്നം നിശ്ചയിക്കുകയും അതേപോലെ ഒരോ പങ്കാളിക്കും അതിന്റെ ഗുണകാര ഭിന്നിതം നിശ്ചയിക്കുകയും ചെയ്തശേഷം ഓരോ ഭിന്നിതം കൊണ്ടും വർഷങ്ങളെ പെരുക്കുക. അപ്പോൾ ഗ്രഹത്തിന്റെ പൂർണ്ണവർഷങ്ങൾ കിട്ടുന്നതാണ്.

മേൽ പ്രസ്താവിച്ചതിൽനിന്ന് വയസ്സ് കണ്ടുപിടിക്കുന്നതിനുള്ള ഇന്ത്യക്കാരുടെ മാർഗ്ഗം വ്യക്തമായല്ലോ. ഗ്രഹങ്ങളുടെ യഥാർത്ഥ സ്ഥാനവും വർത്തമാനസ്ഥാനവും മനസ്സിലാക്കിയാൽ ഹരിക്കേണ്ട ക്രമം അറിയാൻ സാധിക്കുന്നതാണ്. മറ്റു സമുദായങ്ങൾ പ്രയോഗിക്കാറില്ലാത്തതും ഇന്ത്യക്കാർക്കിടയിൽ പ്രസിദ്ധി ആർജ്ജിച്ചതുമായ ചില ജാതക വിവരങ്ങൾകൂടി ഇവിടെ ചേർക്കുന്നു. ജനനസമയത്ത് കുട്ടിയുടെ പിതാവ് സ്ഥലത്തുണ്ടോ എന്ന് അവർ നോക്കാറുണ്ട്. പിതാവ് സന്നിഹിതനല്ല എന്നതിനു ചന്ദ്രന്റെ കാഴ്ച ഉദയബിന്ദുവിലേക്കല്ലെന്നതോ ചന്ദ്ര രാശി ശുക്രരാശിയുടെയും ബുധൻ രാശിയുടെയും ഇടയിൽ ഒതുങ്ങിയിരിക്കുന്നുവെന്നതോ അല്ലെങ്കിൽ ശനിനക്ഷത്രം ഉദയബിന്ദുവിലാണെന്നതോ അതുമല്ലെങ്കിൽ ചൊവ്വ ഏഴാമത്തെ രാശിയിലാണെന്നതോ അവർ തെളിവായി കണക്കാക്കുന്നു. കുട്ടിയുടെ സന്മാർഗ്ഗം മനസ്സിലാക്കുന്നതിനു സൂര്യനെയും ചന്ദ്രനെയുമാണു നോക്കുന്നത്. ഇവ രണ്ടും ഒരേ രാശിയിൽ അശുഭത്തോടുകൂടി സമ്മേളിക്കുകയും അല്ലെങ്കിൽ ചന്ദ്രനും വ്യാഴവും ഉദയബിന്ദുവിൽനിന്നു മറയുകയോ ഒരിടത്തു സമ്മേളിച്ച സൂര്യചന്ദ്രന്മാരിൽനിന്നു വ്യാഴഗ്രഹം മറഞ്ഞുപോവുകയോ ചെയ്താൽ അത് കുട്ടിയുടെ സന്മാർഗ്ഗത്തിനനകൂലമല്ല.

പേര്	കാലം	ഓരോ വകുപ്പിന്റെ തുക	ആകെ തുക	വിശേഷണങ്ങൾ	ഉദിക്കുന്ന രാശികൾ	നിയമങ്ങൾ
	കർണ്ണ സന്താനങ്ങൾ	25	25	മുത്തുകൾ പോലെ അല്ലെങ്കിൽ സ്വർണ്ണ നിറമായത്	കിഴക്കും പടിഞ്ഞാറും മാത്രം	രാജക്കന്മാർ തമ്മിൽ സമരമുണ്ടാകുന്നതാണ്
	'അബലതന' സന്താനങ്ങൾ	25	50	പച്ചയോ അഗ്നിനിറമോ അല്ലെങ്കിൽ രക്ത വർണ്ണമോ ഉള്ളത്. ബന്തിപ്പൂവിന്റെ വർണമുള്ളത്	കിഴക്ക് തെക്ക്	കൂട്ടമരണം സംഭവിക്കുന്നു
	കാല സന്തതികൾ	25	75	വാൽ വളഞ്ഞതും ഇളം കറുപ്പുള്ളതുമാണ്	തെക്ക്	ക്ഷാമവും കൂട്ടമരണവും ഉണ്ടാകും
	ഭൂമി സന്താനങ്ങൾ	22	97	വട്ടത്തിലും രശ്മികളുള്ളതും വെള്ളത്തിന്റെയും എണ്ണയുടെയും നിറത്തിലും വാലില്ലാത്തമാണ്	വടക്കു കിഴക്ക്	ക്ഷേമവും ഐശ്വര്യവും ഉണ്ടാവും

	ചന്ദ്ര സന്താ നങ്ങൾ	3	100	പനനീർ പുഷ്പത്തിന്റെ യോ, വെള്ളത്താമരയുടെ യോ, വെള്ളിയുടെയോ ശുദ്ധീകരിച്ച ഇരുമ്പിന്റെയോ വർണ്ണമായിരിക്കും. ചന്ദ്ര നെപോലെ പ്രകാശിക്കു കയും ചെയ്യുന്നു	വടക്ക്	നാശമുണ്ടാ കുകയും ലോകത്തി ന്റെ നില പറ്റെ മാറി പ്പോകും
ബ്രഹ്മ ദണ്ഡ്	ബ്രഹ്മ പുത്രൻ	1	101	മൂന്ന് നിറവും മൂന്ന് വാലുമുള്ളത്	എല്ലാ ഭാഗവും	നാശവും അരാജക ത്വവും ഉ ണ്ടാകുന്നു
	ശുക്ര സന്താ നങ്ങൾ	84	125	ശുദ്ധവെള്ള	വടക്ക്ഭാഗം അല്ലെങ്കിൽ വടക്ക് കിഴക്ക്	എല്ലാ ഭാഗ ത്തുംനാശ ത്തെയും ഭയാനകമാ യ സംഭവ ങ്ങളെയും കുറിക്കുന്നു
ഗംഗ	ശനിഗ്ര ഹ സന്താ നങ്ങൾ			കൊമ്പുപോലുള്ള രശ്മികൾ ഉള്ളവ	എല്ലാ ഭാഗ ത്തും	അശുഭവും മരണവും
വിക ചൻ	വ്യാഴഗ്ര ഹ സന്താ നങ്ങൾ	65		വെള്ള നിറവും വാലില്ലാത്തതും	തെക്ക്	നാശവും അശുഭവും
തസ്ക രൻ	ബുധഗ്ര ഹ സന്താ നങ്ങൾ	51		നേരിയ വെള്ളനിറത്തി ലുള്ളതും നീണ്ടതും	എല്ലാ ഭാഗ ത്തും	അശുഭം
കങ്കാരു		60		അഗ്നിയുടെ നിറത്തിൽ മൂന്ന് വാലുകളോട് കൂടിയത്	വടക്ക്	നാശങ്ങൾ വർദ്ധിക്കു ന്നതാണ്
തമസ് കിലക്	രാഹു സന്താ നങ്ങൾ	26		വിവിധ രൂപത്തിലുള്ളവ	സൂര്യന്റെ യും ചന്ദ്ര ന്റെയും ചു റ്റുഭാഗത്ത്	അഗ്നി ബാധയു ണ്ടാകുന്ന താണ്
വിശ്വ രൂപം	അഗ്നി സന്താ നങ്ങൾ	120		അഗ്നിപോലെ പ്രകാശം മിന്നിത്തിളങ്ങുന്നത്		നാശങ്ങൾ അധികമാ കുന്നതാണ്
അരു ണൻ	വായു സന്താ നങ്ങൾ	77		ശരീരമില്ല അതിന്റെ രശ്മി കൾ സമ്മേളിക്കുന്നതിനാ ൽ പച്ച നിറത്തിലേക്കോ ചാത്തവർണ്ണമുള്ള വാൽ നക്ഷത്രമായി കാണാവു ന്നതാണ്		പൊതുനാ ശം ഉണ്ടാ കുന്നു
കനിക	പ്രജാപ തി സന്താ നങ്ങൾ	204		ചതുരാകൃതിയിൽ എണ്ണ ത്തിൽ 304 ഉം കാഴ്ചയിൽ 8ഉം ആയിരിക്കുന്നതാണ്		നാശവും കുഴപ്പവും വ ർദ്ധിക്കുന്നു

ഗംഗ	ജല സന്താനങ്ങൾ	32		ചന്ദ്രനെപോലെ പ്രകാശിക്കുന്നതും കാഴ്ചയിൽ ഒരുമിച്ചതും	കിഴക്കും പടിഞ്ഞാറും മാത്രം	നാശവും കുഴപ്പവും വർദ്ധിക്കുന്നു
കവർണം	സമയ സന്താനങ്ങൾ			അംഗ ഭംഗം വന്ന മനുഷ്യന്റെ തലയുടെ രൂപം		നാശം വർദ്ധിക്കുന്നു
		*		കാഴ്ചയിൽ ഒന്നും എണ്ണത്തിൽ 9ഉം വെളുത്ത് വിശാലമായതും	എല്ലാ ഭാഗത്തും	കൂട്ടമരണമുണ്ടാകുന്നു

വിളക്കിന്റെ കാര്യത്തിൽ സൂര്യരാശിയെ നോക്കുന്നു. സൂര്യരാശി ചരിഞ്ഞതാണെങ്കിൽ വിളക്ക് ഒരിടത്ത്നിന്നു മറ്റൊരിടത്തേക്ക് മാറ്റുകയില്ല. പ്രസ്തുത രാശി രണ്ട് ശരീരമുള്ളതാണെങ്കിൽ വിളക്ക് ചിലപ്പോൾ മാറ്റുകയും ചിലപ്പോൾ മാറ്റാതിരിക്കുകയും ചെയ്യുന്നതാണ്. ഉദയബിന്ദുവിന്റെ ഡിഗ്രി മുപ്പതായെടുത്ത് അതനുസരിച്ചു വിളക്കുതിരിയുടെ കത്തൽ അവർ കണക്കാക്കുന്നു. പൂർണ്ണമായാൽ വിളക്കിന്റെ എണ്ണ നിറയുകയും ചന്ദ്രന്റെ പ്രാകാശമനുസരിച്ച് എണ്ണകണക്ക് വ്യത്യാസപ്പെടുകയും ചെയ്യും. മണ്ഡലത്തിൽ ഏറ്റവും ശക്തിയുള്ള ഗ്രഹംകൊണ്ട് വീട്ടുവാതിലിന്റെ നില അവർ മനസ്സിലാക്കുന്നു. വീട്ടുവാതിലിന്റെ ഭാഗം പ്രസ്തുത ഗ്രഹത്തിന്റെ ഭാഗത്തേക്കോ അല്ലെങ്കിൽ ഉദയബിന്ദുവിന്റെ രാശിയുടെ ഭാഗത്തേക്കോ ആയിരിക്കും. പ്രകാശഗ്രഹം സൂര്യനാണെങ്കിൽ വീട് പൊളിഞ്ഞുവീഴുന്നതായിരിക്കും ചന്ദ്രനാണെങ്കിൽ സുരക്ഷിതമായിരിക്കുന്നതും ചൊവ്വയാണെങ്കിൽ അഗ്നി ബാധിക്കുന്നതും ബുധനാണെങ്കിൽ വളഞ്ഞുപോകുന്നതും വ്യാഴമാണെങ്കിൽ ശക്തികൂടുന്നതും ശനിയാണെങ്കിൽ മഹത്വമുള്ളതായിത്തീരുന്നതുമാണ് എന്നാണ് അവരുടെ വിശ്വാസം. വ്യാഴം അതിന്റെ കാലോൽക്കർഷത്തിന്റെ പത്താമത്തെ മണ്ഡലത്തിലായിരുന്നാൽ പുരയ്ക്ക് രണ്ടോ മൂന്നോ കാലും ധനുവിൽ അതിന്റെ കാഴ്ച ശക്തിപ്പെട്ട മൂന്ന് കാലും രണ്ട് ശരീരമുള്ള ഇരു രാശികളിൽ വന്നാൽ രണ്ട് കാലും ഉണ്ടാകുന്നു. കട്ടിലിനും കാലുകൾക്കുമായി മൂന്നാമത്തേതിനെയും അതിന്റെ ചതുരത്തിനും നീളത്തിനുമായി പന്ത്രണ്ട് മുതൽ മൂന്നു വരെയുള്ളതിനെയും അവർ ഗണിക്കുന്നു. അപ്പോൾ അശുഭ സമയങ്ങളിൽനിന്നു കട്ടിലിന്റെ കാലുകളുടെയും ഇഴകളുടെയും നാശം മനസ്സിലാക്കാം. ചൊവ്വാഗ്രഹമാണെങ്കിൽ അവ കത്തിപ്പോകുമെന്നും സൂര്യനാണെങ്കിൽ ഒടിഞ്ഞുപോകുമെന്നും ശനിയാണെങ്കിൽ പഴകിപ്പോകുമെന്നും ആണ് വിശ്വാസം. സന്നിഹിതരാകുന്ന സ്ത്രീകളുടെ എണ്ണം ചന്ദ്രരാശിയും ഉദയബിന്ദുവിന്റെ രാശിയിലുള്ള നക്ഷത്രങ്ങളുടെ എണ്ണമനുസരിച്ചിരിക്കുന്നതാണ്. ഭൂമിയുടെ മുകളിലുള്ള നക്ഷത്രങ്ങൾ ആ വീട്ടിൽനിന്നു പുറത്തുപോ

കുന്ന സ്ത്രീകളെയും ഭൂമിക്കു താഴെയുള്ള നക്ഷത്രങ്ങൾ വീട്ടിലേക്കു പ്രവേശിക്കുന്ന സ്ത്രീകളെയും കുറിക്കുന്നുവത്രെ. ആത്മാവിന്റെ വരവിനെ കുറിച്ച് അറിയുന്നത് സൂര്യചന്ദ്രന്മാരിൽ ഏറ്റവും ശക്തിയുള്ളതിനെ നോക്കിയാണ്. വ്യാഴഗ്രഹമാണെങ്കിൽ ആത്മാവിന്റെ വരവ് ദേവലോകത്തിൽനിന്നും ശുക്രനോ ചന്ദ്രനോ ആണെങ്കിൽ പിതൃലോകത്തിൽനിന്നും ചെവ്വയോ സൂര്യനോ ആണെങ്കിൽ വൃശ്ചികലോകത്തിൽനിന്നും ശനിയോ ബുധനോ ആണെങ്കിൽ ഭൃഗുലോകത്തിൽ നിന്നുമായിരിക്കും. അതുപോലെ മരിച്ചശേഷം ആത്മാവിന്റെ പ്രയാണത്തെ കുറിച്ചും അവർ നോക്കാറുണ്ട്. വ്യാഴഗ്രഹം അതിന്റെ കാലോൽക്കർഷത്തിൽ ആറാമത്തേതിലോ എട്ടാമത്തേതിലോ വരികയോ അല്ലെങ്കിൽ ഉദിച്ച രാശി വ്യാഴഗ്രഹവും മീനവും ഏറ്റവും ശക്തിയുള്ളതും ജനനസമയവും മരണസമയവും ഒരേ നിലയിലും ആവുകയോ ചെയ്താൽ ആത്മാവിനു മോക്ഷം ലഭിക്കും. അതിവിടെ ചുറ്റിത്തിരിഞ്ഞു നടക്കേണ്ടി വരികയില്ല. ഇതെല്ലാം ഇവിടെ ഉദ്ധരിച്ചത് നക്ഷത്ര ഗണനയിലും ജാതക നിർണ്ണയത്തിലും മറ്റും നാമും ഇന്ത്യക്കാരും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ വേണ്ടി മാത്രമാണ്.

അന്തരീക്ഷ നിരീക്ഷണ ശാസ്ത്രത്തിലും അതിലെ പരിവർത്തനങ്ങളിലും ഇന്ത്യക്കാരുടെ മാർഗ്ഗങ്ങൾ വളരെ വിപുലവും എണ്ണമറ്റതുമാണെങ്കിലും അവയിൽ പലതും ബലഹീനങ്ങളാണ്. ജാതകം വിവരിക്കുന്നതിൽ ആയുഷ്ക്കാലങ്ങളെക്കുറിച്ചു മാത്രം പ്രതിപാദിച്ചതുപോലെ ഈ വിഷയത്തിലും നാം വാൽനക്ഷത്രങ്ങളെ കുറിച്ചു മാത്രം പറയാനാണ് ഉദ്ദേശിക്കുന്നത്. മറ്റുള്ളവയുടെ നില ഏകദേശം ഇതിൽനിന്നു നമുക്ക് അനുമാനിക്കാം. അന്തരീക്ഷത്തിൽ പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന എല്ലാ വാൽനക്ഷത്രങ്ങൾക്കും പൊതുവിൽ 'കേതു' എന്നാണ് പറയാറുള്ളത്. വരാഹമിഹിരൻ പറയുന്നു: രാഹുവിന് മുപ്പത്തിമൂന്ന് സന്താനങ്ങളുണ്ട്. അവർക്ക് 'താമസകീലക' എന്നു പറയുന്നു. അവരാണ് വാൽ നക്ഷത്രങ്ങളെന്ന പേരിൽ അന്തരീക്ഷത്തിൽ ഉദിക്കുന്നത്, അവയെ സംബന്ധിച്ച വിധി പ്രസ്താവിക്കുന്നത് അവയുടെ നിറം, രൂപം, വലുപ്പം, സ്ഥാനം മുതലായവയെ നേക്കിയാണ്. ഇവയിലേറ്റവും ദോഷകരം കാക്കയുടെ ആകൃതിയിലോ കണ്ഠം വളഞ്ഞ ആളുടെ രൂപത്തിലോ വാൾ, അമ്പ്, വില്ല് മുതലായവയുടെ രൂപത്തിലോ ഉള്ളവയാണ്. ഈ നക്ഷത്രങ്ങൾ എപ്പോഴും സൂര്യന്റെയും ചന്ദ്രന്റെയും പരിസരങ്ങളിലായി നിലകൊണ്ട് അന്തരീക്ഷത്തിൽ ക്ഷോഭിപ്പിച്ചും കൊടുങ്കാറ്റുണ്ടാക്കിയും മരങ്ങൾ തള്ളിയിട്ടും കല്ലുകൊണ്ട് മനുഷ്യരെ എറിഞ്ഞും കടൽ പ്രക്ഷുബ്ധമാക്കിയും മൊത്തത്തിൽ കാലാവസ്ഥയെ തന്നെ വ്യത്യാസപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഭൂകമ്പം, ഇടി, അഗ്നിബാധ, ആകാശം രക്തനിറമാക്കുക, മൃഗങ്ങൾ കൂട്ടമായി അട്ടഹസി

ച്ചുകൊണ്ടിരിക്കുക, പക്ഷികൾ ശബ്ദകോലാഹലം കൂട്ടുക, ചൂട് കഠിനമാകുക മുതലായ പ്രകൃതിവിക്ഷോഭങ്ങളും ദുർലക്ഷണങ്ങളും കണ്ടാൽ അതെല്ലാം രാഹു സന്താനങ്ങളുടെ പ്രവൃത്തികളാണെന്നു മനസ്സിലാക്കേണ്ടതാണ്. ഇതെല്ലാം ഗ്രഹണ സമയത്തോ വാൽനക്ഷത്രം ഉദിക്കുമ്പോഴോ സംഭവിച്ചാൽ നമ്മുടെ അനുമാനം ശരിയാണെന്നു വിശ്വസിക്കുകയും രാഹു സന്താനങ്ങളിൽനിന്നു മാത്രം ഗ്രഹനിർണ്ണയം നടത്തിയാൽ മതിയാവുന്നതുമാണ്.

വരാഹമിഹിരൻ 'സംഹിത'യിൽ പറയുന്നു: വാൽനക്ഷത്രങ്ങളെ കുറിച്ചു പ്രതിപാദിച്ചത് ഗർഗ്, പരാശർ, അസിത, ദേവലി മുതലായവരുടെ ഗ്രന്ഥങ്ങളിലും മറ്റനേകം കൃതികളിലും കണ്ടത് നല്ലപോലെ മനസ്സിലാക്കിയതിനു ശേഷമാണ്. വാൽനക്ഷത്രങ്ങളിൽ പല വകുപ്പുകളുള്ളതിനാലാണ് ഉദിക്കുന്നതിനു മുമ്പ് അവയെ കുറിച്ചു ശരിയായ കണക്ക് മനസ്സിലാക്കാതെ വരുന്നത്. അവയിൽ ചിലത് ഭൂമിയിൽനിന്നു വളരെ അകലെ ഞാറ്റുവേല നക്ഷത്രങ്ങൾക്കിടയിൽ ഉദിക്കുന്നു. അതിന് 'ദിവ്യം' എന്നു പറയുന്നു. മറ്റു ചിലത് ഭൂമിയുടെയും ആകാശത്തിന്റെയും മദ്ധ്യത്തിലായി ഉദിക്കുന്നു. അതിന് 'അന്തരീക്ഷ' എന്നാണ് പേര്. വേറെ ചിലത് ഭൂമിയുടെ വളരെ അടുത്ത് സ്ഥിതിചെയ്ത് ചിലപ്പോൾ പർവ്വതങ്ങളിലോ മരങ്ങളിലോ വീടുകളുടെ മുകളിലോ വീഴുന്നു. തിയ്യാണെന്നു തോന്നിക്കുന്ന ഒരു പ്രകാശം ഭൂമിയിൽ വീഴുന്നതു കാണാം. അത് യഥാർത്ഥത്തിൽ തീ അല്ലെങ്കിൽ 'കേതുരൂപം' (വാൽ നക്ഷത്രം) ആയിരിക്കും.

പിശാചു ഗ്രഹങ്ങളിലെ അഗ്നിപോലെയോ തീപ്പൊരി പോലെയയോ അന്തരീക്ഷത്തിൽ പാറിക്കൊണ്ടിരിക്കുന്ന ചില ജീവികളുണ്ട്. യഥാർത്ഥത്തിൽ അവ വാൽനക്ഷത്ര വർഗ്ഗത്തിൽ പെട്ടതല്ല. അതുകൊണ്ട് അന്തരീക്ഷത്തിൽ കാണുന്ന വസ്തുക്കളെ കുറിച്ച് അവയുടെ യഥാർത്ഥ നില മനസ്സിലാക്കുന്നതിനു മുമ്പ് ശരിയായ ഒരു വിധി പ്രസ്താവിക്കുക വയ്യ. ആയുധങ്ങൾ, വീടുകൾ, പതാകകൾ, മൃഗങ്ങൾ, മരങ്ങൾ ഇവയുടെ മേൽ വീഴുന്ന പ്രകാശം മേൽ പ്രസ്താവിച്ച രണ്ട് വർഗ്ഗത്തിലും പെട്ടതല്ലെങ്കിൽ അത് 'ധൂമകേതു' എന്നു പറയുന്ന വാൽനക്ഷത്രമായിരിക്കും. ഇത്തരം നക്ഷത്രങ്ങളുടെ എണ്ണത്തെ കുറിച്ചു പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. പത്ത് ആണെന്നും ആയിരമാണെന്നും ചിലർ പറയുമ്പോൾ തത്വചിന്തകനായ നാരദൻ പറയുന്നു: "അതൊന്നു മാത്രമേ ഉള്ളൂ. പുതിയ രൂപം സ്വീകരിക്കുകയും പഴയത് വിടുകയും ചെയ്യുന്നതുകൊണ്ട് രൂപത്തിൽ മാത്രം അത് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു." അതിന്റെ പ്രിതിഫലന കാലഘട്ടത്തെ കുറിച്ച് അദ്ദേഹം പറയുന്നതിതാണ്: "അതിന്റെ ഉദയദിവസങ്ങളുടെ എണ്ണത്തിന്റെ അത്രയും മാസങ്ങളാണ് പ്രതിഫലന കാലം. ഉദയദിവസങ്ങൾ ഒ

ന്നര മാസത്തേക്കാൾ അധികമായാൽ അതിൽനിന്നു നാൽപത്തി അഞ്ച് കിഴിച്ച് ബാക്കിയുള്ളത് അതിന്റെ പ്രതിഫലന മാസങ്ങളാണ്. അവയുടെ ഉദയ ദിവസങ്ങൾ രണ്ട് മാസത്തേക്കാൾ കൂടുകയാണെങ്കിൽ അതിന്റെ പ്രതിഫലന വർഷങ്ങൾ ഉദയമാസങ്ങളുടെ എണ്ണമനുസരിച്ചായിരിക്കും. വാൽ നക്ഷത്രങ്ങളുടെ എണ്ണം ആയിരത്തിൽ കൂടുകയില്ല." നാം താഴെ ചേർക്കുന്ന പട്ടികയിലുള്ളതെല്ലാം അദ്ദേഹം ചിന്താസൗകര്യത്തിനായി വിവരിച്ചതാണ്. പ്രസ്തുത ഗ്രന്ഥത്തിന്റെ നമുക്ക് കിട്ടിയ പകർപ്പിലോ പകർത്തെഴുത്തിലോ വന്ന ചില കുഴപ്പങ്ങൾ കാരണമായി പട്ടികയിലുള്ള ചില കളങ്ങൾ പൂരിപ്പിക്കാതെ വിടേണ്ടി വന്നിട്ടുണ്ട്. പൂർവ്വികന്മാരുടെ മേൽപറഞ്ഞ രണ്ടഭിപ്രായങ്ങളും സ്ഥാപിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനായി അദ്ദേഹം പരിശ്രമിക്കുകയും ആയിരം പൂർത്തിയാക്കുകയും ചെയ്തു.

വരാഹമിഹിരൻ വാൽ നക്ഷത്രങ്ങളെ നക്ഷത്രങ്ങളുടെ സമീപത്തിലുയർന്നു നില്ക്കുന്നത് ഭൂമിയിലേക്കു താഴ്ന്നുവരുന്നത് വായുവിൽ സ്ഥിതിചെയ്യുന്നതുമാണ് നാം ഈ പട്ടികയിൽ കാണിച്ചവയെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം തുടർന്നു പറയുന്നു: "വായുവിൽ സ്ഥിതി ചെയ്യുന്നവയുടെ പ്രകാശം യുദ്ധായുധങ്ങളിലോ പതാകകളിലോ വിശറികളിലോ പ്രതിരോധയന്ത്രങ്ങളിലോ പതിച്ചാൽ അത് ഭരണാധികാരികളുടെ നാശത്തെ സൂചിപ്പിക്കുന്നു. ആ പ്രകാശം വീട്ടിലോ മരത്തിലോ പർവ്വതങ്ങളിലോ പതിച്ചാൽ അത് നാശത്തിന്റെ സൂചനയാണ്. വീട്ടുപകരണങ്ങളിലാണ് പതിച്ചതെങ്കിൽ ആ വീട്ടുകാർ നശിക്കുമത്രെ. വീട്ടുന്നരികെയുള് ചവറ്റുകൊട്ടയിലോ കുപ്പയിലോ വീണാൽ വീട്ടുടമസ്ഥൻ നശിക്കും. ഏതെങ്കിലും നക്ഷത്രം വാൽ നക്ഷത്രത്തിന്റെ വാലിൽ വിലങ്ങനെ വീണാൽ സമാധാനഭംഗമുണ്ടാവുകയും മഴകൊണ്ട് നാശം സംഭവിക്കുകയും മഹാദേവന്റെതെന്ന് പറയപ്പെടുന്ന വൃക്ഷങ്ങൾ നശിക്കുകയും ചെയ്യും. (പ്രസ്തുത മരങ്ങളുടെ പേരും വർഗ്ഗവും നമ്മുടെ നാടുകളിൽ പ്രസിദ്ധമല്ലാത്തതിനാൽ അതിവിടെ എണ്ണിപ്പറായാൻ ഉദ്ദേശിക്കുന്നില്ല.) മാത്രമല്ല ചോര, ചത, ഹോന, ചൈന തുടങ്ങിയ രാഷ്ട്രങ്ങളിൽ കലാപമുണ്ടാകുന്നതുമാണ്. അദ്ദേഹമിങ്ങനെയും പറയുന്നു: കേതു പുച്ഛത്തിന്റെ ഭാഗത്തേക്ക് നോക്കുക. അത് തൂങ്ങിക്കിടന്നാലും ഇയർന്നുനിന്നാലും ചരിഞ്ഞുകിടന്നാലും തരക്കേടില്ല. അതുപോലെ അതിന്റെ അറ്റം സ്പർശിച്ചുകൊണ്ടിരിക്കുന്ന ഞാറ്റുവേലയുടെ നിലയും ശ്രദ്ധിക്കുക. അപ്പോൾ ആ ഭാഗത്ത് നാശം ഉണ്ടാക്കുകയും വിദേശസൈന്യങ്ങൾ ആക്രമണം നടത്തി ആ നാട്ടുകാരെ മയിൽ പാമ്പിനെ വിഴുങ്ങുന്നതുപോലെ വിഴുങ്ങുകയും ചെയ്യുന്നതാണെന്നു മനസ്സിലാക്കുക. ഇതരഭാഗങ്ങളെ സംബന്ധിച്ച് അവ രക്ഷപ്പെടുന്നതോ അതിന്റെ വാല് സ്ഥിതിചെയ്യുന്നതോ ആയ ഞാറ്റുവോലകൾ

ശ്രദ്ധിക്കുക. എന്നാൽ, ആ ഞാറ്റുവേല ചൂണ്ടിക്കാണിക്കുന്ന പ്രദേശങ്ങളിലെ രാജാക്കന്മാർക്കും അവയിലെ സാധനങ്ങൾക്കും ആപത്ത് സംഭവിക്കുമെന്ന് തീരുമാനിക്കാവുന്നതാണ്. തൗറാത്ത്(പഴയ നിയമം)കാർ ഈ നക്ഷത്രങ്ങളെ വർണ്ണിക്കുന്നത് നാം കഅ്ബ ദേവാല

അന്തരീക്ഷത്തിലെ ഉയർന്ന വാൽ നക്ഷത്രങ്ങളുടെ പട്ടിക				
1	വസ	പടിഞ്ഞാറ്	പ്രകാശിക്കുകയും ശക്തിയാവുകയും വടക്കോട്ട് വിശാലമായിപ്പോകുകയും ചെയ്യുന്നു	അകാലമരണം അളവറ്റക്ഷേമം ഐശ്വര്യം എന്നിവയെ കുറിക്കുന്നു
2	അഷി	പടിഞ്ഞാറ്	ആദ്യത്തെക്കാൾ നിറം മങ്ങിയത്	പട്ടിണിയും കൂട്ട മരണവും ഉണ്ടാവുന്നു
3	ശാസ്ത്രം	പടിഞ്ഞാറ്	ആദ്യത്തേതിനോട് സാമ്യമുള്ളത്	രാജക്കന്മാർ തമ്മിൽ സമരം നടക്കുന്നതാണ്
4	കപാലകേതു	കിഴക്ക്	വാല് ഏതാണ്ട് ആകാശ മദ്ധ്യംവരെ നീണ്ടതും പുകവർണ്ണത്തിലുള്ളതും വാവുദിവസം പ്രത്യക്ഷപ്പെടുന്നതുമാണ്	മഴ അധികരിക്കുകയും വിശപ്പും രോഗവും മരണവും വർദ്ധിക്കുകയും ചെയ്യുന്നു
5	രുദ്രൻ	കിഴക്കിൽ നിന്ന് പുരാടത്തിലോ പൂരുരുട്ടാതിയിലോ രേവതിയിലോ	അഗ്രം കൂർത്തതും ചെമ്പിന്റെ നിറമുള്ളതും ആകാശത്തിന്റെ 1/3 ഭാഗം ഇതിന്റെ അധീനത്തിലായിരിക്കുന്നതുമാണ്	രാജാക്കന്മാർ തമ്മിൽ യുദ്ധം നടക്കുന്നതാണ്
6	കാലകകേതു	പടിഞ്ഞാറ്	പ്രത്യക്ഷമാവുന്ന ആരംഭദശയിൽ ഒരു വിരൽ നീളത്തിൽ വാൽ തെക്കായി കാണാവുന്നതാണ്. പിന്നീട് വടക്ക്ഭാഗത്തേക്ക് അതിന്റെ വാൽനീങ്ങി സപ്തർഷികളെയും ധ്രുവത്തെയും അതിന് ശേഷം ഉയർന്നുകൊണ്ട് തെക്കോട്ട് നീങ്ങി അസ്തമിക്കുന്നു	പ്രയാഗ് മരപ്രദേശം മുതൽ ഉജ്ജെജൻ വരെയും മദ്ധ്യരാഷ്ട്രവും നശിക്കുന്നതാണ്. മറ്റെല്ലാ പ്രദേശങ്ങളുടെ സ്ഥിതിയും മോശമാകുന്നതും ചിലേടത്ത് കോളറയും മറ്റു ചിലേടത്ത് ക്ഷാമവും വേറെ ചിലേടത്ത് മുഗ്ദവുമുണ്ടാകുന്നതാണ്. 10 മുതൽ 18 മാസം വരെ ഈ നില തുടർന്ന് പോകുന്നതാണ്
7	ശ്വേതകേതു	തെക്ക്	രാത്രിയുടെ ആരംഭത്തിൽ പ്രത്യക്ഷപ്പെടുന്നതും 7 ദിവസം നിൽക്കുന്നതുമാണ് വാൽ ആകാശത്തിന്റെ 1/3 ഭാഗം വരെ നീണ്ടു കിടക്കുന്നതാണ്. പച്ച നിറവും വലത്തു നിന്ന് ഇടത്തോട്ട് ചലിക്കുന്നതുമാണ്	പ്രകാശിക്കുകയാണെങ്കിൽ രക്ഷയും ക്ഷേമവും ഉണ്ടാകുന്നു. 7 ദിവസത്തിലധികം പ്രത്യക്ഷമായാൽ ജനങ്ങളുടെ സ്ഥിതി മോശമാവുകയോ വയസ്സ് 2/8ആയികുറയുകയും ചെയ്യും. വാൾ പ്രയോഗം നടക്കുകയും പത്ത് കൊല്ലം നാശം നീണ്ടുനിൽക്കുകയും ചെയ്യുന്നതാണ്.

8	ക അ:	പടിഞ്ഞാറ്	രാത്രിയുടെ പ്രഥമ അർദ്ധത്തിൽ പ്രത്യക്ഷപ്പെടും അതിന്റെ ജ്വാല പയർ വിതറിയ പോലിരിക്കുന്നതും 7ദിവസം നിൽക്കുന്നതുമാണ്	
9	രശ്മി കേതു (?)	സുറയ്യഃ	പുകയുടെ നിറം	ജനങ്ങളുടെ നില മോശമാകുകയും നാശങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു
10	ധ്രുവ കേതു (?)	ആകാശത്തിന്റെയും ഭൂമിയുടെയും വായുമണ്ഡലത്തിന്റെയും ഏത് ഭാഗത്തും പ്രത്യക്ഷമാകും	തടിച്ചതും നീണ്ടതും പ്രകാശിക്കുന്നതുമാണ്	സമാധാനവും രക്ഷയും നടമാടുന്നതാണ്

വായു മണ്ഡലത്തിന്റെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന വാൽ നക്ഷത്രങ്ങളുടെ പട്ടിക				
നമ്പർ	പേര്	ദിക്ക്	വിശേഷണങ്ങൾ	നിയമങ്ങൾ
1	കമുദം	പടിഞ്ഞാറ്	താമരപ്പൂപോലെയുള്ളത്. ഒരു രാത്രി മുഴുവനുംനിൽക്കുന്നു. വാൽ കിഴക്ക് ഭാഗത്തായിരിക്കുന്നതാണ്.	ക്ഷേമ ഐശ്വര്യം പത്ത് കൊല്ലം നീണ്ടു നിൽക്കും
2	മണി കേതു	പടിഞ്ഞാറ്	ഒരു രത്രിയുടെ 1/4ഭാഗം ഉണ്ടായിരിക്കുന്നതുംവാൽ നേരെയുള്ളതും പാൽ പോലെ വെളുത്തതുമാണ്.	മൃഗങ്ങൾ അധികരിക്കുന്നതും നാലരമാസം ക്ഷേമം നിലനിൽക്കുന്നതുമാണ്.
3	ജന കേതു	പടിഞ്ഞാറ്	വാൽ വളരെ പ്രകാശമുള്ളതും പടിഞ്ഞാറ് ഭാഗത്തേക്ക് മടങ്ങിക്കിടക്കുന്നത്	9 മാസത്തോളം ക്ഷേമം ഉണ്ടാകുന്നതും പ്രജകളുടെ രക്ഷാനില നന്നാകുന്നതുമാണ്
4	ഭാവ കേതു	കിഴക്ക്	സിംഹത്തിന്റെ വാൽപോലെ തെക്ക് ഭാഗത്തേക്ക് നീണ്ടു കിടക്കുന്നു.	ഒരു രാത്രി മാത്രമേ നിൽക്കുകയുള്ളൂ. അതിന്റെ ഉദയകാലത്തെ ഒരോ മുഹൂർത്തങ്ങൾക്കും ഓരോ മാസം എന്ന നിലക്ക് ഗുണവും ക്ഷേമവും നിലക്കുന്നതും നിറം മങ്ങിയാൽ കോളറയും കൂട്ടമരണവും ഉണ്ടാകുന്നതുമാണ്
5	പദ്മ കേതു	തെക്ക്	വെള്ളത്താമരപോലെ വെളുത്തതും ഒരു രാത്രിമാത്രം നിൽക്കുന്നതുമാണ്	7 വർഷം സുഖവും സന്തോഷവും ക്ഷേമവും ഉണ്ടാകുന്നു

8	ആവർത്തനം	പടിഞ്ഞാറ്	അർദ്ധരാത്രിയിൽ ശോഭയുള്ളതായി പ്രത്യക്ഷപ്പെടും തവിട്ടു നിറം കലർന്നിരിക്കുന്നതാണ്. വാൽ ഇടത്തു നിന്ന് വലത്തോട്ട് നീണ്ടു കിടക്കുന്നതാണ്	രാത്രിയിൽ അതിനുണ്ടാകുന്ന മുഹൂർത്തത്തിന്റെ എണ്ണമനുസരിച്ച് (ഒരു മുഹൂർത്തം ഒരുമാസമെന്നതോതിൽ) ക്ഷേമവും സുഖവും നടമാടുന്നതാണ്.
9	സമവർത്തം	പടിഞ്ഞാറ്	തലകൂർത്ത വാലുള്ളതും നിറം പുകയുടേതൊ ചെമ്പിന്റേതോ ആയിരിക്കുന്നതും ആകാശത്തിന്റെ 1/3 ഭാഗം വരെ നീണ്ടു കിടക്കുന്നതും സന്ധ്യസമയത്ത് പ്രത്യക്ഷപ്പെടുന്നതുമാണ്.	ഇത് ഉദിക്കുന്ന ഞാറ്റുവേല അശുഭവും ആയുധപ്രയോഗങ്ങളും രാജാക്കന്മാരുടെ നാശവും ഉണ്ടാകുന്നതുമാണ്. അതിന്റെ മുഹൂർത്തങ്ങളനുസരിച്ചുള്ള കൊല്ലങ്ങൾ മുഴുവനും പ്രതിഫലനം ഉണ്ടായിരിക്കും

യത്തെ വർണ്ണിക്കുന്നതുപോലെയാണ്. വീഴുന്ന നക്ഷത്രങ്ങളെ കുറിച്ച് അദ്ദേഹം പറയുന്നത് അവ വീഴുന്നതും അവയുടെ മുകളിലുള്ള ജീവിതം പൂർണ്ണമാകുമ്പോഴാകുന്നു എന്നാണ്. മുകളിലും മദ്ധ്യത്തിലും (വായു) ഉള്ള വാൽനക്ഷത്രങ്ങളെ കുറിക്കുന്ന രണ്ട് പട്ടിക ഇവിടെ കൊടുക്കുന്നു.

ഇതാണ് വാൽനക്ഷത്രങ്ങളെയും അവയുടെ നിയമങ്ങളെയും കുറിച്ച് ഇന്ത്യക്കാർക്കുള്ള വിശ്വാസം. അവരിൽ ചുരുക്കം പേർ മാത്രമേ പ്രകൃതിശാസ്ത്രജ്ഞന്മാരായ ഗ്രീക്ക് പണ്ഡിതന്മാരെപോലെ വാൽനക്ഷത്രങ്ങളെയും അന്തരീക്ഷത്തിലുണ്ടാകുന്ന പരിവർത്തനങ്ങളെയും അതിലെ സംഭവവികാസങ്ങളെയും പറ്റി കൂലങ്കഷമായി പരിചിന്തനം ചെയ്യുന്നുള്ളൂ. ഇന്ത്യൻപണ്ഡിതന്മാർ മതാചാര്യന്മാരുടെ അഭിപ്രായങ്ങളും പ്രസ്താവനകളും ഈ വിഷയത്തിൽ കലർത്താതിരുന്നിട്ടില്ല.

മത്സ്യപുരാണത്തിൽ പറയുന്നു: "മഴ നാല് ജാതിയുണ്ട്. പർവ്വതങ്ങൾ നാലാണ്. അവയുടെ അടിത്തട്ട് വെള്ളവുമാണ്. നാല് ദിക്കുകളിലായി നിൽക്കുന്ന നാല് ആനകളുടെ പുറത്താണ് ഭൂമി നിലകൊള്ളുന്നത്. അവ തുമ്പിക്കൈകൊണ്ട് വെള്ളം പൊക്കിയെടുത്ത് കൃഷി പുഷ്ടിപ്പെടുത്തുകയും ഉഷ്ണകാലത്ത് ആ വെള്ളത്തെ മഴയായും ശൈത്യകാലത്ത് മഞ്ഞായും ഭൂമിയിലേക്ക് തെറിപ്പിക്കുകയും ചെയ്യുന്നു. പുകമഴയുടെ ഭാഗത്തേക്കുയരുകയും കാർമേഘത്തെ കറുപ്പുനിറം കൊടുത്ത് ഭംഗിയാക്കുകയും ചെയ്യുന്നു."

ആ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 'ത്വിബ്ബുൽഫീൽ' (ആനവൈദ്യശാസ്ത്രം) എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "മനുഷ്യർക്ക് ഒരു കൊമ്പ് കാണിക്കുകയും മറ്റൊന്ന് മറച്ചുവെക്കുകയും ചെയ്യുന്ന ആനകൾ അശുഭകരങ്ങളാണ്. അവയ്ക്ക് മങ്കാന എന്നു പറയുന്നു. മൂന്നും നാലും കൊമ്പുകളുള്ള ആനകളുണ്ട്. അവ ഭൂമിയെ വഹിക്കുന്ന ആനകളുടെ കുലത്തിൽ പെടുന്നു. അവയെ പിടിക്കാൻ പാടില്ല. വല

യിൽ പെട്ടാൽ വിടുകയും വേണം."

എന്നാൽ, വായുപുരാണപ്രകാരം കാറ്റും സൂര്യരശ്മിയും സമുദ്രത്തിൽ വെള്ളം സൂര്യനിലേക്ക് ഉയർത്തുന്നു. അതിന്റെ അടുത്ത് നിന്ന് ഉറ്റുവീഴുന്നത് ചൂടുമഴയാണ്. സൂര്യൻ ആ വെള്ളം ചന്ദ്രനിലേക്ക് തള്ളിവിടുന്നു. അന്തരം ചന്ദ്രപാർശ്വത്തിൽനിന്ന് വർഷിക്കുമ്പോൾ അത് ഭൂമിക്ക് പുനർജീവനം നല്കി അത് അതിനെ ഫലഭൂയിഷ്ഠമാക്കുന്ന മഴയായിത്തീരുന്നു. അന്തരീക്ഷത്തിലെ സംഭവവികാസങ്ങളെ സംബന്ധിച്ച അഭിപ്രായങ്ങളുടെ കൂട്ടത്തിൽ ദേവേന്ദ്രന്റെ വാഹനമായ ഐരാവതം, മാനസ തടാകത്തിൽനിന്നു വെള്ളം കുടിക്കുകയും മദംപൊട്ടുകയും ചെയ്യുമ്പോൾ ചീറ്റുന്ന ശബ്ദമാണ് ഇടി എന്നും കാണുന്നു. മഴവില്ല് ദേവേന്ദ്രന്റെ വില്ലാണെന്ന് അവരിൽ ചിലർ പറയുന്നുണ്ടെങ്കിൽ അത് റുസ്തമിന്റെ വില്ലാണെന്ന് നമ്മളിൽ ചില ആളുകളും പറയുന്നു.

ഇന്ത്യയെയും ഇന്ത്യക്കാരെയും കുറിച്ച് ഞാൻ ഇത്രയും വിവരിച്ചത് അവിടെ പോകുവാനും അവരുമായി ആശയാദർശങ്ങൾ കൈമാറുവാനും ഉദ്ദേശിക്കുന്നവർക്ക് മതിയായ സഹായം ലഭിക്കുമെന്നു കരുതിയാണ്. എന്റെ ഉദ്ധരണികളിൽ സത്യവിരുദ്ധമായി വല്ലതും വന്നുപോയിട്ടുണ്ടെങ്കിൽ പൊറുത്തുതരാനും സത്യാസത്യങ്ങൾ വേർതിരിച്ചറിയാനുള്ള കഴിവു പ്രദാനം ചെയ്യാനും കരുണാനിധിയും സർവ്വജ്ഞനുമായ ദൈവത്തോട് ഞാൻ പ്രാർത്ഥിക്കുന്നു.